ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ



921 RAM

# എന്റെ നാടുകടത്തൽ

സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള

# എന്റെ നാടുകടത്തൽ

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള

8930

PC Library & Research Center

എന്റെ നാടുകടത്തൽ
**സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള**
ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

**ചീഫ് എഡിറ്റർ**
എം.നന്ദകുമാർ ഐ.എ.എസ്
ഡയറക്ടർ

**കോഓർഡിനേറ്റിങ്ങ് എഡിറ്റർ**
പി.കെ.ലാൽ
അഡീഷണൽ ഡയറക്ടർ

**ഡപ്യൂട്ടി ചീഫ് എഡിറ്റർ**
പി.എസ്.സുരേഷ്
ഡപ്യൂട്ടി ഡയറക്ടർ
(പബ്ലിക്കേഷൻസ്)

**എഡിറ്റർ**
പി.ആർ.ബാലചന്ദ്രൻ
ഇൻഫർമേഷൻ ഓഫീസർ
(റിസർച്ച് & റഫറൻസ്)

**അസിസ്റ്റന്റ് എഡിറ്റർ**
ഡോ.സി.വേണുഗോപാൽ
റിസർച്ച് ഓഫീസർ
(റിസർച്ച് & റഫറൻസ്)

**സർക്കുലേഷൻ**
വി. സലിൻ
ഇൻഫർമേഷൻ ഓഫീസർ
(സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ)

**കവർ & ലേ ഔട്ട്**
ദീപക്ക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിങ്**
കർമ,
തിരുവനന്തപുരം

**അച്ചടി**
ബീറ്റി ഓഫ്സെറ്റ്
ആനാട്

**വില: 80രൂപ**

**കോപ്പികൾ**
5000
സെപ്റ്റംബർ 2009

921 RAM



**ഭയകൗടില്ല്യ ലോഭങ്ങൾ**
**വളർക്കില്ലൊരു നാടിനെ**

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള
(1878–1916)

## സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയുടെ കൃതികൾ

*കുട്ടികൾക്കുള്ള പുസ്തകങ്ങൾ:*

ബാലബോധിനി (വ്യാകരണം - 3 ഭാഗങ്ങൾ)
അങ്കഗണിതം
ബീജഗണിതം
ക്ഷേത്രഗണിതസാധനാപാഠങ്ങൾ
അറുനൂറു ഭൂവിവരണചോദ്യങ്ങൾ
കൃഷിശാസ്ത്രം
മന്നന്റെ കന്നത്തം (കഥ)
വാമനൻ (കഥ)

*ജീവചരിത്രം:*

സോക്രട്ടീസ്
ക്രിസ്റ്റൊഫർ കൊളംബസ്
ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
കാറൽമാർക്സ്
മോഹനദാസ് ഗാന്ധി

*പലവക:*

നായൻമാരുടെ സ്ഥിതി
പൗരവിദ്യാഭ്യാസം
ദില്ലി ദർബാർ (2 ഭാഗങ്ങൾ)
കേരള ഭാഷോൽപത്തി
രാമകൃഷ്ണീയം
എന്റെ നാടുകടത്തൽ
The Travancore deportation
തിരുവിതാംകൂർ നാടുകടത്തൽകേസ്
ആചാര്യാചാരം
വൃത്താന്തപത്രപ്രവർത്തനം

*നോവൽ:*

നരകത്തിൽ നിന്ന്

*സാഹിത്യ നിരൂപണം:*

സ്വദേശാഭിമാനിയുടെ ഗ്രന്ഥനിരൂപണങ്ങൾ,
സാഹിത്യലേഖനങ്ങൾ

*പ്രസാധനം ചെയ്ത കൃതികൾ:*

ഭാര്യാധർമം (വാൽസ്യായനൻ) - വ്യാഖ്യാനം
അന്യാപദേശമാല (കൊട്ടാരത്തിൽ
രാമവർമകോയിത്തമ്പുരാൻ) - വ്യാഖ്യാനം
സഭാപ്രവേശം തുള്ളൽ
(കുഞ്ചൻ നമ്പ്യാർ) - വ്യാഖ്യാനം
വേദാന്തസാരം
പാറപ്പുറം (നോവൽ) -
കെ. നാരായണകുരുക്കൾ
ഉദയഭാനു (നോവൽ)
- കെ. നാരായണകുരുക്കൾ

PC Library & Research Center

# ആമുഖം

സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള-തിരുവിതാംകൂറിന്റെ മണ്ണിൽ നിന്ന് ഒരു രാജകീയ വിളംബരത്താൽ, കാരണം കാട്ടാതെ, നാടുകടത്തപ്പെട്ട പത്രപ്രവർത്തകൻ എന്ന നിലയിൽ ഈ മഹദ്നാമത്തെ നാമാദ്യം അറിയുന്നു. ആ അറിവുതന്നെ നമ്മിൽ സ്നേഹാദരങ്ങൾ നിറയ്ക്കാൻ പര്യാപ്തമാകുന്നു. പിന്നീട്, സ്വദേശാഭിമാനി ജീവിച്ചിരുന്ന, നൂറിലധികം വർഷങ്ങൾക്ക് മുൻപുള്ള ആ കാലത്തെ അടുത്തറിയുമ്പോൾ ക്രാന്തദർശിയായ ഒരു വിപ്ലവകാരിയുടെ വിസ്മയ ജീവിതം നമുക്ക് കാണുമാറാകുന്നു. പാരമ്പര്യ പത്രപ്രവർത്തനത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വ്യവസ്ഥിതി മാറ്റത്തിന്റെ ആവശ്യം മനസ്സിലാക്കിക്കൊടുക്കുന്ന ഒരു രാഷ്ട്രീയ ദർശനം ജനങ്ങൾക്ക് നൽകാനുള്ള ശ്രമമായിരുന്നു അദ്ദേഹം നടത്തിയതെന്ന് അപ്പോൾ ബോദ്ധ്യപ്പെടുന്നു.

സ്വദേശാഭിമാനിയെക്കുറിച്ച് പഠിച്ചവർ ചൂണ്ടിക്കാട്ടും പോലെ, ഭരണത്തിലോ സമുദായത്തിലോ അധികാരസ്ഥാനത്തിരിക്കുന്നവരെ ഭയപ്പെടാതെയും വിധേയനാകാതെയും സത്യം, നീതി, ധർമ്മം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഭയരഹിതനായി വിമർശനം നടത്തി പത്രപ്രവർത്തന പാരമ്പര്യത്തെ മാറ്റത്തോടെ പുഷ്ടിപ്പെടുത്തുകയായിരുന്നു സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള. രാജ്യത്തെ രാഷ്ട്രീയമാറ്റത്തിന് സഹായകമാകുമാറ് തന്റെ പത്രപ്രവർത്തന രചനകളെ ആധുനിക രാഷ്ട്രീയദർശന പ്രകരണങ്ങളായി ആദ്യമായി ഉപയോഗിക്കുന്നത് സ്വദേശാഭിമാനിയാണ്. അതുകൊണ്ട് തന്നെ അവയിലേറെയും കാലത്തെ അതിജീവിക്കുന്നുതാനും.

സ്വതന്ത്രഭാരതം ലക്ഷ്യവും വ്യവസ്ഥിതിയുമായി അംഗീകരിച്ച മതാതീത ജനാധിപത്യ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ പ്രഥമ വക്താവായും സ്വദേശാഭിമാനി വിലയിരുത്തപ്പെടുന്നുണ്ട്. രാജാവിനെ പ്രത്യക്ഷ ദൈവമായും പൊന്നുതിരുമേനിയായും കാണാതെ, ജനങ്ങൾ നിയന്ത്രിച്ചു നിർത്തേണ്ട, നിയന്ത്രണത്തിന് വിധേയനാകേണ്ട ഭരണകർത്താവായാണ് സ്വദേശാഭിമാനി കണ്ടത്. അദ്ദേഹം സൃഷ്ടിച്ച അനുകൂലമായ ആശയ പരിസരത്തിലേക്കാണ് പിൽക്കാലം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ മഹാപ്രവാഹം തന്നെ ഒഴുകിയെത്തിയതെന്നും ചൂണ്ടിക്കാട്ടപ്പെടുന്നു.

ജീവിച്ച കാലത്തിന് എത്രയോ മുന്നിൽ സഞ്ചരിച്ച മഹാവ്യക്തിത്വമായിരുന്നു സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ളയെന്ന് ഇന്ന് നാമറിയുന്നു. 38 വയസ്സിനുള്ളിൽ അദ്ദേഹം നൽകിപ്പോയ 29 പുസ്തകങ്ങൾ സ്വദേശാഭിമാനിയെ അധികമധികം അറിയുവാൻ നമ്മെ ക്ഷണിക്കുന്നവയാണ്.

സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്ന് നാടുകടത്തിയത് 1910 സെപ്റ്റംബർ 26-നാണ്. ശതാബ്ദിയെത്തുന്ന നാടുകടത്തലിനെ ഒരു വർഷത്തോളം നീളുന്ന പരിപാടികളോടെ ആചരിക്കാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള എഴുതിയ 'എന്റെ നാടുകടത്തൽ' എന്ന പുസ്തകത്തിന്റെ ഈ പുനഃപ്രസിദ്ധീകരണം. സ്വദേശാഭിമാനിയെ അറിയുന്നതിനും ആദരിക്കുന്നതിനും ഇത് സഹായകമാകുമെന്ന് ഞങ്ങൾക്ക് ശുഭപ്രതീക്ഷയുണ്ട്.

പുസ്തക പുനഃപ്രസിദ്ധീകരണത്തിന് മതിയായ സഹായ സഹകരണങ്ങൾ നൽകിയ സുമനസ്സുകളായ എല്ലാ വ്യക്തികളേയും സ്ഥാപനങ്ങളേയും സ്നേഹാദരങ്ങളോടെ സ്മരിക്കുകയാണ്. സ്വദേശാഭിമാനിയുടെ ചെറുമക്കളായ കെ.രാമകൃഷ്ണൻ, കെ.അംബിക, ബന്ധുവായ അഡ്വ.പി.ഗോപിനാഥൻ നായർ, രവി ഡി.സി., എസ്.ആർ.ശക്തിധരൻ, പ്രൊ.എൻ.എ.കരീം, എ. സുഹൈർ, ഡോ.കെ.സോമൻ, പുസ്തകത്തിലെ ലേഖന കർത്താക്കൾ, ഡി.സി.ബുക്സ് കോട്ടയം ('എന്റെ നാടുകടത്തൽ', കെ.രാമകൃഷ്ണപിള്ള, 2007), കേരള പ്രസ് അക്കാദമി, കൊച്ചി ('വൃത്താന്ത പത്രപ്രവർത്തനം', സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, 1984, 'സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം രാജവാഴ്ചയുടെ ദൃഷ്ടിയിൽ' വിവ: പുതുപ്പള്ളി രാഘവൻ, 1988), വക്കം മൗലവി ഫൗണ്ടേഷൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, കൗമുദി, ജനയുഗം, ന്യൂഡൽഹിയിലെ നെഹ്റു മെമ്മോറിയൽ മ്യൂസിയം ആന്റ് ലൈബ്രറി തുടങ്ങിയവരോടുള്ള നന്ദിയും ആദരവും കടപ്പാടും പ്രത്യേകം പ്രസ്താവ്യമാണ്.

**എം.നന്ദകുമാർ ഐ.എ.എസ്**
ഡയറക്ടർ
ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്

# അവതാരിക

'ഈശ്വരൻ തെറ്റ് ചെയ്താലും ഞാനത് റിപ്പോർട്ട് ചെയ്യും' എന്നതായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ദൃഢപ്രതിജ്ഞയും പ്രഖ്യാപനവും. മരണംവരെ ആ തത്വത്തിൽ ഉറച്ചുനിൽക്കാൻ രാമകൃഷ്ണപിള്ളക്ക് കഴിഞ്ഞു. 'ഭയകൗടില്യ ലോഭങ്ങൾ വളർക്കില്ലൊരു നാടിനെ' എന്നതായിരുന്നു 'സ്വദേശാഭിമാനി'യുടെ മുഖവാചകം. രാമകൃഷ്ണപിള്ളയുടെ തത്വശാസ്ത്രം എന്തായിരുന്നുവെന്ന് അതിൽ നിന്ന് വ്യക്തമാണ്.

പത്രപ്രവർത്തകൻ സമൂഹത്തിനുവേണ്ടി നിർഭയം സത്യസന്ധതയോടെ അനുസ്യൂതം പ്രവർത്തിക്കണമെന്നാണ് രാമകൃഷ്ണപിള്ള അനുശാസിച്ചത്.

“പത്രപ്രവർത്തന ജീവിതത്തിൽ കടക്കുന്ന ഒരുവന്നു തന്റെ പദ്ധതിയിൽ പലേ ക്ലേശങ്ങളും ഉണ്ടായിരിക്കുന്നതിനൊപ്പംതന്നെ പലേ പ്രലോഭനങ്ങളും ഉണ്ടാകാനിടയുണ്ട്” എന്ന് ചൂണ്ടിക്കാട്ടിയ രാമകൃഷ്ണപിള്ള ക്ലേശം അനുഭവിച്ചുകൊണ്ട് സത്യസന്ധതയോടെ പ്രവർത്തിച്ചാൽ എന്തായിരിക്കും പ്രതിഫലം എന്നും പ്രലോഭനങ്ങൾക്ക് വഴങ്ങിയാൽ എന്തായിരിക്കും സ്ഥിതി എന്നും 'വൃത്താന്തപത്ര പ്രവർത്തനം' എന്ന കൃതിയിൽ വിവരിക്കുന്നുണ്ട്. മലയാളത്തിൽ ദിനപത്രങ്ങൾ ആരംഭിക്കുന്നതിന് മുമ്പ്, അതായത് ഒരു നൂറ്റാണ്ട്മുമ്പ് വിവരിക്കപ്പെട്ട ആ സംഗതിക്ക് ഇന്നും പ്രസക്തിയുണ്ട്. ഈ കാലഘട്ടത്തിലും ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്നവിഷയമാണത്. സത്യം, നീതി, ന്യായം മുതലായ ധർമ തത്വങ്ങളെ വിവേകത്തോടുകൂടി അനുവർത്തിക്കുന്ന പത്രക്കാരനു തന്റെ ക്ലേശങ്ങൾക്ക് തക്കതായ വലിയ പ്രതിഫലം പണമായി കിട്ടീട്ടില്ലെങ്കിൽ കൂടി, താൻ തന്റെ ധർമത്തെ ആചരിച്ചുവെന്നും അതുവഴിയായി ലോകക്ഷേമത്തിന്റെ അഭിവൃദ്ധിക്ക് താൻ കൂടെ യഥാശക്തി പണിയെടുത്തുവെന്നും ഉള്ള ചാരിതാർഥ്യം പണത്തേക്കാൾ വിലയേറിയ പ്രതിഫലമായിരിക്കും.” അതേസമയം പ്രലോഭനത്തിന് വഴങ്ങി ധർമദൂഷണം നടത്തുന്നവർ അതിപവിത്രമായ പത്രചാരിത്ര്യത്തെ ധ്വംസിക്കുന്നവരും, വർത്തമാന പത്രങ്ങൾക്കു പൊതുവെ പറ്റുന്ന കീർത്തിദോഷത്തെ ഉണ്ടാക്കുകയുമാണ് ചെയ്യുന്നത് എന്നും രാമകൃഷ്ണപിള്ള വ്യക്തമാക്കിയിട്ടുണ്ട്. രാജസേവകന്മാരുടെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെയും അഴിമതിയും നെറികേടുകളും അതിനിശിതമായ ഭാഷയിൽ തുറന്നു കാട്ടുകയും അതിനെതിരെ ജനങ്ങളെ ബോധവല്ക്കരിക്കുകയും ചെയ്ത പത്രാധിപർ മാത്രമായിരുന്നില്ല രാമകൃഷ്ണപിള്ള. രാഷ്ട്രീയം, സാഹിത്യം, സാർവദേശീയം തുടങ്ങിയ വിഷയങ്ങളിൽ ആഴത്തിൽ അറിവ് നേടുകയും വിമർശനാത്മകമായി ആ അറിവ് ജനങ്ങൾക്ക് പകർന്നുകൊടുക്കുകയും ചെയ്ത മഹാനാണദ്ദേഹം. കാൾമാർക്സി

നെയും മാർക്സിന്റെ സാമ്പത്തിക - രാഷ്ട്രീയ സിദ്ധാന്തങ്ങളെയും പറ്റി മലയാളത്തിൽ ആദ്യമായി എഴുതിയതും പുസ്തകം പ്രസിദ്ധപ്പെടുത്തിയതും രാമകൃഷ്ണപിള്ളയാണ്. ഇന്ത്യൻഭാഷകളിൽ ആദ്യമായി മാർക്സിനെക്കുറിച്ചെഴുതിയ രണ്ടുപേരിലൊരാളാണദ്ദേഹം. പണ്ഡിറ്റ് ഹർദയാൽ എന്ന ഉത്തരേന്ത്യൻ വിപ്ലവകാരി ഹിന്ദിയിൽ മാർക്സിന്റെ ജീവിതകഥ എഴുതിയ അതേകാലത്തുതന്നെയാണ് രാമകൃഷ്ണപിള്ളയുടെ 'കാറൽമാർക്സ്' എന്ന കൃതി പ്രസിദ്ധപ്പെടുത്തിയത്. ഗാന്ധിജിയെക്കുറിച്ചും മലയാളത്തിൽ ആദ്യമായി പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്തിയത് രാമകൃഷ്ണപിള്ള തന്നെ. പത്രാധിപർ എന്നനിലയിൽ പൂർണസ്വാതന്ത്ര്യം അനുവദിക്കുമെങ്കിലേ സ്ഥാനം ഏറ്റെടുക്കൂ എന്ന ഉടമ്പടിയിന്മേലാണ് രാമകൃഷ്ണപിള്ള 'സ്വദേശാഭിമാനി'യുടെ പത്രാധിപരായത്; പത്ര ഉടമയായ വക്കം അബ്ദുൽകാദിർ മൗലവി രാമകൃഷ്ണപിള്ളയുടെ ധീരവും സത്യസന്ധവുമായ പത്രപ്രവർത്തനത്തിന് സർവവിധപിന്തുണയും നിർഭയം നൽകിപ്പോന്നുവെന്നതും അവിസ്മരണീയമാണ്.

ദിവാൻഭരണത്തിനും സേവകപ്പരിഷയുടെ അഴിമതിക്കുമെതിരെ പോരാടിയതിന് രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്ന് നാടുകടത്തിയത് 1910 സെപ്തംബർ 26-നാണ്. പത്രസ്ഥാപനവും വീടും പൊലീസ് അടച്ചുപൂട്ടി രാമകൃഷ്ണപിള്ളയെ കസ്റ്റഡിയിലെടുക്കുകയും പൊലീസിന്റെ ജഡ്കാവണ്ടിയിൽ കയറ്റി തിരുവിതാംകൂർ അതിർത്തി കടത്തിവിടുകയുമായിരുന്നു.

സ്കൂളിൽപോയ ഭാര്യയെ അറിയിക്കാനാവാതെ, നാലും മൂന്നും വയസ്സുള്ള കുട്ടികളെ കാണാനാവാതെ, അമ്മയെ കാണാതെ, രാമകൃഷ്ണപിള്ള രാജ്യഭ്രഷ്ടനായി.

1910 സെപ്തംബർ 27-ന് തിരുനൽവേലിയിലെത്തിയ രാമകൃഷ്ണപിള്ള പിന്നീട് മദിരാശിയിലും പാലക്കാട്ടും താമസിച്ചു. കടുത്തദാരിദ്ര്യവും ക്ഷയരോഗവും അലട്ടിയിട്ടും തലകുനിക്കാതെ രാമകൃഷ്ണപിള്ള പത്ര-സാഹിത്യരംഗത്ത് ഉറച്ചുനിന്നു. ലേഖനങ്ങളെഴുതി കിട്ടുന്ന തുഛമായ പണവും അധ്യാപികയായ ഭാര്യ കല്യാണിയമ്മയുടെ വരുമാനവും കൊണ്ട് ഞെങ്ങിഞെരുങ്ങി ജീവിതം. 1915 ജനുവരിയിൽ ഭാര്യക്ക് കണ്ണൂരിലെ സ്കൂളിൽ ജോലി കിട്ടിയതിനെ തുടർന്ന് ആ കുടുംബം അവിടെ താമസമാക്കി. 'ആത്മപോഷിണി' എന്ന പത്രത്തിന്റെ അധിപരായിക്കൊണ്ട്, മൂർക്കോത്ത് കുമാരൻ, സി.കുഞ്ഞിരാമമേനോൻ തുടങ്ങിയ പ്രതിഭാശാലികൾക്കൊപ്പം കണ്ണൂർകേന്ദ്രമാക്കി രാമകൃഷ്ണപിള്ള പ്രവർത്തിച്ചു. മക്കൾക്ക് പിതൃസ്വത്തായി തന്റെ ഫൗണ്ടൻപേനയും പുസ്തകങ്ങളുടെ അവകാശവും മാത്രം നൽകി 1916 മാർച്ച് 28-ന് രാമകൃഷ്ണപിള്ള നിര്യാതനായി. പയ്യാമ്പലം കടപ്പുറത്ത് അന്നുതന്നെ സംസ്കരിച്ചു. അതേക്കുറിച്ച് രാമകൃഷ്ണപിള്ളയുടെ മകൾ കെ.ഗോമതി എഴുതി.

"അഛൻ എന്നും പോയി വിശ്രമിക്കാറുണ്ടായിരുന്നു ആ കണ്ണൂർ കടപ്പുറത്തെ മണലിൽ അമ്മ കുടീരം പണിതു-1916 ൽ. അത് ഞങ്ങളുടെ കുടുംബത്തിന്റെ ആരാധനാക്ഷേത്രമായിരുന്നു. പിന്നീട് നാട്ടുകാരുടേയെല്ലാമായി."

പിറന്നനാട്ടിൽ തിരിച്ചെത്താനാവാതെ മരിച്ച നിർഭയനായ ആ പോരാളിയുടെ, വിപ്ലവകാരിയുടെ ശവസംസ്ക്കാരം നടന്നതോടെയാണ്, അഥവാ കല്യാണിയമ്മ തന്റെ ഭർത്താവിന്റെ ശവകുടീരം അവിടെ നിർമ്മിച്ചതോടെയാണ് പയ്യാമ്പലം ചരിത്രത്തിൽ ശ്രദ്ധേയമായത്. 1948-ൽ കുമ്പളത്ത് ശങ്കുപ്പിള്ള, ഡി.സി

കിഴക്കേമുറി തുടങ്ങിയവരുടെ നേതൃത്വത്തിൽ പയ്യാമ്പലത്തെ ശവകുടീരത്തിൽനിന്നും രാമകൃഷ്ണപിള്ളയുടെ ഭൗതികാവശിഷ്ടമടങ്ങിയ മണ്ണ് തിരുവിതാംകൂറിലേയ്ക്ക് കൊണ്ടുവന്നു. വലിയൊരു ചരിത്ര സംഭവമായിരുന്നു അത്. സെക്രട്ടേറിയറ്റിന് സമീപം ആ ഭൗതികാവശിഷ്ടം അടങ്ങിയ സ്തൂപം സ്ഥാപിക്കാനും പ്രതിമസ്ഥാപിക്കാനും അന്നത്തെ തിരുവിതാംകൂർ ഗവണ്മെന്റ് അനുവദിച്ചില്ല. അതിനെതിരെ ബഹുജനപ്രതിഷേധം അലയടിച്ചു. 1957-ൽ കമ്യൂണിസ്റ്റ് ഗവർമെന്റ് വന്നപ്പോഴാണ് സെക്രട്ടേറിയറ്റിനു സമീപം പ്രതിമ സ്ഥാപിച്ചത്. നാടുകടത്തപ്പെട്ട മഹാനായ പോരാളിയുടെ പ്രതിമ അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രത്തിന് തൊട്ടടുത്ത് രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് അനാഛാദനം ചെയ്തു- 1957 ആഗസ്റ്റ് 13-ന് മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ സാന്നിധ്യത്തിൽ ചേർന്ന മഹാസമ്മേളനത്തിൽ വെച്ച്.

റോഡ് വിപുലീകരണത്തിന്റെ ഭാഗമായി സ്വദേശാഭിമാനി പ്രതിമ നിലവിലുള്ള സ്ഥലത്തുനിന്നും മാറ്റേണ്ട സാഹചര്യമുണ്ടായി. പാളയത്ത് രക്തസാക്ഷിമണ്ഡപത്തിന് മുന്നിൽ സമുചിതമായ സ്ഥലത്ത് പ്രതിമ പുനഃസ്ഥാപിക്കുകയാണ്- 2009 സെപ്റ്റംബർ 26-ന്. സ്വദേശാഭിമാനിയെ നാടുകടത്തിയതിന്റെ നൂറാം വാർഷികം ഒരുവർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളോടെ വിപുലമായി ആചരിക്കുന്നതിന് അന്ന് തുടക്കമാവുകയാണ്. നൂറാം വാർഷികാചരണത്തിന്റെ ഭാഗമായി ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ് സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' എന്ന ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കുകയാണ്.

പുതിയ തലമുറയിലെ രാഷ്ട്രീയ പ്രവർത്തകർക്കും മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർക്കും ചരിത്രവിദ്യാർഥികൾക്കുമെല്ലാം ഏറെ പ്രയോജനപ്പെടുമെന്ന പ്രതീക്ഷയോടെയും രാമകൃഷ്ണപിള്ളയുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിച്ചുകൊണ്ടും ഈ പുതിയ പതിപ്പ് ഞാൻ സഹൃദയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**വി.എസ്.അച്യുതാനന്ദൻ**

മുഖ്യമന്ത്രി

# ഉള്ളടക്കം


**പഠനം**

ആധുനിക കേരളത്തിന്റെ ചരിത്രത്തിൽ സ്വദേശാഭിമാനിയുടെ സ്ഥാനം
-പി. ഗോവിന്ദപ്പിള്ള — 13

**സ്വദേശാഭിമാനിയുടെ മുഖപ്രസംഗങ്ങളും ലേഖനങ്ങളും**

കൈക്കൂലിപ്പിശാചിന്റെ വിക്രിയകൾ — 29
തിരുവിതാംകൂറിലെ അഴിമതികൾ — 31
ആവശ്യമേത്? പത്രനിരോധനനിയമോ അഴിമതി നിരോധമോ? — 35
പത്രധർമ്മമോ? — 39
സ്വരാജ്യഭക്തി — 41
എന്റെ നാടുകടത്തൽ — 44
പുതിയ പ്രസ്സ് റെഗുലേഷൻ — 47
ഗർഹ്യമായ നടത്ത — 51
യുക്തിഭ്രമങ്ങൾ — 55
പ്രസ്സ് ലാ — 58
ദിവാൻപദം — 60

**ആത്മകഥ**

എന്റെ നാടുകടത്തൽ — 62

**നാടുകടത്തലിനെക്കുറിച്ച്**

രാജകീയവിളംബരം — 81
പത്രപ്രതികരണങ്ങൾ — 82
ദിവാൻ പി. രാജഗോപാലാചാരി തിരുവിതാംകൂർ ഡർബാറിന് സമർപ്പിച്ച റിപ്പോർട്ട്. — 92

**പഠനം**

രാജ്യഭക്തിയാൽ നടത്തിയ രാജദ്രോഹം
-ടി. വേണുഗോപാലൻ — 109

**ഓർമ**

ആ ദിവസം
-ബി. കല്യാണിയമ്മ — 126

മങ്ങാതെ മായാതെ
-കെ. ഗോമതിയമ്മ — 128

സ്വദേശാഭിമാനി
-കെ. രാമകൃഷ്ണൻ — 136

അഗ്നിയാലെഴുതിയ അക്ഷരജീവിതം
-മലയിൻകീഴ് ഗോപാലകൃഷ്ണൻ — 139


**കവർ:** തിരുവനന്തപുരത്ത് രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ
പുന:സ്ഥാപിതമായ സ്വദേശാഭിമാനി പ്രതിമ.

# പഠനം

## ആധുനികകേരളത്തിന്റെ ചരിത്രത്തിൽ സ്വദേശാഭിമാനിയുടെ സ്ഥാനം

**പി. ഗോവിന്ദപ്പിള്ള**

കേരളക്കരയുടെ ചരിത്രത്തിൽ സ്വദേശാഭിമാനി പത്രാധിപർ കെ.രാമകൃഷ്ണപിള്ളയുടെ (1878–1916) സ്ഥാനം അതുല്യമാണ്. അന്ന് തിരുവിതാംകൂർ, കൊച്ചി എന്നീ രണ്ട് നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് മലബാറും ആയി മൂന്ന് ഭരണഖണ്ഡങ്ങളായിരുന്ന തിരുവിതാംകൂറിലെ രാജാധികാരത്തിന്റെയും സേവകവൃന്ദത്തിന്റെയും അഴിമതിയേയും ദുരധികാര പ്രമത്തതയേയും എതിർത്തതിന് തിരുവിതാംകൂറിൽനിന്ന് 1910-ൽ നാടുകടത്തപ്പെട്ട സംഭവമാണ് അദ്ദേഹത്തെ അഖിലേന്ത്യാ പ്രശസ്തനാക്കിയത്. എങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളും ആദർശങ്ങളും കേരളമാകെ സ്വാധീനം ചെലുത്തുകയും നാടുകടത്തലിന് ശേഷം കൊച്ചിയിലും മലബാറിലുമായി പിൽക്കാലജീവിതം നയിച്ച് തന്റെ ജീവിതദൗത്യം അഭംഗുരം തുടരുകയും ചെയ്തതിനാൽ അദ്ദേഹത്തെ ഒരു തിരുവിതാംകൂറുകാരൻ മാത്രമായി ചുരുക്കുന്നത് ചരിത്രദൃഷ്ട്യാ പ്രമാദമായിതീരും. അതുകൊണ്ടാണ് ആധുനിക കേരളചരിത്രത്തിലെ അദ്ദേഹത്തിന്റെ സ്ഥാനമെന്തെന്ന് പരിശോധിക്കാൻ ഇവിടെ മുതിരുന്നത്.

തെക്കൻ കേരളത്തിന്റെ തെക്കേ അറ്റത്ത് നെയ്യാറ്റിൻകരതാലൂക്കിൽ ഒരു ഇടത്തരം നായർ കൂട്ടുകുടുംബത്തിൽ ജനിച്ച രാമകൃഷ്ണപിള്ള വളരെയേറെ ഇല്ലായ്മകളും വല്ലായ്മകളും സഹിച്ചാണ് അന്നത്തെ മെട്രിക്കുലേഷൻ പരീക്ഷ പാസായി തിരുവനന്തപുരത്ത് രാജകീയ കലാലയത്തിലെത്തി ബിരുദം നേടിയത്.

നെയ്യാറ്റിൻകര ക്ഷേത്രത്തിലെ പൂജാരി നരസിംഹൻ പോറ്റിയുടേയും ക്ഷേത്രത്തിലെ ജീവനക്കാരിയായിരുന്ന മുല്ലപ്പിള്ളി വീട്ടിൽ ചക്കിയമ്മയുടേയും പുത്രനായിരുന്നു രാമകൃഷ്ണപിള്ള. ചക്കിയമ്മയ്ക്ക് മുൻഭർത്താവിൽ രണ്ടുമക്കൾ വേറെയുമുണ്ടായിരുന്നു. ചക്കിയമ്മയുടെ സഹോദരൻ കേശവപിള്ള വക്കീലായിരുന്നു തറവാട്ടിലെ കാരണവർ. പിന്നീട് അദ്ദേഹം പ്രജാസഭാമെമ്പർ എന്ന നിലയിലും പ്രമാണിയായി. ക്ഷയോന്മുഖമായ മുല്ലപ്പിള്ളി തറവാടിനെ കരകയറ്റിയത് കേശവപിള്ള

യാണ്. പക്ഷെ അനന്തിരവരോടോ പെങ്ങന്മാരോടോ വലിയ ഔദാര്യമോ വാത്സല്യമോ പ്രകടിപ്പിക്കുന്ന സ്വഭാവം അക്കാലത്തെ കാരണവന്മാർക്കില്ലായിരുന്നു, കേശവപിള്ളയ്ക്കും. ഈ സാഹചര്യങ്ങളിലാണ് വിദ്യാലയ പഠനം പ്രശസ്തമായ രീതിയിൽ പൂർത്തിയാക്കി രാമകൃഷ്ണപിള്ള തിരുവനന്തപുരത്ത് ഉപരിപഠനത്തിനായി എത്തുന്നത്.

**കൗമാര വാസനകൾ**

വിദ്യാലയത്തിലും കോളേജിലും മിതഭാഷിയായ ഒതുങ്ങിയ മട്ടുകാരനായിരുന്നു രാമകൃഷ്ണപിള്ള. ഉറക്കംതൂങ്ങിയും മന്ദനുമായി കൂട്ടുകാരും അധ്യാപകരും അയാളെ വിലയിരുത്തി. പക്ഷെ പരീക്ഷകൾക്കൊക്കെ പ്രശംസാർഹമായ ജയം. രാമകൃഷ്ണപിള്ള മെട്രിക്കുലേഷൻ ജയിച്ചപ്പോൾ "ആ ഉറക്കം തൂങ്ങി ജയിച്ചുവെന്നോ" എന്ന് ഒരു അധ്യാപകൻ അത്ഭുതപ്പെട്ടു ചോദിച്ചുപോയി എന്നും പറയപ്പെടുന്നു. അതേതുടർന്ന് അനന്തരവനെ തന്റെ തൊഴിലിൽ സഹായിയായികൂട്ടണം എന്നും തന്റെ മകളുടെ മുറച്ചെറുക്കനായ അയാളെ മരുമകനാക്കണമെന്നും ആശിച്ചിരുന്ന അമ്മാവൻ വക്കീൽ കേശവപിള്ള അയാളെ ഉപരിപഠനത്തിനായി തിരുവനന്തപുരത്ത് രാജകീയ കലാലയത്തിൽ ചേർത്തു. വർഷം 1894. കഥാനായകന് വയസ്സ് 16. ഇന്നത്തെ പ്ലസ് ടുവിന് സമാനമായ എഫ് എ ജയിച്ച് 1898 ൽ ബിരുദപഠനത്തിന് ചേർന്നു.

അർധമൗനിയായി 'ഉറക്കംതൂങ്ങി'യെപ്പോലെ ക്ലാസ് മുറിയുടെ മൂലകളിൽ ഒതുങ്ങി ചിലപ്പോൾ അധ്യാപകന്റെ സംഭാഷണം ശ്രദ്ധിച്ചും ചിലപ്പോൾ ജാലകത്തിലൂടെ പുറത്തേക്ക് ദൃഷ്ടിനട്ടും ഇരുന്നിരുന്ന ആ കുമാരന്റെ ഉള്ളം വികാര വിചാരങ്ങളാൽ പ്രക്ഷുബ്ധമായിരുന്നു എന്ന് ആര്യമാരും കരുതിയില്ല. അന്ന് ലഭ്യമായിരുന്ന പുസ്തകങ്ങളും പത്രമാസികകളും അദമ്യമായ തൃഷ്ണയോടെ വായിച്ച് കിട്ടുന്ന അറിവും ചുറ്റുപാടും കണ്ടും കേട്ടും കിട്ടുന്ന വിവരങ്ങളുമാണ് ആ യുവവിദ്യാർത്ഥിയുടെ മനനത്തിനും മഥനത്തിനും വിഷയമായത് എന്നതും അധികമാരും അറിഞ്ഞിരുന്നില്ല. എന്നാൽ അതൊക്കെ ഉള്ളിൽ ഒതുക്കി തന്റെ മനനത്തിനും ധ്യാനത്തിനുമായി ശേഖരിച്ച് വെക്കുന്ന പ്രകൃതമായിരുന്നില്ല രാമകൃഷ്ണപിള്ളയുടേത്. കൗമാരാരംഭത്തിലേ കവിതയിലും ലേഖനവിദ്യയിലും വിരുതുകാട്ടാൻ തുടങ്ങിയിരുന്ന രാമകൃഷ്ണപിള്ള താൻ കണ്ടും കേട്ടും അറിഞ്ഞതും വായിച്ച് ഗ്രഹിച്ചതും ചിന്തിച്ച് ചെന്നെത്തിയതുമെല്ലാം വിവിധ പത്രമാസികകൾക്ക് എഴുതി അയച്ച് തുടങ്ങി. പലതും അച്ചടിച്ച് വന്നു. അവയ്ക്കെല്ലാം കിട്ടിയ അല്പ പ്രതിഫലങ്ങൾ ശോഷിച്ച തന്റെ കീശയെ അല്പമെങ്കിലും വീർപ്പിക്കാൻ ഉതകുകയും ചെയ്തു.

അനന്തിരവന്റെ ഈവക അഭ്യാസങ്ങൾ അമ്മാവന് തീരെ രുചിച്ചില്ലെന്ന് പറയേണ്ടതില്ലല്ലോ. അക്കാലത്ത് നെയ്യാറ്റിൻകര കോടതിയിലെ മുൻസിഫ്, വക്കീലന്മാരിൽ നിന്നും കക്ഷികളിൽനിന്നും കോഴി, മുട്ട, നേന്ത്രക്കായ്, മുറുക്ക് പ്രഥമൻ തുടങ്ങി പലതും പതിവായി കൈപ്പറ്റി അതനുസരിച്ച് ജാമ്യമനുവദിക്കുകയും വിധിപ്രസ്താവിക്കുകയും ചെയ്തുവന്നത് അന്നാട്ടിൽ ഒരു രഹസ്യമല്ലായിരുന്നു. 'മലയാളമനോരമ'യിൽ നെയ്യാറ്റിൻകര കത്തായി അത് അച്ചടിച്ച് വന്നപ്പോൾ വിവർണനായ മുൻസിഫ് വക്കീൽ കേശവപിള്ളയെ ചേമ്പറിൽ വിളിച്ച് അനന്തരവന്റെ തോന്ന്യാസത്തെ മുൻനിറുത്തി ശകാരിച്ചു. കേശവപിള്ള അതേ ശകാരം വീട്ടിലെത്തി അനന്തിരവനും കൊടുത്തു. മാത്രമല്ല ക്ലാസ്കഴിഞ്ഞ് കൃത്യമായി വീട്ടിലെത്തിയില്ലെങ്കിൽ ഫലം അപ്പോൾ കാണാമെന്ന താക്കീതും നൽകി. ലേഖനവിദ്യ ഉടൻ അവസാനിപ്പിച്ച്കൊള്ളണമെന്ന ഉഗ്രശാസനവും. ഉഗ്രശാസനം ലംഘിച്ചു എന്നു വരുത്താതെ കൃത്യസമയത്ത് വീട്ടിലെത്തി 'മര്യാദരാമനാ'യി നടന്നുകൊണ്ട് അനന്തിരവൻ തന്റെ ഇഷ്ടവ്യാപാരം നിർവിഘ്നം അനുഷ്ഠിച്ചുകൊണ്ടിരുന്നു എന്നത് മറ്റൊരു കാര്യം.

**രാജധാനിയിലെ സ്വതന്ത്രലോകം**

അങ്ങിനെ 1894-ൽ രാജകീയ കലാലയത്തിലെ എഫ്. എ വിദ്യാർഥിയായി ഈ 16 കാരൻ എത്തുമ്പോഴേക്കും വായനക്കാരനും എഴുത്തുകാരനും പത്രപ്രവർത്തകനും എന്നനിലയിൽ പ്രായത്തിൽകവിഞ്ഞ പക്വതയുള്ള ഒരാളായിതീർന്നിരുന്നു സ്മര്യപുരുഷൻ. സംഭവങ്ങളുടെയും വാർത്തകളുടെയും പ്രഭവസ്ഥാനമായിരുന്ന രാജധാനിയിലെ സ്വതന്ത്രാന്തരീക്ഷം നെയ്യാറ്റിൻകരയിലെ ശ്വാസംമുട്ടിക്കുന്ന വിലക്കുകളിൽനിന്നും വിമുക്തിനേടാൻ അയാൾക്ക് സഹായകമായി. പല സുഹൃത്തുക്കൾ, പല എതിരാളികൾ, പല അപരിചിതർ, പ്രിൻസിപ്പൽ മിച്ചൽ സായിപ്പ്, മഹാനായ എ.ആർ. രാജരാജവർമ, പണ്ഡിതനായ രാമക്കുറുപ്പ് മുൻഷി തുടങ്ങിയ അധ്യാപകശ്രേഷ്ഠന്മാർ, പിൽക്കാലത്ത് തിരുവിതാംകൂർ ചരിത്രത്തിൽ ഹൈക്കോടതി ജഡ്ജിമാരും മഹാകവികളും സഹിത്യരസികന്മാരും പൊതുജനനേതാക്കളും മറ്റുമായി ഉയർന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ഉള്ളൂർ എസ്. പരമേശ്വര അയ്യർ, പി.കെ. നാരായണപിള്ള ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ തുടങ്ങിയ സതീർഥ്യർ, കോളേജിന് പുറത്തെങ്കിലും സാഹിത്യലോകത്തിലും വിദ്യാഭ്യാസരംഗത്തും മഹാസാന്നിദ്ധ്യമായിരുന്ന സാഹിത്യസാർവഭൗമൻ കേരളവർമ വലിയകോയിത്തമ്പുരാൻ, പൊതുജനനേതാവും ആഖ്യായികാകാരനുമായിരുന്ന സി.വി. രാമൻപിള്ള-എന്തിനേറെ പറയുന്നു, ആ മഹൽ സംഗമത്തിലേക്കാണ് ഉൾനാട്ടുകാരൻ പയ്യൻ എത്തിപ്പെട്ടത്. ഇതിനകം തന്നെ അപകടകരവും വരുമാനം കുറഞ്ഞതുമായ തന്റെ ജീവിതദൗത്യം മിക്കവാറും തീരുമാനിച്ചുകഴിഞ്ഞിരുന്ന നെയ്യാറ്റിൻകരക്കാരൻ ചെറുപ്പക്കാരന് തലസ്ഥാനനഗരിയുടെ പ്രതാപത്തിലോ സഹപാഠികളുടെ മഹത്വാകാംക്ഷയിലോ ഭ്രമം തോന്നിയില്ല അവിടെയും ധർമ്മനിഷ്ഠമായ തന്റെ പത്രപ്രവർത്തനം (ഇന്നത്തെ ഭാഷയിൽ ഫ്രീലാൻസ് പത്രപ്രവർത്തനം) ഊർജ്ജസ്വലമായി തുടരുകയാണ് ചെയ്തത്.

അതിനിടയ്ക്ക് രാമകൃഷ്ണപിള്ള മോഹിച്ചിരുന്ന ഒരു പദവി വീണുകിട്ടി. 'കേരളദർപ്പണം' എന്ന ഒരു വാർത്താപത്രികയുടെ പത്രാധിപത്യം. പാൽക്കുളങ്ങരയിലെ വെയിലൂർ തറവാട്ടിലെ ഭാഷാസ്നേഹിയായ പരമേശ്വരൻപിള്ള എന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു 'കേരളദർപ്പണ'ത്തിന്റെ ഉടമസ്ഥൻ. വെയിലൂർ വീടിനുസമീപമായിരുന്നു പിൽക്കാലത്തു കവിയും സാംസ്കാരിക നായകനും മറ്റുമായി പേരെടുത്ത ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ താമസിച്ചിരുന്നത്. കൊച്ചിക്കാരനായ ഒടുവിൽ ഉപരിവിദ്യാഭ്യാസത്തിനാണ് തിരുവനന്തപുരത്ത് എത്തി വാടകവീട്ടിൽ താമസമാക്കിയത്. ചെറുപ്പത്തിലെ തലയെടുപ്പിനോടൊപ്പം സാഹിത്യവാസനകളും പ്രകടിപ്പിച്ച മേനോന്റെ വീട് സാഹിത്യരസികരും വിജ്ഞാനഭിക്ഷുകളും ആയ ചെറുപ്പക്കാരുടെയും, ചിലപ്പോൾ മുതിർന്നവരുടെയും, സംഗമതാവളവും വിവാദവേദിയുമായതിൽ അത്ഭുതമില്ല. ഈ സദസ്സുകളിൽ സ്ഥിരം സാന്നിധ്യമായിരുന്ന രാമകൃഷ്ണപിള്ളയോടൊപ്പം അയൽപക്കത്തെ 'കേരളദർപ്പണം' ഉടമസ്ഥൻ പരമേശ്വരൻപിള്ളയും വരാറുണ്ടായിരുന്നു. ചിലപ്പോൾ സംഗമവേദി വെയിലൂർ വീട്ടിലാകുകയും പതിവായിരുന്നു. ഇങ്ങിനെയാണ് പരമേശ്വരൻ പിള്ള നമ്മുടെ കഥാനായകനെയും അദ്ദേഹത്തിന്റെ ബുദ്ധിവിശേഷത്തേയും കഴിവുകളെയും മനസ്സിലാക്കി 1899-ൽ തന്റെ പത്രത്തിലേക്ക് ക്ഷണിച്ച് പത്രാധിപരായി നിയമിച്ചത്.

ഇത്രകൂടിയായപ്പോൾ അമ്മാവൻ കേശവപിള്ള വക്കീലിന്റെ ക്ഷമകെട്ടു. അനന്തിരവൻ രാമകൃഷ്ണപിള്ളയെ അദ്ദേഹം തറവാട്ടിൽ നിന്ന് ബഹിഷ്ക്കരിച്ചു. സാമ്പത്തികമായും മറ്റും അതൊരു പ്രഹരമായിരുന്നു എങ്കിലും രാമകൃഷ്ണപിള്ള അതും, രാജധാനിയിലെത്തിയതിന് ശേഷം അനുഭവപ്പെടാൻ തുടങ്ങിയിരുന്ന സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പടവായി പരിഗണിച്ചു.

ഈ ഘട്ടത്തിലെ മറ്റൊരുപകഥ പരമേശ്വരൻപിള്ളയുടെ സുന്ദരിയും സുശീലയും സർവോപരി വിദുഷിയും ആയിരുന്ന അനന്തിരവൾ നാണിക്കുട്ടിയമ്മയെ 1901-ൽ രാമകൃഷ്ണപിള്ള വിവാഹം കഴിച്ചതാണ്. അന്നത്തെ മലയാളം ഹയർ പരീക്ഷ പാസായി നിന്നിരുന്ന ബുദ്ധിമതിയായ ഈ യുവതി ഇംഗ്ലീഷ് ഭാഷയിൽ അല്പം പിന്നോക്കമായിരുന്നു. നാണിക്കുട്ടിയുടെ അച്ഛൻ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കേശവകൈമളുടെയും മാതുലൻ പരമേശ്വരൻ പിള്ളയുടെയും അഭ്യർത്ഥനപ്രകാരം രാമകൃഷ്ണപിള്ള വെയിലൂർ വീട്ടിലെത്തി നാണിക്കുട്ടിക്ക് ട്യൂഷൻ നൽകാറുണ്ടായിരുന്നു. അങ്ങിനെയിരിക്കെ 'കേരളദർപ്പണ'ത്തിന്റെ പത്രാധിപരെക്കൊണ്ട് കുട്ടിയെ വിവാഹം കഴിപ്പിക്കാൻ ആലോചന വരികയും ആർഭാടരഹിതമായി അത് നടക്കുകയും ചെയ്തു. ആർഭാടരാഹിത്യം ആദർശദാർഢ്യം മാത്രം കൊണ്ടുണ്ടായതല്ല. അക്കാലത്ത് ഉച്ചനീചത്വാടിസ്ഥാനത്തിൽ, നായന്മാരുടെ ഇടയിൽ നിലവിലിരുന്ന അവാന്തരവിഭാഗങ്ങളിൽപെട്ടവർ തമ്മിൽ, മഹാകവി കുമാരനാശാന്റെ ഭാഷയിൽ "കെട്ടില്ലാത്ത"വരും "തമ്മിലൂട്ടില്ലാത്തവരും" ആയിരുന്നു. നെയ്യാറ്റിൻകരയിലെ മുല്ലപ്പിള്ളി വീട്ടുകാരുടെ അഭിപ്രായത്തിൽ പാൽക്കുളങ്ങരയിലെ വെയിലൂർ തറവാട്ടുകാർ താഴ്ന്ന പടിയിൽപ്പെട്ട നായന്മാരായിരുന്നു. അതുകൊണ്ട് അമ്മാവൻ കേശവപിള്ളയും ബന്ധുജനങ്ങളും ഈ 'വിജാതീയ' വിവാഹത്തെ എതിർക്കുകയും ബഹിഷ്കരിക്കുകയും ചെയ്തതിനാൽ വരനോടൊപ്പം വിവാഹത്തിന് പോകാൻ ഏതാനും സതീർഥ്യർ മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷെ ഈ വിവാഹം നായന്മാരുടെ ഇടയിൽ വിവാദം സൃഷ്ടിച്ചു. അവർക്കിടയിലെ പ്രാകൃതമായ അവാന്തരവിഭാഗ വ്യവസ്ഥക്ക് താൻ നൽകുന്ന പ്രഹരമായി വിവാഹത്തെ രാമകൃഷ്ണപിള്ള അഭിമാനപൂർവം കരുതി.

നാണിക്കുട്ടിയമ്മയുമായുള്ള ദാമ്പത്യജീവിതം രാമകൃഷ്ണപിള്ളയ്ക്ക് ആനന്ദകരമായിരുന്നു. ബുദ്ധിമതിയും മലയാളഭാഷയിൽ വിദഗ്ധയും ആയിരുന്ന നാണിക്കുട്ടി അമ്മയ്ക്കും അങ്ങിനെതന്നെ. തന്റെ പ്രതിഭാധനനായ ഭർത്താവിന്റെ പത്രപ്രവർത്തനത്തിൽ വിവിധ നിലകളിൽ സഹായിക്കാനുള്ള കഴിവും സന്മനസ്സും അവർക്കുണ്ടായിരുന്നത് അദ്ദേഹത്തിന് അനുഗ്രഹമായി. പക്ഷെ വിധിവിപര്യയത്താൽ 1904 ൽ അവർ അകാലചരമം അടഞ്ഞു. അങ്ങിനെയാണ് വിദ്യാസമ്പന്നയും ഗുണവതിയും സാഹിത്യകാരിയും ആയിരുന്ന വഞ്ചിയൂർ കുഴിവിളവീട്ടിൽ ബി. കല്യാണിഅമ്മയെ 1905-ൽ രാമകൃഷ്ണപിള്ള വിവാഹം ചെയ്തത്. ദുരിതത്തിന്റെയും ദാരിദ്ര്യത്തിന്റെയും കാലത്ത് നാടുകടത്തപ്പെട്ട് അന്യനാടുകളിൽ പാർക്കുമ്പോഴെല്ലാം രാമകൃഷ്ണപിള്ളയ്ക്ക് കല്യാണിയമ്മ സ്നേഹസമ്പന്നയായ ഹസ്താവലംബവും ആശ്വാസപ്രദായിനിയും ആയിരുന്നു.

### സംക്രമ പുരുഷൻ

അങ്ങിനെ 21-ാം വയസ്സിൽ രാമകൃഷ്ണപിള്ള 'കേരളദർപ്പണ'ത്തിന്റെ പത്രാധിപത്യം ഏറ്റെടുക്കുമ്പോൾ 20-ാം നൂറ്റാണ്ട് ആരംഭിക്കാൻ ഒരുവർഷം ബാക്കി. 1901-ൽ നാണിക്കുട്ടി അമ്മയെ വിവാഹം ചെയ്ത് കുടുംബസ്ഥനാകുമ്പോൾ 20-ാം നൂറ്റാണ്ട് പിറന്ന് ഒരു വർഷം. അങ്ങിനെ 19-ഉം 20-ഉം നൂറ്റാണ്ടുകളുടെ സംക്രമ സന്ധ്യയിലാണ് രാമകൃഷ്ണപിള്ള തന്റെ ജീവിതദൗത്യം ആരംഭിക്കുന്നത്. ഈ സംക്രമസന്ധി കേരളത്തിലെന്നല്ല ഇന്ത്യയിലും ഒരു തയ്യാറെടുപ്പിന്റെ അന്ത്യത്തെയും സാക്ഷാൽക്കാരപ്രക്രിയയുടെ ആരംഭത്തെയും കുറിക്കുന്നു. ഈ രണ്ടു ഘട്ടങ്ങളുടെ പ്രത്യേകതകളും പ്രതീക്ഷകളും പ്രക്ഷുബ്ധതയും ഒത്തുചേർന്ന ഒരു സംക്രമ പുരുഷനായിരുന്നു സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള. ഈ സംക്രമയുഗ വ്യക്തിത്വത്തിന്റെ സവിശേഷതകൾ മനസ്സിലാക്കാൻ സംക്രമസന്ധ്യയെക്കുറിച്ച് അല്പം വിവരിച്ചേ മതിയാവൂ.

19-ാം നൂറ്റാണ്ടിലെ യൂറോപ്യൻ വ്യവസായവൽക്കരണവും ശാസ്ത്രസാങ്കേതിക വിദ്യകളുടെ പുരോഗതിയും നൽകിയ ഭീമശക്തിയിലൂടെ ലോകത്തെ മുഴുവനും പാശ്ചാത്യശക്തികൾ വെട്ടിപ്പിടിച്ച് കഴിഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശുഭാപ്തിവിശ്വാസത്തിന്റെ വിക്ടോറിയൻ യുഗമായി 19-ാം നൂറ്റാണ്ടിനെ അവർ കൊണ്ടാടി. ഈ അഹന്തയും അതിക്രമങ്ങളും ആധിപത്യവുമെല്ലാം ആസന്നമായ തകർച്ചയുടെ ആരംഭം മാത്രമാണെന്ന് വി.ഐ. ലെനിൻ തൊട്ടുള്ള സോഷ്യലിസ്റ്റുകാർ നൽകിയ മുന്ന റിയിപ്പ് ബധിരകർണങ്ങളിലാണ് പതിച്ചത്. 1914-ൽ ഒന്നാം ലോകമഹായുദ്ധം (1914-1918) ആരംഭിക്കു കയും 1917ൽ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം ലോകമുതലാളിത്ത ഘടനയിൽ വലിയ വിള്ളൽ സൃഷ്ടിക്കുകയും ചെയ്തതോടെ വിക്ടോറിയൻ ശുഭാപ്തിവിശ്വാസം വെയിലത്ത് മഞ്ഞ് പോലെ അലി ഞ്ഞുപോകുകയും ദുരന്ത ദൃശ്യങ്കൾ യൂറോപ്പിനെ വീണ്ടുവിചാരങ്ങളിലേക്ക് നയിക്കുകയും ചെയ്തു. 1916-ൽ രാമകൃഷ്ണപിള്ള 38-ാം വയസ്സിൽ അകാലചരമം അടയുമ്പോൾ അതുവരെ നടന്ന സംഭവങ്ങ ളെയും നടക്കാനിരുന്ന സംഭവങ്ങളെയും അദ്ദേഹത്തിന്റെ കൃതികളിലും ലേഖനങ്ങളിലും പ്രതിഫലി ക്കുകയുണ്ടായി. പടിഞ്ഞാറൻ മേധാവികൾ അധികാരമദത്തിൽ പുളച്ചുകൊണ്ടിരുന്നപ്പോൾ, യൂറോ പ്പിലും ഏഷ്യയിലും ഒന്നാംലോകമഹായുദ്ധം എന്ന ദുരന്തത്തിലേക്ക് നയിച്ച സംഭവങ്ങൾ നടക്കുക യായിരുന്നു. ജർമനിയിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉയർച്ച, 1905 ലെ റഷ്യ-ജപ്പാൻ യുദ്ധത്തിൽ റഷ്യയുടെ തോൽവി, ആ വർഷത്തിലെ പരാജയപ്പെട്ട റഷ്യൻ വിപ്ലവം, റഷ്യയുടെ ദൂമ എന്ന പാർല മെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പ്, തുർക്കിയിലെ വിപ്ലവാരംഭം, 1911-ലെ ചൈനീസ് ബൂർഷ്വാ വിപ്ലവം എന്നിങ്ങനെ പോകുന്നു, 1914 ലേക്കുള്ള പോക്ക്. ഇന്ത്യയിലാകട്ടെ സ്വാതന്ത്ര സമരത്തിലെ പുതിയ ഘട്ടം, കഴ്സൺ പ്രഭുവിന്റെ ബംഗാൾ വിഭജനം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ഉല്പതിഷ്ണു ക്കളും മിതവാദികളും തമ്മിലുള്ള പിളർപ്പ്, ബാലഗംഗാധര തിലകന്റെ നാടുകടത്തലും ലാലാലജ്പത് റായിക്കെതിരായ രാജദ്രോഹക്കേസ്സും-ഈ പറഞ്ഞ മിക്ക കാര്യങ്ങളെക്കുറിച്ചും അക്കാലത്തെ മറ്റൊരു പത്രവും പ്രസിദ്ധീകരിക്കാത്ത, മറ്റൊരു പത്രപ്രവർത്തകനും എഴുതാത്ത, എത്രയോ കാര്യങ്ങൾ രാമ കൃഷ്ണപിള്ള അദ്ദേഹം പ്രവർത്തിച്ചിരുന്ന ഒൻപത് പത്രമാസികകളിൽ എഴുതിയിട്ടുണ്ട്. കൂടാതെ ദേശീയ പ്രസ്ഥാനത്തിൽ അക്കാലത്ത് പ്രസിദ്ധനായിത്തീർന്നിട്ടില്ലാത്ത മോഹൻദാസ് കരംചന്ദ് (പി ല്ക്കാലത്ത് മഹാത്മാ) ഗാന്ധിയുടെ ജീവചരിത്രം, സോഷ്യലിസത്തെക്കുറിച്ചുള്ള പല ലേഖനങ്ങൾക്ക് പുറമേ ഇന്ത്യയിൽ ഇന്ത്യൻഭാഷകളിൽ ആദ്യമായി രചിക്കപ്പെട്ട കാൾമാർക്സിന്റെ ജീവചരിത്രം മുത ലായവയും രാമകൃഷ്ണപിള്ളയുടെ വിശ്വവ്യാപകമായ വീക്ഷണത്തിന്റെയും അറിവിന്റെയും നിദർശ നങ്ങളാണ്.

സാർവദേശീയ രംഗത്ത് ഈ രാഷ്ട്രീയ സാമ്പത്തിക സംഭവവികാസങ്ങൾ മാത്രമല്ല ശ്രദ്ധാർഹ മായത്- 1900-ത്തിന് തൊട്ടുമുമ്പ് റേട്ടൻജെൻ എക്സ്റേ കണ്ടുപിടിച്ചത്, തോംസന്റെ ഇലക്ട്രോൺ, മേരിക്യൂറിയുടെ റേഡിയം എന്നീ കണ്ടുപിടിത്തങ്ങൾ. ഇരുപതാം നൂറ്റാണ്ടുപിറക്കുമ്പോൾ 18 വർഷം മുൻപ് അന്തരിച്ച ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ വികസിപ്പിച്ച് നവഡാർവിനിസത്തിന് തുടക്കം കുറിച്ച ഗ്രീഗോർ മെൻഡലിന്റെ പാരമ്പര്യശാസ്ത്രവും ജനിതകവും 1900 ത്തിൽ പ്രസിദ്ധമാ യി. 1905-ലെ ആൽബർട്ട് ഐൻസ്റ്റീന്റെ സവിശേഷ ആപേക്ഷിക സിദ്ധാന്തം, ഏണസ്റ്റ് റൌഥർ ഫോർഡിന്റെ അണുഘടന കണ്ടെത്തൽ തുടങ്ങിയവയും നവഡാർവിനിസവും ഭൗതികവും ജൈവവും ആയ ലോകത്തെ സംബന്ധിച്ച് മനുഷ്യന്റെ അറിവുകൾ അചുംബിതമായ ഉയരങ്ങളിലേക്ക് കുതിപ്പിക്കു കയായിരുന്നു. ഡാർവിനെ സംബന്ധിച്ചും പരിണാമവാദത്തെ സംബന്ധിച്ചും ശാസ്ത്രസാങ്കേതിക വിദ്യ കളെ സംബന്ധിച്ചും രാമകൃഷ്ണപിള്ളക്ക് അറിവും താല്പര്യവും ഉണ്ടായിച്ചിരുന്നുവെന്നതിന് അദ്ദേ

ഹത്തിന്റെ ലേഖനങ്ങളും ഗണിതം, കൃഷി തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തിയുള്ള പാഠങ്ങളും വ്യക്തമാക്കുന്നു.

## കേരള നവോത്ഥാനം

ഭാരതം ഉൾപ്പെടെ ലോകമാകെ ഇപ്രകാരം ഒരു പുതിയ ചരിത്രഘട്ടത്തിലേക്ക് നീങ്ങുമ്പോൾ അവയെക്കാളെല്ലാം പിന്നിലായിരുന്ന കേരളത്തിലും ഈ സംക്രമണത്തിന്റെ മാറ്റൊലികൾ കേട്ടു തുടങ്ങിയിരുന്നു. അവയിൽ ഏറ്റവും പ്രധാനം 1888-ൽ അരുവിപ്പുറത്ത് ശ്രീനാരായണ ഗുരുവിന്റെ കാർമ്മികത്വത്തിൽ നടന്ന ശിവപ്രതിഷ്ഠയാണ് എന്നതും ശ്രീനാരായണഗുരു കേരള നവോത്ഥാനത്തിന്റെ പിതാവാണെന്നതും ഇന്ന് സാർവ്വത്രികമായി അംഗീകരിക്കപ്പെടുന്നു. ഈ ഘട്ടത്തിൽ തന്നെ നടന്ന മലയാളി മെമ്മോറിയൽ പ്രക്ഷോഭണവും, ഈഴവ മെമ്മോറിയൽ സമർപ്പണവും, പത്രപ്രവർത്തനരംഗത്ത് ഉണ്ടായ പുരോഗതിയും, അപ്പുനെടുങ്ങാടിയുടെ 'കുന്ദലത'യോടും ഒ. ചന്തുമേനോന്റെ 'ഇന്ദുലേഖ'യോടും കൂടെ ഗദ്യശാഖയും മലയാളിയുടെ ഭാഷാ വ്യവഹാരങ്ങളിൽ മുന്നേറിതുടങ്ങിയതും നവോത്ഥാനത്തിന്റെ നേർഫലങ്ങളും പാർശ്വഫലങ്ങളും ആയിട്ടാണ്. പദ്യശാഖയെ പിന്തള്ളി ഗദ്യശാഖയും പത്രപ്രവർത്തനവും വ്യാപിച്ചത് ജനാധിപത്യ പ്രക്രിയയുടെ ഭാഗമായിട്ടാണ്. വൃത്തനിബദ്ധവും അന്വയവും ദുരാന്വയവുംകൊണ്ട് ദുർഘടങ്ങളും അന്വയാർത്ഥവും ടിപ്പണികളും കൊണ്ട് വികൃതവും ആയ ക്ലാസിക് ശൈലി അഥവാ നവക്ലാസിക് ശൈലിയെ കാല്പനികം എന്ന് വിശേഷിക്കപ്പെടുന്ന ലാളിത്യത്തിലേക്കും ഗ്രഹണക്ഷമതയിലേക്കും നയിച്ചത് സാംസ്കാരിക രംഗത്തെ ജനാധിപത്യവൽക്കരണമാണ്. 19-ാം നൂറ്റാണ്ടിന്റെ അവസാനം എ.ആർ രാജരാജവർമ്മ എഴുതിയ 'മലയവിലാസ'വും ഇരുപതാംനൂറ്റാണ്ടിൽ വി.സി. ബാലകൃഷ്ണപ്പണിക്കർ എഴുതിയ 'ഒരു വിലാപവും' സർവോപരി കുമാരനാശാന്റെ 1907-ലെ 'വീണപൂവും' കവിതാരംഗത്ത് വിപ്ലവം സൃഷ്ടിക്കുകയായിരുന്നു. മഹാനായ രാജരാജവർമ്മയുടെ 'കേരള പാണിനീയവും' 'ഭാഷാഭൂഷണ'വും 'നളചരിതം' മുതലായ കൃതികൾക്കെഴുതിയ നിരൂപണവും 1911-ലെ ആശാൻ കൃതിയായ 'നളിനി'യെ പുതിയ പ്രസ്ഥാനത്തിന്റെ തുടക്കമായി കാണാനുള്ള ഉൾക്കാഴ്ചയും മലയാളഭാഷയെയും സാഹിത്യത്തെയും ഒരു പുത്തൻ തലത്തിലേക്ക് ഉയർത്തുകയായിരുന്നു. രാജരാജവർമയുടെ ഉത്തമ ശിഷ്യനും വാത്സ്യല്യപാത്രവും ചിലപ്പോൾ ഗുരുവിന്റെ അന്വേഷണങ്ങൾക്ക് മറുപടി നൽകി ഉപദേഷ്ടാവായിപ്പോലും വർത്തിച്ചിരുന്ന രാമകൃഷ്ണപിള്ള സംസ്കാരികരംഗത്തെ ഈ പുത്തനുണർവിനെ പൂർണമായും സ്വാംശീകരിച്ചിരുന്നുവെന്ന് ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടിയുള്ള വാദങ്ങൾ പോലെ സാഹിത്യരംഗത്തെ ഇടപെടലുകളും വ്യക്തമായി തെളിയിക്കുന്നു.

നിരൂപണം എന്ന സാഹിത്യശാഖ തന്നെ ജനാധിപത്യത്തിന്റെ വികാസവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ടെറി ഈഗിൾട്ടനെപോലുള്ളവർ സമർത്ഥിച്ചിട്ടുണ്ട്. (Function of criticisum) ദേവാംശസംഭവരും രാജകീയ പുരസ്കർത്താക്കളും ആയ മഹാ സർഗപ്രതിഭകളെ വിമർശിക്കാൻ ആർക്കധികാരം? രാജാവിനെയും പ്രഭുക്കളെയും മേലാളന്മാരെയും അനുസരിക്കുകയല്ലാതെ ചോദ്യം ചെയ്യാൻ അവകാശമില്ലാത്ത സാധാരണക്കാരുടെ സമൂഹത്തിന് സർഗപ്രതിഭകളെയും വിമർശിക്കാൻ അവകാശമില്ലെന്നായിരുന്നു പഴയ സങ്കല്പം. രാജാവിനെയും പ്രഭുക്കന്മാരെയും വിമർശിക്കാൻ മാത്രമല്ല സ്ഥാനഭ്രഷ്ടരാക്കാൻപോലും അവകാശം നൽകുന്ന ജനാധിപത്യബോധം സാഹിത്യകാരന്മാരെയും ഒഴിച്ചുനിർത്തിയിരുന്നില്ല. ഇംഗ്ലീഷ് സാഹിത്യ വിമർശനത്തിന്റെ ആദ്യപഥികരായിരുന്ന ജോൺസണും ഹസ്ലിറ്റും കോളറിഡ്ജും മറ്റും രാഷ്ട്രീയത്തിൽ ഉല്പതിഷ്ണുക്കളും ജനാധിപത്യവാദികളും ആയി

രുന്നു എന്നോർക്കുക. അതുപോലെ കേരളത്തിലും സാഹിത്യ നിരൂപണമെന്നത് നവോത്ഥാനത്തോടു കൂടി വളർന്നുവന്ന ജനാധിപത്യമണ്ഡലത്തിന്റെ (Public sphere) ധർമങ്ങളിൽ ഒന്നാണ്. കേരളത്തിൽ പ്രത്യേകിച്ച് തിരുവിതാംകൂറിൽ ഈ പബ്ലിക് സ്ഫിയർ രൂപം കൊള്ളുന്നത് ബാരിസ്റ്റർ ജി.പി. പിള്ള യുടെയും മറ്റും നേതൃത്വത്തിൽ അഭ്യസ്തവിദ്യരായ മലയാളികൾക്ക് അർഹമായ ഉദ്യോഗം സർക്കാർ നൽകണം എന്നും തമിഴരോടും തെലുങ്കരോടും മറാത്തികളോടും ഉള്ള അമിതമായ മമത അവസാനി പ്പിക്കണമെന്നും ആവശ്യപ്പെട്ട് മഹാരാജാവിന് നൽകിയ നിവേദന പത്രത്തോടുകൂടിയാണ്. മലയാളി മെമ്മോറിയൽ പ്രക്ഷോഭണവും (1889-1891) അരുവിപ്പുറം പ്രതിഷ്ഠയും അതിന് വേണ്ടി രൂപീകരിച്ച ക്ഷേത്രസമിതിയും ഈ പ്രക്രിയയെ മുന്നോട്ടു കൊണ്ടുപോയി. 1888-ൽ തിരുവിതാംകൂറിലെ പരിമി താധികാരങ്ങളുള്ള പ്രഥമ നിയമസഭയുടെ രൂപീകരണവും ഈ മണ്ഡലത്തിന്റെ വികാസത്തിന്റെ സൂച നയാണ്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ ഗദ്യസാഹിത്യകൃതിയായ 'ഇന്ദുലേഖ' പ്രസി ദ്ധീകരിച്ച വർഷം തന്നെ മലയാളത്തിലെ പ്രഥമ സാഹിത്യ നിരൂപണ മാസികയായ 'വിദ്യാവിനോ ദിനി' സി.പി. അച്യുതമേനോന്റെ പത്രാധിപത്യത്തിൽ ആരംഭിച്ചത് അകസ്മികമാകാമെങ്കിലും അർഥ വത്തായ സന്ദർഭപ്പൊരുത്തം ഇരു പ്രസിദ്ധീകരണങ്ങൾക്കുമുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പു രാനും മറ്റും സാഹിത്യ നിരൂപണങ്ങളും അവതാരികകളുമൊക്കെ എഴുതി തുടങ്ങിയിരുന്നുവെങ്കിലും നിരൂപണത്തെ സാഹിത്യശാഖയായി മുഖംനോക്കാതെ ത്യാജഗ്രാഹ്യവിവേചനത്തോടെ വളർത്തിയത് അച്യുതമേനോനാണ്. ജനാധിപത്യരാഷ്ട്രീയത്തിന്റെയും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെയും ഉത്തി ഷ്ഠമാനനായ പ്രയോക്താവായ രാമകൃഷ്ണപിള്ളതന്നെയാണ് അച്യുതമേനോന്റെ ചുവട് പിടിച്ച് മല യാള നിരൂപണത്തെ വളർത്തിയത്.

അച്ചടിയും പത്രപ്രവർത്തനവും ഗദ്യസാഹിത്യവ്യാപനവും മറ്റും വിജയകരമാകണമെങ്കിൽ പഴയ കൈയക്ഷരത്തിന്റെയും ഓലയും നാരായവും ഉപയോഗിച്ചുള്ള രായസത്തെയും മറികടക്കേണ്ടിയിരി ക്കുന്നു. 1847-ൽ ഹെർമൻ ഗുണ്ടർട്ടും ബെഞ്ചമിൻ ബെയ്ലിയും 'രാജസമാചാര'മെന്നും 'ജ്ഞാനനി ക്ഷേപ'മെന്നും പേരുള്ള കാലിക പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചപ്പോൾ തന്നെ തുടങ്ങിയതാണ് അച്ച ടിക്ക് ഉതകിയ വിധത്തിൽ അക്ഷരമാല പരിഷ്കരിക്കുകയെന്നത്. വളച്ചുകെട്ടില്ലാത്ത ലളിതമായ ഗദ്യ ശൈലി വാർത്തെടുക്കുന്നതിന് കണ്ടത്തിൽ വർഗീസ് മാപ്പിള പത്രാധിപരായിരുന്ന 'കേരളമിത്ര'വും ചെങ്കുളത്ത് കുഞ്ഞിരാമമേനോന്റെ 'കേരള പത്രിക'യും വർഗ്ഗീസ് മാപ്പിളയുടെതന്നെ 'മലയാളമനോര മ'യും 'ഭാഷാപോഷിണി'യും കേരളവർമ്മ ഉൾപ്പെടെ അക്കാലത്തെ പ്രമുഖ സാഹിത്യനായകരുടെ പങ്കാളിത്തത്തോടെ സ്ഥാപിച്ച ഭാഷാ പോഷിണി സഭയും പലപല പരിഷ്കാരങ്ങൾ പടിപടിയായി നട ത്തിക്കൊണ്ടിരുന്നു. എന്നാൽ എ.ആർ.രാജരാജവർമ്മയും അദ്ദേഹത്തിന്റെ വത്സലശിഷ്യൻ രാമകൃ ഷ്ണപിള്ളയുമാണ് ഈ വഴിക്ക് തുടർന്നുള്ള പടവുകൾ ചവിട്ടിക്കയറിയത്. ഇംഗ്ലീഷ് സാങ്കേതികപദ ങ്ങൾക്ക് മലയാളത്തിൽ സമാനപദങ്ങൾ കണ്ടെത്താൻ ഉപകരിക്കുന്ന ഒരു നിഘണ്ടു നിർമ്മിക്കാൻ രാജരാജവർമ്മ ആലോചിച്ചപ്പോൾ അതിന് സഹായിയായി കണ്ടത് രാമകൃഷ്ണപിള്ളയെയാണ്. രാമ കൃഷ്ണപിള്ളയുടെ നാടുകടത്തലും മറ്റും ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് വിഘാതമായി.

ഭാഷാപരിഷ്ക്കരണത്തിന്റെ വിവിധ മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ച് തന്റെ പുസ്തകനിരൂ പണങ്ങളിലും, ലേഖനങ്ങളിലും, ഇംഗ്ലീഷിൽ നിന്ന് വിവർത്തനം ചെയ്ത പുസ്തകങ്ങളെക്കുറിച്ചുള്ള വിമർശനങ്ങളിലും രാമകൃഷ്ണപിള്ള ധാരാളം പരാമർശങ്ങളും സൂചനകളും നൽകിയിട്ടുണ്ട്.

സാഹിത്യഅഭിരുചിയാൽ ക്ലാസിക് പണ്ഡിതർക്ക് സഹജമായ പഴയ രചനാരീതികളോട് ചില

പ്പോഴെല്ലാം രാമകൃഷ്ണപിള്ള അഭിമുഖ്യം പ്രകടിപ്പിക്കുന്നുണ്ട്. എങ്കിലും ഭാഷാ പരിഷ്കരണകാര്യത്തിൽ അദ്ദേഹം തികച്ചും ഒരു ഉൽപ്പതിഷ്ണുവായിരുന്നു. ഭാഷയിൽ പുതിയ ശബ്ദങ്ങൾ രൂപപ്പെടുന്നതിനെയും പഴയ പദങ്ങൾക്ക് പുതിയ അർത്ഥങ്ങൾ വന്നു ചേരുന്നതിനെയും ഗുരുനാഥൻ രാജരാജവർമ്മയെ പോലെ രാമകൃഷ്ണപിള്ളയും സ്വാഗതം ചെയ്യുകയാണ് പതിവ്. ഉദാഹരണത്തിന് റിച്ചാർഡ് കോളിൻസ് സായിപ്പ് നിർമ്മിച്ച മലയാളനിഘണ്ടുവിന്റെ പരിഷ്കരിച്ച പതിപ്പിനെക്കുറിച്ച് രാമകൃഷ്ണപിള്ള 'കേരളൻ' പത്രത്തിൽ (1905) എഴുതിയ നിരൂപണത്തിന്റെ ഈ മാർഗ്ഗം നോക്കുക: "ഈ രണ്ടാം പതിപ്പിൽ എന്തൊക്കെ പരിഷ്കാരം ചെയ്തിട്ടുണ്ടെന്നും, എത്രവാക്കുകൾ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും പ്രസാധകന്മാർ ഒരു പ്രസ്താവന മുഖേന അറിയിക്കാത്തതിൽ നാം വ്യസനിക്കുന്നു. കോളിൻസ് സായിപ്പിന്റെ രചനയെ വേണ്ടപോലെ തിരുത്തുകയും കൂടുതലായ പദങ്ങളെ വേറെ അനുബന്ധമായി ചേർക്കുകയും ചെയ്തിരുന്നാൽ, അത് ഭാഷയുടെ പോഷണ പരിഷ്കാരങ്ങളെപ്പറ്റി നിർണ്ണയം ചെയ്യുന്നതിൽ സഹായിക്കുമായിരുന്നു. എന്നാൽ നാം നോക്കിയ ഭാഗങ്ങളിൽ പലതിലും, ലിപിന്യാസക്രമത്തിലും മറ്റും കോളിൻസ് സായിപ്പിന്റെ കാലം കഴിഞ്ഞ് ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ മിക്കവാറും ഈ പുതിയ പതിപ്പിൽ സ്പർശിച്ചിട്ടില്ലെന്ന് കണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ പത്തിരുപത് സംവത്സരങ്ങളായി മലയാളത്തിന് ഉണ്ടായിരിക്കുന്ന പരിഷ്കാരങ്ങളെ ഗണിച്ചാൽ അനേകം പുതിയ പദങ്ങൾ ഈ നിഘണ്ടുവിൽ കടക്കേണ്ടതായിട്ടുണ്ടെന്ന് മനസ്സിലാകും.

പണ്ഡിതന്മാരായ പദ്യകർത്താക്കന്മാരുടെയും ഗദ്യകർത്താക്കന്മാരുടെയും കൃതികൾ വായിച്ച് പുതിയ പദങ്ങൾ എടുത്തുചേർക്കുന്നത് ദുഷ്കരമായ കൃത്യമാണെന്ന് സമ്മതിക്കാമെങ്കിലും അത് സാധിക്കണമെന്നുതന്നയേ മറ്റുള്ളവർക്ക് നിർബന്ധിക്കുവാൻ അവകാശമുള്ളൂ. കോളിൻസ് സായിപ്പിന്റെ കാലം കഴിഞ്ഞ് ഉണ്ടായിട്ടുള്ള ഉത്തമങ്ങളായ പല പുതിയ പുസ്തകങ്ങളിലേയും പല വാക്കുകളും ഈ പുതിയ പതിപ്പിൽ ഇല്ലാത്തത് പരിഹാര്യമായ ഒരു കുറവാകുന്നു. 'ചേരുംവണ്ണം'= 'ചേരുന്ന പ്രകാരം' എന്നീ വിധത്തിലുള്ള പല പദങ്ങളെയും ഗതാർത്ഥങ്ങളെന്ന് വച്ചുവിടുകയും പല പുതിയ വാക്കുകളേയും ചേർക്കുകയും ചെയ്യാമായിരുന്നു. 'ഛായാപഥം = ആകാശം' 'അന്നഭേദി = ഒരു മരുന്ന്' എന്നിപ്രകാരം അവ്യക്തങ്ങളായ അർഥവിവരങ്ങളേയും തിരുത്തേണ്ടതായിരുന്നു. 'അയനി', 'അയ്യം' മുതലായവ മറ്റു പല പദങ്ങൾക്കും ഉള്ള നാനാർത്ഥങ്ങളിൽ ഒന്ന് രണ്ട് മാത്രം ചേർത്തത് മതിയായില്ല എന്നാണ് നാം വിചാരിക്കുന്നത്."

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചതിന് ശേഷം രണ്ടുവർഷം മാത്രമേ രാമകൃഷ്ണപിള്ള ജീവിച്ചിരുന്നുള്ളൂ. ആ രണ്ടുവർഷം തന്നെ രോഗിയും അവശനുമായിട്ടാണ് കഴിഞ്ഞുകൂടിയത്. എങ്കിലും അപ്പോഴും ആ ധിഷണാശക്തിക്ക് മങ്ങലേറ്റിരുന്നില്ല. നിര്യാതനാകുന്നതിന് അൽപ്പം ആഴ്ചകൾക്ക് മുൻപ് അദ്ദേഹം യുദ്ധകാലപരിതസ്ഥിതി ഭാഷയിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് വസ്തുതകൾ നിരത്തി ഗഹനമായ ഒരു ലേഖനം എഴുതിയത് ഇപ്രകാരം ആരംഭിക്കുന്നു: "യൂറോപ്യൻ മഹായുദ്ധം നിമിത്തം ലോകകാര്യങ്ങൾക്ക് ആകപ്പാടെ ഒരു ഭേദഗതി ഉണ്ടാകുമെന്നായിരുന്നു പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്. അക്കൂട്ടത്തിൽ മലയാളത്തിനും ബാധകമായ ചില സംഗതികൾ ഉണ്ടായിട്ടുണ്ടെന്ന് നമ്മൾ അനുഭവത്തിൽ അറിയുന്നുണ്ട്. ലാഭനഷ്ടങ്ങളുടെ ഏറ്റത്തൂക്കം അറ്റ കണക്കാക്കി പറവാൻ ഇനിയും കാലമായിട്ടില്ല. എങ്കിലും മലയാളത്തിൽ മറുനാടുകളുമായുള്ള വാണിജ്യത്തിന്റെ കാര്യത്തിൽ വളരെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ലക്ഷ്യങ്ങൾ കാണിക്കുന്നു. എന്നാൽ കച്ചവടവ്യാപാരത്തിൽ നഷ്ടമാണെങ്കിൽ ഭാഷാവ്യാപാരത്തിൽ നഷ്ടമല്ല ലാഭമാകുന്നു യുദ്ധത്താൽ ഉണ്ടായിരിക്കുന്ന ഫലം."

ഈ മുഖവുരയ്ക്ക് ശേഷം എയർ റെയ്ഡ്, എയർ ഷിപ്പർ, ഏറോപ്ലെയിൻ, ആർട്ടിലറി, ഏവിയേറ്റർ, ഏറോനാട്ട്, സബ്മറൈൻ തുടങ്ങിയ പദങ്ങൾ അതേ രൂപത്തിലും വിവർത്തിത രൂപത്തിലും മലയാള പ്രസിദ്ധീകരണങ്ങളിൽ വരുന്നതിനെ പരിശോധിച്ച് അവയുടെ ശരിയും തെറ്റും ഒരു നീണ്ട പട്ടികയായി രാമകൃഷ്ണപിള്ള ഒരു ലേഖനത്തിൽ നൽകുന്നുണ്ട്.

തലശ്ശേരി ബ്രണ്ണൻ കോളേജിലെ സാഹിത്യസമാജത്തിൽ പ്രസംഗിക്കാൻ രാമകൃഷ്ണപിള്ള തയ്യാറാക്കിയ ഒരു പ്രബന്ധം പ്രത്യേകിച്ച് ശ്രദ്ധേയമാണ്. മലയാള ഗദ്യത്തിന് വന്നുകൊണ്ടിരിക്കുന്ന അഭിലക്ഷണീയവും അനഭിലക്ഷണീയങ്ങളുമായ മാറ്റങ്ങളെയും വൈവിദ്ധ്യമേറിയ ആധുനിക വിജ്ഞാന ശാഖകളുടെ കാര്യക്ഷമമായ സംവേദനത്തിന് ഏതെല്ലാം പരിഷ്കാരം ഭാഷാഗദ്യത്തിന് ആവശ്യമാണെന്നും രാമകൃഷ്ണപിള്ള വിവരിക്കുന്നത് 90 വർഷം പിന്നിട്ടിട്ടും കാലാഹരണദോഷം വരാതെ അവശേഷിക്കുന്നു.

സംഗീതാത്മകത പദ്യത്തിനുമാത്രമല്ല ഗദ്യത്തിനും ബാധകമാണെന്ന് ലോർഡ് ഷാലിസ്ബെറി തുടങ്ങിയ പാശ്ചാത്യനിരൂപകവരേണ്യരെ ഉദ്ധരിച്ച് രാമകൃഷ്ണപിള്ള സമർഥിക്കുന്നു.

## നവോത്ഥാനത്തിന്റെ വ്യാപനവും രാഷ്ട്രീയവും

കേരള നവോത്ഥാനത്തിന്റെ ആദ്യപടവുകളെക്കുറിച്ചും യൂർഗൻഹെബർമാഷും മറ്റും വിവരിക്കുന്ന പൊതുമണ്ഡലത്തിന്റെ വികാസത്തെക്കുറിച്ചും പൊതുജനാഭിപ്രായം അവകാശസ്ഥാപനത്തിനുള്ള ജനകീയ പ്രക്ഷോഭണശൈലികൾ മുതലായവയെക്കുറിച്ചും ചർച്ച ചെയ്തിരുന്നു. ഈ പൊതുമണ്ഡലരൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നത് ജനകീയ സംഘടനകളും വർത്തമാനപത്രങ്ങളുമാണ്. രാമകൃഷ്ണപിള്ളയുടെ മേഖല സംഘടനകളായിരുന്നില്ല, പത്രപ്രവർത്തനം ആയിരുന്നു. ഒൻപത് പത്രങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഒരു സ്വതന്ത്ര ലേഖകൻ എന്ന നിലയിൽ സ്കൂൾ വിദ്യാഭ്യാസകാലം മുതലേ പ്രവർത്തിച്ചുവന്ന രാമകൃഷ്ണപിള്ള, 21-ാംമത്തെ വയസ്സിൽ 'കേരള ദർപ്പണ'ത്തിന്റെ പത്രാധിപരായതും അതിൽ രോഷം പൂണ്ട മാതുലൻ വക്കീൽ കേശവപിള്ള അദ്ദേഹത്തെ വീട്ടിൽ നിന്ന് പുറത്താക്കിയതും മറ്റും വിവരിച്ചിരുന്നല്ലോ. 1899-ൽ 'കേരള ദർപ്പ്'ണത്തന്റെ പത്രാധിപത്യത്തോടൊപ്പം വിദ്യാഭ്യാസ കാര്യങ്ങൾക്ക് മുൻതൂക്കം നൽകിവന്ന *ഉപാദ്ധ്യായൻ* എന്ന ഒരു മാസികയുടെ പത്രാധിപത്യവും അദ്ദേഹം വഹിച്ചിരുന്നു. 'ഉപാദ്ധ്യായൻ' പിൽക്കാലത്ത് സമുദായ ഉത്തേജകൻ എന്ന് ആരാധകർ വിശേഷിപ്പിച്ചുവന്ന സി.കൃഷ്ണപിള്ള ആണ് നടത്തിവന്നത്. മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിലും മുൻനിരക്കാരനായിരുന്ന കൃഷ്ണപിള്ള 'ഉപാദ്ധ്യായൻ' തുടങ്ങുമ്പോൾ ഒരു സ്കൂൾ ഇൻസ്പെക്ടറായിരുന്നു. അദ്ദേഹം സ്ഥാപിച്ച കേരളീയ നായർ സമാജം പിൽക്കാലത്ത് രൂപം കൊണ്ട നായർ സർവീസ് സൊസൈറ്റിയുടെ മുൻഗാമിയായിരുന്നു എന്നു പറയാം. 'ഉപാദ്ധ്യായൻ' അധികകാലം നീണ്ടുനിന്നില്ല. തന്റെ ഭാര്യ നാണിക്കുട്ടി അമ്മയുടെ മാതുലനും 'കേരള ദർപ്പണ'ത്തിന്റെ ഉടമസ്ഥനുമായിരുന്ന വെയിലൂർ പരമേശ്വരൻ പിള്ളയ്ക്കും രാമകൃഷ്ണപിള്ളയ്ക്കും അധികകാലം യോജിച്ചു പോകാൻ പലകാരണങ്ങളാൽ സാധിച്ചില്ല. 'കേരള ദർപ്പണം' വിട്ട ശേഷം 'കേരളപഞ്ചിക', 'മലയാളി', 'കേരളൻ' എന്നീ പത്രങ്ങളുടെ പത്രാധിപസ്ഥാനം മാറിമാറി രാമകൃഷ്ണപിള്ള വഹിച്ചു. എന്തുകൊണ്ട് ഇവയിൽ ചിലത് നിന്നുപോയി, എന്തുകൊണ്ട് രാമകൃഷ്ണപിള്ള ചിലതുമായി തെറ്റിപ്പിരിഞ്ഞു എന്നൊന്നും ഇവിടെ വിവരിക്കുന്നില്ല. ഒരു പ്രധാന കാരണം രാമകൃഷ്ണപിള്ളയുടെ രാഷ്ട്രീയ നിലപാടുകളിൽ ഉടമസ്ഥർക്കുണ്ടായ ഭിന്നാഭിപ്രായം തന്നെ. രാജാ

ധിപത്യത്തെയും രാജസേവകന്മാരെയും വിമർശിക്കുന്നതിൽ അവർക്ക് ഭയം ഉണ്ടായിരുന്നു. ഒടുവിൽ പാണ്ഡിത്യവും, പരിഷ്ക്കരണാഭിമുഖ്യവും, ധൈര്യവും ഒത്തുചേർന്ന ഒരു മഹാപുരുഷനെ രാമകൃഷ്ണപിള്ളയ്ക്ക് സഹായിയായി ലഭിച്ചു. കേരള നവോത്ഥാനത്തിന്റെ ചരിത്രത്തിലെ അഗ്രഗണ്യരുടെ നിരയിൽപ്പെട്ട വക്കം മുഹമ്മദ് അബ്ദൽകാദിർ മൗലവിയായിരുന്നു (1873-1932) അത്. ശ്രീനാരായണ ഗുരുവിന്റെ സുഹൃത്തും സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രോത്സാഹകനും മദ്രസ വിദ്യാഭ്യാസത്തെ ആധുനിക വിദ്യാഭ്യാസവുമായി കോർത്തിണക്കിയ പരിഷ്കർത്താവും ബഹുഭാഷാ പണ്ഡിതനുമായിരുന്ന വക്കം മൗലവി നടത്തിവന്ന പത്രമാണ് 'സ്വദേശാഭിമാനി'. താനൊരിക്കലും പത്രാധിപരുടെ സ്വാതന്ത്ര്യത്തിലോ പത്രത്തിന്റെ നടത്തിപ്പിലോ ഇടപെടുകയില്ല എന്ന് രാമകൃഷ്ണപിള്ളയ്ക്ക് ഉറപ്പു നൽകുകയും രാജകോപത്തെപോലും വകവയ്ക്കാതെ ആ വാഗ്ദാനം പാലിക്കുകയും ചെയ്ത ഒരു ധീരാത്മാവായിരുന്നു മൗലവി. ഒടുവിൽ ശങ്കരൻതമ്പി തുടങ്ങിയ അഴിമതിക്കാരായ രാജസേവകന്മാരുടെയും ദിവാൻ രാജഗോപാലാചാരിയെ പോലുള്ള ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളുടെയും ഉപജാപത്തെ തുടർന്ന് 1910 സെപ്റ്റംബർ 26-ന് 'സ്വദേശാഭിമാനി' പത്രവും പ്രസ്സും കണ്ടുകെട്ടുകയും പത്രാധിപരെ നാടുകടത്തുകയും ചെയ്തപ്പോഴും മൗലവി ചഞ്ചലചിത്തനായില്ല.

1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് തൊട്ടുമുമ്പ് ആരംഭിച്ച 'കേരള പത്രിക'യുടെ പത്രാധിപർ ചെങ്കളത്ത് കുഞ്ഞിരാമമേനോൻ അടിയുറച്ച ദേശീയവാദിയും കോൺഗ്രസ്സുകാരനുമായിരുന്നു. രാമകൃഷ്ണപിള്ള എഴുതിയ പ്രസിദ്ധമായ 'വൃത്താന്തപത്രപ്രവർത്തന'ത്തിന് അവതാരിക എഴുതിയത് കുഞ്ഞിരാമമേനോനാണ്. മലയാള പത്രപ്രവർത്തനം അതിന്റെ ശൈശവദശയിലായിരുന്ന കാലത്ത് താൻ 'കേരള പത്രിക' എന്ന ലക്ഷണം തികഞ്ഞ ഒരു പൊതുജനമാധ്യമം പ്രസിദ്ധീകരിക്കുമ്പോൾ പൊതുജനാഭിപ്രായം എന്ന ഒരു സംഗതിയേ നാട്ടിൽ ഇല്ലായിരുന്നുവെന്നും വിമർശനങ്ങളിൽ നിന്നും മാധ്യമ വെളിച്ചത്തിൽനിന്നും വിമുക്തരായിരുന്ന സർവതന്ത്ര സ്വതന്ത്രരായ അധികാരികളുടെ അഴിമതിയും തോന്ന്യാസവുമാണ് നടന്നുവന്നിരുന്നതെന്നും മേനോൻ അവതാരികയിൽ പറയുന്നു. രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തന കാലമായപ്പോഴേക്കും ഈ ദുർനടപടികൾ അവസാനിച്ചുവെന്ന് പറയാറായില്ലെങ്കിലും വിമർശനത്തിന്റെയും വെളിപ്പെടുത്തലുകളുടെയും വെള്ളിവെളിച്ചത്തിൽ നിന്ന് അഴിമതിക്കാർക്കും ദുരധികാരപ്രമർത്തർക്കും രക്ഷപ്പെടാൻ കഴിഞ്ഞില്ല. അപ്പോഴും ഉദരംഭരികളായ 'തിരുമുമ്പിൽ സേവക്കാർ' ഉണ്ടായിരുന്നു എന്നതിന്റെ തെളിവ് രാമകൃഷ്ണപിള്ളയുടെ അനുഭവങ്ങൾ തന്നെയാണ്.

രാമകൃഷ്ണപിള്ള 'കേരള ദർപ്പണ'ത്തിന്റെ പത്രാധിപരായി ചുമതലയേറ്റശേഷം എഴുതിയ ആദ്യത്തെ മുഖപ്രസംഗം തന്നെ 'പത്രങ്ങളുടെ ചുമതല' എന്നതാകുന്നു. പിന്നീട് പത്രാധിപത്യം വഹിച്ച പത്രങ്ങളിലെല്ലാം പലതവണ ഈ വിഷയത്തിലേക്ക് അദ്ദേഹം തിരിച്ചെത്തിയിട്ടുണ്ട്- 'പൊതുജനദാസന്മാരും വർത്തമാനപത്രങ്ങളും' 'ഒരു പത്രാധിപയോഗത്തിന്റെ ആവശ്യകത 'മലയാള പത്രങ്ങളുടെ ലേഖകന്മാർ' തുടങ്ങിയവ 'കേരളപഞ്ചിക'യിലെ മുഖപ്രസംഗങ്ങളാണ്. പിന്നീടും ഈ വിഷയത്തിലേക്ക് അദ്ദേഹം തിരിച്ചുവന്നുകൊണ്ടിരുന്നു.

'കേരള ദർപ്പണ'ത്തിന്റെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് അന്ന് 21 വയസ്സ് മാത്രമുണ്ടായിരുന്ന രാമകൃഷ്ണപിള്ള തെളിവുറ്റ ഭാഷയിൽ തന്റെ അദ്യത്തെ മുഖപ്രസംഗം എഴുതുമ്പോൾ അത് അദ്ദേഹത്തിന്റെ ജീവിത ദൗത്യത്തിന്റെ വിളംബരം കൂടിയായിരുന്നു. അത് ഇപ്രകാരം ആരംഭിക്കുന്നു:

"മലയാള പത്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ യാതൊരുവിധത്തിലും ശ്ലാഘനീയമായിരിക്കു

ന്നതില്ലെന്ന് പല സജ്ജനങ്ങളും പ്രസംഗിക്കുന്നുണ്ട്. ഇതിന്റെ ഹേതു എത്രതന്നെ സാധുവായിരിക്കട്ടെ, ഇതിൽ ഏറെക്കുറെ വാസ്തവം അന്തർഭവിച്ചിട്ടുണ്ടെന്ന് നിർമ്മത്സരായ ഏവർക്കും സമ്മതിക്കാതിരിക്കാൻ പാടില്ല. വർത്തമാനപത്രങ്ങളുടെ കൃത്യമിന്നതെന്നും അകൃത്യമിന്നതെന്നും ഗ്രഹിക്കുന്നതിന് നമ്മുടെ ഇടയിൽ പല ആളുകളും ഇതേവരെ പ്രാപ്തരായിട്ടില്ലെന്ന് കാണുന്നത് തന്നെയാണ് ഇതിലേക്ക് മുഖ്യമായ ഒരു സാക്ഷ്യം. അങ്ങനെ അവർ അപ്രാപ്തരാവാനുള്ള ഹേതു കേവലം അവരിൽ നിന്ന് മാത്രം ഉണ്ടായതല്ലെന്ന് ധൈര്യസമേതം പ്രസ്താവിക്കാവുന്നതാണ്. ഭാഷാ പത്രങ്ങളുടെ പ്രചാരം എത്രകാലം അധർമസരണിയിലൂടെ ആയിരിക്കുന്നുവോ അത്രയും കാലം ഈ വിധമൊരു വാസ്തവഗ്രഹണമില്ലായ്മ അവരുടെ ഉള്ളിൽനിന്ന് നീങ്ങിപ്പോകുമെന്ന് കരുതുവാൻ മാർഗ്ഗമില്ല. നമ്മുടെ ഭാഷാ പത്രങ്ങൾ ഇതേവരെ പ്രവർത്തിച്ചിട്ടുള്ളതും ഇപ്പോൾ പ്രവർത്തിക്കുന്നതുമായ നടപടികളെ ശ്രദ്ധാപൂർവ്വം പ്രേക്ഷിക്കുന്നതായാൽ അവയിൽ മുക്കാലേ അരയ്ക്കാൽ എണ്ണവും താന്താങ്ങളുടെ കൃത്യാകൃത്യങ്ങളെയും ധർമ്മാധർമ്മങ്ങളെയും ഗ്രഹിച്ചിട്ടില്ല എന്ന് ബോദ്ധ്യമാകുന്നതാണ്. പരാക്ഷേപകാലക്ഷേപമാണ് പത്രങ്ങളുടെ കൃത്യം എന്ന് ധരിച്ചു വച്ചിട്ടുള്ള പത്രങ്ങൾ നമ്മുടെ കൈവിരലുകളെക്കൊണ്ടുമാത്രം എണ്ണിത്തീർക്കാവുന്നതായ അവയുടെ സംഖ്യയിൽ എത്രഭാഗമുണ്ടെന്ന് ആർക്കും ഒരു നോട്ടത്തിൽ തന്നെ മനസ്സിലാക്കാം.''

'സ്വദേശാഭിമാനി'യുടെ നാടുകടത്തലിന്റെ 100-ാം വാർഷികം ആചരിക്കുമ്പോൾ പോലും ഈ പരാമർശങ്ങൾ ഇന്നത്തെ ഭൂരിപക്ഷം പത്രങ്ങൾക്കും പുതുതായി രംഗപ്രവേശം ചെയ്തിരിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങൾക്കും ബാധകമല്ലേ എന്ന് നാം സ്വയം ചോദിച്ചുപോവുന്നു. ഈ ദുരവസ്ഥ പരിഹരിക്കുകയും നന്മയ്ക്കും സത്യത്തിനും മേന്മയ്ക്കും മുൻതൂക്കമുള്ള ഒരു സമൂഹസൃഷ്ടിക്കു വേണ്ടി പടവെട്ടുകയും ചെയ്ത രാമകൃഷ്ണപിള്ള ഒടുവിൽ നാട്ടിൽ നിന്ന് ബഹിഷ്കൃതനായതിന്റെ കഥ ഈ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ രാമകൃഷ്ണപിള്ളയുടെ സ്ഥാനവും പങ്കും എന്തെന്ന് പ്രശസ്ത ചരിത്രകാരനായ ഡോ.കെ.എൻ.പണിക്കർ തന്നെ പറഞ്ഞു തരട്ടെ:

''മലയാളിയുടെ ആധുനിക അവബോധരൂപീകരണത്തെ സ്വാധീനിച്ച പലഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് പത്രപ്രവർത്തനം. ആദ്യകാല പത്രങ്ങൾ വാർത്തകൾ വായനക്കാരിൽ എത്തിക്കുക എന്ന പ്രാഥമിക കർത്തവ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവയായിരുന്നു. അതിൽ നിന്ന് വ്യത്യസ്തമായി മലയാളത്തിൽ ആദ്യമായി പത്രങ്ങളെ രാഷ്ട്രീയസമൂഹ വിമർശനത്തിന്റെ വേദിയാക്കിയത് സ്വദേശാഭിമാനിയാണെന്നതിന് ഭിന്നാഭിപ്രായം ഉണ്ടാകാനിടയില്ല. അതിലൂടെ രാമകൃഷ്ണപിള്ള സുപ്രധാനമായ രണ്ടു പ്രവണതകൾക്ക് കരുത്ത് നൽകി- ജനാധിപത്യവൽക്കരണത്തിനും പൊതുമണ്ഡല രൂപീകരണത്തിനും. മലയാളി മെമ്മോറിയലിൽ നാമ്പെടുത്ത ജനാധിപത്യ അവബോധത്തിന്റെ ജിഹ്വയായി സ്വദേശാഭിമാനിയെ വിശേഷിക്കാം. ഫ്യൂഡൽ ബന്ധങ്ങളിൽ അധിഷ്ഠിതമായ രാജവാഴ്ചയുടെ ഭരണസമ്പ്രദായത്തിന് ബദലായി അദ്ദേഹം വിഭാവനം ചെയ്യുന്നത് പ്രജകളുടെ താല്പര്യങ്ങളിൽ ഊന്നിയ ഒരു ആധുനിക വ്യവസ്ഥയാണ്, രാജഭക്തിയിലല്ല രാജ്യഭക്തിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥ. ഈ കാഴ്ചപ്പാടിനെ ആദ്യകാല ആധുനികാവബോധത്തിന്റെ പ്രതിഫലനമായി കണക്കാക്കാവുന്നതാണ്. രാമകൃഷ്ണപിള്ള ആ അവബോധത്തിന്റെ പ്രണേതാവും. രാജ്യത്തെ രാജഭക്തിയിൽ നിന്ന് വേർതിരിച്ചുകൊണ്ട് ആധുനിക രാഷ്ട്രസങ്കൽപ്പത്തിന് രൂപം കൊടുക്കുവാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം. സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം ഈ പ്രക്രിയയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഈ ബന്ധമാണ് സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനത്തിന്റെ കാതൽ''. ●




സ്വദേശാഭിമാനി പ്രാഥമിക വിദ്യാഭ്യാസം നിർവഹിച്ച നെയ്യാറ്റിൻകര ടൗൺ എൽ.പി.എസ്




ഉപരിപഠനം നടത്തിയ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്

തിരുവനന്തപുരം
൧൯൦൦. നവംബർ. ൧൧.

'കേരളസഞ്ചാരി' പത്രാധിപർക്ക് —

സർ,

ഇന്നു കിട്ടിയ ൧-ാം നമ്പർ 'കേരളസഞ്ചാരി'യിൽ "ഭാഷാപോഷിണിയും കേരളദർപ്പണവും" എന്നൊരു ലേഖനം കണ്ടു. അതു പ്രസിദ്ധീകരണത്തിനായി ഇവിടെ അയച്ചിരുന്നുവെന്ന് ലേഖകൻ പ്രസ്താവിച്ചിട്ടുള്ളതു വ്യാജമാകുന്നു. അങ്ങനെ ഒരു ലേഖനം ഇവിടെ എത്തിനോക്കുകപോലും ചെയ്തിട്ടില്ല. അതു എനിക്കയച്ചിരുന്നില്ലെന്നുള്ളതു അതിലെ ചില വാചകങ്ങളുടെ വൈലക്ഷണ്യത്താൽ തന്നെ പ്രജ്ഞാദൃക്കുകൾക്കു കൂടി ഗ്രഹിക്കാവുന്നതാകുന്നു.

എന്നിട്ടും, 'കേരളസഞ്ചാരി' പത്രാധിപരായ താങ്കൾ അതിനെ അകൈതവബുദ്ധ്യാ പ്രസിദ്ധീകരിച്ചതിൽ ഞാൻ വ്യസനിക്കുന്നു. 'അസമാനവിവാദേന ലഘുതൈവോപജായതേ' എന്നുള്ളതിനാൽ ഞാൻ അതിനു മറുപടി എഴുതുവാൻ ഉദ്യമിക്കുന്നില്ല. എങ്കിലും, താങ്കളെ ഇതും ഗ്രഹിപ്പിക്കണമെന്നു കരുതി ഈ കത്തയയ്ക്കുന്നതാണ്. ഇങ്ങനെയുള്ള കൃത്രിമസംഗതികളെ പ്രസിദ്ധപ്പെടുത്താൻ 'കേരളസഞ്ചാരി' തന്റെ പത്രപംക്തികളെ വിനിയോഗിക്കുന്നത് അധർമ്മമാണെന്നു താങ്കൾ സ്മരിക്കാതിരിക്കുന്നുവെങ്കിൽ അതു ദയനീയം തന്നെ.

എന്ന് താങ്കളുടെ
കെ. രാമകൃഷ്ണപിള്ള
K. Ramakrishna Pillai
കേരളദർപ്പണപത്രാധിപർ.

'കേരള ദർപ്പണം' പത്രാധിപരായിരിക്കെ സ്വദേശാഭിമാനി എഴുതിയ ഒരു കത്ത്.



വഞ്ചിയൂർ,
തിരുവനന്തപുരം.
൧൦൮൦-ാം ചിങ്ങം ൧൭-നു-

ശ്രീ.

൦ാം മാസം ൭-നു- തിങ്കളാഴ്ച രാത്രി നാലു നാഴികയ്ക്കുമേൽ ഒൻപതു നാഴികയ്ക്കകമുള്ള ശുഭ മുഹൂർത്തത്തിൽ, വഞ്ചിയൂർ കുതിരവട്ടത്തു് കുഴിവിളാകത്തുവീട്ടിൽ ശ്രീമതി, ബി. കല്യാണി അമ്മയെ ഞാൻ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ, ആ അവസരത്തിൽ താങ്കൾകൂടെ വന്നിരുന്നു് അടിയന്തരം മംഗളമായി നടത്തിത്തരുവാനും, അതിന്നായി പോകുന്നതിനു്, രാത്രി ഏഴേകാൽ മണിക്കു്, വഞ്ചിയൂർ അത്താണിവട്ടത്തു് കിഴക്കേ ഇലഞ്ഞിമൂട്ടവീട്ടിൽ വന്നുചേരുവാനും വിനയപൂർവം അപേക്ഷിക്കുന്നു. എന്നു്

സ്വന്തം,
കെ. രാമകൃഷ്ണപിള്ള.

K Ramakrishna Pillai

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയുടെ വിവാഹ ക്ഷണക്കത്ത്



സഹധർമ്മിണി ബി. കല്ല്യാണിയമ്മ


REGD. No. M. 498

# സ്വദേശാഭിമാനി

THE SVADESABHIMANI

PUBLISHED EVERY WEDNESDAY.

Terms of Subscription

ADVERTISING RATES

പുസ്തകം ൨

## അറിയിപ്പ്

## കേരളവാർത്തകൾ

‘സ്വദേശാഭിമാനി’ പത്രത്തിന്റെ ആദ്യപുറം




'സ്വദേശാഭിമാനി'യിലെ മുഖപ്രസംഗങ്ങൾ

## കൈക്കൂലിപ്പിശാചിന്റെ വിക്രിയകൾ

വടശ്ശേരി ക്ഷേത്രക്കേസ് സംബന്ധിച്ചു ജഡ്ജ്മെന്റ് പ്രസിദ്ധീകരിച്ചിരിക്കുന്നു. തിരുവിതാംകൂർ ദീർഘകാലമായി കൈക്കൂലിപ്പിശാചിന്റെ സ്വച്ഛന്ദവിഹാരമായിരുന്നു എന്നുള്ളതും തിരുവിതാംകൂർ സർക്കാർസർവ്വീസിലെ ഉദ്യോഗസ്ഥന്മാർ ഈ പിശാചിന്റെ ഉപാസകന്മാരായിരുന്നുവെന്നുള്ളതും ഇക്കാലമത്രയും പരസ്യമായ ഒരു രഹസ്യമായിരുന്നു. എന്നാൽ അതിപ്പോൾ സർവലോകപ്രസിദ്ധമായിത്തീർന്നിരിക്കുകയാണ്. നമ്മുടെ ഗവണ്മെന്റിന്റെ-ജനങ്ങളുടെ താത്പര്യങ്ങളും അവകാശങ്ങളും ആദരിച്ചു ഭരണം നടത്തുന്ന എല്ലാ പരിഷ്കൃത ഗവണ്മെന്റുകളെയും പോലെ നീതിയിൽ അധിഷ്ഠിതമായ ഒരു ഗവണ്മെന്റിന്റെ-കാര്യങ്ങളിൽ കൊട്ടാരത്തിലെ ചില ഉദ്യോഗസ്ഥന്മാർ ഇടപ്പെട്ടു കാണിച്ച കൊള്ളരുതായ്മകൾ ഈ കേസ്സിൽക്കൂടെ പൊതുജനങ്ങൾക്കും, ഗവണ്മെന്റിനും, മേൽക്കോയ്മയ്ക്കും രാജ്യത്തിനു വെളിയിലുള്ളവർക്കും പരമബോദ്ധ്യമായിത്തീർന്നിരിക്കുന്നുവെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. നീതിനിഷ്ഠനായ മി. സദാശിവയ്യരുടെ വിശദവും വിദഗ്ധവുമായ ജഡ്ജ്മെന്റിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളിൽ ഈ രാജ്യത്തെ ജനങ്ങൾക്കാർക്കും അത്ഭുതത്തിനവകാശമില്ല. അവർക്ക് അത്രമേൽ സുപരിചിതങ്ങളാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ട് സത്യം, ധർമം, നീതി, വിശ്വാസ്യത, ആദർശപരത്വം മുതലായ വിശിഷ്ടഗുണങ്ങളാർജ്ജിച്ചിരിക്കുന്ന ചില ഉദ്യോഗസ്ഥന്മാർ, തങ്ങൾ സർവകലാശാലയിൽനിന്നു ബിരുദം സ്വീകരിക്കുന്ന അവസരത്തിൽ ചെയ്യുന്ന സത്യപ്രതിജ്ഞയെയും തങ്ങൾക്കു ലബ്ധമായിരിക്കുന്ന സംസ്കാരത്തെയും ആത്മാഭിമാനത്തിന്റെ അമൂല്യതയെയും വിസ്മരിച്ച് ശുപാർശ, കൈക്കൂലി മുതലായ കുമാർഗ്ഗങ്ങളിൽ ചരിക്കുന്നത് എത്രയോ അപഹാസ്യമാണെന്ന് ഈ കേസ്സിന്റെ ചരിത്രം വിശദമാക്കുന്നു. ഇങ്ങനെ ജുഗുപ്സാവഹങ്ങളായ മാർഗ്ഗങ്ങളിൽക്കൂടെ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ളവർ നമ്മുടെ സർക്കാർസർവ്വീസിൽ ഒന്നോ രണ്ടോ അല്ലെന്ന് ഞങ്ങൾക്കു ധൈര്യസമേതം പറവാൻ കഴിയും. പല ഉദ്യോഗസ്ഥന്മാരും വിദ്യാർത്ഥിജീവിതകാലത്ത് ആദർശപരമായി ജീവിച്ചിട്ടുള്ളവരായിരിക്കും. തങ്ങൾ മനസ്സാക്ഷിക്കു വിരുദ്ധമായി കുത്സിതമാർഗ്ഗങ്ങൾ സ്വീകരിക്കാൻ നിർബന്ധിതരായിത്തീർന്നതാണെന്ന് അവരുടെ മനസ്സാക്ഷി തന്നെ ഇപ്പോൾ സമ്മതിക്കാതിരിക്കയില്ല. എന്തിനധികം പറയുന്നു, സർക്കാർസർവ്വീസിൽ പ്രവേശിക്കുന്നതുവരെയേ സത്യധർമ്മാദികൾ ഉള്ളു എന്ന നിലയിലാണ് ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റം. കൈക്കൂലിക്കും, ചില

കൊട്ടാരം ഉദ്യോഗസ്ഥന്മാരുടെ ശുപാർശകൾക്കും വിധേയനായതായി തെളിവുമൂലം വിചാരിക്കപ്പെടാവുന്ന ദിവാൻപേഷ്കാർ മിസ്റ്റർ മാധവൻപിള്ളയെപ്പോലുള്ള ഉന്നതകലാശാലാബിരുദധാരികളുടെപോലും സ്വഭാവത്തിൽ വന്നിരിക്കുന്ന വ്യത്യാസം ആലോചിച്ച് നോക്കുക. സർക്കാർസർവ്വീസിലെ അഴിമതികളുടെ സർവസാധാരണത്വമാണ് ഇതിൽനിന്നൊക്കെ വിശദമാകുന്നത്. തിരുവിതാംകൂറിന്റെ ധാർമ്മിക പ്രശസ്തിയെത്തന്നെ ദൂഷിതമാക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. കൈക്കൂലിയിൽ മുങ്ങിക്കിടക്കുന്ന ഒരു രാജ്യമെന്നുള്ള ദുര്യെശസ്സ് തിരുവിതാംകൂറിനുണ്ടാക്കുകയാണ് ഇവരുടെ ജീവിതവ്രതമെന്നു തോന്നിപ്പോകുന്നു. ഇക്കൂട്ടരെ നാമാവശേഷമാക്കുവാൻ നമ്മുടെ ദിവാൻജിമാരിൽ ആർക്കെങ്കിലും കഴിഞ്ഞിട്ടില്ല. ഇതെത്രയോ ദുഃഖകരമായ ഒരവസ്ഥയാണ്? ദേവികുളത്തെ 'ലീ' കേസ്സ് സംബന്ധമായ സാഹചര്യങ്ങളിൽ തിരുവിതാംകൂറിലെ കൈക്കൂലിയെപ്പറ്റി മദ്രാസ് ഹൈക്കോർട്ടിൽ പരാമർശമുണ്ടായത് ഈയിടെ മാത്രമാണ്. ഈ ദുഃസ്ഥിതി പരിഹരിക്കാമെന്നൊക്കെ ഉദ്ഘോഷിക്കപ്പെടാറുണ്ടെങ്കിലും കൈക്കൂലി ഇന്നും തിരുവിതാംകൂറിൽ നടമാടുന്നുണ്ട്, ഇതിനൊരന്തരം വരുത്തുവാൻ ഗവണ്മെന്റ് യാതൊന്നും ഇതുവരെ പ്രവർത്തിച്ചിട്ടുമില്ല. പ്രബലവും സംശയരഹിതവുമായി തെളിവുകൾ ഗവണ്മെന്റിനു ലഭിക്കായ്കയാലായിരിക്കുമോ? ഗവണ്മെന്റധികൃതർക്ക് ആവശ്യമായിരുന്നെങ്കിൽ തെളിവിനു യാതൊരു പ്രയാസവുമുണ്ടാകയില്ലെന്ന് ഇപ്പോൾ പ്രകടമായിരിക്കുന്നു. തിരുവിതാംകൂറിലെ അഴിമതികളെപ്പറ്റി നാം എത്ര കൂടുതൽ ചിന്തിക്കുമോ അത്ര കൂടുതൽ വ്യസനിക്കുകയേ കരണീയമായിട്ടുള്ളു. കൈക്കൂലിക്കുറ്റത്തിന് പങ്കുകാരെന്ന് ഈ കേസ്സിൽ സംശയിക്കപ്പെടുന്നവരുടെമേൽ ഗവണ്മെന്റ് നടപടികളെടുക്കുന്നില്ലെങ്കിൽ, ഈ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമെല്ലാം നിഷ്ഫലമാവുകയും ജനങ്ങൾ നിരാശയിലേക്കുതന്നെ മടങ്ങുകയും ചെയ്യുമെന്നു ഞങ്ങൾക്കു ഭയമുണ്ട്. ഫൗസ്ദാർ മി. അനന്തരാജയ്യരും പാലസ് മാനേജർ മി. ശങ്കരൻതമ്പിയും അവരുടെ പേരിനു വന്നു കൂടിയിരിക്കുന്ന കളങ്കം എങ്ങനെ പരിഹരിക്കാമെന്നുള്ളതിനെപ്പറ്റി ഉടനടി പര്യാലോചന നടത്തുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവർ അപ്രകാരം ചെയ്യാത്തപക്ഷം പൊതുജനഹൃദയങ്ങളിൽ അവരെപ്പറ്റി ഉണ്ടായിട്ടുള്ള ചീത്ത അഭിപ്രായം ഒരുകാലത്തും മാറിപ്പോകുന്നതല്ലെന്നും ഞങ്ങൾ അവരെ ധരിപ്പിച്ചുകൊള്ളുന്നു. അപ്രകാരംതന്നെ, രാജ്യത്തിന്റെ സൽപ്പേരിനുണ്ടായിരിക്കുന്ന ഈ കളങ്കം സംബന്ധിച്ചു ദിവാൻ മി. മാധവറാവുവിന്റെ ഗവണ്മെന്റ് അന്വേഷണം നടത്തി തക്കതായ പ്രതിവിധികൾ നിർദ്ദേശിക്കാത്തപക്ഷം അതു തിരുവിതാംകൂർ ഗവണ്മെന്റിന് ആക്ഷേപകരമായിരിക്കുമെന്നും ഞങ്ങൾ കരുതുന്നു. ●

(1906 മാർച്ച് 7)

## തിരുവിതാംകൂറിലെ അഴിമതികൾ

'മാതൃകാരാജ്യം', 'ധർമ്മരാജ്യം' എന്നും മറ്റുമുള്ള വിശേഷണങ്ങൾകൊണ്ട് ഒരുകാലത്തു പ്രഖ്യാപിതമായിരുന്ന തിരുവിതാംകൂർ സംസ്ഥാനത്തിന് 'അഴിമതിനാട്' എന്നുള്ള പര്യായത്തെ നല്കത്തക്കവിധത്തിൽ, ഈ നാട്ടിലുള്ള രാജസേവകന്മാരും ചില ഉദ്യോഗസ്ഥന്മാരും സ്വേച്ഛപോലെ പലേ അഴിമതികൾ നടത്തിവരുന്നു എന്നു നാടെങ്ങും പ്രസിദ്ധമായിത്തീർന്നിട്ടുണ്ടല്ലോ. നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഈ കളങ്കത്തെ നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുന്നതിനു ജനസമുദായത്തിന്റെ മുറവിളി നിരന്തരം ഇളക്കിക്കൊണ്ടിരുന്നിട്ടും, രാജ്യഭരണകർത്താക്കന്മാർ ഈ വിഷയത്തിൽ അശ്രദ്ധന്മാരായിരിക്കുന്നതല്ലാതെ, ഗവണ്മെന്റിന്റെ സൽകീർത്തിയെ പരിപാലിക്കുന്നതിനുവേണ്ട നിവൃത്തി മാർഗ്ഗങ്ങൾ അന്വേഷിക്കുന്നതായി കാണപ്പെടുന്നില്ല. രാജസേവകന്മാരുടെ പ്രഭാവത്തിൽ അടിമപ്പെടാതെയും, സ്വന്തം മനസ്സിനെ വഞ്ചിക്കാതെയും രാജ്യനിവാസികളുടെ ഏകകണ്ഠമായ അഭിപ്രായങ്ങളെ അനുകൂലിച്ചു പ്രവർത്തിക്കുന്നതിനു മനോധൈര്യമുള്ള ഒരു മന്ത്രിയെ നാട്ടിലേക്കു കിട്ടിയാൽ, മേൽപറഞ്ഞ വർധമാനമായ അഴിമതിക്കളങ്കം ഉടനടി അല്ലെങ്കിലും, ക്രമേണ മാഞ്ഞുപോകുമെന്നുള്ള പൊതുജനങ്ങളുടെ വിചാരത്തിന്, ദിവാൻ മി. രാജഗോപാലാചാരിയുടെ ഭരണകാലത്തിൽ അവകാശമില്ലെന്നാണ് ഇതേവരെ കഴിഞ്ഞ കഥകൾകൊണ്ട് ഊഹിക്കേണ്ടിവരുന്നത്.

തിരുവിതാംകൂറിലെ അഴിമതികളിൽ മുഖ്യമായി നിൽക്കുന്നതു കൈക്കൂലിയാണെന്നു തെരുവുകളിൽ തെണ്ടിനടക്കുന്ന 'പിച്ച'ക്കാർക്കുകൂടെയും നല്ല ബോദ്ധ്യമായിട്ടുണ്ട്. ഉയർന്ന സർക്കാരുദ്യോഗം തുടങ്ങി പിച്ചതെണ്ടലിനുകൂടെയും, മഹാരാജാവുതിരുമനസ്സിലെ കൊട്ടാരത്തിന്റെ കീർത്തിചന്ദ്രികയെ ഗ്രസിച്ചുകളയുന്ന സേവകരാഹുകേതുക്കളുടെ അനുവാദം സമ്പാദിക്കുകയും, അതിലേക്ക് അവർക്കു കൈക്കൂലി കൊടുക്കുകയും ചെയ്യേണ്ടതാണെന്നു ബഹുജനങ്ങൾ ഗ്രഹിച്ചു വച്ചിരിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ ഇരുപതിലധികം സംവത്സരക്കാലത്തെ രാജ്യഭരണത്തിന്റെ കീർത്തിയെ മലിനപ്പെടുത്തുമാറ് ഈ സേവകന്മാർ ചെയ്തിട്ടുള്ള അക്രമങ്ങളെയും അഴിമതികളെയും ഇത്രമേൽ സ്വച്ഛന്ദവിഹാരത്തിന് അനുവദിച്ചുപോന്ന ഗവണ്മെന്റിന്റെ നടപടിയെ ചിന്തിക്കുമ്പോൾ, തിരുവിതാംകൂറിന്റെ പേരിൽ മേൽക്കോയ്മയായ ബ്രിട്ടീഷ് ഗവണ്മെന്റിനു കരുണയില്ലേ എന്നു കൂടി ജനങ്ങൾ ശങ്കിച്ചുപോ

കുന്നു. ഇടയ്ക്കിടയ്ക്ക് മി. വി.പി. മാധവരായരെപ്പോലെ ധീരന്മാരായ ഏതാനും ചിലരെ മന്ത്രിപദത്തിൽ നിയമിച്ചിരുന്നതിനാൽ, അക്കാലങ്ങളിൽ അഴിമതി മങ്ങിയിരുന്നു എന്നുവരികിലും, മി. ഗോപാലാചാര്യരെപ്പോലെയുള്ള ചില 'അരമനദാസ'ന്മാരുടെ ഭരണത്തിൽ ഈ ദോഷം ഉജ്ജ്വലിച്ചുകണ്ടിരിക്കുന്നു. തിരുവിതാംകൂർ രാജ്യഭരണകാര്യങ്ങളിൽ, രാജസേവകന്മാർ എങ്ങനെയൊക്കെ തലയിടുന്നുണ്ടെന്നും; ഏതു പ്രകാരങ്ങളിൽ നീതിയെ നശിപ്പിക്കുന്നുവെന്നും, ജനങ്ങളുടെ പണം ഏതു മാർഗ്ഗത്തിൽ ഈ സേവകന്മാരുടെ കൈകളിൽ എത്തുന്നു എന്നും മറ്റുമുള്ള സംഗതികൾ, പ്രസിദ്ധപ്പെട്ട് വടശ്ശേരികോവിൽക്കേസ്സ് മുഖേന വെളിപ്പെട്ടിട്ടുണ്ട്. ഇക്കേസ്സിലെ റിക്കാർട്ടുകൾ, തിരുവിതാംകൂറിലെ ഇപ്പോഴത്തെ രാജസേവകന്മാരുടെ അഴിമതികൾക്ക് ഒരു ശാശ്വതമായ സ്മാരകസ്തംഭമായി നിൽക്കുന്നുണ്ട്. വടശ്ശേരികോവിൽക്കേസിൽ പ്രധാന നടനായി അരങ്ങത്തിറങ്ങാതെ കളിച്ചിരിക്കുന്ന 'സേവകൻ ശങ്കരൻതമ്പി' അവർകളുടെ ആതതായിത്വത്തെ തെളിയിക്കുന്നതിന് ഒന്നാന്തരം ലക്ഷ്യമായ പൂഞ്ഞാറ്റിടവകക്കേസ്സിന്റെ പ്രദർശിപ്പിക്കപ്പെടാത്ത പലേ രംഗങ്ങളും ജനങ്ങൾക്കു ദിദൃക്ഷുത്വത്തെ വർധിപ്പിക്കുമെന്നുതന്നെ ഞങ്ങൾ വിചാരിക്കുന്നു. പൂഞ്ഞാറ്റിടവകയും തിരുവിതാംകൂർ സർക്കാരും തമ്മിൽ അഞ്ചുനാടു സംബന്ധിച്ച് കുറെക്കാലം മുമ്പു നടന്ന വഴക്ക് ഏതുവിധം കലാശിച്ചു എന്നുള്ളതിനെപ്പറ്റി ഞങ്ങൾ മുൻലക്കം പത്രങ്ങളിൽ പ്രസ്താവിച്ച സംഗതികളിൽ, ഇക്കാര്യത്തിൽ ശങ്കരൻതമ്പി പൂഞ്ഞാറ്റു രാജാവവർകളോടു കൈക്കൂലി ആവശ്യപ്പെട്ടിരുന്നു എന്നും, പൂഞ്ഞാറ്റു രാജകുടുംബത്തിനു പലേ നഷ്ടങ്ങളും വന്നിട്ടുണ്ടെന്നും സൂചിപ്പിച്ചിരുന്നുവല്ലോ. കഴിഞ്ഞ മകരം 10-ാം തീയതി (ജനുവരി 23-ാം തീയതി)യിലെ സ്വദേശാഭിമാനിയിൽ 'തിരുവിതാംകൂറിലെ കൈക്കൂലിക്കാര്യം' എന്ന വിഷയത്തെപ്പറ്റി പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിന്റെ ഒരു ഘട്ടത്തിൽ ഞങ്ങൾ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ഞങ്ങളുടെ ദൃഷ്ടിക്കു വിഷയീഭവിച്ചിരിക്കുന്ന ചില റിക്കാർട്ടുകൾ, ഈ സംഗതിയിൽ നീതിവൈകല്യത്തെ ആശങ്കിപ്പിക്കുന്നു എന്ന് ഞങ്ങൾ പറഞ്ഞിട്ടുള്ളതിൽ വായനക്കാർക്കു സന്ദേഹം ഉണ്ടെങ്കിൽ, താഴെ പകർത്തുന്ന ഒരു കത്തിലെ ഏതാനും ഘട്ടങ്ങൾ ഞങ്ങളുടെ ആശങ്കയെ പ്രബലപ്പെടുത്തുന്നു എന്നു പറഞ്ഞുകൊള്ളട്ടെ.

തിരുവനന്തപുരം
1077 മീനം 26-ാം തീയതി

*"അടിയൻ ഈ മാസം 4-ാം തീയതി ഇവിടെ എത്തി. 1-ാം തീയതിയിലെ തിരുവെഴുത്ത് ഇന്നലെ ഇവിടെ കിട്ടുകയും ചെയ്തു. ശങ്കരപ്പിള്ളയെ അതിർത്തിത്തർക്കം തീരുമാനിക്കുന്നതിന് നിയമിച്ചിട്ടുള്ളതു ദോഷകരമെന്നുതന്നെയാണ് അടിയന്റെ അഭിപ്രായം. അതിനെ തത്കാലം ഭേദപ്പെടുത്തുന്നതിന് ഒരു മാർഗ്ഗവും കാണുന്നില്ലാ. ആ ആളിനെ ഭേദപ്പെടുത്തുന്ന കാര്യം വളരെ സംശയത്തിലായിരിക്കുന്നു. അടിയനും പ്രത്യേകം ശ്രമിച്ചു നോക്കാം....കാര്യക്കാരദ്ദേഹത്തിനു തടിയോ വിലയോ കൊടുപ്പാൻ ഇനിയും താമസിക്കുന്നതു പോരാത്തതാണെന്നു തോന്നുന്നു. വേറെ ഇനത്തിൽ വകവച്ച് എടുത്തുകൊള്ളണമെന്നും മറ്റും പറയാവുന്ന സ്ഥലമല്ലാ. 150 കണ്ടിയിൽ കുറഞ്ഞു വേണ്ടാ എന്നാണു നിർബന്ധം. 100 കണ്ടിയുടെ വിലയെങ്കിലും മുൻകൂട്ടി അയച്ചുകൊടുത്താൽ സമാധാനമുണ്ടാകും....."*

ഈ എഴുത്തിനോടുകൂടി താഴെച്ചേർക്കുന്നവയെ യോജിപ്പിച്ചു വായിച്ചു നോക്കിയാൽ പൂഞ്ഞാറ്റിൽ രാജകുടുംബത്തിനു ശങ്കരൻതമ്പി (കാര്യക്കാർ) നിമിത്തം എന്തൊക്കെ സംഭവിച്ചിരിക്കുമെന്നു വായനക്കാർക്ക് അവ്യക്തമായിട്ടെങ്കിലും ഒരു ഊഹം ഉണ്ടാകും.

തിരുവനന്തപുരം
1077 കന്നി 13-ാം തീയതി

ശ്രീ

*"പൂഞ്ഞാറ്റു വലിയതമ്പുരാൻ തിരുമനസ്സറിയിക്കുന്നതിന്. അടിയൻ ഈയിടെ ചവറയിൽ ഒരു വീടു പുത്തനായിട്ടു പണിയിച്ചിട്ടുള്ളതും അതിൽ വളരെ ബുദ്ധിമുട്ടുകളും നഷ്ടങ്ങളും അനുഭവിച്ചിട്ടുള്ള വിവരവും കല്പിച്ച് അറിഞ്ഞിരിപ്പാനിടയുണ്ട്. അടിയങ്ങളുടെ പൂർവ്വതറവാടു വളരെക്കാലത്തേക്കു മുമ്പുള്ളതും ഇപ്പോഴത്തെ പരിഷ്കാരത്തിൽ അശേഷം ഉൾപ്പെട്ടിട്ടില്ലാത്തതും ആണ്. അടിയങ്ങൾ രണ്ടുമൂന്നു ശാഖക്കാർ ഇപ്പോൾ ഉണ്ട്. അതിൽ അടിയന്റെ ശാഖ ഒഴികെ ശേഷം ഉള്ളവർക്കു പഴയ കുപ്പപ്പാട്ടിൽ താമസിക്കുന്നതിനു സ്ഥലം മതിയാവുന്നതല്ലെന്നു തന്നെയുമല്ലാ പുത്തനാക്കാഴികകൊണ്ടുള്ള പരിഭവവും അവർക്കിരിക്കുന്നു....പഴയ കുപ്പപ്പാടിനെ ഒന്നഴിച്ചു പണിയിച്ചാൽ കൊള്ളാമെന്നു മോഹം ഉണ്ട്. അതിലേക്കു കല്പിച്ചു മുന്നൂറു കണ്ടി തടി തരുവിക്കുന്നപക്ഷം മേല്പറഞ്ഞ ഏർപ്പാടിലേക്ക് അടിയൻ തുനിയുന്നതാകുന്നു. ഈ വിവരങ്ങൾ ഒക്കെയും പത്മനാഭപിള്ളയുടെ അടുക്കലും പറഞ്ഞിട്ടുണ്ട്."*

കോട്ടയം

1077 മകരം 19–ാം തീയതി

*.........തമ്പി അങ്ങത്തേക്കു തടി ഇപ്പോൾതന്നെ കൊടുക്കണമെന്നും 150 കണ്ടിയിൽ കുറഞ്ഞ് ആവശ്യമില്ലെന്നും നിർബന്ധമായിട്ടു പറഞ്ഞിരിക്കുന്നു. അതിലേക്കായി അദ്ദേഹത്തിന്റെ മരുമകൻ കൊട്ടാരം രായസം ശങ്കുണ്ണിപ്പിള്ളയെ ഈ മാസം 25–ാം തീയതി ഇടയ്ക്കു പൂഞ്ഞാറ്റിൽ അയയ്ക്കുമെന്നാണു പറഞ്ഞിട്ടുള്ളത്......"*

ഈ കത്തുകൾക്കു പുറമേ, "ചവറയിൽ ഞാറയ്ക്കാട്ടു വീടുപണിവകയ്ക്കു നൂറുകണ്ടി ആഞ്ഞിലിത്തടി വാങ്ങി... കൊടുക്കുന്നതിലേക്കു.... കോയിക്കാര്യം മുതൽപടി...വശം മദ്രാസ് 87851 മുതൽ 87870 വരെ കറൻസിനോട്ട് ഇരുപതിൽ വക വച്ചു." രണ്ടായിരം രൂപാ, 1078–ാമാണ്ട് തുലാമാസം 17–ാം തീയതി പൂഞ്ഞാറ്റിൽ കമ്മീഷണറാഫീസിൽ ഗുമസ്താ കുഞ്ഞുകൃഷ്ണപിള്ള പറ്റീട്ടുണ്ടോ എന്ന് അന്വേഷിച്ചറിയേണ്ടതാകുന്നു. പൂഞ്ഞാറ്റിടവകയും തിരുവിതാംകൂർ സർക്കാരും തമ്മിൽ ഉണ്ടായ മുൻപറഞ്ഞ കേസ്സിലെ സംഗതികൾ, ശങ്കരൻതമ്പിയുടെ ഇടച്ചൽ നിമിത്തം മാറീട്ടുണ്ടെന്നും, പൂഞ്ഞാറ്റിൽ തമ്പുരാക്കന്മാർ ശങ്കരൻതമ്പിക്കു തൃപ്തിവരുവോളം കൈക്കൂലി കൊടുക്കായ്കയാൽ ഇടവകയ്ക്കു പല ദോഷങ്ങളും നേരിട്ടിട്ടുണ്ടെന്നും ഞങ്ങൾ ധൈര്യപൂർവം പ്രസ്താവിക്കുന്നു. ഈ കൈക്കൂലിക്കാര്യത്തെപ്പറ്റി തിരുവിതാംകൂർ ഗവണ്മെന്റോ, ബ്രിട്ടീഷ് റെസിഡണ്ടോ, മദ്രാസ് ഗവണ്മെന്റോ അന്വേഷണം ചെയ്യുന്നുണ്ടെങ്കിൽ, അതിലേക്കു വേണ്ട തെളിവുകൾ, മേൽപടി പൂഞ്ഞാർ രാജകുടുംബത്തിലെ അശ്വതിതിരുനാൾ രാമവർമ്മ ഇളയരാജാ അവർകളെയും, കമ്മീഷണറായിരുന്ന മി.സി. പത്മനാഭപിള്ളയെയും സാക്ഷികളായി വിചാരണ ചെയ്താൽ ലഭിക്കുമെന്നും, ഇതിലേക്കു വേണ്ട ലക്ഷ്യങ്ങൾ ശേഖരിപ്പാൻ താൻ തയ്യാറാണെന്നും ഒരു മാന്യൻ പ്രതിജ്ഞ ചെയ്തു ഞങ്ങളെ അറിയിക്കുന്നുണ്ട്.

തിരുവിതാംകൂറിലെ ജനങ്ങളെ ഇത്രത്തോളം ഭയങ്കരമായ നിലയിൽ വലയിക്കുന്ന അഴിമതികളിൽ മുന്നിട്ടു നില്ക്കുന്ന കൈക്കൂലിക്കാര്യത്തെ പല പത്രങ്ങൾമുഖേനയും ഗവണ്മെന്റിന്റെ ദൃഷ്ടിപഥത്തിൽ പതിപ്പിച്ചിട്ടും, ഗവണ്മെന്റ് മൗനംഭജിക്കുന്നത് എത്ര ഘോരമായ അപനയമാകുന്നു? ഡാക്ടർ എൻ. സുബ്രഹ്മണ്യയ്യർ അവർകൾ ദിവാൻപേഷ്കാർ ഉദ്യോഗം സമ്പാദിച്ചതു പന്തീരായിരം രൂപ കൈക്കൂലി കൊടുത്തിട്ടാണെന്നു 'സുഭാഷിണി' പത്രം കുറെ മുമ്പ് വിളിച്ചുപറഞ്ഞതിന്റെ യഥാർത്ഥതയെ തെളിയിക്കുന്നതിന് ഗവണ്മെന്റ് ആവശ്യപ്പെടാത്തതുതന്നെ, മി.ഗോപാലാചാര്യരുടെ മന്ത്രിപദപരിപാലനത്തെപ്പറ്റി കഠിനമായ ആക്ഷേപത്തിനു ഹേതുവായിട്ടുണ്ട്. 'പത്രം', 'പരാതി ഹർജി', 'പൊതുജനയോഗം' എന്നീ മൂന്നു 'പ'കാരങ്ങളാണ് ജനങ്ങളുടെ സങ്കടങ്ങളെയും ആവശ്യങ്ങളെയും

ഗവണ്മെന്റിനെ അറിയിക്കുന്നതിനുള്ള പരിഷ്കൃതമാർഗങ്ങൾ. ഇവയാണ് പരിഷ്കൃതമായ രാജ്യഭരണഘടനയുള്ള ഏതൊരു രാജ്യത്തും നടപ്പിൽ വന്നിരിക്കുന്നവ. ഇവയിൽ, ആദ്യത്തെ രണ്ടു മാർഗ്ഗങ്ങളെയും, തിരുവിതാംകൂറിലെ അഴിമതികളെ അമർത്തുന്നതിനായുള്ള പ്രയത്നങ്ങളിൽ, ജനങ്ങൾ സ്വീകരിച്ചു പ്രയോഗിച്ചുകഴിഞ്ഞിരിക്കുന്നു. കൈക്കൂലിക്കുറ്റം ചുമത്തി ചില ഉദ്യോഗസ്ഥന്മാരെക്കുറിച്ച് പത്രങ്ങൾ ധാരാളം പ്രസ്താവിച്ചിട്ടുള്ളതിനു പുറമേ, ജനങ്ങൾ പരാതിഹർജികൾ ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവകൊണ്ടൊന്നും ഗവണ്മെന്റ് കുലുങ്ങീട്ടില്ലെന്നു തോന്നുന്നു. അഴിമതിക്കാർ, അതു നിമിത്തം, അനീതി പ്രവർത്തിക്കുന്നതിന് അധികം മനസ്സുറപ്പുള്ളവരായും ഭവിച്ചിരിക്കുന്നു. മൂന്നാമത്തെ മാർഗമായ 'പൊതുജനയോഗങ്ങൾ' കൂടി ഇക്കാര്യത്തിൽ ഓരോ നിശ്ചയം ചെയ്തു ഗവണ്മെന്റിനെ അറിയിക്കണമെന്നും അതിലേക്കു താലൂക്കുതോറും ജനങ്ങൾ ഉത്സാഹിക്കണമെന്നും കഴിഞ്ഞ മാർച്ച് 9-ാം തീയതിയിലെ 'മലയാളി' ഒരു പ്രസംഗംമുഖേന അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. ഈ സഹജീവിയുടെ അഭിപ്രായത്തിൽ ഞങ്ങൾ പൂർണ്ണമായി യോജിക്കുകയും, തിരുവിതാംകൂറിൽ വളർന്നു പടർന്നുവരുന്ന അഴിമതിക്കാടിനെ വെട്ടിത്തെളിച്ച്, രാഹു-കേതു മുതലായ ഘോരസർപ്പങ്ങളുടെയും, അഴിമതിക്കഴുകന്മാരുടെയും ഹിംസ്രമൃഗങ്ങളുടെയും ശല്യത്തെ നശിപ്പിച്ച് നാട്ടാർക്ക് നല്ല വെളിച്ചവും നല്ല കാറ്റും കിട്ടത്തക്കവണ്ണം പരിഷ്കരിക്കുന്നതിന് ജനങ്ങൾ മടിവിട്ട് ഉത്സാഹിക്കണമെന്ന് പൊതുജനങ്ങളെ ഞങ്ങൾ ഉണർത്തുകയും ചെയ്തുകൊള്ളുന്നു. ●

(1907 മാർച്ച് 20)

## ആവശ്യമേത്? പത്രനിരോധനിയമമോ അഴിമതിനിരോധമോ?

(തിരുവിതാംകൂറിലെ പത്രങ്ങളുടെ സ്വരം താഴ്ത്തണമെന്നും മഹാരാജാവിനെ ആക്ഷേപിച്ചു ചില പത്രങ്ങൾ എഴുതുന്നതായി കാണുന്നുണ്ടെന്നും മൈസൂരിലുണ്ടായപോലെ ഒരു പത്രനിയമത്തിന്നു ഇടവരുത്തരുതെന്നും ഒരു പത്രം എഴുതി. അതിനെ നിശിതമായി വിമർശിക്കുന്നതാണ് ഈ തുടർ ലേഖനം. തിരുവിതാംകൂറിൽ ആരും രാജ്യദ്രോഹം ചെയ്യുന്നില്ലെന്നും ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ ആക്ഷേപിക്കുകയേ ചെയ്യുന്നുള്ളുവെന്നും അത് രാജദ്രോഹമാണെങ്കിൽ, അത് ഒരു ബഹുമാനമായേ കണക്കാക്കാൻ പറ്റൂ എന്നും ഇതിൽ പറയുന്നു. "തിരുവിതാംകൂറിൽ ഇപ്പോൾ ആവശ്യമുള്ളത് പത്രസ്വാതന്ത്ര്യത്തെ നിരോധിക്കുന്നതിനുള്ള നിയമമല്ല. അഴിമതിക്കാരെ അമർത്തുകയും ഗവണ്മെന്റിന്റെ ഘടകങ്ങൾ എല്ലാം സത്യം, നീതി മുതലായവ ഉള്ളവരായിരിക്കയും ചെയ്യുന്നതിനുള്ള ഭരണസമ്പ്രദായമാകുന്നു." - 1908 ആഗസ്റ്റ് 19, ആഗസ്റ്റ് 22 തീയതികളിൽ "സ്വദേശാഭിമാനി"യിൽ വന്ന മുഖപ്രസംഗങ്ങൾ.)

മൈസൂർ സംസ്ഥാനത്ത് ഒരു പുതിയ പ്രസ്സ് നിയമം നടപ്പിലാക്കിയതിനെപ്പറ്റി ഇന്ത്യൻ നാട്ടുപത്രങ്ങൾ മിക്കവാറും ഒരേ വിധത്തിൽ ആക്ഷേപം തന്നെ പറഞ്ഞുവരുന്നതായി കാണുന്നു. ഗവണ്മെന്റിനേയും പ്രജകളേയും തമ്മിൽ, അവാസ്തവ കഥനങ്ങൾ കൊണ്ടു ഛിദ്രിപ്പിക്കാൻ തുനിയുന്ന പത്രങ്ങളെ, ദിവാൻജിയുടെ ഇഷ്ടം പോലെ അമർത്തുന്നതിനുള്ള ഒരു നിരോധന യന്ത്രമാണ് ഈ ചട്ടമെന്ന്, സ്വാതന്ത്ര്യത്തെ ഇച്ഛിക്കുന്നവർ ആക്ഷേപിക്കുന്നുണ്ട്. ഗവണ്മെന്റിന്നു ഇഷ്ടക്കേടായി പ്രവർത്തിക്കുന്ന പത്രപ്രവർത്തകന്മാരെ, യാതൊരു സമാധാനവും ചോദിക്കാതെ, നാട്ടിൽനിന്ന് പുറത്തേക്കാക്കുകയും അച്ചുകൂടം കണ്ടുകെട്ടി ഗവണ്മെന്റിലേക്ക് എടുക്കുകയും ചെയ്യാൻ അധികാരമുണ്ടെന്നാണ് ഈ നിയമം കൊണ്ടറിയുന്നത്. മൈസൂരിനകത്തിരുന്ന് അച്ചടിക്കുന്ന പത്രങ്ങൾക്ക് മാത്രമല്ല, മറുനാട്ടിലിരുന്നച്ചടിച്ച് മൈസൂരിനകത്ത് പ്രചാരപ്പെടുത്തുന്ന പത്രങ്ങൾക്കും ഈ നിയമത്തിലെ നിബന്ധനകൾ മുറുകെ ബാധകമായിരിക്കുന്നുണ്ട്. ഈ നിയമത്തെ സംബന്ധിച്ച് നിരൂപണം ചെയ്യുന്ന സന്ദർഭത്തിൽ, ഞങ്ങളുടെ ഒരു സഹജീവി, തിരുവിതാംകൂറിലെ പത്രങ്ങൾക്ക് ആവശ്യപ്പെടാതെ തന്നെ ഒരു ഉപദേശപ്രസംഗം കൂടി ചെയ്തിരിക്കുന്നതായി കാണുന്നു. തിരുവിതാംകൂറിലെ ഭാഷാപത്രങ്ങ

ളുടെ സ്വരം താഴ്ത്തണമെന്നും മഹാരാജാവു തിരുമനസ്സിലെ ആക്ഷേപിച്ചു ഒന്നു രണ്ടു പത്രങ്ങൾ ചിലതുപ്രസ്താവിച്ചതായി ആ സഹജീവി കണ്ടിട്ടുണ്ടെന്നും; പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ മുടക്കുന്ന തിന്ന് ഒരു നിയമം ഉണ്ടാക്കുവാൻ നാട്ടുഭാഷാപത്രങ്ങൾ ഇടകൊടുക്കരുതെന്നും മറ്റുമാണ് സഹ ജീവിയുടെ ഉപദേശത്തിൽ അടങ്ങീട്ടുള്ളത്. ഇങ്ങനെയൊരുപദേശം ഈ സഹജീവിയുടെ മുഖത്തു നിന്ന് പുറപ്പെടേണ്ട ആവശ്യം തോന്നത്തക്കവിധത്തിൽ, ഈ നാട്ടിലെ പത്രങ്ങൾ അതിക്രമസ്വരത്തിൽ വല്ലതും എഴുതുന്നുണ്ടെന്ന് ഞങ്ങൾ അറിയുന്നില്ല. സഹജീവി പ്രത്യേകം ഒരു പത്രത്തേയും ചൂണ്ടി ക്കാണിക്കുന്നുമില്ല. തിരുവിതാംകൂറിലെ പത്രങ്ങൾ മാത്രമല്ല, ജനങ്ങൾ ആകപ്പാടെ, മഹാരാജാവിന്റെ പേരിൽ എത്രയോ ഭക്തിയുള്ളവരാണെന്ന് അവരുടെ വാക്കുകളും പ്രവർത്തികളും തെളിയിക്കുന്നു ണ്ട്. എന്നാൽ, രാജഭക്തി എന്നത്, രാജസേവകൻമാരുടെ ആക്രമങ്ങളെയും അഴിമതികളേയും ഇവ നിമിത്തമുണ്ടാകുന്ന പൊതുജന സങ്കടത്തെയും അറിഞ്ഞില്ലാ എന്ന ഭാവത്തിൽ സഹിച്ചുകൊണ്ടിരി ക്കുകയാകുന്നു എന്നിരിക്കിൽ, ആ സംഗതിയിൽ കുറ്റക്കാരായി പലരേയും കാണാനിടയാകും എന്നു പറയാതെ കഴികയില്ല. തിരുവിതാംകൂറിലെ ഇക്കാലത്തെ ശാപങ്ങളിൽ മുന്നിട്ടുനിൽക്കുന്നത് രാജസേവക പ്രഭാവവും സ്വേച്ഛാചാരികളായ ഉദ്യോഗസ്ഥന്മാരുടെ ധാർഷ്ട്യവും കൊണ്ടുള്ള കഷ്ടസ്ഥിതിയാകു ന്നു. ഇതിനെ പരിഹരിക്കുകയും ജനങ്ങളെ ഈ അക്രമങ്ങളിൽ നിന്നും അഴിമതികളിൽ നിന്നും വിമോ ചിപ്പിച്ച് പരിശുദ്ധമാക്കുകയും ചെയ്യുന്നതിനാണ് എത്രയോ കാലമായി ജനപ്രതിനിധികൾ മുറവിളി കൂട്ടുന്നത്. പ്രജകളുടെ അഭ്യുദയത്തിനു പ്രതിപന്നനായ ഒരു മഹാരാജാവിനെപ്പറ്റി ആർക്കും ഭക്തിയാ ണുള്ളത്. എന്നാൽ മഹാരാജാവിന്റെ കൊട്ടാരത്തിനുള്ളിൽ അഭയം പ്രാപിച്ച്, ആ തിരുമനസ്സിലെ പേരു പറഞ്ഞുകൊണ്ട് നാട്ടുകാരെ ദ്രോഹിക്കുന്ന രാജസേവകൻമാരുടെ അഴിമതികളെ ആദരിപ്പാൻ ജന ങ്ങൾക്കു കടമയോ ആവശ്യമോ ഇല്ല. ഈ അഴിമതിക്കാരുടെ പ്രീതിയെക്കൊതിച്ച്, അവരെ പ്രശംസി ക്കയും അവരുടെ അക്രമങ്ങളെപ്പറ്റി മൗനം ഭജിക്കുകയും ചെയ്യുന്നതിന്നു ഒരുക്കമുള്ളവരാണ് രാജഭ ക്തന്മാരെങ്കിൽ, ആവക ഗണത്തിൽ ഉൾപ്പെടുന്നത് അഭിമാനകരമാണെന്നു ഗണിക്കുവാൻ ജനങ്ങൾ സന്നദ്ധരല്ല. ഈ അഴിമതിക്കാരെപ്പറ്റി ആക്ഷേപം പറയുന്നത് രാജദ്രോഹമാണെങ്കിൽ, അത് ഒരു ബഹു മാനമാണെന്ന് ഗണിക്കുവാനും ആളുകളുണ്ടാവും. തിരുവിതാംകൂറിൽ രാജദ്രോഹത്തിന്റെ ആവശ്യമി ല്ല. ഈ നാട് ബ്രിട്ടീഷ്കോയ്മയുടെ അധികാരത്തിൻകീഴ്, സഖ്യത്തിലിരിക്കുന്നതും, ബ്രിട്ടീഷ്കോയ്മ യുടെ ഭരണത്തെപ്പറ്റി ദ്വേഷം ജനിപ്പാൻ ജനങ്ങൾക്കു അവകാശമില്ലാത്തതുമാണ്. പ്രജകൾ മഹാരാ ജാവിനെ സ്വകുടുംബ പിതാവെന്നപോലെ ആദരിക്കുന്നു; അവർ കുടുംബപിതാവിന്റെ പേരുപറഞ്ഞു കൊണ്ട് കുടുംബത്തിന്നു ദുഷ്കീർത്തി വരുത്തുന്ന അഴിമതിക്കാരുടെ കൊള്ളകളെ സഹിക്കവയ്യാതെ വ്യസനത്തോടുകൂടി സങ്കടം പറയുന്നു. ഈ സങ്കടത്തിനുള്ള ഹേതുക്കളെ നിശ്ശേഷം നശിപ്പിക്കുന്നതു വരെ ജനങ്ങളുടെ നിലവിളി ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതാ ണ്. എന്നാൽ ഇങ്ങനത്തെ സങ്കടങ്ങളുടെ പ്രകടനത്തിന്ന് ഓരോരുത്തരുടെ പ്രകൃതിയനുസരിച്ച് പ്രകാ രഭേദമുണ്ടായിരിക്കാം. അതിനെ വലിയ കാര്യമായി ഗണിക്കാനില്ല. രാജദ്രോഹത്തെ നശിപ്പിക്കാനുള്ള മുഖ്യമായ ഒരു മാർഗ്ഗം അതിന്റെ കാരണത്തെ നശിപ്പിക്കുകയാകുന്നു എന്ന് ഒരു മഹാൻ അഭിപ്രായ പ്പെട്ടിട്ടുള്ളതുപോലെ, ഈ സങ്കട പ്രകടനങ്ങളെ ശമിപ്പിക്കുന്നതിനുള്ള മാർഗ്ഗം, അവയെ തടയുകയല്ല, അവയുടെ കാരണങ്ങളെ ഇല്ലായ്മ ചെയ്യുകയാകുന്നു. ജനങ്ങൾക്കു പൊതുവേ ഹിതമല്ലാത്ത ഭരണ നടപടികളെ വെറുക്കുന്ന ശീലം ഇന്നോ ഇന്നലേയോ മുളച്ചിട്ടുള്ളതല്ല. അവരുടെ പൂർവ്വകാല ചരിത്രം തന്നെ, ഭരണകർത്താക്കൻമാരുടെ സ്വേച്ഛാധികാരങ്ങളുമായുള്ള വഴക്കിൽ അടങ്ങിയിരിക്കുന്നു എന്ന് കേരളത്തിലെ പൂർവ്വചരിത്രങ്ങൾ നമ്മെ അറിയിക്കുന്നു. അത്രിക്രമങ്ങളെയും അഴിമതികളെയും സഹി ക്കാതിരിക്കുക എന്ന ശീലം വരെ തലമുറയായി അവരുടെ ജീവിതസ്വഭാവമായി തുടർന്നുവന്നിരിക്കു മ്പോൾ, ഇക്കാലത്ത് വിശേഷിച്ചും പാശ്ചാത്യവിദ്യാഭ്യാസ പ്രചാരത്താൽ രാജ്യതന്ത്ര തത്ത്വങ്ങൾ ഒരു

പുതിയ വെളിച്ചത്തിൽ പ്രകാശിച്ചു കാണിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്ത്, രാജസേവകന്മാരുടേയും സ്വാധികാരപ്രമത്തന്മാരായ ഉദ്യോഗസ്ഥന്മാരുടേയും ദുരാചാരങ്ങളെ നിന്ദിക്കുന്നത് അദ്ഭുതജനകമല്ല. തിരുവിതാംകൂറിൽ ഇപ്പോൾ ആവശ്യമുള്ളത് പത്രസ്വാതന്ത്ര്യത്തെ നിരോധിക്കുന്നതിനുള്ള നിയമമല്ലാ; അഴിമതിക്കാരെ അമർത്തുകയും ഗവണ്മെന്റിന്റെ ഘടകങ്ങൾ എല്ലാം സത്യം, നീതി മുതലായവ ഉള്ളവരായിരിക്കുകയും ചെയ്യുന്നതിനുള്ള ഭരണ സമ്പ്രദായമാകുന്നു. തിരുവിതാംകൂറിലെ മേൽപറഞ്ഞ രാജസേവകന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും അക്രമങ്ങളേയും അഴിമതികളേയും ഏതുകാലത്ത് തീരെ ഇല്ലാതെയാക്കുന്നുവോ, അക്കാലത്ത്, പത്രങ്ങളിൽ ഇപ്പോൾ കാണുന്ന തരത്തിലുള്ള സ്വരകാഠിന്യം താനേ ശമിക്കുമെന്ന് നിശ്ചയം തന്നെ; ഏതൊരു കാലം വരെ പൊതുജനങ്ങളുടെ ഈ ആകാംക്ഷയെ പൂരിപ്പിക്കാതെയിരിക്കുന്നുവോ, അക്കാലംവരെ, അഴിമതികൾ നിമിത്തമുള്ള ബഹുജനസങ്കടങ്ങളുടെ പ്രകടനം ഏതെങ്കിലും രൂപത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുമെന്നും; ജനങ്ങൾക്ക് ഈശ്വരനാൽ ദത്തമായ ഈ സ്വഭാവം-അഴിമതിയിൽ വെറുപ്പ്-യാതൊരു നിരോധന നടപടികൊണ്ടും ഉൻമൂലനം ചെയ്യാൻ കഴികയില്ലെന്നും നിശ്ചയം തന്നെ.

(1908 ആഗസ്റ്റ് 22-ാം തീയതിയിലെ 'സ്വദേശാഭിമാനി'യിൽ മുഖപ്രസംഗത്തിന്റെ രണ്ടാം ഭാഗം)

"തിരുവിതാംകൂറിൽ ഇപ്പോൾ ആവശ്യമായിട്ടുള്ളത് പത്രസ്വാതന്ത്ര്യത്തെ നിരോധിക്കുന്നതിനുള്ള നിയമമല്ല, അഴിമതിക്കാരെ അമർത്തുകയും ഗവണ്മെന്റിന്റെ ഘടകങ്ങൾ എല്ലാം സത്യം, നീതി മുതലായ ഗുണങ്ങൾ ഉള്ളവരായിരിക്കയും ചെയ്യുന്നതിനുള്ള ഭരണ സമ്പ്രദായമാകുന്നു" - എന്ന് ഞങ്ങൾ കഴിഞ്ഞ തവണ പ്രസ്താവിച്ചിരുന്നുവല്ലൊ. രാജ്യഭരണകർമ്മത്തിൽ, നിരോധനയം എന്നു ശാന്തമായി വിളിക്കപ്പെട്ട നിഗ്രഹ നയത്തിന്റെ പ്രവേശം ഇക്കാലത്ത് അസ്ഥാനത്തിലാണെന്നും. ഈ നയത്തിന്റെ ആവശ്യം ഭാവിയായ ഫലം ജനങ്ങളുടെ സങ്കടപ്രകടനങ്ങളെ അമർത്തുകയല്ലാ വളർത്തുകയാണെന്നും, ഞങ്ങൾ മറ്റൊരു സന്ദർഭത്തിലും പ്രസ്താവിച്ചിരുന്നു. ഈ നയത്തിന്റെ ഫലങ്ങളെ തെറ്റായോ ശരിയായോ പലേ ജനങ്ങളാൽ വിചാരിക്കപ്പെട്ടുവരുന്ന, അന്യദേശങ്ങളിലെ ചില സംഭവങ്ങൾ ദിനേ ദിനേ നമ്മുടെ അറിവിൽപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, രാജ്യഭരണത്തിൽ നിഗ്രഹനയത്തെ കൈക്കൊള്ളുവാൻ ഉപദേശിക്കയോ വിചാരിക്കയോ ചെയ്യുന്നത് ബുദ്ധിപൂർവ്വമായ രാജതന്ത്രമല്ല. തിരുവിതാംകൂർ ഒരു സ്വദേശ്യ രാജാവിനാൽ ഭരിക്കപ്പെടുന്ന രാജ്യമായിരിക്കയാൽ, വിദേശ ഗവണ്മെന്റിനാൽ ഭരിക്കപ്പെടുന്ന മറുനാടുകളിലെ ജനങ്ങൾക്കുതോന്നാവുന്ന താപമോ വൈമനസ്യമോ ഇവിടുത്തെ പ്രജകൾക്ക് ഉണ്ടാകേണ്ട ആവശ്യമില്ലെന്നും ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ബ്രിട്ടീഷ് ഇന്ത്യയിലെ 'നാഷണലിസ്റ്റ്' എന്ന സ്വരാജവാദ കക്ഷിക്കാരെപ്പോലെ, മേൽക്കോയ്മയെപ്പറ്റി സകാരണമായോ നിഷ്കാരണമായോ വല്ലതും പറയുന്നതിനുള്ള ആവശ്യം ഇവിടെ ഇല്ല. അവിടെയാകട്ടെ, രാജ്യഭരണം നടത്തേണ്ട അവകാശം സ്വദേശീയർക്കുതന്നെ കിട്ടണമെന്നും വിദേശ ഗവണ്മെന്റ് ആവശ്യമില്ലെന്നുമാണ് സ്വരാജവാദത്തിൽ അതിക്രമ കക്ഷികൾ വഴക്കുകൂട്ടുന്നത്. ഈ സംസ്ഥാനത്തിൽ ഗവണ്മെന്റിനെപ്പറ്റി ആർക്കും വഴക്കില്ല. ഗവണ്മെന്റിന്റെ തലവനായ മഹാരാജാവു തിരുമനസ്സുകൊണ്ട് സ്വദേശ്യരാജാവാകയാലും, തിരുമനസ്സിനെ പ്രജാ സമുദായത്തിന്റെ കുടുംബപിതാവായി ഗണിച്ചിരിക്കുന്നതിനാലും, രാജഭക്തി എന്നത് ജനങ്ങളുടെ സ്വാഭാവിക ധർമ്മമായിരിക്കുന്നു, എന്നാൽ, ഗവണ്മെന്റിനെപ്പറ്റി വഴക്കില്ലെന്നിരിക്കിൽ, തിരുവിതാംകൂറിലെ ജനങ്ങൾക്കുള്ള അസ്വസ്ഥത ഏതു നിമിത്തം ആയിരിക്കാം? ഗവണ്മെന്റിന്റെ സ്വരൂപം നിമിത്തമല്ലാ; ഗവണ്മെന്റ് പ്രജകളുടെ പേരിൽ കരുണയില്ലാതിരിക്കുന്നു എന്ന കുറ്റവും പറവാനില്ലാ; എന്നാൽ ഗവണ്മെന്റിന്റെ ഘടകങ്ങളായ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സത്യം, നീതി, ന്യായം, ആർജ്ജവം മുതലായ ധർമ്മങ്ങൾ കുറഞ്ഞും കൈക്കൂലി, പ്രജോപദ്രവം മുതലായ അധർമ്മങ്ങൾ വളർന്നും ജനങ്ങളുടെ മേൽ വലിയ സങ്കടഭാരം പതിച്ചിരിക്കയാലാണ് ജനങ്ങളുടെ അസ്വസ്ഥത; തിരു

വിതാംകൂർ സംസ്ഥാനം സ്ഥിതിസ്ഥാപകമായ ഒരു ഹിന്ദു രാജകുടുംബത്താൽ ഭരിക്കപ്പെടുന്നതാണ ല്ലോ. പൗരസ്ത്യ രാജ്യങ്ങളിൽ പാശ്ചാത്യരാജ്യതന്ത്ര പരിഷ്കാരത്തിന്റെ ബോധം എത്രതന്നെ ബലവ ത്തായി ബാധിച്ചാലും രാജഭരണ പരിഷ്ക്കാരം ദുസ്സാധമാണെന്നുള്ള വാദം തെറ്റാണെന്ന്, തുർക്കി രാജ്യത്തിലെ ഇപ്പോഴത്തെ രാജതന്ത്ര പരിഷ്കാരത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതായി, 'മറാട്ടാ' എന്ന സഹജീവിയുടെ ഇക്കഴിഞ്ഞ ലക്കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്, തിരുവിതാംകൂറിലും പരമാർത്ഥം തന്നെയാകുന്നു. രാജാവ് ഈശ്വരന്റെ അംശമാണെന്നും, രാജാവിന്റെ പേരിനെ കൂട്ടുപിടിച്ചും കൊണ്ട് ആര് എന്തുതന്നെ ചെയ്താലും പ്രജകൾ സഹിച്ചുകൊള്ളുകയാണ് പ്രജാധർമ്മമെന്നും ഉള്ള പഴയ വിശ്വാസങ്ങൾ പാശ്ചാത്യ വിദ്യാഭ്യാസത്താൽ ഉലയ്ക്കപ്പെട്ടുപോയിട്ടുണ്ട്. അതിനാൽതന്നെയാണ് രാജ സേവകന്മാരുടെ വിക്രിയകൾ ജനങ്ങൾക്കു രുചിക്കാത്തത്. അക്രമങ്ങളേയും അഴിമതികളേയും അനു വദിക്കുന്ന അവസ്ഥതന്നെ ജനങ്ങൾക്ക് പാശ്ചാതൃരിൽനിന്ന് സിദ്ധിച്ചിട്ടുള്ള ഉത്തമങ്ങളായ പ്രമാണങ്ങൾക്കു വിരുദ്ധമായിട്ടുള്ളതാകുന്നു. രാജസേവകന്മാരുടെ അക്രമങ്ങളെ സഹിക്കാഞ്ഞ്, അവയെ അമർത്തുവാൻ ഈ നാട്ടിലെ ജനങ്ങൾ പഴയകാലത്തും ഉദ്യമിച്ചിട്ടില്ലെന്നില്ല. അക്കാലത്തെ ജനങ്ങൾ, രാജ്യതന്ത്രകാര്യത്തിൽ പരിഷ്കൃതതത്ത്വബോധം കൊണ്ടായിരിക്കയില്ല അങ്ങിനെ അസഹ്യത കാണിച്ചത്. ഒരു നൂറ്റാണ്ടിന്നുമുമ്പ് ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ ധിക്കാരങ്ങളെ അടക്കുവാൻ ജനങ്ങൾ തുനിഞ്ഞത്, രാജാധികാരത്തെ അനർഹനായും അയോഗ്യനായുമുള്ള ഒരു ധൃഷ്ടൻ അപ ഹരിച്ചു പ്രയോഗിച്ചതിങ്കൽ അവർക്കുണ്ടായ അഭിമാനഭംഗ വിചാരത്താലായിരുന്നു. അവർ രാജാവിനെ രാജാവെന്ന ഭക്തിയോടെ ആദരിച്ചിരുന്നതിനാൽ, രാജാധികാരത്തെ ആക്രമിക്കുന്നവരോടു കാണിച്ചി രുന്ന വെറുപ്പ് ഏകദേശം മതവിശ്വാസാക്രമികളോടുള്ളതിനോടൊപ്പമായിരുന്നു എന്നു പറയാം. എന്നാൽ ഇപ്പോഴത്തെകാലത്തെ വിചാരം അതാണെന്നു പറഞ്ഞുകൂട. "രാജാവിനെ ചുഴലുന്ന ദൈവത്വം, അതി ശ്രീഘ്രം നിഷ്പ്രഭമായിത്തീരുന്നു; രാജാക്കന്മാരുടെ സ്വേച്ഛാധികാര ദിനങ്ങൾ കേവലം അതീതകാല ത്തിൽപ്പെട്ടുപോയിരിക്കുന്നു" എന്നുള്ള ബോധം പാശ്ചാത്യ രാജ്യതന്ത്രതത്ത്വങ്ങൾ ജനങ്ങളുടെ ഉള്ളിൽ ഉറപ്പിച്ചുവരുത്തുന്ന അവസ്ഥക്ക്, ഇക്കാലത്തെ ജനങ്ങൾ രാജസേവകന്മാരുടെ അധികാര പ്രകടനങ്ങളെ മതവിശ്വാസമായിട്ടല്ല വിചാരിക്കുന്നത്; രാജ്യധർമ്മഭ്രംശമായി ഗണിക്കുന്നു. സ്ഥാനം പോയി, കരാർ പ്രമാണമായിരിക്കുന്ന ഇക്കാലത്ത്, കർത്തവ്യം കർത്തവ്യത്തിന്നുവേണ്ടി എന്ന നിഷ്ഠ ജനങ്ങൾക്കു വർദ്ധിച്ചുവരുന്നതിനാൽ, രാജ്യഭരണ നടപടികളിൽ ഗവണ്മെന്റുദ്യോഗസ്ഥൻമാരുടേയും രാജസേവക ന്മാരുടേയും അനർഹവും അനാവശ്യവുമായ പ്രവേശത്തെ ജനങ്ങൾ ദ്വേഷിക്കുന്നത് സ്വാഭാവികം തന്നെ യാണ്. ഈ പ്രവേശത്തെ വിരോധിക്കുന്നതായാലല്ലാതെ, അവ നിമിത്തമുണ്ടാകുന്ന ജനസങ്കടം പരി ഹരിക്കപ്പെടുന്നതെങ്ങനെയെന്ന് ഞങ്ങൾ അറിയുന്നില്ല. തിരുവിതാംകൂറിലെ വർത്തമാനപത്രങ്ങൾ ഇക്കാ ലത്ത് ഗവണ്മെന്റിനെ യാതൊരു കാരണത്താലും ദ്വേഷിക്കുന്നില്ല; ദ്വേഷിക്കുവാൻ ആവശ്യവുമില്ല. അവ എങ്ങിനെയെങ്കിലും ആരെയെങ്കിലും ദ്വേഷിക്കുന്നുണ്ടെങ്കിൽ അത്, ഗവണ്മെന്റ് ഭാരവാഹിക ളുടെ ഭരണദൂഷണങ്ങളേയും ഈ ദോഷങ്ങളുടെ കർത്താക്കളായ ഉദ്യോഗസ്ഥന്മാരേയും, അവയ്ക്കും അവർക്കും പ്രേരകന്മാരായി നിന്ന് രാജ്യത്തിന്റെ സൽകീർത്തിയെ ധ്വംസിക്കുന്ന രാജസേവകന്മാരേയും ആകുന്നു. നാട്ടിന്റെ ഈ ദൂഷ്യഭാഗം മാത്രമാണ് പ്രമാർജ്ജനം ചെയ്യപ്പെടേണ്ടത്. ഈ ദൂഷ്യങ്ങളെ സഹിക്കാഞ്ഞ് ജനങ്ങൾക്കുള്ള സങ്കടങ്ങളെ ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ പ്രകടീ കരിക്കുന്ന പത്രപ്രവർത്തകന്മാരുടെ നാവടക്കുന്ന നിഗ്രഹനയം അനപേക്ഷിതവും, ഭാവിക്കുന്ന രോഗ ത്തേക്കാൾ ദോഷജനകമായ ഔഷധവും ആയിരിക്കുന്നതാകുന്നു. ●

# പത്രധർമ്മമോ?

('സ്വദേശാഭിമാനി' പത്രാധിപർ കെ.രാമകൃഷ്ണപിള്ളയെ രാജ്യദ്രോഹത്തിന്നു നാടുകടത്തിയിരിക്കുന്നു എന്ന് ചില പത്രങ്ങൾ മുൻകൂട്ടി നടത്തിയ വ്യാജപ്രചാരണത്തിനുള്ള മറുപടി. അധികൃതന്മാർക്കുവേണ്ടി സഹജീവികൾ തന്നെ വേട്ടയാടുകയാണെന്നു മനസ്സിലാക്കിയ സ്വദേശാഭിമാനി പത്രധർമ്മമെന്തെന്ന് സൂചിപ്പിക്കുന്നു. "രാജസേവന്മാരുടേയും സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും അഴിമതി അക്രമങ്ങൾ ജനങ്ങളുടെമേൽ ഇനിയെങ്കിലും പതിക്കാതിരിക്കണമെന്നുള്ള അഭിവാഞ്ഛയോടു കൂടി, ആ അധർമ്മങ്ങളെപ്പറ്റി, ഏറെക്കുറെ പരുഷമായിട്ടെങ്കിലും, പ്രസ്താവിക്കുന്നത് രാജദ്രോഹമാണെന്നുള്ള വർത്തമാനം ഞങ്ങൾ ഇദംപ്രഥമായിട്ടാണ് കേൾക്കുന്നത്." -1909 ഡിസംബർ 20-ാം തീയതി 'സ്വദേശാഭിമാനി'യിൽ എഴുതിയ മുഖപ്രസംഗം)

പത്രപ്രവർത്തന വിഷയത്തിൽ, 'സ്വദേശാഭിമാനി'യെക്കാൾ പഴമപരിചയം കൂടുതലുള്ളവയെന്ന് പ്രസിദ്ധപ്പെട്ടിട്ടുള്ള ചില സഹജീവികൾ കൂടെ, ഈയിടെ, അവരുടെ പരിചയത്താൽ സിദ്ധമാകേണ്ടിയിരുന്ന വിവേകത്തെ വെടിഞ്ഞ്, നിരുത്തരവാദിത്വ ലക്ഷ്യങ്ങളായ പ്രസ്താവങ്ങൾ ചെയ്തുവരുന്നതായി കാണുന്നതിൽ ഞങ്ങൾ വ്യസനിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്യുന്നു. വ്യസനം, അവരുടെ അനുചിത കർമ്മാരംഭത്തെക്കണ്ടിട്ടും, ആശ്ചര്യം, അവരുടെ ബുദ്ധിചാപല്യത്തെ ഓർത്തിട്ടും ഉണ്ടാകുന്നതാണ്. 'സ്വദേശാഭിമാനി' പത്രാധിപരായ മിസ്റ്റർ കെ.രാമകൃഷ്ണപിള്ള ബി.എ.യെ തിരുവിതാംകൂർ സംസ്ഥാനത്തുനിന്ന് ബഹിഷ്കരിക്കുവാൻ ഗവണ്മെന്റ് കല്പിച്ചിരിക്കുന്നവെന്നും; 'സ്വദേശാഭിമാനി'യിൽ ഈയിടെയായി അതിർകവിഞ്ഞും രാജ്യദ്രോഹകരമായും ഉള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതുകൊണ്ട് ഗവണ്മെന്റിന്റെ ഈ നടപടിയെപ്പറ്റി അദ്ഭുതപ്പെടുവാനോ, രോഷപ്പെടുവാനോ, അവകാശമില്ലെന്നും, ഈ നാട്ടിലെ ജനസമുദായമധ്യത്തിൽ സമാധാന പരിപാലനത്തിന്നു ഗവണ്മെന്റിന്റെ ഈ പ്രവർത്തി യുക്തംതന്നെയന്നും മറ്റുമാണ് ഈ ചില സഹജീവികൾ ജല്പിച്ചിരിക്കുന്നത്. ഈ അപവാദങ്ങൾ വളരെ ഗൗരവപ്പെട്ടവയും വാസ്തവ സംഗതികളാൽ ആധരിക്കപ്പെടാത്തവയാണെങ്കിൽ തൽകർത്താക്കന്മാർക്ക് അവരുടെ കുറ്റങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ മാർഗ്ഗം നൽകാത്തവയും ആകുന്നുവെന്ന്, അവർ തങ്ങളുടെ പത്രപ്രവർത്തന പരിചയത്താൽ ഓർമ്മിക്കാത്തത് അവർക്ക് പ്രശംസാവഹമാണെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. ഡിസംബർ 9-ാം തീയതിയിലെ 'മലബാർ ഡെയ്‌ലി ന്യൂസ്' (Malabar Daily News) പത്രവും, ഡിസംബർ 11-ാം തീയതിയിലെ 'കൊച്ചിൻ ആർഗസ്' (Cochin Argus) പത്രവും മേൽവിവരിച്ച പ്രകാരം ചില 'കബന്ധങ്ങൾ' പ്രസിദ്ധീകരിച്ചിരുന്നതിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ. 'സ്വദേശാഭിമാനി'യോട് സ്പർദ്ധ വച്ചുകൊണ്ടും, ഞങ്ങളെപ്പറ്റി എന്തും ആഭാസമായും അപകീർത്തികരമായും അവാസ്തവമായും ലേഖനങ്ങൾ പ്രസിദ്ധീകരിച്ച്, ബഹുജനങ്ങളുടെ ഉള്ളിൽ ദുരഭിപ്രായങ്ങൾ മുളപ്പിക്കുന്നതിന്നു തക്കവിധം ദുർഭാഷണം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്ന ചില കുചരിതന്മാരുടെ ഗണത്തിലായിരിക്കുന്നു ഈ സഹജീവികളെങ്കിൽ, ഞങ്ങൾ ഇത്രയും പ്രസ്താവിക്കേണ്ടിവരികയില്ലായിരുന്നു. എന്നാൽ, പ്രവൃത്തികളുടെ ഫലഗതി ഇന്നതെന്ന് ഊഹിപ്പാൻ തക്ക ലോകപരിചയം സിദ്ധിച്ചിട്ടുള്ളവർ, സാഹസികസ്വഭാവം പ്രദർശിപ്പിക്കുമ്പോൾ, അവരുടെ ബുദ്ധിക്ക് നല്ല പ്രജ്ഞയുണ്ടാകേണ്ടിയിരുന്നു എന്ന് വ്യസനിക്കുവാൻ ആർക്കും തോന്നുന്ന

താണ്. 'സ്വദേശാഭിമാനി' പത്രാധിപരെ നാടുകടത്തുന്നതിനോ, മറ്റോ, തക്കവണ്ണം ഞങ്ങൾ യാതൊന്നും എഴുതീട്ടും പ്രവർത്തിച്ചിട്ടും ഇല്ലെന്ന് ഞങ്ങൾക്ക് നല്ല ബോധമുണ്ട്. രാജാധികാരത്തെ ആദരിക്കുന്ന വിഷയത്തിൽ, 'സ്വദേശാഭിമാനി' ഈശ്വരഭക്തിപ്രതിഷ്ഠിതവും മതവിശ്വാസോപക്ഷുബ്ധവും ആയ പ്രമാണത്തെ അനുവർത്തിക്കുന്നുണ്ടെന്നും ആ പരിശുദ്ധ പ്രമാണത്തിൽ നിന്ന് ഞങ്ങൾ വ്യതിചലിക്കുന്നതല്ലെന്നും ഞങ്ങളെപ്പറ്റി നല്ലവണ്ണം അറിയാവുന്നവർക്ക് ബോധമുണ്ടായിരിക്കാനിടയുണ്ട്. എന്നാൽ, ഞങ്ങളുടെ പ്രമാണം,, അതിന്റെ അക്ഷരങ്ങളെ മാത്രം സ്പർശിക്കുന്ന ബഹിർമാത്ര പ്രധാനമായ ഒരു പ്രകടനമല്ല; അതിന്റെ ആന്തരമായ ചൈതന്യത്തെയാണ് ഞങ്ങൾ ആദരിക്കുന്നത്. ഇതുനിമിത്തം തന്നെയാണ് ഞങ്ങൾ തിരുവിതാംകൂറിലെ രാജസേവകന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും അഴിമതികളേയും അക്രമങ്ങളേയും പറ്റി തുടരെത്തുടരെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ അധർമ്മങ്ങളെ അധർമ്മങ്ങളെന്ന് അറിയുവാനും, ഇവയുടെ മൂലത്തെ ഛേദിപ്പാനും ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളത് ഞങ്ങൾ പ്രമാണമായി ധരിച്ചിട്ടുള്ള ധർമ്മത്തിന്റെ ചൈതന്യം തന്നെയാണ്. ഈ ചൈതന്യം ഞങ്ങളോടു കൂടി ജനിച്ചതല്ല, അത് ഈശ്വരചൈതന്യത്തിന്റെ അംശമെന്നോ, ഈശ്വരചൈതന്യംതന്നെയെന്നോ പറയുമ്പോൾ, അതിന്റെ ആദിയും അന്തവും എന്തെന്ന് വായനക്കാർക്ക് ഊഹിക്കാവുന്നതാണ്. ഈ ചൈതന്യം യാതൊരുവൻ മുഖേന അതാതു കാലങ്ങളിൽ പ്രകടിപ്പിക്കുന്നുവോ, അവനെ എന്തുതന്നെ പീഡിപ്പിച്ചാലും അവനെ നശിപ്പിച്ചാലും, ഇതിന്റെ ഉല്പത്തിയേയോ വ്യാപാരത്തേയോ നശിപ്പിക്കുവാൻ കഴിയുമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. രാജസേവന്മാരുടേയും സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും അഴിമതി അക്രമങ്ങൾ ജനങ്ങളുടെമേൽ ഇനിയെങ്കിലും പതിക്കാതെയിരിക്കണമെന്നുള്ള അഭിവാഞ്ഛയോടുകൂടി, ആ അധർമ്മങ്ങളെപ്പറ്റി, ഏറെക്കുറെ പരുഷമായിട്ടെങ്കിലും, പ്രസ്താവിക്കുന്നത് രാജദ്രോഹമാണെന്നുള്ള വർത്തമാനം ഞങ്ങൾ ഇദംപ്രഥമായിട്ടാണ് കേൾക്കുന്നത്. ഞങ്ങൾ ബഹുമാനഭക്തിപൂർവ്വം ആദരിക്കുന്ന മഹാരാജാവിനെ മറന്നിട്ടാണ് ഈ അഴിമതിക്കാർ അധർമ്മങ്ങൾ പ്രവർത്തിച്ചുപോരുന്നതെന്ന് ഞങ്ങൾക്കു ബോധമുള്ളതിനാൽ, ഈ അധർമ്മികളെ നിന്ദിക്കുന്നത് രാജാധികാരത്തിന്റെ പവിത്രതയെ പരിപാലിക്കാനായുള്ള ഞങ്ങളുടെ അഭിലാഷത്തിന്റെ പ്രകടനമാണെന്ന് ഞങ്ങൾക്കു നിശ്ചയമുണ്ട്. ഇത് ഗവണ്മെന്റിന്റെ അധികാരത്തെ ധ്വംസിക്കയോ പ്രജകളുടെ ഉള്ളിൽ ഗവണ്മെന്റിനോട് ദ്വേഷം ജനിപ്പിക്കയോ ചെയ്യുന്ന കൃത്യമല്ലായ്കയാൽ, ഞങ്ങൾക്ക് ധർമ്മം ജയിക്കും എന്നുള്ള വിശ്വാസം നശിച്ചു പോയിട്ടില്ല. ഞങ്ങളുടെ പ്രവൃത്തി ഗവണ്മെന്റിനെ അപകടപ്പെടുത്തുന്നതല്ലെന്ന് ഗവണ്മെന്റിനു തന്നെ നല്ല ബോധമുള്ള സ്ഥിതിക്ക് ഞങ്ങളുടെ സഹജീവികൾ നിരുത്തരവാദികളായി അവാസ്തവങ്ങളും അസംബന്ധങ്ങളും പ്രലപിച്ച് തന്നത്താൻ കൊലമാല ധരിക്കുന്നതിന്റെ ഔചിത്യവും ആവശ്യവും എന്തെന്ന് ഞങ്ങൾ അറിയുന്നില്ല. ഇപ്പോഴത്തെ കാലസ്ഥിതിയെപ്പറ്റി ഞങ്ങൾ അറിയായ്കയില്ലാ; ഈ വിഷയത്തിൽ ഞങ്ങളുടെ സഹജീവികൾ ഉപരിജ്ഞാനമുള്ളവരെന്ന് അഭിനയിച്ച് ഞങ്ങളെ ഉപദേശിക്കേണ്ടതും ഇല്ലായിരുന്നു. രാജദ്രോഹകരമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കുവാൻ ശ്രദ്ധവയ്ക്കേണ്ടത് പത്രപ്രവർത്തകരുടെ കടമതന്നെയാണ്. അതേ കടമയോടുകൂടിത്തന്നെ, പബ്ലിക് കാര്യ പ്രവർത്തകരുടെ പബ്ലിക് കൃത്യങ്ങളെപ്പറ്റി അവധാനത്തോടെ വിചിന്തനം ചെയ്യുകയും അങ്ങിനെ ചെയ്യുന്നവരെ രാജദ്രോഹികളെന്നോ മറ്റോ ധാർഷ്ട്യപൂർവ്വം അപകീർത്തിപ്പെടുത്താതിരിക്കുകയും ചെയ്യുന്നതിനുള്ള കടമയും ഉണ്ടെന്ന് ഓർക്കേണ്ടതാണ്. രാജദ്രോഹകരങ്ങളായ ലേഖനങ്ങൾ ഗവണ്മെന്റിനേയും പ്രജകളേയും തമ്മിൽ ഛിദ്രിപ്പിക്കുന്നവയാണെങ്കിൽ, രണ്ടാമതു പറഞ്ഞ കടമയെ ലംഘിച്ചു ചെയ്യുന്ന അപകീർത്തികരങ്ങളായ ലേഖനങ്ങൾ ഗവണ്മെന്റിനേയും ജനങ്ങളേയും നേർവഴി തെറ്റിക്കയും നിർദ്ദോഷനായ ഒരു പ്രജയെക്കുറിച്ച് ഗവണ്മെന്റിന്നും ജനങ്ങൾക്കും ദുരഭിപ്രായങ്ങൾ ജനിപ്പിക്കയും ചെയ്യുന്നവയാണെന്നും ഓർത്തിരിക്കേണ്ടതാണ്. ഈ വകതിരിവില്ലാത്തവരായി പത്രപ്രവർത്തകർ ആർ പ്രവർത്തിക്കുന്നുവോ അവരുടെ ബുദ്ധിയേയും നിലയ്ക്കു നിർത്തുന്നതിന് ഗവണ്മെന്റിനു തന്നെ നിയമങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഇവർക്ക് ഓർമ്മയുണ്ടാകുമോ ഇല്ലയോ എന്ന് വഴിയേ അറിഞ്ഞുകൊള്ളാം. ●

## സ്വരാജ്യഭക്തി

വാസ്തവമായ രാജഭക്തിയെക്കുറിച്ചോ രാജ്യഭക്തിയെക്കുറിച്ചോ പ്രസ്താവിക്കുമ്പോൾ ചില പഴകാത്ത കാളകളുടെ മുമ്പിൽ ചുവന്ന കൊടിക്കൂറ കാണിക്കുന്നതുപോലെയുള്ള ക്ഷോഭങ്ങൾ ഉണ്ടാകുന്നതായി കാണുന്നു. രാജഭക്തി കൂടാതെ രാജ്യഭക്തിയുണ്ടാകുന്നതല്ലെന്നും ഞങ്ങൾ മുമ്പേ പ്രസ്താവിച്ചുവല്ലോ. (ഒരു രാജ്യത്തിന്റെ ഏകയോഗക്ഷേമത്തിനെ ഉത്പാദിപ്പിക്കുന്നതിന്, ആ രാജ്യത്തിൽ നിവസിക്കുന്ന എല്ലാ ജനങ്ങളും ഏകോപിച്ചു പ്രവർത്തിക്കേണ്ടതാകുന്നു. എല്ലാ പരിഷ്കൃതരാജ്യങ്ങൾക്കും ഇപ്പോൾ മാതൃകയായി നില്ക്കുന്നത് ഇംഗ്ലീഷ് സാമ്രാജ്യമാകുന്നു.) അത്ര ശക്തിയോടുകൂടിയ ഒരു സാമ്രാജ്യം ഇതേവരെ ഉണ്ടായിട്ടില്ലെന്നുതന്നെ പറയണം. ആ സാമ്രാജ്യത്തിന്റെ ഭരണാധികാരം, പ്രജകളിൽ സ്ഥിതിചെയ്യുന്നു. ഇംഗ്ലീഷ് മന്ത്രിമാർ പ്രജകളുടെ പ്രതിനിധികളാകുന്നു. ഭരണകാര്യങ്ങളിൽ പ്രവേശിക്കുമ്പോൾ, ഇംഗ്ലീഷുകാർ പല കക്ഷികളായി പിരിഞ്ഞു മത്സരിക്കുന്നുണ്ടെങ്കിലും ഇംഗ്ലീഷ് സാമ്രാജ്യത്തിന്റെ ഏകയോഗക്ഷേമത്തിൽ അവർ മത്സരംവിട്ട് ഏകോപിച്ചു പ്രവർത്തിക്കുന്നവരാണ്. ഇംഗ്ലീഷ് സാമ്രാജ്യം നിലനില്ക്കുന്നതിന്റെ രഹസ്യവും ഇതിൽ അറിയാവുന്നതാണ്. രാജ്യാധികാരത്തെയും രാജാവിന്റെ വരവു ചെലവുകളെത്തന്നെയും നിർണ്ണയിക്കുന്നത് ഈ പ്രജാസഭയാകുന്നു. തിരുവിതാംകൂർ അങ്ങനെയുള്ള രാജ്യമല്ല. ഇവിടെ ദ്വിജന്മാർ, നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ, പറയർ എന്നിങ്ങനെ പല ശാഖകളായി പ്രജകൾ പിരിഞ്ഞിരിക്കുന്നു. മറ്റ് രാജ്യഭരണകാര്യങ്ങളിൽ ഗവണ്മെന്റ് പക്ഷേ, ഈ ജാതിവ്യത്യാസത്തെ ഗണിക്കാറില്ലെങ്കിലും, ഓരോ ജാതിക്കാരും, സമുദായങ്ങളെ വിട്ടു പ്രവർത്തിക്കുമ്പോൾ എങ്കിലും, മറ്റു ജാതിക്കാരോടു യോജിക്കുവാൻ തയ്യാറുള്ളവരല്ലാ. ഇവർ പ്രത്യേകം പ്രത്യേകമായി പിരിഞ്ഞ്, സമുദായപരിഷ്കരണത്തെ മാത്രം ഉദ്ദേശിക്കുന്ന ഭാവത്തിൽ ഭരണകാര്യങ്ങളിൽ പ്രബലത സിദ്ധിക്കുവാൻ പരിശ്രമിക്കുന്നു. മന്ത്രിമാർ സാധാരണ ദ്വിജന്മാരാണ്; അവർ ദ്വിജന്മാരോടുചേർന്ന് അവരെ പ്രോത്സാഹിപ്പിക്കുമ്പോൾ, ഇതരജാതിക്കാർ സ്പർദ്ധിച്ച് ക്ഷോഭിക്കയും, നായന്മാരോടുചേർന്ന് അവരെ അനുകൂലിക്കുമ്പോൾ ഇതരന്മാർ സ്പർദ്ധിച്ചു വശമാ

കയും ചെയ്യുന്നതു നമ്മുടെ അനുഭവത്തിൽപെട്ടതും പെടുന്നതും ആയ സംഗതികൾ ആകുന്നു. ഇങ്ങനെയുള്ള ഏതെങ്കിലും പ്രതിപത്തി കൂടാതെയുള്ള ദിവാൻജിമാർ, തിരുവിതാംകൂറിനു ലഭിക്കുന്നില്ലാ എന്നുള്ളതു തിരുവിതാംകൂറിന്റെ ദുർഭാഗ്യംതന്നെ. ദിവാൻജിമാർതന്നെ, അങ്ങനെയുള്ള പക്ഷപാതത്തിനു വശപ്പെടുമ്പോൾ മറ്റുദ്യോഗസ്ഥന്മാരുടെ നയം എന്തായിരിക്കുമെന്നു ഞങ്ങൾ പറയാതെതന്നെ വായനക്കാർ അറിയുമായിരിക്കും. ഈ നയം, ഇങ്ങനെ ഉദ്യോഗസ്ഥന്മാരുടെ പ്രതിപത്തി-വിപ്രതിപത്തികളാൽ പോഷിപ്പിക്കപ്പെടുന്നതായി വരുമ്പോൾ, ന്യായത്തിനും, ധർമ്മത്തിനും വിഗതി അല്ലാതെ മറ്റെന്തുണ്ടായിരിക്കും? തിരുവിതാംകൂറിന്റെ യശസ്സിനെ മലിനപ്പെടുത്തുന്ന സംഗതികൾക്ക് ആധാരമായിട്ടു നില്ക്കുന്നത് ഈ ജാതിമത്സരമാകുന്നു. സർക്കാർ ഉദ്യോഗങ്ങളെ ഒരു വർഗ്ഗക്കാർക്കായി സ്വാധീനപ്പെടുത്തുവാനുള്ള യത്നങ്ങളിൽ അവർ കൈക്കൂലി വാങ്ങുവാനും കൈക്കൂലി കൊടുക്കുവാനും തയ്യാറാകുന്നതിൽ എന്താണു വിസ്മയം? ഇവരുടെ ജാതിസ്പർദ്ധയാണ് തിരുവിതാംകൂറിൽ രാജസേവകപ്രതാപം നിലനില്ക്കുന്നതിനു പ്രധാന ഹേതുവായി നില്ക്കുന്നത്. രാജസേവകന്മാരോ ആ തരത്തെ നോക്കിയുംകൊണ്ട് തങ്ങൾക്ക് കോഴകൊടുക്കുവാൻ തയ്യാറുള്ളവരെ, സഹായിക്കുവാൻവേണ്ടി എന്തും പ്രവർത്തിക്കുവാൻ ഒരുങ്ങിയിരിക്കുന്നവരാണ്. അവർ പറയത്തക്ക വിശ്വാസമോ, ലോകപരിചയമോ സൽസംസർഗ്ഗമോ ഇല്ലാതെ രാജസന്നിധിയിൽ സദാ സേവിക്കുന്നവരായി പല ഛിദ്രങ്ങളെ നാട്ടിൽ ഉത്പാദിപ്പിക്കയും, മന്ത്രിമാർക്കു ക്ലിഷ്ടതകളെ ഉണ്ടാക്കുകയും ചെയ്തിട്ട്, മദോന്മത്തരായിരിക്കുന്നു. അവർ അവർക്ക് അനർഹങ്ങളായ മാസപ്പടികളെ ലഭിക്കുന്നതുകൊണ്ടും തൃപ്തിപ്പെടുന്നില്ലാ. അവർ രാജമന്ദിരവാസവും രാജൈശ്വര്യാനുഭവങ്ങളും അപഹരിക്കുന്നവരായിട്ടും തൃപ്തിപ്പെടുന്നില്ലാ. അവരുടെ കുടുംബങ്ങൾക്കും ഈ രാജൈശ്വര്യങ്ങളെ നല്കി വരുന്നതുകൊണ്ടും തൃപ്തിപ്പെടുന്നില്ലാ. അവരുടെ ചാർച്ചക്കാർക്കു രാജ്യദ്രവ്യത്തെ അപഹരിക്കാനുള്ള സന്ദർഭങ്ങളെ നൽകുന്ന ജോലികളെ കൊട്ടാരങ്ങളിലും പുറമേയും, കൊടുക്കുന്നതുകൊണ്ടും, ആ സേവകന്മാർ തൃപ്തിപ്പെടുന്നില്ലാ. ഉദ്യോഗങ്ങളെ വിറ്റ് അങ്ങനെയും, ദ്രവ്യശേഖരം ചെയ്യുന്നതുകൊണ്ടും അവരുടെ ദ്രവ്യദുർമ്മോഹം തൃപ്തിപ്പെടുന്നില്ലാ. രാജസേവകന്മാർക്കു കോഴ കൊടുക്കാതെയോ, മറ്റുവിധത്തിൽ ആശ്രയിക്കുന്നതിനു മനസ്സില്ലാതെയോ ഉദ്യോഗകൃത്യത്തെ ശരിയായി നിർവഹിക്കുന്നവരെ പലവിധത്തിൽ മർദ്ദിച്ചിട്ടും ആ സേവകന്മാരുടെ ദുഷ്പ്രതാപം തൃപ്തിപ്പെടുന്നില്ലാ. ആ രാജസേവകന്മാരുടെ സർവ്വകുസൃതികളെയും വാഴ്ത്തുന്നതിനും, അവയെ അനുസരിക്കുന്നതിനും, അങ്ങനെ ചെയ്യുന്നതാണു രാജഭക്തി എന്നു നിലവിളി കൂട്ടിയുംകൊണ്ടു ചില വർത്തമാനപത്രങ്ങളെയും സ്വാധീനപ്പെടുത്തി, സേവകകൊടിക്കൂറയെ നാട്ടിൽ പറത്തുന്നതിനും കച്ചകെട്ടി പുറപ്പെട്ടിരിക്കുന്ന ഒരുവക വകതിരിവില്ലാത്ത കൂട്ടം സ്വാർത്ഥലാഭത്തിനായി അങ്ങനെ ചെയ്യാത്തവരെ ഉച്ചത്തിൽ ഭർത്സിക്കുന്നതിനു നിർല്ലജ്ജകരമായി പുറപ്പെട്ടിരിക്കുന്നതാണു ഞങ്ങൾക്ക് അനല്പമായ കൗതുകത്തെ നൽകുന്നത്. ആ കൂട്ടം ജനസാമാന്യത്തിന്റെ അനാദരണീയമായ ഭാഗം അല്ലാ. അവർ പാശ്ചാത്യവിദ്യാഭ്യാസം സ്വീകരിച്ചും വിരുതുകൾ നേടിയും നാട്ടിൽ പ്രബലന്മാരായിരിക്കുന്നവരാണ്. അവർ അറിവില്ലാത്തവരല്ല. സത്യമെന്തെന്നും, ന്യായമെന്തെന്നും, ധർമ്മമെന്തെന്നും, രാജഭക്തി എന്തെന്നും അറിയാത്തവരല്ലാ. രാജസേവകന്മാരുടെ നീചകൃത്യങ്ങളെ പുച്ഛിക്കുവാൻ, ആദ്യമായി നാട്ടുകാരെ പഠിപ്പിച്ചത് ഈ ആളുകൾ ആണ്. അങ്ങനെ ചെയ്തതുകൊണ്ട് അവർക്കു രാജപ്രസാദമോ, സേവകപ്രസാദമോ ലഭിക്കുന്നില്ലെന്നുകണ്ട് അവരുടെ സ്വാർത്ഥപൂർത്തിക്കായി സേവകഭാഗത്തോടു ചാഞ്ഞുനില്ക്കുകയും ആ ഭാഗത്തെ സഹായിക്കുന്നതിനും, ധൈര്യപ്പെടുത്തുന്നതിനും ഒരുമ്പെട്ടിരിക്കയും ചെയ്യുന്നു എന്നതാണ് ഞങ്ങൾക്കു സഹതാപത്തെ നല്കുന്നത്. അതും പോകട്ടെ; സേവകന്മാരുടെ കുസൃതികളെ തുറന്നുപറയുന്നതു രാജദ്രോഹമാണെന്നു ഘോഷിക്കുവാൻ ഇവർക്കു മടിയില്ലാത്തത് ആശ്ചര്യംതന്നെ. രാജസേവകന്മാരുടെ ചപലതകളെ താങ്ങുന്നതും

അവർക്കു കോഴ നല്കി ഉദ്യോഗം വിലയ്ക്കു വാങ്ങുന്നതും, സേവകഭക്തിയായിരിക്കാം; ഒരിക്കലും രാജഭക്തിയായിരിക്കയില്ലാ. രാജധർമ്മത്തെ അനുഷ്ഠിക്കുവാൻ സമ്മതിക്കാത്ത ഈ സേവകന്മാർ, രാജദ്രോഹികൾ ആണെന്ന് ഏവരും സമ്മതിക്കുമല്ലോ. അവരെ സഹായിക്കുന്നവരും, ധൈര്യപ്പെടുത്തുന്നവരും രാജദ്രോഹികൾ അല്ലെന്ന് എങ്ങനെ വരുമെന്ന് അവർതന്നെ പറഞ്ഞുതന്നാൽ കൊള്ളാമായിരുന്നു.

സർക്കാരുദ്യോഗങ്ങളെ വിലയ്ക്കു വില്ക്കുന്നതും, വാങ്ങുന്നതും രാജദ്രോഹമല്ലെങ്കിൽ അങ്ങനെയുള്ള പ്രവൃത്തികളെ പരസ്യമായി പറയുന്നത് എങ്ങനെ രാജദ്രോഹമായി പര്യവസാനിക്കുമെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ലാ. സ്വവർഗ്ഗോന്നതിക്കായി സമാജങ്ങളെ ഏർപ്പെടുത്തി രാജ്യത്തിന്റെ ഏകയോഗക്ഷേമത്തെ ദുഷിപ്പിക്കുന്നതു രാജ്യഭക്തിയോ രാജഭക്തിയോ ആയിരിക്കുമോ? പഠിപ്പുള്ളവർ സത്യത്തെയും, ന്യായത്തെയും, ധർമ്മത്തെയും കൈവെടിഞ്ഞു രാജസേവകപാദങ്ങളിൽ കാണിക്കയിടുന്നതും, ആ സേവകസേവയെ പ്രമാണമാക്കി ഉദ്യോഗധർമ്മത്തെ വ്യഭിചരിപ്പിക്കുന്നതും, രാജ്യദ്രോഹമല്ലെങ്കിൽ മറ്റെന്താണ്? എന്നാൽ ഇവർ സ്വാർത്ഥങ്ങളെ നേടുന്നവരായിട്ട് ദുര്യശസ്സിനെ സമ്പാദിക്കുന്നതിൽ ഞങ്ങൾക്കു മനഃസ്താപമില്ലാതില്ലാ. ഇവരെ കണ്ടു പഠിക്കേണ്ട രാജ്യസന്താനങ്ങൾ ദുഷിച്ചുപോകുന്നതിൽ അതിയായ ഖേദം എല്ലാ രാജ്യഭക്തൻമാർക്കും ഉണ്ടാകുന്നതാണ്. രാജ്യഭക്തി, സ്വവർഗ്ഗപ്രതിപത്തിയെ പ്രമാണമാക്കി സമാജങ്ങളെ ഏർപ്പെടുത്തി സൈ്വര്യമായ രാജ്യത്തിന്റെ ഏകയോഗക്ഷേമത്തെ ധ്വംസനം ചെയ്യുന്നതല്ലാ. ആ രാജ്യഭക്തി, ദുർമ്മോഹികളും, ദുരഹങ്കാരികളുമായ രാജസേവകന്മാരെ സർവ്വ ചപലതകളെയും ഗോപനം ചെയ്യുന്നതിലും, വാഴ്ത്തുന്നതിലും അറിയുന്നത് ഏറ്റവും കഷ്ടതയല്ലയോ? ●

(1909 ഡിസംബർ 31)

# എന്റെ നാടുകടത്തൽ

(ഒരു പത്രം അഴിമതിക്കാരെ ആക്ഷേപിക്കുന്നത് രാജദ്രോഹമല്ലെന്നും, അഥവാ രാജദ്രോഹമാണെന്നു വരികയാണെങ്കിൽ ആ കുറ്റത്തിന് താൻ ദണ്ഡനാർഹനാണെന്നും സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള ഈ ലേഖനത്തിൽ പറയുന്നു. "ഈശ്വരനെ കല്ലും മരവുമായല്ലാതെ ധർമ്മം, സത്യം മുതലായവയുടെ സങ്കേതമായ പരബ്രഹ്മമായി ധ്യാനിക്കുന്നവർക്ക് ശരീരം നിസ്സാരവും, ആത്മാവിനെ അധർമ്മങ്ങളുടെ കേളീരംഗമായ ഭൂമിയിൽ നിന്ന് നാടുകടത്തുന്നത് എത്രയോ ആനന്ദപ്രദവും ആകുന്നു"- ആത്മകഥാപരം കൂടിയായ ഈ ലേഖനം വന്നത് 1910 ജനുവരി 5-ാം തീയതിയിലെ 'സ്വദേശാഭിമാനി'യിൽ. പക്ഷെ, എട്ടുമാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ നാടുകടത്തുകതന്നെ ചെയ്തു.)

കോഴിക്കോട്ടെ 'മലബാർ ഡെയിലി ന്യൂസും' കൊച്ചിയിലെ 'കൊച്ചിൻ ആർഗസ്സും' ഇവരെ അനുഗമിച്ച് മറ്റു ചില പത്രങ്ങളും ഇതിനിടെ എന്നെ നാടുകടത്തിയിരുന്നതു കഴിഞ്ഞു ഞാൻ ഇപ്പോൾ സ്വൈര്യമായി തിരുവിതാംകൂറിലേക്കു മടങ്ങിയെത്തിയിരിക്കുന്നു. തിരുവിതാംകൂർ ഗവണ്മെന്റിനേയും പ്രജകളേയും ഛിദ്രിപ്പിക്കുകയും ജനങ്ങളുടെ ഉള്ളിൽ രാജദ്രോഹബുദ്ധിയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ലേഖനങ്ങൾ ഞാൻ എന്റെ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നുവെന്ന് എന്റെ മേൽ കഠിനമായി കുറ്റം ആരോപിച്ചുകൊണ്ടായിരുന്നു ഈ 'ചങ്ങാതിമാർ' കുറേ നാൾ മുമ്പ് രാജദ്രോഹത്തിന്നായി എന്നെ വേട്ടയാടാൻ ഒരുങ്ങിയതെന്ന് ഇതാ നാടുകടത്തൽ കഴിഞ്ഞു തിരിച്ചെത്തിയ ശേഷമാണ് എനിക്ക് മനസ്സിലായത്. എന്നെ തിരുവിതാംകൂർ സംസ്ഥാനത്ത് നിന്ന് നാടുകടത്തുവാൻ തിരുവിതാംകൂർ ഗവണ്മെന്റ് കല്പിച്ചിരിക്കുന്നുവെന്നും ഈ കൽപ്പന എന്റെ രാജദ്രോഹകരങ്ങളായ ലേഖനങ്ങളുടെ ഫലമാണെന്നും അതിനാൽ തിരുവിതാംകൂർ ഗവൺമെന്റ് ഒരു നിഷ്ഠൂരമായ നടപടിയെ അവലംബിച്ചതായി ഗവണ്മെന്റിനെ കുറ്റപ്പെടുത്തുവാൻ അവകാശമില്ലെന്നും ഈ നാട്ടിൽ അസ്വസ്ഥത മാറ്റി സമാധാനം ഉറപ്പിക്കുന്നതിന്നു ഗവണ്മെന്റിന്റെ ഈ നടപടി യുക്തം തന്നെയെന്നും ഈ 'ചങ്ങാതിമാർ' മുഖേന ലോകർ ഗ്രഹിക്കുകയും, പക്ഷേ ചിലർ സന്തോഷിക്കുകയും, മറ്റു പലരും

ആശ്ചര്യപ്പെടുകയും, വ്യസനിക്കുകയും ചെയ്തിരിക്കാനിടയുണ്ട്. ഈ 'ചങ്ങാതിമാരും' അവരുടെ ചങ്ങാതിമാരും ഇത്ര വളരെ കുതൂഹല കോലാഹലം കൂട്ടിയപ്പോൾ, അങ്ങിനെയൊരു സംഗതി സംഭവിച്ചിട്ടുണ്ടോ എന്ന് വിചിന്തനം ചെയ്യാതെ, എരിതീയിൽ ചാടിയ ശലഭങ്ങളുടെ പദത്തെ പ്രാപിക്കുവാൻ, ഇടയായത് സ്പൃഹണീയം തന്നെയാണ്. തിരുവിതാംകൂർ ഗവണ്മെന്റ് എന്നെ നാടുകടത്താൻ തീരുമാനിച്ചിട്ടില്ല എന്ന് മാത്രമല്ല, അങ്ങിനെ ഒരു കൽപനയ്ക്ക് ഹേതുവായി ഞാൻ ഒന്നും പ്രവർത്തിച്ചിട്ടുമില്ല! ഈ പരമാർത്ഥം ആദ്യമേ മനസ്സിലാക്കുവാൻ കഴിയാതിരുന്ന ഈ ചങ്ങാതികൾക്ക് നല്ല പ്രജ്ഞയുണ്ടായപ്പോൾ തങ്ങളുടെ ഉന്മത്ത പ്രലപനങ്ങളെ തിരിയെ രക്ഷിക്കേണ്ടിവന്നതിൽ അവരുടെ ദയനീയാവസ്ഥയെപ്പറ്റി ഞാൻ നിർവ്യാജം സഹതപിക്കുന്നു.

എന്നെ നാടുകടത്തുവാൻ തക്കവണ്ണം ഞാൻ എന്താണ് പ്രവർത്തിട്ടിച്ചുള്ളത്! ഈ 'ചങ്ങാതികൾ' പറയുന്നത് എന്റെ പത്രത്തിലെ ചില ലേഖനങ്ങൾ ഈയിടെ രാജഭക്തിയെ ഇല്ലായ്മ ചെയ്യുന്നവയായിരിക്കുന്നുവെന്നാണ്. ഏതു ലേഖനമാണ്, ഏതു വാചകമാണ് ഈ കുറ്റത്തെ ദ്യോതിപ്പിക്കുന്നതെന്ന് ഇവരാരും നിർമ്മൽസരമായും വ്യക്തമായും ചൂണ്ടിക്കാണിക്കുന്നില്ല. 'തിരുവിതാംകൂർ നവീകരണം' എന്ന തലവാചകത്തിൻ കീഴിൽ, ഈ പത്രത്തിൽ ഒരു ഉപന്യാസ പരമ്പര ഞാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ മഹാരാജാവിന്റെയോ ഗവണ്മെന്റിന്റെയോ പേരിൽ ജനങ്ങൾക്ക് അപ്രീതി ജനിപ്പിക്കുയോ വളർക്കുകയോ ചെയ്യുന്നതായി യാതൊരു സംഗതിയും നിർമ്മൽസരൻമാർക്കു കാണുവാൻ ഉണ്ടാകയില്ലെന്ന് എനിക്ക് നല്ല ബോധമുണ്ട്. മഹാരാജാവു തിരുമനസ്സിലെ കൊട്ടാരത്തിൽ പാർത്തുകൊണ്ട്, സർക്കാരുദ്യോഗങ്ങൾ വിലയ്ക്കുവിറ്റും കൊട്ടാരത്തിലെ മുതലുകൾ കവർന്നും അന്യായമായി ധനാർജനം ചെയ്തു ഈ ധർമ്മരാജ്യത്ത് അധർമ്മത്തിന്റെ വിജയപതാകയെ നാട്ടുവാൻ ഉദ്യമിച്ചിരിക്കുന്ന രണ്ടു സേവകന്മാരേയും അവരുടെ ആശ്രിതന്മാരായ ഉദ്യോഗസ്ഥന്മാരേയും, ഇവരുടെ അഴിമതികൾ നിമിത്തം നാട്ടുകാർക്ക് ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതും ഉണ്ടാകാവുന്നതും ആയ കഷ്ടനഷ്ടങ്ങളെയും മേൽപ്പടി ലേഖന പരമ്പരയിൽ പ്രതിപാദിച്ചിട്ടുള്ളത് രാജദ്രോഹമാണെങ്കിൽ, ആ രാജദ്രോഹം ഈ സംസ്ഥാനത്തിലെ എന്നല്ല, ഇന്ത്യാമഹാരാജ്യത്തിലെയും ശിക്ഷാനിയമത്താൽ പരികൽപിക്കപ്പെട്ടിട്ടില്ലെന്ന് ഞാൻ നല്ലവണ്ണം അറിയുന്നുണ്ട്. ഇവരുടെ അക്രമങ്ങളെപ്പറ്റി പറയുന്നത് രാജദ്രോഹമാണെങ്കിൽ, ഇവർ രാജഭരണകീർത്തിയെ മലിനപ്പെടുത്തുമാറു ചെയ്യുന്ന ജനദ്രോഹ കർമ്മങ്ങൾ മേൽപ്പറഞ്ഞ ചങ്ങാതിമാരുടെ ദൃഷ്ട്യാ, രാജഭക്തിയുടെ പ്രകടനങ്ങളായിരിക്കണം. അത്തരത്തിലുള്ള രാജഭക്തിയിൽ ഞാൻ ലുബ്ധൻ തന്നെ എന്നു സമ്മതിക്കുന്നു. അഴിമതിക്കാരായ രാജസേവകന്മാരുടെ അക്രമങ്ങൾ കൊണ്ടു ജനതയ്ക്കുള്ള സങ്കടങ്ങളെ പറയുന്നത് രാജദ്രോഹമാണെങ്കിൽ അത്തരത്തിലുള്ള രാജദ്രോഹത്തിന്നു ഞാൻ ദണ്ഡനാർഹൻ തന്നെ. എന്നാൽ ഈ സംസ്ഥാനത്തെ അധിപതിയായ മഹാരാജാവു തിരുമനസ്സിലെ പേരിലുള്ള ഭക്തിയിൽ ഞാൻ അന്യൂനനാണെന്നും മഹാരാജാവിന്റെ പേരിൽ ദ്രോഹബുദ്ധി എന്റെ പത്രത്തിലുള്ള യാതൊരു ലേഖനത്തിലും സ്ഫുരിക്കുന്നതിന്നു സംഗതിയില്ലെന്നും ഞാൻ ഉറപ്പുപറയുന്നു. എന്റെ ദൈവം കല്ലും മരവുമല്ലാ; എന്റെ രാജാവ് അഴിമതിക്കാരായ രാജസേവകന്മാരുമല്ലാ. എന്നെ നാടുകടത്തുന്നത് രാജ സേവന്മാരുടെ പേരിൽ ഭക്തിയില്ലെന്ന കുറ്റത്തിനാണെങ്കിൽ ആ ശിക്ഷാനിയമം ആ സേവന്മാരുടെ മനോരാജ്യത്തിൽ നടപ്പാക്കപ്പെട്ടിട്ടുള്ള വകയായിരിക്കാം; തിരുവിതാംകൂർ രാജ്യത്തിലെ ശിക്ഷാനിയമപ്രകാരമായിരിക്കയില്ല. അല്ലെങ്കിൽ തന്നെ, നാടുകടത്തൽ കാരാഗൃഹം മുതലായ ശിക്ഷകളെ ഭയപ്പെടേണ്ട ആവശ്യം എനിക്കില്ല. ഞാൻ എന്റെ രാജ്യത്തിലെ നിയമത്തെ ലംഘിക്കുന്നില്ല. ആ ശിക്ഷകളെ ഭയപ്പെടേണ്ടവർ, കൊട്ടാരങ്ങളിൽ കൊലപാതകം ചെയ്തും, സാധുജനങ്ങളുടെ ധനാപഹാരം ചെയ്തും, യജമാനന്മാരെ ദ്രോഹിച്ചും ഈശ്വര സങ്കൽപ്പത്തിന്നു

വിരുദ്ധമായ മറ്റു അകൃത്യങ്ങൾ പ്രവർത്തിച്ചും പാപക്കുണ്ടിൽ പതിച്ചിരിക്കുന്നവരാണ്. അവർക്കാണ് കാരാഗൃഹവാസം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അവർ രമ്യഹർമ്മ്യങ്ങളിലോ രാജസദനങ്ങളിലോ മറ്റോ പാർക്കുന്നതായി ഇതരന്മാർക്കു തോന്നുന്നുണ്ടായിരിക്കുമെങ്കിലും അവ അവരുടെ കാരാഗൃഹങ്ങളാകുന്നു. ധർമ്മം, സത്യം മുതലായ സൽപ്രമാണങ്ങളെ ജീവിത മാതൃകകളായി ഗ്രഹിച്ച് അധർമ്മം, അസത്യം മുതലായവയെ വർജ്ജിക്കുന്നവർക്ക്, ഏതു കാരാഗൃഹവും കാരാഗൃഹമാകയില്ല. പാപം ചെയ്ത മനസ്സിനേ ചുറ്റുമുള്ള ചുമരുകളുടെ മദ്ധ്യേ കാരാഗൃഹത്തെ ശങ്കിക്കുവാൻ സംഗതിയുള്ളു. അത്രയുമല്ല, ഈ ഭൂലോകത്തെ ഏതു ഗവണ്മെന്റിനും ഒരുവന്റെ ശരീരത്തെയല്ലാതെ, മനസ്സിനെ തടവിലിടുവാൻ അധികാരമില്ല, ശക്തിയുമില്ല. ഈശ്വരനെ കല്ലും മരവുമല്ലാതെ ധർമ്മം, സത്യം മുതലായവയുടെ സങ്കേതമായ പരബ്രഹ്മമായി ധ്യാനിക്കുന്നവർക്കു ശരീരം നിസ്സാരവും, ആത്മാവിനെ അധർമ്മങ്ങളുടെ കേളീരംഗമായ ഭൂമിയിൽനിന്ന് നാടുകടത്തുന്നത് എത്രയോ ആനന്ദപ്രദവും ആകുന്നു. അതിനാൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ കീർത്തിയെ ഹനിച്ചിരിക്കുന്ന രാജസേവന്മാരുടെ അഴിമതികളുടെ നേർക്കുള്ള പ്രതിരോധത്തിൽ, അവരുടെ ആശ്രിതന്മാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നോ മറ്റോ നേരിടാവുന്ന വിപത്തുകൾ എനിക്കു ഭീഷണങ്ങളല്ലാ. ഞാൻ ഇതേവരെ ഒരു രാജദ്രോഹവും പ്രവർത്തിച്ചിട്ടില്ല, പ്രസംഗിച്ചിട്ടുമില്ല, വിചാരിച്ചിട്ടുമില്ല. അഴിമതിക്കാർക്കു വിരോധമായി വർത്തിക്കുന്നതു രാജദ്രോഹവുമല്ല. എന്നെ രാജദ്രോഹക്കുറ്റം ചുമത്തി ശിക്ഷിക്കണമെന്ന് ദുർഭാഷണം ചെയ്തു നടക്കുന്നവരുടെ പ്രകൃതിവിരുദ്ധങ്ങളായ കർമ്മങ്ങൾ മനോരമ്യങ്ങളായിരിക്കട്ടെ: അവ എന്നെ ബാധിക്കുകയില്ല. അവ അവർക്കുതന്നെ കണ്ഠപാശമായി തീരുകയേ ഉള്ളൂ. ●

# പുതിയ പ്രസ്സ് റെഗുലേഷൻ

('സ്വദേശാഭിമാനി' യുടെ വിമർശനങ്ങൾകൊണ്ട് പൊറുതിമുട്ടിയ ദിവാൻ പി.രാജഗോപാലാചാരി, അതിൽ നിന്നു രക്ഷപ്പെടാൻ ഒരു പത്ര നിയന്ത്രണ നിയമം കൊണ്ടുവരാൻ തീർച്ചയാക്കി. ഈ കാര്യം എങ്ങിനെയോ പരസ്യമായി. ദിവന്റെ ഉദ്യമത്തിന് ആക്ഷേപഹാസ്യരൂപത്തിലുള്ള മറുപടിയാണ് ഈ ലേഖനം. അതോടെ, പത്രനിയന്ത്രണ നിയമത്തിന്റെ ആലോചനതന്നെ ഉപേക്ഷിച്ചു. നാടുകടത്തലിന്നുശേഷം സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള മദിരാശിയിലെ 'ഇന്ത്യൻ പാട്രിയട്ടിന്റെ' പേരിൽ കൊടുത്ത മാനനഷ്ടകേസിന്റെ വിചാരണയിൽ, അന്യായക്കാരൻ രാജദ്രോഹി തന്നെയാണെന്നു സ്ഥാപിക്കാൻ പ്രതിഭാഗം ഈ ലേഖനം വായിച്ചപ്പോൾ, ജഡ്ജിയും അഭിഭാഷകരും മറ്റെല്ലാവരും പൊട്ടിച്ചിരിച്ചുപോയി. 1910 ജൂലൈ 8-ാം തീയതിയിലെ 'സ്വദേശാഭിമാനി' യിൽ പ്രസിദ്ധീകരിച്ചത്.)

ചുവടെ ചേർക്കുന്നത് ഒരു ലേഖകൻ വഴിയിൽ കിട്ടിയ കടലാസിൽ നിന്ന് പകർത്തിയെഴുതി അയച്ചുതന്നതാകുന്നു. വായിച്ചുനോക്കിയിടത്തോളം, അത് ആരോ എഴുതിയുണ്ടാക്കിയ ഒരു പ്രസ്സ് റെഗുലേഷന്റെ നഖൽ ആണെന്നു കാണുന്നു. ഇതിന്റെ കർത്താവ് ആരാണെന്നോ ഇത് ഏതു നിയമ നിർമ്മാണസഭയിൽ പ്രയോഗിക്കുവാൻ പോകുന്നതെന്നോ ഊഹിക്കുന്നതിലേക്ക് ഒരു ലക്ഷ്യവും കാണുന്നില്ല എന്നും ലേഖകൻ അറിയിക്കുന്നു. പത്രവായനക്കാരായ ബഹുജനങ്ങൾക്കു രസകരമായി തീരുമെന്നു വിചാരിച്ചാണ് ഇതിനെ പ്രസിദ്ധീകരിക്കാമെന്നു നിശ്ചയിച്ചത്.

### 108-ാമാണ്ടത്തെ ാം `റെഗുലേഷൻ

അച്ചടിശാലകളേയും വർത്തമാന പത്രങ്ങളേയും നിയന്ത്രണം ചെയ്യുന്നതിനായി 1079-ാമാണ്ട് നടപ്പാക്കിയ രണ്ടാം റെഗുലേഷനെ ഭേദപ്പെടുത്തേണ്ടത് ആവശ്യമാണെന്നു കണ്ടിരിക്കകൊണ്ട് ഇതിനാൽ നിയമിക്കുന്നതെന്തെന്നാൽ,

(1) ഈ റെഗുലേഷനെ അച്ചടിശാലകളേയും വർത്തമാനപത്രങ്ങളേയും നിയന്ത്രിക്കുന്നതിനായുള്ള 108ാമാണ്ടത്തെ -ാം റെഗുലേഷൻ എന്നു വിളിക്കുന്നതാകുന്നു.

(2) 1079-ാമാണ്ടത്തെ രണ്ടാം റെഗുലേഷനിൽ നിന്ന് ഇതിൽ ഭേദപ്പെടുത്തിയിരിക്കുന്നേടത്തോളം ഭാഗങ്ങൾ അത്രയും ഇതിനാൽ റദ്ദുചെയ്യുന്നതും അവയ്ക്കു പകരം ഇതിലെ വകുപ്പുകളെ അംഗീകരിക്കാൻ ആജ്ഞാപിക്കുന്നതും ആകുന്നു.

(3) ഈ റെഗുലേഷനിലെ പരികല്പനങ്ങൾ, തെക്കു കന്യാകുമാരി മുതൽ വടക്കു വടങ്കോട്ടുവരേയും കിഴക്ക് സഹ്യാദ്രി മുതൽ പടിഞ്ഞാറ് അറേബ്യൻ സമുദ്രംവരേയും ഉള്ള ഭൂമിയിൽ നമ്മുടെ ദിവാൻജിമാരുടെ പിടിപ്പുകേടു നിമിത്തം അന്യന്മാർക്കു വിട്ടുകൊടുത്തു പോയിട്ടുള്ള പ്രദേശങ്ങളൊഴികെയുള്ള സ്ഥലജലങ്ങളിലെങ്ങും വ്യാപിക്കുന്നതും, ഇത് ഉടനടി നടപ്പിൽ വരുന്നതും ആകുന്നു.

(4) ഈ റെഗുലേഷനിൽ, സന്ദർഭത്താൽ അന്യഥാ അർത്ഥം വല്ലതും ഉണ്ടായാലല്ലാതെ,താഴെ കുറിക്കുന്ന പദങ്ങൾക്ക് ഇതിനാൽ വിവരിക്കുന്ന അർത്ഥം ഉണ്ടായിരിക്കുന്നതാകുന്നു.

(എ) അച്ചടി എന്നതിൽ, കല്ലച്ചിലോ സൈക്ലോസ്റ്റൈറലിലോ പതിക്കുന്നതോ കൈകൊണ്ട് എഴുതുന്നതോ ആയ സകലതും ഉൾപ്പെടുന്നതാകുന്നു.

ജ്ഞാപകം-കൈയെഴുത്തു പത്രങ്ങൾ ഈ റെഗുലേഷന്റെ കാര്യത്തിൽ അച്ചടിയായി ഗണിക്കപ്പെടുന്നതാണ്.

(ബി) വർത്തമാനപത്രം- എന്നാൽ, നിയതകാലങ്ങളിൽ പുറപ്പെടുന്നതും പബ്ലിക് വാർത്തകളോ പബ്ലിക് വാർത്തകളെപ്പറ്റിയ നിരൂപണങ്ങളോ അടങ്ങിയതും, മടക്കിക്കുത്തിക്കെട്ടാത്തതും ആയ കൃതിയാകുന്നു.

(സി) പുസ്തകം- എന്നാൽ, 1079-ാമാണ്ടത്തെ രണ്ടാം റെഗുലേഷനിൽ വിവരിച്ചിട്ടുള്ളതിന്നു പുറമെ, പബ്ലിക് വാർത്തകളോ പബ്ലിക് വാർത്തകളെപ്പറ്റിയ നിരൂപണങ്ങളോ അടങ്ങിയതും, നിയതകാലത്തിൽ പുറപ്പെടുവിക്കുന്നതും ആയിരുന്നാലും, മടക്കിക്കുത്തികെട്ടീട്ടുള്ളതായ കൃതി എന്നു കൂടി അർത്ഥമാകുന്നു.

ജ്ഞാപകം- മാസംതോറുമോ, രണ്ടുമസത്തിലൊരിക്കലോ, മൂന്നുമാസത്തിലൊരിക്കലോ മറ്റോ പ്രസിദ്ധപ്പെടുത്തിവരാറുള്ള 'മാഗസീൻ' (പത്രഗ്രന്ഥം). വർത്തമാനപത്രങ്ങളെപ്പോലെ, പബ്ലിക് വാർത്തകളോ പബ്ലിക് വാർത്തകളെപ്പറ്റിയ നിരൂപണങ്ങളോ അടങ്ങിയതും, നിയതകാലത്തിൽ പുറപ്പെടുവിക്കുന്നതും ആയിരുന്നാലും, വർത്തമാനപത്രം ആകയില്ല, പുസ്തകം ആകുന്നു.

(1910 ജൂൺ 1-ാംയിലെ 32-ാം നമ്പർ ഹജ്ജൂർ ലെറ്ററും 1085 ഇടവം 20-ലെ 48-ാം നമ്പർ അഞ്ചൽ സർക്കുലറും നോക്കുക.)

(5) ഈ റെഗുലേഷൻ വ്യാപിക്കുന്ന പ്രദേശങ്ങളിൽ എവിടേയും, ഈ റെഗുലേഷൻ നടപ്പാക്കുന്ന തീയതിയിൽ ഉണ്ടായിരിക്കുന്നതോ, മേലാൽ ഉണ്ടാവുന്നതോ, ആയ യാതൊരു അച്ചടിശാലയും വർത്തമാനപത്രവും അയ്യായിരം രൂപ ഗവണ്മെന്റിലേക്ക് ജാമ്യം കെട്ടിവെക്കേണ്ടതാകുന്നു. ഇപ്പോഴുള്ള അച്ചടിശാലകളും വർത്തമാനപത്രങ്ങളും ഈ റെഗുലേഷൻ നടപ്പാക്കുന്ന ക്ഷണം മുതൽക്ക് ഒരു മണിക്കൂറിന്നുള്ളിലും, മേലാൽ സ്ഥാപിക്കുന്ന അച്ചടിശാലകളും വർത്തമാനപത്രങ്ങളും, സ്ഥാപനത്തിനു മുമ്പേയും, ജാമ്യം കെട്ടിവെക്കേണ്ടതാണ്.

ദിവാൻജിക്കു യുക്തമെന്നു തോന്നുന്ന പക്ഷം, ജാമ്യത്തുക ചുരുക്കുകയോ ജാമ്യം വേണ്ടെന്നു

വെക്കുകയോ ചെയ്യാവുന്നതാകുന്നു.

ജാമ്യത്തുകകളെ അൽവെത്ത്നട്ട് കമ്പനി ബാങ്കിൽ നിക്ഷേപിക്കുന്നതും, പലിശ അതാതിന്റെ ഉടമസ്ഥന്മാർക്ക് കൊടുക്കുന്നതുമാകുന്നു. എന്നാൽ മേൽപടി കമ്പനി ബാങ്ക് പൊളിഞ്ഞുപോയാൽ, ജാമ്യത്തുക വീണ്ടും കെട്ടിവെക്കേണ്ടതല്ലാതെ, നഷ്ടത്തിന്നു ഗവണ്മെന്റ് ഉത്തരവാദിയാകുന്നതല്ല.

(6) യാതൊരു അച്ചടിശാലയിൽനിന്നും ദിവാൻജിയുടേയോ, യാതൊരു കൊട്ടാരം സേവന്റേയോ, മാതൃകാ ഉദ്യോഗസ്ഥന്റേയോ, രഹസ്യമായോ പരസ്യമായോ ഉള്ള നടത്തയെക്കുറിച്ച്, ബഹുജനങ്ങളുടെ ഉള്ളിൽ ജുഗുപ്സ ജനിപ്പിക്കത്തക്കവണ്ണം വ്യംഗ്യമായോ വാച്യമായോ അർത്ഥമാകുന്ന രാജദ്രോഹകരമായ യാതൊന്നും അച്ചടിക്കയോ, പ്രസിദ്ധീകരിക്കുകയോ ചെയ്തുകൂടാത്തതാകുന്നു.

വിവരണം:- ഒരു ദിവാൻജി വേശ്യാലമ്പടനാണെന്നു പറയുന്നത് രാജദ്രോഹമാകുന്നു. ഒരു മാതൃകാ ഉദ്യോഗസ്ഥൻ ഒരു ദിവാൻജിക്കു വേശ്യകളെ സംഭരിച്ചു കൊടുക്കുന്നു എന്നു പറയുന്നതും രാജദ്രോഹമാകുന്നു. ഒരു കൊട്ടാരം സേവൻ സർക്കാരുദ്യോഗങ്ങൾ കൊടുപ്പാനായി കൈക്കൂലി മേടിക്കുന്നു എന്നു പറയുന്നത് രാജദ്രോഹമാകുന്നു. ഒരു കൊട്ടാരം സേവൻ അരമനമുതൽ അപഹരിക്കുന്നു എന്നു പറയുന്നതും രാജദ്രോഹമാകുന്നു. ദിവാൻജി സ്വേച്ഛാപ്രഭുവായി ഹൈക്കോടതിയെ നിന്ദിക്കുന്നുവെന്നോ, ജാതിസ്പർദ്ധാജനകമായ നടപടികൾ നടത്തുന്നു എന്നോ പറയുന്നതും രാജദ്രോഹമാകുന്നു. ഒരു ദിവാൻജി പൊതുജനങ്ങളുടെ പക്കൽനിന്നു ശേഖരിക്കുന്ന പബ്ലിക് പണത്തെ പാഴ്ച്ചെലവു ചെയ്യുന്നു എന്നു പറയുന്നതും രാജദ്രോഹമാകുന്നു. ഉദ്യോഗക്കയറ്റത്തിന്ന് ന്യായാവകാശിയെ വിസ്മരിച്ച് ആശ്രിതന്മാരെ നിശ്ചയിക്കുന്നു എന്നു പറയുന്നതും രാജദ്രോഹമാകുന്നു.

വ്യത്യസ്തം:- (1) ദിവാൻജിയുടേയോ കൊട്ടാരം സേവന്റേയോ മാതൃകാ ഉദ്യോഗസ്ഥന്റേയോ നടപടികളെക്കുറിച്ചുള്ള ആക്ഷേപം അവരെ മുഖസ്തുതി ചെയ്യുന്ന പത്രങ്ങളിൽ വന്നാൽ രാജദ്രോഹമാകയില്ല.

വ്യത്യസ്തം:- (2) മുൻ വിവരിച്ച വിധത്തിൽ ആക്ഷേപം പറഞ്ഞതിന്റെ ശേഷം ഒരു പത്രം മേലാൽ അങ്ങിനെ ആക്ഷേപം പറയാതിരിക്കുന്നതിന്ന് പ്രതിഫലമായി പട്ടോ, പണമോ, വളയോ സംഭാവന മേടിക്കുമെങ്കിൽ, ആ ആക്ഷേപ പ്രസ്താവം രാജദ്രോഹമാകയില്ല.

(7) മുൻ ആറാം വകുപ്പിൽ പറഞ്ഞിരിക്കുന്ന തരത്തിൽ രാജദ്രോഹകരമായോ, പ്രക്ഷോഭജനകമായോ, ഭീഷണമായോ, മനോവ്യഥാജനകമായോ ഉള്ള വാക്കുകളടങ്ങിയ വർത്തമാനപത്രങ്ങളേയോ പുസ്തകങ്ങളേയോ അഞ്ചൽവഴി അയക്കുകയോ, ചെലവു ചെയ്കയോ, യാതൊരുവനും വായിക്കുകയോ ചെയ്തുകൂടാത്തതും, അപ്രകാരം ശങ്കിക്കപ്പെടുവാൻ കാരണമുള്ള യാതൊരു വർത്തമാനപത്രത്തെയും പുസ്തകത്തെയും മേൽവിലാസക്കാർക്കു കൊടുക്കാതെ യുക്തമെന്നു തോന്നുന്ന പ്രകാരത്തിൽ നശിപ്പിച്ചു കളവാൻ അഞ്ചൽമാസ്റ്റർമാർ, ഗുമസ്തന്മാർ, ചെലവു സാധനക്കാർ, അഞ്ചലോട്ടക്കാർ എന്നിവർക്കു, ഗവണ്മെന്റിന്റെ ആജ്ഞയില്ലെങ്കിൽകൂടെയും അധികാരം ഉള്ളതുമാകുന്നു.

(8) മുൻ ആറാം വകുപ്പിലെ നിബന്ധനയ്ക്കു വിപരീതമായി, രാജദ്രോഹകരമായ വല്ലതും അച്ചടിക്കയോ പ്രസിദ്ധീകരിക്കയോ ചെയ്യുന്ന യാതൊരുവന്നും, കുറ്റം സ്ഥാപിച്ചു കഴിഞ്ഞാൽ, ജീവപര്യന്ത്യം ഏകാന്തത്തടവോ, അമ്പതുകൊല്ലത്തിൽ കവിയാത്ത കാലത്തേക്കു നാടുകടത്തലോ, രണ്ടുംകൂടേയോ ശിക്ഷ വിധിക്കുന്നതാകുന്നു. അച്ചടിശാലയെ ഗവണ്മെന്റ് കണ്ടുകെട്ടിയെടുക്കുന്നതും ആകുന്നു.

(9) മുൻ ഏഴാം വകുപ്പിൽ പറയും പ്രകാരം ഉള്ള രാജദ്രോഹകരമോ, പ്രക്ഷോഭജനകമോ, ഭീഷണമോ, മറ്റോ വ്യഥാജനകമോ ആയ വാക്കുകളടങ്ങിയ വർത്തമാന പത്രമോ പുസ്തകമോ, അഞ്ചലിലയക്കാൻ കൊണ്ടുപോയി പെട്ടിക്കുള്ളിലിടുകയോ, വായിക്കുകയോ ചെയ്യുന്ന യാതൊരുവന്നും, അതു കണ്ടുപിടിച്ചാൽ, കൊരടാവുകൊണ്ട് അടിമുതൽ മുടിവരെ നൂറു പ്രഹരമോ, കൈകാലുകളിൽ ഇരുമ്പുകോൽ പഴുപ്പിച്ച് അമ്പതുചൂടോ, രണ്ടും കൂടെയോ, ശിക്ഷ വിധിക്കുന്നതാകുന്നു.

(10) യാതൊരു അച്ചടി ശാലയേയും വർത്തമാനപത്രത്തേയും ഈ റെഗുലേഷന്റെ നിബന്ധനകളിൽ നിന്ന് ഒഴിവാക്കുവാൻ നമ്മുടെ ദിവാൻജിക്കു അധികാരമുള്ളതാകുന്നു.

## നാലാം വകുപ്പിൽ കൂട്ടിച്ചേർപ്പാൻ

(ഡി) ദിവാൻജി- എന്നാൽ, നമ്മുടെ അധീനതയിലിരിക്കുന്ന സംസ്ഥാനത്തെ ഭരിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ എക്സിക്യൂട്ടീവ് (കർമ്മാധികാര)മേലാവാകുന്നു.

ജ്ഞാപകം- എക്സിക്യൂട്ടീവ് മേലാവായിട്ട് സ്ഥിരലാവണത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥനൊഴികെ, ദിവാൻ കാര്യവിചാരത്തിനായി തൽക്കാലത്തേക്കു നിയോഗിക്കപ്പെടുന്ന അഫീഷ്യേറ്റിംഗ് ദിവാൻ ദിവാൻജിയായി ഗണിക്കപ്പെട്ടുകൂടാ.

ഉദാ:- സ്ഥിരം ദിവാനായ ഏ-യ്ക്കു പകരം തൽക്കാലം കാര്യവിചാരം ചെയ്യുന്ന അഫീഷ്യേറ്റിംഗ് ദിവാനായ സീനിയർ ദിവാൻ പേഷ്ക്കാർ ദിവാൻജിയല്ല.

(ഇ) 'കൊട്ടാരം സേവൻ'- എന്നാൽ മഹാരാജാവു തിരുമനസ്സിലെ അരമനയെ സേവിക്കുന്നവനും, തിരുമനസ്സറിയാതെ അരമനയിലെ മുതലിനെ ചൂഷണം ചെയ്യുന്നവനും, രാജ്യകാര്യങ്ങളിൽ സ്വപ്രഭാവത്തെ പ്രയോഗിക്കുന്നവനും ആയ ജീവനക്കാരൻ ആകുന്നു.

ജ്ഞാപകം- 'അവൻ' എന്നതിന്ന് ഉപലക്ഷണയാണ് 'അവൾ' എന്നും അർത്ഥമാകുന്നു.

(എഫ്) 'മാതൃകാ ഉദ്യോഗസ്ഥൻ'- എന്നാൽ ദിവാൻജിയാൽ കാമിതങ്ങളായുള്ളവയെല്ലാം ശരിയായി സാധിച്ചുകൊടുക്കുന്ന സർക്കാർ ജീവനക്കാരൻ എന്നർത്ഥമാകുന്നു. പൊതുജനഹിതത്തെ മാത്രം ദീക്ഷിക്കുന്ന സർക്കാർ ജീവനക്കാരൻ അല്ല. ●

## ഗർഹ്യമായ നടത്ത

ദിവാൻ മി. പി. രാജഗോപാലാചാരി തിരുവിതാംകൂർ സംസ്ഥാനത്തിൽ മന്ത്രിസ്ഥാനം കൈയേറ്റതിന്റെ ശേഷമായി, ഈ നാട്ടിലെ സദാചാരബോധത്തിന്, മുമ്പ് യാതൊരു ദിവാൻജിയുടെയും കാലത്ത് ഉണ്ടായിട്ടില്ലാത്തവിധത്തിൽ വൈകല്യം തട്ടീട്ടുണ്ടെന്നു ഞങ്ങൾ ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പറയേണ്ടിവന്ന സന്ദർഭങ്ങളൊക്കെയും, മി. ആചാരിയുടെ നടത്തയെക്കുറിച്ച് ബഹുജനങ്ങൾക്ക് രോഷമുണ്ടാകത്തക്കവണ്ണം അദ്ദേഹം സദാചാരത്തിൽനിന്ന് വ്യതിയാനം ചെയ്തതുനിമിത്തം ജനങ്ങൾ ക്രുദ്ധിച്ചു വശമായ സന്ദർഭങ്ങളായിരുന്നു എന്ന് വായനക്കാർ പലരും അറിഞ്ഞിരിക്കയില്ലാ. ഒരു നാട്ടിലെ മന്ത്രി സാധാരണ സർക്കാരുദ്യോഗസ്ഥന്മാരേക്കാൾ തുലോം ഉയർന്ന മാതൃകാസ്ഥാനത്തോടുകൂടിയവനാണെന്നും, മന്ത്രിമാർ ജനങ്ങൾക്ക് കണ്ടുപഠിക്കേണ്ട ഉത്തമഗുണങ്ങളോടുകൂടിയവരായിരിക്കേണ്ടതാണെന്നും, ഈ ഗുണങ്ങളിൽ മുഖ്യമായത് മന്ത്രിമാരുടെ നടത്തയാണെന്നും ഗ്ലാഡ്സ്റ്റൻ മുതലായ മഹാന്മാരുടെ ജീവിതവൃത്തിയെയും ഇംഗ്ലീഷ്ജനതയുടെ അഭിപ്രായഗതികളെയും ഉദാഹരിച്ചുകൊണ്ട് ഞങ്ങൾ ഇതിനുമുമ്പ് പ്രസംഗിച്ചിട്ടുണ്ട്. അക്കാലങ്ങളിൽ, മി. ആചാരിയുടെ നടത്തയെ സാധൂകരിക്കുന്നതിന് പത്രധർമ്മച്ചെപ്പടിവിദ്യകളാൽ നിപുണന്മാരായ ചില സഹജീവികൾ മുന്നോട്ടു ചാടിവന്ന് മി. ആചാരിയുടെ ന്യൂനതകൾ അദ്ദേഹം ഒരു മനുഷ്യനായിട്ടുമാത്രം വന്നിട്ടുള്ള ന്യൂനതകളാണെന്നും മറ്റും വ്യപദേശം ചെയ്തിരുന്നു. ഇത്തരം ഒരു വ്യപദേഷ്ടാവായിരുന്ന കോട്ടയത്തെ 'മലയാളമനോരമ'യുടെ ഈ 'മനുഷ്യ'നെ മറ്റു മനുഷ്യരുടെ കൂട്ടത്തിൽ നിറുത്താതെ, മന്ത്രിസ്ഥാനത്തു പിടിച്ചിരുത്തിയത്, സാധാരണമനുഷ്യരെക്കാൾ ഉയർന്ന നിലയിൽ നടക്കേണ്ടതിന് ചുമതലപ്പെട്ട ഒരു ജോലിയെ നിർവ്വഹിക്കുവാൻ പരീക്ഷാബിരുദയോഗ്യതകൊണ്ടും മറ്റും മി. ആചാരിക്ക് അർഹതയുണ്ടായിരിക്കുമെന്നു കരുതീട്ടായിരിക്കണമെന്ന്, സമ്മതിക്കാതെ കഴികയില്ലാ. എന്നാൽ, 'മലയാളമനോരമ'യുടെ ഈ 'മനുഷ്യൻ' മനുഷ്യർക്ക് ഈശ്വരനാൽ ദത്തമായിട്ടുള്ള ആത്മനിയന്ത്രണശക്തിയെയും ആത്മജ്ഞത്വത്തെയും ആത്മാഭിമാനത്തെയും വെടിഞ്ഞ് കേവലം മൃഗങ്ങൾക്ക് ഉചിതങ്ങളായ ആവേശങ്ങൾക്കു വശപ്പെട്ട് അസന്മാർഗചേഷ്ടകളെ കാണിക്കുന്നു എന്നു വന്നാൽ. അങ്ങനെയുള്ള ഒരു മനുഷ്യന്റെ ന്യൂനതയെ വ്യപദേശിക്കുന്നതിന് 'മലയാളമനോരമ'യ്ക്ക് ലജ്ജയില്ലായ്മയുണ്ടായിരിക്കാമെങ്കിലും, സദസദ്വിവേചന ശക്തിയുള്ള അന്യന്മാർ അതിനെ സഹിക്കയില്ലെന്നതു നിസ്സംശയംതന്നെയാണ്. മി. ആചാരി തന്റെ നിലയെയും, തന്റെ വിദ്യാഭ്യാസഗുണത്തെയും, താൻ ഒരു ധർമ്മരാജ്യ

ത്തിന്റെ വിശ്വസ്തഭൃത്യനായിത്തീർന്നിരിക്കുന്നതിനാൽ ആ രാജ്യത്തിന്റെ പേരിലുണ്ടായിരിക്കേണ്ട ബഹുമാനത്തെയും മറന്ന്, സാധാരണ മനുഷ്യരിൽ അധമന്മാർകൂടെയും ചെയ്യാൻ അറയ്ക്കുന്ന പ്രവൃത്തികളെ ധാർഷ്ട്യത്തോടുകൂടി ചെയ്യാൻ ഒരുമ്പെട്ടിരിക്കുന്നത് 'മലയാളമനോരമ'യെപ്പോലെയുള്ള വ്യപദേഷ്ടാക്കന്മാരാൽ ആദരിക്കപ്പെടുമായിരിക്കുമെങ്കിലും, തിരുവിതാംകൂറിലെ പൊതുജനങ്ങളുടെയിടയിൽ സത്കരിക്കപ്പെടുന്നതല്ലെന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്. സർക്കാരുദ്യോഗസ്ഥന്മാരുടെ ഉദ്യോഗസംബന്ധമായ നടപടികളെ ഞങ്ങൾ പലപ്പോഴും കുറെയേറെ പുരുഷസ്വരത്തിലാണെന്നുവരികിലും, പറയാറുണ്ടെന്നിരുന്നാലും അവരിൽ ചിലരുടെ ദുർന്നടത്തകളെ ഞങ്ങൾ സൂചിപ്പിക്കാറുണ്ടെന്നല്ലാതെ, ഈ ദുർന്നടത്തകളിൽ, പ്രസ്താവത്തിൽ മർമ്മഭേദകങ്ങളായി തോന്നുന്നവയെ, വെട്ടിത്തുറന്നു പറയുവാൻ ഞങ്ങൾ ഒരുങ്ങീട്ടില്ലാ. മി. ആചാരിയെ സംബന്ധിച്ചും ഇങ്ങനെതന്നെയാണ് ഞങ്ങൾ ആചരിച്ചിട്ടുള്ളതെങ്കിലും, അദ്ദേഹത്തിന്റെ നടത്ത ഞങ്ങളെ ആ അതിരിൽനിന്നും കവിഞ്ഞുപോവാൻ പലപ്പോഴും പ്രേരിപ്പിക്കാറുമുണ്ട്. മി. ആചാരി സർക്കീട്ടുപോകുന്ന സ്ഥലങ്ങളിൽനിന്ന് അദ്ദേഹത്തിന്റെ നടത്തയെക്കുറിച്ച് വളരെ നിന്ദ്യമായ വർത്തമാനങ്ങളാണ് ഇളകിക്കൊണ്ടിരിക്കുന്നതെന്ന് ഈ നാട്ടിലെ പത്രപ്രവർത്തകന്മാർക്കൊക്കെ അറിവുണ്ടായിരിക്കാനിടയുണ്ട്. വിശേഷിച്ചും, അദ്ദേഹത്തിന്റെ വ്യപദേഷ്ടാവായ 'മലയാളമനോരമ'യുടെ ദേശത്തുള്ളവർ മി. ആചാരിയുടെ ഈ ചപലതയെപ്പറ്റി അത്യുച്ചത്തിൽ അപഹസിച്ചു പലേ കഥകൾ ഞങ്ങളോടുതന്നെ പറഞ്ഞിട്ടുണ്ട്. ഈ അപഹസിക്കപ്പെട്ട ചപലത എന്തായിരിക്കും എന്ന് വായനക്കാർ ചിലർ, പക്ഷേ, മി. ആചാരിയുടെ വ്യപദേഷ്ടാവുകൂടെയും ചോദിക്കുമായിരിക്കാം. അത് ഇവിടെ നടപ്പുള്ള കൈക്കൂലി അല്ലാ; അധികാരപ്രമത്തതയുമല്ലാ; സാധുദ്രോഹവുമല്ലാ; ഈ നാട്ടിൽ ചിലർ ഒരു ബഹുമാനവൃത്തിയായി ആചരിക്കുന്ന വേശ്യാലമ്പടത്വമാകുന്നു. ഞങ്ങളുടെ പ്രസ്താവം മി. ആചാരിയുടെയും അദ്ദേഹത്തിന്റെ സ്തുതിപാഠകന്മാരുടെയും ഹൃദയത്തിൽ അഗ്ന്യസ്ത്രമെറിഞ്ഞതായി തോന്നിയേക്കാം. ഇത്തരം സത്യപ്രസ്താവങ്ങൾ മർമ്മഭേദകങ്ങളാകയാൽ, ഇവയെ തടയുവാൻ മി. ആചാരി ഒരു പ്രസ്സാക്ടും കൊണ്ടുവന്നേക്കാം. തന്റെ ദുർന്നടത്തകളെയും ദുർന്നയങ്ങളെയുംകുറിച്ചുള്ള അമർഷത്തെ വെളിപ്പെടുത്തുന്ന പത്രങ്ങളെ ഹനിച്ചേക്കാം. ഈ വക പ്രസ്താവങ്ങളെ തർജ്ജമ ചെയ്തു കേൾപ്പിക്കാൻ പ്രത്യേകം ഏർപ്പാടു ചെയ്തിരിക്കാം. തുർക്കിയിലെ സുൽത്താൻ ഹമീദിനെപ്പോലെ സ്വതന്ത്രാഭിപ്രായപ്രകടനമാർഗ്ഗങ്ങളെയൊക്കെ നിരോധിച്ചേക്കാം. പക്ഷേ, അല്ലാ, നിശ്ചയമായും 'സ്വദേശാഭിമാനി'യെയും തന്റെ കോപത്തിന്നിരയാക്കിയേക്കാം. ഈ ഫലങ്ങളെ ഞങ്ങൾ നിശ്ശേഷം വകവയ്ക്കുന്നില്ലാ. ഇവയെ ഞങ്ങൾ സസന്തോഷം സത്കരിക്കുന്നു. ഈ അപകടങ്ങളൊക്കെ ഞങ്ങൾക്കു വന്നേക്കുമെന്നു ഭയപ്പെട്ടിട്ടോ, മി. ആചാരിയുടെ സേവയ്ക്കു നിന്നാൽ, കുറെ സ്വകാര്യങ്ങൾ നേടാമെന്നു കരുതീട്ടോ, മി. ആചാരിയുടെ മന്ത്രിസ്ഥാനവ്യഭിചാരത്തെപ്പറ്റി ജനതതിയുടെ രോഷത്തെ പ്രസ്താവിക്കാതെ, മൗനം ഭജിക്കുവാൻ ഞങ്ങൾ വിചാരിക്കുന്നില്ലാ. ഈശ്വരവിരോധിയായ സേറ്റാനോട് അടിമപ്പെട്ടു നില്ക്കുന്നതിനെക്കാൾ, അധർമ്മചാരിയായ അവന്റെ അധർമ്മങ്ങളെ എതിർത്തു നില്ക്കുന്നതിൽ, ക്ഷതിയുണ്ടാകുന്നതാണ് ഉത്തമം. ഇത്തരം ഒരു ക്ഷതിയെ ധൈര്യത്തോടെ അനുഭവിക്കുവാൻ ഞങ്ങൾ തയ്യാറാണ്. പൊതുജനസമുദായത്തിൽ അസന്മാർഗ്ഗബീജങ്ങളെ വ്യാപിപ്പിക്കുന്ന ഒരു മന്ത്രിയുടെ കുചേഷ്ടിതങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള നീരസത്തെ പറവാനല്ലെങ്കിൽ പൊതുജനപ്രതിനിധിസ്ഥാനത്തിൽ ഒരു വർത്തമാനപത്രം ജീവിച്ചിട്ട് യാതൊരു കാര്യവുമില്ലാ. മി. ആചാരിയുടെ സന്മാർഗ്ഗ വ്യഭിചാരപാദങ്ങളെ ലേഖനം ചെയ്യുവാൻ തക്കവണ്ണം മനോനീചന്മാരായവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. ഞങ്ങൾക്കു മി. ആചാരിയുടെ നടത്തയെപ്പറ്റി അമർഷമുണ്ടെങ്കിൽ, ആ അമർഷം ബഹുജനങ്ങളുടേതും ന്യായവും മാത്രമാകുന്നു. മി. ആചാരിയുടെ നടത്തയെപ്പറ്റി അനേകം അപവാദങ്ങൾ ഈ നഗരത്തിൽതന്നെ അടിക്കടി

ചെവിക്കല്ലിൽ തറയ്ക്കുന്നില്ലയോ? മി. ആചാരിയുടെ വിടവിഭാവരിയിൽ അമർഷം തോന്നിയ ഒരുദ്യോഗസ്ഥൻ, മദ്രാസിലെ പത്രാധിപർക്ക് എഴുത്തെഴുതി മി. ആചാരിക്ക് ബോധം വരുത്തേണ്ടിവന്നില്ലയോ? മറ്റു പലേ അപവാദങ്ങൾ ജനങ്ങൾ കേട്ടിട്ടുള്ളതല്ലയോ? ഇതിനെപ്പറ്റി മി. ആചാരിക്ക് നേരിട്ടുതന്നെ ചിലർ അയച്ചിട്ടുള്ള കത്തുകൾ അദ്ദേഹത്തിനു കിട്ടീട്ടില്ലയോ? വടശ്ശേരി അമ്മവീട്ടിൽ കല്യാണത്തിന് മി. ആചാരി ദേവദാസിയുടെ മുമ്പിൽ ചാപല്യങ്ങൾ കാട്ടിയതും ജനങ്ങൾ കണ്ടിരുന്നില്ലയോ? ആ കല്യാണത്തിൽ മേൽവിചാരത്തിനെന്നു പറഞ്ഞ് മാനനീയമായ വിധത്തിൽ ദേഹം മറയ്ക്കാതെ ആ കല്യാണവീട്ടിലെ അന്തഃപുരത്തിൽ കിടന്നുറങ്ങുവാൻ തോന്നിയ മനസ്സിന്റെ നികൃഷ്ടതയും ജനങ്ങൾ ഗ്രഹിച്ചിട്ടില്ലയോ? മി. ആചാരിയെ പ്രസാദിപ്പിക്കാനായി ചില അധമജനങ്ങൾ വേശ്യകളെ സംഭരിക്കുമാറുള്ളതും പ്രസിദ്ധമല്ലയോ? തന്റെ കാമചാരിതയെ അനുകൂലിക്കാൻ മനസ്സില്ലാത്ത പലേ കീഴ്ജീവനക്കാർക്കും ദോഷം സംഭവിച്ചിട്ടുള്ളതും ജനങ്ങൾ അറിഞ്ഞില്ലയോ? അല്ലെങ്കിൽതന്നെ, മി. ആചാരി കച്ചേരി ചെയ്യുന്ന ഹജൂരാഫീസ് മുറിയിൽ നിഷ്കൗപീനനായി ഒരു പാവുമുണ്ടും ബനിയനും ധരിച്ചുകൊണ്ടിരിക്കുമാറുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലേണ്ടിവന്ന കീഴുദ്യോഗസ്ഥന്മാരും വക്കീലന്മാരും കക്ഷികളും ലജ്ജിച്ചു മുഖം താഴ്ത്തിപ്പോയിട്ടില്ലയോ? എത്രയോ പരിപാവനമായ ദിവാന്റെ ആസ്ഥാനം തുടങ്ങി സ്വകാര്യനിലവരെ, ആഭാസമായ വിധത്തിൽ ആചരിച്ചുവരുന്ന മി. ആചാരി, ഇക്കഴിഞ്ഞ വെള്ളിയാഴ്ചനാളിൽ കോട്ടയ്ക്കകം പെൺപാഠശാലക്കെട്ടിടത്തിന്റെ മുകൾത്തട്ടിൽ അഭിനയിച്ച പേക്കൂത്തുകൾ എന്തായിരുന്നു? അതിനെപ്പറ്റി ചിന്തിക്കുമ്പോൾ തന്നെ ഒരുവന്റെ രക്തപരിവാഹം വെട്ടിത്തിളച്ചുമറിയുന്നതാണ്. ജൂബിലി പ്രമാണിച്ചു മഹാരാജാവുതിരുമനസ്സിലെ തിരുമുമ്പിൽച്ചെന്നു വന്ദിപ്പിനായി വിദ്യാർത്ഥികൾ ആറേഴായിരംപേർ ചേർന്ന ഒരു സംഘം, തെക്കേത്തെരുവുകൊട്ടാരത്തിനു മുമ്പിൽ ഘോഷയാത്രയായി ചെന്നപ്പോൾ, മി. ആചാരി എവിടെയായിരുന്നു നിന്നിരുന്നത്? മറ്റുദ്യോഗസ്ഥന്മാർ എവിടെ നിന്നിരുന്നു? ആ മറ്റുദ്യോഗസ്ഥന്മാർ തിരുമനസ്സിലെ ബഹുമാനിച്ചും തങ്ങളുടെ രാജ്യത്തിന്റെ കീർത്തിയെ കരുതിയും തിരുമനസ്സിലെ കൊട്ടാരവാതിൽക്കൽ തിരുമനസ്സിലെ കല്പ്പനകളെ ശ്രവിപ്പാനായി നിന്നിരുന്നപ്പോൾ, മി. ആചാരിയോ? മാന്യസ്ത്രീജനങ്ങൾക്കായി പ്രത്യേകം ഒഴിച്ചിട്ടിരുന്നതും, അതനുസരിച്ച് അനേകം ഘോഷാസ്ത്രീകൾ തിങ്ങിനിന്നിരുന്നതുമായ പെൺപാഠശാലയുടെ മുകളിൽ, സ്ത്രീജനങ്ങളുടെ മനോവ്യഥയെ അഗണ്യമാക്കിക്കൊണ്ട് കടന്നുചെന്ന് നില്ക്കയായിരുന്നില്ലയോ? ശ്രീകൃഷ്ണനെപ്പോലെ താനും ഒരു ഗോപാലൻ ആണെന്ന് ഉദാഹരിപ്പാൻ വേണ്ടി ഈ സ്ത്രീകളുടെ സംഘത്തിൽ കടന്നുചെന്ന് അവരുടെ മനസ്സിനെ വ്രണപ്പെടുത്തിയതായിരിക്കുമോ? അതല്ലാ, തന്റെ എതിർവശത്തെ മാളികയിൽ നിന്നിരുന്ന കൊട്ടാരത്തിലെ സ്ത്രീജനങ്ങൾക്ക് കീഴെ തെരുവീഥിയിലെ ജനസംഘത്താൽ ദൃഷ്ടിദോഷമുണ്ടാവാതിരിപ്പാൻവേണ്ടി 'വാണിയൻ കെട്ടി' നിന്നതായിരിക്കുമോ? എന്തുതന്നെയായാലും മി. ആചാരിയുടെ നടത്ത തീരെ ഗർഹണീയവും സദാചാരബോധത്തിന് ബീഭത്സവുമായിരുന്നു. ആ പാഠശാലയിൽ നിന്നിരുന്ന സ്ത്രീജനങ്ങൾ മി. ആചാരിയുടെ ആളുകളല്ലായിരുന്ന സ്ഥിതിക്കും, മി. ആചാരിക്ക് അവിടെപ്പോയി നില്ക്കേണ്ട സർക്കാരാവശ്യമോ തത്കാലം ആപത്തിനാലാവശ്യമോ ഇല്ലായിരുന്ന സ്ഥിതിക്കും, തിരുമനസ്സിലെ സമീപത്തുണ്ടായിരിക്കേണ്ട കടമയുണ്ടായിരുന്ന സ്ഥിതിക്കും മി. ആചാരിയുടെ നടത്തയെ ഒരു പ്രകാരത്തിലും സാധൂകരിക്കാൻ വഴികാണുന്നില്ലാ. മഹാരാജാവു തിരുമനസ്സുകൊണ്ട് അവിടത്തെ മന്ത്രിയുടെ ഈ വിധത്തിലുള്ള ആഭാസപ്രവൃത്തികളെ അറിഞ്ഞിട്ടില്ലായിരിക്കുമോ? സ്ത്രീജനങ്ങളെ ബഹുമാനിക്കേണ്ടത് എല്ലാ പരിഷ്കൃതരാജ്യങ്ങളിലെയും സന്മാർഗ്ഗമുറകളിലൊന്നാണ്. ആ മുറ തിരുവിതാംകൂറിൽ ആവശ്യമല്ലെന്ന് ഞങ്ങൾ വിചാരിക്കുന്നില്ലാ. ആ മുറയെ ഒരു മന്ത്രിക്കു നിർബാധമായി ഉല്ലംഘിക്കാമെന്നും ഞങ്ങൾ വിചാരിക്കുന്നില്ലാ. ആ മുറയെ അനേകായിരം ജനങ്ങൾ കൂടിയിരിക്കുന്ന ഒരു സന്ദർഭത്തിൽ

മി. ആചാരി കുരങ്ങന്റെ കൈയിൽ കിട്ടിയ പൂമാലയെപ്പോലെ നശിപ്പിക്കാനനുവാദമുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ലാ. രാജ്യകാര്യസംബന്ധമായി ഞങ്ങൾക്ക് എന്തുതന്നെ അഭിപ്രായമായിരുന്നുകൊള്ളട്ടെ എന്നാലും, ആ സ്ത്രീജനങ്ങൾ സ്ത്രീവർഗ്ഗത്തിലുള്ളവർ ആകുന്നു. അവർ പബ്ലിക്കിൽ ഇറങ്ങുമ്പോൾ അവർക്കു സ്ത്രീവർഗ്ഗത്തിന്റെ നേർക്കു മനുഷ്യർ ചെയ്യേണ്ട ആദരങ്ങൾ കടപ്പെട്ടിരിക്കുന്നു. അവർ ഒരു പബ്ലിക് ഉത്സവത്തെ കണ്ടുനില്ക്കുമ്പോൾ, അവരുടെ എതിരെ അവരെ തുറിച്ചുനോക്കിക്കൊണ്ടും അവരെപ്പോലെ സ്ത്രീവർഗ്ഗാവകാശമായ ആദരത്തെ അർഹിക്കുന്ന മറ്റു സ്ത്രീജനങ്ങളെ അസഹ്യപ്പെടുത്തിയും നിന്ന മി. ആചാരിയുടെ നടത്ത തീരെ ക്ഷന്തവ്യമല്ലാ. നാടുനീങ്ങിപ്പോയ വിശ്വവിഖ്യാതനായ വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു ദേശസഞ്ചാരം കഴിഞ്ഞു മടങ്ങി എഴുന്നള്ളിയ ഒരു സന്ദർഭത്തിൽ, തിരുമനസ്സിലെ പള്ളിബോട്ടടുത്ത ചാക്കെക്കടവിലും, പിന്നീട് വലിയ കൊട്ടാരവാതില്ക്കലും കുറെ ബാലികകളെ കൊണ്ടുപോയി പാടിച്ച ഉദ്യോഗസ്ഥന്മാരെ അവിടുന്നു കഠിനമായി അധിക്ഷേപിച്ചിരുന്നു എന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്. വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടായിരുന്നു എങ്കിൽ മി. ആചാരിയുടെ ഇന്നത്തെ കുറ്റത്തതിന്, തിരുമനസ്സിലെ കുതിരക്കാരന്റെ കവുഞ്ചികൊണ്ട് ഈ മന്ത്രിസ്ഥാനവ്യഭിചാരിയുടെ തൊലി പൊളിച്ചുവിടുമായിരുന്നു എന്നുള്ളതിൽ ഞങ്ങൾക്കു സന്ദേഹമില്ലാ. ●

(1910 ആഗസ്റ്റ് 24)

## യുക്തിഭ്രമങ്ങൾ

തിരുവിതാംകൂറിൽ പൊതുജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്യുമ്പോൾ, ചില ജനങ്ങൾ, അവരവർ തന്നത്താൻ ശോധന ചെയ്ത് ഉറപ്പുവരുത്താത്തതായ ചില യുക്തികളെ മുറുകെപ്പിടിച്ചുതുടങ്ങുന്നതായി കാണുമാറുണ്ട്. ജാതിസ്പർദ്ധ, സ്വജനപക്ഷപാതം, സ്വവർഗ്ഗ സ്നേഹം, സ്വാമിപ്രീതി മുതലായവയാണ് ഇങ്ങനെയുള്ള യുക്തിഭ്രമങ്ങൾക്കു മൂലമായിട്ടുള്ളത്. ബഹുജനപ്രതിനിധികളുടെ സ്ഥാനത്തെ ആരോഹണം ചെയ്തുംകൊണ്ടു ചിലർ ചെയ്യുന്ന അഭിഭാഷണങ്ങൾ, ഈ വിധത്തിലുള്ള ഭ്രമമൂലകങ്ങളായ സംഗതികളിന്മേൽ കെട്ടിക്കിളർത്തി, ഇന്ദ്രജാലക്കാരന്റെ പിഞ്ഛികാസഞ്ചയത്തെ ഇളക്കിക്കാണിച്ചു കാണികളെ മയക്കുന്നതുപോലെ, ജനങ്ങളുടെ മനസ്സിനെ മോഹാന്ധതയിലാക്കിക്കളയുന്നതുകൊണ്ട് അവർക്കു ഗുണാഗുണനിരൂപണം ചെയ്യുന്നതിനു സാധിക്കാതെതന്നെ ആ യുക്തിഭ്രമച്ചുഴികളിൽ ചെന്നു ചാടിത്തിരിയേണ്ടിവരുന്നു. മനസ്സിൽ വിവേകം ഉദിക്കുന്നതിലധികം ശീഘ്രമായി ആവേഗം ഉണ്ടാകുന്നതു സാധാരണമാകയാൽ, സാമാന്യജനങ്ങൾ ആവേഗത്തിന് അധീനന്മാരായിത്തീർന്നുപോകുന്നു. ആവേഗം എന്നത് അന്ധമായ ഒരു ശക്തിയാണ്; മനസ്സ് ഇന്ന ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്നു എന്നുള്ള ബോധമില്ലാതെ വ്യാപരിക്കുകയാണ് ആവേഗത്തിന്റെ ലക്ഷണം. ഒരു കുരുടൻ തന്റെ മുമ്പിലുള്ള വസ്തുവിനെ കാണ്മാൻ കഴിയാതെയും, തനിക്ക് ഇന്ന വസ്തുവിനെ പ്രാപിക്കേണമെന്ന് അറിവില്ലാതെയും നടന്നുപോകുന്നതുപോലെയാണു മനസ്സിന്റെ ആവേഗം, മനുഷ്യരെ അവർ നിനച്ചിരിക്കാത്ത പദങ്ങളിൽ കൊണ്ടുചാടിക്കുന്നത്. വിവേകമോ, ഉപായോപേയങ്ങളുടെ ബോധത്തോടു കൂടിയതാകയാൽ, ഒരുവന്, താൻ ഇന്നടത്തുനിന്നു പുറപ്പെട്ടാൽ ഇന്നടത്തെത്തും എന്നുള്ള നിശ്ചയം ഉണ്ടാകുന്നു. ഈ മനോനിശ്ചയം ശ്രമരഹിതമായിട്ടുള്ളതല്ലാത്തതുകൊണ്ടും, കുരുടനെപ്പോലെ ചെല്ലുന്നിടത്തു ചെല്ലട്ടെ എന്നു വിചാരിച്ചുനടക്കുന്നതു ശ്രമമില്ലാത്തതാകകൊണ്ടുമാണു ജനങ്ങൾ പ്രായേണ ആവേഗങ്ങൾ വഴിപ്പെട്ടുപോകുന്നത്. വിവേകം സത്യത്തെ ആശ്രയിച്ചിരിക്കുന്നു; സത്യംതന്നെ നീതി; നീതിതന്നെ സത്യം. എന്നാൽ, ആവേഗത്തിനു സത്യം ആശ്രയമായിരിക്കേണമെന്നില്ല; പലപ്പോഴും അസത്യം ആശ്രയമായിരിക്കാം. മനസ്സ് വ്യാമോഹിക്കപ്പെടുമ്പോൾ സത്യാസത്യവിചാരത്തിനു ശക്തമല്ലാതെയാവുന്നതുകൊണ്ടാണ്, ഞങ്ങൾ മേൽപറഞ്ഞമാതിരിയിലുള്ള

ഭ്രമങ്ങൾക്കു സാമാന്യജനങ്ങൾ വശപ്പെട്ടുപോകുന്നത്. ഈ ഭ്രമങ്ങൾ ജാതിസ്പർദ്ധ മുതലായവയാൽ ഉണ്ടാകുന്നവയാണെന്നു ഞങ്ങൾ പറഞ്ഞുവല്ലോ. ഒരു നായരുടെ കാര്യത്തെപ്പറ്റി ദോഷമായി വല്ലതും പറയുമ്പോൾ, അത് ഒരു നായർക്കു രുചിക്കുന്നില്ലാ എന്നുവരും; ബ്രാഹ്മണന്റെ കാര്യമാണെങ്കിൽ ബ്രാഹ്മണനും; ഇങ്ങനെ മറ്റു ജാതിക്കാർക്കും; ഇതു സ്വജാതിസ്നേഹത്താലുണ്ടാകുന്നതാണ്. എന്നാൽ ഒരു ബ്രാഹ്മണനെപ്പറ്റി ദോഷം പറയുന്നത് ഒരു നായർക്കും; നായരെപ്പറ്റിയാണെങ്കിൽ മറ്റുള്ളവർക്കും രുചിക്കുന്നു; ഇതു ജാതിസ്പർദ്ധയുടെ ഫലമാണ്. ഇനിയും ഒരുവന് ഉപകാരം ചെയ്തിട്ടുള്ള ഒരാളെപ്പറ്റി മറ്റൊരുവൻ ദോഷം പറയുന്നത് അസഹ്യമായിരിക്കും. അഥവാ തന്റെ സ്വന്തം ആളെപ്പറ്റി ദൂഷ്യം പറഞ്ഞുകേൾക്കുന്നത് തനിക്കു രസിക്കയില്ല; ഇവ സ്വാമി പ്രീതിയുടെയും സ്വജനസ്നേഹത്തിന്റെയും ഫലങ്ങളാണ്. ഇപ്രകാരമാണു ലോകത്തിൽ പ്രായേണ നടക്കുന്നത്. എന്നാൽ തനിക്കു രുചിക്കാത്തതിനുള്ള കാരണം, ആ ദോഷപ്രസ്താവത്തിന്റെ അവാസ്തവത്വമാണെങ്കിൽ, ആ വെറുപ്പ് യുക്തംതന്നെയാണ്. ദോഷപ്രസ്താവം വാസ്തവത്തിനൊത്തതായിരിക്കുമ്പോൾ അതിനോടു വെറുപ്പുതോന്നുന്നതാണു യുക്തിഭ്രമം എന്നു ഞങ്ങൾ പറയുന്നത്. ഇത്തരം ഭ്രമങ്ങൾ ഈ നാട്ടിൽ പലേടത്തും പലപ്പോഴും ധാരാളം കാണുമാറുണ്ട്. അവ പൊതുജനകാര്യങ്ങളെപ്പറ്റി വർത്തമാനപത്രങ്ങൾ ചെയ്യുന്ന പ്രസംഗങ്ങളെ ഗ്രഹിക്കുമ്പോഴാണ് അധികം ഇളകാറുള്ളത്. അടുത്തുകഴിഞ്ഞ ചില ഉദാഹരണങ്ങൾ ഞങ്ങൾ പറയാം. ദിവാൻ മിസ്റ്റർ രാജഗോപാലാചാരിയുടെ നടത്തയെപ്പറ്റി ഞങ്ങൾ ഇതിനിടെ ആക്ഷേപം ചെയ്തതിനെക്കുറിച്ചു ജനങ്ങളുടെയിടയിൽ വാദപ്രതിവാദങ്ങൾ ഇനിയും ഒതുങ്ങീട്ടില്ല. മി. ആചാരി ദിവാൻജിയല്ലയോ? അദ്ദേഹത്തിന്റെ നടത്തയെപ്പറ്റി ദോഷം പറയുന്നതു യുക്തമാണോ? എന്നാണു ചിലരുടെ ചോദ്യം. ഈ വാദത്തിന്റെ അധിഷ്ഠാനം ദിവാൻജിമാരുടെ നടത്തയെപ്പറ്റി ദോഷം പറഞ്ഞുകൂടുന്നതല്ലാ എന്നൊരു ധാരണയാണ്. ഇങ്ങനെ ഒരു നിയമമുണ്ടെങ്കിൽ ഈ ചോദ്യം യുക്തംതന്നെയാണ്. എന്നാൽ എന്നാൽ ഈ ചോദ്യം ചെയ്യുന്നവർ ഇങ്ങനെ ഒരു നിയമത്തെ സംഭാവന ചെയ്യുന്നതല്ലാതെ, വാസ്തവത്തിൽ നിയമമില്ലല്ലോ. പിന്നെ മറ്റൊരുവിധം വാദമുണ്ട്: "ദിവാൻജിയുടെ പബ്ലിക് നടത്തകളിൽ ഗുണദോഷനിരൂപണം ചെയ്യാം. എന്നാൽ പ്രൈവറ്റു നടത്തയെപ്പറ്റി നിരൂപണം ചെയ്യുന്നതു യുക്തമല്ല" എന്നാണ്. ഈ വാദത്തിൽ സംഭാവനം ചെയ്യുന്നത്, ദിവാൻജി മറ്റുള്ള ജനങ്ങളെപ്പോലെ രഹസ്യമായും പരസ്യമായും രണ്ടുവിധം ജീവിതത്തെ നയിക്കാവുന്ന ആളാണെന്നാണ്. ഈ ഭ്രമം ദിവാൻജിയുടെയും അന്യന്മാരുടെയും സ്ഥാനങ്ങൾ തമ്മിലുള്ള ഭേദത്തെ ഗണിക്കായ്കയാൽ ഉണ്ടാകുന്നതാകുന്നു. ദിവാൻജി എന്ന ഉദ്യോഗസ്ഥൻ ഒരു രാജ്യഭരണകർമ്മത്തിന്റെ ചുമതലക്കാരനും, തന്നിമിത്തം കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കു മാത്രമല്ലാ, ഭരണീയർക്കും, മാതൃകാ ജീവിതവൃത്തിയോടുകൂടിയിരിക്കേണ്ടവനുമാണ്. ആ ഉദ്യോഗസ്ഥൻ തന്റെ സ്ഥാനവലിപ്പത്തെ തരമാക്കിക്കൊണ്ട് അധർമ്മങ്ങൾ പ്രവർത്തിച്ചാൽ മറ്റുള്ളവർക്കും അതേപ്രകാരം പ്രവർത്തിക്കുന്നതിനു മനസ്സുറപ്പുണ്ടാകുന്നു. ഇനിയൊരു വാദമുണ്ട്: ദിവാൻജി അങ്ങനെ നടന്നുവെങ്കിൽ ആക്ഷേപമെന്തിന്? നടത്തയിൽ ന്യൂനതയില്ലാത്തവരാരുണ്ട് ലോകത്തിൽ? എന്നാണു ചോദ്യം. ലോകത്തിൽ ദുർന്നടത്തക്കാരല്ലാത്തവരില്ലായ്കകൊണ്ടു ദുർന്നടത്ത സാധുവാണെന്നാണ് ഈ വാദക്കാർ സംഭാവനം ചെയ്യുന്നത്. എന്നാൽ ദുർന്നടത്ത സാധുവോ അസാധുവോ എന്ന ചോദ്യമാണ് ഇവിടെ പര്യാലോചനാവിഷയം. ഒരു ചോദ്യത്തിന്റെ ഉത്തരത്തിന് ആ ചോദ്യത്തെ സിദ്ധവത്കരിച്ചാൽ മതിയാകുമെന്നു വിചാരിക്കുന്നതു വക്രയുക്തിയാണെന്ന് അവർ ഗ്രഹിക്കുന്നില്ലാ. ദുർന്നടത്ത നല്ലതാണെങ്കിൽ, നല്ലനടത്ത അതിനു നേരെ വിപരീതവുമാണല്ലോ. അപ്പോൾ നടത്ത ഏതായാലും നല്ലതാണെന്നു സമ്മതിക്കണം. നല്ലതും ചീത്തയും എന്ന ഭേദം ഇല്ലാ എന്നു വരുന്നു. ഇതിലധികം കൗതുകകരമാണു മറ്റൊരു വാദമുള്ളത്. "നമ്മുടെ നാട് അത്രമേൽ പരിഷ്കാരപ്പെട്ടിട്ടില്ലാ. കേവലം പരിശുദ്ധമായ നടത്ത സാദ്ധ്യമല്ലാത്ത സ്ഥിതിക്ക്,

ഈമാതിരിയൊക്കെ സഹിക്കത്തക്കതാണ്'' എന്നാണു വാദം. മാതൃകാനടത്ത അസാദ്ധ്യമാണെന്നു സമ്മതിക്കാം. അതുകൊണ്ട്, ആ നടത്തയെ മാതൃകയാക്കിവെച്ച് അതിനെ കഴിയുന്നിടത്തോളം പ്രാപിക്കുവാൻ പാടില്ലെന്നുണ്ടോ? എങ്കിലല്ലാതെ, അതിൽനിന്ന് അകന്നുപോകുന്നതിന് എന്തു ന്യായമാണുള്ളത്? നമ്മുടെ നാടു പരിഷ്കാരപ്പെട്ടിട്ടില്ലെങ്കിൽ ആ പരിഷ്കാരപദത്തെ പ്രാപിക്കുന്നതിനായി വേണ്ടതു പ്രവർത്തിക്കുന്നതിനുപകരം അപരിഷ്കാരത്തിൽ ചേർന്നവിധത്തിൽ പ്രവർത്തിച്ചാൽ, എങ്ങനെയാണു പരിഷ്കാരത്തിലെത്തുന്നത്? മുൻപറഞ്ഞതിനേക്കാളൊക്കെ സ്മരണീയമായ ഒരു വാദം കേൾക്കുക: ''ദിവാൻജി നായന്മാർക്കു ഗുണം ചെയ്യാൻ വന്നിരിക്കുന്ന ആളാണ്: അതിനാൽ ഒരു നായരും അദ്ദേഹത്തിനുള്ള ദോഷത്തെ പറയരുത്.'' ഈ വാദമാണ് സ്വാർഥതത്പരൻമാർ പ്രയോഗിക്കുന്നത്. ദിവാൻജി നായന്മാർക്കു ഗുണം ചെയ്യാൻ വന്നിരിക്കുന്നു എന്ന സംഗതി തന്നെയും അദ്ദേഹം ചെയ്തിട്ടുള്ള ഗുണങ്ങളെ ലക്ഷ്യമാക്കിക്കൊണ്ട് തെളിയിക്കപ്പെടേണ്ടതായിരിക്കുന്നതേയുള്ളൂ. പിന്നെ നായന്മാർക്കു ഗുണംചെയ്യാൻ വന്നിരിക്കുന്നവരെയൊക്കെ, നായന്മാർ ദോഷം കണ്ടാലും ആരാധിക്കണമെന്നു നിബന്ധനയില്ലാത്ത സ്ഥിതിക്ക് ഈ വാദത്തിന്റെ ഉത്തരാർദ്ധവും നിരർത്ഥമാകുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന ഒരു യുക്തിഭ്രമം നായന്മാരായ പത്രപ്രവർത്തകന്മാർ ആക്ഷേപം പറയരുത് എന്നതിലാകുന്നു. ഒരു പത്രത്തിന്റെ പ്രവർത്തകൻ നായർവർഗ്ഗത്തിൽ ജനിച്ചവനാണെന്നിരുന്നാൽ, ആ പത്രം നായർപ്രതിനിധിയായി ഗണിക്കപ്പെടേണമോ? പത്രങ്ങൾ പൊതുജന പ്രതിനിധികളാണ്. പൊതുജനങ്ങളിൽ നായന്മാരും ഉൾപ്പെടും! എന്നാൽ നായന്മാരെക്കൊണ്ടുമാത്രം പൊതുജനങ്ങൾ ആകുന്നില്ലാ. ആസ്ഥിതിക്ക് ഒരു പത്രത്തിന്റെ അധിപതി, പൊതുജനപ്രതിനിധിയാണെങ്കിൽ, നായന്മാരുടെ മാത്രം പ്രതിനിധിയാകുന്നതെങ്ങനെ? ഈ വിചാരം ഇപ്പോഴത്തെ മരുമക്കത്തായ നായർത്തറവാടുകളിലെ ഇളമുറക്കാർ, തറവാട്ടുസ്വത്തു മുഴുവനും അവരിലോരോരുത്തന്റെയും മുതലാണെന്നു പറയുന്ന യുക്തിഭ്രമത്തെ അനുസരിച്ചുള്ളതായിരിക്കാം. വാസ്തവം അങ്ങനെയല്ലല്ലോ. ഇത്തരം ഭ്രമങ്ങൾ അസ്തമിച്ചാലല്ലാതെ പൊതുജനക്ഷേമപ്രവർത്തനം സുസാധമാകുന്നതല്ലാ. ●

(1910 സെപ്തംബർ 2)

## പ്രസ്സ് ലാ

ദിവാൻ മി. രാജഗോപാലാചാരി തന്റെ നടത്തയെയും നടപടികളെയും പറ്റി ആക്ഷേപം പറയുന്ന പത്രങ്ങളുടെ നേർക്ക് ഇളക്കുന്നതിലേക്കായി ഇന്നത്തെ നിയമനിർമാണസഭയാകുന്ന കൊല്ലവേലപ്പുരയിൽവച്ച് കാച്ചി അടിച്ച് പ്രയോഗിക്കുവാൻ ആഗ്രഹിച്ചിരുന്ന പ്രസ്സാക്ടായുധത്തെ ഉലയിൽ വെപ്പാൻ തക്ക കൈക്കരുത്തു കുറഞ്ഞിട്ടോ എന്തോ, അതിനെ വെളിയിൽ എടുക്കാതെ വെച്ചുകളയേണ്ടി വന്നത് സ്മരണീയമായ സംഭവംതന്നെയാകുന്നു. തിരുവിതാംകൂറിലെ പത്രങ്ങളെ അമർത്തുന്നതിനായി മി. ആചാരി ഒരു പ്രസ്സ് ആക്ട് കൊണ്ടുവരുന്നു എന്നുംമറ്റും ചില സഹജീവികൾ വിലപിക്കുകയും, അങ്ങനെയൊരു നിയമം കൊണ്ടുവരരുതേ എന്നു മുറവിളിയോടെ യാചിക്കയും ചെയ്തതിന്റെ ഫലമായിട്ടായിരിക്കുമോ മി. ആചാരി തന്റെ ആയുധത്തെ അടിച്ചു മൂർച്ച കൂട്ടുന്നതിന് ഉത്സാഹിക്കാതെ അടങ്ങിയതെന്നു ഞങ്ങൾക്കു നിശ്ചയമില്ലാ. പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ കുറയ്ക്കുന്നതിന് ഒരു നിയമം കൊണ്ടുവരേണ്ട ആവശ്യകത ഈ സംസ്ഥാനത്തുണ്ടായിട്ടില്ലെന്നും, ഇവിടത്തെ പത്രങ്ങളിൽ ചിലതിനു സ്വരഭേദം ഉണ്ടെന്നല്ലാതെ, യാതൊന്നും രാജദ്രോഹകരമോ രാജാധികാരധ്വംസകമോ ആയ പ്രസംഗം ചെയ്യുന്നില്ലെന്നും, ജനസമുദായം നിശ്ശേഷം രാജഭക്തന്മാരും സമാധാനപ്രിയന്മാരും ആണെന്നും പരക്കെ സമ്മതമായ സംഗതികളായിരിക്കെ, മി. ആചാരി ഒരു പുതിയ നിയമം കൊണ്ടുവരുന്ന പക്ഷത്തിൽ അതു തന്റെ സ്വകാര്യവൈരനിര്യാതനത്തിന്നായിട്ടല്ലാതെ, പൊതുജനക്ഷേമാർത്ഥമായിരിക്കുന്നതല്ലാ എന്നു ഞങ്ങൾ ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ തത്ത്വം മി. ആചാരിക്കു പക്ഷേ, ഇപ്പോൾ ബോധ്യപ്പെട്ടിരിക്കാനിടയുണ്ടെന്നുള്ളതിനു ഗവണ്മെന്റിന്റെ വിശ്വസ്തതയെ സമ്പാദിച്ചിട്ടുള്ള 'വെസ്റ്റേൺ സ്റ്റാറിന്റെ' സെപ്തംബർ 1-ാം തീയതിയിലെ മുഖപ്രസംഗം സൂചന തന്നിട്ടുമുണ്ട്. "തിരുവിതാംകൂർ സംസ്ഥാനത്തു ജനക്കലക്കമോ രാജ്യക്ഷോഭമോ ഒരിക്കലും ഉണ്ടായിട്ടില്ല. ഈ സംസ്ഥാനത്ത് ഒരു കോൺഗ്രസോ, കോൺഫെറൻസോ ഉണ്ടായിട്ടില്ലാ. ഈ സംസ്ഥാനത്ത് രാജാധികാരധ്വംസനമോ, രാജദ്രോഹമോ സ്വപ്നത്തിൽപോലും കണ്ടിട്ടില്ലാ... അതിനാൽ, നിയമമനുസരിച്ചു നടക്കുന്ന ഒരു ജനതതിയെ അമർത്തുന്നതിന് എന്തെങ്കിലും നിയമം കൊണ്ടുവരുന്നത് അയു

ക്തമായിരിക്കുമെന്നു മാത്രമല്ലാ, രാജദ്രോഹമോ രാജാധികാരദ്വേഷമോ ഇല്ലാത്ത ഒരു രാജ്യത്ത് അവയെ ഒതുക്കുന്നതിന്നായുള്ള ഒരു നിയമം കൊണ്ടുവരുന്നതിന്റെ ഒരേയൊരു ഫലം, അവയിലൊന്നിലേക്കു ജനങ്ങളെ പ്രേരിപ്പിക്കുകയായിരിക്കുന്നതുമാണ്'' -ഇപ്രകാരമാണ് 'സ്റ്റാർ' മി. ആചാരിയെ അറിയിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം ഏറെ സ്പഷ്ടം തന്നെയല്ലോ. ഈ സംസ്ഥാനത്തിന്റെ നില ഇപ്രകാരമായിരിക്കുന്ന സ്ഥിതിക്ക് മി. ആചാരിയുടെ ആവേഗത്തെ ബ്രിട്ടീഷ് ഗവണ്മെന്റു വിവേകമെന്നു തെറ്റിദ്ധരിക്കയില്ലെന്നു വിശ്വസിക്കാം. മി. ആചാരിയുടെ നടത്തെയെയും നടപടികളെയും പറ്റി പരുഷവചനങ്ങൾകൊണ്ട് ആക്ഷേപം പറയുന്ന പത്രങ്ങൾ തിരുവിതാംകൂറിലുണ്ട്. പക്ഷേ, ആ വക പത്രങ്ങളുടെ സ്വരത്തെ മാർദ്ദവപ്പെടുത്താനായിരിക്കാം സ്റ്റാർ 'താത്കാലികമായ ഒരു വ്യവസ്ഥ ചെയ്യേണ്ടിയിരിക്കുന്നുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നു,' എന്നുകൂടെ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ കാര്യം സാധിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഒരു പത്രാധിപയോഗം കൂടണമെന്നു 'സ്റ്റാർ' ഉത്സാഹിച്ചതെന്നും പറഞ്ഞിരിക്കുന്നു. സ്റ്റാറിന്റെ ഈ അഭിപ്രായം സെപ്തംബർ 1-ാം തീയതിയിലെ ലക്കത്തിലാണു പുറപ്പെടുവിച്ചിട്ടുള്ളതെന്നും, തലേദിവസമായ ആഗസ്റ്റ് 31-ാം തീയതിയാണ് പത്രാധിപയോഗത്തിനായുള്ള ക്ഷണക്കത്തുകൾ അയച്ചു തുടങ്ങിയതെന്നും, അതിനു തലേന്നാൾ ആഗസ്റ്റ് 30-ാം തീയതിയായിരുന്നു ദിവാൻജിയുടെ വ്യപദേഷ്ടാക്കളായ സർക്കാരച്ചുക്കൂടം സൂപ്രേണ്ട് മി.സി.വി. രാമൻപിള്ളയും 'സുഭാഷിണി' പത്രാധിപർ മി. പി.കെ. ഗോവിന്ദപ്പിള്ളയും സ്റ്റാർ പ്രവർത്തകനെ കണ്ടു ചില ആലോചനകൾ നടത്തിയതെന്നുമുള്ള വസ്തുതകളെ വായനക്കാർ ഓർത്തുകൊൾവാൻ അപേക്ഷ. പത്രാധിപയോഗത്തിന്റെ ആലോചന ദിവാൻജിയുടെ രക്ഷയെ ഉദ്ദേശിച്ചുണ്ടായതാണെന്നും, തിരുവിതാംകൂറിലെ പത്രങ്ങളുടെ രക്ഷയെ അത്രമേൽ സഹായിക്കാനായിട്ടായിരുന്നില്ലെന്നും ഊഹിക്കുന്നതിനു മറ്റു തെളിവുകൾ ആവശ്യമെങ്കിൽ ഞങ്ങൾ പിന്നാലെ അറിയിച്ചുകൊള്ളാം. എന്നാൽ മി. ആചാരിയുടെ വ്യപദേഷ്ടാക്കളുടെ പേരും ഉത്സാഹവും ഇന്നതാണെന്നു 'സ്വദേശാഭിമാനി' വെളിപ്പെടുത്തിയത് ഇവരുടെ ആശയെ ഭംഗപ്പെടുത്തി എന്ന് അറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഇവരുടെ ഉത്സാഹം, ദിവാൻജിയെ ഒരു വൈഷമ്യത്തിന്റെ കൊമ്പുകളിൽനിന്നു രക്ഷപ്പെടുത്താനായിരുന്നില്ലയോ? പ്രസ്സാക്ട് കൊണ്ടുവരുന്നതിനു മി. ആചാരിക്കു തത്കാലം അപാടവം ഉണ്ടെന്നും, എന്നാൽ, പ്രസ്സാക്ട് കൊണ്ടുവരുമെന്നു ചെയ്ത വീരവാദത്തെ ഉടൻ സാധിക്കാതെയിരിക്കുന്നതു തനിക്ക് അഭിമാനഹാനികരമാണെന്നു കാണുകയും, ഇവ രണ്ടിനെയുമോ ഒന്നിനെയോ തട്ടിനീക്കി സ്വസ്ഥതപ്പെടുത്തുന്നതിനു തന്നോടു പത്രപ്രവർത്തകന്മാർ ഒരു യോഗം കൂടി യാചിക്കുന്നതായാൽ ആ യാചനയെ ആധാരമാക്കിക്കൊണ്ടു പ്രസ്സാക്ടിനെ പിൻവലിച്ചതായി സമാധാനപ്പെടാമെന്നു മി. ആചാരിയുടെ വ്യപദേഷ്ടാക്കൾ നിശ്ചയിക്കയും ചെയ്തതിന്റെ ഫലമായിട്ടല്ലയോ പത്രാധിപയോഗാലോചനയെ മുട്ടയിട്ടത് എന്നാണു സംശയം. എന്നാൽ, കഷ്ടം! മി. ആചാരിയോ വ്യപദേഷ്ടാക്കളോ മുട്ടയിട്ടതും, മി. സി.വി. രാമൻപിള്ളയും കൂട്ടരും അടയിരുന്നതുമായ ഈ തന്ത്രം അവരുദ്ദേശിച്ച സ്വരൂപത്തിലുള്ള സന്താനത്തെ വിരിച്ചെടുക്കാൻ സാധിക്കാതെപോയതു ശോചനീയംതന്നെയാകുന്നു. ●

(1910 സെപ്തംബർ 12)

## ദിവാൻപദം

'കാളേജ് ഓണം ഡേ' ഉത്സവാഘോഷാവസരത്തിൽ അഗ്രാസനം വഹിച്ചുകൊണ്ട് ദിവാൻ മി. രാജഗോപാലാചാരി പ്രസംഗിച്ചതായ ഉപദേശങ്ങൾ സാമാന്യത്തിലധികമായ ശ്രദ്ധയെ അർഹിച്ചു കാണുന്നുണ്ട്. മി. ആചാരി തന്റെ മുമ്പിൽ യോഗം കൂടിയിരുന്ന ചെറുപ്പക്കാരെ അഭിമുഖീകരിച്ചുകൊണ്ടു ചെയ്ത ഉപദേശങ്ങളിൽ മുഖ്യമായുള്ളവ, തിരുവിതാംകൂർ രാജ്യത്തിന്റെ ഭാവിയെപ്പറ്റിയുള്ള ആശംസയെയും ഈ സംസ്ഥാനഭരണത്തിന്റെ പൂർവ ചരിത്രത്തെപ്പറ്റിയുള്ള പശ്ചാത്താപത്തെയും കുറിക്കുന്നതായിരുന്നു. ഭാവിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം പ്രസ്താവിച്ചത്: "തിരുവിതാംകൂറിന്റെ ഭവിഷ്യൽസ്ഥിതി നിങ്ങളുടെ കൈയിലാകുന്നു," എന്നായിരുന്നു. ഇത്തരത്തിലുള്ള അഭിപ്രായം സാധാരണമായി ഏതു നാട്ടിലെയും വിദ്യാർത്ഥികൾക്ക് ഉപദേശിക്കപ്പെടാറുള്ളതുകൊണ്ട് ഇതിനു പറയത്തക്കവണ്ണം കൗതുകം തോന്നുവാനില്ല. എന്നാൽ ഈ അഭിപ്രായത്തെ തുടർന്നുകൊണ്ടു ചെയ്തതായ ഒരു ആശംസ നിസ്സംശയമായും കൗതുകകരമായിട്ടുള്ളതാണ്. മി. ആചാരിയുടെ ആശംസ ഇങ്ങനെയായിരുന്നു: "നിങ്ങൾക്ക് ഇപ്പോഴത്തേതിലധികം സൗകര്യമുള്ള അവസരങ്ങളും, ഇപ്പോഴത്തേതിലധികം വിതതമായ കർമ്മങ്ങളും ഉണ്ടായിരിക്കുവാനവകാശമുള്ള ഒരു കാലം വരും. അപ്പോൾ നിങ്ങളിലൊരാൾ, ഞാൻ ഇപ്പോൾ പ്രാപിച്ചിരിക്കുന്നതായ സ്ഥാനത്തെ പ്രാപിക്കുവാനുമിടയാകും. നിങ്ങളുടെ ചെറുപ്പകാലം മുതൽക്കുള്ള ജീവിതത്തിൽ നിങ്ങൾ സമസൃഷ്ടങ്ങളായ മനുഷ്യരിൽ നിരന്തരം ദയയോടും കൂറോടുംകൂടി ഇരുന്നിട്ടുണ്ടെന്നു ചാരിതാർത്ഥ്യപ്പെടുവാൻ സാധിക്കുന്നതായാൽ അതു വളരെ വലിയ കാര്യമായിരിക്കുന്നതാണ്." അർത്ഥവത്തായ ഈ വാക്യങ്ങളുടെ വാച്യാർത്ഥത്തിലല്ലാ കൗതുകം തോന്നുന്നതിന് ആവശ്യമുള്ളത്. ഇവയുടെ വ്യംഗ്യാർത്ഥത്തെ തിരുവിതാംകൂർകാർ വിശേഷശ്രദ്ധയോടുകൂടി ഗ്രഹിക്കേണ്ടതാണ്. ഇപ്പോഴത്തെ വിദ്യാർത്ഥികളിൽ ഒരാൾ ഭാവികാലത്ത് തിരുവിതാംകൂറിലെ മന്ത്രിയായി വന്നേക്കാമെന്നുള്ള ആശംസകൊണ്ട് വിദേശീയനായ തന്നെപ്പോലെയുള്ളവർ ഇവിടെ മന്ത്രിയായി ഇപ്പോൾ വന്നിരിക്കുന്നത് തങ്ങളുടെ അവകാശപ്രാബല്യത്താൽ അല്ലാ, എന്നും, ഗത്യന്തരമില്ലാഞ്ഞിട്ട് മേല്ക്കോയ്മ തങ്ങളെ നിയമിക്കയാലാണെന്നും ധ്വനിപ്പിച്ചിരിക്കുന്നു. തിരുവിതാംകൂറിലുള്ള

വർക്കാർക്കും ഇക്കാലത്ത് ഇവിടത്തെ മന്ത്രിയായിരിപ്പാൻ സാധിക്കാതെയായത്, സമസൃഷ്ടങ്ങളായ ഇതരജാതിക്കാരുടെ പേരിൽ കൂറും, ദയയും ഇല്ലാഞ്ഞതിനാലാണെന്നും മേല്പടി വാകൃത്തിലെ ഉത്ത രാർദ്ധത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ഈ ഒടുവിൽ പറഞ്ഞ സൂചന, മി. ആചാരിയുടെ പ്രസംഗത്തിലെ രണ്ടാമത്തെ ഉപദേശത്തിൽ വിശദമാക്കിക്കാണിക്കുന്നുണ്ട്. തിരുവിതാംകൂറിന് ഇക്കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലക്കാലത്തിൽ വളരെ ക്ഷേമാഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നിരുന്നാലും, തിരുമനസ്സിലെ രാജ്യത്തിനു ള്ളിൽ പാർക്കുന്ന വിവിധ ജാതി പ്രജകളൊക്കെയും അവരുടെ ഹിതങ്ങളുടെ ഐക്യത്തെ വേണ്ട വണ്ണം അറിഞ്ഞു പ്രവർത്തിച്ചിരുന്നുവെങ്കിൽ, ഈ ക്ഷേമാഭിവൃദ്ധി എത്രയോ അധികം ആകുമായി രുന്നു എന്ന് ഇവിടത്തെ സ്ഥിതികളെപ്പറ്റി അല്പമെങ്കിലും കണ്ടറിഞ്ഞിട്ടുള്ള എന്നെപ്പോലെ വിദേശീ യനായ ഒരുവന്, വ്യസനിക്കാതെയിരിപ്പാൻ നിർവാഹമില്ലാ-എന്നു മി. ആചാരി പ്രസ്താവിച്ചതിൽ, തിരുവിതാംകൂറിലെ ജനങ്ങളുടെ സ്വഭാവത്തെ സംക്ഷേപിച്ചിട്ടുണ്ടെന്നു സമ്മതിച്ചേ കഴിയൂ. തിരുവി താംകൂറിന്റെ അവസ്ഥ ഇപ്രകാരംതന്നെയാണെന്ന് സമ്മതിക്കാമെന്നിരുന്നാലും, ഈ ദൂഷ്യം തിരുവി താംകൂറുകാരാൽ ഉണ്ടായിട്ടുള്ളതാണെന്നു സമ്മതിക്കാൻ ഞങ്ങൾ തയ്യാറല്ലാ. ഈ രാജ്യത്തെ ഭരിപ്പാ നായി തിരുവിതാംകൂറുകാരെത്തന്നെ മന്ത്രിപദത്തിൽ പ്രതിഷ്ഠിച്ചിരുന്ന കാലമുണ്ടായിരുന്നു. അക്കാ ലങ്ങളിൽ തിരുവിതാംകൂറിനുള്ളിൽ പ്രജാസമൂഹത്തിലെ വിവിധ ജാതികൾ തമ്മിൽ ഛിദ്രിച്ച് രാജ്യഭര ണത്തെ ക്ലേശിപ്പിച്ചിരുന്നുവെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. പടവെട്ടി നാടുപിടിച്ചടക്കിയിരുന്ന പണ്ടേ ക്കാലത്തെ കഥ പോകട്ടെ; ആധുനികകാലഘട്ടത്തിൽ ഈ നാട്ടിലെ മന്ത്രിപദത്തെ അലങ്കരിച്ചിരുന്ന സ്വദേശീയർ ഗവണ്മെന്റിനെ അലങ്കോലപ്പെടുത്തിയിരുന്നില്ല. വിദേശീയന്മാർ മന്ത്രിമാരായി വന്നതിന്റെ ശേഷമാണ് ജാതിസ്പർദ്ധ ഈ നാട്ടിൽ പ്രകടമായി പ്രകാശിച്ചിട്ടുള്ളത്. ഈ നാട്ടുകാരുടെ വിവിധ ഹിതങ്ങളെ അറിയാതെയും, അവയൊക്കെ യോജിപ്പിച്ചുകൊണ്ടുപോകാൻ സാമർത്ഥ്യമില്ലാതെയും, ഏതെങ്കിലുമൊരു കക്ഷിയുടെ ആശ്രയത്തെ അവലംബിച്ചുകൊണ്ട് രാജ്യം ഭരിക്കുവാൻ ഒരുങ്ങിയി രുന്ന വിദേശീയമന്ത്രിമാരുടെ കാലങ്ങളിൽ ജാതിസ്പർദ്ധ തഴച്ചുവളർന്നു എന്ന് കീഴ്കഴിഞ്ഞിട്ടുള്ള ചരിത്രത്താൽ തെളിയുന്നു. എന്നാൽ നാനാജാതികളെയും കൂട്ടിയിണക്കി നടത്തുവാൻ കഴിഞ്ഞിട്ടുള്ള വിദേശീയമന്ത്രിമാർ ദുർല്ലഭം ചിലർ ഉണ്ടായിരുന്നു എന്നു സമ്മതിക്കാമെങ്കിലും, ഭൂരിപക്ഷവും ഞങ്ങൾ മുൻപറഞ്ഞ വിധത്തിലുള്ളവരായിരുന്നു. വിദേശീയമന്ത്രികളുടെ ഭരണനയദൂഷ്യത്താൽ ഉണ്ടായി വളർന്ന ജാതിസ്പർദ്ധ പലേ അവസ്ഥകളിൽ-കയറിയുമിറങ്ങിയും, മങ്ങിയും മയങ്ങിയും- ഇരുന്നിട്ടുള്ളതല്ലാതെ ഇതേവരെ നാമാവശേഷമായിട്ടില്ലാ. മി. രാജഗോപാലാചാരിയുടെ ഭരണകാലത്തും ഈ സ്പർദ്ധാന ലനെ ഊതിജ്വലിപ്പിക്കുന്ന അപനയങ്ങൾ ആയിരുന്നു പ്രയോഗിക്കപ്പെട്ടിട്ടുള്ളതെന്നു ഞങ്ങൾ പലപ്രാ വശ്യം പറഞ്ഞിട്ടുള്ളതാണല്ലോ. മി. ആചാരി തന്റെ അചിരകാലപരിചയത്താൽ, ഈ വഴക്കിനെ വർധി പ്പിക്കുമാറുള്ള നയങ്ങൾ സ്വീകാര്യങ്ങളല്ലെന്നു ഗ്രഹിച്ചതും തന്റെ അനുഭവത്തെ സൂചിപ്പിച്ചിരിക്കുന്നതും ഉചിതംതന്നെയാണ്. ഈ സ്ഥിതിക്ക് ഇത്തരം വിദേശീയരെ ഇവിടത്തെ മന്ത്രിസ്ഥാനത്തു നിയോഗി ക്കാതിരിക്കുന്നതിനു ജനങ്ങൾ മേല്ക്കോയ്മയോടു പ്രാർഥിക്കേണ്ടിയ കാലം വൈകിഎന്നു ഗ്രഹി ക്കാവുന്നതാണല്ലോ. തിരുവിതാംകൂറുകാരനെത്തന്നെ മന്ത്രിയായി കിട്ടുവാൻ മി. ആചാരി ആശംസി ക്കുന്നതായ ഭാവികാലത്തെ പ്രതീക്ഷിച്ചിരിക്കേണമോ? അതിനുമുമ്പുതന്നെ പാടില്ലെന്നുണ്ടോ? ●

(സ്വദേശാഭിമാനിയുടെ അവസാനത്തെ മുഖപ്രസംഗം- 1910 സെപ്തംബർ 23)

ആത്മകഥ

# എന്റെ നാടുകടത്തൽ

# നാടുകടത്തൽ

**1910** സെപ്തംബർ 26ാം തീയതി തിങ്കളാഴ്ച പകൽ മണി 1 കഴിഞ്ഞു. ഞാൻ 'സ്വദേശാഭിമാനി' ആഫീസിൽ, ഉച്ചയ്ക്ക് ഊണും കഴിച്ച്, അന്നത്തെ ലക്കം 'സ്വദേശാഭിമാനി' പത്രമിടപെട്ട ജോലി നോക്കുകയായിരുന്നു. ദിവാൻ മിസ്റ്റർ രാജഗോപാലാചാരിയുടെ നടത്തയെ ആക്ഷേപിച്ചിരുന്നത് അവാസ്തവമെങ്കിൽ 'സ്വദേശാഭിമാനി' പത്രാധിപരുടെ മേൽ ക്രിമിനൽകേസ്സു കൊടുപ്പാനായി ആഹ്വാനം ചെയ്ത് 'A challenge' എന്ന തലവാചകത്തിൻ കീഴിൽ എഴുതിയിരുന്ന ഇംഗ്ലീഷ് ലേഖനത്തിന്റെ പ്രൂഫ് തിരുത്തിക്കൊടുത്തിട്ട്, അത് സംബന്ധിച്ച തെളിവിലേക്കുള്ള ചില കത്തുകൾ എടുത്തുവയ്ക്കുകയും, പലേ സ്വകാര്യകത്തുകൾ നശിപ്പിക്കയും ചെയ്തുകൊണ്ടിരിക്കയായിരുന്നു. കുറെ നാളായിട്ട് തമ്മിൽ കാണാതിരുന്ന് അന്ന് എന്നെ കണ്ടേ തീരൂ എന്ന ഉത്കണ്ഠയോടെ, തനിക്ക് സുഖക്കേടാണെങ്കിലും അത് വകവയ്ക്കാതെ വന്നുകണ്ട മുഹമ്മദീയപ്രമാണിയായ ഒരു സ്നേഹിതൻ, പത്രത്തെപ്പറ്റിയും മുഹമ്മദീയരുടെ ഇടയിൽ അപ്പോൾ ആലുവായിൽ സ്ഥാപിക്കാൻ പോകുന്ന മദ്രസ സംബന്ധിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന തർക്കങ്ങളെപ്പറ്റിയും സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ, പെട്ടെന്ന് ചിലർ തെരുതെരെ നടന്നുവരുന്ന ബൂട്ട്സിന്റെ ഒച്ച കേട്ടു. എന്റെ പിൻഭാഗത്തെ മറയുടെ (സ്ക്രീൻ) മുകളിലൂടെ ചില ചുവന്ന തലപ്പാവുകൾ കണ്ടു. അടുത്തനിമിഷത്തിൽ മറയുടെ ഇടത്തേഭാഗത്തെ വഴിയിലൂടെ, ചുവന്ന തലപ്പാവും കാക്കി ഉടുപ്പുകളും ധരിച്ച ഒരാളും ശുദ്ധ വെള്ള ഉടുപ്പുകളോടും വെള്ള ഹാറ്റോടും കൂടിയ ഒരു വെള്ളക്കാരനും എന്റെ ദൃഷ്ടിപഥത്തിലായി. പിറകെ മറ്റു ചിലരും ഉണ്ടായിരുന്നു. തലപ്പാവും കാക്കി ഉടുപ്പും ധരിച്ച് ആദ്യം വന്നയാൾ എന്റെ ഇഷ്ടന്മാരിലൊരാളും എന്റെ ഗുരുഭൂതൻ രാമക്കുറുപ്പു മുൻഷിസാറിന്റെ മൂത്തപുത്രനും ആയ പൊലീസ് ഇൻസ്പെക്ടർ ആർ.അച്യുതൻപിള്ള ബി.എ അവർകളായിരുന്നു. വെള്ളക്കാരൻ, പുതിയ പൊലീസ് സൂപ്രേണ്ട് മിസ്റ്റർ എഫ്.എസ്.എസ്.ജോർജ്ജ് ആയിരിക്കുമെന്ന് ഞാൻ ഊഹിച്ചതിൻവണ്ണം, അദ്ദേഹം തന്നെയായിരുന്നു. പിറകെ ഉണ്ടായിരുന്ന ചിലർ, കോട്ടയ്ക്കകം പൊലീസ് ഇൻസ്പെക്ടർ ബി. ഗോവിന്ദപ്പിള്ള അവർകളും, പുത്തൻചന്ത പൊലീസ് ഇൻസ്പെക്ടർ മിസ്റ്റർ പിച്ചു അയ്യങ്കാരും, പിന്നെ ചില കാൺസ്റ്റബിൾമാരും ആയിരുന്നു. മിസ്റ്റർ ജോർജ്ജിനെ കണ്ടപ്പോൾ ആദ്യമായി ഞാൻ വിചാരിച്ചത്, ഏതാനും നാൾക്കു മുൻപ് മദ്രാസിൽ നിന്ന് എനിക്ക് കിട്ടിയിരുന്നതും, മുൻലക്കം 'സ്വദേശാഭിമാനി' യിൽ പ്രസ്താവിച്ചിരുന്നതുമായ വാറോലയായ കത്തിനെക്കുറിച്ച് അദ്ദേഹത്തിന് ഞാൻ അയച്ചിരുന്ന എഴുത്തിനെപ്പറ്റി എന്നോട് വല്ലതും ചോദിച്ചറിയുന്നതിലേക്കായി അദ്ദേഹം വന്നതായിരിക്കാം എന്നതായിരുന്നു. അടുത്തക്ഷണത്തിൽ ഈ വിചാരം

മാറി. മിസ്റ്റർ ജോർജ്ജ് കടന്നുവന്നപ്പോൾ ഞാൻ എണീറ്റു മുമ്പോട്ട് ചെന്നയുടനെ "മിസ്റ്റർ രാമകൃഷ്ണപിള്ള ആരാണ്, നിങ്ങളാണോ?" - എന്ന് ചോദിച്ചു.

"ഞാൻതന്നെ" - എന്നു മറുപടി പറഞ്ഞു.

ഞങ്ങളുടെ സംവാദം ഇംഗ്ലീഷിലായിരുന്നു.

"നിങ്ങളുടെ പത്രത്തിന്റെ പ്രതികളെവിടെ?" ഉടൻ എന്റെ മേശപ്പുറത്ത് ഇടതുഭാഗത്ത് അടുക്കി വെച്ചിരുന്ന പല പത്രങ്ങളെയും നോക്കിക്കൊണ്ട് "ഇവയൊക്കെ എന്താണ്?" എന്ന് മിസ്റ്റർ ജോർജ്ജ് ചോദിച്ചു.

"ഇവയൊക്കെ മാറ്റത്തിനായും മറ്റും വന്നിട്ടുള്ള പത്രങ്ങളാണ്" എന്ന് ഞാൻ പറഞ്ഞു.

മദ്രാസ് സ്റ്റാൻഡേർഡ്, വെസ്റ്റ് കോസ്റ്റ് റിഫാർമർ, മലബാർ ഹിറാൾഡ്, കൊച്ചിൻ ആർഗ്സ്, മലബാർ ഡെയ്‌ലി ന്യൂസ്, വെസ്റ്റേൺ സ്റ്റാർ, മറാട്ടാ, ഇന്ത്യൻ സോഷ്യൽ റിഫാർമർ, ഇന്ത്യൻ റിവ്യൂ മുതലായ പത്രികകളെയും മറ്റും ഇളക്കിനോക്കീട്ട്, "നിങ്ങളുടെ പത്രത്തിന്റെ ചില പ്രതികൾ കാണിക്കാമോ?" എന്ന് മിസ്റ്റർ ജോർജ്ജ് ചോദിച്ചു. "ഇതേ ഇരിക്കുന്നു," എന്ന് ചില പ്രതികൾ കാണിച്ചു കൊടുത്തു. "എനിക്ക് നിങ്ങളുടെ ആഫീസ് ശോധന ചെയ്യണം" എന്ന് സായിപ്പു പറഞ്ഞു.

"ഓഹോ, ആവാം. യാതൊരു തടസ്സവുമില്ലാ" എന്ന് ഞാൻ മറുപടി കൊടുത്തു.

"മിസ്റ്റർ ഗോവിന്ദപ്പിള്ളേ! ഈ പത്രങ്ങളിൽ ഗവൺമെന്റിനെ പറ്റി ആക്ഷേപിച്ചിട്ടുള്ള ലേഖനങ്ങളടങ്ങിയത് ചിലത് തെരഞ്ഞെടുക്കുക", എന്ന് 'സ്വദേശാഭിമാനി'യെ കാണിച്ചിട്ട്, സായിപ്പ് ആജ്ഞാപിച്ചു. "ഏതാണ് നിങ്ങൾക്ക് കാണേണ്ടത്? ഇതാ നോക്കുക. ദിവാൻജിയുടെ പ്രജാസഭനിയമനിരൂപണത്തെപ്പറ്റിയുള്ളത്," എന്ന് ഞാൻ പറഞ്ഞു. "അതെന്താണ്?" എന്ന് സായിപ്പ് ചോദിച്ചു. "പ്രജാസഭയുടെ ചട്ടങ്ങളെ ദിവാൻജി പുതുക്കി, അതിനെ ആക്ഷേപിച്ചിട്ടാണ്," എന്ന് മിസ്റ്റർ ഗോവിന്ദപ്പിള്ള വിവരിച്ചു. "പ്രജാസഭ എന്നാലെന്ത്?" എന്ന് മിസ്റ്റർ ജോർജ്ജ് ചോദിച്ചു. "അത് ജനങ്ങളുടെ സങ്കടങ്ങളെ കേൾപ്പാൻ ആണ്ടുതോറും അവരുടെ പ്രതിനിധികളെ വിളിച്ചുകൂട്ടുന്ന സഭയാണ്," എന്ന് മിസ്റ്റർ ഗോവിന്ദപ്പിള്ള പറഞ്ഞു. "അതുപോട്ടെ നിങ്ങൾക്ക് പത്രത്തിന്റെ ഫയൽ ഇല്ലയോ? ഇതേവരെയുള്ളത് തരുക," എന്ന് സായിപ്പ് എന്നോട് ആവശ്യപ്പെട്ടു.

"ഫയൽ ഇക്കൊല്ലത്തേതു കുത്തിക്കെട്ടി വെച്ചിട്ടില്ലാ. ഒറ്റയൊറ്റയായി അടുക്കി, കുറെ ഇവിടെയും കുറെ അവിടെയുമായി കിടക്കുന്നുണ്ടാകും!" എന്ന് ഞാൻ ചിലത് ചൂണ്ടിപ്പറഞ്ഞു. ഉടൻ ഞാൻ ഒരു കടലാസ് മറിച്ചു, 'ഗർഹ്യമായ നടത്ത' എന്ന തലവാചകത്തിൻകീഴിൽ ദിവാൻ മിസ്റ്റർ രാജഗോപാലാചാരിയെപ്പറ്റി എഴുതിയിരുന്ന ലേഖനമടങ്ങിയ പത്രം എടുത്തുകാണിച്ചു. ഇതും ദിവാൻജിയെ കുതിരക്കവുച്ചെടുത്ത് അടിക്കും എന്നും മറ്റും എഴുതീട്ടുള്ളതാണ്. "ഗവർമ്മേണ്ടുദ്യോഗസ്ഥൻമാരെ ആക്ഷേപിക്കുന്ന ലേഖനങ്ങൾ എല്ലാ ലക്കങ്ങളിലും കാണാറുണ്ട്" എന്ന് മിസ്റ്റർ ഗോവിന്ദപ്പിള്ള പറഞ്ഞു.

"നിങ്ങൾക്ക് പത്രം നടത്തിപ്പു ജോലിതന്നെയോ?" എന്ന് സൂപ്രേണ്ടു ചോദിച്ചു. "അല്ലാ, ഞാൻ നിയമപരീക്ഷയ്ക്ക് വായിച്ചുകൊണ്ടിരിക്കുന്നുമുണ്ട്," എന്നു ഞാൻ പറഞ്ഞു. "പിന്നെന്താണ് നിങ്ങൾ പഠിച്ചു ജയിച്ചു വക്കീൽ വേലയ്ക്ക് പോകാതെ ഇങ്ങനെ പത്രം നടത്തിക്കൊണ്ടിരിക്കുന്നത്?" എന്ന് മി. ജോർജ്ജ് പുഞ്ചിരിയിട്ടു ചോദിച്ചു. എന്നിട്ട്, മേശയുടെ മുൻഭാഗത്ത് ഒരുവശത്തുള്ള, നിന്നെഴുതുന്ന മേശയുടെ തട്ടുകളിലും, മുകളിലും, മറ്റൊരുവശത്തുള്ള സ്റ്റാൻഡിലും ഇരുന്നിരുന്ന പത്രഫയലു

കളെ നോക്കിക്കൊണ്ട്, "ഇവ എന്താണ്?" എന്ന് എന്നോട് ചോദിക്കുകയും, അവ ഹിന്ദു, ടൈംസ് ആഫ് ഇന്ത്യാ, ഇല്ലസ്ട്രേറ്റഡ് വീക്കിലി മുതലായ പത്രങ്ങളും മറ്റുമാണ് എന്ന് ഞാൻ മറുപടി പറഞ്ഞതുകേട്ടിട്ട്, ശോധനയ്ക്കായി പ്രസ്സ് മുറിയിലേക്ക് കടന്നുപോവുകയും ചെയ്തു.

എന്തെങ്കിലും ശോധന ചെയ്തുകൊള്ളട്ടെ എന്ന് പറഞ്ഞു ഞാൻ സ്നേഹിതനുമായി സംഭാഷണം തുടർന്നുകൊണ്ടിരുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള 'സ്വദേശാഭിമാനി'യുടെ ചില ലക്കങ്ങൾ മറിച്ചുനോക്കി കുറിച്ചുകൊണ്ടിരുന്നു. സൂപ്രേണ്ടും മറ്റു സിൽബന്ധികളും പ്രസ്സ് മുറിയിൽ ചെന്ന്, അച്ചടി തീർന്ന ഫാറങ്ങൾ നോക്കി; കമ്പോസിറ്ററൻമാർ അച്ചുനിരത്തിക്കൊണ്ടിരുന്ന കൈയെഴുത്തുപകർപ്പുകൾ നോക്കി; അവയുടെ പ്രൂഫ് എടുത്തടത്തോളം വാങ്ങി നോക്കി; അവയൊക്കെ അന്നത്തെ ലക്കത്തിലേക്ക് ഉള്ളവയാണെന്ന് ഇടയ്ക്ക് എന്നോട് വന്നു ചോദിച്ചറിഞ്ഞതിൻവണ്ണം അവയെല്ലാം പെറുക്കി എടുത്ത് ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞു. ടൈപ്പുകേസുകൾ മുതലായ സാമാനങ്ങളുടെ പേരുകൾ കമ്പോസിറ്ററർമാരോട് ചോദിച്ചറിഞ്ഞ് എഴുതി. ഇങ്ങനെ പലതും ബഹളമായി നടത്തിക്കൊണ്ടിരുന്നു. ഇതിനിടെ മിസ്റ്റർ അച്യുതൻപിള്ള എന്റെ സമീപത്ത് വരികയും, സർക്കീട്ടിലായിരുന്ന സായിപ്പ് പെട്ടെന്ന് വന്നതാണെന്നും അന്നുച്ചയ്ക്ക് മുമ്പു നിനച്ചിരിക്കാതെ തന്നെ വഴിയിൽ വച്ച് പിടിച്ചുകൊണ്ട്, എന്നെ അറിയുമോ എന്നു ചോദിച്ചു എന്നും, എന്റെ പാർപ്പിടം കാണിച്ചുകൊടുക്കാനാവശ്യപ്പെട്ടു എന്നും, അതിൻവണ്ണം പുത്തൻചന്ത സ്റ്റേഷൻ സമീപമുള്ള എന്റെ വാസസ്ഥലത്തു ചെന്ന് നോക്കിയതിൽ എന്നെ കാണാഞ്ഞ് അവിടെ എന്റെ കുട്ടികളെയും വാല്യക്കാരനെയും കണ്ടിട്ട് ഞാൻ എവിടെയാണെന്ന് ചോദിച്ചറിഞ്ഞു എന്നും, വീട്ടിൽ ഏതാനും കാൺസ്റ്റബിൾമാരെ ബന്തവസ്സിന് നിറുത്തിയിട്ട് പോന്നിരിക്കുകയാണെന്നും, കഥ എന്തെന്നറിവില്ലെന്നും പറയുകയും ചെയ്തു. മിസ്റ്റർ ഗോവിന്ദപ്പിള്ളയും തനിക്കിതെന്തന്നറിവില്ലെന്നു പറഞ്ഞു. ഞാൻ വീണ്ടും എന്റെ സ്നേഹിതനുമായി സംസാരിച്ചുകൊണ്ടിരുന്നു. ഇതിനിടെ എന്റെ വാല്യക്കാരൻ ഓടി എരച്ചുവന്ന്, "വീട്ടിൽ കാൺസ്റ്റബിൾമാർ വന്ന് പുരമുറിക്കൊക്കെ മുദ്രവച്ചിരിക്കുന്നു. കുട്ടികളും വാല്യക്കാരിയും ഞാനും മാത്രമേ ഉള്ളൂ," എന്ന് പറഞ്ഞു. "തരക്കേടില്ല-ഭയപ്പെടേണ്ടാ-അവർ മുദ്രവയ്ക്കയോ; എന്തോ ചെയ്തോട്ടെ. കുട്ടികളെ സൂക്ഷിച്ചുകൊള്ളു," എന്ന് അവനെ പറഞ്ഞയച്ചു. കുട്ടികൾ എന്ന് പറഞ്ഞത്, നാലു വയസ്സായ പുത്രിയെയും ഉദ്ദേശം മൂന്നു വയസ്സായ പുത്രനെയും ഉദ്ദേശിച്ചായിരുന്നു. വാല്യക്കാരി ഈ കുട്ടികളോടൊന്നിച്ച് കളിപ്പാനായി നിറുത്തിയിരുന്ന ഒരു പെൺകുട്ടിയുമായിരുന്നു. അവർ മാത്രമേ ഉള്ളൂ എന്ന് പറഞ്ഞത്, എന്റെ ഭാര്യ വീട്ടിൽ ഇല്ലാത്തതിനെ ഉദ്ദേശിച്ചായിരുന്നു. ഗവൺമെന്റു വക ഇംഗ്ലീഷ് ബാലികാമഹാപാഠശാലയിൽ ഉപാദ്ധ്യായിനിയായ എന്റെ ഭാര്യ ആ സമയം പാഠശാലയിൽ ആയിരുന്നു.

'സ്വദേശാഭിമാനി' ആഫീസിനെ പൊലീസുകാർ വളഞ്ഞിരിക്കുന്നു എന്ന വർത്തമാനം ഇതിനുള്ളിൽ മുഴങ്ങിക്കേട്ടിട്ട്, എന്റെ ചങ്ങാതികളായും പത്രത്തിന്റെ പേരിലും എന്റെ പേരിലും താൽപര്യമുള്ളവരായും ആളുകൾ തുരുതുരെ ആഫീസിലേക്ക് വന്നുകയറിത്തുടങ്ങി. ഞാൻ മുന്നോട്ട് ചെന്ന് ചിലരുടെയൊക്കെ പരിഭ്രമത്തെ ശമിപ്പിച്ചു. "എങ്കിലും ശോധന എന്തിനാണ്? നിങ്ങളെ വാറണ്ടു കാണിച്ചുവോ?" എന്ന് അവരിൽ ഒരാൾ എന്നോട് ചോദിച്ചു.

"ഇല്ലാ- ഞാൻ ആവശ്യപ്പെട്ടുമില്ലാ."

"എന്നാലും വാറണ്ടുകൂടാതെ ഇങ്ങനെ ചെയ്യാമോ?"

"പാടില്ലാ- വാറണ്ടുണ്ടായിരിക്കാം."

"അങ്ങനെ സമാധാനപ്പെട്ടാൽ പോരാ. ചോദിക്കുക. വാറണ്ടില്ലെങ്കിൽ അവർ എന്തും ചെയ്തോട്ടെ. നിങ്ങൾ ഇതൊന്നും കാണേണ്ട: ഇറങ്ങിപ്പോരാമല്ലോ."

ഇതിനിടയ്ക്ക്, മിസ്റ്റർ ജോർജ്ജ് ആൾക്കൂട്ടം വർദ്ധിക്കുന്നു എന്നുകണ്ട് ഞങ്ങൾ നിന്നിരുന്ന മുറിയിലേക്ക് വന്നു. "ഇവരൊക്കെയാർ?" എന്ന് എന്നോട് ചോദിച്ചു.

"എന്റെ ചങ്ങാതിമാർ."

"ഇവർ ഇവിടെ എന്തിന് കൂട്ടം കൂടുന്നു? ഇറങ്ങിപ്പോകട്ടേ."

"ഇവർ എന്നെ കാൺമാൻ വന്നവരാണ്. എന്തിനായിട്ട് ഇറങ്ങിപ്പോകണം? ആട്ടെ ശോധന യ്ക്കുള്ള വാറണ്ടുണ്ടെങ്കിൽ എന്നെ കാണിക്കണം."

"വാറണ്ടുണ്ട്. കാണിക്കയില്ല."

"മജിസ്ട്രേട്ടിന്റെ വാറണ്ട് കാണിക്കാതെ സ്വേച്ഛപോലെ ശോധന ചെയ്യാമെന്നോ? ശോധന ചെയ്തുകൊള്ളൂ. ഞാൻ ലിസ്റ്റ് ഒപ്പിടുകയില്ല."

"നിങ്ങൾ ഒപ്പിടണം."

"ഇല്ലാ- വാറണ്ടു കാണണം."

"വാറണ്ടു കാണിക്കയില്ലാ. എന്റെ വാക്കിനെ വിശ്വസിക്കൂ. വാറണ്ട് എന്റെ പക്കലുണ്ട്."

"നിങ്ങളെ അവിശ്വസിക്കയില്ല. എങ്കിലും വാറണ്ടു കാൺമാൻ എനിക്ക് അവകാശമുണ്ട്, കാണ ണം; കാണിക്കാഞ്ഞാൽ ശോധന നിയമവിരോധമാണ്."

"എന്നാൽ നിങ്ങൾ നിയമപ്രകാരം നടപടി നടത്തിക്കൊള്ളൂ. എന്റെ പക്കൽ വാറണ്ടുണ്ട്, അത് രാജാവിന്റെ പക്കൽ നിന്നുള്ള വാറണ്ടാണ്."

"എന്നാൽ കാണിക്കരുതോ?"

"ഇല്ല, കാണിപ്പാൻ തയ്യാറില്ല."

ഇതിനിടയ്ക്ക്, എന്റെ സ്നേഹിതൻ എന്നെ വിളിച്ചു പറഞ്ഞു: "വാറണ്ടു കാണിക്കയില്ലെങ്കിൽ അവർ മനസ്സുപോലെ എന്തും ശോധന ചെയ്തെടുക്കട്ടെ. നിങ്ങൾ ഇവിടെ നിൽക്കന്നതെന്തിന്?"

ഇത് കഴിഞ്ഞ് ഞാൻ സൂപ്രേണ്ടിന്റെ അടുക്കലേക്കു ചെന്നപ്പോൾ, മിസ്റ്റർ ജോർജ്ജ് രോഷാകു ലനായി എന്റെ സ്നേഹിതനെ നോക്കി കുറെ മര്യാദകേടായി സംബോധന ചെയ്തുകൊണ്ട്, ദൂരെ പ്പോവൂ- താനാണ് ഇയാളെ ഇളക്കുന്നത്, എന്ന് പറഞ്ഞു.

"ഇത് നിങ്ങളുടെ വീടല്ല; മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ ആഫീസാണ്. ഞാൻ മിസ്റ്റർ രാമകൃ ഷ്ണപിള്ളയുടെ ചങ്ങാതിയും അദ്ദേഹത്തെ അന്വേഷിച്ചുവന്നയാളും ആണ്. ഇവിടം നിങ്ങളുടെ അധീ നതയിൽ അല്ലാതിരിക്കുന്നിടത്തോളം കാലം ഇവിടം വിട്ടുപോകുന്നതിന് പറവാൻ നിങ്ങൾക്കവകാശ മില്ല."

സായിപ്പ് ഇത് കേട്ട് തണുത്തു.

"നോക്കൂ - ഇവിടെ വന്നിരിക്കുന്നവർ എന്റെ ചങ്ങാതികളാണ്. എന്റെ കാര്യത്തിൽ താൽപര്യ

ക്കാരുമാണ്. അവർ എന്റെ സ്ഥലത്ത് എന്നെ കാണ്മാനും ഉപദേശിപ്പാനും വന്നു. അവരെ നിങ്ങൾ മര്യാദകെട്ടവരുടെ വാക്കുകൾ വിളിച്ചത് നിങ്ങൾക്ക് യോഗ്യതയായില്ല. എന്നെ ബന്തവസ്സിൽ വെപ്പാൻ കൂടെ വാറണ്ടുണ്ടെങ്കിൽ പറയൂ. വാറണ്ടില്ലെങ്കിൽ ഞാൻ പോകുന്നു,'' എന്നു ഞാൻ പറഞ്ഞു.

''വാറണ്ടുണ്ടെന്ന് അർത്ഥമാക്കിക്കൊള്ളൂ.''

''എന്നാൽ വാറണ്ടു കാണണം.''

''കാണിക്കയില്ലാ.''

''എന്റെമേൽ എന്തു ചാർജ്ജിനാണ് എന്നെ ബന്തവസ്സിൽ വയ്ക്കുന്നത്? വാറണ്ടു കാട്ടൂ.''

''ഇല്ല- അത് നാളെ അറിയാം- നാളെ കാണാം.''

ഇതിനിടയിൽ എന്റെ സ്നേഹിതൻമാർ വക്കീലൻമാരോടാലോചിക്കുകയും, അവർ ഈ സ്വേച്ഛാ നടപടിയെപ്പറ്റി പിറ്റേന്നു കേസുകൊടുത്തുകൊള്ളാമെന്നും, തത്കാലം അനുസരണമായി കഴിയട്ടേ എന്നും ഉപദേശിച്ചയയ്ക്കുകയും ചെയ്തു.

സൂപ്രേണ്ടും കൂട്ടരും പ്രസ്സ്മുറിയിലെ സാമാനങ്ങൾക്ക് ലിസ്റ്റുണ്ടാക്കുന്ന തെരക്കായിരുന്നു. കുറെ വണ്ടികൾ കൊണ്ടുവരാൻ ആവശ്യപ്പെടുന്നതും കേട്ടു.

എന്റെ ഭാര്യ, വീട്ടിൽ ബന്തവസ്സിട്ടിരിക്കുന്ന വർത്തമാനമറിഞ്ഞ് വീട്ടിലെത്തി, തന്റെ പുരമുറിയിൽ കടക്കാൻ പാടില്ലാഞ്ഞ്, പുറമേ ഇരിക്കയാണെന്നും, അത്താഴത്തിന് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ എല്ലാം എടുക്കാൻ നിവൃത്തിയില്ലാത്തവിധം കലവറപ്പുര മുദ്രവച്ചിരിക്കുകയാണെന്നും, എന്തു ചെയ്യണമെന്ന് അറിയേണമെന്നും പറഞ്ഞയച്ചിരിക്കുന്നതായി ആൾ വന്ന് എന്നെ അറിയിക്കുകയും, പൊലീസുകാരുടെ ബന്തവസ്സുള്ളതുകൊണ്ട് അവിടെയുള്ള സാമാനങ്ങൾക്കൊക്കെ അവർ ഉത്തരവാദം ചെയ്തുകൊള്ളുമെന്നും വാല്യക്കാരെ അവിടെ നിറുത്തീട്ട്, കുട്ടികളെയും കൂട്ടിക്കൊണ്ട് ബന്ധുക്കളുടെ അടുക്കലേക്കു കൊണ്ടുചെന്നാക്കുകയെന്നും വന്ന ആളോടു ഞാൻ സമാധാനം പറഞ്ഞയ്ക്കുകയും ചെയ്തതിന്മണ്ണം അവരെല്ലാം ആ വീടുവിട്ടു പോയി.

ആഫീസിലെ സ്ഥിതിയോ? ആളുകൾ ആഫീസുമുറ്റത്തും ഗേറ്റിങ്കലും അയൽപ്പുരയിടങ്ങളിലും കൂട്ടം കൂടി പെരുകുന്നതു കണ്ടു. മെയിൻറോട്ടിൽ നിന്ന് അപ്പോഴപ്പോൾ കൂകിവിളികളും പൊങ്ങിത്തുടങ്ങി. മുൻവശത്തുള്ള കോഡർഷാപ്പിലെ കണ്ണാടിവാതിലിലൂടെ അനേകം ആളുകളുടെ രൂപങ്ങൾ സപ്രത്യാശയങ്ങളായ നോട്ടങ്ങളോടുകൂടെ കാണുമാറുണ്ടായിരുന്നു. സൂപ്രേണ്ട് പ്രസ്സ് മുറിയിലെ സാമാനങ്ങൾക്കു ലിസ്റ്റ് തയ്യാറാക്കിച്ചിട്ട് പത്രാധിപരുടെ ആഫീസുമുറിയിൽ കടന്ന്, എന്റെ മേശപ്പുറത്തുള്ള കടലാസുകളെക്കുറിച്ചു ചോദിച്ചു.

''നിങ്ങളുടെ കത്തുഫയൽ പുസ്തകങ്ങളെവിടെ?''

''അതേ, അവിടെയിരിക്കുന്നു.''

''ലേഖകന്മാരുടെ കത്തുകൾ ഇതിൽ ഫയൽ ചെയ്തിട്ടുണ്ടല്ലോ?''

''ഇല്ല.''

''യാതൊരാളുടെയും ഇല്ലയോ?''

"അവരുടെ കത്തുകൾ സാധാരണ ഫയൽ ചെയ്യാറില്ല."

"പിന്നെ എന്തു ചെയ്കയാണ്."

"ഉടൻ നശിപ്പിക്കുകയാണ്."

"നിങ്ങളുടെ സ്വന്ത ലേഖകന്മാരല്ലാത്തവർ വല്ല ലേഖനവുമയച്ചുതന്നാൽ പ്രസിദ്ധം ചെയ്യാറില്ലേ?"

"ഉണ്ട്. എല്ലാവരുടെയും ഇല്ല. ചിലരുടെ ലേഖനങ്ങൾ ഉപേക്ഷിക്കും."

"ആട്ടെ, ലേഖകന്മാർ ലേഖനങ്ങളോടൊന്നിച്ചു സ്വകാര്യക്കത്തയയ്ക്കാറുണ്ടല്ലോ. അവയൊക്കെ എവിടെ?"

"മിക്കവാറും നശിപ്പിക്കുന്നു."

"അത് യുക്തമോ?"

"എന്താ അല്ലായ്ക? പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനൊക്കെ പത്രാധിപർ ഉത്തരവാദിയാണ്. പിന്നെ ഞാനെന്തിനാണ് മറ്റുള്ളവരുടെമേൽ ഭാരം ചുമത്തുന്നത്?"

"അങ്ങനെ മതിയോ?"

"ഓഹോ! എല്ലാറ്റിനും ഞാൻ ഉത്തരം പറഞ്ഞുകൊള്ളാം."

"ആട്ടെ- ഇന്നത്തെ പത്രത്തിന്റെ ലേഖനങ്ങളെവിടെ?"

"അവ കമ്പോസിങ്ങുമുറിയിൽ നിന്ന് നിങ്ങൾ എടുത്തുവല്ലോ?"

"വേറെയില്ലയോ?"

"വേറെ വല്ലതും ഇരിപ്പുണ്ടായിരിക്കും."

"ലേഖനങ്ങൾ സംബന്ധിച്ച സ്വകാര്യക്കത്തുകൾ ഒന്നുമില്ലയോ? നിങ്ങളുടെ ലേഖകന്മാരെന്നറിവാൻ രേഖകളില്ലയോ?"

"വല്ലവരുടെയും കത്തുകൾ കാണുമായിരിക്കും. ലേഖകന്മാർക്ക് ലിസ്റ്റ് വെച്ചിട്ടില്ല."

"ആട്ടെ, ഇതാ ഈ പകർപ്പുകൾ എന്താണ്?"

"ഇവ 'സമുദായ പരിഷ്കാരിണി' എന്ന പത്രികയിലേക്കുള്ള ചില ഉപന്യാസങ്ങളാണ്. ആ പത്രിക ഇവിടത്തെ വകയല്ല. ആ ഉപന്യാസങ്ങൾ നോക്കി തിരുത്തി അയപ്പാൻ അതിന്റെ പ്രവർത്തകന്മാർ എന്നെ ഏൽപ്പിച്ചിട്ടുള്ളതാണ്."

"ഇതാ ഇതോ?"

"അതു ശാരദ - സ്ത്രീകൾക്കായുള്ള ഒരു മാസികാ പുസ്തകം."

"പിന്നെ ഇതോ?"

"അതൊക്കെ ചില സ്വകാര്യകത്തുകളാണ്. പത്രം സംബന്ധിച്ചല്ലാ."

"ആട്ടെ- നിങ്ങൾക്ക് മദിരാശിയിൽ നിന്ന് ഒരു വാറോലക്കത്തു കിട്ടിയതായി എനിക്ക് എഴുത്ത

യച്ചിട്ടുണ്ടല്ലോ. ആ കത്തെവിടെ?''

"ആ കത്ത് വീട്ടിലുണ്ട്. ആ കത്തിനെപ്പറ്റി നിങ്ങൾക്ക് മാത്രമല്ല, എഴുതിയിട്ടുള്ളത്. മദ്രാസ് ഗവർണർസായിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, ബ്രിട്ടീഷ് റസിഡണ്ട്, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഇവർക്കൊക്കെ എഴുതീട്ടുണ്ട്.''

"നിങ്ങളെന്തിനാണ് ആ വാറോലയെ ഗണ്യമാക്കിയത്''

"ഞാൻ ഗണ്യമാക്കിയതല്ല. എനിക്ക് അതിൻമേൽ നിയമപ്രകാരം നടപടി നടത്തണമെന്നാഗ്രഹമുണ്ടായില്ല. എന്നാൽ, ഇങ്ങനെയൊരു വാറോല എനിക്ക് കിട്ടീട്ടുണ്ട് എന്ന വസ്തുതയെ നിങ്ങൾ മുതലായവരെ ധരിപ്പിക്കേണ്ടതാവശ്യമെന്നു കരുതിയാണ്. അതിനേപ്പറ്റി പത്രത്തിലും പ്രസ്താവിച്ചിട്ടുണ്ട്.''

"ആട്ടെ. ഈ സാമാനലിസ്റ്റ് ഒപ്പിട്ടുതരാമല്ലോ,'' എന്ന് പ്രസ്സ്മുറിയിലെ സാമാനങ്ങളുടെ ലിസ്റ്റ് കാണിച്ചിട്ടു പറഞ്ഞു.

"ഇല്ലാ. ഈ സാമാനങ്ങളുടെ വിവരം വ്യക്തമായി വേണം. ടൈപ്പുകൾ തൂക്കം നോക്കി തിട്ടപ്പെടുത്തണം.''

"അതെന്തിനാണ്? ടൈപ്പുകൾ തൂക്കം നോക്കിയാണോ വിലവയ്ക്കുന്നത്?''

"അതേ മാത്രമല്ല, സാമാനങ്ങളുടെ ഉടമസ്ഥൻ ഞാനല്ല. ഞാൻ അച്ചുകൂടം നടത്തിപ്പുകാരൻ മാത്രമാണ്. ഉടമസ്ഥൻ ഒരു മുഹമ്മീയനാണ്.''

"ഇവിടെ കുറെ മുമ്പേ കണ്ടിരുന്ന മുഹമ്മദീയനാണോ?''

"അല്ല. അദ്ദേഹം ഇവിടെ മണക്കാട്ടുള്ള ഒരു സ്നേഹിതനാണ്. ഉടമസ്ഥൻ ചിറയിൻകീഴിൽ വക്കം എന്ന സ്ഥലത്തുള്ള ഒരാളാണ്.''

"ടൈപ്പുകൾ ഞങ്ങൾ കളകയില്ലാ. തൂക്കം നോക്കേണ്ടതെന്തിന്?''

"നിങ്ങൾ കളകയില്ലായിരിക്കാം. വല്ലവിധവും നഷ്ടം വന്നാൽ ആരാണ് ഉത്തരം പറയുന്നത്? എന്തുമാത്രം സാമാനം ഉണ്ടെന്ന് എങ്ങനെ നിശ്ചയിക്കാം?''

"എന്നാൽ, ഇൻസ്പെക്ടറേ, ഒരു തുലാസു കൊണ്ടുവന്നു തൂക്കം നോക്കിപ്പോകട്ടെ.''

"നിങ്ങൾ ഇതൊക്കെ എടുത്തുകൊണ്ടു പോകയാണെങ്കിൽ നിശ്ചയമായും തൂക്കം നോക്കി തിട്ടപ്പെടുത്തണം.''

"അതേ. ഈ സാമാനങ്ങളൊക്കെ എടുത്തുകൊണ്ടു പോവാനാണ് എനിക്കു കല്പന കിട്ടീട്ടുള്ളത്.''

"ബോധിച്ചപോലെ ചെയ്യൂ,'' എന്നു പറഞ്ഞു ഞാൻ മറ്റൊരു ഭാഗത്തേക്കു പോയി.

സ്ക്രീൻ വച്ചു മറച്ചിരുന്ന മറുഭാഗം സാധാരണയായി, അച്ചടിച്ചുകഴിഞ്ഞ പത്രം മടക്കിക്കെട്ടി അയപ്പാനും, അതു സംബന്ധിച്ച സിൽബന്തികൾക്ക് ഇരിപ്പാനും ഉപയോഗപ്പെടുത്തി വന്നിരുന്നതായിരുന്നു. അവിടെയാണ്, സാധാരണയായി, പുറമേനിന്നു പത്രാധിപരെ കാണ്മാൻ വരുന്ന ആളുകൾ ആദ്യമായി കടക്കുന്നത്. മുറ്റത്തുനിന്ന് ആ മുറിക്കുള്ളിൽ കടക്കുന്ന വാതില്ക്കൽ ആളുകൾ മുമ്പത്തേതിലധികം വന്നുചേർന്നു. ഞാൻ അവരോടു വർത്തമാനം പറഞ്ഞുനിന്നതിനിടയിൽ, എന്റെ ആഫീസ്മുറി

ക്കുള്ളിൽ പൊലീസ് സൂപ്രേണ്ടിന്റെയും അനുചരന്മാരുടെയും ചലനങ്ങൾ പ്രകടമായി കേട്ടു.

അവർ പത്രഫയലുകളെയും, മേശപ്പുറത്തുണ്ടായിരുന്ന കയ്യെഴുത്തു പകർപ്പുകൾ, കത്തുകൾ, പുസ്തകങ്ങൾ, കടലാസ്, പേന, പെൻസിൽ, മഷിക്കുപ്പി മുതലായവയും താഴെ ഉണ്ടായിരുന്ന ചവറ്റുപെട്ടിയും, പക്ഷേ, പത്രാധിപരുടെ കസാലയുടെ ചോട്ടിൽ കിടന്ന പൊടികളെക്കൂടെയും എടുത്തുമറിച്ചു തള്ളുന്നതും കേൾക്കാമായിരുന്നു.

ഞാൻ നിന്നിരുന്നതിന് അടുത്ത പുരമുറിയിലും ആളുകൾ വന്നുകയറുന്നതു കാണാമായിരുന്നു. ആ പുരമുറിയാണ് മാനേജരുടെയും ഗുമസ്താവിന്റെയും ആഫീസ്. അതിനുള്ളിലാണ് അച്ചടിക്കടലാസുകൾ, അച്ചടിച്ച കടലാസുകൾ, അച്ചടിക്കുവേണ്ട പല ഉപകരണങ്ങൾ, റിക്കാർഡുകളടങ്ങിയ അലമാര, വില്പാൻ വെച്ചിട്ടുള്ള പുസ്തകങ്ങൾ, പഴയ പത്രങ്ങൾ മുതലായ ഒട്ടേറെ സാധനങ്ങൾ സൂക്ഷിച്ചിരുന്നത്. അവിടെ, ഒരറ്റത്ത്, പൊലീസ് ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ള ഒരു ജനാലയുടെ അരികിൽ ഒരു നാല്ക്കാലിയിൻമേൽ ഇരിക്കുന്നുണ്ടായിരുന്നു. ജിജ്ഞാസുക്കളായി വന്നുകൊണ്ടിരുന്ന ആളുകളോടു ഞാൻ ഓരോ സമാധാനം പറഞ്ഞുകൊണ്ടുനിന്നതിനിടയിൽ നടന്ന ചില നേരമ്പോക്കുകൾ രസജനകമായിരുന്നു. എന്റെ ബന്ധുക്കളിൽ ഒരാൾ പരിഭ്രമത്തോടെ ഓടിവന്ന്, "ജാമ്യത്തിൽ വിട്ടയയ്ക്കുകയില്ലേ", എന്നു ചോദിച്ചു.

"യാതൊന്നും അറിയുന്നില്ലാ," എന്നു ഞാൻ മറുപടി പറഞ്ഞു.

"അറസ്റ്റ് ചെയ്യുമോ?"

"ഇപ്പോൾ അറസ്റ്റിലാണല്ലോ."

"അതല്ലാ ഞാൻ ചോദിച്ചത്-അറസ്റ്റ് പല വിധത്തിലുണ്ട്. അവമാനിച്ചറസ്റ്റു ചെയ്യുമോ?"

"എനിക്കു മനസ്സിലാകുന്നില്ലാ. അവമാനിച്ചറസ്റ്റു ചെയ്ക എന്താണ്?"

"കൈയ്ക്കു വിലങ്ങുവെക്കുകതന്നെ."

"അതിലേക്കു ഞാൻ എന്തു കുറ്റം ചെയ്തു? വിലങ്ങുവെച്ചാൽതന്നെ എന്ത്? കൈയ്ക്കല്ലേ? പിന്നെ ജയിലിൽ കൊണ്ട് അടയ്ക്കുമായിരിക്കാം. അതാണോ നിങ്ങൾ അർത്ഥമാക്കുന്നത്?"

"അതെ. അതുതന്നെ."

"ഏയ്, അതൊന്നും സാരമില്ല. കുറ്റം ചെയ്തവനല്ലയോ അതിൽ മാനാവമാനങ്ങളെപ്പറ്റി വിചാരപ്പെടാനുള്ളു. കുറ്റം ചെയ്തിട്ടില്ലെങ്കിൽ, അവർ എന്തുതന്നെ ചെയ്താലെന്ത്? എനിക്ക് അവമാനം വരാനില്ലാ. ഞാൻ തന്നത്താൻ ലജ്ജിക്കത്തക്ക കുറ്റം ഒന്നും ചെയ്തിട്ടില്ലാ. നിങ്ങൾ സ്വസ്ഥമനസ്സായിരിക്കുക."

ഇങ്ങനെ സംസാരിച്ചു നില്ക്കുന്ന മദ്ധ്യേ, അവിടത്തെ ജോലിക്കാരിലൊരുവാൻ ആ മുറിക്കുള്ളിൽ വച്ചിരുന്ന തലയോടുകൂടിയ കലമാൻകൊമ്പിനെ എടുത്തുകൊണ്ടുപോവാൻ ആഗ്രഹിച്ചിട്ട് ഇൻസ്പെക്ടറോട് ആ വിവരം പറഞ്ഞു.

"ഒന്നും എടുത്തുകൊണ്ടു പോകരുത്. അങ്ങനെയാണ് ഞങ്ങൾക്കുത്തരവ്," എന്ന് ഇൻസ്പെക്ടർ പറഞ്ഞു.

"കലമാൻകൊമ്പ് അച്ചുകൂടം വകയല്ല. ആ വക സാമാനങ്ങളിലുൾപ്പെട്ടതുമല്ല," എന്നായി ജോലിക്കാരൻ.

"യാതൊന്നും പുറമേ കൊണ്ടുപോകരുത്," എന്ന് ഇൻസ്പെക്ടറും. ഹെയ്, അതവിടെ വെച്ചേക്കു. അതെടുക്കണ്ടാ. ഒരുവേള, അതും, പത്രാധിപരുടെമേൽ ക്രിമിനൽകേസിന് ഉപയോഗപ്പെടും. ദിവാൻജി തുടങ്ങിയ ഉദ്യോഗസ്ഥൻമാരുടെ നേർക്കു പാഞ്ഞ് ഉപദ്രവിക്കുന്നതിനായി തന്റെ സിൽബന്തികളുടെ തലയിൽ വെച്ചുകെട്ടി അയപ്പാൻ പത്രാധിപർ കലങ്കൊമ്പുകൾ ശേഖരിച്ചുവന്നിരുന്നു എന്നു ചാർജ്ജ് ചെയ്യരുതോ? കലങ്കൊമ്പും അപായകരമായ ആയുധമല്ലേ? എന്ന് ഒരാൾ അപഹസിച്ചു പറഞ്ഞു.

"എന്നാൽ ഞാനതെടുക്കുന്നില്ലാ," എന്ന് ആ സിൽബന്തി സമാധാനം പറഞ്ഞുപോയി.

ഇതിനിടയിൽ ഞാൻ മറ്റേ ഭാഗത്തേക്കു കൂടക്കൂടെ പോകുന്നുണ്ടായിരുന്നു. മുറ്റത്ത് അച്ചുക്കൂടം വക കേസുകൾ, സ്റ്റാൻഡുകൾ, മേശ മുതലായവ എടുത്തു തള്ളുന്നതും, അവയെ വണ്ടികളിൽ കയറ്റി അയയ്ക്കുന്നതും കണ്ടു. വണ്ടികൾ റോട്ടിലിറങ്ങുമ്പോൾ ആളുകളുടെ കൂക്കുവിളികളും പൊങ്ങിക്കൊണ്ടിരുന്നു.

പത്രാധിപരുടെ ആഫീസ് ശോധനചെയ്ത് എല്ലാ സാധനങ്ങളും കൈവശപ്പെടുത്തിയാറെ, സൂപ്രേണ്ടും കൂട്ടരും ഇപ്പുറത്തേക്കു കടന്നു. അവിടെ പത്രം മടക്കിക്കെട്ടി അയയ്ക്കുന്നതിന് ഉപയോഗപ്പെടുത്താറുള്ള നീണ്ട മേശയുടെ ഒരറ്റത്തു വരിക്കാരുടെ മേൽവിലാസങ്ങൾ അച്ചടിച്ചു പറ്റിച്ച റാപ്പർ കടലാസുകൾ അടുക്കിവച്ചിരുന്നതും സമീപത്തായി പശ പകർന്ന പാത്രം ഇരുന്നതും, മുകളിൽ വിളക്കു തൂക്കിയിരുന്നതും അവർ കണ്ടു. അവയൊക്കെ എടുത്തു. കുറേനേരംകൂടെ കഴിഞ്ഞപ്പോൾ, അവിടത്തെ മേശയും സ്ക്രീനും മറ്റു സാമാനങ്ങളുമൊക്കെ മുറ്റത്തായി. ആ മുറിയും പ്രസ്സ്മുറിയും മിക്കവാറും ഒഴിഞ്ഞു. ഞാൻ പ്രസ്സ്മുറിയിൽ ചെന്നപ്പോൾ കാൺസ്റ്റബിൾമാർ അവിടെനിന്നു മഹസ്സർ തയ്യാറാക്കുകയായിരുന്നു.

നേരം സന്ധ്യയായി. പൊലീസ് സൂപ്രേണ്ട് മുറ്റത്തിറങ്ങി, അവിടെ നിന്നവരോടു പുറമേ പോകാൻ ആവശ്യപ്പെട്ടു. ചിലർ പോയി, ചിലർ പോയില്ല. സൂപ്രേണ്ടു വീണ്ടും കെട്ടിടത്തിനുള്ളിൽക്കൂടി ചുറ്റി. മാനേജരുടെ മുറിയിലുള്ള സാമാനങ്ങൾ മാറ്റാൻ ഇതേവരെ ആരംഭിച്ചിട്ടില്ല. സൂപ്രേണ്ടു മുറ്റത്തിറങ്ങി ആളുകളെ വിരട്ടി. പൊലീസ് ഹെഡ്ക്വാർട്ടർ ആഫീസിലെ മി. ഗാല്യോവും അവിടെ വന്നെത്തിയിരുന്നു. അവർ ഗേറ്റിനു പുറമേയിറങ്ങി റോട്ടിലേക്കുള്ള വഴിയിൽ നിന്ന് ആളുകളെ വിരട്ടിയപ്പോൾ ഒട്ടേറെ കൂക്കുവിളികളും ഇളകി. ഒരു അരമണിക്കൂറോളം സമയം കഴിഞ്ഞാണ് തിരിയെ വന്നത്. ആ നേരമത്രയും റോട്ടിൽ ആളുകളെ വിലക്കുവാൻ ശ്രമിച്ചുനിന്നിരുന്നതായും, ആളുകൾക്ക് അസഹ്യത തട്ടുകയാൽ സൂപ്രേണ്ടിനോട് അവർ വാക്കേറ്റം തുടങ്ങിയതായും, ഒടുവിൽ ഒരുവിധം ശമിച്ചതായും പറഞ്ഞുകേട്ടു.

ഇരുട്ടായിത്തുടങ്ങിയതോടുകൂടെ പൊലീസ് ഇൻസ്പെക്ടർമാരിൽ ഒന്നോരണ്ടോ പേർ എന്റെ ചുഴലവും സഹചരിക്കുന്നുണ്ടായിരുന്നു. "നിങ്ങൾ ചാടിപ്പൊയ്ക്കളയാതിരിപ്പാൻ സൂപ്രേണ്ട് ഇവരോട് ആജ്ഞാപിച്ചിട്ടുണ്ടെന്നറിയുന്നു," എന്ന് ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു. "ഭോഷത്തം! ഞാൻ എന്തിനാണു ചാടിപ്പോകുന്നത്? അവർ ലോകം മുഴുവൻ മറിച്ച് എന്റെ നേർക്കു കൊണ്ടുവരട്ടെ. ഭയപ്പെട്ടു പോകേണ്ട ആവശ്യം എനിക്കില്ലാ. ഞാൻ കുറ്റം ചെയ്തിട്ടുണ്ടെങ്കിലല്ലേ പേടിക്കേണ്ടു," എന്നു ഞാൻ സമാധാനം പറഞ്ഞു.

ഏകദേശം ഏഴുമണി സമയമായി, സൂപ്രേണ്ട് അകത്തുവന്നു, ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദ പ്പിള്ളയെ വിളിച്ച് എന്തോ ചെവിയിൽ പറയുന്നതുകണ്ടു. അതുകഴിഞ്ഞു സൂപ്രേണ്ട് പുറമേയിറങ്ങി. മിസ്റ്റർ ഗോവിന്ദപ്പിള്ള എന്റെ അരികിലെത്തിപ്പറഞ്ഞു: "രാത്രിയായി. ഇവിടെ ഇരിക്കേണ്ടാ. സ്റ്റേഷ നിൽ പോയിരിക്കാമെന്നു സൂപ്രേണ്ടു പറയുന്നു. "ഓഹോ! പോകാം," എന്നു മറുപടി പറഞ്ഞു. ഞാൻ മുറ്റത്തിറങ്ങി. ആ സമയം ചില സ്നേഹിതൻമാർ അടുത്തുവന്നു പറഞ്ഞു: "നിങ്ങൾ സുഖക്കേടുകാര നാകകൊണ്ട്, ഡാക്ടറെ വിളിച്ചു ദേഹപരിശോധന കഴിക്കണം." ഇതിനിടയിൽ, സൂപ്രേണ്ടും അടു ത്തുവന്നു. "ഞാൻ സുഖക്കേടുകാരനാണ്. ചികിത്സയിലിരിക്കയാണ്. അതിനാൽ എനിക്കു രാത്രി സുഖ മായി കിടക്കുന്നതിനു മെത്ത മുതലായവ സംഭരിക്കണം. എന്റെ ദേഹം ഡാക്ടറെക്കൊണ്ടു പരിശോ ധിപ്പിക്കുന്നതും യുക്തമായിരിക്കും," എന്നു ഞാൻ പറഞ്ഞതിന്, "നിങ്ങൾക്കു സുഖമായി കിടപ്പാൻ വേണ്ടപോലെ ഏർപ്പാടു ചെയ്യാം," എന്നു സൂപ്രേണ്ടു മറുപടി പറഞ്ഞു. ഉടൻ മിസ്റ്റർ ഗോവിന്ദപ്പിള്ളയും (ഇൻസ്പെക്ടർ) കൂട്ടരും ഹെയ്! നിങ്ങളെന്തിനാണിങ്ങനെ പറയുന്നത്? ദേഹപരിശോധന എന്തിന്? എന്നു ചോദിച്ചു. "അതല്ലാ, എന്റെ ശരീരസ്ഥിതി അങ്ങനെയാണ്. വല്ല സുഖക്കേടും വന്നാൽ നിങ്ങളെ അപരാധികളാക്കുവാൻ ഇടയാക്കരുതല്ലോ. ആ മുൻകരുതലാണ്," ഇങ്ങനെ പറഞ്ഞിട്ടു റോട്ടിലേക്കെ ത്തി, മുന്നോട്ടു നോക്കിയപ്പോൾ, ഒരു പത്തായിരത്തിലധികം ജനങ്ങൾ.

"തെരുതെരെ മണൽവാരിത്തെള്ളി മേല്പോട്ടെറിഞ്ഞാ-
ലൊരുതരി മണൽപോലും താഴെ വീഴാതെവണ്ണം"

റോട്ടിൽ നിരന്നിട്ടുണ്ട്. റോട്ടിന്റെ ഇരുഭാഗങ്ങളിലുമുള്ള ഷാപ്പുകളിലും 'വെസ്റ്റേൺ സ്റ്റാർ' ആഫീസ് മുഖപ്പുവരാന്തയിലും മറ്റും കാഴ്ചക്കാർ കൂടീട്ടുണ്ട്. ആ ആൾക്കൂട്ടത്തിന്റെ ഇടയിൽ കുറെ ശ്രമപ്പെട്ടായിരുന്നു വഴിതെളിച്ചത്. പൊലീസ് സൂപ്രേണ്ടും മിസ്റ്റർ ഗാല്യോവും വഴി വിലക്കി. എന്റെ ഇടം വലമായി മിസ്റ്റർ ഗോവിന്ദപ്പിള്ള, മിസ്റ്റർ പിച്ചു അയ്യങ്കാർ മുതലായവരും നടന്നിരുന്നു. മെയിൻ റോട്ടുവിട്ട് സ്റ്റേഷനിലേക്കുള്ള വഴിയിൽ തിരിയാറായപ്പോൾ, പിറകിൽനിന്നും, റോട്ടിന്റെ ഇരുഭാഗങ്ങ ളിൽ നിന്നും, വലത്തുനിന്നും, 'തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകി വരു'ന്നുണ്ടായിരുന്ന ജനപ്രവാഹങ്ങൾ എല്ലാം കൂടി, 'വെള്ളത്തിൽ വേഗമേറും ഗതി മണലണയെത്തട്ടി നീക്കുന്നവണ്ണം,' പൊലീസുകാരുടെ തടസ്ഥത്തെ വകവയ്ക്കാതെ, 'തള്ളിത്തള്ളി' സ്റ്റേഷനിലോട്ടു വലിഞ്ഞുതുടങ്ങി. ഒരഞ്ചുമിനിട്ട് ഇങ്ങനെ കഴിഞ്ഞപ്പോൾ ഞങ്ങൾ പൊലീസ്സ്റ്റേഷൻ വാതില്ക്കൽ എത്തി. എന്നാൽ, ഈ ജനപ്രവാഹത്തി നൊക്കെ ആ പതനപ്രദേശത്തേക്കു കടക്കുന്നതിനു മാർഗമില്ലാത്ത വിധത്തിൽ അവിടം പ്രതിബന്ധി ക്കപ്പെട്ടിരുന്നു. പൊലീസുകാരും, 'പ്രേക്ഷക പ്രേക്ഷിതനായ' ഞാനും ഒഴികെ, മറ്റെല്ലാവരും പുറത്തു നില്ക്കേണ്ടിവന്നു. വാതിൽ കടന്ന് അകത്തുവരാൻ ഭാവിച്ച ചില സ്നേഹിതന്മാരെ പൊലീസ് സൂപ്രേണ്ട് അസഹനനായി പുറത്തേക്കു തള്ളി. എന്നാൽ പുറമേ നില്ക്കേണ്ടിവന്ന ആളുകളിൽ ചിലർ സൂപ്രേണ്ടിന്റെ ഈ ആവേശപ്രകടനങ്ങളെക്കണ്ട് അപഹാസസൂചകമായി കൂകിവിളിച്ചുകൊണ്ട് സ്റ്റേഷൻ അതിർത്തിമതില്ക്കുപുറമേ, റോഡിൽ ദിദൃക്ഷുക്കളായിത്തന്നെ നിന്നു.

## രണ്ട്

പൊലീസ്സ്റ്റേഷന്റെ ഗേറ്റുകടന്നു മുറ്റത്തിറങ്ങിയപ്പോൾ ആദ്യമായി കണ്ടത് അച്ചുകൂടം വക കേസ്, സ്റ്റാന്റുകൾ തുടങ്ങിയ പലേ സാമാനങ്ങൾ മുറ്റത്തുകൊണ്ട് തള്ളിയിരുന്നതായിരുന്നു. അവയെ കടന്നു സ്റ്റേഷൻ മുഖപ്പിലുള്ള വരാന്തയിൽ കയറി. അവിടെ റിസർവ് പൊലീസ് ഇൻസ്പെക്ടർ മി. ഗോമസ് വാളൂരിപ്പിടിച്ചുകൊണ്ട് ലാത്തുന്നുണ്ടായിരുന്നു. പൊലീസ് സൂപ്രേണ്ട് ഈ സമയത്തിനിടയ്ക്ക്

അവിടം വിട്ടുപോയിരുന്നു. എന്നോട് ഇരിക്കുവാൻ പറഞ്ഞതിൻവണ്ണം അവിടെ മുഖപ്പുവരാന്ത യിൽത്തന്നെ ഒരു കസാലയിൽ ഞാൻ ഇരുന്നു. ഹാ! ആ കസാല 'സ്വദേശാഭിമാനി' ആപ്പീസിൽനിന്ന് സർക്കാർ കൈയടക്കിയവയിൽ ഒന്നുതന്നെയായിരുന്നു! ഞാൻ റോഡിൽ നിന്നിരുന്ന ജനങ്ങൾക്ക് അഭിമുഖമായും അവർക്കു കാണ്മാൻ സൗകര്യപ്പെടുമാറും ഇരിക്കയായിരുന്നു. ജനങ്ങൾ കൂട്ടംവിട്ടു പിരിഞ്ഞുപോയിരുന്നില്ല. അവരുടെയിടയിൽ ചില ആരവങ്ങളും തെരക്കുകളും കേൾക്കാമായിരുന്നു. ഇതു സ്വഭാവേന പൊലീസുകാർക്ക് അല്പം കുണ്ഠിതത്തിനുകാരണമായി എന്നു തോന്നുന്നു. എന്തെന്നാൽ, മിസ്റ്റർ ഗോമസ്സും മിസ്റ്റർ ഗോവിന്ദപ്പിള്ളയും മറ്റും എന്നോട് അകത്തുള്ള കസാലയിൽ ഇരിക്കുന്നതായാൽ ഈ ബഹളം പുറമേ ഉണ്ടാകാതെ കഴിയുമായിരുന്നു എന്നു പറയുകയുണ്ടായി. "അകത്തു കടന്നിരിക്കുമ്പോൾ ആളുകൾക്ക് എന്നെ കാണ്മാൻ കഴിയാതെയാവും; അവരുടെ ആശങ്ക വർദ്ധിക്കും; കുറേക്കൂടെ ബഹളമാകും. പുറമേയിരുന്നാൽ അവർക്ക് എന്നെ കാണ്മാൻ കഴിയുന്നതായാൽ ദുശ്ശങ്കകൾ ഉണ്ടാകയില്ല. ഇതു വിചാരിച്ചിട്ടാണു കുറേനേരം പുറത്തിരിക്കാമെന്നു ഞാൻ പറയുന്നത്," എന്നു ഞാൻ അവരോടു മറുപടി പറഞ്ഞു. ഈ വിധം കുറേനേരം പുറമേയിരുന്നു. മിസ്റ്റർ ഗോമസ്സുമായി ചില വർത്തമാനങ്ങൾ സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ, റോട്ടിലെ ജനക്കൂട്ടം കുറെശ്ശെ മെലിഞ്ഞു തുടങ്ങിയതായി തോന്നി. വരാന്തയിൽ നെടുനീളെ 'സ്വദേശാഭിമാനി' ആപ്പീസിൽ നിന്ന് എടുത്ത പുസ്തകങ്ങൾ, റിക്കാർട്ടുകൾ മുതലായവയൊക്കെ വാരിവിതറിക്കൂട്ടിയിരിക്കയായിരുന്നു. കുറേനേരം കഴിഞ്ഞാറെ ഞാൻ അകത്തുള്ള കസാലയിൽ ചെന്നിരുന്നു. പൊലീസ് ഇൻസ്പെക്ടർമാരും സ്റ്റേഷൻ ആഫീസറും മറ്റും അവരുടെ ചില ജോലികൾ നോക്കുന്നതിനിടയിൽ, എന്റെ ആ രാത്രിയിലെ താമസത്തിനായിട്ടാണെന്നു തോന്നുന്നു, ഒരു വലിയ മുറി ഒഴിക്കാനും അകം വൃത്തിയാക്കാനും ഉത്സാഹിച്ചു തുടങ്ങി. ഇതിനിടെ സൂപ്രേണ്ടു വരികയും, എന്റെ ആഹാരവും മെത്തയും എപ്പോൾ വന്നുചേരുമെന്നു ചോദിക്കുകയും ചെയ്തിട്ടു പോയി. പിന്നെയും, ഞാൻ മിസ്റ്റർ ഗോവിന്ദപ്പിള്ളയുമായി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. കുറേനേരം കഴിഞ്ഞു സൂപ്രേണ്ടും മിസ്റ്റർ ഗാല്യോവും വന്നു; വരാന്തയിൽ കിടന്നിരുന്ന റിക്കാർട്ടുകളെ കെട്ടി അരക്കു മുദ്ര വച്ച്, എനിക്കായി ഒഴിച്ചിട്ട വലിയ മുറിക്കുള്ളിൽ കൊണ്ടുവെപ്പിച്ച്, അവയ്ക്കു ലിസ്റ്റുകൾ എഴുതി, വീണ്ടും പോയി.

മണി ഏകദേശം ഒമ്പതാകുമെന്നു തോന്നുന്നു. എനിക്ക് ആഹാരവും മെത്തയും കൊണ്ടുവരാനായി പ്രത്യേകം നിയോഗിക്കപ്പെട്ടിരുന്ന പൊലീസ് ഇൻസ്പെക്ടർ മിസ്റ്റർ അച്യുതൻപിള്ളയും എന്റെ വാല്യക്കാരും മടങ്ങിവന്നിട്ടില്ല. പുറമേ റോട്ടിലുണ്ടായിരുന്ന ആളുകളും മിക്കവാറും പോയിക്കഴിഞ്ഞു. സൂപ്രേണ്ടു വീണ്ടും വരുകയും ആഹാരാദികാര്യങ്ങളെപ്പറ്റി അന്വേഷണം ചെയ്കയും ചെയ്തു. അനന്തരം സൂപ്രേണ്ട് എന്നിൽനിന്നു കുറെ അകലെ ഇരുന്ന് ഒരു കടലാസു മേടിച്ച് എന്തോ എഴുതി. ആ ഫുൾസ്കേപ്പു കടലാസ്സിന്റെ എഴുതിയ പകുതി ചീന്തിയെടുത്തു മടക്കി, ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ളയെ ഏല്പിച്ച്, എന്റെ ആഹാരാദികാര്യങ്ങളെപ്പറ്റി വീണ്ടും അന്വേഷണം ചെയ്തിട്ടുപോയി. മിസ്റ്റർ ഗോവിന്ദപ്പിള്ളയും കുറേ അനുഗമിച്ചിട്ടു മടങ്ങിവന്നു. തന്റെ കയ്യിൽ കിട്ടിയ രേഖയെ നോക്കി കാര്യം ഗ്രഹിച്ചശേഷം, മടക്കി കീശയിലാക്കി. കുറേ കഴിഞ്ഞാറേ, താൻ രാവിലെ വീട്ടിൽനിന്ന് ഇറങ്ങിയതാണെന്നും, ഉച്ചയ്ക്ക് ആഹാരം കഴിഞ്ഞിട്ടില്ലെന്നും മറ്റും തന്റെ കൂട്ടുകാരോടു പറകയും, ഒരു കാൺസ്റ്റബിളിനെ വിളിച്ച് വീട്ടിൽ പോയി ഉടുപ്പാൻ മുണ്ടും, നേരിയതും, അഞ്ചുറുപ്പികയും വാങ്ങിക്കൊണ്ടു വരാൻ, ഒരു കുറിമാനം കൊടുത്തയയ്ക്കുകയും ചെയ്തു. അതേവരെ എന്നെ എന്തുചെയ്യാനാണു പോകുന്നതെന്നു നിശ്ചയമറിഞ്ഞിരുന്നില്ലെങ്കിലും, പക്ഷേ, പിറ്റേന്നാൾ എന്റെമേൽ മുറയ്ക്കു വല്ല കുറ്റവും ആരോപിച്ചു കേസ് തുടങ്ങാമെന്നു പലരും സംശയിച്ചിരുന്നതിന്മണ്ണം ആശങ്കിച്ചിരുന്ന എനിക്ക് ആ ആശങ്ക അസംഗതമെന്ന് ഉടൻ തോന്നി. എന്റെ മനസ്സിൽ അപ്പോൾ ഉദിച്ചുപൊങ്ങിയ,

വിചാരങ്ങൾ ഇപ്രകാരമായിരുന്നു: 'സൂപ്രേണ്ട് ഒരു രേഖ മിസ്റ്റർ ഗോവിന്ദപ്പിള്ളയെ ഏല്പിക്കുന്നു. മിസ്റ്റർ പിള്ള വീട്ടിലേക്ക് ആളയച്ച് ഉടുപ്പാൻ മുണ്ടും നേരിയതും ഉറുപ്പികയും ആവശ്യപ്പെടുന്നു. ഇതെന്തിന്? രേഖ എന്താവാം? എന്നെ ബന്തവസ്സിൽ സൂക്ഷിപ്പാൻ മിസ്റ്റർ പിള്ളയെ ചുമതലപ്പെടുത്തിയതാണെങ്കിൽ, മിസ്റ്റർ പിള്ള ഈ രാത്രിയിൽ ഉറുപ്പിക ആവശ്യപ്പെടുന്നതെന്തിന്? അതുമല്ല, പാളയം സ്റ്റേഷൻ ചാർജ് വഹിക്കുന്ന ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ള അല്ലതാനും. അതിനാൽ സൂപ്രണ്ടു കൊടുത്ത രേഖ മറ്റേന്തോ ഉദ്ദേശ്യത്തോടുകൂടിയതായിരിക്കണം. അതെന്തോണ്? എന്റെ ആപ്പീസും അച്ചുകൂടവും പെട്ടെന്നു ശോധനചെയ്യാനാണെന്ന് പറഞ്ഞുവന്നിട്ടു സകല സാധനങ്ങളും പൊലീസ്സ്റ്റേഷനിലേക്കു മാറ്റി. ശോധനവാറണ്ട് എന്നെ കാണിച്ചിട്ടില്ല. ആവശ്യപ്പെട്ടതിലും കാണിക്കയില്ലെന്നു സൂപ്രേണ്ടു പറഞ്ഞു. മജിസ്ട്രേട്ടിന്റെ വാറണ്ടല്ലാ എന്നും തിരുവെഴുത്തുവാറണ്ടാണെന്നും പറഞ്ഞു. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, രാജ്യരക്ഷയെ ഉദ്ദേശിച്ച് ഏർപ്പെടുത്തീട്ടുള്ള നിയമങ്ങളെ നടത്തിപ്പോകുന്നതിനു നിയോഗിച്ചിരിക്കുന്ന ന്യായാധിപതിമാർ മുഖേന ചെയ്യേണ്ടിയിരുന്നതായ നടപടികളെ ഉപേക്ഷിച്ചിട്ടു രാജാവിന്റെ അധികാരമഹിമാവിനെ പ്രയോഗിച്ചിരിക്കുന്ന സ്ഥിതിക്ക്, സൂപ്രേണ്ടിന്റെ രേഖ ആ അധികാരപ്രകടനത്തിന്റെ മറ്റൊരു അംശമായിരിക്കാം. ആ രേഖ എന്നെ ഈ നാട്ടിൽനിന്നു പുറമേ അയയ്ക്കണമെന്ന ഉദ്ദേശ്യത്തിലുള്ളതായിരിക്കാം; സംശയമില്ല,' എന്നു ചിന്തിച്ച് മിസ്റ്റർ ഗോവിന്ദപ്പിള്ളയോട് ചോദിച്ചു: 'നമ്മൾക്ക് എപ്പോൾ പുറപ്പെടാം?' എന്നു മാത്രം. ഈ ചോദ്യത്തെ അദ്ദേഹം ആ സമയം പ്രതീക്ഷിച്ചിരുന്നില്ലാ എന്നു തോന്നുന്നു. എന്തെന്നാൽ, അതു കേട്ടിട്ട് അദ്ദേഹം കുറേനേരം ഒന്നും മിണ്ടാതെയിരുന്നു. "വേണ്ട, നിങ്ങൾ ഒളിച്ചുവയ്ക്കേണ്ട ആവശ്യമില്ല. എന്താണു വരാൻപോകുന്നതെന്നു ഞാൻ ഊഹിച്ചുകഴിഞ്ഞു. അതിനാൽ എപ്പോൾ പുറപ്പെടാമെന്നു മാത്രം പറക," എന്നു ഞാൻ വീണ്ടും ചോദിച്ചു. അദ്ദേഹം വീണ്ടും മന്ദഹസിച്ചു. എന്തായാലും, എപ്പോഴെങ്കിലും പറയേണ്ടതായി വരുമല്ലോ എന്നു സമാധാനപ്പെട്ടിട്ടായിരിക്കാം, അദ്ദേഹം അനുശോചനസ്വരത്തിൽ, "പന്ത്രണ്ടു മണിക്കു പുറപ്പെടാം," എന്നു മറുപടി പറഞ്ഞു. "രാത്രിയോ പകലോ?" എന്ന എന്റെ ചോദ്യത്തിന്, "ഇപ്പോൾ തന്നെ; രാത്രിയിൽ," എന്ന് ഉത്തരം പറഞ്ഞു. "അതാണുത്തമം- കഴിയുന്ന വേഗത്തിൽ ഇവിടം വിടണം, ബഹളമുണ്ടാവാൻ സംഗതി വരരുതല്ലോ. പക്ഷേ, ഈ കഥ വളരെ മുമ്പുതന്നെ സൂപ്രേണ്ടിന് എന്നെ അറിയിക്കാമായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ, വീട്ടിൽവേണ്ട വ്യവസ്ഥകൾക്ക് അറിവുകൊടുക്കാമായിരുന്നു. പോട്ടെ, സാരമില്ല. മിസ്റ്റർ അച്യുതൻപിള്ളയും വാല്യക്കാരും വന്നുചേർന്നെങ്കിൽ ഊണുകഴിച്ചു നേരത്തേ യാത്രയാകാമായിരുന്നു," എന്നു ഞാൻ മിസ്റ്റർ ഗോവിന്ദപ്പിള്ളയോടു പറഞ്ഞു. ഈ സംഭാഷണസമയം സമീപത്തു മറ്റാരും ഉണ്ടായിരുന്നില്ല. അദ്ദേഹം എന്നെ സമാശ്വസിപ്പിക്കുന്നതിനായി ചിലതു സംസാരിച്ചു. "ഹേയ്! അതൊന്നും കൂടാതെ തന്നെ എനിക്കു സമാധാനം ഉണ്ട്. എനിക്ക് ഏതു നാട്ടിലോ, കാട്ടിലോ ജീവിച്ചാലെന്ത്? ഞാൻ ഇവിടെ പാർക്കരുത് എന്നാണു മഹാരാജാവിന് അഭിമതമെങ്കിൽ എനിക്ക് ഇവിടെ പാർക്കുവാൻ ആഗ്രഹവുമില്ല. ആകട്ടെ, ഏതു വഴിക്കാണു യാത്ര?" എന്നു ഞാൻ ചോദിച്ചു. "തെക്കൻ വഴി" എന്നു മിസ്റ്റർ ഗോവിന്ദപ്പിള്ള മറുപടി പറഞ്ഞു. "കൊല്ലം വഴിയായിരുന്നെങ്കിൽ നിങ്ങൾക്കു ബുദ്ധിമുട്ടുകൂടാതെ കഴിയുമായിരുന്നു." "എന്താ ചെയ്ക? പൊലീസുഡിപ്പാർട്ടുമെന്റിലെ കഷ്ടപ്പാടുകൾ ഇങ്ങനെയൊക്കെയാണ്. തെക്കൻവഴി പണ്ടത്തേ ഏർപ്പാടാണ്." "ഓഹോ! തോവാളക്കോട്ട കടത്തുക എന്നാണല്ലോ." "നിങ്ങൾക്കു ഗുണമാണെന്നു സമാധനപ്പെടുക; അധികം സ്വാതന്ത്ര്യമുള്ള ദിക്കിൽ പാർക്കാം."

ഇപ്രകാരം സംഭാഷണം കുറെ കഴിഞ്ഞപ്പോൾ, മിസ്റ്റർ അച്യുതൻപിള്ളയും വാല്യക്കാരും വന്നുചേർന്നു. കുറെക്കഴിഞ്ഞ് മിസ്റ്റർ ഗാല്യോവിന്റെ ആൾ ഒരു കത്തു കൊണ്ടുവന്ന് ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ളയെ ഏല്പിച്ചു. അവർ അതു വായിച്ചു നോക്കിയശേഷം, ഞങ്ങൾ ഊണിന് ഒരുക്കമാ

യി. ഊണു കഴിഞ്ഞു. ഇതിനിടയിൽ, അവിടെ വന്നിരുന്ന ബന്ധുക്കളോടും മറ്റും, ഞാൻ മദ്രാസിലേക്കു പോവുകയാണ്, എന്നു പറയുകയും, ആ വിവരം എന്റെ ഭാര്യ മുതലായവരെ ഗ്രഹിപ്പിക്കാൻ അവരോടാവശ്യപ്പെടുകയും; വഴിയിൽ സഹായത്തിനു രണ്ടാൾ പ്രത്യേകം പോരുവാൻ വ്യവസ്ഥ ചെയ്തയയ്ക്കുകയും ചെയ്തു. പതിനൊന്നുമണി കഴിഞ്ഞപ്പോൾ വണ്ടി തയ്യാറായി, എന്ന് ആൾ വന്നറിയിച്ചു. പിന്നെ, അരമണിക്കൂറിനുള്ളിൽ യാത്ര ഒരുങ്ങി. പതിനൊന്നരയ്ക്കു ഞാനും പൊലീസ് ഇൻസ്പെക്ടർമാർ മിസ്റ്റർ ഗോവിന്ദപ്പിള്ളയും മിസ്റ്റർ പിച്ചു അയ്യങ്കാരും ജഡ്ക്കയിൽ കയറി. രാത്രി നന്നേ ഇരുട്ടായിരുന്നു. യാത്രയും പുറപ്പെട്ടു. 'യാത്രാമുഖേശോഭനം' ആയ ഒരു ദീപം എതിരേവന്നു. 'ഇരുളിൽനിന്നു വെളിച്ചത്തേക്ക്' എന്നു ദൈവം സൂചന തന്നതായിരിക്കുമോ എന്ന് ഒരു വിചാരം മനസ്സിനു ധൈര്യത്തിങ്കൽ സ്ഥൈര്യത്തെയും നല്കി.

പൊലീസ്വേഷം (യൂണിഫാറം) ധരിച്ചിരുന്ന ആ രണ്ട് ഇൻസ്പെക്ടർമാർക്കു കൂടെയും ഒന്നായി യാത്ര ചെയ്വാൻ തക്ക സൗകര്യം ഇല്ലായിരുന്ന ആ ജഡ്ക്കയ്ക്കുള്ളിൽ, എന്നെക്കൂടാതെ എന്റെ മെത്ത മുതലായ സാധനങ്ങളും ഉണ്ടായിരുന്നതുകൊണ്ട്, അടുത്ത താവളമായ നെയ്യാറ്റിങ്കര എത്തിയതുവരെ, യാത്രയിൽ,

"നേരം പോയതറിഞ്ഞിടാത്തവിധമായ്
താനേ കഴിഞ്ഞു നിശ."

നെയ്യാറ്റിങ്കര എത്തിയപ്പോൾ, നേരം ഏകദേശം രണ്ടരമണി കഴിഞ്ഞിരിക്കുന്നു. പൊലീസ്സ്റ്റേഷനിൽ വിളക്കു നിന്നെരിയുന്നുണ്ട്. പാറാക്കാർ ഉണർന്നിരിക്കുന്നുണ്ട്. ഉടൻ, അവിടുത്തെ ഇൻസ്പെക്ടർക്ക് ആളയച്ചു. മിസ്റ്റർ ഗോപാലസ്വാമിപ്പിള്ള-അതാണ് ഇൻസ്പെക്ടറുടെ പേര്-വന്നു ചേർന്നു, കാര്യം ചോദിച്ചറിയുകയും, തനിക്ക് ഇങ്ങനെയൊരു സന്താപകരമായ കൃത്യം കൈയേല്ക്കേണ്ടിവന്നല്ലോ എന്നു വ്യസനിക്കയും ചെയ്തു. ഞങ്ങൾ തമ്മിൽ പറഞ്ഞു തീർച്ചപ്പെടുത്തിയതിന്മണ്ണം ജഡ്ക്കാവണ്ടിക്കു പകരം, വില്ലുവെച്ച (തിരുനെൽവേലി) കാളവണ്ടി ഏർപ്പാട് ചെയ്ത്, ഉദ്ദേശം നാലുമണി സമയം, യാത്ര തുടർന്നു. ആ സ്റ്റേഷനിൽ നിന്ന് ഇൻസ്പെക്ടർക്കുപുറമേ ഒരു സ്റ്റേഷനാഫീസറും പോരുന്നതിനു സൂപ്രേണ്ടിന്റെ ആജ്ഞ ഉണ്ടായിരുന്നു എന്നും വെളിപ്പെട്ടു. എന്നെ പിരിയുന്ന സമയം മിസ്റ്റർ ഗോവിന്ദപ്പിള്ളയും മിസ്റ്റർ പിച്ചു അയ്യങ്കാരും തങ്ങളുടെ സഹതാപത്തെ പ്രസ്താവിക്കയും, എനിക്കു സകല ശ്രേയസ്സുകളെയും ആശംസിക്കുകയും ചെയ്തു. "വന്ദനം! ഈ സംഭവംകൊണ്ടു ഞാൻ ഖിന്നനായിട്ടില്ലാ എന്നും, നല്ലവണ്ണം മനഃപ്രസാദം എനിക്കുണ്ടെന്നും, എന്നെപ്പറ്റി ചോദിക്കുന്നവരോടു പറവാൻ അപേക്ഷ," എന്നു പറഞ്ഞു ഞാനും പിരിഞ്ഞു.

സൂര്യോദയമാകുന്നതിനു മുമ്പ് നെയ്യാറ്റിങ്കര കടന്നിരിക്കണം എന്നായിരുന്നു എന്റെ ആഗ്രഹം. നെയ്യാറ്റിങ്കര എന്റെ തറവാട്ടുവീടും സ്വജനങ്ങളുമുള്ള ദേശമാകയാൽ ഇവർ ഇക്കഥ അറിഞ്ഞു വന്നു ചേരുവാനും ശോകരസപൂരിതമായ രംഗം വല്ലതും ഉണ്ടാവാനും ഇടവരാതെ കഴിക്കേണമെന്നായിരുന്നു ഉദ്ദേശ്യം. അതിനാലായിരുന്നു തിരുവനന്തപുരത്തുനിന്നുതന്നെയും നേരത്തെ പുറപ്പെട്ടത്.

മിസ്റ്റർ ഗോപാലസ്വാമിപ്പിള്ളയും ഞാനും മാത്രം വണ്ടിക്കകത്തായിരുന്നതിനാൽ, സുഖമായിരിപ്പാനും കിടപ്പാനും സൗകര്യമുണ്ടായിരുന്നു. അദ്ദേഹം തന്റെ ചങ്ങാതികളോടു ചോദിച്ചറിഞ്ഞ വർത്തമാനങ്ങൾകൊണ്ട് തൃപ്തിപ്പെടാഞ്ഞ്, എന്നോടു കഥകൾ ചോദിച്ചറികയും "എനിക്ക് വാസ്തവമായിട്ടും മനസ്സ് തപിക്കുന്നു, നിങ്ങളെങ്ങനെയാണ്, ഈവിധം, കുലുക്കം ഇല്ലാതെയിരിക്കുന്നത്?" എന്നു ചോദിക്കയും ചെയ്തതിന്, "ഇതിലെന്താണ് വ്യാകുലപ്പെടാൻ?" എന്നു മറുചോദ്യംകൊണ്ട് സമാധാനപ്പെടു

കയല്ലാതെ, മറ്റൊരു മറുപടിയും എനിക്കു തോന്നിയില്ല. ഇപ്രകാരം, പലതും സംസാരിച്ചു. രാവിലെ കുഴിത്തുറെയെത്തി.

കുഴിത്തുറെ പൊലീസ് സ്റ്റേഷനിലെത്തിയ സമയം മണി ആറരയായി എന്നു തോന്നുന്നു. പൊലീസ് സൂപ്രേണ്ട് മിസ്റ്റർ ഹുഗ്വർഫ് അന്ന് അവിടെ പരിശോധനയ്ക്കായി വരുന്നുണ്ടായിരുന്നതിനാൽ, ഇൻസ്പെക്ടർ തുടങ്ങിയവരൊക്കെ സ്റ്റേഷനിൽ രാവിലെ ഹാജരായിരുന്നു. 'സ്വദേശാഭിമാനി' പ്രസ്സ് പൊലീസുകാർ കയറി കൈയടക്കം ചെയ്തിരിക്കുന്നതായി കമ്പിവഴി വർത്തമാനം കിട്ടുക ഹേതുവായിട്ട്, എന്നെ അന്വേഷിച്ച് നെയ്യാറ്റിങ്കര നിന്നു തിരുവനന്തപുരത്തു പോയിരുന്ന ചിലബന്ധുക്കൾ അവിടെ എത്തിയ സമയം ഞാൻ യാത്ര പുറപ്പെട്ടതായി അറികയാൽ, മടങ്ങി, എന്നെ കാണ്മാനായി പിൻതുടർന്നു. രാവിലെ കുഴിത്തുറെ എത്തി. ഈ നേരംകൊണ്ട് വർത്തമാനം പരന്നുതുടങ്ങിയിരുന്നു; എന്തെന്നാൽ, ആളുകൾ പലർ സ്റ്റേഷനിലേക്കു വന്നു കൂടിത്തുടങ്ങി. മിസ്റ്റർ ഹുഗ്വർഫും എത്തിയിരുന്നു; അദ്ദേഹം പരിശോധന പൂർത്തിയാക്കാൻ കഴിയാതെ മടങ്ങി. രാവിലെ ആഹാരം കഴിഞ്ഞ് ഏകദേശം എട്ടുമണി സമയം, ഞങ്ങൾ യാത്ര തുടർന്നു. നെയ്യാറ്റിങ്കരെനിന്നു വന്നിരുന്ന പൊലീസ് ഇൻസ്പെക്ടറും സ്റ്റേഷനാഫീസറും അവരുടെ അതിർത്തി കഴികയാൽ മുറയ്ക്ക് കുഴിത്തുറെ പൊലീസ് ഇൻസ്പെക്ടറെയും സ്റ്റേഷനാഫീസറെയും ചുമതലയേല്പിച്ചിട്ട് എനിക്കു മംഗളാശംസകൾ ചെയ്തു മടങ്ങി.

കുഴിത്തുറെ പൊലീസ് ഇൻസ്പെക്ടർ മിസ്റ്റർ ഓവെൽ ജോസഫ് (ബി.എ) തക്കലവരെ പോന്നു. വഴിനീളെ ഞങ്ങളുടെ സംഭാഷണവിഷയം 'സ്വദേശാഭിമാനി'യെപ്പറ്റിയായിരുന്നു. ഞങ്ങൾ തക്കല എത്തിയപ്പോൾ, ഉദ്ദേശം (പകൽ) പതിനൊന്നു മണിയായി. 'സ്വദേശാഭിമാനി' പത്രമുടക്കത്തെക്കുറിച്ചുള്ള വർത്തമാനം മാത്രം അല്പം ചിലർ അറിഞ്ഞിരുന്നു. ഞങ്ങൾ പൊലീസ് ഇൻസ്പെക്ടറുടെ പാർപ്പിടത്തിലാണു ചെന്നിറങ്ങിയത്. ഏതാനും നിമിഷനേരത്തിനുള്ളിൽ, വർത്തമാനം കാട്ടുതീപോലെ പരന്നു. ഇൻസ്പെക്ടർ മിസ്റ്റർ. പി.പി. തര്യന്റെ പാർപ്പിടത്തിലും പുറമേ റോട്ടിലുമായി ഒട്ടേറെ ആൾ തിക്കിക്കൂടി. മിസ്റ്റർ ജോസഫ് മിസ്റ്റർ തര്യനെ ചുമതലയേൽപ്പിച്ചിട്ട്, എനിക്ക് വിജയാശംസ ചെയ്തു പിരിഞ്ഞുപോയി. പിന്നെ, ഉച്ചയ്ക്ക് ഊണുകഴിവോളവും അനന്തരം വിശ്രമാവസരത്തിലും, അവിടെ കാണ്മാൻ വന്നുകൂടിയിരുന്നവരോടു തലേനാൾ നടന്ന സംഭവങ്ങളെപ്പറ്റി ഞാൻ സംസാരിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ, എന്തോ ആവശ്യത്തിനായി എന്റെ കുപ്പായക്കീശയിൽ ഉണ്ടായിരുന്ന 'ഫൗണ്ടൻപെൻ' എടുക്കുവാൻ അതിന്റെ കൂടു തുറന്നപ്പോഴാണ്, ഞാൻ തലേനാൾ അതിനുള്ളിൽ കണ്ടിരുന്നതായ എന്റെ വക ചെറിയ പേനാക്കത്തി അതിൽനിന്ന് എങ്ങനെയോ പൊയ്പ്പോയതായി അറിഞ്ഞത്. ഞാൻ ആ വിവരം പറഞ്ഞ സമയം മിസ്റ്റർ തര്യൻ, ''പേനാക്കത്തി ഞാൻ തരാം,'' എന്നു പറഞ്ഞ് അതേ കത്തി എന്നെ കാട്ടി. അത് എങ്ങനെ അദ്ദേഹത്തിന്റെ കൈയിൽ കിട്ടിയെന്നു ചോദിച്ചതിന്, തലേരാത്രിയിൽ പാളയം പൊലീസ്സ്റ്റേഷനിൽ എന്റെ കുപ്പായം തൂക്കിയിരുന്നതിൽ നിന്ന് ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ള, ഞാനറിയാതെ അതെടുത്തുവെന്നും, ആ കത്തി ഞാൻ തിരുവിതാംകൂർ അതിർത്തി കടന്നാലുടൻ എന്നെ ഏല്പിക്കുമെന്നും, മിസ്റ്റർ തര്യൻ മറുപടി പറഞ്ഞു.

ഉച്ചതിരിഞ്ഞ്, നേരം മണി രണ്ടു കഴിഞ്ഞിരിക്കുന്നു. അവിടെ തിങ്ങിക്കൂടിയിരുന്ന ആളുകൾ പിരിഞ്ഞു പോയിട്ടില്ലാ. വർത്തമാനം അധികം പരന്നു തുടങ്ങിയതിന്റെ ഫലമായി, അകലെനിന്നും ആളുകൾ വന്നു കൂടിത്തുടങ്ങിയിരിക്കുന്നു. ഇവരെയൊക്കെ എങ്ങനെയാണ് റോട്ടിൽനിന്ന് അകറ്റി നിർത്തുന്നത് എന്നു ചിന്തപൂണ്ടു നില്ക്കവേ, ഞങ്ങൾക്കു പോവാനുള്ള വണ്ടി തയാറായി വരുകയും യാത്ര തുടരാൻ ഒരുങ്ങുകയും ചെയ്തു. റോട്ടിലേക്കിറങ്ങിയപ്പോൾ കണ്ടതായ കാഴ്ച, സത്യമായും, മനസ്സിനു പാരവശ്യത്തെ ഉണ്ടാക്കുന്നതായിരുന്നു. അവിടെ സാശ്രുക്കളായി നിന്നിരുന്ന സ്നേഹിതൻമാരോടും, ജ്യേഷ്ഠസഹോദരനോടും യാത്ര പറഞ്ഞു പിരിഞ്ഞിട്ട് വണ്ടിയിൽ കയറിയ സമയം ഉത്ക

ണ്ഠിതരായി വണ്ടിയിലേക്കുതന്നെ നയനങ്ങളെ പതിപ്പിച്ചുകൊണ്ടു നിന്നിരുന്ന ആ ജനസംഘത്തിന്റെ ഇടയിൽനിന്ന്, ''അങ്ങയെ വിട്ടുപിരിയുന്നതിൽ ഞങ്ങൾക്കുള്ള വ്യസനം എത്രയെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്. അങ്ങയെ താമസിയാതെ ഞങ്ങളുടെയിടയിൽ തിരിച്ചുവന്നു കാൺമാൻ സംഗതി വരുത്തേണമേ എന്നു ഞങ്ങൾ ഈശ്വരനോടു പ്രാർത്ഥിക്കുന്നു.'' എന്ന്, ഒരാൾ, എന്നെ, ''കണ്ണീർ വീഴ്ത്തുമുടൻ നിറഞ്ഞിടുമതിൻ മധ്യത്തിലീക്ഷിച്ചു'' കൊണ്ടും, തന്റെ പ്രസംഗാവസാന ഘട്ടത്തിൽ ഉൽക്ഷിപ്തഹസ്തനായി നേത്രങ്ങളെ ഉന്മീലനം ചെയ്ത് ആകാശത്തെ നോക്കിക്കൊണ്ടും, ഉച്ചത്തിൽ പറഞ്ഞു. ''തരക്കേടില്ലാ,'' എന്നു മാത്രം പറവാനേ എന്നാൽ കഴിഞ്ഞുള്ളു. ഇത്രയും പറഞ്ഞിട്ട്, അവരോടൊക്കെ, ഭാവത്താൽ യാത്രചോദിച്ചിട്ട് പുറപ്പെടുകയും ചെയ്തു.

വൈകുന്നേരം ആറുമണിയോടുകൂടി കോട്ടാർ പൊലീസ്സ്റ്റേഷനു സമീപമെത്തി. സ്റ്റേഷനിൽ ഇൻസ്പെക്ടർ ഉണ്ടായിരുന്നില്ല. ഞങ്ങൾ അദ്ദേഹത്തിന്റെ പാർപ്പിടത്തിലേക്കു പോയി. അവിടെയും അദ്ദേഹത്തെ ഉടനടി കാണ്മാൻ കഴിഞ്ഞില്ല. അദ്ദേഹം ഏതോ കേസു സംബന്ധിച്ച് അന്വേഷണത്തിനായി പോയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പാർപ്പിടത്തിൽ ചിലപരിചയക്കാരെ കാണുകയും, അവർ കുശലപ്രശ്നങ്ങൾ ചോദിക്കുകയും ചെയ്തു. അവരാരും ഈ വാർത്ത അറിഞ്ഞിരുന്നില്ല. ''എങ്ങോട്ടേക്കാണു പുറപ്പെട്ടിരിക്കുന്നത്?'' എന്ന് അവർ എന്നോടു ചോദിച്ചതിന്, ''തിരുവിതാംകൂർ അതിർത്തിക്കു പുറമേ പോകുവാൻ,'' എന്ന് സാധാരണമട്ടിൽ മറുപടിപറഞ്ഞതു നേരമ്പോക്കായിട്ടാണ് അവർ വിചാരിച്ചത്. അവരുടെ ചോദ്യത്തിനു വീണ്ടും അതേ മറുപടി പറയുന്നതു കേട്ട് അവർ അപവാര്യയായി, മിസ്റ്റർ തര്യനോടു വിവരങ്ങൾ ചോദിച്ചറിഞ്ഞു. അവരിലൊരാൾ, ഒരു സർക്കാരുദ്യോഗസ്ഥൻ-അവർ മിക്കവരും സർക്കാർ ജീവനക്കാരായിരുന്നു-എന്റെ അരികിലേക്ക് തിരിച്ചുവന്ന സമയം, അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് അശ്രുധാര ചിറപൊട്ടിവീഴാൻ ഭാവിക്കുന്നതും, സംസാരിക്കുന്നതിനു നാവ് അനക്കാൻ കഴിയാതെ അല്പം കുഴങ്ങുന്നതും ഞാൻ കണ്ടു. ആ സ്നേഹിതൻ, ''കഷ്ടം! തിരുവിതാംകൂർ പഴയ കാലത്തേക്ക് തിരിച്ചുപോകയാണോ? ഇങ്ങനെയായാൽ ആളുകൾക്ക് രക്ഷയെവിടെ? സമാധാനമെവിടെ?'' എന്നു ഗദ്ഗദാക്ഷരമായി വിലപിക്കുകയും തദനന്തരം മൗനമടയുകയും ചെയ്തു. ''അല്പം മുമ്പു കിട്ടിയ 'മലബാർ ഹിറാൾഡ്' (Malabar Herald) പത്രത്തിൽ നിങ്ങളെപ്പറ്റി തിരുവനന്തപുരത്തുനിന്നുള്ള ഒരു കമ്പിവാർത്ത വായിച്ചതേയുള്ളു. മിസ്റ്റർ രാജഗോപാലാചാരിയുടെ ഭരണത്തെക്കുറിച്ചു മേലാൽ ആക്ഷേപം പറഞ്ഞാൽ നിങ്ങളെ പ്രഹരിക്കും എന്നു ഒരു വാറോല നിങ്ങൾക്കു കിട്ടിയതായിട്ടാണ് കമ്പിവാർത്ത. അതു വാസ്തവമാണോ?'' ''വാറോല കിട്ടിയതു വാസ്തവംതന്നെയാണ്.'' ''എന്നാൽ ഇപ്പോൾ കാണിച്ചിരിക്കുന്ന നടപടിയുടെ അർത്ഥമെന്ത്?'' ''അർത്ഥം മറ്റൊന്നുമില്ല, ഞാൻ തിരുവിതാംകൂറിനു പുറമേ പൊയ്ക്കൊള്ളണമെന്നു മാത്രം.'' ഇപ്രകാരം ഞങ്ങളുടെ സംഭാഷണം തുടർന്നു, തലേന്നാൾ നടന്ന കഥകളൊക്കെ വിസ്തരിച്ചു. ഇതിനിടയിൽ ഇൻസ്പെക്ടർ മിസ്റ്റർ ഗുലാംഘോസ് വന്നു ചേരുകയും, ഞങ്ങൾ ഉദ്ദേശം എട്ടുമണി സമയം അവരോട് യാത്ര പറഞ്ഞു കോട്ടാറ് വിട്ടുപോരുകയും ചെയ്തു. വഴിക്ക് നാഗരുകോവിലിൽ ഒരു സ്നേഹിതന്റെ സത്കാരം സ്വീകരിച്ചിട്ട് ഒഴുകിനാശ്ശേരിയിൽ തപാൽവണ്ടിപ്പേട്ടയിലെത്തി ഒരു തപാൽവണ്ടി ഏർപ്പാടു ചെയ്തു. ഉദ്ദേശം പത്തുമണി സമയംവരെ അവിടെ വിശ്രമിച്ചു.

ഒഴുകിനാശ്ശേരിയിൽനിന്ന് തിരുനൽവേലിക്കു പോകുന്ന തപാൽ വണ്ടികളിലൊന്നായിരുന്നു ഏർപ്പാടു ചെയ്തത്. തിരുവിതാംകൂർ അതിർത്തി കടക്കുന്നതു രാത്രിയിലായിരുന്നതിനാലും, അതിർത്തി വിട്ടാൽ വേറെ വണ്ടി കിട്ടുവാൻ സാദ്ധ്യമല്ലായ്കയാലും തിരുനൽവേലിക്കുതന്നെ നീളെ യാത്ര ചെയ്വാനുള്ള വ്യവസ്ഥയായിരുന്നു ഉത്തമപക്ഷമായിരുന്നത്. വണ്ടിക്കൂലി, അതിർത്തിവരേക്കും തിരുവിതാംകൂർ ഗവണ്മെന്റുവക ചെലവിലായിരുന്നു എന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. എന്തെന്നാൽ,

അതിർത്തിക്കു പുറമേ തുടങ്ങി തിരുനൽവേലിവരെയുള്ള കൂലി മാത്രമേ എന്നോടു വസൂൽ ചെയ്തിരുന്നുള്ളു. അക്രമികളായ മറവന്മാരുടെ ശല്യത്തെ ഭയപ്പെട്ട് സാധാരണയായി തപാൽവണ്ടികൾ കൂട്ടുകൂടി പോകാറുള്ളതിന്മണ്ണം ഞങ്ങളും പത്തുമണി കഴിഞ്ഞാറെ കൂട്ടുവണ്ടികളൊന്നിച്ചു പേട്ടയിൽ നിന്നു പുറപ്പെട്ടു.

വില്ലുവെച്ച വണ്ടി ആയിരുന്നു അതെങ്കിലും, നിരത്തിന്റെ നിരപ്പില്ലായ്മകൊണ്ടും, വണ്ടിയുടെ ഉലച്ചൽകൊണ്ടും, അത് 'എല്ലൊടിപ്പൻ' വണ്ടി ആയിത്തീർന്നിരുന്നു. കുറേദൂരം കഴിഞ്ഞപ്പോൾ തുടങ്ങി കരക്കാറ്റു കുറേശ്ശെ വീശി. മുന്നോട്ടു പോകുന്തോറും, കാറ്റിന്റെ ഊക്കും കയറിത്തുടങ്ങി. ഏതായിട്ടും ഞങ്ങൾ ഉറങ്ങി ഉറങ്ങിയില്ലാ എന്ന അവസ്ഥയിൽ, വണ്ടിയുടെ ഉലച്ചിൽകൊണ്ട് ഇടംവലം ഉരുണ്ടുകിടക്കുകയായിരുന്നു. കാറ്റിന്റെ ഊക്ക് അതിപ്രചണ്ഡമായി കണ്ടു, വണ്ടിയെ തള്ളിമറിക്കുമോ എന്നുകൂടെ ഞങ്ങൾ ശങ്കിച്ചു. നേരം രണ്ടുമണി കഴിഞ്ഞിരിക്കുമെന്നു തോന്നുന്നു. ആരുവാമൊഴിക്കോട്ടയ്ക്കു സമീപമെത്താറായി. വണ്ടിക്കു കടന്നുപോവാൻ വേണ്ടുംവണ്ണം സൗകര്യമില്ലാത്ത പ്രകാരത്തിൽ, വഴിനടുവിൽ രണ്ടുമൂന്നു വലിയ വണ്ടികൾ പാടേ മറിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. ഇവ കാറ്റടിച്ചു മറിഞ്ഞു പോയവയായിരുന്നു. ഇവയുടെ ഉടലിന്റെ വലിപ്പംകൂടെയും കാറ്റിന് അഗണ്യമായി തോന്നിയിരുന്ന അവസ്ഥയ്ക്ക്, "വിന്ധ്യനെയിളക്കുവെൻ, സിന്ധുകൾ കലക്കുവെൻ" എന്നു കാഹളം ഊതി നടക്കുകയായിരുന്നു ആ കാറ്റ് എന്നു പറയുന്നതിൽ അതിശയോക്തി ദോഷാരോപത്തിന് അവകാശമുണ്ടാകയില്ല. കോട്ടവാതിൽ സമീപിക്കാറായപ്പോൾ, രാത്രി, അക്രമികളുടെ ശല്യത്തിൽനിന്നു യാത്രക്കാരെ രക്ഷിപ്പാനായി 'പട്രോൾ' ചുറ്റുന്ന ആയുധപാണികളായ പൊലീസുകാരെ കാണുകയും, അവർ ബ്രിട്ടീഷ് പൊലീസുകാരുടെ കാവൽസ്ഥലംവരെ ഞങ്ങളെ അനുചരിക്കുകയും ചെയ്തു. അവിടെ വെച്ച് ഇൻസ്പെക്ടറും സ്റ്റേഷനാഫീസറും സഹതാപപൂർവം യാത്രപറഞ്ഞു പിരിഞ്ഞു. തലേനാൾ രാത്രിയിൽ ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ള എന്റെ കുപ്പായക്കീശയിൽനിന്നെടുത്തിരുന്നതും, ഓരോ സ്റ്റേഷനിലെയും ഇൻസ്പെക്ടർമാരെ മുറയ്ക്ക് ഏല്പിച്ചിരുന്നതുമായ ചെറിയ പേനാക്കത്തി മിസ്റ്റർ ഗുലാംഘോസ് ആ വിവരം പറഞ്ഞ് എന്നെ ഏല്പിക്കുകയും ചെയ്തു.

പൊലീസുകാരുടെ ബന്തവസ്സിൽ എനിക്കു യാതൊരു ക്ലേശവും തട്ടാതെയിരിപ്പാൻ അവർ വേണ്ടതൊക്കെ സൗകര്യത്തിൽ ഏർപ്പാടു ചെയ്തിരുന്നു എന്നു പറയാതിരിപ്പാൻ ഞാൻ വിചാരിക്കുന്നില്ല. ഞങ്ങളുടെ യാത്രയിൽ അവർ എന്നെ ഉദ്ദേശിച്ചും എന്നോടായിട്ടും എന്തൊക്കെയാണു ചെയ്തിരുന്നതെന്ന് ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഞാൻ ആരുവാമൊഴിക്കോട്ടയ്ക്കു പുറമേ കടന്നതിന്റെ ശേഷം എന്താണ് ചെയ്യേണ്ടത് എന്നാകട്ടെ, എന്തു ചെയ്യരുതെന്നാകട്ടെ, അവരിലാരും എന്നെ തെരിയപ്പെടുത്തീട്ടുണ്ടായിരുന്നില്ല. എന്നെ എന്തിനായിട്ടാണ് തിരുവിതാംകൂറിനു പുറമേക്കയച്ചിരിക്കുന്നതെന്നും അവരാരും എന്നെ അറിയിച്ചിട്ടുമില്ലാ. എന്നെ ഇപ്രകാരം പുറത്തേക്കയപ്പാൻ അവരെ അധികാരപ്പെടുത്തിയ രേഖകളേയും കാണിച്ചിട്ടില്ലാ. "എപ്പോൾ പുറപ്പെടാം?"എന്നു തലേനാൾ രാത്രിയിൽ ഞാനായിട്ട് അവരോടു ചോദിച്ചിരുന്നതിനാൽ അവർക്കും കിട്ടിയിരുന്ന കല്പനങ്ങളെ ഞാൻ മനസ്സിലാക്കിയിരുന്നതായി അവർ സംഭാവനം ചെയ്തിരുന്നിരിക്കാം എന്ന് ഊഹിക്കയല്ലാതെ മറുവഴിയില്ലാ.

തിരുവിതാംകൂർ സർക്കാരധികൃതന്മാരുടെ അധീനതയിൽനിന്നു പിരിഞ്ഞ സ്ഥലം തുടങ്ങി കുറേദൂരമത്രയും മറവൻമാരുടെ ശല്യമുണ്ടാകാറ് പതിവുള്ള ദിക്കാണ്. അതിനാൽ, മിസ്റ്റർ ഗുലാംഘോസ്, സ്നേഹവിഷയത്തിൽ, എന്റെയും എന്റെ അനുയായികളുടെയും രക്ഷയെ കരുതി, ബ്രിട്ടീഷ് പൊലീസ് സിൽബന്തികളിലൊരാളെ പ്രത്യേകം ശിപാർശി ചെയ്ത് ഒരുമിച്ചയച്ചിരുന്നു. രാവിലെ ഉദ്ദേശം നാലുമണി സമയത്തായിരുന്നു ഞങ്ങൾ ആ സന്ധിപ്പു വിട്ടത്. നേരം പുലരുന്നതുവരെ ആ സിൽബന്തി കൂടെയുണ്ടായിരുന്നു. കാലത്ത് (സെപ്റ്റംബർ 28-ന്) എട്ടുമണിക്ക് പണകുടിയിലും, ഉച്ചയ്ക്കു നാങ്ക

നേരിയിലും കുറേ വിശ്രമിച്ചും സൂര്യാസ്തമയം കഴിഞ്ഞ്, ഉദ്ദേശം ഏഴുമണിസമയം തിരുനൽവേലിയിലെത്തി, യാത്രയുടെ ദുർഘടങ്ങളും കഴിഞ്ഞു.

തിരുനൽവേലിയിൽ ഏതാനും ദിവസം താമസിച്ചു. അതിനിടയ്ക്ക് എന്റെ ഭാര്യയും കുട്ടികളും ചില ബന്ധുക്കളും സ്നേഹിതൻമാരും വന്നു ചേരുകയും 'സ്വദേശാഭിമാനി' ആഫീസും വീടും പൊലീസുകാർ ശോധന ചെയ്തതു സംബന്ധിച്ചു ഞാൻ അറിഞ്ഞിട്ടില്ലായിരുന്ന വിവരങ്ങൾ ഒക്കെ അറിയിക്കുകയും ചെയ്തു.

സെപ്റ്റംബർ 27-ന് ചൊവ്വാഴ്ച കാലത്തായിരുന്നു വീടു ശോധന ചെയ്തത്. എന്നെ നാടുകടത്തിയിരിക്കുന്ന വിവരം അന്നു രാവിലെ മാത്രം അറിഞ്ഞു വ്യസനിച്ചവരായ ഒട്ടേറെ ജനങ്ങൾ, എന്റെ സ്വന്തം ആളുകളെ കാണ്മാനും സഹതാപത്തെ അറിയിപ്പാനുമായി ചെന്നുചേരുന്നുണ്ടായിരുന്നു. പൊലീസ് സൂപ്രേണ്ടും എന്നെ നെയ്യാറ്റിങ്കരയോളം അനുഗമിച്ച ഇൻസ്പെക്ടർമാരും മറ്റു ചില പൊലീസ് ജീവനക്കാരും വീടുശോധനയ്ക്കായി എത്തുകയും, ആ സമയം കൂടെയുണ്ടായിരിപ്പാൻ എന്റെ ഭാര്യയ്ക്കും ബന്ധുക്കൾക്കും അറിവുകൊടുത്ത് അവരെക്കൂടെ വരുത്തുകയും ചെയ്തിരുന്നു. വീട്ടിനുള്ളിലും പുറമേ റോട്ടിലും അനേകശതം ജനങ്ങൾ കൂട്ടംകൂടിയിരുന്നു. മിസ്റ്റർ ജോർജ് ആചാരം പറഞ്ഞതു കേട്ടിട്ട്, "നിങ്ങൾക്കെന്താണ് ഇവിടെ വേണ്ടത്?" എന്നു ഗൃഹനായിക ചോദിച്ചപ്പോൾ, "നിങ്ങളുടെ ഭർത്താവിന്റെ എഴുത്തുഫയലുകളും, കടലാസുകളും, പുസ്തകങ്ങളും എവിടെയിരിക്കുന്നു എന്നു കാണിച്ചുതരാമോ? അവയെ എനിക്കു ശോധന ചെയ്യണം," എന്നു മിസ്റ്റർ ജോർജ് പറഞ്ഞു. അനന്തരം, തലേനാൾ അരക്കു മുദ്രവച്ചിരുന്ന മുറികളുടെ മുദ്ര പൊളിക്കാൻ സൂപ്രേണ്ടു സിൽബന്തികളോട് ആജ്ഞാപിക്കുകയും, ആദ്യമായി പുറമേ വരാന്തയിൽ ഉണ്ടായിരുന്നതും മുദ്രവെച്ചിരുന്നതല്ലാത്തതുമായ ഒരു മേശ തുറന്ന് അകത്തുണ്ടായിരുന്നവയൊക്കെ താഴത്തേക്ക് എടുത്തുവയ്ക്കയും ചെയ്തു. "പ്രൈവറ്റു കത്തുകൾ ഇവയിൽ വല്ലതുമുണ്ടെങ്കിൽ കാണിച്ചുതരുമോ? അവ ഞങ്ങൾക്കു കാണേണ്ട, അവയെ നിങ്ങൾ എടുത്തുകൊള്ളുക," എന്നു സൂപ്രേണ്ടു പറഞ്ഞു. "എനിക്കൊന്നും നിശ്ചയമില്ലാ, നിങ്ങൾക്കാവശ്യമുള്ളവയെല്ലാം എടുത്തിട്ടു ബാക്കി അതിലിട്ടേക്കുക," എന്നായിരുന്നു ഗൃഹനായികയുടെ മറുപടി. സൂപ്രേണ്ടു ചില കത്തുകൾ കാണിച്ചിട്ട്, "ഈ ഒപ്പ് ആരുടേതെന്നറിയാമോ?" എന്നു ചോദിച്ചു. "എനിക്കു നിശ്ചയമില്ലാ," എന്നു മറുപടി കിട്ടി.

"ശാരദയുടെ ലേഖനങ്ങളും അതു സംബന്ധിച്ച കത്തുകളും എവിടെ? ആ മാസിക നിങ്ങളല്ലേ നടത്തുന്നത്?"

"ഞാൻ അതിന്റെ പ്രസാധികമാരിലൊരാളാണ്. അതിലേക്കുള്ള ലേഖനങ്ങൾ മുതലായവ ചിലത് ആഫീസിലും ചിലത് ഇവിടെ ഈ മേശയ്ക്കുള്ളിലും ഉണ്ടായിരിക്കാം. നിങ്ങൾ എടുത്തുവച്ചിരിക്കുന്ന കൂട്ടത്തിൽ ചിലതു കാണും."

"സോമാലിലാൻഡിൽനിന്ന് ഈ കത്തയച്ചിരിക്കുന്ന ആൾ ആരാണ്"

"ശാരദയുടെ വരിക്കാരിലൊരാളാണ്."

"അയാളെപ്പറ്റി എന്തറിയാം?"

"ശാരദയുടെ വരിക്കാരൻ എന്നല്ലാതെ ഒന്നുമറിവില്ലാ."

"നിങ്ങളുടെ ഭർത്താവിനു മദ്രാസിൽ സ്നേഹിതന്മാർ വല്ലവരും ഉണ്ടോ? അവർ ഇവിടെ വന്നു കാണാറുണ്ടോ?"

"മദ്രാസിലെ സ്നേഹിതന്മാരോ? നിങ്ങളുടെ ചോദ്യം എനിക്കു മനസ്സിലാകുന്നില്ലാ. ഈ നാട്ടുകാരും പരിചിതരുമായ ചിലർ മദ്രാസിലുണ്ട്. അവർ ചില സമയങ്ങളിൽ ഇവിടെ വന്നിട്ടുമുണ്ട്. അവരാണോ?"

"അവരല്ലാ. Real Madrasees."

(മദിരാശിയിൽതന്നെ പാർത്തുപോരുന്ന ആ ദിക്കുകാർ)

"എന്തോ എനിക്കു നിശ്ചയമില്ലാ. ഇവിടെ വരുന്ന ആളുകളെയെല്ലാം ഞാൻ കാണാറില്ല. അവരുടെ ഊരും പേരും അന്വേഷിക്കാറുമില്ല."

"ക്ഷമിക്കണമേ" (I beg your pardon)

ഇപ്രകാരം സംവാദത്തിനിടയ്ക്ക് ആ കടലാസുകളിൽ ചിലതു നീക്കി വയ്ക്കുകയും മറ്റുള്ളവയെ കളയുകയും ചെയ്തു. എഴുത്തുകൾ രണ്ടുകെട്ടായും, ഉപന്യാസങ്ങൾ വേറെ രണ്ടുകെട്ടായും കെട്ടി സൂക്ഷിച്ചു. അനന്തരം, പുരമുറിക്കുള്ളിൽ ഉണ്ടായിരുന്ന അലമാരകളിൽനിന്നു പുസ്തകങ്ങൾ എടുത്തു നോക്കുകയും അവയിൽ മിക്കതിലും എന്റെ ഭാര്യയുടെ പേരെഴുതി കാണുകയാൽ തിരിയെ വെച്ചുകളകയും ചെയ്തു. എന്നാൽ ഒരലമാരയിൽ നിന്നുമാത്രം മൂന്നുനാലു പുസ്തകങ്ങളും, ഏതാനും എഴുത്തുകളും കൈയെഴുത്തുപകർപ്പുകളും, ചില മലയാളപത്രങ്ങളും എടുത്തു. പുസ്തകങ്ങൾ ഗവർമ്മേണ്ടിനാൽ തടയപ്പെട്ടവയാണെന്നു പറഞ്ഞിട്ടായിരുന്നു എടുത്തത്. ഇവയിൽ ഒന്ന്, കീയ്ർഹാർഡി അവർകൾ എഴുതിയിട്ടുള്ള 'ഇൻഡ്യാ (India By Kier Hardie) എന്ന പുസ്തകവും, മറ്റൊന്ന് മദ്രാസിലെ ജി.എ. നടേശ കമ്പനിക്കാർ പ്രസിദ്ധം ചെയ്തതും തെക്കേ ആഫ്രിക്കയിലെ ഇൻഡ്യക്കാരെപ്പറ്റി 'ഇൻഡ്യൻ ഒപ്പിനിയൻ' പത്രാധിപർ മിസ്റ്റർ എച്ച്.എസ്.എൽ. പോളക്ക് എഴുതിയതും ആയ (Indians of South Africa By H.S.L. Polak) ഒരു ചെറിയ പുസ്തകവും ആയിരുന്നു. ഇവ യാതൊന്നും ഇന്നേവരെ തടയപ്പെട്ടിട്ടുള്ളവയല്ലാതാനും, അനന്തരം മറ്റു പുരമുറികളും ശോധന ചെയ്തിട്ട്, ഉദ്ദേശം ഒമ്പതരമണിയോടുകൂടി ശോധന അവസാനിപ്പിച്ച് മഹസ്സർ തയ്യാറാക്കി പൊലീസുകാർ വീടുവിട്ടു പോകയും ചെയ്തു. താൻ നിമിത്തം ആ വീട്ടുകാർക്കുണ്ടായ ബുദ്ധിമുട്ടുകളെ ക്ഷമിക്കുവാൻ അപേക്ഷിച്ചിട്ടാണ് സൂപ്രേണ്ടു പോയത്. പൊലീസുകാർ ശോധന ചെയ്ത് എടുത്തതു കഴിച്ചുള്ള എഴുത്തുകൾ മുതലായവയൊക്കെ, 'അലങ്കോലം' ആയി അവിടെ തള്ളിയിരുന്നു. ശോധനയ്ക്കു മുമ്പിലാകട്ടെ, അതു നടന്നുകൊണ്ടിരുന്നപ്പോഴാകട്ടെ, അതിനു പിൻപിലാകട്ടെ, അതിലേക്കു പൊലീസുകാരെ അധികാരപ്പെടുത്തിയിരുന്നതായി സംഭാവനം ചെയ്യപ്പെട്ടിട്ടുള്ള യാതൊരു രേഖയും ആ വീട്ടിൽ പാർത്തിരുന്ന യാതൊരാളെയും പൊലീസുകാർ കാണിച്ചിരുന്നതുമില്ല. 'സ്വദേശാഭിമാനി' അച്ചുക്കൂടത്തിലും പത്രം ആഫീസിലും നിന്നും വീട്ടിൽനിന്നും മേല്പടി പത്രം സംബന്ധിച്ചുള്ള സകല സാമഗ്രികൾക്കും പുറമേ 'ശാരദ', 'കേരളൻ', 'വിദ്യാർഥി' എന്നീ മാസികാ പുസ്തകങ്ങളെ സംബന്ധിച്ചുള്ള കത്തുകൾ, ലേഖനങ്ങൾ, നാൾവഴിക്കണക്കുകൾ, മറ്റു റിക്കാർഡുകൾ എന്നിതുകളും, അവിടെ അച്ചടിച്ചു വില്പാൻ വച്ചിരുന്ന അനേകം പുസ്തകങ്ങളും പൊലീസുകാർ സർക്കാരിലേക്കു കൈയടക്കം ചെയ്തിരുന്നു.

മേൽപ്പറഞ്ഞ ശോധനകളും കൈയടക്കവും നാടുകടത്തലും മറ്റും കഴിഞ്ഞ്, ജനങ്ങൾ അത്ഭുതപരവശരായിരിക്കുമ്പോഴായിരുന്നു ഇതിന്നൊക്കെ ആധാരമായി പറഞ്ഞുകൊണ്ടിരുന്ന തിരുവെഴുത്തു വിളംബരം ജനങ്ങളുടെയിടയിൽ പ്രചാരപ്പെടുത്തപ്പെട്ടത്. ●

# രാജകീയ വിളംബരം

*ശ്രീ പത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖര കിരീടപതിമന്നെ സുൽത്താൻ മഹാരാജ രാജരാമരാജബഹദൂർ ഷംഷർജംഗ്, നൈറ്റ് ഗ്രാണ്ട് കമാണ്ടർ ഓഫ് ദി മോസ്റ്റ് എക്സാൾറ്റെഡ് ആഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇന്ത്യാ, നൈറ്റ് ഗ്രാണ്ട് കമാണ്ടർ ഓഫ് ദി മോസ്റ്റ് എമിനന്റ് ഓർഡർ ഓഫ് ദി ഇന്ത്യൻ എംപയർ, എഫ്.എം.യു., എം.ആർ.ഏ.എസ്സ്. ആഫീസർ ദി ലാ ഇൻസ്ട്രക്ഷൻ പബ്ളിക് മഹാ രാജ അവർകൾ സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന*

## വിളംബരം

തിരുവനന്തപുരത്തുനിന്നും പ്രസിദ്ധം ചെയ്യുന്ന സ്വദേശാഭിമാനി എന്ന വർത്തമാന പത്രത്തെ അമർച്ച ചെയ്യുന്നതും ആ പത്രത്തിന്റെ മാനേജിംഗ് പ്രൊപ്രൈറ്ററും എഡിറ്ററുമായ കെ. രാമകൃഷ്ണ പിള്ളയെ നമ്മുടെ നാട്ടിൽനിന്നും നീക്കം ചെയ്യുന്നതും പൊതുജനക്ഷേമത്തിന് ആവശ്യമെന്ന് നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽപറഞ്ഞ കെ. രാമകൃഷ്ണപിള്ളയെ ഉടനെ അറസ്റ്റ് ചെയ്തു നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിക്കുപുറത്താക്കുകയും നാം വേറേവിധം ആജ്ഞാപിക്കുന്നതുവരെയ്ക്കും മേൽപറഞ്ഞ കെ. രാമകൃഷ്ണപിള്ള നമ്മുടെ സംസ്ഥാനത്തിൽ തിരിയെ വരികയോ പ്രവേശിക്കയോ ചെയ്യുന്നതിനെ വിരോധിക്കയും ചെയ്യണമെന്ന് നാം ഇതിനാൽ ആജ്ഞാപിക്കുന്നു. യാതൊരു സ്ഥലത്തും കാണപ്പെടുന്ന 'സ്വദേശാഭിമാനി' എന്ന വർത്തമാനപത്രത്തിന്റെ എല്ലാ പ്രതികളും മേൽപ റഞ്ഞ 'സ്വദേശാഭിമാനി' എന്ന വർത്തമാനപത്രം അച്ചടിച്ചുവരുന്ന അച്ചടിയന്ത്രവും അതിന്റെ അനു സാരികളും അതിനെ സംബന്ധിച്ചു മറ്റു വസ്തുക്കളും നമ്മുടെ ഗവർമെന്റിലേക്കു കണ്ടുകെട്ടി എടു ക്കപ്പെടണമെന്നും നാം ആജ്ഞാപിക്കുന്നു. മേൽ അടങ്ങിയ നമ്മുടെ ആജ്ഞകളെ അനുസരിച്ചോ ആസ്പദമാക്കിയോ അപ്രകാരമെന്നു ഗണിച്ചോ ചെയ്യപ്പെടുന്ന യാതൊരു പ്രവൃത്തിയേയും സംബ ന്ധിച്ചു നമ്മുടെ ഗവർമെന്റിന്റേയോ നമ്മുടെ ഗവർമെന്റിലെ യാതൊരു ഉദ്യോഗസ്ഥന്റേയോ പേരിൽ സിവിലായോ ക്രിമിനലായോ യാതൊരു വ്യവഹാരത്തിനും ഇടയില്ലാത്തതാകുന്നു എന്നും കൂടി നാം ആജ്ഞാപിക്കുന്നു.

എന്ന്

1910-ാം വർഷം സെപ്തംബർ മാസം 26-ാം തീയതിക്ക് 1086-ാമാണ്ട് കന്നിമാസം 10-ാം തീയതി.

## ഭീമമായ തെറ്റ്

**(ദി ഹിന്ദു)**

ഈ നടപടിക്ക് അടിസ്ഥാനമാക്കി തിരുവെഴുത്തുവിളംബരത്തിൽ പറയുന്നത്, "സ്വദേശാഭിമാനിപ്പത്രത്തെ അമർച്ചചെയ്യുന്നതും അതിന്റെ പത്രാധിപരെ നമ്മുടെ രാജ്യത്തുനിന്നും നീക്കം ചെയ്യുന്നതും പൊതുജനക്ഷേമത്തിന് ആവശ്യകമെന്നു നമുക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ," എന്നു മാത്രമാകുന്നു. ഈ നിഷ്ഠൂരനടപടി പൊതുക്ഷേമത്തിന് ആവശ്യകമായത് എന്തുകൊണ്ടാണെന്നും, മഹാരാജാവിന് അപ്രകാരം ബോദ്ധ്യംവരാൻ മാർഗ്ഗമെന്തെന്നും, കുറ്റം ആരോപിക്കപ്പെട്ടിരിക്കുന്ന പത്രാധിപർക്കു തന്റെമേലുള്ള കുറ്റം എന്താണെന്നു നോട്ടീസു കൊടുക്കുകയോ, അതിനെ നിഷേധിപ്പാൻ തെളിവുകൊണ്ടുവന്നു വ്യവഹരിക്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്നും, തന്റെ കുറ്റത്തെപ്പറ്റി പശ്ചാത്തപിച്ചു ക്ഷമായാചനം ചെയ്വാൻ പത്രാധിപർക്ക് അവസരം കൊടുത്തിരുന്നുവോ എന്നും മറ്റുമുള്ള വിവരങ്ങൾ അറിയിച്ചിട്ടില്ല. ഈ നടപടിക്കളാക്കെ സ്വേച്ഛാധികാരനയത്തെയും അനീതിയെയും തടയുന്നവയായിരുന്നിട്ടും, ഇവയൊന്നും ഈ ശിക്ഷ നൽകുന്നതിനുമുമ്പായി നടത്തീട്ടില്ലെന്നു വിചാരിക്കുവാനാണ് അവകാശം കാണുന്നത്. തിരുവിതാംകൂർ സംസ്ഥാനത്ത് ഒരു നിയമനിർമാണസഭയുണ്ട്, നിയമശാസനസഞ്ചയവുമുണ്ട്. ബ്രിട്ടീഷ് ഇന്ത്യയിലുള്ളതിനോടൊട്ടൊക്കെ ഒപ്പമായ നിയമപരിപാലനവ്യവസ്ഥയുണ്ട്. മഹാരാജാവിന്റെ സ്ഥാനത്തിനു സഹജാതമായ അധികാരം എന്തുതന്നെ ആയിരുന്നാലും, ഒളിവിൽ സംഭരിച്ചുവെച്ചിരിക്കുന്ന ഒരു രാജാധികാരത്തെ എടുത്തു പ്രയോഗിക്കുന്നതിന് അത്രമേൽ അസാമാന്യമായ ഒരു അടിയന്തരാവശ്യം ഉണ്ടായിരിക്കേണ്ടതാണ്- മഹാരാജാവു തന്റെ മേൽക്കോയ്മയ്ക്കുള്ളതിലധികം അധികാരത്തെ ആവശ്യപ്പെടുന്നതായി കാണുന്നത് പ്രകടമായും രാജതന്ത്രനിയമത്തിനു വിരോധമായിരിക്കുന്നുണ്ട്- ഈ നാടുകടത്തൽ സംഗതിയിൽ. തിരു

വിതാംകൂർ ഗവണ്മെന്റ് ഏറ്റവും ഭീമാകൃതിയിലുള്ള തെറ്റു ചെയ്തിരിക്കുന്നു എന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. 'സ്വദേശാഭിമാനി' പത്രം നിയമത്തെ മനഃപൂർവ്വമായും ധിക്കാരത്തോടുകൂടിയും ലംഘിച്ചു വന്നിരുന്നു എന്നിരിക്കിൽ ആ രാജ്യത്തു നടപ്പുള്ള ശിക്ഷാനിയമപ്രകാരം അതിന്റെമേൽ കേസ്സുനടത്തി ശിക്ഷിപ്പിക്കാൻ സാദ്ധ്യമല്ലായിരുന്നു എന്നു വിശ്വസിക്കുന്നതിന് ഞങ്ങൾക്ക് പ്രയാസം തന്നെയാണ്...

**സാധാരണ സംഗതിക്ക് അസാധാരണ ആയുധം**

**(മദ്രാസ് സ്റ്റാൻഡാർഡ്)**

നാടുകടത്തുന്നതിനു ഹേതുവായ കുറ്റത്തിന്റെ സ്വഭാവം ഇന്നതെന്നു വിളംബരം വ്യക്തമായി വെളിപ്പെടുത്തുന്നില്ല. പൊതുജനക്ഷേമാർത്ഥം എന്നാണു വിളംബരത്തിൽ പറയുന്നത്. ഈ വാക്കുകൊണ്ട് എന്തർത്ഥം വിവക്ഷിച്ചിരിക്കുന്നു എന്നു വിശദമാകുന്നില്ല. ഞങ്ങൾ പ്രസിദ്ധീകരിച്ച കമ്പിവാർത്തകളിൽ ഒന്നിൽ, അതയച്ച ലേഖകൻ തിരുവിതാംകൂർ ഗവണ്മെന്റിന്റെ ഭാഗം വ്യപദേഷ്ടാവായി നിന്നുകൊണ്ടു പറയുന്നതെന്തെന്നാൽ, "സ്വദേശാഭിമാനി ഗവണ്മെന്റിനോടാകപ്പാടെയും ദിവാൻജി തുടങ്ങി കീഴ്പോട്ടുള്ള സർക്കാരുദ്യോഗസ്ഥന്മാരിൽ എല്ലാത്തരക്കാരോടും എല്ലാക്കൂട്ടരോടും വളരെ പ്രചണ്ഡമായ പോരു നടത്തുകയായിരുന്നു", എന്നാണ്. എന്നാൽ, "പത്രാധിപർ ഇതൊക്കെ സ്വമേധയാ മാത്രം നടത്തുകയായിരുന്നു എന്നു ഞങ്ങൾ ഉറപ്പുപറയുന്നു," എന്നു ലേഖകൻ പറഞ്ഞിരിക്കുന്നതിനെക്കൂടെ പര്യാലോചിക്കുമ്പോൾ, തിരുവിതാംകൂർ ഗവണ്മെന്റ്, തീരെ പിൻബലമില്ലാത്ത ഒരാളെ ആദരണീയങ്ങളായ വേറെ സമ്പ്രദായങ്ങളിലൊന്നിൽ അമർത്താമായിരുന്നിരിക്കെ, നാടുകടത്തൽ എന്ന മഹാശക്തിമത്തായ ആയുധത്തെ പ്രയോഗിച്ചിരിക്കുന്നു എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു... രാജ്യത്തിൽ സമാധാനവും ശാന്തതയും വ്യാപിച്ചിരിക്കുന്നതായ സാധാരണ സന്ദർഭങ്ങളിൽ യാതൊരു ഗവണ്മെന്റും തന്റെ അധികാരശക്തിയിൽ കൈവച്ചുപ്രയോഗിക്കുന്നതു ന്യായമല്ലാ. ഈ തത്ത്വത്തെ ആധാരപ്പെടുത്തിക്കൊണ്ടു ഞങ്ങൾ, മറ്റ് ഇന്ത്യൻ സഹജീവികളോടൊത്ത്, ബ്രിട്ടീഷിന്ത്യയിൽ ഇതിനിടെ നടത്തപ്പെട്ട നാടുകടത്തലുകളുടെ അധിഷ്ഠാനമായ നയത്തെ ആക്ഷേപിച്ചിട്ടുള്ളതാണ്. ഞങ്ങൾക്ക്, ബ്രിട്ടീഷ് ഇന്ത്യയെ സംബന്ധിച്ച് ഒന്നും, തിരുവിതാംകൂറിനെപ്പോലെയുള്ള നാട്ടുരാജ്യങ്ങളെ സംബന്ധിച്ചു മറ്റൊന്നും ഇങ്ങനെ രണ്ടു നയങ്ങൾ വെവ്വേറെ ഇല്ലായ്കകൊണ്ടും, ഒരു നീതിതത്ത്വം യാതൊരാളാൽ ലംഘിക്കപ്പെട്ടതായാലും ഭേദമില്ലാത്തതാകകൊണ്ടും, തിരുവിതാംകൂർ ഗവണ്മെന്റിന്റെ ഈ പ്രവൃത്തിയെ ഞങ്ങൾ നിന്ദിക്കുന്നു.

**'ഭംഗി'യായ നടപടി!**

**(എമ്പയർ, കൽക്കത്ത)**

നാട്ടുരാജ്യങ്ങളിൽ കാര്യങ്ങൾ എത്ര ഭംഗിയായിട്ടാണു നടത്തുമാറുള്ളതെന്ന് ഏതാനും ആളുകൾ തീരെ മുഷിവില്ലാതെ പറയുന്നുണ്ട്; അവർ പറയുന്നതു ശരിയാണെന്നു വിശ്വസിച്ചു തുടങ്ങേണ്ടി വന്നിരിക്കുന്നു. തിരുവിതാംകൂർ മഹാരാജാവ് ഇതിനിടെ നടത്തിയതെന്തെന്നു നോക്കുക. ഒരു വർത്തമാനപത്രത്തെ ഒതുക്കി. അച്ചുക്കൂടത്തെ പിടിച്ചെടുത്ത്, പത്രാധിപരെ ബന്ധിച്ചു നാടുകടത്തി; ബ്രിട്ടീഷ് ഇന്ത്യയിൽ ക്ഷോഭം മുഴുത്തിരിക്കുമ്പോൾ ഇപ്രകാരമൊക്കെ ചെയ്യാൻ കഴിയും എന്നു പറയുമായിരിക്കാം. എന്നാൽ, മഹാരാജാവ് എന്തു കല്പിച്ചിരിക്കുന്നു എന്നു കേൾക്കുക: "നമ്മുടെ ആജ്ഞകളെ അനുസരിച്ചോ, ആസ്പദമാക്കിയോ അപ്രകാരമെന്നു ഗണിച്ചോ ചെയ്യപ്പെടുന്ന യാതൊരു പ്രവൃത്തി

യെയും സംബന്ധിച്ചു നമ്മുടെ ഗവണ്മെന്റിന്റേയോ, നമ്മുടെ ഗവണ്മെന്റിലെ യാതൊരുദ്യോഗസ്ഥന്റെയോ പേരിൽ സിവിലായോ ക്രിമിനലായോ യാതൊരു വ്യവഹാരത്തിനും ഇടയില്ലാത്തതാകുന്നു എന്നും നാം ആജ്ഞാപിക്കുന്നു.'' ബെൽവെഡറിൽ നിയമകാര്യസാമാജികസ്ഥാനം ഒഴിവാകുമ്പോൾ അടുത്ത കുറി നമുക്കു മഹാരാജാവിനെ ക്ഷണിക്കാം. പക്ഷേ വക്കീലന്മാർക്ക് അതു ഹിതമായിരിക്കയില്ലായിരിക്കാം. എങ്കിലും, ഇന്ത്യൻ സിവിൽ സർവീസുകാർക്ക് അതിൽ സന്തോഷമായിരിക്കും എന്നു തോന്നുന്നു.

**രാക്ഷസീയമായ പ്രവൃത്തി**

**(ബംഗാളി, കൽക്കത്ത)**

തിരുവിതാംകൂർ ഗവണ്മെന്റ് ഒരു പത്രപ്രവർത്തകനെ നാടുകടത്തുകയും ആ ആളുടെ അച്ചുക്കൂടത്തെ സർക്കാരിലേക്കു പിടിച്ചെടുക്കയും ചെയ്തത് അസാധാരണമായ പ്രവൃത്തിയായിരിക്കുകയാൽ അതിലേക്ക് എന്തെങ്കിലും സമാധാനം പറയാനുണ്ടാകും എന്നു ഞങ്ങൾ ആശിക്കുന്നു. മി.കെ. രാമകൃഷ്ണപിള്ളയോടു പെരുമാറിയ വിധത്തിൽ ഒരു പത്രപ്രവർത്തകനോടു പെരുമാറുന്നതു രാക്ഷസീയമായിരിക്കുന്നു. പൊതുജനക്ഷേമാർത്ഥം പത്രത്തെ അമർച്ച ചെയ്യുകയും പത്രാധിപരെ നാടുകടത്തുകയും ആ ആളുടെ അച്ചുക്കൂടത്തെയും അനുസാരികളെയും സർക്കാരിലേക്കു പിടിച്ചടക്കുകയും ചെയ്യേണ്ടത് ആപേക്ഷിതമാണെന്നു ഗവണ്മെന്റിനു ബോധ്യപ്പെട്ടിരിക്കുന്നു. എന്തു കാരണങ്ങളാലാണെന്നു ഞങ്ങൾ യാതൊന്നും അറിയുന്നില്ല. മി. പിള്ള വളരെ ഗൗരവപ്പെട്ട ഒരു കുറ്റം ചെയ്തവനായിരിക്കാം. എന്നാലും ഒരു പത്രപ്രവർത്തകനോട് ഈ വിധത്തിൽ, യാതൊരു വിചാരണയും നടത്താതെ പെരുമാറുന്നതു നീതിതത്ത്വത്തിനെതിരെ അസാധുവും നടപ്പിനു ദൂഷകവും ആകുന്നു. തിരുവിതാംകൂർ ഗവണ്മെന്റ് എല്ലാ നീതി പ്രമാണങ്ങൾക്കും പ്രത്യക്ഷം വിരോധമായിട്ടുള്ള ഒരു പ്രവൃത്തി ചെയ്കയാൽ ന്യായമായ ആക്ഷേപത്തിനു പാത്രമായിരിക്കുന്നു. ഒരു രാക്ഷസന്റെ ബലം ഉണ്ടായിരിക്ക എന്നതു നല്ലതുതന്നെ. എന്നാൽ, തിരുവിതാംകൂർ ഗവണ്മെന്റ് തന്റെ അധികാരബലത്തെ ഒരു രാക്ഷസനെന്നോണം പ്രയോഗിക്കുന്നു...

തിരുവിതാംകൂർ ഗവണ്മെന്റ് ഒരു പത്രപ്രവർത്തകന്റെ അച്ചുക്കൂടത്തെ പിടിച്ചെടുത്തതിന്റെശേഷം അയാളെ നാടുകടത്തിയ സംഗതിയെക്കുറിച്ച് മദ്രാസിലെ പത്രങ്ങളുടെ അഭിപ്രായം ഭിന്നമായിരിക്കുന്നു. 'ഇന്ത്യൻ പേട്രിയറ്റ്' ഇതിനിടെ തിരുവിതാംകൂറിലെ എല്ലാ വസ്തുക്കളെയും ആകാശത്തോളം പൊക്കി സ്തുതിക്കുന്നതായ ലേഖനപരമ്പര എഴുതിക്കൊണ്ടിരിക്കയാണ്. ഞങ്ങളുടെ മാന്യ സഹജീവി തിരുവിതാംകൂർ കാര്യങ്ങളെയൊക്കെ അഭിനന്ദിക്കുന്നതിന്മണ്ണം, സർക്കാരിനെ വെള്ളയടിക്കാൻ ഉദ്യമിച്ചിരിക്കുന്നു. ഞങ്ങളുടെ സഹജീവിയുടെ അഭിപ്രായത്തിൽ, തിരുവിതാംകൂറിലേക്ക് ഒരു പ്രസ്സ് ആക്ട് നടപ്പാക്കുന്നതിനെക്കാൾ നല്ലത് ഒരു പത്രപ്രവർത്തകനെ നാടുകടത്തുകയാണ്-ശിരച്ഛേദം ചെയ്തുകൂടാ എന്നുണ്ടോ?-സഹജീവിയുടെ വാദം അസംബന്ധമാണ്. തിരുവിതാംകൂറിലെ പത്രങ്ങൾ കഷ്ടപ്പാടനുഭവിക്കേണമെന്നുണ്ടെങ്കിൽ, ഒരുവനെ അവന്റെ സമാധാനം കേൾക്കാതെ ഭരണകർമ്മാധികാരപ്രവൃത്തികൊണ്ടു ഗർഹണം ചെയ്യുന്നതിനെക്കാൾ, എല്ലാവരും പൊതുവേ കഷ്ടപ്പാടനുഭവിക്കട്ടെ. തിരുവിതാംകൂർ സംസ്ഥാനത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധപ്പെടുത്തുന്നവയായി അനേകം വർത്തമാനപത്രങ്ങൾ ഉണ്ട്. ആ സംസ്ഥാനത്തു കുറ്റം ചെയ്യുന്നവനായി ഇപ്പോൾ ഭരണകർമ്മാധികാരികളുടെ അധികാരപ്രമത്തതയ്ക്ക് ഇരയായിത്തീർന്ന ഈ ഒരേയൊരു പത്രപ്രവർത്തകൻ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു സഹജീവി ഭാവിക്കുന്നുണ്ടോ? അങ്ങനെയായിരുന്നാൽക്കൂടെ

യും, ഒരുവനെ യുക്തമായ പ്രകാരത്തിൽ നിയമം അനുസരിച്ച് എന്തെങ്കിലും ചെയ്യുന്നതായിരുന്നു ഉത്തമം എന്നു ഞങ്ങൾ വിചാരിക്കുന്നു...

**എന്തുകൊണ്ട് കേസ്സെടുത്തില്ല?**

**(മദ്രാസ് ടൈംസ്)**

.... 'സ്വദേശാഭിമാനി'യിലെ അപരാധകങ്ങളായ ലേഖനങ്ങൾ മലയാളത്തിലാകയാൽ അവയുടെ താത്പര്യത്തെപ്പറ്റി ഞങ്ങൾക്കു യാതൊന്നും അറിവില്ലാ. എന്നാൽ, ഡാക്ടർ നായർ ആ ലേഖനങ്ങൾ വായിച്ചതായും രാജാവിന്റെയോ രാജ്യത്തിന്റെയോ നേർക്കു കുറ്റം ചെയ്യുന്നതായി അർത്ഥമാക്കാവുന്ന യാതൊന്നും ആ ലേഖനത്തിൽ കാണ്മാൻ തനിക്കു കഴിഞ്ഞിട്ടില്ലാ എന്നും ഡാക്ടർ നായർ ഉറപ്പുപറയുന്നു. ലേഖനങ്ങളിലെ ദോഷാരോപങ്ങൾ ദിവാൻ പി. രാജഗോപാലാചാരിയുടെ സ്വകാര്യ നിലയെപ്പറ്റിയല്ലാതെ തിരുവിതാംകൂർ ദിവാൻ എന്ന ഉദ്യോഗനിലയെ സംബന്ധിച്ചല്ലാ എന്നും ഡാക്ടർ നായർ ഉറപ്പു പറയുന്നു. ആ ലേഖനങ്ങളിൽ മിസ്റ്റർ ആചാരിയുടെമേൽ സ്ത്രീവിഷയകമായ ദുർന്നടത്തയെ കുറെ ഗ്രാമ്യഭാഷയിൽ ആരോപിക്കുന്നതല്ലാതെ, ദുർഭരണത്തെ ആരോപിക്കുന്നതേയില്ല. സംഗതി ഇപ്രകാരമാണെങ്കിൽ, തീരെ അയുക്തമായ ശിക്ഷാസമ്പ്രദായത്തെ ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്നാണു ഞങ്ങൾക്കു തോന്നുന്നത്.... മിസ്റ്റർ രാമകൃഷ്ണപിള്ള സമുദായാചാര പരിഷ്കാര വിഷയത്തിൽ കരുത്തോടുകൂടിയും സ്വകാര്യതത്പരത കൂടാതെയും പ്രവർത്തിച്ചു പോരുന്ന ആളാണെന്ന് 'ഹിന്ദു'വിലെ മറ്റൊരു ലേഖകൻ പറയുന്നുമുണ്ട്. ഈ സ്ഥിതിക്ക്, മിസ്റ്റർ രാമകൃഷ്ണപിള്ളയെ നാടുകടത്തുക നിമിത്തം ദിവാൻ നിരപരാധിയാണെന്നുള്ള ബോധം ആ രാജ്യത്തിലെ മറ്റു ജനങ്ങൾക്കുണ്ടാകയില്ല. ദിവാൻജിയുടെ ഉയർന്ന പദവിയെയും മദ്രാസ് സംസ്ഥാനഭരണകർമ്മത്തിൽ ഉയർന്ന ബഹുമാന്യപദങ്ങൾക്കു യോഗ്യന്മാരായി അവകാശം പറയാവുന്നവരുടെ സംഘത്തിൽ അദ്ദേഹത്തിന്റെ പേരും സ്വച്ഛന്ദമായി പറയപ്പെട്ടുവരുന്നുണ്ടെന്ന സംഗതിയെയും ചിന്തിക്കുമ്പോൾ, അദ്ദേഹം തന്റെ ദോഷാരോപകകർത്താവിന്റെമേൽ നിയമകോടതിയിൽ കേസ്സു നടത്തി തന്റെ നടത്തയെ സാധൂകരിക്കയും ദോഷാരോപകനെ ശിക്ഷിപ്പിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കുമെന്നു വിചാരിക്കാത്തതിനെക്കുറിച്ച് ഞങ്ങൾക്കു വ്യസനിക്കാതിരിക്കാൻ നിർവാഹമില്ല. എന്തായാലും നാടുകടത്തൽ എന്നത് ഒരു സ്വകാര്യസംഗതിക്കായി പ്രയോഗിച്ചു കൂടുന്നതല്ലാത്തതായ ഒരു ആയുധമാകുന്നു. ഒരു രാജ്യത്തിന്റെ രക്ഷയെ കരുതേണ്ടിവരുമ്പോൾ അത് ഏറ്റവും വിലയേറിയതുതന്നെയാണ്. എന്നാൽ ആളുകളെ അപകീർത്തിപ്പെടുത്തലിൽ നിന്നു രക്ഷിപ്പാനായിട്ട് അതൊരിക്കലും ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

**തിരുവിതാംകൂറിനു യോജിച്ചതല്ല**

**(പഞ്ചാബി, ലാഹൂർ)**

'സ്വദേശാഭിമാനി'യെ സംബന്ധിച്ചു തിരുവിതാംകൂർ ഗവണ്മെന്റു നടത്തിയ നടപടി സാധുവായിട്ടുള്ളതാണെന്നു സ്ഥാപിപ്പാൻ മദ്രാസിലെ 'ഇന്ത്യൻ പേട്രിയറ്റ്' ആഗ്രഹിക്കുന്നുണ്ടെങ്കിലും അധികവിവരങ്ങൾ അറിഞ്ഞിടത്തോളം അത് അത്ര സാധുവല്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. 'സ്വദേശാഭിമാനി'യെയും അതിന്റെ പാവപ്പെട്ട പത്രാധിപരെയും അനർത്ഥത്തിൽ ചാടിച്ചതായ ലേഖനങ്ങളുടെ താത്പര്യം ഇന്നതെന്നു പൊതുജനങ്ങളെ ഗ്രഹിപ്പിക്കുവഴിയായി മദ്രാസിലെ പൊതുക്കാര്യപരായണനായ ഡാക്ടർ ടി.എം. നായർ എന്ന പ്രഖ്യാതനായ മലയാളി വളരെ വിലയേറിയ ഒരു പൊതുജനക്ഷേമാർത്ഥകമായ കാര്യം സാധിച്ചിരിക്കുന്നു. പ്രസ്തുത ലേഖനങ്ങളിൽ ഗവണ്മെന്റിനെ ദ്വേഷിക്കു

ന്നതായോ, രാജഭക്തിയെ ധ്വംസിക്കുന്നതെന്നു സംശയിക്കത്തക്കതായോ യാതൊരു വസ്തുവും ഇല്ല; രാജദ്രോഹമോ ഇല്ലതാനും. അവ ദിവാൻജിയെ ആക്ഷേപിച്ചിട്ടുള്ള ലേഖനങ്ങൾ മാത്രമാണ്. ഇതുതന്നെയും, ദിവാൻജിയുടെ ഉദ്യോഗത്തെ സംബന്ധിച്ചല്ല, സ്വകാര്യനടത്തയെ സംബന്ധിച്ചാണെന്നു ഡാക്ടർ നായർ പറയുന്നു. ദിവാൻജിയെ അപകീർത്തിപ്പെടുത്തിയ ആളെ പ്രതിയാക്കി കോടതിയിൽ കേസ്സ് ഫയലാക്കുന്നതിന് അദ്ദേഹത്തോടാജ്ഞാപിക്കാമെന്നുള്ളതിലധികം, ഗവണ്മെന്റിന് ഈ വിഷയത്തിൽ യാതൊന്നും ചെയ്‌വാൻ നിശ്ചയമായും നിവൃത്തിയില്ലായിരുന്നു. എന്നാൽ, ഒരു ദിവാൻജിയുടെ സ്വകാര്യനടത്തയെപ്പറ്റി ആക്ഷേപം ചെയ്തതിന് ഒരു പത്രാധിപരെ നാടുകടത്തുകയും, അയാളുടെ പത്രത്തെ നിർത്തലാക്കുകയും അയാളുടെ അച്ചുക്കൂടത്തെ സർക്കാരിലേക്കു പിടിച്ചെടുക്കുകയും ചെയ്ക എന്ന നടപടി, തിരുവിതാംകൂറിനു രാജ്യകാര്യവിവേകം, അഭിവൃദ്ധി എന്നിവയുണ്ടെന്നുള്ള കീർത്തിക്കു തീരെ യോജിപ്പായിരിക്കയില്ല എന്നു സമ്മതിച്ചേ കഴിയൂ.

### ഭാവിയെ ദൂഷ്യപ്പെടുത്തും

### (അഡ്വക്കെറ്റ്, ലക്നൗ)

ചില സർക്കാരുദ്യോഗസ്ഥന്മാരെ അധിക്ഷേപിക്കയും, നിന്ദ്യലേഖനങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തിട്ടുള്ളതല്ലാതെ പത്രാധിപർ രാജ്യത്തെ ധ്വംസിക്കുന്നവിധം യാതൊന്നും ചെയ്തിട്ടില്ലാ എന്നാണ് സഹജീവികളിലെ റിപ്പോർട്ടുകളിൽനിന്നു ഞങ്ങൾ ഗ്രഹിക്കുന്നത്. മി. രാജഗോപാലാചാരിയുടെമേൽ മി. രാമകൃഷ്ണപിള്ള ആരോപിച്ചിട്ടുള്ള ദോഷത്തെ മി. ആചാരി ഒരു കോടതിയിൽ വിചാരണ ചെയ്യിച്ച് തീർച്ചവരുത്തേണ്ടതായിരുന്നു എന്നു പറഞ്ഞേതീരൂ. ബ്രിട്ടീഷ് ഇന്ത്യയിൽ ഉള്ളതിൽനിന്നു വ്യത്യാസപ്പെടാത്ത പ്രകാരത്തിൽ ഒരു നിയമനിർമാണസഭയും, നിയമസഞ്ചയവും നീതിന്യായ പരിപാലനവ്യവസ്ഥയും തിരുവിതാംകൂറിൽ ഉണ്ട്. ആ സംസ്ഥാനത്ത് ഇപ്പോൾ നടപ്പുള്ള നിയമങ്ങളാൽ ഒന്നുകൊണ്ടും ശിക്ഷിക്കാൻ സാധിക്കാത്തതായ ഒരു കുറ്റം ആ പത്രാധിപർ ചെയ്തിട്ടില്ലാ. തിരുവിതാംകൂർ ഗവണ്മെന്റ് ഈ സംഗതിയിൽ ഗൗരവപ്പെട്ട പ്രമാദം വരുത്തി എന്നു ഞങ്ങൾ വിചാരിക്കുന്നു. നാടെങ്ങും സമാധാനമായും ശാന്തമായും ഇരിക്കയും, പ്രജകൾ രാജാവിന്റെ നേർക്ക് ആദരത്തെയും ഭക്തിയെയും അന്യൂനമായി പ്രദർശിപ്പിക്കയും ചെയ്തിരിക്കുന്ന ഒരവസരത്തിൽ നാട്ടിലെ നിയമത്തെ മുറയ്ക്ക് പ്രയോഗിക്കുന്നതിനുപകരം ഈ അസാധാരണമായ ആയുധത്തെ പ്രയോഗിപ്പാൻ ഗവണ്മെന്റു തുനിഞ്ഞതെന്തിനാണെന്ന് ഞങ്ങൾക്കു മനസ്സിലാകുന്നില്ലാ. കുറ്റം വിചാരണ ചെയ്യാതെ നാടുകടത്തുകയും മുതൽ പിടിച്ചടക്കുകയും ചെയ്യുന്നതിനുള്ള അധികാരം ആപത്കരമാകുന്നു....തിരുവിതാംകൂർ ഗവണ്മെന്റിന്റെ ഭാവിയെ വളരെ ദൂഷ്യപ്പെടുത്തുന്നതായ നാടുകടത്തലേർപ്പാട് എത്രമേൽ അനർത്ഥകരമായിട്ടുള്ളതാണെന്നു ഗ്രഹിപ്പാൻ തിരുവിതാംകൂറിലെ ജനങ്ങൾക്ക് ബുദ്ധിശക്തിയില്ലെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. രാജ്യത്തിൽ സമാധാനം നിറഞ്ഞിരിക്കുന്ന ഈ സമയത്ത് തിരുവിതാംകൂർ ഗവണ്മെന്റു പ്രവർത്തിച്ചതായ ഈ സമ്പ്രദായം തീരെ അസാധുവും ഒരു പരിഷ്കൃതഗവണ്മെന്റിന് ഒട്ടും യോഗ്യമല്ലാത്തതുമാകുന്നു.

### ബ്രി. ഗവണ്മെന്റുകൂടി ചെയ്യാത്തത്

### (ലീഡർ, അലഹബാദ്)

ഞങ്ങൾ നോക്കിയേടത്തോളം, തിരുമനസ്സിലെ ഗവണ്മെന്റു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തു വിളംബരത്തിൽ, പത്രാധിപരുടെമേൽ അപരാധമായി യാതൊന്നും ആരോപിച്ചു കാണു

ന്നില്ല. എന്തെങ്കിലും കുറ്റമോ കുറ്റങ്ങളോ പത്രാധിപരുടെമേൽ ചുമത്തിയിട്ടില്ല; രാജ്യത്തിന്റെയോ, രാജാവുതിരുമനസ്സിലെയോ നേർക്കു ഗൗരവപ്പെട്ടു വല്ല കുറ്റമോ കുറ്റങ്ങളോ പത്രാധിപർ ചെയ്തതായിട്ടാകട്ടെ, ചെയ്യാനുദ്യമിച്ചതായിട്ടാകട്ടെ, യാതൊന്നും ലക്ഷ്യം കാണുന്നില്ല. തിരുവെഴുത്തുവിളംബരത്തിൽ, രാജദ്രോഹക്കുറ്റമാകട്ടെ, അതിനു സമമായ മറ്റേതെങ്കിലും കുറ്റമാകട്ടെ പത്രാധിപരുടെമേൽ ആരോപിച്ചിട്ടേയില്ല. ''പൊതുജനക്ഷേമത്തെക്കരുതി സ്വദേശാഭിമാനി പത്രത്തെ നിർത്തലാക്കേണ്ടത് ആവശ്യമാകുമെന്ന് തിരുമനസ്സിലേക്കു ബോദ്ധ്യം ആയിരിക്കുന്നു,'' എന്നു മാത്രമേ വിളംബരത്തിൽ പറയുന്നുള്ളൂ... രാമകൃഷ്ണപിള്ളയെ ഇത്ര കഠിനമായി ശിക്ഷിച്ചിരിക്കുന്നത് ഏതു കുറ്റത്തിനാണെന്നുള്ള വിവരമൊഴികെ മറ്റൊക്കെ വിളംബരത്തിലുണ്ട്. രാമകൃഷ്ണപിള്ളയെ നാടുകടത്തി, പത്രത്തെ നിറുത്തലാക്കി, പത്രം അച്ചടിച്ചു വന്ന അച്ചുക്കൂടത്തെയും സാമഗ്രികളെയും മറ്റും സർക്കാരിലേക്കൊതുക്കി; ഗവണ്മെന്റിന്റെയും സർക്കാരുദ്യോഗസ്ഥന്മാരുടേയുംപേരിൽ പിള്ളയ്ക്കു സിവിലായോ ക്രിമിനലായോ യാതൊരു പരിഹാരവും തേടുവാൻ അവകാശമില്ലെന്നും തടസ്ഥം ചെയ്തു. ഇതു ബ്രിട്ടീഷ് ഗവണ്മെന്റുകൂടെയും ഇന്നോളം ചെയ്യാത്തതായ ഒരു ശിക്ഷ, അഥവാ ശിക്ഷകളുടെ സങ്കലനം ആകുന്നു...

**സ്വേച്ഛാധികാരവും അധികാരപ്രമത്തതയും**

**(മറാട്ടാ, പൂനാ)**

'സ്വദേശാഭിമാനി' പത്രാധിപർ മിസ്റ്റർ രാമകൃഷ്ണപിള്ളയെ ഏതാനും ദിവസം മുമ്പു പെട്ടെന്നു നാടുകടത്തിയ സംഗതിയിൽ ഒരു ക്ഷോഭം ഉണ്ടായിരിക്കുന്നു. ആ പത്രാധിപർ ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റത്തിന്റെ സ്വഭാവം ഇന്നതെന്നുള്ളതിനെപ്പറ്റി ഊഹങ്ങളെ അടിസ്ഥാനപ്പെടുത്തി പത്രങ്ങളിൽ വാദപ്രതിവാദങ്ങൾ നടക്കുന്നു. ദിവാൻജിയെ കഠിനമായി അപകീർത്തിപ്പെടുത്തി എന്നും, രാജ്യധ്വംസകമായും രാജദ്രോഹകരമായും ഒളിവിൽ അർത്ഥമുള്ള ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി എന്നും ആണ് ഊഹങ്ങൾ. ഈ വാദപ്രതിവാദങ്ങളിൽ ഏതെങ്കിലും പക്ഷം പിടിക്കുന്നതിന് ഞങ്ങൾക്കാഗ്രഹമില്ല. മിസ്റ്റർ പിള്ളയെ നാടുകടത്തിയതിനെ സംബന്ധിച്ച്, ഞങ്ങൾ, നീതിതത്ത്വത്തെ ആധാരമാക്കിക്കൊണ്ട്, തിരുവിതാംകൂർ ഗവണ്മെന്റിന്റെ നടപടിയെ പ്രബലമായി എതിർത്തു പറയുന്നു. യാതൊരാളെയും അയാളുടെ സമാധാനം ചോദിച്ചറിയാതെ ശിക്ഷിക്കരുത് എന്നുള്ള നിയമസിദ്ധാന്തത്തെ ഗവണ്മെന്റ് നിർവ്യളീകമായി ലംഘിച്ചിരിക്കുന്നു. പത്രാധിപരെ നാടുകടത്തി, പത്രത്തെ മുടക്കി, അച്ചുക്കൂടത്തെ പിടിച്ചടക്കി ഇതൊക്കെയും പത്രാധിപരുടെമേൽ ചുമത്തിയിരിക്കുന്ന കുറ്റമെന്തെന്ന് ആ ആളെ അറിയിക്കാതെയും, തന്റെ നിരപരാധിത്വത്തെ സ്ഥാപിക്കയോ ഒരു നിയമകോടതി വിചാരണചെയ്ത് കുറ്റം സ്ഥാപിക്കയോ ചെയ്യാൻ ആ ആൾക്ക് അവസരം നൽകാതെയും ചെയ്തിട്ടുള്ളതാണ്! മിസ്റ്റർ പിള്ളയെ മുന്നറിവുകൊടുത്ത്, താക്കീതു ചെയ്തിട്ടുള്ളതായി, തിരുവിതാംകൂർ ഗവണ്മെന്റിന്റെ പക്ഷക്കാർകൂടെയും പറയുന്നില്ലാ. ഒരു എക്സിക്യൂട്ടീവ് ഉത്തരവിന്മേൽ മാത്രം ഒരു മാന്യനായ പത്രാധിപരെ നാടുകടത്തുകയും ആ ആളുടെ പത്രത്തെ മുടക്കുകയും, അച്ചുക്കൂടത്തെ സർക്കാരിലേക്കു കയ്യടക്കുകയും ചെയ്യുന്നത് അനീതി തന്നെയാണ്. തിരുവിതാംകൂർ സംസ്ഥാനത്ത്, തീരെ ഹീനമായ കുറ്റങ്ങൾ ചുമത്തപ്പെടുന്ന ഏറ്റവും നിന്ദ്യമായ ക്രിമിനൽപുള്ളിയെക്കൂടെയും സമാധാനം ചോദിച്ചറിയാതെ ശിക്ഷിക്കാറില്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഒരു നിയമക്കോടതിമുമ്പാകെ തനിക്കു പറവാനുള്ളതു പറവാനും തന്റെ ഭാഗം സ്ഥാപിപ്പാനും ഉള്ള അവസരം ഒരു പത്രാധിപർക്കും അതുപോലെ അനുവദിക്കപ്പെട്ടുകൂടെയോ?...

### തിരുവിതാംകൂറിലെ മഹാവീരൻ

**(ഉദയഭാനു)**

'സ്വദേശാഭിമാനി' പത്രാധിപർ കെ. രാമകൃഷ്ണപിള്ള ബി.എ. അവർകളെ തിരുവിതാംകൂറിൽനിന്ന് പുറത്താക്കി അദ്ദേഹത്തിന്റെ അച്ചുക്കൂടത്തെയും മറ്റും സർക്കാരിലേക്കു പിടിച്ചടക്കുവാനായി മഹാരാജാവു തിരുമനസ്സിലേക്ക് 'തിരുവുള്ളമുണ്ടാകയും' തിരുവിതാംകൂർ ഗവണ്മെന്റ് കല്പനപ്രകാരമെല്ലാം പ്രവർത്തിക്കയും, ചെയ്തതിനെപ്പറ്റി ഇംഗ്ലീഷ്ഭാഷയിലും നാട്ടുഭാഷകളിലും നടത്തപ്പെടുന്ന മിക്ക പത്രങ്ങളും മദിരാശി സംസ്ഥാനത്തിലെ പല മഹാന്മാരും അവരവരുടെ അഭിപ്രായം എഴുതിക്കഴിഞ്ഞിരിക്കുന്നുവല്ലോ, സ്വാർത്ഥതത്പരന്മാരും സ്വജനദ്രോഹികളും സ്വാത്മാഭിമാനംപോലുമില്ലാതെ ലോകാഭിമാനികളെന്നു നടിക്കുന്നവരുമായ ദുർലഭം ചിലരൊഴിച്ച്, മറ്റൊരാളും, ഈ വിഷയത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ട് ഇങ്ങനെ തിരുവുള്ളം വെച്ചത് ന്യായാനുസൃതവും നീതീകരിപ്പാൻ ശക്യവുമായ ഒരു പ്രവൃത്തിയാണെന്ന് അഭിപ്രായപ്പെട്ടുകാണാത്തതുകൊണ്ട് തത്സംബന്ധമായ വിവാദം അപ്രകൃതമാണെന്നു കരുതുന്നു. എങ്കിലും, "ധർമ്മോസ്മൽ കുലദൈവതം" എന്ന മുദ്രാവാചകത്തെ ആധാരപ്പെടുത്തി, ശ്രീപത്മനാഭസ്വാമിയുടെ അനുമതിയോടുകൂടി ഭരിക്കപ്പെടുന്ന ഒരു രാജ്യത്തിൽ ജനിച്ചുവളർന്ന് സ്വതന്ത്രമായി ദിവസം കഴിച്ചുകൂട്ടുന്ന ഒരു പ്രജയെ, അയാളുടെമേൽ യാതൊരു കുറ്റവും ആരോപിക്കാതെ, നാടുകടത്തുന്നതിന് മഹാരാജാവു തിരുമനസ്സിലേക്ക് തിരുമനസ്സുണ്ടായതിൽ അത്ഭുതപ്പെടാത്തവരാരുമില്ല. തിരുമനസ്സിലെ പ്രജാവാത്സല്യവും ധർമ്മബുദ്ധിയും മറ്റു ഗുണങ്ങളും വിശ്വവിഖ്യാതങ്ങളാണ്. സർവ്വോപരി, തിരുമനസ്സിലെ കരുണാബുദ്ധി സർവത്ര പ്രസിദ്ധമാകുന്നു. "സിംഹാസനസ്ഥനായ രാജാവിന് അത് (കാരുണ്യം കിരീടത്തെക്കാൾ ഗുണകരമാണ്" എന്ന് ആംഗലകാളിദാസൻ പറഞ്ഞിട്ടുള്ളതിനെ തിരുമനസ്സുകൊണ്ട് സ്വകൃത്യങ്ങളാൽ ന്യായമായി ഉദാഹരിച്ചു കാണിക്കയേ ഇതേവരെ ചെയ്തിട്ടുള്ളൂ- ഇങ്ങനെയുള്ള ഒരു മഹാനുഭാവൻ രാജ്യതന്ത്ര ദൃഷ്ട്യാ ഇത്രയും ആക്ഷേപകരവും നീതിവിരുദ്ധവുമായ ഒരു രാജശാസനം എഴുതി തൃക്കൈവിളയാടുമെന്നു സ്വപ്നേപി വിചാരിക്കത്തക്കതല്ലായിരുന്നു.

"മന്നവൻ ഗുണവാനെന്നാകിലും ദുർമന്ത്രികൾ
വന്നുചേരുമ്പോഴേറ്റം ദൂഷ്യവാനാകും നൃപൻ" എന്നൊരു സമാധാനം മാത്രമേ തത്കാലം ഇവിടെ പറവാൻ കാണുന്നുള്ളൂ...

(മലബാറി 1910 ഒക്ടോബർ 26)

### ഗൗരവമേറിയ അനീതി

**(ഡോക്ടർ ടി.എം.നായർ)**

ഡോക്ടർ ടി.എം.നായർ (മദിരാശിയിലെ ദി ഹിന്ദു, സ്റ്റാൻഡാർഡ് എന്നീ പ്രതിദിനപത്രങ്ങളിൽ) എഴുതിയിരിക്കുന്ന ഒരു ലേഖനത്തിന്റെ താത്പര്യം ഇപ്രകാരമാകുന്നു: "തിരുവിതാംകൂർ ഗവണ്മെന്റ് തിരുവിതാംകൂറിലെ 'സ്വദേശാഭിമാനി' പത്രത്തിന്റെ അധിപരെ നാടുകടത്തുകയും അച്ചുക്കൂടത്തെ പിടിച്ചടക്കുകയും ചെയ്തിരിക്കുന്നതായി കുറെ ദിവസങ്ങൾക്കുമുമ്പേ മദ്രാസ് പ്രതിദിനപത്രങ്ങളിൽ കണ്ടിരുന്ന കമ്പിവാർത്തകളാൽ ഞാൻ അറിഞ്ഞു.... എനിക്കു മഹാരാജാവിനെക്കുറിച്ച് ഏറെ ആദരവും ബഹുമാനവുമാണുള്ളത്; അദ്ദേഹം ഈശ്വരഭയത്തോടും മനസ്സാക്ഷിക്കനുസരണമായും

രാജ്യഭരണം ചെയ്യുന്ന ആളാണെന്ന് എനിക്കറിവുണ്ട്. ഒരു നാട്ടുരാജ്യത്തിന്റെ അധിപതിയായ ഇങ്ങനത്തെ മഹാരാജാവ് ഇപ്രകാരമൊരു നാടുകടത്തലിനു കൽപ്പന കൊടുക്കുന്നതായാൽ, ഇദ്ദേഹത്തെക്കാൾ മനഃപരിഷ്കാരം കുറഞ്ഞ രാജ്യാധിപതികൾ ഉള്ള നാട്ടുരാജ്യങ്ങളിൽ എന്തുതന്നെ സംഭവിച്ചേക്കുകയില്ല? നാം പഴയ നടപടികളിലേക്കു വഴുതിയിറങ്ങിപ്പോവുകയാണോ? നമ്മുടെ രാജ്യതാന്ത്രികമായ പരിമാണത്തിന്റെ പരമകാഷ്ടയെ പ്രാപിച്ചുവോ? ഈ പ്രവൃത്തികൾ നമ്മുടെ അധോഗമനത്തിന്റെ ആദ്യത്തെ ചുവടുവെപ്പുകളാണോ?... മിസ്റ്റർ രാമകൃഷ്ണപിള്ളയെ നാടുകടത്തുന്നതായി ഈയിടെ പുറപ്പെടുവിച്ച രാജകീയ വിളംബരം ബുദ്ധിപൂർവ്വകമോ, ന്യായമോ, രാജതന്ത്രത്വലക്ഷ്യമോ ആയിട്ടുള്ളതല്ലാ എന്നു മഹാരാജാവിന്റെ പേരിൽ യഥാർത്ഥമായും നിഷ്കപടമായും സ്നേഹമുള്ളവനായി ഞാൻ ചൂണ്ടിപ്പറഞ്ഞുകൊള്ളുന്നു. അതു ഗൗരവപ്പെട്ട അനീതിയായിപ്പോയി എന്നാണ് എന്റെ താഴ്മയായ അഭിപ്രായം.... ●

കേ. സി. കേശവപിള്ളയുടെ ഡയറി

# സ്വദേശാഭിമാനിയെ നാടുകടത്തുന്നു

പ്രസാ: കെ. എൻ. ഗോപാലപിള്ള, എം. എ.

**1086** കന്നി 8—ാംനു

മൂലൂർ പണിക്കർ അയച്ച സംശയങ്ങൾക്കു മറുപടി എഴുതി.

10—ാംനു—തലവൂർ തുണ്ടിൽ നാണുപിള്ളയും കണി പത്മനാഭൻ വൈദ്യനും മററു മൂന്നുനാലു പേരും രാവിലെ വന്നു. വൈദ്യന്റെ സഭാപ്രവേശം ആട്ടക്കഥ പരിശോധിക്കാൻ വന്നതാണ്. ആട്ടക്കഥ ആദ്യം മുതൽ പരിശോധിച്ചു. വേറെ ജോലി ഒന്നും ചെയ്തില്ല. സ്വദേശാഭിമാനി പത്രാധിപർ കെ. രാമകൃഷ്ണപിള്ളയേയും അദ്ദേഹത്തിന്റെ അച്ചുകൂടത്തെയും ഇന്നു ദിവാന്റെ ആജ്ഞപ്രകാരം രണ്ടുമൂന്നു പോലീസ് ഇൻസ്പെക്ടർമാർ ചെന്ന് അറസ്റ്റു ചെയ്തു പാളയത്തിൽ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയതായി കേട്ടു. പാർക്കുന്ന പുരയ്ക്കു മുദ്ര വച്ചതായും കേട്ടു.

11—ാംനു—കെ. രാമകൃഷ്ണപിള്ളയെ ഇന്നലെ രാത്രി 12 മണിക്കു സ്റ്റേഷനിൽ നിന്നു ബന്തോവസ്തായി വണ്ടിവഴി കൊണ്ടുപോയി. ഇന്നു തോവാള കോട്ടയ്ക്കു വെളിയിൽ നാടു കടത്തിയിരിക്കുന്നതായി കേട്ടു. രാജദ്രോഹകരമായ ലേഖനമെഴുതി എന്നുള്ളതാണു കാരണം. ഇതു നിമിത്തം നഗരം മുഴുവൻ വലിയ ക്ഷോഭവും ബഹളവും കലശലായിരിക്കുന്നു.

(അന്നത്തെ ദിവാനായിരുന്ന രാജഗോപാലാചാരി തെക്കെത്തെരുവു മാളികയിൽ കൂടിയിരുന്ന സ്ത്രീജനങ്ങളുടെ മദ്ധ്യത്തിൽ വിഹരിച്ചതിനെയാണു ധീരനായ രാമകൃഷ്ണപിള്ള പത്രത്തിൽ പ്രതിപാദിച്ചിരുന്നത്.

ഏതാണ്ടിപ്രകാരം—

''...സ്ത്രീജനമദ്ധ്യത്തിൽ ഒരു നേരിയ വസ്ത്രം മാത്രം ധരിച്ചുകൊണ്ടു വിഹരിച്ച ഈ മന്ത്രിസ്ഥാന വ്യഭിചാരിയെ ആയില്യം തിരുനാളായിരുന്നുവെങ്കിൽ കുതിരക്കു വഞ്ചികൊണ്ടടിച്ചു നാടിനു പുറത്താക്കുമായിരുന്നു.,, എത്രയോ പരമാർത്ഥം! ഈ വാചകത്തിലാണു ബുദ്ധിമാനായ ദിവാൻ ''രാജദ്രോഹം,, കണ്ടതു്! അന്ന് അതൊക്കെ നടന്നു) —പ്രസാധകൻ.

12—ാംനു—സ്വദേശാഭിമാനി 6—ാം പുസ്തകം 105—ാം ലക്കം വായിച്ചു. ഇതു കന്നി 7—ാംനു-യിലേതാണ്. ആഴ്ചയിൽ മൂന്നു വീതം നടത്തിവന്ന ഈ പത്രം ഈ ലക്കത്തോടുകൂടി നിന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. തിങ്കളാഴ്ചയിലെ (10—ാംനു-) പത്രം കുറെ അച്ചടിച്ചപ്പോഴാണത്രെ അറസ്റ്റു ചെയ്തതു്. രാജഭക്തിയെ ദൂഷിപ്പിക്കുന്ന ലേഖനങ്ങൾ പരസ്യം ചെയ്തു കണ്ടിരിക്കുന്നതിനാൽ പത്രാധിപരെ നാടുകടത്തിയിരിക്കുന്നുവെന്നും, ഇനി മഹാരാജാവു സന്തോഷം തോന്നി അനുവദിക്കുന്നകാലംവരെ ഈ രാജ്യത്തു കടന്നുകൂടാ എന്നും അച്ചുകൂടം മുതലായവ സർക്കാരിൽ നിന്നും എടുത്തിരിക്കുന്നുവെന്നും ആ പത്രം സംബന്ധിച്ചുള്ള യാതൊരു പരാതിയും ഈ രാജ്യത്തു സ്വീകരിക്കുന്നതല്ലെന്നും ഗസററിൽ പരസ്യം ചെയ്തിരിക്കുന്നു.

15—ാംനു —ഇന്നലെ കന്നിക്കോട്ടു പത്മനാഭൻ വൈദ്യൻ എഴുതിത്തന്ന ഒരു ശ്ലോകം—

> സൽകാവ്യ പുഷ്പവിഗള—
> ദ്രസപൂരമാധ്വ
> ര്യാകൃഷ്ടസൂരി മധുപ—
> സ്സുയശ:പലാശ:
> ചൈതന്യവാൻ പ്രഥിത
> കേശവകോവിദേന്ദ്ര—
> കല്പദ്രുമ: പ്രദിശതാം
> മമ വാഞ്ഛിതാർത്ഥം.

18—ാംനു— അച്ഛന്റെ പുലകുളിയെപ്പററി താഴെവരുന്ന ലേഖനമെഴുതി സമുദായപരിഷ്കാരിണി എന്ന മാസികയ്ക്കയച്ചു. ഇതിന്റെ പ്രവർത്തകൻ സി. കൃഷ്ണപിള്ളയാണ്.

ഒരു പുലകുളി അടിയന്തിരം

എന്റെ അച്ഛൻ ഇക്കഴിഞ്ഞ ചിങ്ങമാസം 29—ാംനു- 70—ാമത്തെ വയസ്സിൽ ദേഹവിയോഗം ചെയ്യുകയുണ്ടായി. ശേഷിയുള്ള അടുത്ത അനന്തിരവർ ഇല്ലായ്കയാൽ അദ്ദേഹത്തിന്റെ ശവസംസ്കാരം, സഞ്ചയനം, പുലകുളി ഈ മൂന്ന് അടിയന്തരങ്ങളും ഞാനാണു നടത്തിയതു്. സംസ്കാരാനന്തരം നടന്നുവരുന്ന ''കോടാലിക്കണ്ണാക്കു്,, മുതലായ അർത്ഥമില്ലാത്ത ചില ആചാരങ്ങൾ ഇതിൽ നടത്താൻ ഞാൻ അനുവദിച്ചില്ല. പുലകുളിയുടെ പിറേറദിവസം സദ്യ കഴിക്കണമെന്നും അതു ദീർഘായുസ്സിനും കുടുംബക്ഷേമത്തിനും അത്യാവശ്യമാണെന്നും അങ്ങനെ ചെയ്യാതിരിക്കുന്നതു വലുതായ ദുഷ്കീർത്തിക്കു കാരണമായിത്തീരുമെന്നും മററും എന്നോടു സ്നേഹിതന്മാരും ബന്ധുക്കളും പല പ്രകാരത്തിൽ ഉപദേശിക്കുകയുണ്ടായി. അത്യാവശ്യം, ആവശ്യം, അനാവശ്യം ഇങ്ങനെ മൂന്നു വിധം നടപടികളുള്ളവയിൽ ഈ സദ്യ ഒന്നാമത്തേതിൽ ഉൾപ്പെടുകയില്ലെന്നും പക്ഷേ രണ്ടാമത്തേതിലേ ഉൾപ്പെടൂ എന്നും ഒന്നാമത്തെ ഇനത്തിൽ ഉൾപ്പെടുന്നവയായി അനേക കൃത്യങ്ങൾ ഉള്ളവതന്നെ പല അസൗകര്യങ്ങൾ നിമിത്തം ശരിയായി നടക്കാതെ കിടക്കുന്ന ഈ അവസരത്തിൽ ഇക്കൊല്ലം നടത്താൻ തരമില്ലെന്നും ഞാൻ ഈ ഉപദേഷ്ടാക്കന്മാരോടു പറകയും പുലകുളിക്ക് ഇങ്ങനെ സദ്യ കഴിക്കുന്നതിന്റെ അനൗചിത്യത്തെപ്പററി സമുദായ പരിഷ്കാരിണിയിൽ യുക്തിയുക്തമായി പ്രസ്താവിച്ചിട്ടുള്ളതിനെ ചൂണ്ടിക്കാണിക്കയും ചെയ്തു. എങ്കിലും അതിൽ ഭൂരിപക്ഷത്തെയും തൃപ്തിപ്പെടുത്താൻ സാധിച്ചില്ല. ഈ അടിയന്തരത്തിനു സദ്യകഴിച്ചു ദുർവ്യയം ചെയ്യണമെന്ന് ഉപദേശിക്കാൻ പലരും ഉണ്ടാകുമെന്നും ആ വക ഉപദേശങ്ങൾ സ്വീകരിക്കരുതെന്നും പരേതനായ ആ മഹാത്മാവുതന്നെ എന്നോടു രണ്ടു മൂന്നു തവണ നിഷ്കർഷയായി പറഞ്ഞിട്ടുണ്ടായിരുന്നു. ആ നിയോഗത്തെ അനുസരിച്ചും എന്റെ നിശ്ചയപ്രകാരവും ഈ അടിയന്തിരം സദ്യ നടത്താതെ മററു സകല ക്രിയകളും ആചാരങ്ങളും ഭംഗിയായി നടത്തിച്ച് അവസാനിപ്പിക്കയാണു ചെയ്തതു്. കാരണവന്മാരുടെ അധികാരത്തിൽ നടന്നിട്ടുള്ള ഈമാതിരി അടിയന്തരങ്ങളിൽ ഒന്നല്ലെങ്കിലും ഈ ദുർവ്യയം ചുരുക്കണമെന്നുള്ള എന്റെ അഭിപ്രായം ഫലിച്ചിട്ടില്ല. ഈ മരണമുണ്ടായതു് എനിക്കു പ്രത്യേകം സ്വാതന്ത്ര്യമുള്ള ഭവനത്തിൽവച്ചായിരുന്നതിനാലത്രേ എന്റെ നിശ്ചയം സാദ്ധ്യമായതു്. ഈ വിവരം സമുദായ പരിഷ്കാരണിയിൽ പ്രസിദ്ധപ്പെടുത്തുന്നതു നിഷ്ഫലമാകയില്ലെന്നു വിചാരിക്കുന്നു.

20—ാംനു—''ജൂബിലിക്കു് ഓരോരുത്തർ തിരുമുമ്പിൽ സമർപ്പിച്ച മംഗളപദ്യങ്ങളും മററും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു യോഗ്യതയുള്ളതെല്ലാം പ്രൊഫസ്സർ രാജരാജവർമ്മ കോയിത്തമ്പുരാനുമായി ആലോചിച്ചു ലിസ്റ്റു തയ്യാറാക്കി അയയ്ക്കുന്നതിന്, കല്പനപ്രകാരം മിസ്റ്റർ കേശവപിള്ളയെ നിയമിച്ചു എഴുതിവന്നിരിക്കകൊണ്ടു ശ്ലോകങ്ങൾ അയയ്ക്കുന്നു എന്നും ''കോയിത്തമ്പുരാനു,,മായി ആലോചിച്ചു യോഗ്യതയുള്ള ശ്ലോകങ്ങൾക്കു ലിസ്റ്റ് തയ്യാറാക്കി എഴുതിവരേണ്ടതാകുന്നുഎന്നും ഗവർമെൻറു ചീഫ് സെക്രട്ടറി മിസ്റ്റർ എ. ജെ. വിയറായുടെ ലെററും ശ്ലോകങ്ങളും വന്നു.

എറണാകുളത്തുനിന്നു പുറപ്പെടുന്ന ബഹുരസം എന്ന മാസികയുടെ ഒന്നാം ലക്കം വന്നുകിടന്നിരുന്നതു വായിച്ചു. അതു കിട്ടിയ വിവരത്തിനു് അനുമോദനക്കുറിപ്പും താഴെ വരുന്ന പദ്യവും തൽപത്രാധിപർക്കയച്ചു.

മംഗളാശംസ

> ബഹുരസമൊരുവാരം ഹന്ത!
> വായിച്ച നേരം
> ബഹുതരരസപൂരം ജാതമാ
> യിങ്ങപാരം
> പരിഗത ബഹുസാരം പത്രികൊ
> ത്തംസഹീരം
> വരഗുണമിതുഭാരം വാഴ്ക
> യാചന്ദ്രതാരം.

22—ാംനു—ജൂബിലി പദ്യങ്ങൾ ഹജൂരിൽ നിന്നും വന്നവയിൽ മലയാളി, മനോരമ

(ശേഷം 25—ാം പേജിൽ)

**സ്വദേശാഭിമാനിയെ നാടുകടത്തിയതിനെക്കുറിച്ച് പരാമർശിക്കുന്ന കെ.സി. കേശവപിള്ളയുടെ ഡയറിക്കുറിപ്പ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ**



Fear, Craft and Avarice CANNOT Rear a STATE.—Emerson.

# TRAVANCORE PATRIOT MEDAL

PRESENTED BY

*The Malayasia Malayalees*

TO

**K. RAMAKRISHNA PILLAI, ESQ., B.A.,**

*(SVEDESHABHIMANI.)*

IN RECOGNITION OF

**HIS CHIVALROUS PATRIOTISM**

AND AS A SOUVENIR OF

**His deportation (on causes unknown.)**

*For Malayasia Malayalees.*

ഭയകൌടില്യലോഭങ്ങൾ

വളർക്കില്ലൊരു നാടിനെ.

എമേർസൺ.

(Sgd.) C. Kh...

B. A. (Cantab)

Barrister at-law (Inner Temple)

Advocate & solicitor Supreme Court.

വക്കീൽ, സുപ്രീം കോടതി.

S. S. & F. M. S.

സ്ട്രെ: മലയേഷ്യാ.

തിരുവിതാംകൂർ

**സ്വദേശാഭിമാനി ബിരുദമുദ്ര.**

(സ്വദേശാഭിമാനി)

രാജശ്രീ കെ. രാമകൃഷ്ണപിള്ള ബി. ഏ. അവർകൾക്ക്

അദ്ദേഹത്തിന്റെ

ഉൽകൃഷ്ടബുദ്ധി, സൌഹാർദ്ദത, ധൈര്യം, നീതിപൂജ, സ്ത്രീജന (ചാരിത്ര്യ) സദാചാരനിഷ്ഠപ്പരിരക്ഷപ്രവീണത

...മുടിയ

...ത്തിയെ

അറിയിക്കാതെയുള്ള അദ്ദേഹത്തിന്റെ നാടുകടത്തലിനെ

...പുനസ്മരിച്ചും

...ലയേഷ്യാ മലയാളികളാൽ സമ്മാനിക്കപ്പെടുന്നു.

C. P. K. L.

W 508

നാടുകടത്തപ്പെട്ട സ്വദേശാഭിമാനിക്ക് മലേഷ്യാമലയാളികൾ സമർപ്പിച്ച
സ്വദേശാഭിമാനി ബിരുദമുദ്ര

## ദിവാൻ പി.രാജഗോപാലാചാരി
## തിരുവിതാംകൂർ ഡർബാറിന് സമർപ്പിച്ച റിപ്പോർട്ട്

**1.** 1910 സെപ്റ്റംബർ 26–ാം തീയതി, മഹാരാജാവു തിരുമനസ്സിലെ വിളംബരം അനുസരിച്ച്, തിരുവനന്തപുരത്ത് നിന്നും ത്രൈവാരികയായി പ്രസിദ്ധീകരിച്ചിരുന്ന 'സ്വദേശാഭിമാനി' പത്രത്തിന്റെ മാനേജിംഗ് പ്രൊപ്രൈറ്ററും പത്രാധിപരുമായ കെ. രാമകൃഷ്ണപിള്ളയെ അറസ്റ്റുചെയ്തു നാടുകടത്തുകയും, അദ്ദേഹത്തിന്റെ പത്രം നിരോധിക്കുകയും, എല്ലാ ഉപകരണങ്ങളോടും കൂടി പ്രസ്സ് കണ്ടുകെട്ടുകയും ചെയ്തു.

2. മഹാരാജാവ് തിരുമനസ്സിലെ ഡർബാർ ഈ കാര്യത്തിൽ കൈക്കൊണ്ട നടപടി, ആ അവസരത്തിൽ ഗണ്യമായ പൊതുജനതാത്പര്യത്തെ ഉണർത്തുകയും ദക്ഷിണേന്ത്യൻ പത്രങ്ങളിലെ ചർച്ചാവിഷയമായിത്തീരുകയുമുണ്ടായി. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം മദ്രാസ് പത്രങ്ങളുടെ ഇടയിൽ അൽപം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പശ്ചിമതീരത്തു പ്രസിദ്ധീകരിച്ച ഇംഗ്ലീഷ്പത്രങ്ങളും നാട്ടുഭാഷാപത്രങ്ങളും അവയുടെ പത്രാധിപന്മാർ 'സ്വദേശാഭിമാനി' നേരിട്ടു വായിച്ചിട്ടുള്ളവരാണ്-പ്രായോഗികമായ അഭിപ്രായൈക്യത്തോടെ ഡർബാറിന്റെ നടപടിയെ പിന്താങ്ങുകയാണ് ചെയ്തിരുന്നത്.

3. ഡർബാർ കൈക്കൊണ്ട നടപടിയുടെ സാധുതയെ വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ആധികാരിക പ്രസ്താവന പ്രസിദ്ധീകരിക്കണമോ വേണ്ടയോ എന്ന പ്രശ്നം ആ അവസരത്തിൽതന്നെ പരിഗണിക്കയുണ്ടായി. അങ്ങനെ ചെയ്യേണ്ടതില്ലെന്ന തീരുമാനത്തിലാണ് അവസാനം ഡർബാർ എത്തിച്ചേർന്നത്. പ്രസ്സ് കമ്മ്യൂണിക്കേകൾ പുറപ്പെടുവിക്കുക തിരുവിതാംകൂറിൽ സാധാരണമല്ല. എന്നുതന്നെയല്ല ഭരണാധികാരി-മഹാരാജാവ്-ഒരു വിളംബരത്തിലൂടെ കൈക്കൊണ്ട, ഇതുപോലെയുള്ള ഒരു നടപടിക്കു്, ഒരു വിശദീകരണം എന്നു തോന്നാവുന്നവിധത്തിലുള്ള യാതൊന്നുംതന്നെ ചെയ്യേണ്ടതില്ലെന്നും അന്നു തീരുമാനിച്ചു. അതിനുമു പരി, ഡർബാറിന്റെ വിശദീകരണപ്രസ്താവന 'സ്വദേശാഭിമാനി'യുടെ ആരോപണശകാരങ്ങളുടെ ഒരു ആധികാരിക പുനർവിചാരണ ആവശ്യമാക്കിത്തീർക്കുകയും ചെയ്യും. അതുവേണ്ടെന്നും തോന്നി. രാമകൃഷ്ണപിള്ളയ്ക്ക് ലഭിച്ച ശിക്ഷ, നല്ലൊരു ഫലം ഉള

വാക്കി. തുടർന്ന് ഡർബാർ, സഗൗരവം അലോചിച്ചുകൊണ്ടിരുന്ന പത്രനിയമം തത്കാലം കൊണ്ടുവ രേണ്ടതില്ലെന്നും തീരുമാനിച്ചു.

4. 'സ്വദേശാഭിമാനി' യുടെ ആക്രമണങ്ങൾ-പ്രത്യേകിച്ചും അധികം ആഭാസകരങ്ങളായ വിമർശ നങ്ങൾ-ഭാവിയിൽ ആവശ്യമെന്നു തോന്നുന്നുവെങ്കിൽ പരിശോധിക്കുന്നതിനുവേണ്ടി സമാഹരിച്ച് ഒരു ശാശ്വതരേഖയാക്കി സൂക്ഷിക്കുന്നത് നന്നായിരിക്കും എന്ന് ഞാൻ വിചാരിക്കുന്നു. മാത്രമല്ല, ഈ പ്രശ്നത്തെ സംബന്ധിച്ച് എന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിന് ഈ സന്ദർഭം പ്രയോജനപ്പെടുത്തണമെന്നും ഞാൻ ആഗ്രഹിക്കുന്നു. അതാകട്ടെ, ആക്രമങ്ങളെ സംബന്ധിച്ചുമാത്ര മല്ല, അതിൻഫലമായി ഉന്നീതമായിരിക്കുന്ന സൂചനകളേയും, എന്റെ അഭിപ്രായത്തിൽ, ഭാവിയിൽ തിരു വിതാംകൂറിലെ പത്രങ്ങളോട് ഡർബാർ കൈക്കൊള്ളേണ്ട നയത്തെയും സംബന്ധിച്ചുമാണ്. ഇത് ഒരു രഹസ്യരേഖയാണ്. ഡർബാറിന്റെ ഉപയോഗത്തിനുവേണ്ടിമാത്രം എഴുതിയത്. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് സമഗ്രവും സ്വതന്ത്രവുമായി എഴുതുവാൻ ഒട്ടും മടിക്കേണ്ടതില്ലെന്നും ഞാൻ വിചാരിക്കുന്നു. ഏതാണ്ട് അഞ്ചുകൊല്ലക്കാലം ഈ രാജ്യത്തിന്റെ ഭരണനിർവ്വഹണം നടത്തിയ എന്നെ പ്പോലുള്ള ഒരു ഉദ്യോഗസ്ഥന് ഈ വിഷയത്തെക്കുറിച്ച് അയാൾ എന്തുവിചാരിക്കുന്നുവെന്നു വ്യക്ത മായി പറയുന്നത് ഒരു സവിശേഷ നേട്ടംതന്നെയായിരിക്കും.

5. 1906 ജനുവരിയിൽ രാമകൃഷ്ണപിള്ള 'സ്വദേശാഭിമാനി' യുടെ പത്രാധിപരായി. 1910 സെപ്റ്റം ബറിൽ പത്രം നിരോധിക്കുന്നതുവരെയും ആ നിലയിൽ തുടരുകയും ചെയ്തു. 'സ്വദേശാഭിമാനി' യിൽ നിന്നുള്ള ഉദ്ധരണികൾ-അനുബന്ധം 4-നാൽപ്പത്തിമൂന്നു പേജുകൾ വരും. അത് ആ മുഴുവൻ കാല ഘട്ടത്തെയും ഉൾക്കൊള്ളുന്നു. സർവ്വവിശദസംഗ്രഹമാണ് അതെന്നു ഞാൻ അവകാശപ്പെടുന്നില്ല; എങ്കിലും അതിൽ ആക്രമണപരങ്ങളായ ലേഖനങ്ങൾ മിക്കവാറും എല്ലാം തന്നെ ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യത്തിൽ എനിക്കുറപ്പുണ്ട്.

6. 'സ്വദേശാഭിമാനി' യുടെ എഴുത്തും മനോഭാവവും മനസ്സിലാക്കുന്നതിന് കഴിവുള്ള എല്ലാ മാർഗ ത്തിലൂടെയും തിരുവിതാംകൂറിനെ അപകീർത്തിപ്പെടുത്തുക എന്നതായിരുന്നു പത്രത്തിന്റെ നയമെന്ന് ഓർമിക്കുന്നത് നന്നായിരിക്കും. സംസ്ഥാനത്തിന്റെ ഭരണാധിപൻ എന്ന നിലയ്ക്ക് മഹാരാജാവിനെ വിടാപ്പിടിയായി വിമർശിച്ചിരുന്നു. രാജത്വം, രാജഭക്തി, പൗരാവകാശം എന്നിവയുടെ സിദ്ധാന്തങ്ങളെ നിപുണമായി വികസിപ്പിച്ച് പ്രചരിപ്പിച്ചു. അതാകട്ടെ, ഒരു നാട്ടുരാജ്യത്തിലെ ഗവർമെന്റിന്റെ അടിസ്ഥാ നമായ വ്യക്ത്യധിഷ്ഠിതഭരണത്തെ തീർത്തും തകിടം മറിക്കുന്നതും. ഇപ്പോഴത്തെ മഹാരാജാവ് സിംഹാ സനാരോഹണം ചെയ്തതിനുശേഷം തിരുവിതാംകൂർ ഗവർമെന്റിന്റെ ഭരണഭാരമേറ്റിട്ടുള്ള എല്ലാ ദിവാൻജിമാരെയും (ഒരാൾ ഒഴിച്ച്)- ചിലരെ ക്രൂരമായി അപകീർത്തിപ്പെടുത്തുമാറും-ഔദ്യോഗികമായും സ്വകാര്യമായും ചെയ്തതിനോ ചെയ്യാതിരുന്നതിനോ ഒന്നുപോലെ കുറ്റമാരോപിച്ചു, അതിനിശിതമായും വിമർശിച്ചിരുന്നു. ഒടുവിലൊടുവിൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരേയും നിശിതവിമർശനത്തിനു വിധേയരാക്കിപ്പോന്നിരുന്നു. ആ ആക്രമണങ്ങളുടെയെല്ലാം സഞ്ചിതഫലം തിരുവിതാംകൂർ ഗവർമെന്റ് ഏറ്റവും ദുഷിച്ച-ഒരളവോളം കാര്യക്ഷമതയില്ലാത്തതും അഴിമതി നിറഞ്ഞതുമായ-ഒരു ഗവർമെന്റാ ണെന്നും, തീരെ മോശമായ രീതിയിൽ ഭരിക്കപ്പെടുവാൻ ഇടയായ ഏറ്റവും ഭാഗ്യദോഷിയായ ഒരു രാജ്യമാണ് തിരുവിതാംകൂർ രാജ്യമെന്നും പ്രദർശിപ്പിക്കുക എന്നതായിരുന്നു. പലപ്പോഴും, അനുഭവ ത്തിൽ, കലാപം ഇളക്കിവിടുന്നിടത്തോളം വരെ പോകുന്നതിനും 'സ്വദേശാഭിമാനി' ധൈര്യപ്പെട്ടിട്ടു ണ്ട്. അച്ചടിച്ച വിഷം അവിരാമം പ്രയോഗിച്ചിട്ടും അതിൽനിന്നും വിമുക്തരായി നിന്നിരുന്നു എന്നത്,

സാധാരണക്കാരായ തിരുവിതാംകൂർകാരുടെ ക്ഷമയുടെയും വിവേകത്തിന്റെയും, വ്യവസ്ഥാപിത ഭരണാധികാരത്തോടുള്ള അവരുടെ ആദരവിന്റെയും അനുസരണയുടേയും സ്തുത്യർഹമായ ഒരു തെളിവായി എപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. ബ്രിട്ടീഷ് ഇന്ത്യയെപ്പോലെയല്ല, ഉയർന്ന വിദ്യാഭ്യാസനിലവാരമുള്ള സംസ്ഥാനമാണ് തിരുവിതാംകൂർ എന്ന് ഓർത്തിരിക്കണം. 'സ്വദേശാഭിമാനി' അപകീർത്തിപരമായ ദോഷാരോപണപ്രചരണം തുടർന്നുകൊണ്ടിരുന്ന സന്ദർഭത്തിലും രാജ്യത്തെ മറ്റേതാനും പത്രങ്ങൾ ഒരളവു പിന്തുണ ഗവർമെന്റിന് നൽകിയിരുന്നു. മാത്രമല്ല, മഹാരാജാവിനും അവിടുത്തെ ഗവർമെന്റിനും വിരുദ്ധമായി ഏതാണ്ടൊരു കാൽ നൂറ്റാണ്ടുകാലം പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു കക്ഷിയുടെ നാവുമായിരുന്നു 'സ്വദേശാഭിമാനി' എന്ന വസ്തുതയും പരക്കെ ബോദ്ധ്യമായിരുന്നു. ഈ സ്ഥിതിവിശേഷം ഒരു പരിധിവരെ 'സ്വദേശാഭിമാനി' തുടർന്നുകൊണ്ടിരുന്ന ദോഷാരോപണത്തെ കുറച്ചുകാണാനും ഇടയാക്കിയിരുന്നു. ഈ വസ്തുകൾക്ക് വേണ്ടുവോളം വിട്ടുവീഴ്ച അനുവദിച്ചാൽപോലും ഒരു ഗണ്യമായ കാലം നിർഭയം ഈ പത്രം അനുഭവിച്ച കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യം ഒട്ടേറെ ദോഷം വരുത്തിയിട്ടുണ്ടായിരിക്കും. ഒടുവിലൊടുവിൽ പബ്ലിക് സർവീസ് നിർവീര്യമായിത്തീർന്നതായി ഭയപ്പെടുന്നതിനും എനിക്ക് മതിയായ കാരണങ്ങൾ ഉണ്ടായി. ഇതേക്കുറിച്ച് ഞാൻ പിന്നീട് പ്രസ്താവിക്കാം. അവസാനം 1910 സെപ്റ്റംബറിൽ കൈക്കൊണ്ട നടപടി, വളരെ നേരത്തെ ഡർബാർ കൈക്കൊള്ളാതിരുന്നത് ഗൗരവതരമായ ഒരു കൃത്യവിലോപമായി ഞാൻ എപ്പോഴും കണക്കാക്കുകതന്നെ ചെയ്യും.

7. 'സ്വദേശാഭിമാനി'യുടെ ആരോപണങ്ങൾ ക്രമത്തിന് എടുക്കുകയാണെങ്കിൽ ആദ്യമായും പരിഗണിക്കേണ്ടത് രാജ്യാധിപനെന്ന നിലയിലും ഒരു മനുഷ്യനെന്ന നിലയിലും മഹാരാജാവിന്റെ നേർക്ക് നടത്തിയിട്ടുള്ള ആക്രമണങ്ങളാണ്. മഹാരാജാവ് തന്റെ സേവകരുടെ അധീശത്വം പുലർത്തി; (1) ദുർനടപടികൾ പ്രചരിപ്പിക്കുന്നതിനു പ്രേരിപ്പിച്ചു. (2) കൈക്കൂലിക്കാർക്കും കൊള്ളക്കാർക്കും പാരിതോഷികങ്ങൾ നൽകി. (3) അഴിമതിക്കാരായ 'സേവകർക്ക്' അഭയം നൽകി. (4) 'സേവകരുടെ' ദുഷ്പ്രവൃത്തികളെ ഗൗനിച്ചില്ല. (5) ഭരണം നടത്തിയിരുന്ന സ്തുതിപാഠകരുടെ കൈയിൽ അദ്ദേഹം ഒരു പാവമാത്രമായിരുന്നു; (6) കോടതികൾ, അഴിമതികളുടെയും കുറ്റങ്ങളുടെയും ദുരാശകളുടെയും കറപുരണ്ടവയായിരുന്നു; (7) മഹാരാജാവ്, സ്വയം കൊള്ളയ്ക്കു വിധേയനായിരുന്നു; (8) മഹാരാജാവ് തന്റെ 'സേവകരുടെ' ആജ്ഞാനുവർത്തിയായി മാത്രമാണ് പ്രവർത്തിച്ചിരുന്നത്; (9) എന്നിങ്ങനെ മർക്കടമുഷ്ടിയോടെ അവിരാമം പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. ദുഷിച്ച ഭരണാധിപൻമാരിലൊരാളാണ് തിരുവിതാംകൂർ മഹാരാജാവെന്നും, സംസ്ഥാനത്തും ഗവർമെന്റിലും ദുർഭരണം അഴിഞ്ഞാടുകയാണെന്നും മഹാരാജാവുതിരുമനസ്സിനു സ്വന്തം ഇച്ഛാശക്തി എന്നൊന്നില്ലെന്നും 'സ്വദേശാഭിമാനി'യുടെ നിരന്തരമായുള്ള ഈ പ്രസ്താവനകളിൽ നിന്നും ഒരുവൻ വിചാരിക്കും. മുകളിൽ കൊടുത്തിരിക്കന്ന ഈ ആരോപണങ്ങൾ ശുദ്ധ അസത്യങ്ങളും തലതിരിഞ്ഞവയുമാണെന്നു ഞാൻ പറയേണ്ടതില്ലല്ലോ. രാമകൃഷ്ണപിള്ളയെപ്പോലുള്ള ഒരു മനുഷ്യന്റെ ആക്രമണങ്ങളിൽ നിന്നും മഹാരാജാവിനെ രക്ഷിക്കാൻ ഞാൻ വാദിക്കേണ്ട ആവശ്യമില്ല. സൽഭരണത്തിന് കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി അധീശശക്തിയാൽ പലകുറി അനുമോദിക്കപ്പെടുകയും തന്റെ പ്രജകൾ അളവറ്റു സ്നേഹിക്കുകയും ചെയ്യുന്ന ഇന്നത്തെ തിരുവിതാകൂർ മഹാരാജാവിനെപ്പോലുള്ള ഒരു ഭരണാധികാരി ഈവിധ ആക്രണങ്ങളെ തികഞ്ഞ അവജ്ഞയോടുതന്നെ പരിഗണിക്കും. എന്നാൽ ദൗർഭാഗ്യത്തിന്, തീർത്തും അസത്യപൂർണ്ണങ്ങളായ പ്രസ്താവനകൾ പോലും അനുസ്യൂതമായ ആവർത്തനങ്ങൾകൊണ്ട് ചിലപ്പോൾ വിശ്വസിക്കപ്പെട്ടുവെന്നുവരും. തിരുവിതാകൂറിലെ ഭരണയന്ത്രം, വിദേശികൾക്കു മിക്കവാറും അവിശ്വസനീയമായിത്തോന്നുമാറ് ഒരളവുവരെ ദിവാനിൽ തൊടുത്തിട്ടിരിക്കുന്ന വിധമാണ്

സംവിധാനം ചെയ്തിരിക്കുന്നതെന്ന് ഈ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കേണ്ടത് ആവശ്യമാണെന്നു തോന്നുന്നു. ഭരണം ദിവാന്റെ കൈക്കുള്ളിലാണെന്നു തൽക്കാലം പരസ്യമാണ്. ദിവാന്റെ ശുപാർശ കൂടാതെ ഒരു നിയമനവും നടത്തുകയില്ല. ദിവാന്റെ നിർദ്ദേശംകൂടാതെ മഹാരാജാവും ഗവർമെന്റിന്റെ പേരിൽ ഒരു കൽപ്പനയും നടത്തുകയില്ല. തിരുവിതാകൂർ ഗവർമെന്റിന്റെ ഭരണസംബന്ധമായ പ്രവൃത്തികൾക്ക് തിരുവിതാംകൂർ ദിവാൻ പൂർണ്ണമായും ഉത്തരവാദിയാണ്. ദിവാന്റെ കീഴിലുള്ള ഗവണ്മെന്റുദ്യോഗസ്ഥൻമാരും മഹാരാജാവു തിരുമനസ്സിലെ സ്വന്തം സേവകരായ കൊട്ടാരം ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള വ്യത്യാസം പരക്കെ അറിയാവുന്നതാണ്. ഒട്ടനവധി കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മഹാരാജാവിന്റെ ഔദ്യോഗികാനുമതി ആവശ്യമാണെന്നത് സത്യമാണ്. ആ അനുമതിക്കുവേണ്ടി ദിവാൻ ഔദ്യോഗികമായി കൊട്ടാരം സർവാധികാര്യക്കാർക്ക് എഴുതുന്നു. ഈ സർവാധികാര്യക്കാർ എപ്പോഴും ഒരു ഗവർമെന്റുദ്യോഗസ്ഥനായിരിക്കും. സ്ഥിരം സർവീസിൽ നിന്നും ആ ലാവണത്തിലേക്കു പോയവനും ആ ലാവണത്തിൽനിന്നും സ്ഥിരം സർവീസിലേക്ക് തിരികെ പോരുന്നവനും, സാധാരണ ദിവാൻപേഷ്ക്കാരുടെ പദവിയുള്ളവനുമായി ഗണിക്കപ്പെടുന്നവനുമാണ്. 'സ്വദേശാഭിമാനി'യുടെ പ്രിയങ്കരപ്രയോഗമായ 'കൊട്ടാര സേവകന്മാർ' തിരുവിതാംകൂർ ഭരിക്കുന്നു, ഭരണാധീശത്വം വഹിക്കുന്നു എന്നിങ്ങനെ അവ്യക്താക്രമണങ്ങൾ നടത്താൻ വളരെ എളുപ്പമാണ്. ഈ രാജ്യത്ത്, ഇന്നേക്ക് ഏതാണ്ട് അഞ്ചുകൊല്ലത്തോളം കാലം സേവനം നടത്തിയിട്ടും അവരുടെ ഇടപെടലിന്റെ ഒരു ദൃഷ്ടാന്തം പോലും കാണാൻ എനിക്ക് കഴിഞ്ഞിട്ടില്ല, തികച്ചും ദിവാൻജിയുടെ ഉത്തരവാദിത്വത്തിലുള്ള ഗവർമെന്റുചെയ്തികൾ ഏതെങ്കിലും കൊട്ടാരസേവകന്റെ ചെയ്തികളാണെന്നു സമർഥിക്കുന്നതിനു കടുംപിടിയോടും വഞ്ചനാപരമായും 'സ്വദേശാഭിമാനി' നടത്തിയിട്ടുള്ള ശ്രമങ്ങളെ ഞാൻ ശക്തിയായും അപലപിക്കുന്നു.

8. മഹാരാജാവിന്റെ നേർക്കുള്ള വ്യക്തിപരമായ ആക്രമണങ്ങളേക്കാളും വഞ്ചനാത്മകമായത്, 'സ്വദേശാഭിമാനി' നിലനിന്ന കാലത്ത് ഗവർമെന്റിനെ സംബന്ധിച്ച അസാധാരണ സിദ്ധാന്തം കടുംപിടിയോടെ പ്രചരിപ്പിക്കാൻ ശ്രമിച്ചതാണ്. നാട്ടുരാജ്യ ഗവണ്മെന്റിന്റെ അടിസ്ഥാനശിലയായ വ്യക്തിഭരണാശയത്തിനെതിരായി തീക്ഷ്ണവും നിഷ്ഠൂരവുമായ സമരം 'സ്വദേശാഭിമാനി' നടത്തി. ഈ പത്രത്തിന്റെ അഭിപ്രായത്തിൽ 'രാജകുടുംബത്തിൽ പിറന്നതുകൊണ്ടുമാത്രം ആരും ബഹുമാനം അർഹിക്കുന്നില്ല; (10) ജനനന്മയ്ക്കുവേണ്ടിയാണ് രാജാധികാരം വ്യവസ്ഥിതമായിരിക്കുന്നത്. (11) പോർട്ടുഗലിലെ രാജാവിന്റെ വധം, രാജാക്കന്മാരെ അവരുടെ കർത്തവ്യങ്ങളെ സംബന്ധിച്ച്, പ്രത്യേകിച്ചും അവർ ജനങ്ങളുടെ നിർദ്ദേശങ്ങളെ അനുസരിക്കണമെന്നും, രാജാക്കന്മാരുടെ ദൈവികാവകാശസിദ്ധാന്തം നിരാകരിക്കപ്പെട്ട ഒന്നാണെന്നും, ദൈവികാഭാവത്തിന്റെ പങ്കാളികൾ ജനതയാണെന്നും; (12) മറ്റുമുള്ള നിത്യസ്മരണീയ പാഠങ്ങൾ പഠിപ്പിക്കേണ്ടതാണ്, രാജ്യത്തിന്റെയും ജനതയുടെയും പ്രതിനിധി മാത്രമാണ് രാജാവ്, രാജാവിനോടുള്ള ബഹുമാനം എന്നുപറഞ്ഞാൽ രാഷ്ട്രത്തോടുള്ള ബഹുമാനം എന്നാണ്, (13) രാഷ്ട്രത്തിനെതിരായി നടത്തിയ ദ്രോഹത്തിന് ചാറൽസ് ഒന്നാമനെ വധിച്ചു; ജെയിംസ് രണ്ടാമനെ രാജ്യത്തുനിന്നും നിഷ്കാസനം ചെയ്തു; (14) ഒരുവന്റെ ദിവ്യമായ സ്വാതന്ത്ര്യവും അവകാശങ്ങളും ബലികഴിച്ചിട്ട് ഒരു രാജാവിനോടു കൂറുകാട്ടണമെന്ന് ഒരു പ്രമാണവുമില്ല. (15) രാജാവിന്റെ ജനക്ഷേമവിരുദ്ധങ്ങളായ പ്രവൃത്തികളെ ചെറുക്കുക എന്നത് കൂറില്ലായ്മയൊന്നുമല്ല; (16) നീതിയെ നിരാകരിക്കുകയും രാജ്യത്തേയും ജനതയേയും ക്രമേണ നാശത്തിലേക്ക് നയിക്കുകയും ചെയ്യുന്ന ഒരു രാജാവിനെ ആദരിക്കുന്നത് ഒരിക്കലും കൂറല്ല; (17) തന്റെ പ്രജകൾക്ക് ദുഃഖമുളവാക്കുന്ന പ്രവൃത്തികളിൽ സ്വയം വഴങ്ങിക്കൊടുക്കുന്ന ഒരു രാജാവിനെ ബഹുമാനിക്കുന്നതും സ്തുതിക്കുന്നതും രാജഭ

ക്തീയല്ല. രാജാവിനോടുള്ള ഭക്തിയേക്കാൾ ഉൽകൃഷ്ടം രാഷ്ട്രത്തോടുള്ള ഭക്തിയാണ്. (18) -ഇങ്ങനെ 'സ്വദേശാഭിമാനി' രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ സുവിശേഷം നിരന്തരം പ്രചരിപ്പിച്ചുപോന്നു. മനുഷ്യ സമുദായത്തിന്റെ ഉൽക്കർഷത്തിന് രാഷ്ട്രീയസ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആഹ്വാനം എങ്ങും മുഴങ്ങുന്നു. തുർക്കി, പേർഷ്യ മുതലായ രാജ്യങ്ങളിലെ അനുഭവ ങ്ങൾ പഠിക്കണം. രാഷ്ട്രീയസ്വാതന്ത്ര്യം സ്വായത്തമാക്കുന്നതിനുള്ള വാദം രാജ്യദ്രോഹവൃത്തിയല്ല; ഒരുവന്റെ അതിദിവ്യങ്ങളായ സ്വാതന്ത്ര്യവും അവകാശങ്ങളും ബലികഴിച്ചിട്ട് ഒരു രാജാവിനോടും കൂറു പുലർത്തണമെന്ന് ഒരു പ്രമാണവും അനുശാസിക്കുന്നില്ല, (19) എന്നിങ്ങനെ അനുദിനം ആഹ്വാനം ചെയ്യുന്നതിനുമുപരി മഹാരാജാവു തിരുമനസ്സിലെ ഭരണം പ്രജകളുടെ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യു ന്നതിനു പ്രേരണ നൽകിയെന്നും (20) 'സ്വദേശാഭിമാനി' പത്രം പ്രസ്താവിച്ചു. രാജ്യത്തുനിലവിലുള്ള സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതുകൊണ്ടുമാത്രം 'സ്വദേശാഭിമാനി'ക്കു തൃപ്തിയായില്ല. പ്രവർത്തന മാർഗങ്ങളും അത് ഉപദേശിക്കുകയുണ്ടായി. 'സ്വദേശാഭിമാനി'യുടെ 1907 നവംബർ 9-ാം തീയതിയിലെ 39-ാം ലക്കത്തിലും 27-ാം തീയതിയിലെ 42-ാം ലക്കത്തിലും, 1909 നവംബർ 29-ാം തീയതിയിലെ 137-ാം ലക്കത്തിലും ഫലത്തിൽ കലാപം ഇളക്കി വിടാൻപോരുന്ന പ്രസ്താവനകൾ ഉൾക്കൊണ്ടിരു ന്നു. പോർട്ടുഗൽ രാജാവിന്റെ വധം, ചാറൽസ് ഒന്നാമന്റെ ശിരച്ഛേദനം, ജെയിംസ് രണ്ടാമന്റെ നാടുക ടത്തൽ എന്നിവ സംബന്ധിച്ച സൂചനകളെക്കുറിച്ച് മുൻപുതന്നെ പരാമർശിച്ചിട്ടുണ്ട്. തിരുവിതാംകൂ റിലെ ജനങ്ങൾ അവരുടെ മഹാരാജാവിനോട് കൂറിനും അനുസരണയ്ക്കും വ്യക്തിപരമായി ബാദ്ധ്യ സ്ഥരല്ലെന്നും, നീതിപൂർവം ഭരിക്കുന്നിടത്തോളം മാത്രമേ അനുസരിക്കുക എന്ന ബാധ്യത പ്രജ കൾക്കുള്ളുവെന്നും, (21) രാഷ്ട്രീയസ്വാതന്ത്ര്യത്തിനുള്ള വാദം യാതൊരുവിധത്തിലും രാജ്യദ്രോഹ മായി കരുതാൻ കഴിയില്ലെന്നും (22) മറ്റും പത്രം പറഞ്ഞിട്ടുണ്ട്. യോഗ്യമായവിധം ഗവർമെന്റ് പ്രവർത്തി ക്കുന്നില്ലെന്ന് അനുഭവപ്പെടുന്നുവെങ്കിൽ ജനങ്ങൾ സംഘടിക്കണമെന്നും ഗവർമെന്റിനെ ധിക്കരിക്കാൻ മടിക്കേണ്ടതില്ലെന്നും 'സ്വദേശാഭിമാനി' പല പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ട്. അധർമകൃത്യങ്ങളോടുള്ള ബഹുജനരോഷത്തിന്റെ സ്വാഭാവഗതിയെ തടയാൻ, 'സ്വദേശാഭിമാനി'യുടെ അഭിപ്രായത്തിൽ, ഒരു ഗവർമെന്റിനും ശക്തിയില്ല. മാത്രമല്ല, ആ ബഹുജനരോഷം ദിവ്യവും അതിന്റെ വിജയം സുനിശ്ചിത വുമാണ് (23) ഗവർമെന്റിന്റെ അതിപ്രധാന ഘടകം ജനതയുടെ ഇച്ഛാശക്തിയാണ്. (24) ജനഹിതവു മായി പൊരുത്തപ്പെടാത്ത ഒരു ഗവർമെന്റിനെ വെച്ചുപൊറുപ്പിക്കരുത്. (25) ജനങ്ങൾ, അവരുടെ നന്മയ്ക്കുവേണ്ടി സ്വയം ഐക്യത്തോടെ പ്രവർത്തിക്കണം. (26) രാജ്യതാത്പര്യങ്ങൾക്കെതിരായി രാജാവ് പ്രവർത്തിക്കുമ്പോൾ തങ്ങളുടെ നേതാക്കന്മാരെ കണ്ടെത്തുകയും തങ്ങളുടെ ക്ഷേമത്തിന് എതിരായി നിൽക്കുന്ന ശക്തികളെ തകർക്കുകയും ചെയ്യുക എന്നത് ജനങ്ങളുടെ കർത്തവ്യം മാത്ര മാണ്. (27) എന്നിങ്ങനെ 'സ്വദേശാഭിമാനി' ജനങ്ങളെ ഉത്ബോധിപ്പിച്ചുകൊണ്ടിരുന്നു. തിരുവിതാം കൂർ ജനതയുടെ അവസ്ഥ ഒരുതരം അടിമത്തം ആണെന്ന് 'സ്വദേശാഭിമാനി' ചിത്രീകരിച്ചിരിക്കുന്നു. (28) സേവാപ്രസാദിത്വം രാജ്യത്തിൽ പ്രബലപ്പെട്ടിരിക്കുന്നു. (29) ദുർഭരണം കാരണം കടുത്ത മർദ്ദന ത്തിനും അധർമകൃത്യങ്ങൾക്കും വിധേയരായി ജനങ്ങൾ എല്ലും തൊലിയുമായിത്തീർന്നിരിക്കുന്നു. (30) സ്തുതിപാഠകർ ഭരിക്കുന്ന ഒരു രാജ്യമെന്ന നിലയ്ക്ക് ഇവിടെ സത്യവും അവഗണിക്കപ്പെട്ടിരി ക്കുന്നു. (31) ജനങ്ങളുടെ കാര്യങ്ങൾ നോക്കാൻ ഇവിടെ നാഥനില്ലാതായിരിക്കുന്നു. (32) ദുരിതത്തിന്റെ ആഴത്തിലേക്കു ജനങ്ങളെ തള്ളിവിട്ടിരിക്കുന്നു. (33) മാത്രമല്ല, ക്ഷമ മിക്കവാറും നശിച്ച് ദുർഭരണ ത്തിൽ നിന്നും സ്വയം രക്ഷപ്പെടാൻ പോരുന്ന ഏതു മാർഗവും അവലംബിക്കാൻ ജനങ്ങൾ നിർബന്ധി തരായിരിക്കുന്നുവെന്നും (34) 'സ്വദേശാഭിമാനി' പ്രഖ്യാപിക്കുകയുണ്ടായി. പബ്ലിക് റവന്യൂവും മഹാ

രാജാവിന്റെ സ്വകാര്യചിലവിനുള്ള പണവും ഏതേതു വിധത്തിൽ ചിലവാക്കുന്നു എന്ന് അറിയുവാനുള്ള അവകാശം ജനങ്ങൾക്കുണ്ടെന്ന്, (35) അവർക്കുവേണ്ടി പത്രം അവകാശവാദം ഉന്നയിച്ചു. (36) ഉത്തര വാദിയായ ഉദ്യോഗസ്ഥൻമാർ, കൊലയാളിയായ ഒരു രാജസേവകന് അഭയം നൽകിയിരിക്കുന്നതിൽ ഇടപെട്ട് നീതി നിർവഹിക്കുന്നില്ലെങ്കിൽ പലവിധ ദുർവികാരങ്ങളാൽ ജനഹൃദയം പ്രക്ഷുബ്ധമാകു മെന്ന് ബ്രിട്ടീഷ് ഗവർമെന്റിന്, 'സ്വദേശാഭിമാനി' മുന്നറിയിപ്പുനൽകി. (37) ജനങ്ങൾക്ക്, രാജാവിന്റെ ആജ്ഞകളെ വെറും അടിമകളെപ്പോലെ അനുസരിക്കുക എന്നതിനുമുപരി ചില കടമകളുണ്ടെന്നും, (38) ജനാഭിലാഷങ്ങളുടെയും അവകാശങ്ങളുടെയും നേർക്ക് ഗവർമെന്റു കാണിക്കുന്ന മനഃപൂർവ മായ അവഗണന അശിക്ഷിതരായ ബഹുജനങ്ങളെ അക്രമത്തിനു പ്രേരിപ്പിക്കുമെന്നും (39) 'സ്വദേശാ ഭിമാനി' വാദിച്ചിരുന്നു. ജനങ്ങളെ, അവരുടെ അവകാശങ്ങൾ ഉറപ്പിച്ചു പ്രഖ്യാപിക്കുവാനും സ്വന്തം അഭിലാഷാനുസരണമുള്ള ഒരു ഗവർമെന്റ് വ്യവസ്ഥിതി നേടിയെടുക്കുന്നതിന് പ്രവർത്തിക്കാനും (40) പത്രം ഉപദേശിച്ചു. ഇംഗ്ലണ്ട്, അമേരിക്ക, ജർമനി തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങൾ അവകാശപ്പെട്ടി രുന്ന അതേ അവകാശങ്ങൾ തിരുവിതാംകൂർ ജനതയ്ക്കുവേണ്ടിയും അവകാശപ്പെടുന്നതിന് 'സ്വദേശാ ഭിമാനി' ഒട്ടുംതന്നെ മടിച്ചിട്ടില്ല. (41) തിരുവിതാംകൂർകാർക്കു തങ്ങളുടെ അവകാശങ്ങൾ എങ്ങനെ നേടിയെടുക്കണമെന്ന് അറികയില്ലെന്നും ഐക്യമുണ്ടെങ്കിൽ മലയെപ്പോലും പൊക്കിയെടുക്കാൻ കഴി യുമെന്നും ഐക്യംകൊണ്ട് നേടിയെടുക്കാൻ കഴിയാത്തതായി ഒന്നുമില്ലെന്നും (42) പത്രം ചൂണ്ടിക്കാ ട്ടുകയുണ്ടായി. ജനങ്ങളോ, അവരുടെ ക്ഷമയെ ചൂണ്ടി കളിയാക്കുന്നു. (43) പ്രബുദ്ധമായ ബ്രിട്ടീഷ് ഭരണമില്ലാതിരുന്നെങ്കിൽ നാട്ടുരാജ്യങ്ങളിൽ എന്നേ വിപ്ലവങ്ങൾ ഉണ്ടാവുകയും പ്രതിനിധിഭരണം നില വിൽ വരുകയും ചെയ്യുമായിരുന്നു (44) എന്ന് ഒരു പ്രത്യേക ഖണ്ഡികയിലൂടെ 'സ്വദേശാഭിമാനി' ചൂണ്ടിക്കാട്ടിയിരിക്കുന്നു.

9. മുകളിൽ കൊടുത്തിരിക്കുന്നതുപോലുള്ള ഉദാഹരണങ്ങൾ ഇനിയും ഒട്ടനവധി എടുത്ത് ഉദ്ധ രിക്കാൻ കഴിയും. തങ്ങളെ ഭരിക്കുന്ന രാജാവിനുണ്ടെന്നു പറയുന്ന അർദ്ധദൈവികാവകാശത്തിലോ, അല്ലെങ്കിൽ, അദ്ദേഹത്തെ കണ്ണുംപൂട്ടി അനുസരിക്കാൻ തങ്ങൾക്കുള്ള പരമമായ ചുമതലയിലോ വിശ്വ സിക്കുന്നതിലൂടെ ഒരു വമ്പിച്ച തെറ്റ് ജനങ്ങൾ ചെയ്യുന്നുവെന്ന് അനുദിനം ഉപദേശിക്കുന്നത്, ഒരു നാട്ടുരാജ്യത്തിന്റെ രാജധാനിയിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഒരു പത്രത്തെ സംബന്ധിച്ചിടത്തോളം തികച്ചും ഗൗരവമേറിയ പരിഗണന അർഹിക്കുന്ന ഒരു കാര്യമാണ്. കൂടാതെ, സംഘടിക്കുവാനുള്ള ആഹ്വാനവും, പണ്ടും ഇപ്പോഴും മറ്റു സ്ഥലങ്ങളിൽ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്ന രാജാക്കൻമാരെ സംബന്ധിച്ച പരാമർശങ്ങളും, തിരുവിതാകൂറുകാരെക്കാളും വിപ്ലവാസക്തരായ ഒരു ജനതയ്ക്കിടയിൽ വിനാശകരങ്ങളായ ഫലങ്ങൾ ഉളവാക്കാൻ പോരുന്നവയാണെന്ന് എനിക്കുറപ്പുണ്ട്. 'സ്വദേശാഭിമാനി' യുടെ ആരോപണങ്ങൾ, ഏതൊരു ജനതയെ, തങ്ങളുടെ രാജാവിന് എതിരാക്കണമെന്ന് ഉദ്ദേശിച്ചു കൊണ്ടായിരുന്നുവോ, ആ ജനതയിൽ ഒരു പ്രതികരണവും ഉളവാക്കിയില്ലെന്ന് സംസ്ഥാനത്തെ ജന ങ്ങളെ ന്യായീകരിച്ചുകൊണ്ടുതന്നെ എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും. എന്നുമാത്രമല്ല, എന്റെ വിശ്വാ സത്തിൽ, ഉദ്ദേശിക്കപ്പെട്ടിരുന്നതിന്റെ കടകവിരുദ്ധമായ ഫലമാണ് 'സ്വദേശാഭിമാനി'യുടെ വഴിപിഴച്ച പ്രചരണം സംജാതമാക്കിയതും. 'സ്വദേശാഭിമാനി' ആഴ്ചകൾതോറും മഹാരാജാവിനെ നിന്ദിക്കുകയും, തിരുമനസ്സിലെ പ്രജകളോട് ഉണർന്നെണീറ്റ് ഒരേ ശബ്ദത്തിൽ മെച്ചപ്പെട്ട ഒരു ഗവർമെന്റിനുവേണ്ടി അവകാശപ്പെടാൻ ആഹ്വാനം നടത്തുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, തിരുവിതാംകൂറിലെ ജന ങ്ങളുടെ ഹൃദയങ്ങളിൽ വ്യക്തിപരമായ രാജഭക്തി, മഹാരാജാവിനോടുള്ള അർപ്പണമനോഭാവം എന്നീ പഴയ ലോകാദർശങ്ങൾ കൂടുതൽ രൂഢമൂലമാവുകയാണ് ചെയ്തത്.

10. രാമകൃഷ്ണപിള്ള, തന്റെ പ്രവൃത്തികളുടെ ഫലത്തിൽ വളരെയേറെ നിരാശപ്പെട്ടിരിക്കുമെന്നതിൽ സംശയമില്ല. അയാളുടെ വിമർശനങ്ങളുടെ വർദ്ധിച്ചുവന്ന രൂക്ഷത ആ വസ്തുതതന്നെയാണ് വെളിപ്പെടുത്തുന്നത്. നിലവിൽ ഇരിക്കുന്ന ഗവർമെന്റുവ്യവസ്ഥിതിയിൽ ഭരണകാര്യങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ദിവാനാണെന്ന് തിരുവിതാംകൂറിലെ ജനങ്ങൾക്ക് അറിയാമെന്നതുകൊണ്ടാണ് മഹാരാജാവിനെതിരായുള്ള ആക്ഷേപങ്ങൾ ഫലിക്കാതെ പോകുന്നതെന്ന് രാമകൃഷ്ണപിള്ളയ്ക്കു പൊതുവിൽ തോന്നിയിരുന്നുവെന്നും സ്പഷ്ടം. ഇപ്പോഴത്തെ മഹാരാജാവ്, ഭരണകാര്യത്തിലുള്ള തന്റെ കിടയറ്റ അറിവും പരിചയവും കൊണ്ട് ദിവാൻജിമാരുടെ ഉപദേശങ്ങളെ താൽക്കാലികമായിട്ടാണെങ്കിലും പലപ്പോഴും തടഞ്ഞുവയ്ക്കുന്നതിൽ തികച്ചും ഔചിത്യം കാണിച്ചിരുന്നു എന്ന വസ്തുത സംസ്ഥാനത്തിൽ പരക്കെ അറിയപ്പെടുന്നതാണ്. ഒരുപക്ഷേ, തിരുവിതാംകൂറിലെപ്പോലെ മറ്റൊരു സംസ്ഥാനത്തുംതന്നെ ഭരണസംവിധാനം, ഇത്രയധികം ദിവാനെ ആശ്രയിച്ചു നിൽക്കുന്നില്ല. മഹാരാജാവിനുള്ള സ്വാധീനവും അധികാരവും -അതു നിസ്സംശയമായും വമ്പിച്ചതും ഗുണപ്രദവുമാണ്- ദിവാന്റെ അന്തസ്സിനേയും അധികാരത്തേയും കോട്ടംകൂടാതെ നിലനിലനിർത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ ഒന്നും കൂടാത്ത രീതിയിലും ഔചിത്യപൂർണ്ണമായ പരിഗണനയോടു കൂടിയുമാണ് പ്രയോഗിച്ചിരുന്നതും. ഇതൊക്കെയും 'സ്വദേശാഭിമാനി' പത്രാധിപർക്കും നിശ്ചയമായും അറിവുണ്ടായിരിക്കണം. അതിന്റെ ഫലമായിരിക്കണം ദിവാൻജിമാർക്ക് എതിരായുള്ള അതിശക്തമായ ഈ ആക്രമണങ്ങൾ എന്നു ഞാൻ കരുതുന്നു. തിരുവിതാംകൂർ ദിവാനെ അപകീർത്തിപ്പെടുത്താതെ തിരുവിതാംകൂർ ഗവർമെന്റിനെ അപകീർത്തിപ്പെടുത്താൻ ആവുകയില്ല. ഇന്നത്തെ മഹാരാജാവിനെ സേവിച്ചിട്ടുള്ള ദിവാൻജിമാരിൽ ഒരാളൊഴിച്ച് സകലരേയും അയോഗ്യരെന്ന് 'സ്വദേശാഭിമാനി' മുദ്രയടിച്ചിട്ടുണ്ട്. ഈ പത്രത്തിന്റെ അഭിപ്രായത്തിൽ, ബ്രിട്ടീഷ് നിയമങ്ങൾ ഒന്നാകെ ഇവിടെ അവതരിപ്പിച്ചുവെന്നതാണ്, മരിച്ചുപോയ മി.രാമയ്യങ്കാരുടെ 'വിജയകരമായ ഭരണസവിശേഷത': (45) അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന മി. രാമറാവു, തന്റെ ദുഷ്പ്രവൃത്തികൾ സംബന്ധിച്ച താക്കീതുകളിൽ നിന്നും രക്ഷപ്പെടാൻ, കൊട്ടാരംസേവകർക്ക്, ഗവർമെന്റ് ഉദ്യോഗങ്ങൾ ലേലംവിളിച്ചുകൊടുക്കുന്നതിന് അനുവാദം നൽകി എന്നുപറഞ്ഞിരിക്കുന്നു. (46) മി.രാമറാവുവിനുശേഷം ദിവാൻജിയായ മി.ശങ്കരസുബ്ബയ്യർ കൊട്ടാരംസേവകരുടെ സ്വാധീനം ആഴത്തിൽ വേരോടാൻ സഹായിച്ചു എന്നാണ്. (47) ഈ സ്വാധീനം ദിവാൻ മി.കൃഷ്ണറാവുവിന്റെ കാലത്തു വളരെ വർദ്ധിച്ചതായി പറയുന്നു. (48) മി.വി.പി.മാധവറാവു മാത്രമാണ് 'സ്വദേശാഭിമാനി'യുടെ രൂക്ഷമായ ആക്രമണത്തിനു വിധേയനാകാത്ത ഒരേയൊരു ദിവാൻ. അതിനുകാരണം, മഹാരാജാവും ദിവാൻ മാധവറാവുവും തമ്മിലുണ്ടായിരുന്ന ബന്ധം അത്ര രമ്യമായിരുന്നില്ല എന്നതായിരുന്നുവെന്നും പരക്കെയുള്ള ധാരണയിൽ ഒട്ടും സംശയിക്കേണ്ടതുമില്ല. സ്വന്തം ജാതിക്കാരോടു പക്ഷപാതിയായിരുന്നുവെന്നുള്ള വളരെ നേരിയ ഒരു വിമർശനത്തോടെ (49) അദ്ദേഹത്തെ 'സ്വദേശാഭിമാനി' ഒഴിവാക്കുകയാണു ചെയ്തത്. ദിവാൻ വി.പി.മാധവറാവുവിനുശേഷം മി.റ്റി. രാജാരാമറാവു ഒഫീഷ്യേറ്റിംഗ് ദിവാനായി. അക്ഷന്തവ്യങ്ങളായ അനവധി വിഡ്ഢിത്തങ്ങൾ അദ്ദേഹം കാണിച്ചുവെന്നും (50) കൊട്ടാരം സേവകർക്ക് അധീനനായിരുന്നുവെന്നും പറയപ്പെട്ടു. (51) അടുത്ത ദിവാൻ മി.എസ്.ഗോപാലാചാരിയായിരുന്നു. കൊട്ടാരം സേവകരുമായി സഖ്യംകൂടിയവൻ എന്ന് 'സ്വദേശാഭിമാനി' അദ്ദേഹത്തെ വിശേഷിപ്പിച്ചു. (52) കൊട്ടാരഭൃത്യൻ, (53) കൊട്ടാരസേവകൻ, (54) അജ്ഞനും അനുഭവപരിചയമില്ലാത്തവനും, (55) ക്ഷമയില്ലാത്തവനും അവിവേകിയും മര്യാദകെട്ടവനും (56) അനുകമ്പ കാട്ടാത്തവനും; (57) ചരട്ടുപാവയെപ്പോലെ കളിക്കുന്നവൻ; (58) രക്ഷ നൽകുന്നതിൽ അനീതിക്കാരൻ, (59) വെറുമൊരു പണസമ്പാദന യന്ത്രം (60) അദ്ദേഹത്തിനും അദ്ദേഹത്തെ നിയമിച്ച

വർക്കുമൊരു അപമാനം (61) എന്നിങ്ങനെയാണ് അദ്ദേഹത്തെക്കുറിച്ച് 'സ്വദേശാഭിമാനി' പറഞ്ഞത്. മാത്രമല്ല ഒരു ദിവാനും ഇത്രയേറെ കൊടുംതെറ്റുകൾ ചെയ്തിട്ടില്ല, ഇത്രയധികം ജനസമ്മതിയില്ലാത്തവനായിട്ടുമില്ല. (62) ഭരണകൂടം വെറുത്തു, (63) രാജ്യനന്മയെ കരുതിയിട്ടില്ല ഹ്രസ്വകാലഭരണം കൊണ്ടുതന്നെ ഒരു പടുവങ്കനെന്നു തെളിയിച്ചു; (64) ജനപ്രതിനിധിസഭയെ വികലപ്പെടുത്തി; (65) അദ്ദേഹത്തിന്റെ ഭരണകാലത്ത് രാജസേവകരുടെ സ്വാധീനം അതിന്റെ പാരമ്യത്തിലെത്തി. (66) സേവകവൃന്ദത്തിന്റെ അനുഗ്രഹാശിസ്സുകളോടും, ഒരു കൊല്ലംകൊണ്ടു സമ്പാദിക്കാവുന്നത്ര സമ്പാദിച്ച പണത്തോടും, ജനങ്ങളുടെ ശാപത്തോടും, ശാശ്വതകുപ്രസിദ്ധിയോടും കൂടി അദ്ദേഹത്തെ രാജ്യത്തിന് പുറത്തുതള്ളി; (67) കൊട്ടാരമേനേജർ ശങ്കരൻതമ്പിയുടെ പ്രീതി നേടി ജീവിച്ചു (68) എന്നിങ്ങനെയുള്ള ആക്രമണങ്ങളും മി.ഗോപാലാചാരിക്കെതിരായി 'സ്വദേശാഭിമാനി' നടത്തി. മി.ഗോപാലാചാരിയെ തുടർന്ന് ഏതാനും മാസത്തേക്ക് മി.നാഗമയ്യാ ഒഫീഷ്യേറ്റിംഗ് ദിവാനായി. കൊട്ടാരസേവകർക്ക് തീർത്തും അധീനൻ; (69) ജോലിയിൽ അശ്രദ്ധൻ, സ്വന്തം സുഖം മാത്രം നോക്കുന്നവൻ (70) എന്നിങ്ങനെ പോകുന്നു അദ്ദേഹത്തെക്കുറിച്ചുള്ള 'സ്വദേശാഭിമാനി'യുടെ അഭിപ്രായങ്ങൾ. 1907 ഒക്ടോബറിലാണ് ഞാൻ ദിവാൻജിയായി ഉദ്യോഗം സ്വീകരിച്ചത്. അൽപനാൾ കഴിഞ്ഞപ്പോഴേക്കും 'സ്വദേശാഭിമാനി'യുടെ ആക്രമണത്തിന് ഞാനും ലക്ഷ്യമായിത്തീർന്നു. ജനങ്ങളുടെ പണം പലതരത്തിൽ ദുർവ്യയം ചെയ്യുന്നതിന്റെ നേർക്കു കണ്ണടയ്ക്കുകയും ജനങ്ങൾക്ക് വേണ്ടി എന്തെങ്കിലും ചിലവാക്കാൻ മടിക്കുകയും ചെയ്യുന്ന; പിശുക്കൻ ഗവർമെന്റിന്റെ നേതാവ്; (71) കീഴ്ജീവനക്കാരെ ശിക്ഷിക്കുന്നതിലും (72) അതുപോലെതന്നെ ഉദ്യോഗക്കയറ്റം കൊടുക്കുന്നതിലും അനീതി കാട്ടുന്നവൻ; (73) ദുർബ്ബലമാനസനും, ധാർമ്മിക ധീരതയില്ലാത്തവനും; (74) കാലത്തിനു യോജിക്കാത്ത, ഏകാധിപത്യപരമായ, പണക്കൊതിയേറുന്ന, സ്വേച്ഛാപരമായ ശക്തിയാൽ നയിക്കപ്പെടുന്നവൻ; (75) ഗവണ്മെന്റുകാര്യങ്ങളിൽ അനവധാനി; (76) ഉപരിപ്ലവമായി ഗവർമെന്റു കാര്യങ്ങൾ തീർക്കുന്നവൻ (77) സ്വന്തം സുഖത്തിനുവേണ്ടിയും, (78) സ്വന്തം ജോലി വെട്ടിക്കുറയ്ക്കാനും, (79) വിഷയസുഖാന്വേഷണാർത്ഥം രാജ്യത്തിലെങ്ങും ചുറ്റിത്തിരിയാനും (80) മാത്രമായി അധികാരവികേന്ദ്രീകരണം നടത്തിയവൻ; ഭ്രാന്തനായ രാജ്യകാര്യവിദഗ്ധൻ; (81) കൊട്ടാരംസേവകരുടെ അഴിമതികളവസാനപ്പിക്കാൻ കഴിവില്ലാത്തവൻ (82) -എന്നിങ്ങനെയാണ് എനിക്കെതിരെ 'സ്വദേശാഭിമാനി' ആക്രമണം ആരംഭിച്ചത്. മാത്രമല്ല, 'സ്വദേശാഭിമാനി'യുടെ ഭാഷയിൽ ഞാൻ, ജനക്ഷേമം ഗണിക്കാതെ റവന്യൂ വരുമാനം വർധിപ്പിക്കുന്നതിൽ അക്ഷമകാണിക്കുന്നവനാണ്; (83) വാഗ്ദാനലംഘകനാണ്; (84) വിദേശികളെ ഗവർമെന്റ് ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുന്നതിൽ സദാ ജാഗരൂകനാണ്. (85) വിദ്യാലയങ്ങൾ നിറുത്തുകയും, (86) ആശുപത്രിസഹായങ്ങൾ വെട്ടിക്കുറക്കുകയും, (87) വർഗീയവൈര്യം ഇളക്കിവിടുകയും (88) ചെയ്യുന്നവനുമാണ്. അക്രമവും ഭീതിയും വളർത്തിക്കൊണ്ട് രാജ്യഭരണം നടത്തുകയെന്നതാണ് എന്റെ മനോഭാവം; ഉദ്യോഗസ്ഥദുഷ്പ്രഭുത്വം കൊണ്ടാണ് ഭരണം; നികുതിദായകരുടെ കഷ്ടപ്പാടുകളെ അവഗണിച്ചുകൊണ്ട് നടപ്പാക്കുന്ന ഭരണപരിഷ്കാരങ്ങൾ; സർക്കാർ സേവനരംഗത്തു സദാചാരവിരുദ്ധമായ സ്വാധീനം വളർത്തുന്നതിനും വ്യാപിക്കുന്നതിനും അനുവദിക്കുക; (89) വകുപ്പുമേധാവികൾക്ക് യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള അനുവാദം നല്കുകയും അവരുടെ അനിയന്ത്രിതവും അനീതിപരവുമായ പ്രവർത്തികളുടെ നേർക്കു കണ്ണടയ്ക്കുകയും ചെയ്യുക തുടങ്ങിയവയാണ് 'സ്വദേശാഭിമാനി' എനിക്കെതിരെ ഉന്നയിച്ചിട്ടുള്ള ചില ആരോപണങ്ങൾ. കഠിനാദ്ധ്വാനികളും പ്രോത്സാഹനാർഹരുമായ പല കീഴ്ജീവനക്കാരെയും ഔദ്യോഗിക പകപോക്കലുകളാൽ മാത്രം സാഹസികമായും അവിരാമവുമായി നശിപ്പിക്കുകയും, ജനപ്രതിനിധികളുടെ മേൽ കുതിരകയറുകയും ചെയ്യുന്നു; (90) യാതൊരു സ്ഥിരതയുമി

ല്ലാത്തവനാണ്; (91) ചാല ലഹളക്കേസ്സ് വിസ്തരിച്ച സെഷൻസ് ജഡ്ജി മി. നാരായണമേനോന്റെ മേൽ അമിതവും അനീതിപരവുമായ സ്വാധീനം ചെലുത്തി; (92) മനസ്സാക്ഷിയില്ലാത്തവനാണ്; (93) ശങ്കരൻതമ്പിയുടെ കയ്യിൽ കളിക്കുന്ന പാവയാണ്. (94) ഉദ്ധതനും പ്രതികാരേച്ഛുവുമാണ്; (95) എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും തമ്മിലടിപ്പിക്കുന്നു (96) -ഇങ്ങനെയെല്ലാമാണ് 'സ്വദേശാഭിമാനി' എന്നെ വിശേഷിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, ഇതിനെല്ലാമുപരിയായി എന്റെ മേൽ അസാന്മാർഗ്ഗികവൃത്തിയും ആരോപിച്ചിരുന്നു. ആദ്യകാലങ്ങളിൽ വ്യംഗ്യോക്തികളിൽ കൂടിയായിരുന്നുവെങ്കിൽ, പിന്നീട് അത് പരസ്യമായും മൂടുപടം കൂടാതെയുമായി . അങ്ങനെ ആരംഭിച്ചത് 1909 ഒക്ടോബർ മാസത്തിൽ പ്രജാസഭയിലേക്ക് രാമകൃഷ്ണപിള്ളയെ തിരഞ്ഞെടുത്തത് ഡർബാർ നിഷേധിച്ചതോടുകൂടിയാണ്. ആ സംഭവത്തിനുശേഷം ആ മനുഷ്യൻ എന്നോടുമാത്രമല്ല പൊതുവേ ഭരണകൂടത്തോടുതന്നെ പൂർവ്വാധികം പാരുഷ്യമുള്ളവനായിത്തീർന്നു. തിരഞ്ഞെടുപ്പിനെയും അത് വീറ്റോ ചെയ്യാൻ ഇടയാക്കിയ സാഹചര്യങ്ങളേയും സംബന്ധിച്ച വസ്തുതകൾ ഇവിടെ വിവരിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. പഴയ ചട്ടമനുസരിച്ച് ഏതെങ്കിലും ഒരു താലൂക്കിൽ വോട്ടറാകുന്നതിനും, ഏതെങ്കിലും ഒരു താലൂക്കിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നതിനും വേണ്ട യോഗ്യതകളിൽ ഒന്ന്, ഒരു അംഗീകൃത യൂണിവേഴ്സിറ്റിയിലെ ബിരുദമുണ്ടായിരിക്കുന്നതും, അയാളുടെ സ്ഥിരവാസം ആ താലൂക്കിൽതന്നെ ആയിരിക്കുക എന്നതുമാണ്. നെയ്യാറ്റിൻകര താലൂക്കിൽ നിന്നുള്ള ഒരു മെമ്പർ ആയിട്ടായിരുന്നു രാമകൃഷ്ണപിള്ളയെ തിരഞ്ഞെടുത്തിരുന്നത്. തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് അവസാന അംഗീകാരത്തിനായി ഗവർമെന്റിന് സമർപ്പിക്കുന്നതിന് മുൻപുതന്നെ, രാമകൃഷ്ണപിള്ള അസംബ്ലിയിൽ പ്രസംഗിക്കുന്നതിന് ഉദ്ദേശിക്കുന്ന വിഷയങ്ങളെക്കുറിച്ച് ദിവാൻ പേഷ്കാർക്ക് നോട്ടീസ്സ് നല്കുകയുണ്ടായി. ഈ വിഷയങ്ങളിൽ ഒന്ന് 'ഔദ്യോഗികാഴിമതിയും ഭരണകൂടത്തിന്റെ ദുരധികാരപ്രചരണതയും' ആയിരുന്നു. ഈ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ 'ഗവർമെന്റുകാര്യങ്ങളിൽ കൊട്ടാരം ഉദ്യോഗസ്ഥന്മാരുടെ കൈകടത്തലുകൾ' എന്ന് രാമകൃഷ്ണപിള്ള പറയുന്നതും ചർച്ച ചെയ്യുന്നതാണെന്നു നിർദ്ദേശിച്ചിരുന്നു. ഇതുപോലുള്ള ഒരു കാര്യം അസംബ്ലിയിൽ ചർച്ച ചെയ്യാൻ ഞാൻ അനുവദിക്കുക എന്നത് അസംഭവ്യമാണ്. രാമകൃഷ്ണപിള്ളയുടെ ലക്ഷ്യം മഹാരാജാവു തിരുമനസ്സിലെ നാമം ചർച്ചയിൽ വലിച്ചിഴച്ചുകൊണ്ടുവരുകയും കൊട്ടാരം ഉദ്യോഗസ്ഥൻമാരുടെ സ്വാധീനവും മറ്റും മഹാരാജാവിന്റെ മേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നുവെന്ന അയാളുടെ എല്ലാ പഴയ ആരോപണങ്ങളും ഉന്നയിക്കുകയും ചെയ്യുക എന്നതു മാത്രമായിരുന്നുവെന്ന് വ്യക്തമായിരുന്നു. ഇതുപോലുള്ള ഒരുകാര്യം മഹാരാജാവിനോടുള്ള ഏറ്റവും വലിയ അനാദരവായിരിക്കുമെന്നുതന്നെയല്ല, ദിവാൻ ഗവർമെന്റിന്റെ മേധാവി ആയതിനാലും ജനങ്ങളുടെ സത്യസന്ധമായ സങ്കടങ്ങളെ ഗവർമെന്റിൽ നിവേദനം നടത്തുക എന്നതാണ് അസംബ്ലിയുടെ ഉദ്ദേശമെന്നതിനാലും ഇത് അനുവദിക്കുക എന്നത് ശുദ്ധ അസംബന്ധവുമാണ്. നടപടി പ്രകാരം ആ വിഷയം നിരോധിക്കുക എന്നതിൽനിന്നും എന്തായാലും ഞാൻ മോചിതനായി. എന്തെന്നാൽ രാമകൃഷ്ണപിള്ള നെയ്യാറ്റിൻകരയിൽ വോട്ടുചെയ്യുന്നതിനോ, അവിടെനിന്നും തിരഞ്ഞെടുക്കപ്പെടുന്നതിനോ അർഹനല്ലെന്നു കണ്ടുപിടിക്കപ്പെട്ടു. ഈ മനുഷ്യൻ താമസിച്ചിരുന്നതു നെയ്യാറ്റിൻകര താലൂക്കിൽ അല്ല; തിരുവനന്തപുരം പട്ടണത്തിൽ ആയിരുന്നു. അതുകൊണ്ട് തിരഞ്ഞെടുപ്പ് നിയമവിരുദ്ധമായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കുകയും അസംബ്ലിയിൽ ആ താലൂക്കിന്റെ പ്രാതിനിധ്യത്തിനുവേണ്ടി മറ്റ് ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്തു. ഇത് 1909 ഒക്ടോബർ 31-ാം തീയതിയായിരുന്നു. ഇതിൻഫലമായി എന്നോടുള്ള രാമകൃഷ്ണപിള്ളയുടെ മനോഭാവം അതിരൂക്ഷമായിത്തീർന്നു. ഈ വസ്തുത, അയാളുടെ തിരഞ്ഞെടുപ്പിനെ റദ്ദു ചെയ്ത

തിന്, എന്നെ ഭൽസിച്ചുകൊണ്ടും, ഇക്കാര്യത്തിൽ എന്റെ സത്യസന്ധതയെ വെല്ലുവിളിച്ചുകൊണ്ടും, (97) അസംബ്ലി ബഹിഷ്കരണത്തിന് തിരുവിതാംകൂർ ജനതയെ ആഹ്വാനം ചെയ്തുകൊണ്ടും (98) അയാൾ എഴുതിയ ലേഖനങ്ങളിൽ നിന്നു കാണാവുന്നതാണ്. മാത്രമല്ല, അയാളുടെ തിരഞ്ഞെടുപ്പ് റദ്ദാക്കിയതിന് ഗവർമെന്റിന്റേയും എന്റെയും പേരിൽ തിരുവിതാംകൂർ നടപടിച്ചട്ടമനുസരിച്ച് കേസെടുക്കുന്നതിന് നോട്ടീസ് അയക്കുകയും ചെയ്തു. ഈ സംഭവങ്ങൾ ഞാൻ വിവരിക്കുന്നത്, നിരാശയുടെ വിഷമയമായ മാർഗത്തിലൂടെ എത്രദൂരം അയാൾ സഞ്ചരിക്കാൻ തയ്യാറായി എന്നു കാണിക്കാൻവേണ്ടിമാത്രമാണ്.

11. എനിക്കു തൊട്ടുമുമ്പുവരെയുണ്ടായിരുന്ന നിരവധി ദിവാൻജിമാരെ സംബന്ധിച്ച ആരോപണങ്ങൾക്കു മറുപടി പറയേണ്ട ചുമതല എനിക്കുണ്ടെന്നു ഞാൻ കരുതുന്നില്ല. എന്റെ വിനീതമായ അഭിപ്രായത്തിൽ അവരെല്ലാവരും ബഹുമാന്യരും, അവർക്കെതിരായി നിരത്തിയിട്ടുള്ള ആരോപണങ്ങൾക്കു അവർ തികച്ചും, അനർഹരുമാണെന്നത്രേ. (രാമകൃഷ്ണപിള്ളയുടെ ആധിപത്യത്തിൽ 'സ്വദേശാഭിമാനി' പത്രം വരുന്നത്, 1906 ജനുവരിയിൽ മി. വി.പി. മാധവറാവു ഉദ്യോഗം ഒഴിഞ്ഞുപോകുന്ന കാലത്താണ്. അതുകൊണ്ട് ആക്രമണങ്ങളുടെ ഏറിയ പങ്കും മി. എസ്. ഗോപാലാചാരിയുടെയും എന്റെയും നേർക്കായിരുന്നു. എന്നാൽ ഈ സംസ്ഥാനത്തുനിന്നും വളരെ മുമ്പുതന്നെ ഉദ്യോഗമൊഴിഞ്ഞുപോയവരായ- അവരിൽതന്നെ മരിച്ചുപോയവരെപ്പോലും-ദിവാൻജിമാരെയും ചില മുൻകാല കാര്യങ്ങൾ പറഞ്ഞു നിന്ദാപാത്രങ്ങളാക്കിയിട്ടുണ്ട്.) എന്റെ കാര്യത്തിൽ, എന്റെ ഔദ്യോഗികസത്യസന്ധതയെയോ, പ്രവൃത്തിയെയോ സംബന്ധിച്ച് എന്തെങ്കിലും പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ മഹാരാജാവു തിരുമനസ്സുകൊണ്ട് കല്പിച്ചുത്തരവായ നടപടിക്ക്, നേരിട്ടു ബന്ധപ്പെട്ടതുകാരണം, 1910 സെപ്തംബർ 12-ാം തീയതിയിലെ, ഈ വിഷയം സംബന്ധിച്ച എന്റെ ഔദ്യോഗിക കുറിപ്പിൽനിന്നും ഞാൻ ഉദ്ധരിക്കട്ടെ:

"പ്രാദേശികപത്രമായ 'സ്വദേശാഭിമാനി'യിൽ ഇങ്ങനെയുള്ള ഹിംസാത്മകമായ (എന്റെ മേൽ വ്യക്തിപരമായി ദുരാരോപണം നടത്തുന്ന) ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അനുവദിച്ചാൽ, ഭരണനിർവഹണം എനിക്കു പ്രയാസമായിത്തീരുമെന്ന് ഇന്നലെ തിരുമുമ്പിൽ അടിയൻ ഉണർത്തിക്കുകയുണ്ടായി."

"ഈ പത്രത്തിന്റെ പത്രാധിപരായ കെ. രാമകൃഷ്ണപിള്ളയുടെ പൂർവകാല ചെയ്തികളെക്കുറിച്ച് അടിയൻ ഒന്നും പറയുന്നില്ല. ഒരു വ്യക്തിയെന്ന നിലയിലോ, സമർത്ഥനായ ഒരു പ്രസാധകനെന്ന നിലയിലോ കാത്തുസൂക്ഷിക്കത്തക്ക സ്വഭാവഗുണങ്ങൾ ഒന്നും ഉള്ളവനല്ല ഈ മനുഷ്യൻ. എന്നുതന്നെയല്ല, ഉപജാപവിരുതൻമാരുടെ കൈയിലെ ആയുധമായി സ്വയം തീരത്തക്കവിധം അയാൾ നിരാശനുമായിത്തീർന്നിരിക്കുന്നു. ഈ മനുഷ്യന്റെ പിന്നിൽ ചരടുവലിക്കാരായി നിലയുറപ്പിച്ചിട്ടുള്ള ആളുകളെക്കുറിച്ചുള്ള ഒട്ടേറെ സിദ്ധാന്തങ്ങൾ ഇന്നു പ്രചാരത്തിലുണ്ട്. വ്യക്തമായ തെളിവുകളില്ലാത്ത ആവക സിദ്ധാന്തങ്ങളൊന്നും തിരുമുൻപിൽ വയ്ക്കുന്നില്ല. മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ പത്രത്തിന്റെ ഒരു പതിവുവായനക്കാരനെന്ന നിലയ്ക്ക് ഈ പത്രത്തിൽ വന്നുകൊണ്ടിരിക്കുന്ന ലേഖനങ്ങളെക്കുറിച്ച്, ഇത്രമാത്രം വിദ്വേഷപരവും അസത്യജടിലവുമായ പ്രസ്താവനകൾ തിരുമനസ്സിലെ ദിവാനെക്കുറിച്ച്, ശിക്ഷാഭീതി കൂടാതെ പ്രസിദ്ധീകരിക്കുവാൻ അനുവദിക്കുന്നത് പൊതുജനനൻമയ്ക്കുവേണ്ടിയാണോ എന്ന് തിരുമനസ്സുകൊണ്ടുതന്നെ തീരുമാനിക്കേണ്ടതാണ്. ഹുസ്സൂർ ഹെഡ് ട്രാൻസ്‌ലേറ്റർ അടിയനു സമർപ്പിച്ച ആഗസ്റ്റ് 24-ഉം, 29-ഉം തീയതികളിലെ 'സ്വദേശാഭിമാനി'യിൽനിന്നുള്ള സംഗ്ര

ഹങ്ങൾ അതേപടി ഇതോടൊന്നിച്ചു സമർപ്പിക്കുന്നു.

ദിവാന് സംരക്ഷണം-ന്യായമായ സംരക്ഷണം, അതിലധികമൊന്നും അടിയൻ ആവശ്യപ്പെടുന്നില്ല-ലഭ്യമാക്കുക എന്ന പ്രശ്നം അത്യധികം പ്രാധാന്യമുള്ളതായിത്തീർന്നിരിക്കുന്നു. അതുകൊണ്ട്, തിരുമനസ്സുകൊണ്ടു നേരിട്ടുതന്നെ റസിഡന്റുമായി എഴുത്തുകുത്തിലേർപ്പെട ണമെന്നും അദ്ദേഹത്തിന്റെ സഹകരണവും സഹായവും നേടണമെന്നും ബഹുമാനപൂർവം തിരുമനസ്സിനെ ഉപദേശിക്കുവാൻ അടിയൻ ധൈര്യപ്പെടുന്നു. 'സ്വദേശാഭിമാനി' യുടെ ആക്രമണങ്ങൾ വ്യക്തിപരമായും എനിക്കെതിരായിട്ടാണെന്നതിനാൽ, മറ്റേതൊരു ഗവണ്മെന്റുദ്യോഗസ്ഥനുമെതിരായുള്ള ആക്രമണങ്ങളേയും കൈകാര്യം ചെയ്യുമ്പോഴത്തെ ആ നിഷ്പക്ഷ മനോഭാവത്തോടെ ഉപദേശിക്കാനാവാത്ത, ഏതാണ്ടൊരു നിർഭാഗ്യാവസ്ഥയിലാണു അടിയൻ. സാധാരണ നിയമങ്ങൾ അനുസരിച്ചുള്ള യോഗ്യമായ സംരക്ഷണം ലഭിക്കാൻ സാദ്ധ്യതയില്ലാത്ത, ഒരുപക്ഷേ, മഹാരാജാവു കഴിഞ്ഞാൽ മറ്റൊരു വ്യക്തി ദിവാൻ മാത്രമാണ്. 'സാധാരണ' എന്ന പദം അടിയൻ ബോധപൂർവ്വം 'തന്നെ ഉപയോഗിക്കുകയാണ്. എന്തെന്നാൽ, അടിയൻ ഒരു സ്വകാര്യവ്യക്തിയായിരുന്നുവെങ്കിൽ, ഇതുപോലുള്ള ആക്രമണങ്ങളെ അവജ്ഞയോടെ തള്ളിക്കളയാനുള്ള മനോഭാവമില്ലെങ്കിൽ ഈ അപവാദകനെ കോടതി കയറ്റുമായിരുന്നു. എങ്ങനെയായാലും, ഇന്ന് അടിയൻ വഹിക്കുന്ന സ്ഥാനം ഒരു പരാതിക്കാരനായോ, വാദിയായോ തിരുമനസ്സിലെ കോടതികളിൽ പ്രത്യക്ഷപ്പെടാൻ അടിയനു വിലക്കു കല്പിക്കുന്നു. അതുകൊണ്ട് ഈ ദ്രോഹത്തിനുള്ള പരിഹാരം എന്ത് എന്ന ചോദ്യം ഉത്ഭവിക്കുന്നു. ഈ ചോദ്യത്തിനു ഉത്തരം കണ്ടെത്തുന്നതിനു തിരുമനസ്സിനെ സഹായിക്കുന്നതിൽ മി. കാറിന്റെ ഉപദേശം വിലയേറിയതായിരിക്കുമെന്ന് അടിയൻ വിശ്വസിക്കുന്നു.''

''ഈ ആക്രമണങ്ങൾ തികച്ചും വിദ്വേഷപൂർണ്ണമാണെന്ന്, തീർത്തും പകവീട്ടലാണെന്ന് തിരുമനസ്സിലേക്ക് നന്നായിട്ടറിയാം. പൊതുവായി പറയുന്ന ദോഷാരോപണത്തെ പൊതുനിഷേധം കൊണ്ടു മാത്രമേ നേരിടാൻ പറ്റൂ. എന്നാൽ, ഭാഗ്യത്തിന് ഈ ആക്രമണങ്ങളിൽ വ്യക്തമായും നിഷേധിക്കാവുന്ന ചില പ്രത്യേക എണ്ണങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഒന്നാമത്, തിരുമനസ്സിലെ പുത്രിയുടെ വിവാഹം സംബന്ധിച്ചുള്ളതാണ്. ആ അടിയന്തിരത്തിൽ അടിയൻ സംബന്ധിച്ചതാകട്ടെ തിരുമനസ്സിൽനിന്നും, ഔദ്യോഗികമായി അതിൽ സംബന്ധിക്കണമെന്നും, അത് മംഗളമായി നടത്താൻ ശ്രദ്ധിക്കണമെന്നും ആവശ്യപ്പെട്ടതനുസരിച്ചായിരുന്നു. ആ അവസരത്തിൽ അടിയൻ എങ്ങനെ പെരുമാറിയെന്നും തിരുമനസ്സിലേക്കു ബോദ്ധ്യമുണ്ട്. എന്നിട്ട്, അടിയൻ അവിടെ ഹീനമായി പെരുമാറി എന്നു പറയുന്നു. ഈ പ്രസ്താവന എത്രകണ്ട് വ്യാജമാണെന്ന കാര്യം അറിയാനുള്ള ഉത്തമോപാധി മറ്റാരേക്കാളും തിരുമനസ്സിലേക്കുണ്ട്. രണ്ടാമത്, ജൂബിലിദിനത്തിൽ ഘോഷയാത്ര കാണുന്നതിന് ഫോർട്ടു ഗേൾസ് സ്കൂളിന്റെ ബാൽക്കണിയിൽ ഉണ്ടായിരുന്നതു സംബന്ധിച്ചാണ്. തിരുമനസ്സിലെ ചീഫ് ജസ്റ്റിസ് മി. കൃഷ്ണൻനായർ, ദിവാൻ പേഷ്കാർ മി. സുബ്രഹ്മണ്യയ്യർ തുടങ്ങിയ ഏഴെട്ട് ഉദ്യോഗസ്ഥന്മാരിൽ ഒരുവൻ മാത്രമായിരുന്നു അടിയൻ. അടിയങ്ങളോടൊപ്പം, ബാൽക്കണിയിൽ സജ്ജീകരിച്ചിരുന്ന കസേരകളിൽ ഇരുന്നിരുന്ന ഏതാനും യൂറോപ്യൻ വനിതകളും ഉണ്ടായിരുന്നു. സ്ക്രീൻവച്ച് മറച്ചിരുന്ന പ്രത്യേക സ്ഥലത്തായിരുന്നു ഹിന്ദുവനിതകൾക്ക് ഇരിപ്പിടം ഒരുക്കിയിരുന്നത്. ആ അവസരത്തിലെ അടിയന്റെ പെരുമാറ്റങ്ങൾ നിന്ദാർഹങ്ങളായിരുന്നു എന്ന പ്രസ്താവന അടിയനിൽ അത്യധികം ആശ്ചര്യമാണ് ഉളവാക്കിയത്. മുൻപു പറഞ്ഞതുപോലെ, പൊതുവായി ആക്രമണങ്ങൾ നടത്തുക എപ്പോഴും എളുപ്പമുള്ള കാര്യമാണ്. എന്നാൽ, അടിയനെ സംബന്ധിച്ചിടത്തോളം, അടിയന്റെ പൊതുജീവിതമോ, സ്വകാ

ഭൃജീവിതമോ, അടിയന്റെമേൽ ഇപ്പോൾ ആരോപിച്ചിരിക്കുന്ന അതിരൂക്ഷമായ ഭൂഷണത്തെ ന്യായീകരിക്കുന്നതായി അടിയനു തോന്നുന്നില്ല എന്നു പറഞ്ഞ് അടിയന് സ്വയം തൃപ്തിപ്പെടാം.''

12. ദിവാൻമാർക്കെതിരെയുള്ള ദുഷിച്ച ആക്രമണങ്ങൾക്കു പുറമേ, തിരുവിതാംകൂർ ഗവർമെന്റിനും എല്ലാ വിഭാഗത്തിലുംപെട്ട ഉദ്യോഗസ്ഥൻമാർക്കും എതിരായും പൊതുവിൽ ഒട്ടനവധി ആരോപണങ്ങളും 'സ്വദേശാഭിമാനി' നടത്തിയിരുന്നു. 'സ്വദേശാഭിമാനി'യുടെ അഭിപ്രായത്തിൽ, ഗവർമെന്റ് ഉദ്യോഗസ്ഥന്മാർ പൊതുവേ അഴിമതിക്കാരാണ്. (99) തിരുവിതാംകൂർ ഭരണകോയ്മയുടെ കുലദൈവംതന്നെ അധർമം ആയിരിക്കുന്നു. (100) ഉദ്യോഗനിയമനങ്ങൾ പൊതുവെ വില്പനച്ചരക്കായിരിക്കുന്നു; (101) ഗവർമെന്റ്, കൊട്ടാരംസേവകരുടെ കൊള്ളകളെയും തോന്ന്യാസങ്ങളെയും, പ്രോത്സാഹിപ്പിക്കാനും സഹായിക്കാനും പണം ചിലവുചെയ്യുന്നു; (102) കൊട്ടാരംസേവകരുടെ പണക്കൊതിയുടേയും അനീതിയുടേയും അസ്ഥിവാരത്തിലാണ് ഭരണം നിലകൊള്ളുന്നത്. മാത്രമല്ല, നിരവധി ഉദ്യോഗസ്ഥർ അസന്മാർഗ്ഗികളുമാണ്; (103) സ്വഹിതൈഷിയും പൊതുധനം ധൂർത്തടിക്കുന്നതുമാണ് ഗവർമെന്റ്; (104) മേലധികാരികളുടെ കൗടില്യം, അനീതി തുടങ്ങിയവകളാൽ കീഴ്ജീവനക്കാർ ആത്മവിശ്വാസമില്ലാത്തവരായിത്തീർന്നിരിക്കുന്നു. (105) ലിസ്റ്റിൽപ്പെടുത്താവുന്ന അനേകം കൊള്ളക്കാർ മേലേക്കിടയിലുള്ള ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ഉണ്ട്; അവർ കൊള്ളയും കൊലയും നിർബാധം തുടരുകയും ചെയ്യുന്നു; ഇതിനു നിദാനം ധർമരാജ്യത്തെ സേവക സമ്പ്രദായം പിടിച്ചടക്കുകയും, ചില രാഷ്ട്രീയ 'ജ്യോതിസ്സു' കളുടെ ദുഷ്കർമങ്ങളെ വെള്ള പൂശുന്നതിൽ ഗവർമെന്റ് ഒതുങ്ങിക്കൂടുകയും ചെയ്തിരിക്കുന്നതുകൊണ്ടാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു; (106) ചില മുഖ്യ ഉദ്യോഗസ്ഥൻമാർ സഞ്ചാരപ്പടിക്കുള്ള കള്ള ബില്ലുകൾ അയക്കുന്നു; (107) ഉദ്യോഗമണ്ഡലം പൊതുവിൽ അഴിമതിയുടേയും അസാൻമാർഗ്ഗിക പ്രവർത്തിയുടേയും കൂത്തരങ്ങായിത്തീർന്നിരിക്കുന്നു; (108) കൊട്ടാരംസേവകരുടെ ഇടപെടൽകൊണ്ടു ഭരണം ദുഷിച്ചിരിക്കുന്നു; (109) എല്ലാ ആളുകളിലും നിയമം ഒന്നുപോലെ നടപ്പാക്കാൻ ഇന്നത്തെ മഹാരാജാവിന്റെ കീഴിൽ ദിവാൻജിമാർക്കു ധൈര്യമില്ല; (110) ഗവർമെന്റ് ഉദ്യോഗസ്ഥൻമാർ കൊട്ടാരം സേവകരുടെ അടിമകളാണ്; (111) എഡ്യുക്കേഷൻ കോഡിന്റെ നയം അനർഥകരവും ദുഷ്ഫലങ്ങളുളവാക്കുന്നതുമാണ്; (112) റൗഡിത്തരങ്ങൾ അടിച്ചമർത്താൻ ശക്തിയില്ലാത്ത ഗവർമെന്റാണ്; (113) അനാവശ്യ സംഭരണങ്ങൾക്കും, സംസ്ഥാനാതിഥികൾക്ക് അനർഹങ്ങളായ സ്വീകരണങ്ങൾ നല്കിയും ഗവർമെന്റ് പണം ദുർവ്യയം ചെയ്യുന്നു. (114) ഉദ്യോഗസ്ഥൻമാർ അഴിമതിക്കാരും അസൻമാർഗ്ഗികളുമാണ്. (115) അങ്ങനെ പലതും തുടർന്നു പ്രസ്താവിച്ചിരിക്കുന്നു.

13. 'സ്വദേശാഭിമാനി', തിരുവിതാംകൂറിലെ ഉദ്യോഗസ്ഥൻമാർക്കെതിരെ സാമാന്യമായ ആക്രമണങ്ങൾ നടത്തുന്നതുകൊണ്ട് തൃപ്തിപ്പെടുന്നില്ല. പല ഉദ്യോഗസ്ഥൻമാരെയും പേരെടുത്തുപറഞ്ഞ് വിശദാംശങ്ങളിലേക്കു കടന്ന് ആക്രമിക്കുന്നു.

സീനിയർ ദിവാൻപേഷ്കാർ മി. എസ്. പത്മനാഭയ്യർ, 'സ്വദേശാഭിമാനി'യുടെ അഭിപ്രായത്തിൽ, ഏറ്റവുമധികം കുറ്റം ചുമത്തപ്പെടേണ്ടവരായ ഉദ്യോഗസ്ഥൻമാരിൽ ഒരാളാണ്. കുറ്റം ചുമത്തിയിരിക്കുന്നതോ, ഭയങ്കരമായ അനീതിക്കും, നീചമായ സ്വാർഥതയ്ക്കും. 'സ്വദേശാഭിമാനി' ഇങ്ങനെ തുടരുന്നു; വിവിധ ഡിപ്പാർട്ടുമെന്റുകളിലെ അദ്ദേഹത്തിന്റെ ഔദ്യോഗിക ദ്രോഹങ്ങൾ സ്ഥാപിക്കുന്നതിന് വസ്തുതകളും കണക്കുകളും എത്ര വേണമെങ്കിലും സമാഹരിക്കാൻ കഴിയും; (116) സംസ്ഥാന ഉദ്യോഗസ്ഥ മേധാവിത്വമണ്ഡലത്തെ ഞെട്ടിപ്പിക്കുമാറു കുപ്രസിദ്ധരായവരുടെ കൂട്ടത്തിലെ ഒരുവനാണ്; (117) ഔദ്യോഗികസ്ഥാനം ദുർവിനിയോഗപ്പെടുത്തി; പബ്ലിക് റവന്യൂവിൽ അപഹരണം നടത്തി. (118) എന്നാൽ

മി. പത്മനാഭയ്യർ, സംസ്ഥാനത്തിനുവേണ്ടി പല ഔദ്യോഗികപദവികളും വഹിച്ച് ഉത്തമങ്ങളായ പല ജോലികളും നിർവഹിച്ച മാന്യനും, 'സ്വദേശാഭിമാനി' അദ്ദേഹത്തിന്റെ മേൽ തുന്നിപ്പിടിപ്പിക്കാൻ ശ്രമിക്കുന്ന സർട്ടിഫിക്കേറ്റുകൾ തീർത്തും അർഹിക്കാത്തയാളും, കഴിവുറ്റ ഒരുദ്യോഗസ്ഥനുമാണ് എന്നു ഞാൻ കൂട്ടിച്ചേർക്കേണ്ടതില്ല. 'സ്വദേശാഭിമാനി'യുടെ ആക്രമണത്തിനു വിധേയനായ അടുത്ത ഉദ്യോഗസ്ഥൻ രണ്ടു പ്രാവശ്യം സെൻസ്സസ് കമ്മീഷണറായി സേവനമനുഷ്ഠിച്ചയാളും തന്റെ ഉണ്മയും കഴിയും തെളിയിച്ച മനുഷ്യനുമായ ദിവാൻ പേഷ്കാർ മി. എൻ. സുബ്രഹ്മണ്യയ്യരാണ്. ഈ ഉദ്യോഗസ്ഥനെ സംബന്ധിച്ച 'സ്വദേശാഭിമാനി'യുടെ അഭിപ്രായം ഇതാണ്: മനസ്സാക്ഷിയില്ലാത്തവൻ; (119) സത്യമോ നീതിയോ നാണമോ ഇല്ലാത്തവനും കൈക്കൂലി കൊടുത്ത് ഉദ്യോഗം നേടിയവനുമായ അധർമചാരി; ജോലി ചെയ്യാത്തവൻ; (120) സ്വന്തം ജാതിക്കാരോട് പക്ഷപാതം കാണിക്കുന്നവൻ; (121) മരിച്ചുപോയ രണ്ടു പേഷ്കാരന്മാരെയും 'സ്വദേശാഭിമാനി' ആക്രമണത്തിൽനിന്നും ഒഴിവാക്കിയിട്ടില്ല. ഞാൻ ഇവ എടുത്തുപറയുന്നത് 'സ്വദേശാഭിമാനി'യുടെ ആക്രമണങ്ങൾ എത്ര കണ്ടു നാനാവിധമാണെന്നു കാണിക്കാൻവേണ്ടി മാത്രമാണ്. ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്ന കാര്യങ്ങളിൽ നീതി പാലിക്കാത്തവൻ; (122) പക്ഷപാതി; കൊട്ടാരംസേവകരുടെ സ്വാധീനത്തിൽ കഴിയുന്നവൻ (123) എന്നിങ്ങനെയാണ് ദിവാൻ പേഷ്കാർ കേശവപിള്ളയുടെമേൽ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ. ദിവാൻ പേഷ്കാർ മി. ശങ്കരപിള്ളയിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾ ജോലിയിൽ അശ്രദ്ധയും (124) പക്ഷപാതിത്വവുമാണ്. (125) ഈ രണ്ടു മാന്യൻമാരെയും എനിക്ക് നേരിട്ടറിയാം. ഈ അക്രമങ്ങൾക്ക് അർഹരാകത്തക്കവിധം അവർ യാതൊന്നുംതന്നെ ചെയ്തിട്ടില്ലെന്നു പറയാൻ എനിക്കശേഷം മടിയില്ല. ഒട്ടും അയവില്ലാത്തവരും നിഷ്പക്ഷമതികളുമായ നമ്മുടെ ആഫീസർമാരിൽ ഒരുവനായിരുന്നു മി. ശങ്കരപിള്ള. എന്നിട്ടും 'സ്വദേശാഭിമാനി'യുടെ അഭിപ്രായത്തിൽ അദ്ദേഹം പക്ഷപാതം കാണിക്കുന്ന ഒരുവനാണ്. ഗവർമെന്റു സെക്രട്ടറി മി. എ.ജെ. വെയറായെ ചിത്രീകരിച്ചിരിക്കുന്നത് കൊട്ടാരംസേവകരുടെ ആശ്രിതനും ഉദ്യോഗനിയമനത്തിന്റെയും പ്രൊമോഷൻ കൊടുക്കുന്നതിന്റെയും കാര്യത്തിൽ അനീതിക്കാരനുമായിട്ടാണ്. (126) ഫിനാൻഷ്യൽ സെക്രട്ടറി മി. രത്നമയ്യർ, കഴിവില്ലാത്തവനും (127) ഗവർമെന്റിനോടു വഞ്ചന കാണിക്കുന്നവനും (128) ഉറ്റവരോടും ഉടയവരോടും പക്ഷപാതിയും (129) ആണെന്നു പറഞ്ഞിരിക്കുന്നു. സീനിയർ അണ്ടർ സെക്രട്ടറി രാജരാജവർമ ഉദ്യോഗനിയമനങ്ങളിൽ നീതി പുലർത്താത്തവനും (130) തോന്ന്യവാസിയും (131) പക്ഷപാതിയുമാണ്. മാത്രമല്ല, ബ്രാഹ്മണരോട് പ്രത്യേകിച്ചും ഒരു ചായ്‌വും അതിൽ ന്യായം കാണുന്നവനും കൊട്ടാരംസേവകരുമായി അടുപ്പമുള്ളവനും (132) ആണെന്നും ആരോപണം ഉന്നയിച്ചിരിക്കുന്നു. പൊതുധനം അപഹരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ പേരിൽ ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നു. (133) ശ്രീമാൻമാരായ വെയറായും രത്നമയ്യങ്കാരും രാജരാജവർമയും തീർത്തും നല്ല ആഫീസർമാർ തന്നെയാണ്.

14. 'ചാല ലഹളക്കേസ്' എന്നറിയപ്പെടുന്ന കേസിൽ ലഹളക്കാരെ വിസ്തരിക്കുകയും ശിക്ഷിക്കുകയും ചെയ്ത, സെഷൻസ് ജഡ്ജിയായിരുന്ന മി. കെ. നാരായണമേനോനെതിരായ ആക്രമണങ്ങളെക്കുറിച്ചു പ്രതിപാദിക്കാൻ ഞാൻ ഒരു പ്രത്യേകം ഖണ്ഡികതന്നെ ഉപയോഗിക്കട്ടെ. ആ കേസ് പ്രമാദമാക്കിത്തീർക്കുന്നതിൽ 'സ്വദേശാഭിമാനി' ഏതാണ്ട് ഒരു പ്രധാന പങ്കുതന്നെ വഹിക്കുകയുണ്ടായി. ലഹളയുണ്ടായ ഉടൻതന്നെ 'സ്വദേശാഭിമാനി' പൂർണമായും അതിൽ ചാടിവീണു. പൊലീസിനും അധികാരത്തിലുള്ള സകലർക്കും എതിരായി ക്രൂരമായ ഒരു ആക്രമണപരമ്പര തന്നെ ആരംഭിക്കുകയും ചെയ്തു. ഈ ആക്രമണങ്ങൾ അഴിച്ചുവിട്ടതു കേസന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോഴാണ്. ആ കേസ് അവസാനിച്ചത്, സെഷൻസ് ജഡ്ജി മി. നാരായണമേനോന്റെ കയ്യിൽനിന്നുള്ള ശിക്ഷ

യോടുകൂടിയുമായിരുന്നു. 'സ്വദേശാഭിമാനി'ക്ക് തീർത്തും അപ്രിയനുമായിരുന്നു ആ ഉദ്യോഗസ്ഥൻ. ചാല ലഹളക്കേസിൽ പ്രോസിക്യൂഷൻ ഭാഗത്തോടു പക്ഷപാതിയായിരുന്നുവെന്നും, പ്രതികാരേച്ഛയോടെ ശിക്ഷിച്ചുവെന്നും, (134) മി. നാരായണമേനോനെ 'സ്വദേശാഭിമാനി' കുറ്റപ്പെടുത്തി. കേസിന്റെ തുടക്കം മുതൽതന്നെ നിർദ്ദോഷികളെ ശിക്ഷിക്കണമെന്ന് അദ്ദേഹത്തിന് കടുത്ത നിർബന്ധമുണ്ടായിരുന്നുവെന്ന് പറഞ്ഞിരിക്കുന്നു. മാത്രമല്ല, കാരണമുണ്ടായാലും ഇല്ലെങ്കിലും കെട്ടിച്ചമച്ച ഈ കേസിൽ അദ്ദേഹത്തേക്കാളുമല്ലെങ്കിലും അദ്ദേഹത്തെപ്പോലെതന്നെ മാന്യൻമാരായവരെ ജയിലിൽ അയയ്ക്കുന്നതിനുവേണ്ട തെളിവുകൾ അദ്ദേഹം കണ്ടെത്തുകയും അധികാരത്തിലിരിക്കുന്നവരുടെ ചാപല്യങ്ങൾക്കും പക്ഷപാതങ്ങൾക്കും സ്വയം പണയംവയ്ക്കുകയും ചെയ്തു. (135) മനുഷ്യരോട് അനുകമ്പയില്ലാത്തവനും, നിർമ്മര്യാദമായ ക്രൂരതയുടെ നിർദാക്ഷിണ്യശക്തിയാൽ പ്രചോദിതനും, (136) നട്ടെല്ലില്ലാത്ത സെഷൻസ് ജഡ്ജിയും (137) മറ്റുമാണെന്നും അദ്ദേഹത്തെ വിശേഷിപ്പിച്ചു. മി. നാരായണമേനോൻ നമ്മുടെ ഏറ്റവും നല്ല ആഫീസർമാരിൽ ഒരുവനാണെന്നുമാത്രമേ എനിക്കു പറയാനുള്ളു. അദ്ദേഹം ഒരു നല്ല ജുഡീഷ്യൽ ആഫീസർ ആയിരുന്നു. ഇപ്പോൾ ഒരു നല്ല എക്സിക്യൂട്ടീവ് ആഫീസറുമാണ്.

15. പല ഡിപ്പാർട്ടുമെന്റുകളിലെയും ഉയർന്നവരും താണവരുമായ ഒട്ടേറെ ആഫീസർമാരുടെ നേർക്കും 'സ്വദേശാഭിമാനി' ആക്രമണം നടത്തിയിട്ടുണ്ട്. ഉദാഹരണത്തിന് മരിച്ചുപോയ എക്സൈസ് കമ്മീഷണർ ടി. പൊന്നമ്പലംപിള്ള, (138) വിദ്യാഭ്യാസ സിക്രട്ടറി പി.അയ്യപ്പൻപിള്ള എന്നിവരും (139) അഞ്ചൽ സൂപ്രേണ്ടുമാരായിരുന്ന തിരവിയം പിള്ള (140) വർക്കി എന്നിവരും, (141) പ്രസ്സ് സൂപ്രേണ്ടായിരിക്കുന്ന രാമൻപിള്ള; (142) രജിസ്ട്രേഷൻ ഡയറക്ടർ രാമൻപിള്ള എന്നിവരും; (143) മരിച്ചുപോയ പൊലീസ് സൂപ്രണ്ട് മി. ബൻസ്‌ലി, (144) സർവേ സൂപ്രണ്ട് കൃഷ്ണറാവു എന്നിവരും, (145) ജയിൽ സൂപ്രണ്ടായ സിന്നി. (146) അസിസ്റ്റന്റു ഫോറസ്റ്റ് കൺസർവേറ്റൻമാരായ ഡിക്രൂസ് (147) ഹരിഹരയ്യർ, (148) എന്നിവരും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരായ ഹുഗ് വർപ് (149) രാജാരത്നായിക്ക് എന്നിവരും (150) പൊലീസ് അസിസ്റ്റന്റ് സൂപ്രേണ്ടുമാരായ ഹുഗ് വർഫ് (151) ഗല്ലിയോട്ട് (152) സ്വാമിനാഥ ശാസ്ത്രി എന്നിവരും, (153) ഒട്ടേറെ തഹസിൽദാർമാരും, പൊലീസ് ഇൻസ്പെക്ടർമാരും, മജിസ്ട്രേട്ടുമാരും, ഡിസ്ട്രിക്ട് മുൻസിഫമാരും മറ്റും ഈ പത്രത്തിന്റെ ആക്രമണത്തിനിരയായവരാണ്.

16. തിരുവിതാംകൂർ സർവീസിൽ പ്രവേശിക്കുന്നതിനുമുമ്പുപോലും തിരുവിതാംകൂർ ഗവണ്മെന്റ് ഉദ്യോഗസ്ഥൻമാരെ 'സ്വദേശാഭിമാനി' ആക്രമിച്ചിട്ടുണ്ട്. ഉദാഹരണത്തിനു ചീഫ് ജസ്റ്റീസ് മി. എം. കൃഷ്ണൻനായരെക്കുറിച്ച്, അദ്ദേഹം ഇവിടേക്കു വരുന്ന സന്ദർഭത്തിൽ, ഇവിടത്തെ ചീഫ് ജസ്റ്റീസ് ഉദ്യോഗം സ്വീകരിക്കുന്നത് അദ്ദേഹത്തിന്റെ പ്രശസ്തിയെ തകർക്കുമെന്നും, അദ്ദേഹത്തിന്റെ നിയമനം കൊട്ടാരംസേവകർക്കു ജുഡീഷ്യറിയെക്കൂടി നിയന്ത്രിക്കുവാൻ കഴിവുണ്ടാക്കുമെന്നും കുത്തിപ്പറയുകയുണ്ടായി. (154) ചീഫ് ജസ്റ്റീസ് ഉദ്യോഗം സ്വീകരിച്ചതിലൂടെ അദ്ദേഹം തന്റെ സ്വഭാവഗുണം കളഞ്ഞുകുളിച്ചുവെന്നു പഴിച്ചു.(155)

17. ഒട്ടേറെ ഡിപ്പാർട്ടുമെന്റുകളിലെ ഉയർന്നവരും താഴ്ന്നവരുമായ ഗവർമെന്റുദ്യോഗസ്ഥൻമാർക്ക് എതിരായി (പരക്കെ അറിയപ്പെടുന്ന ഏതാനും പേർ ഒഴിച്ച്) 'സ്വദേശാഭിമാനി' അവിരാമം തുടർന്നുപോന്ന കുരിശുയുദ്ധം ഉദ്യോഗസ്ഥലോകത്തിന്റെ ആത്മധൈര്യം കെടുത്താൻ തുടങ്ങി. ഇതിന്റെ ഫലങ്ങളിൽ ഒന്ന്, 'സ്വദേശാഭിമാനി'യെ എങ്ങനെയും പ്രസാദിപ്പിക്കണമെന്ന ധാരണയുടെ ആവിർഭാവമായിരുന്നു. ഇതിലും ഗൗരവമേറിയതായിരുന്നു, രാമകൃഷ്ണപിള്ള, ഫലത്തിൽ നിയമത്തിനുമേലെ തന്നെ

സ്വയം പ്രതിഷ്ഠിച്ചു എന്നതും. ഇതിനു ശ്രദ്ധേയമായ തെളിവായിട്ട്, അയാൾക്കെതിരെ കൊടുത്ത രണ്ടു മാനനഷ്ടക്കേസുകൾ തീരുമാനിക്കാൻ കഴിഞ്ഞിട്ടില്ല എന്നതിന്റെ സാഹചര്യങ്ങളെക്കാൾ കൂടുതലായിട്ടൊന്നും ആവശ്യമില്ല. 1907 സെപ്തംബറിലും ഒക്ടോബറിലുമായിരുന്നു അന്യായങ്ങൾ ഫയൽ ചെയ്തത്, 1910 സെപ്തംബർ വരെ ഈ കേസ്സുകൾ തീർപ്പുചെയ്യാതെ കിടന്നിരുന്നു. ഈ മനുഷ്യനെ നാടുകടത്തിയിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അവസാനം കേസ്സുകൾ ഫയലിൽനിന്നും നീക്കം ചെയ്തു. ഈ മനുഷ്യനെതിരായി ഈ സംസ്ഥാനത്തിൽ ആരും കേസ്സു കൊടുക്കുകയില്ല. വിദ്യാർത്ഥിലോകത്തിനും ആത്മധൈര്യമില്ലാത്തതായിരിക്കുന്നു. തിരുവിതാംകൂറിലെ വിദ്യാർത്ഥിലോകത്തിന്റെ കണ്ണിൽ ഒരുതരം വീരപുരുഷനായിക്കഴിഞ്ഞിരിക്കുന്നു ഇയാൾ. ഇക്കാര്യങ്ങളെല്ലാം ഞാൻ കുറിക്കുന്നത്, ഇവയെല്ലാം രേഖപ്പെടുത്തിവെയ്ക്കേണ്ടത് ആവശ്യമാണെന്നതുകൊണ്ടു മാത്രമാണ്. 'സ്വദേശാഭിമാനി' പത്രം നിരോധിക്കുകയും അതിന്റെ മാനേജിംഗ് പ്രൊപ്രൈറ്ററെ അറസ്റ്റുചെയ്തു നാടുകടത്തുകയും ചെയ്തപ്പോഴത്തെ യഥാർഥസ്ഥിതി എന്തായിരുന്നു എന്ന് ഡർബാർ വ്യക്തമായും അറിയണം.

18. 'സ്വദേശാഭിമാനി'യുടെ എഴുത്തുകൾക്കെതിരായി തിരുവിതാംകൂറിലെ മറ്റു ചില പത്രങ്ങൾ ശബ്ദമുയർത്തുകതന്നെ ചെയ്തു എന്നു പറയേണ്ടിയിരിക്കുന്നു. കർക്കശമായ ഒരു പത്രനിയമം ഏർപ്പെടുത്തുന്നതിനു രാമകൃഷ്ണപിള്ള ഗവർമെന്റിനെ നിർബന്ധിതമാക്കുന്നുവെന്നായിരുന്നു ആ പത്രങ്ങളുടെ താക്കീത്. ഇങ്ങനെ താക്കീതു ചെയ്ത പത്രങ്ങളെ ശക്തിയായി ആക്രമിക്കുകയും അവസാനം 'സ്വദേശാഭിമാനി' ഫലത്തിൽ രംഗം പിടിച്ചെടുക്കുകയും ചെയ്തു. അതുകൊണ്ടും നിന്നില്ല. പത്രനിയമത്തിന്റെ ഒരു കാർട്ടൂൺ പ്രസിദ്ധീകരിച്ചതിലൂടെ (156) ആ വസ്തുതയെ ഒന്നോടെ 'സ്വദേശാഭിമാനി' പരിഹസിക്കുകയും അതിലൂടെ ഗവർമെന്റിനേയും മഹാരാജാവിനെയും ദിവാനെയും മറ്റും വീണ്ടും ആക്രമിക്കുകയും ചെയ്തു.

19. ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നതിനുമുമ്പ്, മഹാരാജാവിനും അവിടുത്തെ ഗവർമെന്റിനും, അവിടുത്തെ കാലത്ത് ഇവിടെ ഭരണസാരഥ്യം വഹിച്ചിരുന്ന ദിവാൻജിമാർക്കും, ഡർബാറിന്റെ മറ്റുദ്യോഗസ്ഥൻമാർക്കും എതിരേ 'സ്വദേശാഭിമാനി' ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ, ഒരു ചെറുസംഘം വെച്ചു പുലർത്തിപ്പോന്നതും, മഹാരാജാവു ഭരണമേറ്റകാലം തൊട്ടേ വളർന്നുവന്നിട്ടുള്ളതും, മഹാരാജാവിന്റെ നേർക്ക്, ആഴത്തിൽ വേരോടിയിട്ടുള്ളതും വിടാപ്പിടിയായിട്ടുള്ളതുമായ ആ എതിർപ്പിന്റെ ഒരു തുടർച്ച മാത്രമാണ് എന്ന എന്റെ അഭിപ്രായം രേഖപ്പെടുത്താൻ ഞാൻ മടിച്ചുകൂടെന്നു കരുതുന്നു. എതിർപ്പിന്റെ ആ പ്രഭവം വ്യത്യസ്തകാലങ്ങളിൽ വ്യത്യസ്തങ്ങളായ രൂപഭാവങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. തിരുവിതാംകൂറിലെ ആഭ്യന്തര പ്രവർത്തനവുമായി ഉറ്റ പരിചയമില്ലാത്ത ഒരുവന്, യഥാർത്ഥത്തിൽ ഈ കാലഘട്ടത്തിൽ വ്യക്തമായിരുന്ന ഒരു വികാരമായിരുന്നു അതെന്നു മനസ്സിലാക്കുക പ്രയാസമായിരിക്കും. ദിവാൻ മി. രാമറാവുവിന്റെ ഉദ്യോഗത്തിന്റെ പ്രാരംഭകാലത്ത് സംസ്ഥാനത്തെ സർക്കാർ സർവീസിൽ ഉയർന്ന തസ്തികകളിൽ നായന്മാർ താരതമ്യേന കുറവായിരുന്നു. ആ കുറവ് ഉയർത്തിപ്പിടിച്ചുകൊണ്ട്, ബ്രാഹ്മണമേധാവിത്വത്തിനെതിരായ പ്രക്ഷോഭണം എന്ന ഭാവത്തിൽ മഹാരാജാവിനും അന്നത്തെ ദിവാനും എതിരായി ആക്രമണം ആസൂത്രണം ചെയ്തു. കൊണ്ണിമറാ പ്രഭു തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ, പ്രഭു രാജ്യത്തിനുള്ളിൽ കാലുകുത്തിയ സമയം മുതൽ, മഹാരാജാവിനും അവിടുത്തെ ദിവാനുമെതിരായി വിദ്വേഷപൂർണ്ണവും അപകീർത്തികരവുമായ ലഘുലേഖാപ്രളയംതന്നെ സൃഷ്ടിക്കുകയുണ്ടായി. 'ആക്രമണങ്ങൾക്കായി തിരുവിതാംകൂർ പത്രങ്ങളെ പര

സ്യമായി ഉപയോഗിക്കുന്നതു സുരക്ഷിതമല്ലെന്നു ദീർഘകാലമായി കരുതപ്പെട്ടിരുന്നു. അതുകൊണ്ടാണ് മദ്രാസ് പത്രങ്ങളെ ഉപയോഗപ്പെടുത്തിയിരുന്നതെന്നും ഞാൻ വിശ്വസിക്കുന്നു.' അനന്തരം മി. ശങ്കരസുബ്ബയ്യരുടെ സമർത്ഥമായ ഭരണകാലത്ത് തിരുവിതാംകൂർ പബ്ലിക് സർവീസിൽ വിദ്യാഭ്യാസമുള്ള നായന്മാരെ നിയമിച്ച് നായർ സമുദായത്തെ അനുരഞ്ജിപ്പിക്കുന്നതിനു ബോധപൂർവമായ ശ്രമം ഡർബാർ നടത്തുകയുണ്ടായി. മി. ശങ്കരസുബ്ബയ്യർ റിട്ടയർ ചെയ്യുന്നതിനുമുമ്പുതന്നെ അസംതൃപ്തരുടെ പാർട്ടി, ഹിതൈഷിയും ക്ഷിപ്രവിശ്വാസിയുമായിരുന്ന ഇളയരാജാവിന്റെ പിന്നിൽ അണിനിരക്കാനുള്ള ഒരു പഴുതു കണ്ടു. മഹാരാജാവിന്റെ നേർക്കുള്ള ഒരുതരം എതിർപ്പിന്റെ നേതാവായി അദ്ദേഹത്തെ അവർ ഉപയോഗിച്ചു. ഇപ്പോഴത്തെ സീനിയറും ജൂനിയറും രാജ്ഞിമാരെ ദത്തെടുക്കുന്ന കാര്യം നിർദ്ദേശിച്ച അവസരത്തിൽ അതിനെ എതിർക്കുവാൻ ഇളയരാജാവിനെ ഉപയോഗിക്കുന്നിടത്തോളം അത് എത്തുകയും ചെയ്തു. അല്പനാളുകൾക്കു ശേഷം ഇളയരാജാവു നാടുനീങ്ങിയ അവസരത്തിൽ, രാജകുമാരനു വിഷം കൊടുത്തതാണെന്നും (157) മറ്റും വരത്തക്കവിധത്തിൽ ദുഷിച്ച ആരോപണങ്ങളും നടത്തുകയുണ്ടായി. മി. കൃഷ്ണസ്വാമിറാവുവിന്റെ കാലത്ത് കൊട്ടാരത്തിൽ നടന്നതും, ആ ദിവാന്റെ സൂക്ഷ്മമായ അന്വേഷണത്തിൽ സ്വാഭാവികമായ സംഭവിച്ചതെന്നു തെളിഞ്ഞതുമായ ഒരു മരണത്തെ കുറിച്ചുള്ള ആരോപണം ഒരു മുദ്രാവാക്യമായി പ്രയോജനപ്പെടുത്തുകയും ആ മരണം കൊലപാതകമാണെന്നു സ്ഥാപിക്കുകയും ചെയ്തു. (158) ആ പഴയ കുഴപ്പങ്ങളുടെ ഒരു തുടർച്ച മാത്രമാണ് 'സ്വദേശാഭിമാനി' എന്ന് മിക്കവാറും അതിന്റെ തുടക്കം മുതൽതന്നെ ഈ രാജ്യത്തെ പലർക്കും അറിയാമായിരുന്നെന്നും ഞാൻ വിശ്വസിക്കുന്നു. 'പാറപ്പുറം' എന്ന പേരിൽ അജ്ഞാതനാമാവിന്റേതായ ഒരു അപഹാസ്യ നോവൽ പ്രസിദ്ധീകരിക്കാനും അങ്ങനെ രാജ്യത്തിന്റെ ഭരണക്രമത്തെ അവഹേളിക്കാനുമുള്ള ശ്രമത്തിലും രാമകൃഷ്ണപിള്ള നേതൃത്വപരമായ ഒരു പങ്ക് വഹിച്ചതായി എന്നോടു പലരും പറഞ്ഞിട്ടുണ്ട്. 1910-ന്റെ ആരംഭത്തിൽ, മഹാരാജാവു തിരുമനസ്സിലെ പുത്രിയുടെ വിവാഹാവസരത്തിൽ, വിവാഹഗൃഹത്തിൽ നിന്നും ഉണ്ണരുതെന്ന പ്രേരണ (159) വിജയിച്ചില്ലെങ്കിലും, നായർ സമുദായമദ്ധ്യത്തിൽ പ്രക്ഷോഭം ഇളക്കി വിടുന്ന ശ്രമത്തിൽ 'സ്വദേശാഭിമാനി' സജീവമായ ഒരു പങ്കുവഹിക്കുകയുണ്ടായി. ഈ വസ്തുതകളെല്ലാം ഞാൻ പറയുന്നത്, ഒന്നാമത്, 1910-ൽ ഡർബാറിനു കൈകാര്യം ചെയ്യേണ്ടിവന്ന ആ എതിർപ്പ് പഴയ ഒന്നായിരുന്നുവെന്നും, രണ്ടാമത് അതിന്റെ വഴികൾ എന്നും തത്ത്വദീക്ഷയില്ലാത്തവ ആയിരുന്നുവെന്നും, മൂന്നാമത് അകാലികശിക്ഷയാണ് നൽകിയത് എന്ന തെറ്റിലേക്ക്, ഒരിക്കലും വഴുതിപ്പോയിട്ടില്ലെന്നും വെളിവാക്കാൻവേണ്ടിയാണ്. ഇത്രയധികം ഉദ്യോഗസ്ഥൻമാരെ-അവരിൽ കൂടുതലാളുകളും സംശയരഹിതമായും നല്ലവരാണ്-ക്രൂരമായ ആക്രമണങ്ങൾക്കു വിധേയരാക്കിയപ്പോൾ മറ്റു ചിലരെക്കുറിച്ച്-അവരിൽ പലരും സംശയരഹിതമായും തീരെ കൊള്ളരുതാത്തവരുമാണ്-ഒരക്ഷരവും പറയാതിരിക്കുവാൻ ശ്രദ്ധിച്ചിരുന്നുവെന്നത് പ്രത്യേകം ഗൗനിക്കപ്പെടേണ്ടതാണ്. ഇവരുടെ പേരുകൾതന്നെ വസ്തുതകൾ തിരുമനസ്സിലേക്കു വെളിവാക്കിത്തരുമെന്നുള്ളതുകൊണ്ട് അവരുടെ പേരുകൾ ഞാൻ ഇവിടെ പ്രത്യേകം എടുത്തുപറയുന്നില്ല. 'സ്വദേശാഭിമാനി'യുടെ ആക്രമണത്തിനു വിധേയരാകാത്ത ഉദ്യോഗസ്ഥൻമാരെല്ലാവരും ആ പത്രത്തോട് അനുകമ്പയുള്ളവരോ അതിലെ പ്രതിപാദനങ്ങളെ അഭിനന്ദിക്കുന്നവരോ അല്ലതന്നെ. എന്നാൽ അവരിൽ ചിലരെങ്കിലും 'സ്വദേശാഭിമാനി' മുഖപത്രമായിരുന്ന പാർട്ടിയിലെ അംഗങ്ങളാണെന്ന് പൊതുജനങ്ങൾ കരുതിയിരുന്നുവെന്നത് കുപ്രസിദ്ധവുമാണ്. എണ്ണത്തിൽ കുറവുള്ളവരും, 1910-സെപ്തംബറിലെ ഏതാണ്ടു കർക്കശമായ നടപടിയിൽ ഞെട്ടിപ്പോയവരുമായ ഈ പാർട്ടിക്കാർ യാതൊരുവിധത്തിലും ഇന്നും നിർജീവമല്ല. ഡർബാർ എന്തെങ്കിലും കുറ്റമോ കുറമോ പ്രവർത്തനത്തിൽ വരുത്തിയാൽ ആ

നിമിഷം ഈ എതിർപ്പ് പുനരുജ്ജീവിക്കും. എത്രതന്നെ നിസ്സാരമാണെങ്കിലും ഏതൊരു ചെറിയ സംഭവത്തെയും, അണിനിരക്കാനും അണിനിരത്താനുമുള്ള ഒരു ആഹ്വാനമായി അവർ ഉപയോഗിക്കാൻ മടിക്കയുമില്ല. അതുകൊണ്ട് വളരെ താമസിച്ചാണെങ്കിലും 1910 സെപ്തംബറിൽ അവസാനമായും സ്വീകരിച്ച നിശ്ചയദാർഢ്യത്തിന്റേതായ നയത്തിൽ വിടാപ്പിടിയോടെ ഉറച്ചുനിൽക്കണമെന്നു ഡർബാറിനെ ആത്മാർത്ഥതയോടെ ഞാൻ ഉപദേശിക്കുന്നു. രാമകൃഷ്ണപിള്ള യഥാകാലം മഹാരാജാവു തിരുമനസ്സിലെ കരുണ യാചിച്ചു കാലിൽ വീഴുകയും സംസ്ഥാനത്തേക്കു മടങ്ങിവരുന്നതിനുള്ള അനുവാദത്തിനു പ്രാർഥിക്കുകയും ചെയ്യുമെന്നതിൽ യാതൊരു സംശയവുമില്ല. ആ അവസരം വരുമ്പോൾ, ഈ പ്രശ്നങ്ങളൊക്കെയും തീർത്തും പരിഗണിക്കുകയും നിലവിലുള്ള സാഹചര്യങ്ങളുടെ ആകെത്തുക ശ്രദ്ധാപൂർവം കണക്കിലെടുക്കുകയും വേണം. രാമകൃഷ്ണപിള്ളയ്ക്കു തിരിച്ചുവരുന്നതിനുള്ള അനുവാദം നൽകുന്നതിന് മഹാരാജാവിനു ദയവുണ്ടാകുന്നുവെങ്കിൽ, മഹാരാജാവിനും അവിടുത്തെ ഗവർമെന്റിനും അവിടുത്തെ ദിവാൻജിമാർക്കും ഡർബാറിന്റെ മറ്റുദ്യോഗസ്ഥൻമാർക്കും എതിരായി നടത്തിയ നീചവും വിദ്വേഷം നിറഞ്ഞതുമായ എല്ലാ ആക്രമണങ്ങൾക്കും അയാളെക്കൊണ്ട് പരസ്യമായി ക്ഷമായാചനം ചെയ്യിക്കണമെന്നത് എന്റെ അഭിപ്രായത്തിൽ അത്യന്താപേക്ഷിതമാണ്. മാത്രമല്ല, ഭാവിയിൽ നല്ല നടത്തിപ്പിനും മതിയായ ജാമ്യം അയാളിൽനിന്നും വാങ്ങുക എന്ന മുൻകരുതലും തള്ളിക്കളയാവതല്ല. എന്തുതന്നെയായാലും നിരോധിച്ച പത്രം പുനഃപ്രസിദ്ധീകരിക്കുന്നതിന് അനുവദിക്കുന്നതും കണ്ടുകെട്ടിയ പ്രസ് മടക്കിക്കൊടുക്കുന്നതും ഗൗരവമേറിയ തെറ്റുകളായിരിക്കും. രാമകൃഷ്ണപിള്ള ഒരു ദരിദ്രനായിരുന്നു; പ്രസ്സിന്റെ നാമമാത്രമായ ഉടമയുമായിരുന്നു. അയാളുടെ നയങ്ങൾക്കു വഴികാട്ടികളായി അയാളുടെ പിന്നിൽ ഉണ്ടായിരുന്ന ചരടുവലിക്കാരിൽനിന്നുമായിരിക്കണം അയാൾക്ക് ആവശ്യമായി പണം ലഭിച്ചിരുന്നത്.

തിരുവനന്തപുരം **പി. രാജഗോപാലാചാരി**
1912 ആഗസ്റ്റ് 15 തിരുവിതാകൂർ ദിവാൻ

കുറിപ്പ്: ഈ റിപ്പോർട്ട് എഴുതാനാരംഭിച്ചപ്പോൾ, തിരുവിതാംകൂർ പീനൽകോഡിൽ 'രാജദ്രോഹം' സംബന്ധിച്ച വകുപ്പുകളുടേയും തിരുവിതാംകൂർ പത്രനിയമത്തിന്റെയും ഒരു പുനഃപ്പരിശോധന നടത്തണമെന്നു ഞാൻ വിചാരിച്ചിരുന്നു. ഇത് ഫലപ്രദമാകണമെങ്കിൽ ആഷ് വധക്കേസിന്റെ വിസ്താരത്തിലും മറ്റു സംഭവങ്ങളിലും വെളിപ്പെട്ട വിവരങ്ങളെ പരിഗണിച്ച്, തിരുവിതാംകൂറിനു വെളിയിൽ പ്രസിദ്ധീകരിക്കുന്നതും തിരുവിതാംകൂറിൽ വിതരണത്തിനയയ്ക്കുന്നതുമായ പത്രങ്ങളെ സംബന്ധിച്ചും നടപടി കൈക്കൊള്ളേണ്ടതാണ്. ഈ പ്രശ്നങ്ങളെയെല്ലാം സംബന്ധിച്ച് ഞാൻ മറ്റൊരു പ്രത്യേക റിപ്പോർട്ടിൽ പ്രതിപാദിക്കുന്നതാണ്.

**പി.ആർ.**
ദിവാൻ
15-8-1912

(ഈ രഹസ്യരേഖ ആസ്ട്രേലിയൻ നാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭ്യമാക്കി പരിഭാഷപ്പെടുത്തിയത് പുതുപ്പള്ളി രാഘവനാണ്.)

# പഠനം

## രാജ്യഭക്തിയാൽ നടത്തിയ രാജദ്രോഹം

ടി. വേണുഗോപാലൻ

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ എന്തിനു നാടുകടത്തി? അതു പറഞ്ഞിരുന്നില്ല ശിക്ഷ കൽപിച്ച രാജകീയ വിളംബരത്തിൽ. അദ്ദേഹത്തിന്റെ പത്തുകൊല്ലത്തെ പത്രപ്രവർത്തനത്തെക്കുറിച്ച് അധികമാർക്കും ശരിക്ക് അറിഞ്ഞുകൂടാത്തതുകൊണ്ട് ഇതിന് വ്യക്തമായ ഉത്തരം കിട്ടിയിട്ടുമില്ല ഇന്നുള്ളവരിൽ നിന്നു മാത്രമല്ല അന്നുള്ളവരിൽ നിന്നും. സ്വദേശാഭിമാനി രാജദ്രോഹം പ്രസംഗിച്ചു എന്ന് ഒരു പക്ഷമുണ്ട്, ആ വാദം ശരിയാണ്. പക്ഷെ, രാജദ്രോഹം എന്നാൽ എന്തെന്ന് ഈ വാദം ഉന്നയിച്ചവർക്കുതന്നെ കണിശമായ അർത്ഥബോധം ഉള്ളതായി കാണുന്നില്ല. 'സ്വദേശാഭിമാനി'യിൽ വന്ന ഏതു വിമർശനവും അവർക്ക് 'രാജദ്രോഹ'മായിരുന്നു. രാജാവിനേയും അന്നത്തെ രാജത്വത്തേയും രാമകൃഷ്ണപിള്ള വിമർശിച്ചിട്ടുണ്ട്. പക്ഷെ, രാജസേവകൻമാരേയും ദിവാൻമാരേയും ഉദ്യോഗസ്ഥൻമാരേയും കുറിച്ചായിരുന്നു വിമർശനം അധികവും. അതൊക്കെയും രാജദ്രോഹമായേ അന്നുള്ള ആഢ്യവർഗം-പത്രങ്ങൾ ഉൾപ്പെടെ-കണ്ടുള്ളു. തിരുവിതാംകൂർ പത്രങ്ങളാവട്ടെ, കാരണം കാണിക്കാത്തതും വിശദീകരണം ചോദിക്കാത്തതും കോടതിയിൽ സംരക്ഷണം തേടാൻ അനുവദിക്കാത്തതുമായ നാടുകടത്തലിന് കാരണമായി ഊഹിച്ചത് ദിവാൻ പി. രാജഗോപാലാചാരിയുടെ സദാചാരവിരുദ്ധ നടപടികളെക്കുറിച്ച് സ്വദേശാഭിമാനി നടത്തിപ്പോന്ന വിമർശനമാണ്. ഈ ഊഹം ശരിയാണുതാനും. എന്നാൽ, ദിവാനേയും അതുപോലുള്ള ഉദ്യോഗസ്ഥൻമാരേയും വിമർശിക്കുന്നത് എങ്ങനെ രാജദ്രോഹമാവുമെന്ന് അവ വിശദീകരിച്ചില്ല. ഈ വിമർശനങ്ങളുടെ പൊരുൾ മനസ്സിലാക്കാൻ ആ പത്രങ്ങൾക്കു കഴിഞ്ഞുമില്ല. എങ്കിലും, മാപ്പുകൊടുത്തുകൂടാത്ത രാജദ്രോഹമായിത്തന്നെ അവ അതിനെ കണ്ടു. ആ നിലയ്ക്ക് അവ അന്നെഴുതിയ ഒഴുക്കൻ മുഖപ്രസംഗങ്ങളിൽ നാടുകടത്തലിനെ ന്യായവൽക്കരിക്കുകയും ചെയ്തു. ചർച്ച ചെയ്യാൻ ഉൾക്കനമില്ലാത്ത ഈ മലയാളപത്രമുഖപ്രസംഗങ്ങൾ ഒരു കാര്യത്തിൽ ഏകകണ്ഠമായി വിശ്വസിച്ചിരുന്നു: അവസാനത്തെ ഒരു കൊല്ലത്തെ-അതായത് 1910ലെ 'സ്വദേശാഭിമാനി'യുടെ മുഖപ്രസംഗങ്ങളാണ് നാടുകടത്തലിനു കാരണം. ആ ഒരു കൊല്ലമാവട്ടെ ദിവാൻ

പി. രാജഗോപാലാചാരിയുടെ സദാചാരവിരുദ്ധ നടപടികളാണ് മുഖ്യമായും വിമർശിക്കപ്പെട്ടത്; കൂട്ടത്തിൽ അദ്ദേഹത്തിന്റെ ചില ഭരണനടപടികളും. ആ കൊല്ലം രാജാവിന്റെയോ രാജസേവകൻമാരുടേയോ ചെയ്തികൾ കാര്യമായി പരാമർശിക്കപ്പെട്ടിട്ടില്ല; രാജവാഴ്ചയെ പീഡിപ്പിക്കുന്ന ആധുനികരാജ്യതന്ത്ര പ്രസംഗവും നടത്തിയിട്ടില്ല. അപ്പോൾ, നാടുകടത്തലിനു കാരണം ദിവാനെതിരായി നടത്തിയ സൻമാർഗഭ്രംശനിരൂപണമാണെന്ന് പരക്കെ വിശ്വസിക്കപ്പെട്ടു എന്നു വ്യക്തം. അത് രാജദ്രോഹമായും നാടുകടത്തൽ അർഹിക്കുന്ന കുറ്റമായും അവർ കാണുകയും ചെയ്തു.

കനപ്പെട്ട മുഖപ്രസംഗങ്ങൾ എഴുതിയ മദിരാശിയിലെ 'ഹിന്ദു'വും ചില ഉത്തരേന്ത്യൻ ഇംഗ്ലീഷ് പത്രങ്ങളും ദിവാൻവിമർശനം തന്നെയാണ് നാടുകടത്തലിനു കാരണം എന്ന് വിശ്വസിക്കാൻ നിർബന്ധിതരായി. എന്നാൽ, അതാണ് നാടുകടത്തലിനു കാരണമെങ്കിൽ ആ ശിക്ഷ അപലനീയമെന്നേ അവ കണ്ടുള്ളൂ. തിരുവിതാംകൂർ പത്രങ്ങളുടെ അടിമമനഃസ്ഥിതിയിൽനിന്നു വ്യത്യസ്തമായി, അവ തികഞ്ഞ രാജ്യകാര്യവിജ്ഞാനവും നീതിബോധവും കാണിച്ചു. രാമകൃഷ്ണപിള്ള ചെയ്തതായി പറയുന്ന കുറ്റങ്ങൾ സാധാരണ നിയമമനുസരിച്ചുതന്നെ നടപടികളെടുത്തു നിവാരണം കാണാവുന്നതായിരുന്നുവെന്നും അതാണ് പരിഷ്കൃതരാജ്യഭരണമര്യാദ എന്നും അവ ഏകകണ്ഠമായി എടുത്തുകാട്ടി. കാരണം കാണിക്കുകയോ വിശദീകരണം തേടുകയോ പത്രാധിപർക്കു സമാധാനം ബോധിപ്പിക്കാൻ അവസരം നൽകുകയോ ചെയ്യാതെ നാടുകടത്തുന്നത് ഒരു പരിഷ്കൃത ഗവർമെണ്ടിനു ചേർന്നതല്ലെന്നായിരുന്നു ആ പത്രങ്ങളുടെ നിലപാട്. ചുരുക്കത്തിൽ, രാമകൃഷ്ണപിള്ളയുടെ വിമർശനങ്ങളുടെ സ്വഭാവവും സത്യാവസ്ഥയും അവയ്ക്ക് പരിശോധിക്കേണ്ടി വന്നില്ല. അതിന്റെ ആവശ്യമില്ലാതെതന്നെ, ഗവർമെണ്ടുനടപടിയുടെ പ്രകടമായ രാക്ഷസീയത അവയുടെ നീതിബോധത്തെ ഇളക്കിവിട്ടു. സാധാരണ കുറ്റത്തിന് അസാധാരണശിക്ഷ എന്ന് അവ വിധിക്കുകയും ചെയ്തു.

തിരുവിതാംകൂർ പത്രങ്ങളും നാടുകടത്തലിനെ പിന്താങ്ങി മുഖപ്രസംഗങ്ങളും റിപ്പോർട്ടുകളും ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന മദിരാശിയിലെ 'ഇന്ത്യൻ പാട്രിയറ്റ്' എന്ന ഇംഗ്ലീഷ് പത്രവും ആശ്വാസം കൊണ്ട ഒരു മുഖ്യസംഗതി 'സ്വദേശാഭിമാനി'യെ അമർത്തുകയും പത്രാധിപരെ നാടുകടത്തുകയും ചെയ്തതുവഴി, ഒരു പ്രസ്സ് ആക്ട് നടപ്പാക്കാതെ കഴിച്ച് മറ്റു പത്രങ്ങൾക്ക് ദ്രോഹമൊഴിവാക്കിയിരിക്കുന്നു എന്നാണ്. (ഒരു പത്രമാരണനിയമം കൊണ്ടുവരാനാണ് ആദ്യം ആലോചന നടന്നത്. എന്നാൽ പത്രാധിപൻമാർക്ക് അത് അത്ര സമ്മതമായിരുന്നില്ല. 'സ്വദേശാഭിമാനി'ക്കെതിരായി നടപടി എടുക്കുന്നതിൽ അവർക്ക് വിരോധം ഉണ്ടായതുമില്ല. അങ്ങനെയാണ് പത്രം പിടിച്ചടക്കാനും പത്രാധിപരെ നാടുകടത്താനും തീരുമാനമുണ്ടായത്)

പത്രങ്ങളുടെ ഈ നിലപാടിന് 'ഹിന്ദു' മറുപടികൊടുത്തു: "ബ്രിട്ടീഷ് ഇന്ത്യയിൽ നടപ്പുള്ള മാതിരി ഒരു പ്രസ്സ്ലാ നടപ്പാക്കുന്നതിനേക്കാൾ നല്ലത് അതാതുപത്രത്തിന്റെ സംഗതിയിൽ നാടുകടത്തൽ, പത്രം ഒതുക്കൽ, പിടിച്ചെടുക്കൽ എന്നീ നടപടികളെ നടത്തുകയാണെന്നുള്ള ഒരു മൂഢവിചാരം ആ സംസ്ഥാനത്തും പുറമേയും ചിലർക്കുണ്ട്. തനിക്ക് ഇങ്ങനെയൊക്കെ വന്നിട്ടില്ലല്ലോ, മറ്റുള്ളവനല്ലെ ഇതു സംഭവിച്ചിട്ടുള്ളു എന്ന് അന്യന്റെ ദുർഭാഗ്യത്തെപ്പറ്റി വിചാരിച്ചു സമാധാനപ്പെടുക എന്നത് വിവേകമുള്ളവർ ചെയ്യുമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. ഇന്ത്യയിൽ നടപ്പുള്ള പ്രസ്സ്ലായിലെ പരികൽപനങ്ങൾ തിരുവിതാംകൂർ ഗവർമെണ്ടിന്റെ ഈ നടപടിയുടേതിൽ പകുതിയോളം കടുപ്പമോ സ്വേച്ഛാധികാരമോ നിഗ്രഹസ്വഭാവമോ ആയുള്ളതല്ല. പ്രസ്സ്ലാ പ്രകാരം കുറ്റത്തിന്റെ സ്വഭാവമിന്നതാണെന്ന് ഏറക്കുറെ വിശദമായി പ്രസ്താവിക്കേണ്ടത് ആവശ്യമാണ്. കുറ്റം ചെയ്താൽ, ഒന്നാം പ്രാവശ്യത്തെ കുറ്റത്തിന് പണം ജാമ്യം കെട്ടിവെക്കണമെന്നേ ആവശ്യപ്പെടുന്നുള്ളു., ജാമ്യത്തുകയേയോ അച്ചടി സാമഗ്രികളേയോ ഗവർമെണ്ടിലേക്കു പിടിച്ചൊതുക്കുവാൻ ഗവർമെണ്ട് കൽപിക്കുന്നതായാൽ, ആ കൽപനയിൻമേൽ യോഗ്യതയുള്ള ഒരു ജുഡീഷ്യൽ കോടതിയുടെ മുമ്പാകെ, അതായത് ഹൈക്കോ

ടതി മുമ്പാകെ, അപ്പീൽ ചെയ്യുന്നതിനു നിയമം കൽപിച്ചിട്ടുണ്ട്. ന്യായാന്യായ വിവേചനം ചെയ്ത് കാര്യനിർണയം വരുത്തുന്നതിന് അത്യന്താപേക്ഷിതമായുള്ള മൂലപ്രമാണങ്ങളെയൊക്കെ തിരുവിതാംകൂർ ഗവർമെണ്ടിന്റെ ഈ കൽപന ലംഘിച്ചിരിക്കുന്നു. ആ ഗവർമെണ്ട് താൻ തന്നെ ഒരേ സമയം സങ്കടകക്ഷിയുടേയും ജഡ്ജിയുടേയും നിലകളെ കൈക്കൊണ്ടിരിക്കുന്നു. എന്നു മാത്രമല്ല, കുറ്റമാരോപിക്കപ്പെട്ടിരിക്കുന്ന ആളുടെ മേൽ ബ്രിട്ടീഷ് ഇന്ത്യയിലെ 1818ലെ പഴയ റഗുലേഷൻ പ്രകാരം നാടുകടത്തലിനേയും പുതിയ പ്രസ്സ്ലാ പ്രകാരം പത്രം ഒതുക്കൽ, അച്ചുകൂടം പിടിച്ചടക്കൽ എന്നിതുകളേയും ശിക്ഷവിധിച്ചിരിക്കുന്നു. ഈ സംഗതിയിൽ പുറപ്പെടുവിച്ചിരിക്കുന്ന ഡ്രക്കോണിയൻ കൽപന ഒരു പരിഷ്കൃത ഗവർമെണ്ടിനു തീരെ യോഗ്യമായുള്ളതല്ല എന്നു പറയേണ്ടത് ഞങ്ങളുടെ കടമയാണെന്ന് ഞങ്ങൾ വിചാരിക്കുന്നു. ഒരു ഗവർമെണ്ടിനു തന്റെ പ്രജാസമുദായത്തിനുള്ളിൽ സമാധാനം പാലിക്കേണ്ട ആവശ്യാർത്ഥം നിയമശാസനങ്ങളെ ആശ്രയിക്കാവുന്ന സംഗതികളിൽ തന്റെ അധികാരബലത്തെ എടുത്തുപ്രയോഗിക്കാൻ തുനിയുന്നത് ആ ഗവർമെണ്ടിന്റെ ശക്തിയെ കാണിക്കുന്ന നടപടിയല്ല. പ്രത്യുത, തന്റെ ദൗർബല്യത്തെ ഏറ്റുപറയുന്ന സംഗതിയാകുന്നു'

കൽക്കത്തയിലെ 'ബംഗാളി' എഴുതി: 'തിരുവിതാംകൂർ ഗവർമെണ്ടു ഭരണാധികാരികളായ ഉദ്യോഗസ്ഥൻമാർ-എല്ലാവരും-ശലമോൻമാരായിരിക്കാം. എന്നിരുന്നാൽ കൂടേയും, ഏതൊരു പത്രപ്രവർത്തകനും അറിയാവുന്നതായ ഒരു നിയമത്തിന്റെ പരികൽപനകളെ അനുസരിച്ചു പ്രവർത്തിക്കുന്നത് ശലമോൻമാർക്കും ഉത്തമമായിട്ടുള്ളതാണ്. ഇങ്ങനെ ഒരു നിയമം ഇല്ലാതിരിക്കെ, തിരുവിതാംകൂർ ഗവർമെണ്ട് ഒരു പത്രപ്രവർത്തകനെ ഇത്ര നിഷ്ഠൂരമായ പ്രകാരത്തിൽ ഉപഹനിക്കുകയും അയാളെ ഉടനടി നാടുകടത്തുകയും അയാളുടെ സ്വത്തിനെ അപഹരിക്കുകയും ഗവർമെണ്ടിന്റെ പ്രവൃത്തിയുടെ ന്യായാന്യായത കോടതിയിൽ വിചാരണ ചെയ്തു തീർച്ചപ്പെടുത്തുന്നതിനുള്ള അവകാശത്തെ അയാൾക്കു നിഷേധിക്കുകയും ചെയ്തിരിക്കുന്നു. ഈ നടപടിയെ 'ഇന്ത്യൻ പാട്രിയറ്റ്' സാധൂകരിക്കുകയും ചെയ്യുന്നു. ഇതിനു പറയുന്ന സമാധാനമോ, ഇങ്ങനെയല്ലെങ്കിൽ തിരുവിതാംകൂറിന് ഒട്ടുക്ക് ഒരു പ്രസ്സ് ആക്ട് നടപ്പാക്കേണ്ടി വരുമായിരുന്നു എന്നാണ്. അപ്രകാരം നടപ്പാക്കേണ്ടിവരുമെന്നാണെങ്കിൽ, അതെന്തുകൊണ്ട് പാടുള്ളതല്ല? ഒരു പ്രസ്സ് ആക്ട് ഉണ്ടായിരുന്നാൽ ഒരു പത്രപ്രവർത്തകനു താൻ എന്തെന്തു ശിക്ഷകൾക്കു പാത്രമാകുമെന്ന് അറിയാൻ കഴിയുന്നതാകുമല്ലോ. 'ഇന്ത്യൻ പാട്രിയറ്റി'ന്റെ വാദത്തിന്റെ താൽപര്യം ഇതാണ്: തിരുവിതാംകൂർ ഗവർമെണ്ടുഭരണാധികാരികൾക്കു സ്വേച്ഛപോലെ പ്രവർത്തിക്കയാവാം; ഒരു പത്രപ്രവർത്തകന്റെ മേൽ യാതൊരു നിയമത്താലും പരികൽപിക്കപ്പെട്ടിട്ടില്ലാത്ത പ്രകാരത്തിൽ നിപതിക്കുന്നതിനും ഗവർമെണ്ടിന്റെ അധികാരശക്തി മുഴുവൻ പ്രയോഗിക്കയാവാം. ഇപ്രകാരമൊരു അധികാരം ഭരണാധികാരികൾക്ക് ഉണ്ടായിരിക്കേണ്ടതാണെന്ന് ഞങ്ങളുടെ സഹജീവി ഗൗരവത്തിൽ വിചാരിക്കുന്നുണ്ടോ? തിരുവിതാംകൂറിലെ നിർഭാഗ്യവാൻമാരായ ജനങ്ങൾ യാതൊരു നിയമത്തേയും ലംഘിച്ചു നടന്നിരുന്നില്ലെന്നാലും നാടു കടത്തപ്പെടാനും തങ്ങളുടെ സ്വത്ത് ഗവർമെണ്ടിനാൽ അപഹരിക്കപ്പെടുവാനും അർഹൻമാരാണെന്ന് ഞങ്ങളുടെ സഹജീവി വാദിക്കുന്നുണ്ടോ? കുറ്റവിചാരണ ചെയ്യാതെ ഒരുവനെ നാടുകടത്തുന്നതിനുള്ള അധികാരം ആപൽക്കരമായിട്ടുള്ളതാകുന്നു; വിചാരണചെയ്യാതെ സ്വത്തു പിടിച്ചടക്കുന്നതിനുള്ള അധികാരവും ആ വിധം തന്നെയാണ്.'

അലഹബാദിലെ 'ലീഡർ' എഴുതിയതും ഇങ്ങനെതന്നെയാണ്; 'കുറേക്കാലമായി പത്രാധിപർ ധിക്കാരപൂർവം പ്രവർത്തിച്ചുവരികയായിരുന്നുവെന്നും ഇതിന്റെ പരിഹാരത്തിന് പ്രസ്സ്ലാ നടപ്പാക്കുകയോ അഥവാ നാടുകടത്തുകയോ ചെയ്യാനേ തരമുണ്ടായിരുന്നുള്ളു എന്നും ആരോപിക്കപ്പെട്ടുകാണുന്നു. പ്രസ്സ്ലായേക്കാൾ നാടുകടത്തലാണ് അനുഗ്രഹം എന്നു ചിലർക്കു വിചാരമുള്ളതായി തോന്നുന്നു. അത് അനുഗ്രഹമാണോ എന്ന് നിർണയിപ്പാൻ ഞങ്ങൾ വിചാരിക്കുന്നില്ല; അവയിലൊന്നിനെക്കുറിച്ചും ഞങ്ങളുടെ ചില സഹജീവികളെപ്പോലെ ഞങ്ങൾ വ്യാമോഹിക്കുന്നില്ല. എന്നാൽ, ഇങ്ങനെ

യുള്ള സംഗതികളിൽ, അപരാധം ആരോപിക്കപ്പെട്ടിരിക്കുന്ന ആളെ നാട്ടിലെ നീതിന്യായകോടതി യുടെ മുമ്പാകെ വരുത്തി വിചാരണ ചെയ്യേണ്ടതാണ് യുക്തമായിട്ടുള്ളതെന്ന് ന്യായാന്യായവിവേകി കൾ സമ്മതിക്കും. ജനങ്ങളുടെ യോഗക്ഷേമത്തിനുവേണ്ടി ഗവർമെണ്ട് ഏർപ്പെടുത്തിയിട്ടുള്ള നിയമ ങ്ങളേയും നടപടികളേയും അനുസരിക്കാൻ ഗവർമെണ്ടിനു കടമയുള്ളതായി ഗവർമെണ്ടുതന്നെ വിചാ രിക്കുന്നില്ല എങ്കിൽ രാജ്യഭരണം ദൂഷ്യമാകാൻ ഇടയുണ്ടാകുന്നതായി ഗണിക്കപ്പെടണം..... തിരുവി താംകൂർ ഗവർമെണ്ട് ചെയ്തതായ ഈ രാജ്യഭരണക്ഷേമാർത്ഥമായ പ്രവൃത്തി തിരുവിതാംകൂറിലെ വർത്തമാന പത്രങ്ങൾക്കു മുമ്പുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ ഭഞ്ജിക്കാതിരിക്കുന്ന ബുദ്ധിപൂർവമായ നടപടിയാണെന്നു പ്രശംസിക്കുന്നത് അങ്ങനെ പ്രശംസിക്കുന്നവർക്കു യോഗ്യതയാണെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. അവർ തിരുവിതാംകൂർ ഗവർമെണ്ടിനെ പ്രശംസിക്കുന്നത് ന്യായത്തിനു യോജിക്കു ന്നില്ല. 'സ്വദേശാഭിമാനി' പത്രാധിപരെക്കൊണ്ട് ഇപ്പോഴോ ഇനിമേലോ തങ്ങൾക്കു കഷ്ടപ്പെടേണ്ടിവ രില്ലല്ലോ എന്ന് അവർക്ക് ആശ്വാസമുണ്ടെന്നതു ഞങ്ങൾ സമ്മതിക്കുന്നു. ഇത്തരം ഒരാശ്വാസം ക്ഷണ കാലത്തേക്കല്ലാതെ ദീർഘകാലത്തേക്കുണ്ടായിരിപ്പാൻ അവകാശമുണ്ടെന്ന് അവർക്ക് ഉറപ്പുതരാൻ കഴി യുമോ? തങ്ങളുടെ തൊഴിലിൽ ഭ്രാതാവായിരുന്ന ഒരാളുടെ മേൽ പതിച്ച യമഖഡ്ഗം, ഇന്ന നേരത്തെ ന്നില്ലാതെ, അവരിലൊരാളുടേയോ എല്ലാവരുടേയുമോ മേൽ പതിക്കാവുന്നതാണ്. ഈ വസ്തുതയെ അവർ മറന്നുകളയരുത്. ഒരു എക്സിക്യൂട്ടീവ് ഗവർമെണ്ടിന്റെ അനിശ്ചിതമായ ഇഷ്ടാനിഷ്ടങ്ങളേ ക്കാൾ ഒരു പ്രസ്സ്ലായുടെ നിശ്ചിതമായ നിയമങ്ങൾ സ്വീകാര്യമായിട്ടുള്ളതാകുന്നു എന്ന് കുറേ മുമ്പ് മി. സ്റ്റെഡ് പറഞ്ഞിട്ടുണ്ട്.'

ഒരു കാര്യം വ്യക്തമാവുന്നു: രാജാവിനേയോ രാജാധികാരത്തേയോപറ്റി നടത്തിയ വിമർശന ങ്ങളല്ല, ദിവാനെപ്പറ്റി നടത്തിയ വിമർശനങ്ങളാണ് രാജദ്രോഹം. ആ വിമർശനങ്ങളെ 'രാജദ്രോഹ'മായി തിരുവിതാംകൂർ പത്രങ്ങൾ അംഗീകരിക്കുകയും ചെയ്തു. അതായത് 1910 വരെയുള്ള നാലുകൊല്ലം 'സ്വദേശാഭിമാനി' രാജാവിനെപ്പറ്റി നടത്തിയ വിമർശനങ്ങളും രാജവാഴ്ചയ്ക്കെതിരായി പ്രചരിപ്പിച്ച ആധുനിക രാജ്യമീമാംസാതത്വങ്ങളും അല്ല, ദിവാന്റെ ദുർനടപടികളെപ്പറ്റി നടത്തിയ വിമർശനങ്ങളാണ് അവർക്ക് 'രാജദ്രോഹ'മായി തോന്നിയത്. അങ്ങനെ ഫലത്തിൽ അവർ രാജാവിനേക്കാൾ വലിയ ആളായി ദിവാനെ കണ്ടു. 'സ്വദേശാഭിമാനി'ക്കെതിരായി നടപടി വേണമെന്ന തിരുവിതാംകൂർ പത്ര ങ്ങളുടെ മുറവിളി ശക്തിപ്പെട്ടതും ദിവാനെപ്പറ്റിയുള്ള വിമർശനം രൂക്ഷമായപ്പോഴാണെന്ന് ഓർക്കേണ്ട തുണ്ട്.

ദിവാനും തന്നെ രാജാവിനെപ്പോലെത്തന്നെ കോടതിയേക്കാൾ ഉയർന്ന പദവിയിലിരിക്കുന്ന ഒരാളായി കൽപിച്ച് അഹന്തകൊണ്ടു എന്നതാണ് വാസ്തവം. അദ്ദേഹം രാജാവിനോടു ബോധിപ്പിച്ചു; 'സ്വദേശാഭിമാനിയുടെ ആക്രമണങ്ങൾ വ്യക്തിപരമായും അടിയന്നെതിരായിട്ടാണെന്നതിനാൽ, മറ്റേ തൊരു ഗവർമെണ്ടുദ്യോഗസ്ഥനുമെതിരായുള്ള ആക്രമണങ്ങളേയും കൈകാര്യം ചെയ്യുമ്പോഴത്തെ ആ നിഷ്പക്ഷമനോഭാവത്തോടെ ഉപദേശിക്കാനാവാത്ത ഏതാണ്ടൊരു നിർഭാഗ്യാവസ്ഥയിലാണ് അടി യൻ. സാധാരണ നിയമങ്ങൾ അനുസരിച്ചുള്ള യോഗ്യമായ സംരക്ഷണം ലഭിക്കാൻ സാധ്യതയില്ലാ ത്ത, ഒരു പക്ഷെ മഹാരാജാവുകഴിഞ്ഞാൽ, മറ്റൊരു വ്യക്തി ദിവാൻ മാത്രമാണ്. 'സാധാരണ' എന്ന പദം അടിയൻ ബോധപൂർവം തന്നെ ഉപയോഗിക്കുകയാണ്. എന്തെന്നാൽ, അടിയൻ ഒരു സ്വകാര്യ വ്യക്തി ആയിരുന്നുവെങ്കിൽ ഇതുപോലെയുള്ള ആക്രമണങ്ങളെ അവജ്ഞയോടെ തള്ളിക്കളയാനുള്ള മനോഭാവമില്ലെങ്കിൽ ഈ അപവാദകനെ കോടതി കയറ്റുമായിരുന്നു. എങ്ങനെയായാലും ഇന്ന് അടി യൻ വഹിക്കുന്ന സ്ഥാനം ഒരു പരാതിക്കാരനായോ വാദിയായോ തിരുമനസ്സിലെ കോടതികളിൽ പ്രത്യ ക്ഷപ്പെടാൻ അടിയന്നു വിലക്കു കൽപിക്കുന്നു. അതുകൊണ്ട് ഈ ദ്രോഹത്തിനുള്ള പരിഹാരം എന്ത് എന്ന ചോദ്യം ഉൽഭവിക്കുന്നു' ['സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം രാജവാഴ്ചയുടെ ദൃഷ്ടി

യിൽ' -കേരള പ്രസ് അക്കാദമി, കൊച്ചി] ആ ചോദ്യത്തിന് ഉത്തരമായാണ് നാടു കടത്തൽ നിർദേശിച്ചത്.

പക്ഷെ ഈ പൊങ്ങച്ചം അംഗീകരിച്ച് ദിവാന് അങ്ങനെയൊരു പരമോന്നതപദവി കൽപിച്ചു കൊടുക്കുവാൻ നീതിബോധമുള്ള ആരും തയ്യാറായിരുന്നില്ല. അതുകൊണ്ടാണല്ലോ 'ഹിന്ദു'വും ഉത്തരേന്ത്യൻ പത്രങ്ങളും കോടതിയിൽ വിചാരണ ചെയ്തുവേണ്ടിയിരുന്നു ശിക്ഷ എന്ന് ഉറപ്പിച്ചുപറഞ്ഞത്.

### ഡോ: ടി.എം. നായരുടെ വാദങ്ങൾ

ഈ ഇംഗ്ലീഷ് പത്രങ്ങളുടെ മുഖപ്രസംഗങ്ങളെ ഉത്തേജിപ്പിച്ചു വിട്ടതും അങ്ങനെ നാടുകടത്തലിന് അഖിലേന്ത്യാ പ്രശസ്തി ഉണ്ടാക്കിക്കൊടുത്തതും മദിരാശി ആസ്ഥാനമാക്കി പൊതുപ്രവർത്തനം നടത്തിയിരുന്ന പ്രഖ്യാതനായ ഡോ. ടി.എം. നായർ 'ഹിന്ദു'വിലും 'ഇന്ത്യൻ സ്റ്റാൻഡേർഡി'ലും എഴുതിയ ലേഖനമാണ് (പിന്നീട് രാമകൃഷ്ണപിള്ളയുടെ ദത്തമാതാവായിത്തീർന്ന തരവത്ത് അമ്മാളുഅമ്മയുടെ സഹോദരനാണ് ഡോ. നായർ. പക്ഷെ അദ്ദേഹത്തിന് അന്ന് രാമകൃഷ്ണപിള്ളയെ പരിചയമുണ്ടായിരുന്നില്ല) അദ്ദേഹം എഴുതി: 'രാജദ്രോഹകരമായി നടക്കുന്ന ഏതെങ്കിലും വർത്തമാനപത്രം തിരുവിതാംകൂറിൽ ഉള്ളതായി സംശയലേശംപോലും അതേവരെ എനിക്കുണ്ടായിരുന്നില്ല. അതിനാൽ ഇപ്പോൾ കണ്ട പ്രകാരം കഠിനമായും സ്വേച്ഛാധികാരത്തോടുകൂടിയും ശിക്ഷിക്കപ്പെട്ട ആ പത്രപ്രവർത്തകനെ ശിക്ഷിക്കുന്നതിനു ഹേതുവായ ലേഖനങ്ങളെ എനിക്കു തന്നെ വായിച്ചു നോക്കണമെന്ന് ഒരു കൗതുകം ഉണ്ടായി. മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ മേൽ കൽപിക്കപ്പെട്ട ശിക്ഷയുടെ ന്യായാന്യായതയെപ്പറ്റി മദ്രാസിലെ പ്രധാനപ്പെട്ട പത്രങ്ങൾ തമ്മിൽ ഭിന്നമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകണ്ടപ്പോൾ എന്റെ കൗതുകം വർദ്ധിച്ചു. 'സ്വദേശാഭിമാനി'യുടെ കീഴ്കഴിഞ്ഞ ലക്കങ്ങൾ കുറെ പ്രയാസപ്പെട്ട് ശേഖരിച്ചു: ഇപ്പോൾ ആ പത്രത്തിന്റെ ഒട്ടേറെ ലക്കങ്ങൾ ഞാൻ വായിക്കയും ചെയ്തിരിക്കുന്നു. രാജദ്രോഹകരമായ ഒരൊറ്റ ലേഖനമാവട്ടെ, വാചകമാവട്ടെ 'സ്വദേശാഭിമാനി'യുടെ പംക്തികളിൽ കാൺമാൻ എനിക്കു കഴിഞ്ഞിട്ടില്ല. എന്നാൽ ആ പത്രത്തിലെ ലേഖനങ്ങളെ ഞാൻ അഭിനന്ദിക്കുന്നുവെന്ന് ഒരു നിമിഷ നേരത്തേക്കെങ്കിലും ഞാൻ പറയുന്നില്ല. തിരുവിതാംകൂറിലെ ഇപ്പോഴത്തെ ദിവാൻജിയെക്കുറിച്ച് ഗ്രാമ്യമായി ശകാരിക്കുന്ന പലേ ലേഖനങ്ങളും അതിലുണ്ട്. അവയിൽ ചിലതു സ്പഷ്ടമായും അപകീർത്തികരമാണ്, ഏതു നിയമകോടതിയിലും അവയെ സംബന്ധിച്ചു പത്രാധിപർക്കു ശിക്ഷ കൽപിക്കപ്പെടുമെന്നും എനിക്ക് അഭിപ്രായമായിരിക്കുന്നു. എന്നാൽ രാജാവിന്റേയോ രാജാധികാരത്തിന്റേയോ നേർക്ക് കുറ്റം ചെയ്യുന്നതായി വ്യാഖ്യാനിക്കപ്പെടാവുന്നതായ യാതൊന്നും 'സ്വദേശാഭിമാനി'യിൽ കാൺമാൻ എനിക്കു കഴിയുന്നില്ല. ദിവാൻജിയെക്കുറിച്ചുള്ള അപകീർത്തികരങ്ങളായ ദോഷാരോപണങ്ങൾകൂടേയും ദിവാൻജിയുടെ നേർക്കു സ്വകാര്യനിലയിൽ അല്ലാതെ ഔദ്യോഗികമായി ചെയ്തിട്ടുള്ളതല്ല... എനിക്കു പൊതുജനങ്ങളുടെ പര്യാലോചനത്തിനായി സമർപ്പിക്കാനുള്ള ചോദ്യം ഇതാണ്: ഒരു ദോഷാരോപം എത്രമേൽ ഹീനമായിരുന്നാലും, അതിനു പത്രാധിപരെ നാടുകടത്തുകയും അച്ചുകൂടത്തെ പിടിച്ചടക്കുകയും ചെയ്യുന്ന ശിക്ഷ യുക്തമാണോ എന്നാണ്. തിരുവിതാംകൂർ ഗവർമെണ്ട് അനുവർത്തിച്ച നയം കേവലം അന്യായമായിട്ടുള്ളതാണെന്നാകുന്നു എന്റെ അഭിപ്രായം. മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ പേരിൽ ഗവർമെണ്ടുവകയായ ഒരു ക്രിമിനൽ കേസ് നടത്തുവാൻ കൂടെയും ഗവർമെണ്ടിനു സാധിക്കില്ലായിരുന്നു. എന്തെന്നാൽ മിസ്റ്റർ രാജഗോപാലാചാരിയെപ്പറ്റി ചെയ്തിരിക്കുന്ന ദോഷാരോപങ്ങൾ തിരുവിതാംകൂർ ദിവാൻജിയുടെ നിലയിൽ അല്ല, സ്വകാര്യനിലയിലാണ്. മിസ്റ്റർ രാജഗോപാലാചാരിക്കു യുക്തമായ മാർഗം മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ മേൽ കേസ്സു നടത്തുകയായിരുന്നു. അതുചെയ്യുന്നതിനുപകരം ഗവർമെണ്ട് ഏതോ പ്രാചീനവും ഇപ്പോൾ ഉപയോഗിക്കാൻ യോഗ്യതയില്ലാത്തതുമായ ഒരു രാജകീയാധികാരത്തെ ആശ്രയിക്കുകയും ഒരു പത്രാധിപരെ നാടുകടത്തുകയും ചെയ്തിരിക്കുന്നു. ഇവയൊക്കെ എന്തിനായിട്ടാണ്? ദിവാൻജി കാമപ്രമ

ത്തനായ കീചകൻപോലെയുള്ളവനാണെന്ന് സ്ഥാപിപ്പാൻ പത്രാധിപർ ഉദ്യമിച്ചതിന്നാണ്. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ട് പ്രവർത്തിച്ച രാജധാർമികമായ അന്യായത്തെക്കുറിച്ചു വായിച്ച് ഞാൻ അത്യന്തം ആശ്ചര്യപ്പെടുകയും മനോവേദനപ്പെടുകയും ചെയ്തു' [ഈ ലേഖനത്തിനും ഇംഗ്ലീഷ്-മലയാള പത്രങ്ങളുടെ മുഖപ്രസംഗങ്ങൾക്കും കടപ്പാട് 'എന്റെ നാടുകടത്തൽ' - കെ രാമകൃഷ്ണപിള്ള, ഡി.സി. ബുക്സ്, കോട്ടയം]

.....പുരോഗമനവാദിയല്ലാത്ത ഡോ. ടി.എം. നായർ രാമകൃഷ്ണപിള്ളയുടെ മുഖപ്രസംഗങ്ങൾ, അവസാനത്തെ, ഒരു കൊല്ലത്തെ ചിലതെടുത്തു നോക്കുന്നതിനുപകരം, 'സ്വദേശാഭിമാനി'യിൽ ആദ്യം മുതൽക്കേ വായിച്ചിരുന്നുവെങ്കിൽ അവയിൽ പലതിലുമുള്ള 'രാജദ്രോഹം' അദ്ദേഹത്തിനു ബോധ്യമായേനെ. കാലം കഴിഞ്ഞാണ് ശിക്ഷ എന്നേ ചൂണ്ടിക്കാണിക്കാനുണ്ടായിരുന്നുള്ളു. ആ ശിക്ഷയാകട്ടെ രാജദ്രോഹമല്ലാത്ത മറ്റൊരു കുറ്റത്തിനാണെന്നും പറയാമിയിരുന്നു. ആ അടിസ്ഥാനത്തിലാണ് അദ്ദേഹം ലേഖനം എഴുതിയിരുന്നതെങ്കിൽ ഇംഗ്ലീഷ് പത്രങ്ങളുടെ മുഖപ്രസംഗങ്ങളുടെ സ്വരം മറ്റൊന്നായേനെ. ഒരു പക്ഷേ നാടുകടത്തത്തക്ക കുറ്റം രാമകൃഷ്ണപിള്ള മുമ്പു ചെയ്തുവെച്ചിട്ടുണ്ടെന്ന് അവയും വിധിച്ചേനെ. എങ്കിൽതന്നേയും കോടതിയിൽ വിചാരണ ചെയ്തുവേണം ശിക്ഷ എന്ന നിലപാടിൽ അവ ഉറച്ചു നിൽക്കുകയും ചെയ്തേനെ. നിസ്സാരമായ ഒരു മഞ്ഞപ്പത്രക്കാരനായി രാമകൃഷ്ണപിള്ളയെ താഴ്ത്തിക്കെട്ടാനൊരുക്കമുള്ള ഒരു നിസ്സംഗസമീപനം അവ കൈക്കൊള്ളുമായിരുന്നില്ല. തിലകൻ, ലജ്പത്റായ് തുടങ്ങിയവരെപ്പോലുള്ള ഒരു 'രാജദ്രോഹി'യുടെ പദവി അദ്ദേഹത്തിനു കൽപിച്ചുകൊടുക്കാൻ അവ തയ്യാറായേനെ. എന്നല്ലാ അടിസ്ഥാനപരമായും സ്ഥായിയായും ഇവരുടേതിനേക്കാൾ വിപ്ലവകരമായ 'രാജദ്രോഹ'സ്വഭാവം രാമകൃഷ്ണപിള്ളയുടെ പ്രവർത്തനത്തിനുണ്ടെന്നു കണ്ട് അവ അദ്ദേഹത്തെ കൊള്ളുകയോ തള്ളുകയോ ചെയ്തേനെ. രാമകൃഷ്ണപിള്ളയുടെ മുഖപ്രസംഗങ്ങൾ മലയാളത്തിലായതുകൊണ്ട്, അവയിൽ ജ്വലിച്ചുകൊണ്ടിരുന്ന തീക്കനലിന്റെ ചൂടറിയാൻ ഈ പത്രങ്ങൾക്കു വഴിയുണ്ടായിരുന്നില്ല.

വാസ്തവത്തിൽ, ആദ്യമേ രാജാവും രാജഗോപാലാചാരിയുടെ മുൻഗാമിയായ ദിവാന്റെ നേതൃത്വത്തിലുള്ള ഭരണമേധാവികളും വേണ്ടത്ര രാജ്യകാര്യജ്ഞാനവും 'രാജദ്രോഹ'ബോധവും കാണിച്ചിരുന്നെങ്കിൽ, പിന്നീട് അവർക്കു വിനയായിത്തീരുംവിധം രാമകൃഷ്ണപിള്ള 'സ്വദേശാഭിമാനി'യുടെ പത്രാധിപത്യം ഏറ്റെടുക്കുന്ന സാഹചര്യമേ ഉണ്ടാകുമായിരുന്നില്ല. കാരണം, അതിനുമുമ്പേതന്നെ അദ്ദേഹം ശിക്ഷാർഹനാകുംവിധം 'രാജദ്രോഹ' പ്രസംഗങ്ങൾകൊണ്ട് രാഷ്ട്രീയ കാലാവസ്ഥാനിരീക്ഷകർക്കു കാണാൻ കഴിയുമാറ്, കൊടുങ്കാറ്റുണ്ടാകാൻ പോകുന്നു എന്നു മുന്നറിയിപ്പാകുംവിധം, അന്തരീക്ഷത്തിൽ ന്യൂനമർദം ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. രാജത്വത്തെ സുരക്ഷിതമാക്കി നിർത്തിയ പൊതുബോധം, ഈ പ്രസംഗങ്ങൾ കേട്ട്, രാജവാഴ്ചയെ അപകടപ്പെടുത്തുന്ന പ്രതിബോധമായി മാറുകയായിരുന്നു. ദിവാനടക്കമുള്ള ഉദ്യോഗസ്ഥൻമാരെക്കുറിച്ചുള്ള വിമർശനം രാമകൃഷ്ണപിള്ള 1901-ൽ 'കേരളപഞ്ചികാ' പത്രാധിപരായ കാലത്തു തന്നെ തുടങ്ങിയിരുന്നു; 1904-ൽ 'മലയാളി' പത്രാധിപരായപ്പോൾ അതു രൂക്ഷമായി, അന്നൊക്കെ ഭരണാധികാരികൾ രാമകൃഷ്ണപിള്ളയെ ഒതുക്കാൻ ചെയ്തത് പത്രമുടമകളുടെ മേൽ സമ്മർദ്ദം ചെലുത്തി അദ്ദേഹത്തെ പുകച്ചുപുറത്താക്കുകയാണ്. അങ്ങനെ ആദ്യം 'കേരള പഞ്ചിക'യിൽ നിന്നും പിന്നെ 'മലയാളി'യിൽ നിന്നും രാജിവെക്കേണ്ടിവന്ന രാമകൃഷ്ണപിള്ള ഇനി അന്യന്റെ പത്രത്തിൽ പണിയെടുക്കില്ലെന്നു നിശ്ചയിച്ചാണ് 'കേരളൻ' എന്ന വൃത്താന്തമാസിക സ്വന്തമായി തുടങ്ങുന്നത്. കേരളപത്രപ്രവർത്തനചരിത്രത്തിൽ ആ മാസികയ്ക്കുള്ള സ്ഥാനം ശ്രദ്ധിക്കപ്പെട്ടിട്ടില്ല. ജനാധിപത്യം, സോഷ്യലിസം, സെക്യുലറിസം എന്നീ നവീനഭാരതമൂലപ്രമാണങ്ങളായിത്തീർന്ന സങ്കൽപനങ്ങളെ ഇന്ത്യയിൽത്തന്നെ ആദ്യമായി സിദ്ധാന്തചർച്ചയായും പ്രായോഗിക വിമർശനമായും വിശദീകരിച്ച് രാമകൃഷ്ണപിള്ള കേരളത്തിൽ ദേശീയപ്രസ്ഥാനത്തിനു കളമൊരുക്കി

ത്തുടങ്ങിയത് ആ മാസികയിലൂടെയാണ്. സ്വാഭാവികമായും തിരുവിതാംകൂറിനെ സംബന്ധിച്ചേടത്തോളം അന്ധാളിപ്പിക്കുന്ന തരത്തിലുള്ള 'രാജദ്രോഹം' അതിന്റെ പംക്തികളിൽ കത്തിക്കാളുന്നുണ്ടായിരുന്നു. അന്നോ പിന്നേയോ ആരും ചെയ്തിട്ടില്ലാത്തവിധം, ശ്രീപത്മനാഭന്റെ അധീശത്വത്തിലുള്ള ഒരു ഹിന്ദു മതാധിഷ്ഠിതരാജ്യം എന്ന തിരുവിതാംകൂറിന്റെ അസ്തിത്വനീതിയെ, രാമകൃഷ്ണപിള്ള ചോദ്യം ചെയ്തത് ആ മാസികയിലാണ്. 'അന്നദാതാവായ പൊന്നു തിരുമേനി' എന്ന സങ്കൽപം തിരുത്തി, രാജാവിന് അന്നം കൊടുക്കുന്നത് തങ്ങളുടെ പ്രയത്നഫലത്തിൽ നിന്നു പ്രജകളാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചത് അതിന്റെ താളുകളിലാണ്. രാജാവിന്റേതു ചോദ്യം ചെയ്യാൻ പാടില്ലാത്ത ദൈവദത്താധികാരമാണെന്ന പഴയതും തിരുവിതാംകൂറിൽ നിലനിന്നു പോന്നതുമായ അന്ധവിശ്വാസം ഖണ്ഡിച്ച്, ജനങ്ങളാണ് പരമാധികാരികളെന്നും അവരുടെ ഇച്ഛയ്ക്കൊത്തുവേണം രാജാവ് ഭരിക്കാൻ എന്നും ഉള്ള സിദ്ധാന്തം ആ മാസികയിലൂടെ വായനക്കാർക്ക് സുപരിചിതമായി. അങ്ങനെ അന്നത്തെ രാജാധികാരത്തെ കാലഹരണപ്പെടുത്താനും അതിന്നായി ജനങ്ങളെ ഉൽസാഹിപ്പിക്കാനുമുള്ള ആശയങ്ങൾ അദ്ദേഹം ആ മാസികയിലൂടെ പ്രചരിപ്പിച്ചു കഴിഞ്ഞിരുന്നു. രാജത്വത്തെ തകിടം മറിക്കുന്ന ആ പ്രവർത്തനം അന്നത്തെ നിലയ്ക്ക് രാജദ്രോഹം അല്ലെന്നു പറയുന്നതെങ്ങനെ? അന്ന് വ്യവസ്ഥാപിത മാർഗത്തിലൂടെ നാടുകടത്തൽ തന്നെ വിധിച്ചിരുന്നെങ്കിൽ അതിന്റെ സ്വാഭാവികതയും നിയമാനുസൃതത്വവും അത്രപെട്ടെന്നു ചോദ്യം ചെയ്യാനാവുമായിരുന്നില്ല. ഒരു വിപ്ലവകാരിയുടെ രക്തസാക്ഷിത്വം എന്ന് രാമകൃഷ്ണപിള്ളയ്ക്കുണ്ടാവുന്ന കീർത്തി ആ ശിക്ഷയെക്കുറിച്ച് ഒരു ന്യായാന്യായവിചാരബഹളം ഇളക്കിവിടാൻ പര്യാപ്തമാകുമായിരുന്നുവോ? അഴിപ്പാൻ ഉൽസാഹിപ്പിക്കുന്ന ഒരു കടംകഥയായി അതു തൽക്കാലം നിൽക്കട്ടെ.

**കാരണം കാട്ടാത്ത ശിക്ഷ**

പുതിയ സാഹചര്യത്തിൽ, ഇംഗ്ലീഷ് പത്രങ്ങളുടെ ആക്ഷേപങ്ങൾ ബുദ്ധിമാനായ ദിവാനെ സംഭ്രമിപ്പിച്ചിരിക്കണം. നീതിബോധമില്ലാത്തവൻ എന്നു തന്നെപ്പറ്റി ഇന്ത്യയൊട്ടുക്കും ദുഷ്കീർത്തി ഉണ്ടാക്കുന്ന അഭിപ്രായങ്ങളാണ് അവ ഏകകണ്ഠമായി പുറപ്പെടുവിച്ചിട്ടുള്ളതെന്നും അവയുടെ വാദങ്ങൾ ഖണ്ഡിക്കാൻ പറ്റില്ലെന്നും അദ്ദേഹത്തിനു ബോധ്യപ്പെട്ടിരിക്കണം. തന്നെ വ്യക്തിപരമായി അപകീർത്തിപ്പെടുത്തുന്ന മുഖപ്രസംഗങ്ങൾ രാജദ്രോഹമാവുമോ? കുറ്റം ചുമത്താതേയും സമാധാനം ബോധിപ്പിക്കാൻ അവസരം നൽകാതേയും ഒരു പത്രാധിപരെ നാടു നടത്താനും അദ്ദേഹത്തിന്റെ പത്രത്തെ പിടിച്ചടക്കാനും അത് മതിയായ കാരണമാവുമോ? ഇംഗ്ലീഷ് പത്രങ്ങൾ ഉന്നയിച്ച ഈ അടിസ്ഥാന നിയമപ്രശ്നത്തിന്റെ മുമ്പിൽ ദിവാൻ കുഴങ്ങിക്കാണും. അതുകൊണ്ടാണ് പിന്നീട് ഒരു പുനർവിചാരണ ഇക്കാര്യത്തിൽ ഉണ്ടാവുകയാണെങ്കിൽ, സ്വപക്ഷം ന്യായീകരിക്കാൻ അദ്ദേഹം, നാടുകടത്തലിനു ശേഷം രണ്ടുകൊല്ലം കഴിഞ്ഞ്, താൻ ദിവാൻ പദത്തിൽ നിന്നു വിരമിക്കുന്ന സമയത്ത്, കാര്യകാരണങ്ങൾ ക്രമപ്പെടുത്തി അവതരിപ്പിക്കുന്ന ഒരു രഹസ്യറിപ്പോർട്ട് ദർബാറിനു സമർപ്പിച്ചത്. പുതുപ്പള്ളി രാഘവൻ ആസ്ത്രേലിയയിലെ നാഷണൽ യൂനിവേഴ്സിറ്റിയുടെ ചരിത്രവിഭാഗം ലൈബ്രറിയിൽ നിന്നു സമ്പാദിച്ച് മലയാളത്തിലാക്കിയ ആ റിപ്പോർട്ടാണ്- 'സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം രാജവാഴ്ചയുടെ ദൃഷ്ടിയിൽ'- നാടുകടത്തലിനുള്ള കാരണങ്ങൾ വിശദീകരിക്കുന്ന ഏക ഔദ്യോഗികരേഖ. എന്നല്ല സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനത്തെക്കുറിച്ച് ഒരു സമഗ്ര ചിത്രം എഴുതിത്തന്നിട്ടുള്ളത് അദ്ദേഹത്തെ നാടുകടത്തിയ ദിവാൻ തന്നെയാണെന്നതും രസകരമായി തോന്നുന്നു. (തയ്യാറാക്കിയത് കുറ്റപത്രമാണ്, പക്ഷെ ഇന്ന് അതിന് ഒരു പഠനപ്രബന്ധത്തിന്റെ കനമുണ്ട്) അഭിപ്രായങ്ങളുടെ കാര്യത്തിൽ എത്രതന്നെ വിരോധമനഃസ്ഥിതിയും യാഥാസ്ഥിതികത്വവും ഉള്ളതാണെങ്കിലും വസ്തുതകളുടെ കാര്യത്തിൽ അത് വിലപ്പെട്ട ഒരു രേഖതന്നെയാണ്. 'സ്വദേശാഭിമാനി'യിലെ നാലുകൊല്ലത്തെ ഏതാണ്ടു മുഴുവൻ മുഖപ്രസംഗങ്ങളും അവലോകനം ചെയ്യുന്ന മറ്റൊരു നിബന്ധം ഉണ്ടായിട്ടില്ല.

നാടുകടത്തൽ സമയത്ത് ഇങ്ങനെയൊരു രേഖ പ്രസിദ്ധപ്പെടുത്തി സ്വന്തം നിലപാട് ന്യായ വൽക്കരിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടെന്ന് ഗവർമെണ്ട് മനപ്പൂർവം തീരുമാനിക്കുകയാണുണ്ടായത്. ഏതുതരത്തിലുള്ള വിചാരണയേയും-അതു കോടതിയിലായാലും പത്രങ്ങളിലായാലും മറ്റേതൊരു വേദിയിലായാലും-ഗവർമെണ്ട് ഭയപ്പെടുന്നതുപോലെ തോന്നി. സ്വന്തം നടപടിയുടെ അന്യായത്തെക്കുറിച്ചുള്ള കുറ്റബോധം കൊണ്ടാവണം ഈ അധൈര്യം. ദിവാൻ എഴുതിയിരിക്കുന്നു; 'ദർബാർ കൈക്കൊണ്ട നടപടിയുടെ സാധുതയെ വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ആധികാരപ്രസ്താവന പ്രസിദ്ധീകരിക്കണമോ വേണ്ടയോ എന്ന പ്രശ്നം ആ അവസരത്തിൽതന്നെ പരിഗണിക്കുകയുണ്ടായി. അങ്ങനെ ചെയ്യേണ്ടതില്ലെന്ന തീരുമാനത്തിലാണ് അവസാനം ദർബാർ എത്തിച്ചേർന്നത്. പ്രസ്സ് കമ്മ്യൂണിക്കേകൾ പുറപ്പെടുവിക്കുക തിരുവിതാംകൂറിൽ സാധാരണമല്ല. എന്നുതന്നെയല്ല, ഭരണാധികാരി-മഹാരാജാവ്-ഒരു വിളംബരത്തിലൂടെ കൈക്കൊണ്ട ഇതുപോലെയുള്ള ഒരു നടപടിക്ക് ഒരു വിശദീകരണം എന്നു തോന്നാവുന്ന വിധത്തിലുള്ള യാതൊന്നും ചെയ്യേണ്ടതില്ലെന്നും അന്നു തീരുമാനിച്ചു. അതിനുമുപരി, ദർബാറിന്റെ വിശദീകരണപ്രസ്താവന സ്വദേശാഭിമാനിയുടെ ആരോപണ ശകാരങ്ങളുടെ ഒരു ആധികാരിക പുനർവിചാരണ ആവശ്യമാക്കിത്തീർക്കുകയും ചെയ്യും. അതുവേണ്ടെന്നു തോന്നി.'....

റിപ്പോർട്ടിലെ ഏഴാം ഖണ്ഡികയിൽ പറയുന്നു: 'സ്വദേശാഭിമാനിയുടെ ആരോപണങ്ങൾ ക്രമത്തിന് എടുക്കുകയാണെങ്കിൽ, ആദ്യമായി പരിഗണിക്കേണ്ടത് രാജ്യാധിപനെന്ന നിലയിലും ഒരു മനുഷ്യനെന്ന നിലയിലും മഹാരാജാവിന്റെ നേർക്കു നടത്തിയിട്ടുള്ള ആക്രമണങ്ങളാണ്. (1) മഹാരാജാവ് തന്റെ സേവകരുടെ അധീശത്വം പുലർത്തി (2) ദുർനടപടികൾ പ്രചരിപ്പിക്കുന്നതിന് പ്രേരിപ്പിച്ചു (3) കൈക്കൂലിക്കാർക്കും കൊള്ളക്കാർക്കും പാരിതോഷികങ്ങൾ നൽകി (4) അഴിമതിക്കാരായ സേവകർക്ക് അഭയം നൽകി (5) സേവകരുടെ ദുഷ്പ്രവൃത്തികളെ ഗൗനിച്ചില്ല (6) ഭരണം നടത്തിയിരുന്ന സ്തുതിപാഠകരുടെ കൈയിൽ അദ്ദേഹം ഒരു പാവമാത്രമായിരുന്നു (7) കോടതികൾ അഴിമതികളുടേയും കുറ്റങ്ങളുടേയും ദുരാശകളുടേയും കറപുരണ്ടവയായിരുന്നു (8) മഹാരാജാവ് സ്വയം കൊള്ളയ്ക്കു വിധേയനായിരുന്നു (9) മഹാരാജാവ് തന്റെ സേവകരുടെ ആജ്ഞാനുവർത്തിയായി മാത്രമാണ് പ്രവർത്തിച്ചിരുന്നത് എന്നിങ്ങനെ മർക്കടമുഷ്ടിയോടെ അവിരാമം പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. ദുഷിച്ച ഭരണാധിപൻമാരിൽ ഒരാളാണ് തിരുവിതാംകൂർ മഹാരാജാവെന്നും സംസ്ഥാനത്തും ഗവർമെണ്ടിലും ദുർഭരണം അഴിഞ്ഞാടുകയാണെന്നും മഹാരാജാവു തിരുമനസ്സിന് സ്വന്തം ഇച്ഛാശക്തി എന്നൊന്നില്ലെന്നും സ്വദേശാഭിമാനിയുടെ നിരന്തരമായുള്ള ഈ പ്രസ്താവനകളിൽ നിന്നും ഒരുവൻ വിചാരിക്കും.'

എട്ടാം ഖണ്ഡികയാണ് കൂടുതൽ പ്രധാനം. അതിൽ പറയുന്നു: 'മഹാരാജാവിന്റെ നേർക്കുള്ള വ്യക്തിപരമായ ആക്രമണങ്ങളേക്കാളും വഞ്ചനാത്മകമായത്, 'സ്വദേശാഭിമാനി' നിലനിന്ന കാലത്ത് ഗവർമെണ്ടിനെ സംബന്ധിച്ച അസാധാരണസിദ്ധാന്തം കടുംപിടിയോടെ പ്രചരിപ്പിക്കാൻ ശ്രമിച്ചതാണ്. നാട്ടുരാജ്യഗവർമെണ്ടിന്റെ അടിസ്ഥാനശിലയായ വ്യക്തിഭരണാശയത്തിനെതിരായി തീക്ഷ്ണവും നിഷ്ഠുരവുമായ സമരം 'സ്വദേശാഭിമാനി' നടത്തി. ഈ പത്രത്തിന്റെ അഭിപ്രായത്തിൽ (10) 'രാജകുടുംബത്തിൽ പിറന്നതുകൊണ്ടുമാത്രം ആരും ബഹുമാനം അർഹിക്കുന്നില്ല (11) ജനനൻമയ്ക്കു വേണ്ടിയാണ് രാജാധികാരം വ്യവസ്ഥിതമായിരിക്കുന്നത് (12) പോർട്ടുഗലിലെ രാജവധം, രാജാക്കൻമാരെ, അവരുടെ കർത്തവ്യങ്ങളെ സംബന്ധിച്ച്, പ്രത്യേകിച്ചും അവർ ജനങ്ങളുടെ നിർദ്ദേശങ്ങളെ അനുസരിക്കണമെന്നും രാജാക്കൻമാരുടെ ദൈവികാവകാശസിദ്ധാന്തം നിരാകരിക്കപ്പെട്ട ഒന്നാണെന്നും മറ്റുമുള്ള നിത്യസ്മരണീയ പാഠങ്ങൾ പഠിക്കേണ്ടതാണ്. (13) രാജ്യത്തിന്റേയും ജനതയുടേയും പ്രതിനിധി മാത്രമാണ് രാജാവ്. രാജാവിനോടുള്ള ബഹുമാനം എന്നു പറഞ്ഞാൽ രാഷ്ട്രത്തോടുള്ള ബഹുമാനം എന്നാണ് (14) രാഷ്ട്രത്തിന്നെതിരായി നടത്തിയ ദ്രോഹത്തിന് ചാറൽസ് ഒന്നാമനെ വധിച്ചു;

ജെയിംസ് രണ്ടാമനെ രാജ്യത്തുനിന്ന് നിഷ്കാസനം ചെയ്തു. (15) ഒരുവന്റെ ദിവ്യമായ സ്വാതന്ത്ര്യവും അവകാശങ്ങളും ബലികഴിച്ചിട്ട് ഒരു രാജാവിനോട് കൂറുകാട്ടണമെന്ന് ഒരു പ്രമാണവുമില്ല (16) രാജാവിന്റെ ജനക്ഷേമവിരുദ്ധങ്ങളായ പ്രവൃത്തികളെ ചെറുക്കുക എന്നത് കൂറില്ലായ്മയൊന്നുമല്ല (17) നീതിയെ നിരാകരിക്കുകയും രാജ്യത്തേയും ജനതയേയും ക്രമേണ നാശത്തിലേക്കു നയിക്കുകയും ചെയ്യുന്ന ഒരു രാജാവിനെ ആദരിക്കുന്നത് ഒരിക്കലും കുറല്ല (18) തന്റെ പ്രജകൾക്കു ദുഃഖമുളവാക്കുന്ന പ്രവൃത്തികളിൽ സ്വയം വഴങ്ങിക്കൊടുക്കുന്ന ഒരു രാജാവിനെ ബഹുമാനിക്കുന്നതും സ്തുതിക്കുന്നതും രാജഭക്തിയല്ല. രാജാവിനോടുള്ള ഭക്തിയേക്കാൾ ഉൽക്കൃഷ്ടം രാഷ്ട്രത്തോടുള്ള ഭക്തിയാണ്- ഇങ്ങനെ 'സ്വദേശാഭിമാനി' രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ സുവിശേഷം നിരന്തരം പ്രചരിപ്പിച്ചു പോന്നു. (19) മനുഷ്യ സമുദായത്തിന്റെ ഉൽക്കർഷത്തിന് രാഷ്ട്രീയസ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആഹ്വാനം എങ്ങും മുഴങ്ങുന്നു. തുർക്കി, പേർഷ്യ മുതലായ രാജ്യങ്ങളിലെ അനുഭവങ്ങൾ പഠിക്കണം. രാഷ്ട്രീയ സ്വാതന്ത്ര്യം സ്വായത്തമാക്കുന്നതിനുള്ള വാദം രാജ്യദ്രോഹവൃത്തിയല്ല; ഒരുവന്റെ അതിദിവ്യങ്ങളായ സ്വാതന്ത്ര്യവും അവകാശങ്ങളും ബലികഴിച്ചിട്ട് ഒരു രാജാവിനോടും കൂറു പുലർത്തണമെന്ന് ഒരു പ്രമാണവും അനുശാസിക്കുന്നില്ല-എന്നിങ്ങനെ അനുദിനം ആഹ്വാനം ചെയ്യുന്നതിനുമുപരി (20) മഹാരാജാവു തിരുമനസ്സിലെ ഭരണം പ്രജകളുടെ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുന്നതിനു പ്രേരണ നൽകിയെന്നും 'സ്വദേശാഭിമാനി' പത്രം പ്രസ്താവിച്ചു. 'നിലവിലുള്ള സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതുകൊണ്ടുമാത്രം 'സ്വദേശാഭിമാനി'ക്കു തൃപ്തിയായില്ല. പ്രവർത്തനമാർഗങ്ങളും അത് ഉപദേശിക്കുകയുണ്ടായി. 'സ്വദേശാഭിമാനി'യുടെ 1907 നവമ്പർ 9-ാം തീയതിയിലെ 39-ാം ലക്കത്തിലും 27-ാം തീയതിയിലെ 42-ാം ലക്കത്തിലും 1909 നവമ്പർ 29-ാം തീയതിയിലെ 137-ാം ലക്കത്തിലും ഫലത്തിൽ കലാപം ഇളക്കിവിടുവാൻ പോരുന്ന പ്രസ്താവനകൾ ഉൾക്കൊണ്ടിരുന്നു. പോർട്ടുഗൽ രാജാവിന്റെ വധം, ചാറൽസ് ഒന്നാമന്റെ ശിരച്ഛേദനം, ജെയിംസ് രണ്ടാമന്റെ നാടുകടത്തൽ എന്നിവ സംബന്ധിച്ച സൂചനകളെക്കുറിച്ച് മുമ്പുതന്നെ പരാമർശിച്ചിട്ടുണ്ട്. (21) തിരുവിതാംകൂറിലെ ജനങ്ങൾ അവരുടെ മഹാരാജാവിനോട് കൂറിനും അനുസരണയ്ക്കും വ്യക്തിപരമായി ബാധ്യസ്ഥരല്ലെന്നും, നീതിപൂർവം ഭരിക്കുന്നേടത്തോളം മാത്രമേ അനുസരിക്കുക എന്ന ബാധ്യത പ്രജകൾക്കുള്ളു എന്നും (22) രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുള്ള വാദം യാതൊരു വിധത്തിലും രാജദ്രോഹമായി കരുതാൻ കഴിയില്ലെന്നും മറ്റും പത്രം പറഞ്ഞിട്ടുണ്ട്. (23) യോഗ്യമായ വിധം ഗവർമെണ്ട് പ്രവർത്തിക്കുന്നില്ലെന്ന് അനുഭവപ്പെടുന്നുവെങ്കിൽ ജനങ്ങൾ സംഘടിക്കണമെന്നും ഗവർമെണ്ടിനെ ധിക്കരിക്കാൻ മടിക്കേണ്ടതില്ലെന്നും 'സ്വദേശാഭിമാനി' പല പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ട്. അധർമകൃത്യങ്ങളോടുള്ള ബഹുജനരോഷത്തിന്റെ സ്വഭാവഗതിയെ തടയാൻ 'സ്വദേശാഭിമാനി'യുടെ അഭിപ്രായത്തിൽ ഒരു ഗവർമെണ്ടിനും ശക്തിയില്ല. മാത്രമല്ല, ആ ബഹുജനരോഷം ദിവ്യവും അതിന്റെ വിജയം സുനിശ്ചിതവുമാണ് (24) ഗവർമെണ്ടിന്റെ അതിപ്രധാന ഘടകം ജനതയുടെ ഇച്ഛാശക്തിയാണ് (25) ജനഹിതവുമായി പൊരുത്തപ്പെടാത്ത ഒരു ഗവർമെണ്ടിനെ വെച്ചുപൊറുപ്പിക്കരുത് (26) ജനങ്ങൾ അവരുടെ നൻമയ്ക്കുവേണ്ടി സ്വയം ഐക്യത്തോടെ പ്രവർത്തിക്കണം (27) രാജ്യതാൽപര്യങ്ങൾക്കെതിരായി രാജാവു പ്രവർത്തിക്കുമ്പോൾ തങ്ങളുടെ നേതാക്കൻമാരെ കണ്ടെത്തുകയും തങ്ങളുടെ ക്ഷേമത്തിന് എതിരായി നിൽക്കുന്ന ശക്തികളെ തകർക്കുകയും ചെയ്യുക എന്നത് ജനങ്ങളുടെ കർത്തവ്യം മാത്രമാണ് എന്നിങ്ങനെ 'സ്വദേശാഭിമാനി' ജനങ്ങളെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. (28) തിരുവിതാംകൂർ ജനങ്ങളുടെ അവസ്ഥ ഒരുതരം അടിമത്തമാണെന്ന് 'സ്വദേശാഭിമാനി' ചിത്രീകരിച്ചിരിക്കുന്നു (29) സേവാ പ്രസാദിത്വം രാജ്യത്തിൽ പ്രബലപ്പെട്ടിരിക്കുന്നു (30) ദുർഭരണം കാരണം കടുത്ത മർദനത്തിനും അധർമകൃത്യങ്ങൾക്കും വിധേയരായി ജനങ്ങൾ എല്ലും തൊലിയുമായി തീർന്നിരിക്കുന്നു. (31) സ്തുതിപാഠകർ ഭരിക്കുന്ന ഒരു രാജ്യമെന്ന നിലയ്ക്ക് ഇവിടെ സത്യവും അവഗണിക്കപ്പെട്ടിരിക്കുന്നു (32) ജനങ്ങളുടെ കാര്യങ്ങൾ നോക്കാൻ ഇവിടെ നാഥനില്ലാതായിരിക്കുന്നു. (33) ദുരിതത്തിന്റെ

ആഴത്തിലേക്കു ജനങ്ങളെ തള്ളിവിട്ടിരിക്കുന്നു (34) മാത്രമല്ല, ക്ഷമ മിക്കവാറും നശിച്ച് ദുർഭരണത്തിൽ നിന്നും സ്വയം രക്ഷപ്പെടാൻ പോരുന്ന ഏതു മാർഗവും അവലംബിക്കാൻ ജനങ്ങൾ നിർബന്ധിതരായിരിക്കുന്നുവെന്നും 'സ്വദേശാഭിമാനി' പ്രഖ്യാപിക്കുകയുണ്ടായി (35) പബ്ലിക് റവന്യൂവും മഹാരാജാവിന്റെ സ്വകാര്യച്ചെലവിനുള്ള പണവും ഏതേതു വിധത്തിൽ ചെലവാക്കുന്നു എന്ന് അറിയുവാനുള്ള അവകാശം ജനങ്ങൾക്കുണ്ടെന്ന് അവർക്കുവേണ്ടി പത്രം അവകാശവാദം ഉന്നയിച്ചു (36) ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർ കൊലയാളിയായ ഒരു രാജസേവകന് അഭയം നൽകിയിരിക്കുന്നതിൽ ഇടപെട്ട് നീതിനിർവഹിക്കുന്നില്ലെങ്കിൽ പലവിധ ദുർവികാരങ്ങളാൽ ജനഹൃദയം പ്രക്ഷുബ്ധമാകുമെന്ന് ബ്രിട്ടീഷ് ഗവർമെണ്ടിന് 'സ്വദേശാഭിമാനി' മുന്നറിയിപ്പു നൽകി (37) ജനങ്ങൾക്ക് രാജാവിന്റെ ആജ്ഞകളെ വെറും അടിമകളെപ്പോലെ അനുസരിക്കുക എന്നതിനുപരി ചില കടമകൾ ഉണ്ടെന്നും (38) ജനാഭിലാഷങ്ങളുടെയും അവകാശങ്ങളുടെയും നേർക്ക് ഗവർമെണ്ടു കാണിക്കുന്ന മനഃപൂർവമായ അവഗണന അശിക്ഷിതരായ ജനങ്ങളെ അക്രമത്തിനു പ്രേരിപ്പിക്കുമെന്നും 'സ്വദേശാഭിമാനി' വാദിച്ചിരുന്നു (39) ജനങ്ങളെ അവരുടെ അവകാശങ്ങൾ ഉറപ്പിച്ചു പ്രഖ്യാപിക്കുവാനും സ്വന്തം അഭിലാഷമനുസരിച്ചുള്ള ഒരു ഗവർമെണ്ടുവ്യവസ്ഥിതി നേടിയെടുക്കുന്നതിനു പ്രവർത്തിക്കാനും പത്രം ഉപദേശിച്ചു (40) ഇംഗ്ലണ്ട്, അമേരിക്ക, ജർമനി തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങൾ അവകാശപ്പെട്ടിരുന്ന അതേ അവകാശങ്ങൾ തിരുവിതാംകൂർ ജനതയ്ക്കു വേണ്ടിയും അവകാശപ്പെടുന്നതിനു 'സ്വദേശാഭിമാനി' ഒട്ടും തന്നെ മടിച്ചില്ല. (41) തിരുവിതാംകൂറുകാർക്ക് തങ്ങളുടെ അവകാശങ്ങൾ എ്ങ്ങനെ നേടിയെടുക്കണമെന്ന് അറിയില്ലെന്നും ഐക്യമുണ്ടെങ്കിൽ മലയെപ്പോലും പൊക്കിയെടുക്കാൻ കഴിയുമെന്നും ഐക്യംകൊണ്ട് നേടിയെടുക്കാൻ കഴിയാത്തതായി ഒന്നും ഇല്ലെന്നും പത്രം ചൂണ്ടിക്കാട്ടുകയുണ്ടായി.

അഭിപ്രായങ്ങൾ എത്ര പിന്തിരിപ്പനായാലും, വസ്തുതകൾ നിരത്തുന്ന കാര്യത്തിൽ ദിവാനും പിഴച്ചിട്ടില്ലെന്നും അദ്ദേഹം ഓരോന്നിനും തെളിവു ചൂണ്ടിക്കാട്ടുന്നുണ്ടെന്നും 'സ്വദേശാഭിമാനി'യുടെ പ്രധാനപ്പെട്ട മുഖപ്രസംഗങ്ങൾ വായിച്ചിട്ടുള്ള ആർക്കും ബോധ്യപ്പെടും. ഈ പറഞ്ഞവിധം സ്വദേശാഭിമാനി ചെയ്ത കാര്യങ്ങൾ അന്നത്തെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസരിച്ച് കടുത്ത 'രാജദ്രോഹം' തന്നെയായിരുന്നു. ഭരണത്തലവനെന്ന നിലയ്ക്കു രാജാവിനെ വിമർശിക്കുന്നതും നിലവിലുള്ള ഭരണവ്യവസ്ഥിതി തകിടംമറിക്കാൻ ഉദ്ദേശിക്കുന്നതും ദൈവദത്താധികാരമുണ്ടെന്നു ഭാവിക്കുന്ന രാജാവല്ല പ്രജാസമൂഹമാണ് യഥാർഥ ഭരണാധികാരിയെന്നും ജനഹിതം നോക്കാത്ത രാജാവിനെ പുറത്താക്കാൻ ജനങ്ങൾക്ക് അധികാരമുണ്ടെന്നും യൂറോപ്പിലെ രാജവധങ്ങൾ രാജാക്കൻമാർക്ക് സ്മരണീയമായ പാഠങ്ങൾ നൽകേണ്ടതാണെന്നും മറ്റും ഘോഷിക്കുന്നതും ആയ സ്വദേശാഭിമാനിയുടെ മുഖപ്രസംഗങ്ങളും ജനങ്ങളെ പ്രക്ഷോഭത്തിന് ഇളക്കിവിടാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളും അന്നത്തെ നിലയ്ക്ക് എങ്ങനെ രാജദ്രോഹമല്ലാതിരിക്കും? ശ്രീമൂലം തിരുനാൾ മഹാരാജാവ് വിഡ്ഢിയും സ്വാർത്ഥിയും സേവകരുടെ കയ്യിൽ പാവയും രാജ്യത്ത് അഴിമതി വളർത്തുന്നവനും പൊതുമുതൽ ധൂർത്തടിക്കുന്നവനും ഭാര്യയ്ക്കു ഹർമ്യം പണിയാൻ പൊതുമരാമത്തു വകുപ്പിൽനിന്ന് തടി മോഷണം നടത്തിയവനും ആണെന്നൊക്കെയുള്ള സ്വദേശാഭിമാനിയുടെ പ്രസ്താവങ്ങൾ അന്ന് രാജദ്രോഹമല്ലെന്ന് എങ്ങനെ പറയും?

## വിപ്ലവകാരിയുടെ രാജദ്രോഹം

പക്ഷെ, വിപ്ലവകാരികൾ അന്നന്നത്തെ ചട്ടവും നിയമവും നോക്കിയല്ല സത്യം പറയുന്നത്. പൊതുതാൽപര്യത്തിനുവേണ്ടി സത്യം പറയാനും പൊതുതാൽപര്യം മുൻനിർത്തി വ്യവസ്ഥിതി മാറ്റത്തിനു വേണ്ടിത്തന്നെ പ്രവർത്തിക്കാനും അവർ അതിനു തടസ്സമാവുന്ന അന്നന്നത്തെ നിയമങ്ങൾ ലംഘിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ അവർ 'രാജദ്രോഹി'കളാവുന്നു. തിലകനും ലജ്പത്റായിയും, ഗാന്ധി

ജിയുമൊക്കെ ഈ വിധം 'രാജദ്രോഹി'കളായവരാണ്. ആ 'രാജദ്രോഹ'ത്തെ അഭിമാനകരമായ ഒരു പ്രവൃത്തിയായി അവർ കാണുകയും ഉൽബുദ്ധർ അങ്ങനെ അംഗീകരിക്കുകയും ചെയ്യുന്നു. രാമകൃഷ്ണപിള്ളയുടെ 'രാജദ്രോഹ'വും ഈ നിലയ്ക്കുള്ളതായിരുന്നു. അത് അടക്കാനാവാത്ത രാജ്യഭക്തിയാൽ നടത്തിയ 'രാജദ്രോഹ'മാണ്. രാജാവിനു കൂടി രാജ്യഭക്തി ഉണ്ടായിരിക്കേണ്ടതാണെന്നും രാമകൃഷ്ണപിള്ള പറഞ്ഞിട്ടുണ്ട്. രാജ്യഭക്തി എന്നതുകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നത് പൊതുജനക്ഷേമത്തിലുള്ള താൽപര്യവും ആ താൽപര്യം മുൻനിർത്തി രാജ്യത്തിന്റെ പരിഷ്കൃതദശയിലേക്കുള്ള വളർച്ചയ്ക്കു വേണ്ടിയുള്ള ഉൽസാഹവും പ്രവർത്തനവും അതിനുള്ള തടസ്സങ്ങളോടുള്ള സമരവുമാണ്. അങ്ങനെ പ്രവർത്തിക്കുന്നവർ അപജയങ്ങളേയും അപകടങ്ങളേയും ഗൗനിക്കുകയില്ല; തങ്ങൾ ചെയ്തുപോന്ന പ്രവൃത്തിയിൽ പശ്ചാത്തപിക്കുകയുമില്ല.

പക്ഷെ അതു മനസ്സിലാക്കാൻ അന്നത്തെ പത്രങ്ങളുടെ അഭിനന്ദനത്തിൽ മത്തുപിടിച്ച ദിവാന്റെ വൈരനിര്യാതനബുദ്ധിക്കു കഴിഞ്ഞില്ല. അദ്ദേഹം ദർബാറിനു സമർപ്പിച്ച റിപ്പോർട്ടിൽ എഴുതി: 'സ്വദേശാഭിമാനി'യുടെ ആക്രമണത്തിനു വിധേയരാകാത്ത ഉദ്യോഗസ്ഥൻമാരെല്ലാവരും ആ പത്രത്തോട് അനുഭാവമുള്ളവരോ അതിലെ പ്രതിപാദനങ്ങളെ അഭിനന്ദിക്കുന്നവരോ അല്ലതന്നെ. എന്നാൽ അവരിൽ ചിലരെങ്കിലും 'സ്വദേശാഭിമാനി' മുഖപത്രമായിരുന്ന പാർട്ടിയിലെ അംഗങ്ങളാണെന്ന് പൊതുജനങ്ങൾ കരുതിയിരുന്നുവെന്നത് കുപ്രസിദ്ധവുമാണ്. എണ്ണത്തിൽ കുറവുള്ളവരും 1910 സപ്തംബറിലെ നടപടിയിൽ ഞെട്ടിപ്പോയവരുമായ ഈ പാർട്ടിക്കാർ ഇന്നും നിർജീവരല്ല. ദർബാർ എന്തെങ്കിലും കുറ്റമോ കുറവോ പ്രവർത്തനത്തിൽ വരുത്തിയാൽ ആ നിമിഷം ഈ എതിർപ്പ് പുനരുജ്ജീവിക്കും. എത്രതന്നെ നിസ്സാരമാണെങ്കിലും ഏതൊരു ചെറിയ സംഭവത്തേയും അണിനിരക്കാനും അണിനിരത്താനുമുള്ള ഒരു ആഹ്വാനമായി ഉപയോഗിക്കാൻ അവർ മടിക്കുകയില്ല. അതുകൊണ്ട്, വളരെ താമസിച്ചാണെങ്കിലും 1910 സപ്തംബറിൽ അവസാനമായും സ്വീകരിച്ച നിശ്ചയദാർഢ്യത്തിന്റേതായ നയത്തിൽ വിടാപ്പിടിയോടെ ഉറച്ചു നിൽക്കണമെന്ന് ദർബാറിനെ ആത്മാർത്ഥതയോടെ ഞാൻ ഉപദേശിക്കുന്നു. രാമകൃഷ്ണപിള്ള യഥാകാലം മഹാരാജാവു തിരുമനസ്സിലെ കരുണ യാചിച്ചു കാലിൽ വീഴുകയും സംസ്ഥാനത്തേക്കു മടങ്ങിവരുന്നതിനുള്ള അനുവാദത്തിനു പ്രാർഥിക്കുകയും ചെയ്യുമെന്നതിൽ യാതൊരു സംശയവുമില്ല. ആ അവസരം വരുമ്പോൾ ഈ പ്രശ്നങ്ങളൊക്കെയും തീർത്തും പരിഗണിക്കുകയും നിലവിലുള്ള സാഹചര്യങ്ങളുടെ ആകത്തുക കണക്കിലെടുക്കുകയും വേണം. രാമകൃഷ്ണപിള്ളയ്ക്കു തിരിച്ചുവരുന്നതിനുള്ള അനുവാദം നൽകുന്നതിനു മഹാരാജാവിനു ദയയുണ്ടാകുന്നുവെങ്കിൽ, മഹാരാജാവിനും അവിടുത്തെ ഗവർമെണ്ടിനും അവിടുത്തെ ദിവാൻജിമാർക്കും ദർബാറിന്റെ മറ്റുദ്യോഗസ്ഥൻമാർക്കും എതിരായി നടത്തിയ നീചവും വിദ്വേഷം നിറഞ്ഞതുമായ എല്ലാ ആക്രമണങ്ങൾക്കും അയാളെക്കൊണ്ട് പരസ്യമായ ക്ഷമായാചനം ചെയ്യിക്കണമെന്നത് എന്റെ അഭിപ്രായത്തിൽ അത്യന്താപേക്ഷിതമാണ്. മാത്രമല്ല, ഭാവിയിൽ നല്ല നടപ്പിനു മതിയായ ജാമ്യം അയാളിൽ നിന്നുവാങ്ങുക എന്ന മുൻകരുതലും തള്ളിക്കളയാവുന്നതല്ല. എന്തുതന്നെയായാലും, നിരോധിച്ച പത്രം പുനഃപ്രസിദ്ധീകരിക്കുന്നതിനു അനുവദിക്കുന്നതും കണ്ടുകെട്ടിയ പ്രസ്സ് മടക്കിക്കൊടുക്കുന്നതും ഗൗരവമേറിയ തെറ്റുകളായിരിക്കും. രാമകൃഷ്ണപിള്ള ഒരു ദരിദ്രനായിരുന്നു. പ്രസ്സിന്റെ നാമമാത്രമായ ഉടമയുമായിരുന്നു. അയാളുടെ നയങ്ങൾക്കു വഴികാട്ടികളായി അയാളുടെ പിന്നിൽ ഉണ്ടായിരുന്ന ചരടുവലിക്കാരിൽ നിന്നുമായിരിക്കണം അയാൾക്ക് ആവശ്യമായ പണം ലഭിച്ചിരുന്നത്.''

ബുദ്ധിമാനും ഭരണനിപുണനുമായിട്ടും വിപ്ലവകാരികളുടെ മനസ്സറിയാൻ കഴിയാതെ പോയ ദിവാന്റെ അപഹാസ്യമായ അപരിഷ്കൃത മനോഭാവത്തെ തിരിഞ്ഞുനോക്കി ചരിത്രം ചിരിക്കുകയാണ്! സ്വദേശാഭിമാനിയുടെ ജൻമശതാബ്ദിക്കാലത്ത് മകൾ കെ. ഗോമതിഅമ്മ എഴുതി: 'അച്ഛൻ കരുണ യാചിച്ചില്ല. ആരുടേയും കാലിൽ വീണില്ല. നാട്ടിൽ മടങ്ങിച്ചെല്ലാൻ അനുവാദം ചോദിച്ചില്ല. ആരും

അച്ഛനെക്കൊണ്ട് പരസ്യമായി ക്ഷമായാചനം ചെയ്യിക്കേണ്ടിവന്നില്ല. നല്ല നടത്തയ്ക്കു ജാമ്യവും വാങ്ങീല. നിരോധിച്ച പത്രം ഒരു ദശകത്തിനുശേഷം മാസികാ രൂപത്തിൽ ആ പേരിൽ നടത്തപ്പെട്ടു. പ്രസ്സ് അഞ്ചു ദശകത്തിനു ശേഷം അതിന്റെ ശരിയായ അവകാശികൾക്കു മടക്കിക്കൊടുക്കപ്പെടുകയും ചെയ്തു. പത്രാധിപരുടെ പ്രതിമ രാജധാനിയിൽ നഗരമധ്യത്തിൽ സ്ഥാപിതമായി. ഇന്നിതാ കേരളത്തിലെ പല കേന്ദ്രങ്ങളിലും ജൻമശതവാർഷികവും ആഘോഷിക്കപ്പെടുകയാണ്. ഇത്രകൂടി: 'അച്ഛൻ അമ്മയോടപേക്ഷിച്ചതായി അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്: 'എന്റെ മക്കളെ തിരുവിതാംകൂറിന്റെ ചോറുതിന്നാനിടയാക്കരുതേ' എന്ന്. മകളുടെ ചോറ് മദിരാശി, കേരളസർവകലാശാലകളുമായി ബന്ധപ്പെട്ടും, മകന്റേത് കേരളവും ഭാരതവും കടന്ന് വിദേശത്തുമായിട്ടാണ് വിധിക്കപ്പെട്ടത്. ഞങ്ങൾ തിരുവിതാംകൂറിലെ ഒരു മണൽതരിക്ക്പോലും അവകാശപ്പെട്ടിട്ടില്ല. യാതൊരുവിധ സൗജന്യവും ഞങ്ങൾക്കുലഭിച്ചിട്ടുമില്ല എന്ന പരമസത്യം അച്ഛന്റെ ആത്മാവിനു സംതൃപ്തി നൽകിയിരിക്കും' ['ധന്യയായ് ഞാൻ' - കെ. ഗോമതി അമ്മ ഡി.സി. ബുക്സ്]

രാമകൃഷ്ണപിള്ളയുടെ സ്ഥായിയായ വിപ്ലവപ്രവർത്തനങ്ങളിലേക്ക് കെ. ദാമോദരനും ഇ.എം. എസ്സുമൊക്കെ ഏറെ വെളിച്ചം വീശിയിട്ടുണ്ട്. പലരുടേയും മനസ്സിൽ നിറഞ്ഞുനിൽക്കുന്നത് ദിവാന്റെ കീചകത്വത്തെപ്പറ്റി സ്വദേശാഭിമാനി നടത്തിയ വിമർശനമാണ്. അതിൽതന്നെയുള്ള വിപ്ലവസ്വഭാവം പലരും കാണുന്നില്ല. .....രാജ്യകാര്യവിചിന്തനവുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടവയായിരുന്നു ആ വിമർശനങ്ങൾ. ഉയർന്ന ഔദ്യോഗിക പദവിയിൽ ഇരിക്കുന്ന ഒരാൾക്ക് സ്വകാര്യജീവിതം, പൊതുജീവിതം എന്നിങ്ങനെ വേർതിരിക്കാവുന്ന അസ്തിത്വം ഇല്ലെന്നും അയാളുടെ സ്വകാര്യജീവിതംതന്നെ ജനങ്ങൾക്കു മാതൃകയായിരിക്കണമെന്നും ബ്രിട്ടനിലും മറ്റും അനുവർത്തിച്ചുപോരുന്ന പാരമ്പര്യം എടുത്തുകാട്ടി രാമകൃഷ്ണപിള്ള വാദിച്ചു. രാജഗോപാലാചാരിയാവട്ടെ ദിവാൻ എന്ന നിലയ്ക്കുള്ള അധികാരശക്തി ഉപയോഗിച്ചാണ് ബലാൽസംഗത്തോളമെത്തുന്ന വ്യഭിചാരവൃത്തി നടത്തിവരുന്നതെന്നും അദ്ദേഹം എടുത്തുകാണിച്ചു. ദിവാൻതന്നെ ഇങ്ങനെ ചെയ്യുമ്പോൾ മറ്റ് ഉദ്യോഗസ്ഥൻമാരും വ്യഭിചാരവും വ്യഭിചാരദൂതത്വവും ഭരണശീലമാക്കാൻ തുനിയുന്നു. ഇത് സമൂഹത്തിന്റെ സദാചാരശീലത്തേയും കുടുംബത്തിന്റെ പവിത്രതയേയും അപകടത്തിലാക്കുന്നു. ഈ വസ്തുതകൾ ആരും ചോദ്യം ചെയ്തിട്ടില്ല. കെ.പി.എസ്സ്. മേനോൻ തന്റെ കുട്ടിക്കാലത്തെ ഒരു സംഭവം വിവരിച്ച് എഴുതിയിട്ടുള്ള ലേഖനം തന്നെ ദിവാന്റെ കീചകവൃത്തിക്കു ലക്ഷ്യവുമാണ് ['ക്രാന്തദർശിയായ സ്വദേശാഭിമാനി' - മലയാള മനോരമ, 1978 മെയ് 25] എങ്കിലും ഇതൊക്കെ തുറന്നു പറയണമോ? പക്ഷെ, രാജ്യകാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ എങ്ങനെ തുറന്നുപറയാതിരിക്കും? അങ്ങനെ, ഒരു ദർശനത്തിന്റേയും ആദർശത്തിന്റേയും ഉൾക്കനമുണ്ടായിരുന്നു ആ വിമർശനങ്ങൾക്ക്. എഴുതിയത് കടുത്തഭാഷയിലാണ്; പക്ഷെ ആഭാസകരമായ ശൈലിയിലായിരുന്നില്ല. അത് ഡോ. നായർ വിചാരിക്കുംപോലെ 'ഗ്രാമ്യമായ ശകാരം' ആയിരുന്നുമില്ല.....

ഡോ. ടി.എം. നായർ കരുതുംപോലെ കോടതിയിൽ ശിക്ഷകിട്ടുംവിധം അപകീർത്തികരമായിരുന്നുവോ ആ വിമർശനങ്ങൾ? പൊതുജീവിതശുദ്ധീകരണം എന്ന ഉദ്ദേശ്യം ആ വിമർശനങ്ങളെ ഉദാത്തമാക്കിയിരുന്നു. ഒരാളുടെ ആഭാസത്തങ്ങൾ വിളിച്ചു പറയുന്നതിലുള്ള രസംകൊണ്ടല്ല സ്വദേശാഭിമാനി എഴുതിക്കൊണ്ടിരുന്നത്. എഴുതിയതൊക്കെ സത്യമായിരുന്നു; അതാകട്ടെ പൊതുതാൽപര്യം മുൻനിർത്തിയുമായിരുന്നു. ആ ആത്മവിശ്വാസം കൊണ്ടാണ് തന്നെ കോടതിയിൽ കയറ്റാൻ ധൈര്യമുണ്ടോ എന്ന് അദ്ദേഹം ദിവാനെ വെല്ലുവിളിച്ചത്. ആ ഇംഗ്ലീഷ് മുഖപ്രസംഗം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞില്ല. അതിന്റെ പ്രൂഫ് വായിച്ചു തീർത്തേ ഉണ്ടായിരുന്നുള്ളു. അപ്പോഴാണ് നാടുകടത്തുന്നതിനായുള്ള അറസ്റ്റു നടന്നതും പത്രം പിടിച്ചടക്കപ്പെട്ടതും. ['എന്റെ നാടുകടത്തൽ'- ഡി.സി. ബുക്സ്, കോട്ടയം] ദിവാൻ പത്രാധിപരെ കോടതികയറ്റി പരിഹാരം തേടേണ്ടതായിരുന്നു എന്ന് അക്കാലത്തെ ഇംഗ്ലീഷു പത്രങ്ങൾക്കു പറയാൻ എളുപ്പമാണ്. കാര്യം കോടതിയിൽ എത്തിയാൽ എന്തെല്ലാം വൃത്തി

കേടുകൾ വെളിച്ചത്താവുമെന്ന് ദിവാന് അറിയാമായിരുന്നു. സ്വദേശാഭിമാനിയുടെ മുഖപ്രസംഗങ്ങളിൽ വേട്ടയാടപ്പെടുന്ന താൻ കോടതിയിൽ വേട്ടയ്ക്കിരയാവുകയില്ലെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നില്ല. സ്വദേശാഭിമാനി സംഭരിച്ചു വെച്ചതായി അറിഞ്ഞിരുന്ന തെളിവുകൾ, സ്വദേശാഭിമാനിയുടെ ആരോപണങ്ങളെ പിന്താങ്ങുന്ന സാക്ഷിമൊഴികൾ, സ്വദേശാഭിമാനിയെ ഉത്തേജിപ്പിച്ച പൊതുതാൽപര്യം- അതിനെയൊക്കെ മറികടന്ന് വിജയശ്രീലാളിതനായി കോടതിയിൽ നിന്നു പുറത്തുവരാൻ കഴിയുമെന്ന് ദിവാനു വിശ്വാസമുണ്ടായിരുന്നു എന്നു കരുതിക്കൂടാ. അങ്ങനെ വിശ്വാസമുണ്ടായിരുന്നെങ്കിൽ തന്നേയും കോടതിയിലെ അഗ്നിപരീക്ഷ സഹിക്കാൻപോന്ന മനഃശക്തി ഇക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടാവുമെന്നു പ്രതീക്ഷിച്ചുകൂടാ. അതുകൊണ്ടുതന്നെയാണ് അതൊക്കെ ഒഴിവാക്കി സ്വദേശാഭിമാനിയെ വകവരുത്താൻ അദ്ദേഹം അറ്റകൈ പ്രയോഗിച്ചത്.

അന്നത്തെ നിലവെച്ചുനോക്കിയാൽ സ്വദേശാഭിമാനി 'രാജദ്രോഹം' നടത്തി എന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ തക്കസമയത്തല്ല, അദ്ദേഹം 'രാജദ്രോഹം' തൽക്കാലം നിർത്തിയ അവസരത്തിലാണ് ശിക്ഷ ഉണ്ടായത്. 1905, 1906, 1907 എന്നീ കൊല്ലങ്ങൾ സ്വദേശാഭിമാനി വിട്ടുവീഴ്ചയില്ലാത്ത വിധം 'രാജദ്രോഹം' നടത്തിയ കാലമാണ്. ആധുനിക രാജ്യതന്ത്രപ്രചരണവും വിപ്ലവാഹ്വാനങ്ങളും അദ്ദേഹം പ്രചണ്ഡമാക്കിയിരുന്നു. അതിന്റെ ഭാഗമായി രാജസേവകൻമാരും നിഷ്കരുണം വിമർശിക്കപ്പെട്ടു. അക്കാലത്ത് സ്വദേശാഭിമാനിക്കെതിരെ നടപടി വേണമെന്ന് രാജസേവകൻമാരും പാർശ്വവർത്തികളും രാജാവിനോടു നിർബന്ധിച്ചതാണ്. പക്ഷെ ദിവാന്റെ ഭാഗത്തുനിന്നുവേണം ഇതിനുള്ള നീക്കം എന്നായിരുന്നു രാജാവിന്റെ നിലപാട്.രാജസേവകൻമാരുടെ മുഷ്കിൽ നീരസമുള്ള ദിവാനോ ഈ വിമർശനങ്ങളിൽ രസിച്ചിരിക്കുകയേ ചെയ്തുള്ളു....

തന്നെ വ്രണപ്പെടുത്തിയപ്പോഴേ ദിവാന് സ്വദേശാഭിമാനി 'രാജദ്രോഹി'യായുള്ളു എന്നർത്ഥം. ആ വെളിപാടുണ്ടായപ്പോൾ രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു. രാജ്യഭക്തി കൊണ്ടാണെങ്കിലും രാമകൃഷ്ണപിള്ള 'രാജദ്രോഹം' നടത്തി; പക്ഷെ ശിക്ഷ കിട്ടിയത് ദിവാന്റെ ദുർനടപടികളെ വിമർശിച്ചതിനാണ്. ഈ വിരോധാഭാസം ശ്രദ്ധിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെയാണ് നാടുകടത്തലിനെ നീതിബോധമുള്ളവർ മാത്രമല്ല, ദിവാന്റെ പക്ഷത്തു നിന്നവരും വ്യത്യസ്തകാരണങ്ങളാലാണെങ്കിലും വിമർശിച്ചതും....

ദിവാൻ ദർബാറിനു സമർപ്പിച്ച റിപ്പോർട്ടിലേക്കുതന്നെ മടങ്ങട്ടെ. രണ്ടുകൊല്ലം കഴിഞ്ഞ്, ഉദ്യോഗത്തിൽ നിന്നു വിരമിക്കുന്ന ഘട്ടത്തിൽ, എന്തിനാണ് അദ്ദേഹം അങ്ങനെ ഒരു റിപ്പോർട്ട് എഴുതി വെച്ചത്? ആദ്യം പറഞ്ഞപോലെ ഇന്ത്യൻ പത്രലോകത്തിന്റെ രൂക്ഷവിമർശനം ദിവാന് തിരിച്ചടിയായി തോന്നിയിരിക്കണം. എന്നല്ല, നാടുകടത്തലിനെത്തുടർന്ന് തിരുവിതാംകൂറിലുണ്ടായ പ്രക്ഷോഭാവസ്ഥയും അദ്ദേഹത്തെ ഒട്ടൊന്നു സംഭ്രമിപ്പിച്ചിരിക്കണം. അതുകൊണ്ടാണ് ഭാവിയിൽ തന്റെ അഭാവത്തിൽ ഒരു പുനർവിചാരണ നടക്കുകയാണെങ്കിൽ, താൻ തനിക്കു വേണ്ടിയല്ല രാജാവിനു വേണ്ടിയാണ്, ഒരു 'അപവാദക'നെയല്ല 'രാജദ്രോഹി'യെയാണ് നാടുകടത്തിയത് എന്നു സ്ഥാപിക്കേണ്ട ആവശ്യം അദ്ദേഹം കണ്ടത്. മറ്റുനിലയ്ക്കു വിലപ്പെട്ടതാണെങ്കിലും ഉദ്ദേശശുദ്ധിയില്ലാത്ത ഈ രേഖ ചരിത്രവിദ്യാർത്ഥികളെയെങ്കിലും വഴിതെറ്റിക്കാൻ കാരണമായേക്കും. ചിലർ അങ്ങനെ വഴിതെറ്റിപ്പോയിട്ടുമുണ്ട്. ദിവാനെതിരായ സദാചാരഭ്രംശ വിമർശനത്തിനല്ല, വിപ്ലവകരമായ പ്രവർത്തനങ്ങൾക്കാണ് സ്വദേശാഭിമാനി നാടുകടത്തപ്പെട്ടത് എന്ന് ഈ അപൂർവരേഖയിൽനിന്നും വായിച്ചെടുക്കാൻ പ്രലോഭനം കാണുമല്ലോ. എന്നാൽ രാജദ്രോഹം നടത്തിയ ആളെ, അക്കാര്യം തക്കസമയത്തുഗൗനിക്കാതെ, കാലഹരണപ്പെട്ടിരിക്കുന്ന കാലത്ത് ആ കുറ്റം ചുമത്തി, ഒരു മാനനഷ്ടക്കേസിലെ പ്രതിയാക്കുകമാത്രം ചെയ്യേണ്ടിയിരുന്ന സമയത്ത്, കോടതി കാണിക്കാതെ, പൊക്കിയെടുത്ത് ദൂരേക്കെറിഞ്ഞ് അധികാര ധാർഷ്ട്യം കാണിക്കലായി ദിവാന്റെ രാജ്യതന്ത്രം, അഥവാ ആത്മരക്ഷോപായം. അത് ഒരു യുദ്ധത്തിന്റെ

അവസാനമായിരുന്നു. വീണത് ദിവാനാണ്; സ്വദേശാഭിമാനി ജയിച്ചുനിൽക്കുന്നു. കാരണം, ആരാണ് യഥാർഥത്തിൽ രാജദ്രോഹി? രാമകൃഷ്ണപിള്ള അന്നത്തെ നിയമത്തിന്റെ ദൃഷ്ടിയിൽ രാജദ്രോഹം നടത്തി; പക്ഷെ നീതിയുടെ ദൃഷ്ടിയിൽ അത് ഒരു ധർമസമരമായിരുന്നു; രാജ്യത്തിന്റെ ഉത്തമതാൽപര്യം മുൻനിർത്തിയുള്ള യുദ്ധമായിരുന്നു; പരമമായ രാജ്യഭക്തിയാണ് അതിന് ഉത്തേജനം കൊടുത്തത്. ദിവാനെക്കുറിച്ചുള്ള വിമർശനങ്ങളാവട്ടെ സദുദ്ദേശപ്രേരിതവുമായിരുന്നു. അവ രാജദ്രോഹമാണെന്ന് ഒരു നിലയക്കും പറയാനും വയ്യ. ദിവാൻ രാജഗോപാലാചാരിയുടെ നിലയോ? സ്വദേശാഭിമാനി രാജദ്രോഹം നടത്തുന്ന സമയത്ത്, അതിന്റെ ന്യായാന്യായങ്ങൾ നോക്കേണ്ടതില്ലാതെ, രാജാവിനേയും രാജവാഴ്ചയേയും രക്ഷിക്കാൻ ചുമതലപ്പെട്ട ആ ഭരണമേധാവി, ദുരുദ്ദേശപൂർവം അതു നോക്കിയിരുന്നു രസിച്ചതേയുള്ളു. അതുകഴിഞ്ഞ് ആക്രമണം തന്റെ ദുർവൃത്തികളെ കേന്ദ്രീകരിച്ചപ്പോൾ അടിസ്ഥാനരഹിതമായി രാജദ്രോഹക്കുറ്റം ചുമത്തി ഒരു അധാർമിക ശിക്ഷാനടപടി നടപ്പാക്കി രാജാവിനും രാജവാഴ്ചയ്ക്കും കീർത്തിമാലിന്യം ഉണ്ടാക്കുകയും ചെയ്തു. സ്വദേശാഭിമാനിയുടെ ധാർമികമായ പത്രപ്രവർത്തനം വഴി രാജവാഴ്ചയ്ക്കുണ്ടായ കീർത്തിമാലിന്യം കേരളത്തിൽ ഒതുങ്ങിനിന്നതേയുള്ളു. ഭരണമേധാവി എന്ന നിലയ്ക്ക് ദിവാൻ ഉണ്ടാക്കിവച്ച കീർത്തിമാലിന്യമാകട്ടെ ഇന്ത്യയൊട്ടുക്കും വ്യാപിച്ചു. സ്വദേശാഭിമാനിയുടെ രാജദ്രോഹം ഒരു വിപ്ലവകാരി സ്വാഭാവികമായി ചെയ്യുന്ന 'കുറ്റ'മായിരുന്നു. ചരിത്രത്തിന്റെ ദൃഷ്ടിയിൽ അതിന് അന്തസ്സുണ്ട്. ദിവാൻ ചെയ്ത രാജദ്രോഹമാകട്ടെ, ഔദ്യോഗിക കൃത്യവിലോപം നടത്തി, അനാസ്ഥ കാണിച്ച്, രാജവാഴ്ചയെ പീഡിപ്പിക്കാൻ അനുവദിക്കുകയും രാജാവിന്റെ നീതിബോധത്തെ അപകടപ്പെടുത്തുകയും ചെയ്ത അധാർമിക നടപടിയാണ്. അതിനെ ചരിത്രം ആദരിക്കുകയില്ല. എന്നത്തെ നിയമത്തിന്റെ ദൃഷ്ടിയിലും അത് രാജദ്രോഹം തന്നെ. ആദർശപരമായ അനുഭാവംകൊണ്ട് സ്വദേശാഭിമാനിയോട് സൗജന്യം കാണിക്കുക എന്ന ക്ഷന്തവ്യതപോലും അതിനു കൽപിക്കാനില്ലല്ലൊ. ദിവാന്റെ ഉപേക്ഷ ഏതായാലും അദ്ദേഹത്തിനു വിനയായി. സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനത്തിന് അൽപംകൂടി ആയുസ്സ് നീട്ടിക്കിട്ടി. അതിന്റെ ഫലമോ? ഭരണനിപുണനായ ഉദ്യോഗസ്ഥൻ എന്ന് കീർത്തി സമ്പാദിച്ചിരുന്ന ദിവാൻ രാജഗോപാലാചാരിക്ക് അവസാനം കാമപ്രമത്തനായി ഓടി നടന്ന കീചകനും അവിവേകിയായ ഭരണമേധാവിയും എന്ന കുപ്രസിദ്ധിയോടെ രംഗം വിടേണ്ടിവന്നു. സ്വദേശാഭിമാനിയാകട്ടെ ഒരു മഹാവിപ്ലവകാരിയായി രംഗത്തുവിരാജിക്കുന്നു.

ചുരുക്കം ഇതാണ്. സ്വദേശാഭിമാനി കടുത്ത 'രാജദ്രോഹം' നടത്തി, അതിന് ശിക്ഷ കിട്ടിയില്ല. കിട്ടിയത് ദിവാന്റെ ദുർവൃത്തികൾ വിമർശിച്ചതിനാണ്. ദുർവൃത്തികളിൽ ഏർപ്പെടുന്നതല്ല അതിനെപ്പറ്റി പറയുന്നതാണ് രാജദ്രോഹം എന്നു വന്നു. എന്നല്ലാ ഒരു നീതിപീഠം വേണ്ട പരാതിക്കാരൻതന്നെ അങ്ങനെ വിധിച്ചാൽമതി എന്നനിലയും വന്നു. ഈ നിയമാഭാസത്തിനു ദൃഷ്ടാന്തമാണ് നാടുകടത്തൽ ശിക്ഷ. ●



തിരുവനന്തപുരത്ത് നെയ്യാറ്റിൻകരയിലെ
സ്വദേശാഭിമാനി പ്രതിമ



ബി. കല്ല്യാണിയമ്മ



സ്വദേശാഭിമാനിയുടെ ദത്ത മാതാവായ
തരവത്ത് അമ്മാളു അമ്മ



കണ്ണൂർ പയ്യാമ്പലത്തെ സ്വദേശാഭിമാനി സ്മാരകം

ജനയുഗം

# ഈ നാടിൻെറ ഒരു കളങ്കം കഴുകിക്കളഞ്ഞു

## സ്വദേശാഭിമാനി പ്രസ്സ് മടക്കിക്കൊടുത്തതിലൂടെ

(വക്കം അബ്ദുൽഖാദർ)

1086-ൽ കണ്ടുകെട്ടപ്പെട്ട സ്വദേശാഭിമാനിപ്രസ്സ് മടക്കിത്തരുന്നതിനുള്ള ഗവണ്മെൻറുത്തരവ് മുഖ്യമന്ത്രി ശ്രീ: ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടവർകൾ, ഇക്കഴിഞ്ഞ റിപ്പബ്ലിക്ക് ദിനാഘോഷച്ചടങ്ങുകളിലൊന്നായി, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഗണനീയന്മാരായ അനേകം ഉദ്യോഗസ്ഥന്മാരുടെയും പതിനായിരക്കണക്കിനുള്ള പൗരാവലിയുടെയും നടുവിൽവച്ച് അതിൻെറ അവകാശികളുടെ കരങ്ങളിൽ ഏല്പിച്ചപ്പോൾ ആ അവകാശികൾ അകൈതവമായ കൃതജ്ഞത പ്രകാശിപ്പിച്ചു. ഈ കൃതജ്ഞതാപ്രകടനം അവരുടെ കേവലം ഒരു സാധാരണ മര്യാദയുടെ കൃത്യം മാത്രമായിരുന്നു. ഗവണ്മെൻറ നടത്തിയ അത്യസാധാരണമായ ഈ നീതിനിർവ്വഹണകർമ്മത്തിൻെറ മുമ്പിൽ ഈ നന്ദിപ്രകടനം ഒരു നിസ്സാരകൃത്യമാണെന്നു പറയേണ്ടു. ഏററവും സാധാരണമായ കൃത്യങ്ങളിൽ ഏററവും എളുപ്പമായ ചടങ്ങുകളിൽ ഒന്നാണല്ലോ നന്ദിപറച്ചിൽ. നന്ദിപ്രകാശനത്തെ നിഷ്പ്രഭമാക്കുന്ന ഒരു സന്ദർഭത്തെയാണ് ഇന്നു ഞാൻ അപ്പോൾ ഓർത്തതു്.

### കളങ്കം കഴുകിക്കളഞ്ഞു

ഗവണ്മെൻറുത്തരവ് മുഖ്യമന്ത്രി പ്രസ്സിൻെറ ഇന്നത്തെ അവകാശികളെ ഏല്പിച്ചപ്പോൾ ആ കൃത്യത്തെ ജനങ്ങൾ ഹർഷാരവത്തോടെ സ്വീകരിച്ചു. സ്വദേശാഭിമാനിപ്രസ്സിൻെറ അവകാശികൾക്ക് മടക്കിത്തന്ന ഗവണ്മെൻറിനു നന്ദിപറയുകയും അവരെ അനുമോദിക്കുകയും ചെയ്തു എന്നതു് ആ അവകാശികളെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാത്ത ഒരു കടമയായിരിക്കാം. എന്നാൽ ഞങ്ങൾക്ക് പ്രസ്സ് തിരിച്ചുകിട്ടിയതിലുള്ള കൃതാർത്ഥതയിൽകൂടി മാത്രമല്ല ഞങ്ങൾ ഈ ഗവണ്മെൻറനടപടിയെ വീക്ഷിക്കുന്നതു്. നാല്പത്തിയെട്ടു് സംവത്സരങ്ങളായി തിരുവിതാംകൂറിൻെറ ചരിത്രത്തിൽ രാജ്യനിവാസികൾക്കാകമാനം അപമാനകരമായി പതിഞ്ഞുകിടന്നിരുന്ന ഒരു കളങ്കത്തെയാണ് ഇന്നത്തെ ഗവണ്മെൻറ് നിർമ്മാർജ്ജനംചെയ്തിരിക്കുന്നതു്. ദേശീയതാല്പര്യത്തിൻെറയും സാമൂഹ്യനീതിയുടെയുംപേരിൽ ഇന്നത്തെ കേരളഗവണ്മെൻറ്, ബന്ധനസ്ഥമായിരുന്ന സ്വദേശാഭിമാനിപ്രസ്സിനെസംബന്ധിച്ചു കൈക്കൊണ്ട ഈ വിമോചനനടപടി വ്യക്തിയുടെയോ കുടുംബത്തിൻെറയോ സമുദായത്തിൻെറയോമാത്രമല്ല ഒരു ജനതയുടെതന്നെ അഭിമാനപൂർവമായ കടപ്പാടിനാണ് കാരണഭൂതമായിരിക്കുന്നതു്.

### അവർ പറഞ്ഞ മറുപടി

ഈ നാട്ടിൽ ജനാധിപത്യം നടപ്പിലായ അവസരത്തിൽ, ശ്രീ: രാമകൃഷ്ണപിള്ളയുടെ ഭൗതികാവശിഷ്ടങ്ങൾ തിരുവനന്തപുരത്തേക്ക് നീക്കംചെയ്യപ്പെട്ട സന്ദർഭത്തിൽ, കണ്ടുകെട്ടപ്പെട്ടുകിടക്കുന്ന സ്വദേശാഭിമാനി അച്ചുക്കൂടവും ഉപകരണങ്ങളും തിരിച്ചുതരണമെന്നു, അന്നത്തെ ഗവണ്മെൻറിനോടു് ഞങ്ങൾ അപേക്ഷിച്ചുനോക്കി. ഞങ്ങളുടെ അപേക്ഷ നിഷ്കരുണം നിരാകരിക്കപ്പെടുകയാണുണ്ടായതു്. "സ്വദേശാഭിമാനി പ്രിൻറിംഗ് പ്രസ്സ് വീണ്ടെടുക്കാനുള്ള അപേക്ഷ അനുവദിക്കുക സാധ്യമല്ലെന്ന് ഹർജിക്കാരനെ അറിയിച്ചുകൊള്ളുന്നു." (The petitioner is informed that his application for the restoration of the Swadesabhimani PrintingPress cannot be granted) ഞങ്ങൾക്ക് അന്നത്തെ സർക്കാരിൽനിന്നു ലഭിച്ചു കേവലത്ത മറുപടിയാണതു്.

സ്വദേശാഭിമാനിപ്രസ്സ് അതിൻെറ അവകാശികൾക്ക് തിരിച്ചുകൊടുക്കുന്ന സമുചിതകൃത്യം നിർവ്വഹിക്കുവാൻ കേരളകൗമുദി അന്നത്തെ സർക്കാരിനോട് ശക്തമായ ഭാഷയിൽ ഉദ്ബോധിപ്പിച്ചുകൊണ്ട് മുഖപ്രസംഗം എഴുതിയിരുന്നു. ക്രമേണ അന്നത്തെ പല പ്രധാന പൊതുപ്രവർത്തകന്മാരും ഈ കൃത്യം നിർവ്വഹിക്കുവാൻ ഗവണ്മെൻറിനെ പ്രേരിപ്പിക്കയും ചെയ്തിരുന്നുവെന്ന വസ്തുത ഈ അവസരത്തിൽ അനുസ്മരിക്കുന്നു.

### മായാത്ത ചരിത്രസംഭവം

ഇന്നത്തെ ഗവണ്മെൻറിന്, അവർ അധികാരത്തിൽവന്ന് ഒമ്പതുമാസം കഴിഞ്ഞിട്ടാണ്, മുൻഗവണ്മെൻറിനു നൽകിയ അതേ അപേക്ഷകൾ ഞങ്ങൾ സമർപ്പിച്ചതു്. ഏതാണ്ട് അരനൂററാണ്ടത്തെ പഴക്കമുള്ള ഈ പ്രശ്നം ഇന്ന് ഇങ്ങനെ പരിഹരിക്കപ്പെടുമെന്ന് ആരു വിചാരിച്ചിരുന്നു? ജനകീയഭരണം നടപ്പിലായി ഈ നാട്ടിൽ പല മന്ത്രിസഭകൾ മാറിമാറി വന്നിട്ടും, കേരളക്കരയിൽ ആദ്യമായി അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവണ്മെൻറാണ് ഈ കളങ്കത്തെ കഴുകിക്കളഞ്ഞതെന്ന വസ്തുത കേരളചരിത്രത്തിലെന്നല്ല ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ മായാതെ രേഖപ്പെട്ടുകിടക്കുമെന്നു പറയേണ്ടതില്ല.

സ്വദേശാഭിമാനി ശ്രീ: രാമകൃഷ്ണപിള്ളയുടെ അനുപമവും ധീരോദാത്തവുമായ പത്രപ്രവർത്തനജീവിതവുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടിരുന്ന മൗലവിയുടെ ത്യാഗപൂർവമായ സേവനങ്ങളെ ആദ്യമായി അംഗീകരിച്ചതു് ശ്രീ: ഇ. എം. എസ്സ്-ൻെറ ഗവണ്മെൻറാണെന്ന വസ്തുത നാട്ടുകാർ വിസ്മരിക്കയില്ല.

സ്വദേശാഭിമാനിപ്രസ്സും ഉപകരണങ്ങളും അവയുടെ അവകാശികളെ തിരിച്ചേല്പിക്കുന്ന അഭിമാനാർഹവും അനുഭാവപൂർവ്വവും ആയ കർമ്മം നിർവ്വഹിക്കുന്നതിനു ഗവണ്മെൻറിനോട് നേരിട്ടും അല്ലാതെയും നിവേദനങ്ങൾ നടത്തിയ നാട്ടുകാരോടും, സംഘടനകളോടും പത്രങ്ങളോടും പൊതുനേതാക്കന്മാരോടും സാഹിത്യകാരന്മാരോടും ഞങ്ങൾക്കുള്ള നിഷ്കളങ്കമായ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

—o—

സ്വദേശാഭിമാനിപ്രസ്സ് മടക്കിക്കൊടുത്ത സർക്കാർ നടപടിയെ
അഭിനന്ദിച്ചുകൊണ്ട് വക്കം മൗലവിയുടെ മകൻ 1958-ൽ എഴുതിയ ലേഖനം



**സ്വദേശാഭിമാനിയുടെ പുത്രി കെ. ഗോമതിയമ്മ മക്കൾക്കൊപ്പം**
**– ഇടത്തുനിന്ന് ദേവകി, രാമകൃഷ്ണൻ, അംബിക**




**നെയ്യാറ്റിൻകരയിലെ സ്വദേശാഭിമാനി ടൗൺ ഹാൾ**

## ഓർമ

# ആ ദിവസം

ബി. കല്യാണിയമ്മ

1910 സെപ്തംബർ 26-ന് ഉണ്ടായ ഗവണ്മെന്റു നടപടിയിൽ മേല്പറഞ്ഞ പണികൾ ഒക്കെ അദ്ദേഹത്തിൽനിന്നു വിട്ടുമാറുകയും, അദ്ദേഹം സ്വതന്ത്രനായി, സ്വസ്ഥനായി, തിരുവിതാംകൂർ അതിർത്തിവിട്ടു ബ്രിട്ടീഷ് രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്തു. ദീർഘകാലമായി അർഹിച്ചിരുന്ന വിശ്രമം ഈ വിധത്തിലാണു ജഗദീശ്വരൻ അദ്ദേഹത്തിനു കരുണാപൂർവ്വം നല്കിയത്.

സ്മരണീയമായ ആ ദിവസം ഉച്ചതിരിഞ്ഞു ഭർത്താവിന്റെ പത്രമാപ്പീസിൽ എന്തോ ചില സംഭവങ്ങൾ നടക്കുന്നുണ്ടെന്നും എന്റെ സാന്നിദ്ധ്യം വീട്ടിൽ ആവശ്യമായേക്കാമെന്നും അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ എന്നെ അറിയിച്ചു. ഉടൻതന്നെ ഞാൻ പാഠശാലയിൽനിന്നു കല്പന വാങ്ങി വീട്ടിലേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ പല ദിക്കുകളിലും ജനങ്ങൾ കൂട്ടംകൂടിനിന്നു വണ്ടിയിൽ പോയിരുന്ന എന്നെ അനുകമ്പാപൂർവ്വം നോക്കിയിരുന്നു. ഞാൻ വീട്ടിലെത്തി പടികടന്നപ്പോൾ, വീട് മുഴുവനും ആൾ നിറഞ്ഞിരിക്കുന്നതും അവരുടെ ഇടയിൽ ഏതാനും പൊലീസുകാർ നില്ക്കുന്നതും കണ്ടു. ഭർത്താവ് ഒരുവേള ഇക്കൂട്ടത്തിൽ ഉണ്ടായേക്കുമെന്ന് ആദ്യം ഞാൻ സംശയിച്ചു. ആരെയും നോക്കാതെയും ഒന്നും ചോദിക്കാതെയും വേഗത്തിൽ എന്റെ മുറിക്കുള്ളിൽ അഭയം പ്രാപിക്കാമെന്നും വിചാരിച്ച് കോലായിൽ കയറി, കയ്യിൽ ഉണ്ടായിരുന്ന താക്കോൽകൊണ്ടു മുറിയുടെ വാതിൽ തുറക്കുവാൻ തുടങ്ങി. "വാതിൽ മുദ്രവെച്ചിരിക്കയാണ്, അതിപ്പോൾ തുറക്കുവാൻ പാടില്ല" എന്നു പിറകിൽനിന്ന് ഒരു പൊലീസ് ഉദ്യോഗസ്ഥൻ മെല്ലെ പറഞ്ഞപ്പോഴാണ് കാര്യഗൗരവം ഞാൻ മനസ്സിലാക്കിയത്. ഉടൻ ആ സ്ഥലത്തുനിന്നു പിന്തിരിഞ്ഞു മറ്റൊരു ഭാഗത്തേക്കു പോയപ്പോൾ അവിടെയുള്ള എല്ലാ മുറികളും പൂട്ടി മുദ്രവെച്ചിരിക്കുന്നതായി കണ്ടു. ഈ ആൾക്കൂട്ടത്തിൽനിന്നു മറഞ്ഞിരിക്കുവാൻ ഗത്യന്തരമില്ലാതെ, അവിടെത്തന്നെ നിന്ന് നട്ടംതിരിയുമ്പോൾ "അമ്മേ! കാപ്പി കുടിച്ചില്ല, വെശക്കുന്നു" എന്ന് ഒരു കുട്ടിയും "എനിക്കു പേടിയാകുന്നു അമ്മേ! എന്നെ എടുത്തോളൂ" എന്ന് മറ്റൊരു കുട്ടിയും പറഞ്ഞു

കൊണ്ട് എന്റെ വസ്ത്രത്തിൽ തൂങ്ങി. കുട്ടികൾക്ക് ആഹാരം കൊടുക്കുവാൻ വെപ്പുകാരനോടു പറഞ്ഞപ്പോൾ, കലവറമുറിപോലും പൂട്ടി മുദ്രവെച്ചിരിക്കയാണെന്നും കുറെ അരിയല്ലാതെ വേറൊന്നും വെളിയിൽ ഇല്ലെന്നും, അവൻ പറഞ്ഞു. കുട്ടികളോട് ഓരോ സമാധാനം പറഞ്ഞുകൊണ്ട് അല്പ നേരം അങ്ങനെ കഴിച്ചുകൂട്ടി. ഇതിന്നിടയിൽ പല ബന്ധുക്കളും വന്ന് എന്നോട് എന്റെ വീട്ടിലേക്കോ ഭർത്തൃസഹോദരിയുടെ ഗൃഹത്തിലേക്കോ പോകാൻ ഉപദേശിച്ചു. ഭർത്താവിന്റെ അനുവാദംകൂടാതെ എനിക്ക് അവിടം വിടുവാൻ പാടില്ലെന്നു പറഞ്ഞു ഞാൻ അവിടെത്തന്നെ ഇരുന്നു. ഈ നടപടികൾ എല്ലാം എന്തോ തെറ്റിദ്ധാരണയുടെ ഫലമായിരിക്കുമെന്നാണ് ഞാൻ പൂർണ്ണമായി വിശ്വസിച്ചിരുന്നത്. ഇതിൽ നിന്നും വലിയ ആപത്തുകളൊന്നും വരുവാനിടയില്ലെന്നും ഞാൻ വിശ്വസിച്ചു. അതിനാൽ ജനമദ്ധ്യത്തിൽ, ബന്ധുക്കളുടെ സപ്രത്യാശങ്ങളായ നോട്ടങ്ങളെയും ശത്രുക്കളുടെ അപഹാസഗർഭങ്ങളായ വാക്കുകളെയും കണ്ടും കേട്ടും കൊണ്ടിരിക്കുവാൻ എനിക്കശേഷം ധൈര്യക്കുറവുണ്ടായില്ല. ഏകദേശം രണ്ടു മണിക്കൂർ സമയം ഇങ്ങനെ കഴിഞ്ഞപ്പോൾ ഭർത്താവിന്റെ നിയോഗമെന്തെന്നന്വേഷിപ്പാനായി അയച്ചിരുന്ന ഭൃത്യൻ മടങ്ങിയെത്തി. അദ്ദേഹത്തിന്റെ വരുതിപ്രകാരം ഞാൻ ഭർത്തൃസഹോദരിയുടെ ഗൃഹത്തിലേക്കു പോരികയും ചെയ്തു. പിന്നീടുണ്ടായ സംഭവങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ വീണ്ടും ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല. ●

# മങ്ങാതെ മായാതെ

**കെ. ഗോമതിയമ്മ**

'Marx comes to India' എന്നൊരു ഇംഗ്ലീഷ് ഗ്രന്ഥം ഇന്നത്തെ തപാലിൽ കിട്ടിയത് എന്റെ മുമ്പിലിരിക്കുന്നു—Indian Council of Historical Research -ന്റെ ആഭിമുഖ്യത്തിലും ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ഔദാര്യത്താലും ഈയിടെ ഡൽഹിയിൽ പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തിൽ കാറൽ മാർക്സിനെപ്പറ്റി 1912-ൽ ഇന്ത്യയിൽ ഏറ്റവും ആദ്യം എഴുതപ്പെട്ട രണ്ടു ഗ്രന്ഥങ്ങളെക്കുറിച്ചു പരാമർശമുണ്ട്. ലാലാ ഹർദയാൽ ഇംഗ്ലീഷിൽ എഴുതിയ ജീവചരിത്രവും അതേ കൊല്ലത്തിൽതന്നെ എന്റെ അച്ഛൻ മലയാളത്തിലെഴുതിയ ലഘുജീവചരിത്രത്തിന്റെ ഇംഗ്ലീഷ് തർജ്ജമയ്ക്കു പുറമേ ശ്രീ കെ. ദാമോദരൻ എഴുതിയ എന്റെ അച്ഛന്റെ ജീവചരിത്രവും സമീക്ഷയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പ്രശസ്തി കേരളത്തിലും ഏറക്കുറെ ഭാരതത്തിലും ഒതുങ്ങി നിന്നത് ഈ ഇംഗ്ലീഷ് ഗ്രന്ഥം മുഖേന അന്യരാഷ്ട്രങ്ങളിലും പരിചിതമാവുമെന്നല്ലേ പ്രതീക്ഷിക്കേണ്ടത്. ഗ്രന്ഥം ഒരാവർത്തി വായിച്ചു. എന്റെ ഓർമ്മകൾ ഏഴു ദശാബ്ദത്തോളം പിന്നിട്ടു പോകയാണ്....... നാടുകടത്തൽ നടന്നിട്ട് 65 കൊല്ലം തികയാനിനി രണ്ടു മാസംകൂടി മതി.

നേരിയ ഒരു മൂടൽമഞ്ഞിൽക്കൂടെ കാണുന്ന മട്ടിൽ-ഉപബോധമനസ്സിന്റെ അടിത്തട്ടിൽ മങ്ങീട്ടെങ്കിലും, മറയാതെയും, മായാതെയും കിടക്കുന്ന ആ അനുഭവത്തെ സ്മരിച്ചെഴുതാൻ പലവുരു പലരും അപേക്ഷിച്ചിട്ടുണ്ട്. പ്രായമേറുംതോറും ബാല്യകാലസ്മരണകൾ കൂടുതൽ സ്പഷ്ടമാകാറുണ്ടെന്നു പറയാറുണ്ട്-അതു തികച്ചും അബദ്ധമല്ല. എഴുപതിലേക്കു കാലൂന്നിയ ഞാൻ, അറുപത്തഞ്ചുകൊല്ലം മുമ്പു നടന്നത് കൂടുതൽ വ്യക്തമായി ഇന്ന് ഓർമ്മിക്കുകയാണ്... അന്നു നാലു വയസ്സ് മാത്രമായിരുന്ന എന്നിൽ ആ സംഭവം ഏല്പിച്ച ആഘാതത്തിന്റെ പ്രതികരണങ്ങൾ ഇന്നും സ്പഷ്ടമാണ്-നീതിനിയമവും ക്രമസമാധാനവും കാംക്ഷിച്ചും ഇതേവരെ പാലിച്ചും വരുന്ന ഞാൻ പൊലീസ്തൊപ്പി കണ്ടാൽ ഇന്നും ഒന്നു ഞെട്ടാറുണ്ടെന്ന വാസ്തവം മറയ്ക്കുന്നില്ല!

ആ കന്നി 10-ാം തീയതി അച്ഛൻ പത്രമാഫീസിൽ; അമ്മ സ്കൂളിൽ- നാലും മൂന്നും പ്രായമാണ് എനിക്കും അനുജനും. അക്കാലത്ത് കിന്റർഗാർട്ടൻ സ്കൂളുകളില്ല. അച്ഛന്റെ പത്രമാപ്പീസിലെ പത്രങ്ങളിൽനിന്ന് 'വലിയ വെണ്ടയ്ക്ക' യിലുള്ള അക്ഷരങ്ങൾ കത്രിച്ചെടുത്ത് അവ മറിച്ചും തിരിച്ചും നിരത്തി വച്ചു വായിക്കാൻ എനിക്കു തന്നിട്ടാണമ്മ പോവുക. അനുജനു കളിക്കാൻ ചിത്രബ്ലോക്കുകളും കൊടുക്കും. വീട്ടിൽ നിന്നിരുന്ന ഭൃത്യന്മാരുടെ മേൽനോട്ടത്തിലാണ് ഞങ്ങൾ കഴിയാറ്. മിക്കപ്പോഴും അമ്മയുടെ മൂത്ത സഹോദരി ഞങ്ങളെ നോക്കാൻ വന്നു താമസിക്കാറുണ്ട്. അന്ന് ആ 'മറ്റേമ്മ' യും ഉണ്ടായിരുന്നു. പെട്ടെന്നാണ് പൊലീസുകാർ വീട്ടിനകത്തു കടന്നതും ഞങ്ങളെയൊക്കെ പുറത്തിറക്കിവിട്ട് വീടു പൂട്ടിയതും. അനുജനെ ഒക്കത്തിരുത്തിയും എന്നെ ചേർത്തുപിടിച്ചും 'മറ്റേമ്മ' പുറത്തുനിന്നു. അനുജനു വിശപ്പ്; എനിക്ക് അജ്ഞാതമായ ഭയം. അസാധാരണമായതെന്തോ നടക്കുകയാണെന്ന ബോധം. അയൽക്കാർ മുറത്തു നിറഞ്ഞു. അവരുടെ ദയനീയമായ നോട്ടങ്ങളും ഭൃത്യന്മാരുടെ പരിഭ്രാന്തിയും എല്ലാം പൊലീസുകാരുടെ സാന്നിദ്ധ്യവും പ്രവൃത്തിയും കണ്ടാണെന്നു മനസ്സിലാക്കാനുള്ള ബോധമെനിക്കുണ്ടായിരുന്നു. അതിന്റെ കാരണമെന്താണെന്നോ, പരിണാമം എന്താവുമെന്നോ, ഗ്രഹിക്കാനുള്ള പ്രായമല്ല അന്ന്. എത്രയോ കാലം കഴിഞ്ഞാണ് എനിക്കതു പൂർണ്ണമായി ഗ്രഹിക്കാനിടയായത്. പിന്നത്തെ ഓർമ്മ ബന്ധുക്കളുടെ അടക്കിപ്പിടിച്ച കോപതാപപ്രകടനങ്ങളും യാത്രപറയലും മറ്റുമാണ്. തിരുനെൽവേലി സ്റ്റേഷനിൽ അമ്മയെയും കുട്ടികളായ ഞങ്ങളെയും കാത്തുനില്ക്കുന്ന അച്ഛനെയാണ് പിന്നീടു ഞാനോർമ്മിക്കുന്നത്.

പൗരസ്വാതന്ത്ര്യത്തിനും പത്രസ്വാതന്ത്ര്യത്തിനുംവേണ്ടി പോരാടി പ്രത്യക്ഷത്തിൽ പരാജിതനെങ്കിലും പരോക്ഷത്തിൽ വിജയശ്രീലാളിതനായ എന്റെ അച്ഛന്റെ സംഭവബഹുലമായ ജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടാരംഭിച്ച എന്റെ ജീവിതത്തിലെ ആ ഒരു വിശേഷാനുഭവം-ആ അപൂർവ്വാനുഭവം-എന്റെ തലമുറയിലെ മറ്റു കുട്ടികൾക്കാർക്കും ലഭിച്ചിട്ടില്ല. 15 കൊല്ലങ്ങൾക്കുശേഷം നിസ്സഹരണപ്രസ്ഥാനകാലത്ത് പൊലീസ് പരിശോധനയും അറസ്റ്റും ജയിൽവാസവും ഒക്കെ സർവ്വസാധാരണമായി ത്തീർന്നു. ഇന്നത്തെ തലമുറയ്ക്കാണെങ്കിൽ അതു നിത്യസംഭവങ്ങളും-ഞെട്ടലോ പരിഭ്രമമോ ഉണ്ടാക്കാറില്ല.

തിരുനെൽവേലിയിൽ വണ്ടിയിറങ്ങിയപ്പോൾ പ്ലാറ്റ്ഫാറത്തിൽ ദൂരെനിന്നിരുന്ന അച്ഛന്റെ ആ ദർശനം-1921-ൽ അച്ഛന്റെ സ്മാരകമായിട്ടാരംഭിക്കപ്പെട്ട 'സ്വദേശാഭിമാനി' എന്ന മാസികയിൽ ആദ്യത്തെ പേജിൽ ചേർക്കാനായി കുതുക്കൾസാർ നിർദ്ദേശിച്ച രാമായണശ്ലോകം വായിച്ചപ്പോൾ എന്റെ മനസ്സിലുദിച്ച ചിത്രം-അന്നു ഞാൻ തിരുനെൽവേലിയിൽ കണ്ട രൂപത്തിന്റെയാണ്!

*ഹത്വാ യുദ്ധേ ദശാസ്യം ത്രിഭുവന വിഷമം*
*വാമഹസ്തേന ചാപം*
*ഭ്രമൗ വിഷ്ടഭ്യ തിഷ്ഠന്നിതര കരധൃതം*
*ഭ്രാമയൻ ബാണമേകം*
*ആരക്തോപാന്തനേത്രഃ ശരദലിതവപുഃ*
*സൂര്യകോടി പ്രകാശോ*
*വീരശ്രീഃ ബന്ധുരാംഗസ്ത്രിദശപതിനുതഃ*
*പാതുമാം വീരരാമഃ*

(ഭുവനവിഷമമായ രാവണശക്തിയെ യുദ്ധത്തിൽ നശിപ്പിച്ച്, ഇടതുകൈയിൽ പിടിച്ച ചാപം

ഭൂമിയിൽ ഊന്നിനിന്ന് മറ്റേ കൈകൊണ്ട് ബാണത്തെ ചുറ്റിക്കൊണ്ട്, ആരക്തോപാന്തനേത്രനായി ശര ദലിതശരീരനായി, സൂര്യകോടി പ്രകാശനായി വീരശ്രീയാൽ ബന്ധുരാംഗനായ, ദേവന്മാരാൽ നമിക്ക പ്പെട്ട വീരശ്രീരാമൻ എന്നെ രക്ഷിക്കട്ടെ.) ഈ ശ്ലോകത്തിൽ ചിത്രീകരിക്കുന്ന രൂപം ഈഷദീഷദ് വ്യത്യാ സത്തോടെ ഞാൻ കണ്ട രൂപത്തോടു സാമ്യം വഹിക്കുന്നതായിരുന്നു. ചാപവും ബാണവും ഒരു ഫൗണ്ടൻപേനയും പെൻസിലും; ആരക്തനേത്രങ്ങളായത് നാടുകടത്തിയ രാത്രി മുഴുവൻ ഉറക്കമിളച്ച തിന്റെ ഫലം; ശരദലിതവപുഃ സാധാരണയിൽ വ്യത്യസ്തമായി കണ്ട മലിനവേഷം. പക്ഷേ, ഇന്നും എന്റെ ഓർമ്മയിൽ മങ്ങാതെ, മായാതെ നിൽക്കുന്നത് അച്ഛന്റെ കണ്ണുകളിലെ ആ വീരചൈതന്യമാ ണ്.

നാടുകടത്തലിനുശേഷം ഞങ്ങൾ മദിരാശിയിൽ പെരിമേട്ടിൽ കുറച്ചുകാലം താമസിച്ചതോർമ്മയു ണ്ട്. തിരുവിതാംകൂറുകാരായ കോളേജുവിദ്യാർത്ഥികൾ അച്ഛനെ കാണാൻ വരും. അതിലൊരാൾ-ഡോക്ടർ ആർ. രാമകൃഷ്ണപിള്ള-ഞങ്ങൾ കുട്ടികൾക്ക് ഒരമ്മാമനെപ്പോലെയായിരുന്നു. അമ്മയ്ക്ക് അക്കാലത്ത് ഒരു ട്യൂഷൻ കിട്ടുകയുണ്ടായി-സർ സി. ശങ്കരൻനായരുടെ രണ്ടു പെൺമക്കളെ ഇംഗ്ലീഷ് പഠിപ്പിക്കൽ. അമ്മയ്ക്ക് ആ ട്യൂഷൻ പ്രവൃത്തി ഒരു വരവുമാർഗം മാത്രമല്ല, വിശ്രമം കൂടിയായിരുന്നു. വീട്ടിലെത്തിയാൽ രോഗശുശ്രൂഷയും വീട്ടുപണിയും തന്നെ. മദിരാശിയിൽ ഞങ്ങൾക്കു കളിക്കാൻ കൂട്ടുകാരുമില്ല, കളിപ്പാട്ടങ്ങളുമില്ലായിരുന്നു. തുണികൊണ്ട് രണ്ടു ബൊമ്മകൾ അമ്മ ഉണ്ടാക്കി; കയ്യും കാലുമൊക്കെ തുണികൊണ്ടുതന്നെ തുന്നിച്ചേർത്തു. ബൊമ്മകൾക്ക് കണ്ണും മൂക്കും വായും ചെവിയും ഒക്കെ ഭംഗിയായി അച്ഛൻ വരച്ചുചേർക്കും. അമ്മ വീട്ടിലില്ലാത്ത സമയത്ത് അച്ഛൻ ഞങ്ങളെ ചിത്ര ങ്ങൾ വരച്ചുകാണിച്ചു രസിപ്പിക്കാറുണ്ടായിരുന്നു. അച്ഛന്റെ കയ്യക്ഷരത്തിന്റെ വടിവും ഭംഗിയും ഒന്നു വേറെതന്നെയാണ്. അച്ഛൻ വരച്ച ചിത്രങ്ങളുടെ ഭംഗി ഞങ്ങൾ കുട്ടികൾ മാത്രമേ കണ്ടിട്ടുള്ളൂ. മദിരാ ശിയിലെ താമസം മതിയാക്കിയതോടെ വിരസമായ ജീവിതം തീർന്നെന്നു തോന്നി. കുന്നംകുളം, തേങ്കു റിശ്ശി, കോട്ടയ്ക്കൽ, തൃശൂർ, പാലക്കാട് ഇങ്ങനെ പലസ്ഥലങ്ങളിലും സഞ്ചരിച്ചതോർമയുണ്ട്. പല പല വാഹനങ്ങൾ; പലപല താവളങ്ങൾ, മാറി മാറി കാണപ്പെടുന്ന പുതുമുഖങ്ങൾ. പ്രസിദ്ധിയിലേക്കു യർന്ന ഒരു കുടുംബത്തിലെ ചെറിയ കുട്ടികൾക്ക് അവരുടെ ബാലസഹജങ്ങളായ ചേഷ്ടകളും ആഗ്ര ഹങ്ങളും നിയന്ത്രിച്ചു വളരേണ്ട പരിതഃസ്ഥിതികൾ-ശരണാഗതവത്സലയായ തരവത്തെ അമ്മാളുഅ മ്മയുടെ വീടും, മക്കളും, അവരുടെ താങ്ങും തണലും കിട്ടിയതോടെ ഞങ്ങൾ കുട്ടികൾക്ക് എന്തെന്നി ല്ലാത്ത ആശ്വാസമായി. ഒരു താവളമുറച്ചുവെന്ന തോന്നൽ! ഞാനും അനുജനും ബാലസഹജമല്ലാത്ത വിഷാദവും ഗൗരവവും വിട്ട് 'നോർമ്മലാ'യത് തരവത്തെ തണലിലാണ്. പുത്രവത്സലയായ ആ വന്ദ്യ മാതാവിന്റെ മധുരോദാരമായ, സ്നിഗ്ദ്ധസാന്ദ്രമായ, സത്കാരമേറ്റും, അവരുമായി ദീർഘമായ സാഹിത്യ സംഭാഷണത്തിലേർപ്പെട്ടും, ആനന്ദമടയുന്ന, അനുസരണശീലനായ ഒരു പുത്രന്റെ മട്ടിൽ ഞാനെന്റെ അച്ഛനെ അക്കാലത്ത് കാണാറുണ്ടായിരുന്നു. തരവത്തെ മഠത്തിൽ ഞങ്ങൾ താമസിച്ചതും, അമ്മയുടെ മൂന്നാമത്തെ കുട്ടി ജനിച്ചതും, ആറുമാസത്തിനുള്ളിൽ എന്റെ ആ അനുജത്തി മരിച്ചുപോയതും എനി ക്കോർമ്മയുണ്ട്. അച്ഛന്റെ രോഗശാന്തിക്കായി അമ്മ നീലഗിരിക്കു കൊണ്ടുപോയതും, അച്ഛനും അമ്മയും അരികത്തില്ലാത്ത ദുഃഖം ഞങ്ങളറിയാതെ കഴിഞ്ഞതും ഞാനോർമ്മിക്കുന്നു. അമ്മാളുഅമ്മയുടെ- 'അ മ്മിഞ്ഞമ്മ' എന്നാണവരെ എല്ലാവരും വിളിക്കാറ്-മക്കളുടെ വാത്സല്യാതിരേകമാണ് ഞങ്ങളുടെ ജീവി തത്തിലെ വിടവുകൾ നികത്തിയതെന്നറിയാം. അഭയവരദഹസ്തയായ ആ അമ്മയുമായുണ്ടായ സമ്പർക്ക മാണ് എന്റെ അച്ഛന്റെയും അമ്മയുടെയും അക്കാലത്തെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം. തരവ ത്തുകാരുമായി ആ സൗഹൃദം തലമുറ തലമുറയായി നിലനിന്നുവരുന്നുണ്ട്-ഇന്നും.

ഞങ്ങൾ തരവത്തുവീട്ടിന്നല്പം അകലെ ഒരു പത്തായപ്പുരയിൽ താമസം മാറ്റിയ കാലത്താണ് എന്റെ വിദ്യാലയജീവിതമാരംഭിച്ചത്. അച്ഛൻ ഭംഗിയായി കവറിട്ടും അച്ഛന് ഇഷ്ടമുള്ള വയലറ്റുമഷി കൊണ്ട് പേരെഴുതിയും തന്ന പുസ്തകങ്ങളുമായി അഭിമാനത്തോടെയും ആനന്ദത്തോടെയും സ്കൂളി ലേക്കു പോകുന്ന കാഴ്ചനോക്കി ചാരുകസേരയിൽ കിടക്കുന്ന അച്ഛനെ ഇന്നും കാണുന്നപോലെയു ണ്ട്. സ്കൂളിൽ പോകുന്ന വഴിക്ക് അനേകം ദുർഘടങ്ങളുണ്ടാവാറുണ്ട്. എണ്ണമറ്റ ആട്ടിൻപറ്റങ്ങളും കന്നുകാലിക്കൂട്ടങ്ങളും കടന്നുപോകാനുണ്ടായ വൈഷമ്യം. നിത്യേനയെന്നോണം കാണുന്ന ചെട്ടിമാ രുടെ ശവംവഹിച്ച തേരുകൾ, അതിൽ അലംകൃതവേഷത്തിൽ ചാരിയിരുത്തിയ രൂപങ്ങളുടെ ബീഭത്സ തയും ഭീകരതയും-അച്ഛനോടു സങ്കടമുണർത്തിക്കാൻ എനിക്ക് പലതുമുണ്ടാകും. എന്നോടൊപ്പം അനു ജനെ തോളിലെടുത്തുകൊണ്ട് രാവുണ്ണി എന്ന ഭൃത്യനുമുണ്ടാവും. പക്ഷേ, അക്കാലത്ത് എന്റെ അനു ജന് സ്കൂളിൽ ഇരിക്കാൻ ഭയവും മടിയും; ഭൃത്യനെ വിടുകയേയില്ല. രാവുണ്ണി ഒളിച്ചും മറഞ്ഞും പോയാൽ അനുജനും പിന്നാലെ ഇറങ്ങി ഓടും. സ്കൂളിൽ പോകാനുള്ള മടി മറയ്ക്കാനോ എന്നു തോന്നുമാറ് അനുജന് അസുഖങ്ങൾ വർദ്ധിച്ചു. അതോടെ സ്കൂളിൽപോക്കും നിലച്ചു. ഞാനൊറ്റയ്ക്കു പോകേണ്ടിയും വന്നു. അതിനകം അച്ഛൻ എനിക്കു വഴിയിൽ കാണുന്ന ദുർഘടങ്ങളെ നേരിടാനുള്ള 'മന്ത്രം' പറഞ്ഞുതന്നിരുന്നു! ആടുകളെപ്പോലെ നിർദ്ദോഷികളായ മൃഗങ്ങളില്ലെന്നും, മനുഷ്യൻ നിന്നേ ടത്ത് ഉറച്ചുനിന്നാൽ അവ വഴിമാറിപ്പൊയ്ക്കൊള്ളുമെന്നും, തേരിൽ ഇരുത്തിയ ശവത്തിന് കണ്ണുതുറ ക്കാനുള്ള ശക്തികൂടിയില്ലെന്നും മനസ്സിലാക്കിത്തന്നു; ഭയം മനസ്സിൽ വളർത്തരുതെന്നും അനദ്ധ്യായ നാളുകളിൽ വീട്ടിന്റെ ചുറ്റുമുള്ള വിശാലമായ പറമ്പിൽ പറങ്കിമാങ്ങ പറിക്കാനും പറങ്കിയണ്ടി ശേഖരി ക്കാനും അച്ഛനും ഞങ്ങളും നീണ്ടകോലും കൊട്ടയുമായി നടന്നുല്ലസിച്ചതും ഒരപൂർവ്വാനുഭവമാണ്. മിക്ക സായാഹ്നങ്ങളിലും കുറുക്കുവഴിയായി തരവത്തേക്കു പോവുക ഒഴിച്ചുകൂടാത്ത ഒരു പരിപാടി യായിരുന്നു. അമ്മിഞ്ഞമ്മയും ദത്തുപുത്രനും ഒരുഭാഗത്ത്, അമ്മയും സഖിമാരായ അമ്മിഞ്ഞമ്മയുടെ മക്കളും മറ്റൊരിടത്ത്; ഞങ്ങൾക്കു കൂട്ട് അമ്മിഞ്ഞമ്മയുടെ ദൗഹിത്രിമാരുമായിരുന്നു. ഞങ്ങൾ ദീപം കണ്ടാൽ കളി നിർത്തും; കയ്യും കാലും കഴുകി ഭസ്മമിട്ട് തരവത്തെ വിശാലമായ വരാന്തയിൽ നിരന്നി രുന്ന് സന്ധ്യനാമാവലികൾ ചൊല്ലിത്തുടങ്ങും. തെറ്റുന്നതു തിരുത്താൻ സാഹിത്യസംഭാഷണത്തിൽ മുഴുകിയിരുന്നാലും അമ്മിഞ്ഞമ്മ മറക്കാറില്ല. നാമം ചൊല്ലിക്കഴിഞ്ഞാൽ പിന്നെ അന്നന്നു വായിച്ച 'ബാലബോധിനി'യിലെയും ഭക്തമാലയിലെയും കഥകൾ തമ്മിൽ തമ്മിൽ പറയലാണ്. ബാലസാഹിത്യം എന്നൊന്ന് അക്കാലത്ത് ഇല്ല. ആ സാഹിത്യശാഖയിൽ മലയാളത്തിൽ ആദ്യത്തെ ഗ്രന്ഥം അമ്മാളു അമ്മ രചിച്ച 'ബാലബോധിനി'യാണെന്നു പറയാം. എന്റെ തലമുറയിലെ കുട്ടികളെ പുരാണകഥകളി ലൂടെ സദാചാരനിഷ്ഠരാക്കുവാനുദ്ദേശിച്ച് അമ്മാളുഅമ്മ എഴുതിയ ആ ഗ്രന്ഥം ഒരു നാലു തലമുറ ക്കാർകൂടെ രസിച്ചാസ്വദിച്ചുവെന്നും പറയാം. എന്റെ അച്ഛനും അമ്മയും സാഹിത്യപ്രവർത്തകന്മാരാ യിരുന്നിട്ടും, സ്കൂളുകളുടെ ഉപയോഗാർത്ഥം പാഠപുസ്തകങ്ങൾ പല വിഷയത്തിലും രണ്ടാളും എഴു തിത്തയ്യാറാക്കിയെങ്കിലും, ബാലഹൃദയങ്ങളെ ആകർഷിക്കാനുതകുന്ന കഥാപുസ്തകങ്ങളൊന്നുംതന്നെ അവർ രചിക്കുകയുണ്ടായില്ല. ബാലസാഹിത്യഗ്രന്ഥങ്ങൾ നൂറുകണക്കിന് ഇന്നു ചമയ്ക്കപ്പെട്ടിട്ടുണ്ട്. എന്നിട്ടും സംതൃപ്തരല്ല ഇന്നത്തെ മക്കൾ. എന്റെ തലമുറക്കാർ 'ബാലബോധിനി' വീണ്ടും വീണ്ടും വായിച്ചാസ്വദിച്ച് പരിപൂർണ്ണസംതൃപ്തരായി! അച്ഛന്റെ 'കാറൽമാർക്സും' 'മോഹനദാസ് ഗാന്ധി'യും വായിക്കുന്നതിനെക്കാൾ ഞങ്ങൾക്കു ഹൃദ്യമായത് അമ്മാളുഅമ്മയുടെ 'ബുദ്ധഗാഥ'യും 'ബുദ്ധച രിത'വുമാണ്. അച്ഛൻ എഴുതിയ 'മൂന്നുകണ്ണൻ' മുതലായ കഥകൾ ഞങ്ങളെ രസിപ്പിക്കായ്കയല്ല. എന്റെ അമ്മ എഴുതിയ 'താമരശ്ശേരി'ക്ക് മലയാളമണ്ണിന്റെ മണവും മധുരിമയും വരുത്താൻ അമ്മ ശ്രമി ച്ചിട്ടുണ്ട്- അതു ഞങ്ങൾക്ക് ഹൃദ്യമായ ഒരു ഗ്രന്ഥമായിരുന്നു.

പാലക്കാട്ടെ താമസം മാറിയത് അമ്മയ്ക്ക് കണ്ണൂരിൽ ഒരുദ്യോഗം കിട്ടിയപ്പോഴാണ്. കണ്ണൂരിലെ താമസത്തോടെയാണെന്റെ ഓർമകൾ കൂടുതൽ വ്യക്തമാകുന്നത്. രോഗിയായ അച്ഛൻ വീട്ടിലൊറ്റപ്പെടും; ഞങ്ങളൊക്കെ സ്കൂളിലും. പക്ഷേ, അക്കാലത്താണ് കണ്ണൂരിലെ ഏറ്റവും ദൃഢമായ ഒരു സൗഹൃദം ആരംഭിച്ചത്. ശ്രീ കോടിച്ചി അച്യുതൻ വിദ്യാസമ്പന്നനായിരുന്നില്ല. സഹൃദയത്വം നിറഞ്ഞ ആ വ്യക്തി സാഹിത്യഗ്രന്ഥങ്ങളും പത്രമാസികകളും വായിച്ച് നേടിയ ജ്ഞാനം സർവകലാശാലാബിരുദധാരികളെ ലജ്ജിപ്പിക്കും. നാടുകടത്തപ്പെട്ട പത്രാധിപരെ കാണാനും അറിയാനും വന്ന ശ്രീ കോടിച്ചി തന്റെ ആത്മാർത്ഥതകൊണ്ടും വിനയംകൊണ്ടും സംസ്കാരംകൊണ്ടും അച്ഛനെ വളരെ ആകർഷിച്ചു. മരണംവരെ മുടക്കം കൂടാതെ വന്നന്വേഷിക്കുകയും വേണ്ട സഹായം ചെയ്യുകയും അദ്ദേഹത്തിന്റെ വ്രതമാക്കി. കോടിച്ചിയുടെ ചുവന്ന തൊപ്പി ഞങ്ങളുടെ വീട്ടിൽ നിത്യപരിചിതമായിത്തീർന്നു. അച്ഛനു വരുന്ന പത്രങ്ങൾ വന്നിരുന്നു വായിക്കുക, ചിലതു വായിച്ചു കേൾപ്പിക്കുക. തനിക്കിഷ്ടപ്പെട്ടത് വീട്ടിലേക്കു കൊണ്ടുപോയി ഉദ്ധരണങ്ങൾ ചട്ടയിട്ട തന്റെ നോട്ടുബുക്കുകളിൽ ഭംഗിയായി പകർത്തിവെക്കുക-ഇതെല്ലാം അച്ഛനു വളരെ ഇഷ്ടപ്പെട്ട ഗുണങ്ങളായിരുന്നു. ശ്രീ കോടിച്ചിയുടെ നിത്യസഹവാസം മുഷിപ്പേറിയ ആ നാളുകൾ തള്ളിനീക്കാൻ എത്രമാത്രം ഉതകി!

കണ്ണൂരിൽ അച്ഛൻ ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം കടപ്പുറമായിരുന്നു-പയ്യാമ്പലത്തെ കടപ്പുറം. ആ സമ്പർക്കം ഇന്നും നിലനിർത്തുകയാണല്ലോ അച്ഛന്റെ ഭൗതികാവശിഷ്ടം. ആ കടൽക്കാറ്റിന്റെ ഔഷധശക്തിക്കും കഴിഞ്ഞില്ല അച്ഛന്റെ രോഗത്തെ തടയാൻ, രോഗം തത്കാലത്തേക്കൊന്നു ശമിച്ചെന്നു തോന്നി. അത് വേഗം തന്നെ മൂർച്ഛിക്കുകയാണുണ്ടായത്. അച്ഛൻ കിടന്ന മുറിയിൽ കട്ടിലിൽനിന്നു നോക്കിയാൽ കാണത്തക്ക നിലയിൽ ഞങ്ങൾ ഇരുന്നു പഠിക്കും; അതു നോക്കി നെടുവീർപ്പിടും. ഇടയ്ക്കിടെ അരികത്തു വിളിക്കും-നല്ലവണ്ണം പഠിക്കണമെന്നുപദേശിക്കാൻ. എന്നെ താനിട്ട പേരു തന്നെ നീട്ടിവിളിക്കും- 'ഗോമതീ' എന്ന്. എന്നാൽ അനുജനെ മാധവൻ എന്ന് ഇട്ട പേരിലല്ല വിളിച്ചിരുന്നത്- 'ഉണ്ണി' എന്നാണ്. എന്നും രോഗിയായിരുന്ന തന്റെ മകൻ തന്നെ അതിജീവിക്കുമോ എന്നുകൂടി അച്ഛൻ ശങ്കിച്ചിട്ടുണ്ടെന്നറിയാം. അച്ഛനു രോഗം മൂർച്ഛിച്ചപ്പോൾ നാട്ടിൽനിന്ന് ശ്രീ എസ്.കെ. നാരായണപിള്ള എന്ന അച്ഛന്റെ ഒരാരാധകനും, അച്ഛന്റെ ഒരു മരുമകനും സഹായത്തിനു വന്നെത്തിയിരുന്നു. ശോകമൂകമായ ഒരന്തരീക്ഷമായിരുന്നെങ്കിലും വീട്ടിനുള്ളിൽ ധാരാളം ആളുണ്ടെന്നത് ഞങ്ങൾ കുട്ടികൾക്കാശ്വാസമായിരുന്നു എന്നോർമ്മയുണ്ട്.

രണ്ടു കാളരാത്രികളാണ് പിന്നീടോർമ്മ വരുന്നത്. ഒന്ന് ഒരർദ്ധരാത്രി. മാർച്ച് 26-ാം തീയതി ഉറക്കത്തിൽനിന്നു വിളിച്ചുണർത്തപ്പെട്ട് ഞങ്ങൾ അച്ഛന്റെ മുറിയിലേക്കാനയിക്കപ്പെട്ടതും, അച്ഛൻ ശ്വാസം മുട്ടിയും കുരച്ചും ഇടയ്ക്കിടെ ചിലതു പറഞ്ഞതും, ഞങ്ങൾ പരിഭ്രാന്തരായി കരഞ്ഞപ്പോൾ മുറിയിൽനിന്നു പുറത്തേക്കു കൊണ്ടുപോയതും എനിക്കു നല്ല ഓർമ്മയുണ്ട്. അച്ഛൻ അന്നു കഴിഞ്ഞില്ല. പിറ്റേന്ന് ശാന്തനായി തളർന്നു കിടന്നിരുന്നു. അമ്മയ്ക്ക് മുടക്കംകൂടാതെ സ്കൂളിൽ പോകാനും കഴിഞ്ഞു. മാർച്ച് 28-ാം തീയതി ചൊവ്വാഴ്ച സന്ധ്യയ്ക്ക് അച്ഛന്റെ മുറിയിൽ നിന്ന് തെരുതെരെ മണിയടിക്കുന്നതു കേട്ടു ഞങ്ങളും ഭയത്തോടെ മുറിയുടെ വാതിൽക്കൽ ഓടി എത്തി നോക്കിയപ്പോൾ എസ്.കെ.യും മരുമകനും അമ്മയും തേങ്ങുന്നതുകണ്ടു. എസ്.കെ. ഉടനെ ഞങ്ങളെക്കൊണ്ട് അച്ഛന്റെ കാൽ തൊടുവിച്ച് ഞങ്ങളെ അടുത്ത മുറിയിൽ കിടക്കയിൽ കിടത്തീട്ടോടി. പിന്നീടുള്ള ഓർമ്മ വീട്ടിന്റെ വരാന്തയിലും മുറ്റത്തും ജനം നിറഞ്ഞതാണ്. തൊപ്പി തലയിൽ നിന്നൂരിയ കോടിച്ചി പലതും നിയന്ത്രിക്കുന്നു, ഏർപ്പാടാക്കുന്നു- എന്റെ അനുജനെ തോളിലെടുത്ത് എസ്.കെ.ജനങ്ങളോടൊപ്പം ഇരുട്ടിലേക്ക് നടക്കുന്നതും കണ്ടു. അന്നുരാത്രി മുഴുവനും അമ്മയുടെ അരികിൽ മൗനമായി കണ്ണീർ വാർത്തു

കൊണ്ടും കൈയൊഴിയാതെ അമ്മയെ വീശിയും തലോടിയുംകൊണ്ടും ഒരു നായർ യുവതിയെ കണ്ടതും ഓർമ്മയുണ്ട്. നേരം വെളുത്തപ്പോൾ അച്ഛന്റെ മുറിയിൽ ശൂന്യമായ കട്ടിൽ കണ്ട് എസ്.കെ.യോട് ഞാൻ ചോദ്യം ചെയ്തതോർമ്മയുണ്ട്- എന്റെ അച്ഛനെ എന്തു ചെയ്തെന്ന് - തേരിൽ ഇരുത്തിക്കൊണ്ട് പോയതാണോ എന്നും. മരണവുമായുള്ള എന്റെ പ്രത്യക്ഷപരിചയം ആ വിധമായിരുന്നല്ലോ. വലിയച്ഛൻ വൈകിയാണെത്തിയത്. 'പൊന്നുമക്കളേ' എന്ന വിളിയോടെ ഞങ്ങളെ വാരിയെടുത്തതും ധാരമുറിയാതെ കണ്ണീർവാർത്തു ശാന്തനായതും ഞാനോർമ്മിക്കുന്നു.

1917-ൽ 'വ്യാഴവട്ടസ്മരണകൾ' അച്ചടിച്ചുകൊണ്ടിരുന്നപ്പോൾ എന്നും സന്ധ്യയ്ക്ക് ഒരു സുഹൃത്ത് മാറ്റർ വായിക്കുകയും അമ്മ പ്രൂഫ് തിരുത്തുകയും ചെയ്യുക പതിവായിരുന്നു. പഠിക്കാനെന്നഭാവേന ഞാൻ ആ രംഗത്ത് വന്നുകൂടും. കണ്ണ് പാഠപുസ്തകത്തിലും കാത് ഈ വായനയിലും ആയിരിക്കും. അച്ഛന്റെ കഥയും അമ്മയുടെ കഥയും എല്ലാം ഒരു തുടർക്കഥപോലെ ഞാനൊന്നു ഗ്രഹിച്ചു. അന്ത്യരംഗത്തിന്റെ വർണ്ണന കേൾക്കാൻ ഞാനശക്തയായി, പൊട്ടിപ്പൊട്ടിക്കരഞ്ഞപ്പോഴാണ് അമ്മയ്ക്കും മറ്റും മനസ്സിലായത് ഞാൻ നിത്യേന അവിടെ ഹാജരായതിന്റെ രഹസ്യമെന്തെന്ന്. അമ്മയെക്കാളേറെ അച്ഛനെയാണ് ഞാൻ സ്നേഹിച്ചത്. ഒൻപതുവയസ്സുവരെയേ എനിക്ക് അച്ഛന്റെ സമ്പർക്കസൗഭാഗ്യമുണ്ടായിട്ടുള്ളൂ. അച്ഛനെപ്പറ്റി കൂടുതൽ കഥകളും വിവരങ്ങളും എനിക്ക് തന്നത് എന്റെ വലിയച്ഛനായിരുന്നു- ശ്രീ എൻ.കെ.പത്മനാഭപിള്ള-അമ്മയല്ല. അമ്മയോട് ചോദിക്കാനുള്ള ധൈര്യം പലപ്പോഴുമുണ്ടായിട്ടില്ല. ഇങ്ങോട്ട് പറയുന്നതോ, അന്യന്മാരോട് പറയാനിടവരുന്നതോ കേൾക്കുക എന്നുമാത്രം. വലിയച്ഛന് തന്റെ അനുജൻ ആരാധനാപാത്രമായിരുന്നു. ഞങ്ങൾക്ക് വേണ്ടത്ര ലഭിക്കാതെ പോയ പിതൃവാത്സല്യം ഞങ്ങളിൽ ചൊരിഞ്ഞ് ആ വലിയ വിടവ് നികത്താൻ വലിയച്ഛൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ആ കണ്ണുകൾ നിറഞ്ഞു തുളുമ്പിയാലും എന്റെ മനോമുകുരത്തിൽ പതിഞ്ഞ രൂപത്തിന് ചായംചേർത്ത് ജീവസ്സുള്ളതാക്കി എന്നെ ഉത്തേജിപ്പിക്കാൻ വലിയച്ഛൻ ഉപേക്ഷ വിചാരിക്കാറില്ല.

എന്റെ അച്ഛൻ! ഇന്നും കൺമുന്നിൽ തെളിഞ്ഞുനിൽക്കുകയാണ് ആ രൂപം. നീണ്ട ആകാരം, നീണ്ട കൈകൾ, നീണ്ട വിരലുകൾ, നട്ടെല്ലു വളയാതെയുള്ള നിൽപ്, ചെറിയ പുഞ്ചിരിയും ഗൗരവവും കലർന്ന മുഖമുദ്ര, നീണ്ട ഷർട്ടും ടൈയും കോട്ടും, തിരക്കില്ലാതെ നീണ്ട കാൽവെപ്പുകളോടെയുള്ള നടത്തം, നടക്കാനിറങ്ങിയാൽ ഒഴിച്ചുകൂടാത്ത വടി, കോട്ടിന്റെ പോക്കറ്റിൽ എപ്പോഴുമുള്ള ക്ലിപ്പുള്ള പെന്നും പെൻസിലും, ധൈര്യവും വീര്യവും ദാർഢ്യവും സ്ഫുരിക്കുന്ന നോട്ടം- ചൈതന്യവത്തായ ആ കണ്ണുകൾ- അവയെ എങ്ങനെ മറക്കാൻ? ഇവിടെ വീട്ടിൽ സാമാന്യം വലുതാക്കി എടുപ്പിച്ച ഒരു ഫോട്ടോ ഉണ്ട്. അതിൽ ആ കണ്ണുകളുടെ ചൈതന്യം തികച്ചും കാണാം. മരിക്കുന്നതിന് ഏതാനും മാസം മുമ്പെടുത്തതാണത്. തിരുവനന്തപുരത്ത് സ്ഥാപിച്ചിരിക്കുന്ന അച്ഛന്റെ അർദ്ധകായപ്രതിമ ഞാൻ കാണുകയുണ്ടായി. ഫോട്ടോ മുന്നിൽവച്ച് 1948-ൽ രൂപപ്പെടുത്തിയ പ്രതിമയാണത്. തലയുടെ ആകൃതി ശരിപ്പെടുത്താൻ എന്റെ ഇളയമകനെ മോഡലാക്കിയാണത് പൂർത്തിയാക്കിയതെന്നും അറിയാം. ആ മകനും ഇതേ രോഗത്താൽ അധികം താമസിയാതെ കഴിഞ്ഞുപോയി. എന്നെ സംബന്ധിച്ചിടത്തോളം അച്ഛന്റെ ആ പ്രതിമ കഴിഞ്ഞുപോയ എന്റെ രണ്ട് പ്രിയപ്പെട്ട വ്യക്തികളുടെ സങ്കലിത രൂപമാണ്! എത്ര ക്ഷീണിതനെങ്കിലും പൗരുഷം തുളുമ്പുന്ന അച്ഛന്റെ ആ കണ്ണുകളും ഇടറാത്ത ശബ്ദവും, പതറാത്ത കാലടികളും, വളയാത്ത നട്ടെല്ലും, ശ്വാസകോശങ്ങൾ മുഴുവൻ ദ്രവിച്ചുപോയിട്ടും വിരിഞ്ഞുനിന്ന മാറിടവും, ഏതൊരു മനുഷ്യശക്തിക്കും വഴങ്ങാത്ത ആ ശിരസ്സും എങ്ങനെ മറക്കാൻ? സ്മരണാഞ്ജലികളിലും ഓർമക്കുറിപ്പുകളിലും ചരമവൃത്താന്തങ്ങളിലും ജീവചരിത്രങ്ങളിലും ഒന്നിലും തികച്ചും

പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ആ വ്യക്തിത്വത്തെ ശ്രീ.കെ.ഭാസ്കരപിള്ള തന്റെ ദീർഘകാലസാധനയ്ക്ക് ശേഷം ഗ്രന്ഥരൂപേണ സാക്ഷാത്കരിച്ചിട്ടുണ്ട്. അതിൽക്കൂടെയാണ് 'സ്വദേശാഭിമാനി'യെ സ്വന്തം മകൾതന്നെ സമ്പൂർണമായി ഗ്രഹിച്ചതെന്ന പരമാർഥം പറഞ്ഞുകൊള്ളട്ടെ.

പല പത്രങ്ങളും മാസികകളും അച്ഛൻ നടത്തി. പത്രാധിപത്യം വഹിച്ചു. പക്ഷേ, 'സ്വദേശാഭിമാനി' പത്രവുമായുണ്ടായ ബന്ധമാണേറ്റവും സ്മരിക്കപ്പെടുന്നത്. ആ പത്രത്തിന്റെ സാക്ഷാൽ ഉടമയുമായുള്ള ഉറ്റബന്ധമാണ് അച്ഛനേറ്റവും വിലമതിച്ചതും. ആ കന്നി പത്താം തീയതിയിലെ അർദ്ധരാത്രിയിൽ ആരുവാമൊഴി കടക്കുമ്പോൾ അച്ഛന്റെ ചിന്ത സ്വന്തം മക്കളെപ്പറ്റിയോ ഭാവിയെപ്പറ്റിയോ ആയിരുന്നില്ല. തന്നിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ച്, സ്വന്തം ബന്ധുക്കളുടെ എതിർപ്പുകൂടി നേരിട്ട്, അച്ഛനെ പത്രാധിപരായി തുടരാനും-പത്രാധിപരിൽ യാതൊരു നിയന്ത്രണവും ചെലുത്താതെ തുടരാനും-സമ്മതിച്ച ആ മഹാനുഭാവന്- എല്ലാ വിധത്തിലും തന്നെയും തന്റെ കുടുംബത്തെയും പുലർത്താൻ കഴിവുണ്ടാക്കിക്കൊടുത്ത ആ പരോപകാരിക്ക് താൻ നിമിത്തം ആപത്തും വമ്പിച്ച സാമ്പത്തികനഷ്ടവും വന്നതിൽ അച്ഛൻ ഖേദിച്ചിരിക്കണം- വക്കം മൗലവിക്ക് വീട്ടുകാരിൽ നിന്നും നാട്ടുകാരിൽ നിന്നും നേരിടേണ്ടിവരുന്ന അധിക്ഷേപങ്ങൾ, തിരസ്കാരങ്ങൾ, എല്ലാം അച്ഛന്റെ ഓർമ്മയിൽ വന്നിരിക്കും. മൗലവിയുടെ നഷ്ടത്തെ നികത്താൻ തനിക്കാവാതെ വന്നതിൽ ഖേദിച്ചിരിക്കും. ഖേദിച്ചില്ലെങ്കിൽ മനുഷ്യത്വമുള്ള ഹൃദയമല്ലാതായിരിക്കണമല്ലോ. എത്രയോകാലം കഴിഞ്ഞ് പ്രസ്സും സാമഗ്രികളും കേരള സർക്കാർ മൗലവിയുടെ കുടുംബത്തിന് തിരിച്ചുനൽകി. പക്ഷേ, അത് കാണാൻ പത്രാധിപരുമുണ്ടായില്ല, പത്രമുടമയും. ആ രണ്ട് അദൃശ്യാത്മാക്കളും ശാന്തിയടഞ്ഞിരിക്കും. രാജ്യോത്കർഷത്തിനുവേണ്ടി തന്റെ ഉടമയിലുണ്ടായിരുന്ന പത്രത്തെയും പ്രസ്സിനെയും എന്റെ അച്ഛന്റെ ഹിതാനുസരണം ഉപയോഗപ്പെടുത്താൻ തികച്ചും വിധേയമാക്കിയതു മാത്രമല്ല, അച്ഛന് ധാർമ്മികമായ പിൻബലം നൽകാൻ കൂട്ടുനിൽക്കുകയുകൂടി ചെയ്ത ആ മഹാനുഭാവനെ പിൽക്കാലത്ത് കണ്ട് വന്ദിക്കുവാനെനിക്ക് സന്ദർഭം ലഭിച്ചു. ആ അവസരത്തിൽ ഞാൻ എ.കെ.പിള്ളയുടെ 'സ്വരാട്' പത്രം നടത്തിപ്പിൽ സഹായിച്ചുവരികയാണെന്നദ്ദേഹം കണ്ടറിഞ്ഞു. അന്ന് പത്രസ്വാതന്ത്ര്യം കുറെയൊക്കെ ലഭിച്ച കാലമായിരുന്നെങ്കിലും ആ സ്വാതന്ത്ര്യം എത്രകാലം അനുവദിക്കുമെന്ന് പക്വമതിയായ ആ അനുഭവസ്ഥൻ ആശങ്കിച്ചിരിക്കണം. അദ്ദേഹം എന്നെ അനുഗ്രഹിക്കുകയുണ്ടായി- ചരിത്രം ആവർത്തിക്കാതിരിക്കാൻ! കുറ്റപത്രവും വിചാരണയും ഒന്നുമില്ലാതെ ജനിച്ച നാട്ടിൽ നിന്ന് പുറന്തള്ളപ്പെട്ട വ്യക്തിയുടെ ഭൗതികാവശിഷ്ടങ്ങൾ നാല് ദശകങ്ങൾക്കകം ആ നാട്ടിലേക്ക് കൊണ്ടുവരാനിടയായതും, രണ്ടുകൊല്ലം മുൻപ് കണ്ണൂരിൽ നിന്ന് പുറപ്പെട്ട ഒരു ദീപശിഖ ഘോഷയാത്രയായി അച്ഛന്റെ നാട്ടിൽ എത്തിയതും, തിരുവനന്തപുരത്തും നെയ്യാറ്റിൻകരയിലും പ്രതിമകൾ സ്ഥാപിച്ചതുമെല്ലാം 'സ്വദേശാഭിമാനി'യുടെ ഓർമ പുതുക്കീട്ടുണ്ട്. ഒരു മഹാരാജാവിനാൽ ബഹിഷ്കൃതനായ ആളുടെ സ്മാരകപ്രതിമ, ആ മഹാരാജാവ് വാണ നാടും ഉൾപ്പെട്ട ഭാരതത്തിന്റെ രാഷ്ട്രപതിയുടെ കൈകളാൽ അനാച്ഛാദനം ചെയ്യപ്പെട്ടു. ആ ത്യാഗം അഭിനന്ദിക്കപ്പെട്ടു. ഇന്നിപ്പോൾ ഈ മേശപ്പുറത്തിരിക്കുന്ന ഗ്രന്ഥം ആ ത്യാഗത്തിന്റെ, പ്രശസ്തിയുടെ സീമയെ വികസിപ്പിക്കുന്നു. സ്മര്യപുരുഷന്റെ കർമഫലത്തിന്റെ വ്യാപ്തി കണ്ടറിയാൻ, കേട്ടറിയാൻ, ഞാനേകയായവശേഷിച്ചിരിക്കുകയാണ്- ആ നീണ്ട 'രാഷ്ട്രീയയാതന'യുടെ ഓർമ്മകൾ നിലനിർത്തുവാൻ.

നാടുകടത്തലിനുശേഷം അച്ഛനെഴുതിയ 'കാറൽമാക്സും' 'മോഹനദാസ് ഗാന്ധി'യും 'വൃത്താന്തപത്രപ്രവർത്തന'വും മലയാളഭാഷയിലെഴുതപ്പെട്ട അതാതു വിഷയങ്ങളിലെ പ്രഥമ ഗ്രന്ഥങ്ങളാണ്. തന്റെ 38 വയസ്സിനിടയ്ക്ക് 29 ഗ്രന്ഥങ്ങളെഴുതിയെന്നതാണാശ്ചര്യം. ഞങ്ങൾ മക്കൾക്ക് കിട്ടിയ

പൈതൃകം ഈ ഗ്രന്ഥങ്ങളും കൂർപ്പിച്ചുവച്ച ഏതാനും പെൻസിലുകളും പേനയുമാണ്. കേരളത്തിൽ മറ്റേതെങ്കിലും കുട്ടികൾക്ക് ഈവിധമൊരു പിതൃസ്വത്ത് ഇതിന് മുമ്പ് കിട്ടീട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു.

മഹാരാജാവ് തിരുമനസ്സിനോട് ഒരു മാപ്പിനപേക്ഷിക്കാൻ ചില 'അഭ്യുദയകാംക്ഷി' കൾ അച്ഛനോട് പറഞ്ഞുവത്രെ. വീർപ്പുമുട്ടിച്ച പരിസരങ്ങളിൽ നിന്ന് ശുദ്ധവായുവിലേക്ക് കടന്ന അച്ഛൻ ആ ദൂഷിതവലയത്തിലേക്ക് ബോധപൂർവം തിരിച്ചെത്താൻ ഒരിക്കലും ആഗ്രഹിച്ചില്ല. അച്ഛൻ പിന്തിരിഞ്ഞു നോക്കിയതുമില്ല. പിന്തിരിയാൻ അമ്മ പ്രേരിപ്പിച്ചതുമില്ല. അച്ഛൻ അമ്മയോടപേക്ഷിച്ചതായി അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. 'എന്റെ മക്കളെ തിരുവിതാംകൂറിന്റെ ചോറ് തിന്നാനിടയാക്കരുതേ' എന്ന്. മകളുടെ ചോറ് മദിരാശി, കേരള സർവകലാശാലകളുമായി ബന്ധപ്പെട്ടും, മകന്റേത് കേരളവും, ഭാരതവും കടന്ന് വിദേശത്തുമായിട്ടാണ് വിധിക്കപ്പെട്ടത്. ഞങ്ങൾ തിരുവിതാംകൂറിലെ ഒരു മണൽത്തരിക്കുപോലും അവകാശപ്പെട്ടിട്ടില്ല. യാതൊരുവിധ സൗജന്യവും ഞങ്ങൾക്ക് ലഭിച്ചിട്ടുമില്ലെന്ന പരമസത്യം അച്ഛന്റെ ആത്മാവിന് സംതൃപ്തി നൽകിയിരിക്കും. ചില തെറ്റിദ്ധാരണകൾ നീക്കാനാണ് ഇത് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നത്.

കണ്ണൂർ കടപ്പുറത്തെ ശവകുടീരം ക്രമേണ സമുദ്രത്തിൽ വിലയിച്ചേക്കാം. കടലാക്രമണമുണ്ടായിട്ടില്ലെങ്കിലും മണലാക്രമണം കൊണ്ട് അത് മുക്കാലും മൂടിക്കിടന്നുപോകാറുണ്ട്. തലസ്ഥാനനഗരിയിലും നെയ്യാറ്റിൻകരയിലും സ്ഥാപിക്കപ്പെട്ട പ്രതിമകൾക്ക് സ്ഥാനഭ്രഷ്ടും വന്നുകൂടായ്കയില്ല. പക്ഷേ, ശാശ്വതമൂല്യങ്ങളുള്ള മഹദാദർശങ്ങൾ എങ്ങനെ നശിക്കും? പൗരസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, ജനാധിപത്യം എന്നിവ എന്താണെന്ന് പൊതുജനത്തെ ബോധവന്മാരാക്കുവാനായി രക്തസാക്ഷിത്വം വഹിച്ച ആ ആദ്യകാല പ്രവർത്തകന്റെ ഉദ്ഘോഷണം എന്നത്തെക്കാളുമേറെ ഇന്ന് പ്രസക്തമായിട്ടുണ്ടെന്ന് വ്യക്തമല്ലേ?

"ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെ." ●

കോഴിക്കോട്

26-7-1975

# സ്വദേശാഭിമാനി

കെ. രാമകൃഷ്ണൻ

എൺപത്തിമൂന്നു കൊല്ലം മുൻപെ ഞാൻ ജനിച്ചപ്പോൾ അച്ഛനമ്മമാർ എനിക്ക് രാമകൃഷ്ണൻ എന്നാണ് പേരിട്ടത്. അത് എന്റെ മുത്തച്ഛന്റെ പേരുകൂടിയായിരുന്നു എന്ന് ആറേഴുവർഷങ്ങൾക്ക് ശേഷമാണ് ഞാൻ മനസ്സിലാക്കിയത്. കെ. രാമകൃഷ്ണപിള്ളയെ അധികം പേരും അറിഞ്ഞിരുന്നത് 'സ്വദേശാഭിമാനി' എന്ന അപരനാമത്തിലായിരുന്നു. അദ്ദേഹം ആ പേരിലുള്ള പത്രത്തിന്റെ പത്രാധിപരായിരുന്നു.

കെ. രാമകൃഷ്ണപിള്ള 1878ൽ ജനിച്ചു; 1910ൽ തിരുവിതാംകൂറിൽ നിന്നും നാടുകടത്തപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ പത്തുവർഷങ്ങളിൽ കോളിളക്കം സൃഷ്ടിച്ച സംഭവമായിരുന്നു അത്. നാടുകടത്തി ആറ് വർഷങ്ങൾ കഴിഞ്ഞ് 1916ൽ മുത്തച്ഛൻ കണ്ണൂര് വച്ച് നിര്യാതനായി. എന്റെ ജനനം പത്തുവർഷങ്ങൾ കഴിഞ്ഞ്; മുത്തച്ഛനെ നേരിൽ കാണുവാനിടയായില്ല എന്ന് വിവക്ഷ. പലരിൽ നിന്ന് കേട്ടും അറിഞ്ഞും പുസ്തകങ്ങൾ വായിച്ചും എനിക്ക് മുത്തച്ഛന്റെ ഒരു ഏകദേശരൂപം കിട്ടി.

തിരുവിതാംകൂറിൽ നിന്ന് നാടുകടത്തപ്പെട്ട ശേഷം മുത്തച്ഛൻ കുറച്ചുകാലം മദിരാശിയിലും പാലക്കാട്ടും താമസിച്ചു. ആരോഗ്യസംബന്ധമായ കാരണങ്ങളാൽ കണ്ണൂരേക്ക് പോയി; മരണം അവിടെവച്ചായിരുന്നു. അദ്ദേഹത്തെ അവിടത്തെ പയ്യാമ്പലം കടപ്പുറത്തുള്ള ശ്മശാനത്തിലാണ് സംസ്കരിച്ചത്. ആ സ്ഥലത്ത് എന്റെ മുത്തശ്ശി ബി. കല്യാണിയമ്മ ഒരു ശവകുടീരം ഉയർത്തി.

പെൺകുട്ടികളുടെ സ്ക്കൂളിൽ അദ്ധ്യാപികയായിരുന്ന മുത്തശ്ശി മംഗലാപുരത്തേക്ക് മാറ്റം പോയി; കുറച്ചു വർഷങ്ങൾ കഴിഞ്ഞ് 1932ൽ സൂപ്രണ്ടായി സ്ഥാനക്കയറ്റം കിട്ടി കണ്ണൂരിലേക്ക് തിരിച്ചു വന്നു.

ഇക്കാലത്ത് അമ്മയോടൊപ്പം ഞങ്ങൾ കുട്ടികൾ തിരുവനന്തപുരത്തു നിന്നും കണ്ണൂരേക്ക് പോയി മുത്തശ്ശിയോടൊപ്പം താമസിച്ചു പഠനം തുടർന്നു. എനിക്കന്ന് ആറ് വയസ്സ്.

മിക്കവാറും എല്ലാ ദിവസവും മുത്തശ്ശി പയ്യാമ്പലത്ത് പോയി മുത്തശ്ശന്റെ ശവകുടീരത്തിൽ പൂമാലചാർത്തി കുറച്ചുനേരം മൗനമവലംബിക്കും. പലപ്പോഴും മുത്തശ്ശിയുടെ കൂടെ ഞാനും പോകും. ഈ അവസരത്തിലാണ് മുത്തശ്ശിയിൽ നിന്നും മുത്തച്ഛനെപ്പറ്റി ആദ്യമായി അറിയാനിടയായത്. മറ്റവസരങ്ങളിൽ അമ്മയും അച്ഛനും പറഞ്ഞുകേട്ടും കുറെക്കൂടി സംഗതികൾ മനസ്സിലാക്കി.

മുത്തശ്ശി 1937ൽ ഗവണ്മെന്റ് ജോലിയിൽ നിന്നും പിരിഞ്ഞു. രണ്ടുവർഷത്തിന്ശേഷം 1939ൽ ഞങ്ങളെല്ലാവരും കോഴിക്കോട് വന്നു സ്ക്കൂളിലും കോളേജിലും ചേർന്ന് പഠിപ്പ് തുടർന്നു. നാടുകടത്തിയ സാഹചര്യത്തിൽ തിരുവിതാംകൂറിലേക്ക് ഒരിക്കലും മടങ്ങിപ്പോകുകയില്ലെന്ന് മുത്തച്ഛനും മുത്തശ്ശിയും ദൃഢപ്രതിജ്ഞയെടുത്തിരുന്നതിനാൽ 1941ൽ സ്വന്തമായ ഒരു വീട് വാങ്ങി പിൽക്കാലം കോഴിക്കോട്ട് സ്ഥിരതാമസമാക്കി.

1950കളിലാണ് കെ. ഭാസ്കരപിള്ള കോഴിക്കോട്ട് വരികയും 'സ്വദേശാഭിമാനി'യെക്കുറിച്ച് താനെഴുതിയ ജീവചരിത്രം മുത്തശ്ശിയെ വായിച്ചു കേൾപ്പിക്കാൻ കുറച്ചു ദിവസം ഞങ്ങൾക്കൊപ്പം താമസിക്കുകയും ചെയ്തത്. തരം കിട്ടുമ്പോഴൊക്കെ ഞങ്ങൾ വാതിൽക്കൽ മറഞ്ഞു നിന്ന് വായന കേൾക്കും. മുത്തശ്ശി എഴുതിയ 'വ്യാഴവട്ടസ്മരണ'യിൽ പറയാത്ത പലേ കാര്യങ്ങളും ഭാസ്കരപിള്ള തന്റെ പുസ്തകത്തിൽ ചേർത്തതായി മനസ്സിലാക്കി. ഒരുദാഹരണം: 1912-13 കൊല്ലക്കാലത്ത് മുത്തച്ഛൻ എഴുതി പ്രസിദ്ധീകരിച്ച 'മോഹനദാസ് ഗാന്ധി'യുടെ ജീവചരിത്രത്തിൽ കൊടുത്ത ഒരു വാചകം ഇതായിരുന്നു: 'ഈ പുസ്തകത്തിന്റെ വില്പനയിൽ നിന്ന് കിട്ടുന്ന പണം തെക്കേ ആഫ്രിക്കയിലെ ഇന്ത്യാക്കാരുടെ ഉദ്ധാരണത്തിനായി അയക്കുന്നതായിരിക്കും.' ഇത് കേട്ടപ്പോൾ ഞങ്ങൾക്ക് മുത്തച്ഛനെക്കുറിച്ച് എന്തെന്നില്ലാത്ത അഭിമാനം തോന്നി. മറ്റൊരു വാചകം അതേ പുസ്തകത്തിൽ തന്നെ ഇതായിരുന്നു: 'ഇദ്ദേഹമായിരിക്കും ഇന്ത്യയിലേക്ക് തിരിച്ചുവന്ന് നമ്മുടെ സ്വാതന്ത്ര്യസമരത്തിന് ചുക്കാൻ പിടിക്കുക.' ഓർക്കുക, ഗാന്ധിജി ഇന്ത്യയിലേക്കു വന്നത് 1915ൽ; നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചത് 1920-21ൽ. ഇതോർക്കുമ്പോൾ മുത്തച്ഛൻ തന്റെ പുസ്തകത്തിൽ-ഗാന്ധിജിയെക്കുറിച്ച് ഇന്ത്യൻ ഭാഷയിൽ പുറത്തുവന്ന പ്രഥമ ഗ്രന്ഥത്തിൽ-എഴുതിയത് ഒരു പ്രവചനം തന്നെയല്ലേ?

നാടുകടത്തലിന് ഇടയാക്കിയ അദ്ദേഹത്തിന്റെ പത്രപ്രവർത്തനവും പിൽക്കാലത്തുനടത്തിയ സാഹിത്യസപര്യയും മെല്ലെ മെല്ലെ എന്നെ ആകർഷിച്ചു. ഇതിന് ഒരു പ്രചോദനം കിട്ടിയത് 1948-ൽ മുത്തച്ഛന്റെ ഭൗതികാവശിഷ്ടം കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് കൊണ്ടുപോകുന്ന വഴി കോഴിക്കോട്ട് മാതൃഭൂമി ഓഫീസിൽ വച്ചുണ്ടായ സ്വീകരണസമയത്ത് കുടുംബത്തെ പ്രതിനിധീകരിച്ച് ഞാൻ പൂമാല ചാർത്തിയതിനു ശേഷമാണ്. ആ ഒരാഴ്ചക്കാലം പത്രങ്ങളിൽ 'സ്വദേശാഭിമാനി' നിറഞ്ഞു നിന്നു.

താമസിയാതെ ഞാനും ഒരു പത്രപ്രവർത്തകനായി. മദിരാശി സർവ്വകലാശാലയുടെ ജേണലിസം കോഴ്സിന് പഠിക്കുകയും 1955 മുതൽ 'മദ്രാസ് മെയിൽ' എന്ന ഇംഗ്ലീഷ് പത്രത്തിൽ ജോലി കിട്ടുകയും ഉണ്ടായി. ഐക്യകേരളം ഉൽഭവിച്ചതിനെത്തുടർന്ന് 1957ൽ മുത്തച്ഛന്റെ ഒരർദ്ധകായ പ്രതിമ തിരുവനന്തപുരത്ത് രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് അനാഛാദനം ചെയ്ത അവസരത്തിലും കുടുംബത്തെ പ്രതിനിധീകരിക്കാൻ ഒരവസരം കൂടി എനിക്ക് ലഭിച്ചു. തദവസരത്തിൽ എന്നെ പരിചയപ്പെടുത്തിയപ്പോൾ രാഷ്ട്രപതി സദസ്യസമക്ഷം എന്നെ പുണർന്ന് ആശ്ലേഷിക്കുകയുണ്ടായി.

ആ അർദ്ധകായ പ്രതിമയ്ക്ക് വാക്കുകളിൽ ഒരു പൂർണരൂപം കൊടുത്തത് എന്റെ അമ്മയായിരുന്നു. 'ധന്യയായ് ഞാൻ' എന്ന പുസ്തകത്തിൽ കെ. ഗോമതിയമ്മയുടെ വിവരണം: 'കാലം ചെല്ലുന്തോറും എന്റെ ഓർമയിൽ സജീവമായി നിൽക്കുന്ന രൂപം-നീണ്ട ആകാരം, നീണ്ട കൈകൾ, നീണ്ട വിരലുകൾ, നീണ്ട കാലുകൾ, നട്ടെല്ലു വളയാത്ത നില്പും നടപ്പും, നേരിയ പുഞ്ചിരി തങ്ങിയ ഗൗരവം വിടാത്ത മുഖം, നിർഭയത്വം സ്ഫുരിക്കുന്ന കണ്ണുകൾ- ഞാനെങ്ങിനെ മറക്കും! ഉത്തേജനം തുളുമ്പുന്ന ആ നോട്ടത്തിൽ നിന്നുയരുന്ന സന്ദേശം: 'ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെ', ഇത് ഞാനെങ്ങിനെ മറക്കും?'

മുത്തശ്ശിയുടെ രേഖാചിത്രം ഇങ്ങിനെ: 'ആഡംബരഹീനമായ വേഷവും നഖശിഖാന്തം പ്രത്യക്ഷമായ കുലീനത്വവും മുഖത്ത് പരിലസിച്ച പൗരുഷവും, കണ്ണുകളിൽ വിലസിക്കൊണ്ടിരുന്ന കരുണയും, നിഷ്കപടതയും ആരുടെയും ശ്രദ്ധ പിടിച്ചു പറ്റത്തക്കതായിരുന്നു' (വ്യാഴവട്ടസ്മരണകൾ).

അമ്മയുടെ ഒരു വാചകം കൂടി ഉദ്ധരിച്ചുകൊള്ളട്ടെ: 'അച്ഛൻ കരുണ യാചിച്ചില്ല; ആരുടെയും കാലിൽ വീണില്ല, നാട്ടിൽ തിരിച്ചു ചെല്ലാൻ അനുവാദം ചോദിച്ചില്ല; ആർക്കും അച്ഛനെക്കൊണ്ട് പരസ്യമായി ക്ഷമായാചനം ചെയ്യിക്കേണ്ടിവന്നില്ല; നല്ല നടത്തയ്ക്ക് ജാമ്യവും വാങ്ങിയില്ല. അച്ഛൻ വീരമൃത്യുവടഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ പുലരിയിൽ തന്നെ സ്വാതന്ത്ര്യവേദിയിലെ ആദ്യത്തെ രക്തസാക്ഷിയായിത്തീർന്നു.' ●

# അഗ്നിയാലെഴുതിയ അക്ഷരജീവിതം

**മലയിൻകീഴ് ഗോപാലകൃഷ്ണൻ**

**1916** മാർച്ച് 28.

ബ്രിട്ടീഷ് മലബാറിലെ കണ്ണൂരിലാണ് സംഭവം.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ഭൂവിഭാഗങ്ങളാണ് അന്നത്തെ കേരളം.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ശക്തി കൂടി. ബ്രിട്ടനെ സഹായിക്കാൻ ഉദ്യോഗസ്ഥന്മാർ ഓടി നടന്ന് പണപ്പിരിവ് നടത്തുന്ന കാലം. ദക്ഷിണാഫ്രിക്കയിൽ ഇന്ത്യാക്കാർ ഉൾപ്പെടെയുള്ള കറുത്ത വർഗ്ഗക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയ ഗാന്ധിജി ഇന്ത്യയിലെത്തിയിട്ട് ഒരു വർഷമേ ആയുള്ളു. കാറൽ മാർക്സ് ഉയർത്തിവിട്ട നവലോകസിദ്ധാന്തം റഷ്യയിൽ ഒക്ടോബർ വിപ്ലവമായി പൊട്ടിപ്പുറപ്പെടാൻ പിന്നെയും ഒരു വർഷം വേണ്ടി വന്നു. എന്നാൽ [1] ഗാന്ധിജിയേയും [2] കാറൽമാക്സിനേയും ആദ്യമായി മലയാളത്തിൽ അവതരിപ്പിച്ചതും അഴിമതിക്കും അരാജകത്വത്തിനും എതിരായി പോരാടിയതുമായ ഒരു പത്രാധിപർ കണ്ണൂരിന്റെ മണ്ണിൽ ലോകത്തുനിന്നും അന്ത്യയാത്രയ്ക്ക് ഒരുങ്ങുന്നു. അത് തിരുവിതാംകൂറിലെ വക്കം മൗലവിയുടെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിച്ച 'സ്വദേശാഭിമാനി' പത്രത്തിന്റെ പത്രാധിപർ കെ.രാമകൃഷ്ണപിള്ളയാണ്.

1910 സെപ്റ്റംബർ 26-ന് ആയിരുന്നു സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്നും നാടുകടത്താനും, പത്രം നിരോധിക്കാനും പ്രസ്സ് കണ്ടുകെട്ടാനും ശ്രീമൂലം തിരുനാൾ മഹാരാജാവ് വിളംബരം പുറപ്പെടുവിച്ചത്. തിരുവനന്തപുരത്ത് ഇന്നത്തെ ഏജീസ് ഓഫീസിന്റെ എതിർവശത്തായിരുന്നു സ്വദേശാഭിമാനി പ്രസ്സ് പ്രവർത്തിച്ചിരുന്നത്. പ്രസ്സ് കണ്ടുകെട്ടിയ ശേഷം പൊലീസ് രാമകൃഷ്ണപിള്ളയെ തിരുവിതാംകൂർ അതിർത്തി കടത്തിവിട്ടതോടെ നാടുകടത്തൽ രംഗം പൂർണമായി.

പിറന്ന നാടിനേയും, ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ട് ആരോരുമില്ലാതെ അനാഥനെപ്പോലെ തിരുനൽവേലിയിലെത്തിയ രാമകൃഷ്ണപിള്ള ഭാര്യ ബി കല്യാണിയമ്മ എത്തിയ ശേഷം മദ്രാസിലേയ്ക്ക് പോയി. സമ്പാദ്യം എല്ലാം നഷ്ടപ്പെട്ട ആ ദമ്പതികൾക്ക് ആകെ ഉണ്ടായിരുന്ന ധനം ആത്മധൈര്യം മാത്രം ആയിരുന്നു. പത്രങ്ങളിൽ ലേഖനം എഴുതി രാമകൃഷ്ണപിള്ളയും, ട്യൂഷൻ എടുത്ത് [3] കല്യാണിയമ്മയും ജീവിത ചെലവിന് കണ്ടെത്തി. മദ്രാസിൽ നിന്നും കുന്നംകുളം, പാലക്കാട് എന്നി

വിടങ്ങളിൽ മാറി മാറി താമസിച്ച അവരുടെ ജീവിതം ക്ലേശപൂർണമായിരുന്നു. ഇതിനിടയിലാണ് ക്ഷയ രോഗം രാമകൃഷ്ണപിള്ളയെ ബാധിച്ചത്. രോഗം ഗുരുതരമാണെന്ന് അറിഞ്ഞിട്ടും നിശ്ചയദാർഢ്യ ത്തിൽ നിന്നും പിൻമാറാനോ, ആദർശങ്ങളിൽ വിട്ടുവീഴ്ച വരുത്താനോ രാമകൃഷ്ണപിള്ള തയ്യാറാ യില്ല. മഹാരാജാവിനോട് മാപ്പ് അപേക്ഷിച്ചാൽ അദ്ദേഹം എല്ലാം പൊറുക്കുമെന്നും, തിരിച്ച് തിരുവി താംകൂറിലെത്തി സുഖമായി ജീവിക്കാമെന്നും ചില സുഹൃത്തുകൾ രഹസ്യമായി അറിയിച്ചു. സ്വദേ ശാഭിമാനിയുടെ മറുപടി ഇതായിരുന്നു.

"മഹാരാജാവ് തിരുമനസ്സുകൊണ്ട് കൃപാനിധി ആണെന്നും തിരുമനസ്സിലെ വിദ്വേഷത്താൽ അല്ല ഞാൻ ഭ്രഷ്ടനായതെന്നും എനിക്കറിയാം. പക്ഷെ മാപ്പ് അപേക്ഷിക്കണമെങ്കിൽ എന്ത് അപരാധം ആണ് ഞാൻ ചെയ്തതെന്ന് അറിയേണ്ടേ? ചെയ്യാത്ത കുറ്റത്തിന് മാപ്പ് യാചിക്കുന്നത് പുരുഷത്വമാണോ? തിരുവിതാംകൂറുമായുള്ള എന്റെ ബന്ധം വിട്ടുകഴിഞ്ഞു. പുരുഷധർമ്മം മറന്നും മനസ്സാക്ഷിക്കു വിപ രീതമായും ഞാൻ ഈ ജന്മം പ്രവർത്തിക്കില്ല."

കല്യാണിയമ്മയ്ക്ക് കണ്ണൂർ(4) ഗവണ്മെന്റ് ബാലികാ പാഠശാലയിൽ ജോലി ലഭിച്ചത് ആ കുടും ബത്തിന് അൽപം ആശ്വാസമായി. ഇതേ തുടർന്നാണ് താമസം കണ്ണൂരിലേയ്ക്ക് മാറ്റിയത്. അവിടെ വച്ച് രാമകൃഷ്ണപിള്ളയുടെ രോഗം കൂടുതൽ വഷളായി തുടങ്ങി.

പുസ്തകരചന, പത്രങ്ങൾക്കു വേണ്ടി ഇംഗ്ലീഷിലും മലയാളത്തിലും ലേഖനം എഴുത്ത്, പുസ്ത കനിരൂപണം ഒരു ഇംഗ്ലീഷ്-മലയാളം നിഘണ്ടു നിർമ്മാണം എന്നിവയിൽ മുഴുകിയിരുന്ന രാമകൃ ഷ്ണപിള്ളയോട് വിശ്രമിക്കാനും കുറെ ദിവസത്തേയ്ക്ക് ഇതെല്ലാം നിർത്തിവയ്ക്കാനും ആവശ്യപ്പെട്ട ഡോക്ടറോട് അദ്ദേഹം പറഞ്ഞു:

"ഡോക്ടർമാർക്ക് എന്റെ ദേഹസ്ഥിതി നിശ്ചയമുണ്ടാകും, എന്റെ മനസ്സിന്റെ സ്ഥിതി അറിയില്ല. മനസ്സ് ആരോഗ്യം ഉണ്ടായിരിക്കുന്നിടത്തോളം അത് പണി എടുത്തുകൊള്ളട്ടെ. ഏതെങ്കിലും എപ്പോഴും വായിക്കുകയോ, എഴുതുകയോ ചെയ്തില്ലെങ്കിൽ ചിന്താക്ലേശം തടുക്കാൻ സാധിക്കുന്നതല്ല. (5)

രാമകൃഷ്ണപിള്ളയുടെ രോഗം അതീവഗുരുതരമാണെന്നും, അദ്ദേഹം മരണത്തോട് അടുത്തു കൊണ്ടിരിക്കുകയാണെന്നുമുള്ള സത്യം ഡോക്ടർമാരിൽ നിന്നും കല്യാണിയമ്മ മനസ്സിലാക്കി. ഭർത്താ വിനെ ശുശ്രൂഷിക്കുന്നതിനും, കൃത്യസമയത്ത് ആഹാരവും മരുന്നും നൽകുന്നതിനും സദാ ശ്രദ്ധിച്ചിരുന്ന ആ മഹതി കുറെ വിശ്രമിക്കണമെന്ന് ഒരിക്കൽ കരഞ്ഞുകൊണ്ട് രാമകൃഷ്ണപിള്ളയോട് അഭ്യർത്ഥിച്ചു. അതിനുള്ള മറുപടി ഇതായിരുന്നു:

"എഴുതിക്കൊണ്ടിരിക്കുമ്പോൾ മരിക്കണമെന്നാണ് എന്റെ ആഗ്രഹം. ജോൺസൺ മരിച്ചതു പോലെ ആയിരിക്കും എന്റെ മരണം. വലതുകൈ മരിച്ചാലും ഇടതുകൈകൊണ്ട് ഞാൻ എഴുതും....."(6)

'ക്വിനയൻ' മരുന്ന് കുത്തിവച്ചതിന്റെ ഫലമായി ശരീരത്തിന്റെ പലഭാഗത്തും മുഴ വന്ന രാമകൃ ഷ്ണപിള്ള വേദനയോടെ ഡോക്ടറോട് പറഞ്ഞു:

'വേദന സഹിക്കാൻ എനിക്ക് പ്രയാസമില്ല. പക്ഷെ എന്റെ വലതുകൈയിൽ മാത്രം ഈ പ്രയോഗം വേണ്ട. വലതുകൈ ഉപയോഗമില്ലാതായി തീർന്നാൽ വലിയ സങ്കടമാകും. ഈ യുദ്ധം തുടങ്ങിയ ശേഷം മലയാളികൾ അറിയേണ്ട പല കാര്യങ്ങളും ഇംഗ്ലീഷ് പത്രങ്ങളിലും മാസികകളിലും പ്രസിദ്ധ പ്പെടുത്തി വരുന്നുണ്ട്. അവയിൽ ചിലതൊക്കെ ഈ കൈയുടെ സഹായത്തോടെ വേണ്ടേ എഴുതി അറിയിക്കാൻ.'(7)

ഇംഗ്ലീഷ് വൈദ്യന്മാർ നടത്തിയ ചികിത്സകൾ കൊണ്ട് രോഗം കുറവു വരുന്നില്ലെന്ന് മനസ്സിലാക്കിയ നാട്ടുകാർ, നാട്ടുചികിത്സ കൂടെ പരീക്ഷിക്കാൻ നിർബന്ധിച്ചു. അതുപ്രകാരം അമ്പ്രമോളി രാവുണ്ണി വൈദ്യൻ രാമകൃഷ്ണപിള്ളയെ പരിശോധിച്ച് മരുന്നുകൾ നൽകി. ആദ്യം അൽപം ശമനം ഉണ്ടായി. എന്നാൽ രോഗം പിന്നീട് കൂടി. ഇതിനിടയിൽ കണ്ണൂരും തലശ്ശേരിയിലും ഉള്ള പ്രധാന നാട്ടുവൈദ്യന്മാർ എത്തി രാമകൃഷ്ണപിള്ളയെ പരിശോധിച്ചു. അവരെല്ലാം രാവുണ്ണി വൈദ്യരുടെ ചികിത്സ തന്നെ തുടരാൻ നിർദേശിച്ചു. ഡോക്ടർമാരുടേയും വൈദ്യന്മാരുടേയും കണക്കുകൂട്ടലുകൾ എല്ലാം തെറ്റിച്ച് രാമകൃഷ്ണപിള്ള പിന്നീട് കിടപ്പായി. പരസഹായം കൂടാതെ കട്ടിലിൽ നിന്നും എണീറ്റിരിക്കാൻ പോലും കഴിയാത്ത സ്ഥിതിയായി. മലബാറിന്റെ പല ഭാഗങ്ങളിൽ നിന്നും പ്രശസ്തരും അല്ലാത്തവരുമായി ധാരാളം പേർ രാമകൃഷ്ണപിള്ളയെ കാണാനെത്തിക്കൊണ്ടിരുന്നു. എന്തോ സംഭവിക്കാൻ പോകുന്നുവെന്ന തോന്നൽ രാമകൃഷ്ണപിള്ളയ്ക്കും ഉണ്ടായി. തലശ്ശേരിയിൽ നിന്നും മൂർക്കോത്ത് കുമാരനെ വരുത്തി 'ആത്മപോഷിണി' മാസികയുടെ മേൽനോട്ടം അദ്ദേഹത്തെ ഏൽപ്പിച്ചു. ഒരു ദീർഘയാത്രയ്ക്ക് പോകുന്ന ആളിനെപ്പോലെ കിടക്കയിൽ കിടന്നുകൊണ്ടുതന്നെ അദ്ദേഹം അന്ത്യയാത്രയ്ക്കുള്ള ഒരുക്കങ്ങൾ നടത്തുകയായിരുന്നു. തന്നെ കാണാനെത്തിയ ചെങ്കുളത്തു കുഞ്ഞിരാമമേനോൻ ഉൾപ്പെടെയുള്ളവരോട് സംസാരിക്കുമ്പോഴും രാമകൃഷ്ണപിള്ളയുടെ മനസ്സ് മറ്റേതോ ലോകത്തായിരുന്നു.

തിരുവിതാംകൂറിന്റെ തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തെ നെയ്യാറ്റിൻകര താലൂക്കിൽ ജനിച്ച്, അവിടെ പഠിച്ച്, മഹാരാജാസ് കോളേജിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) ഉപരിപഠനം നടത്തി, കേരളത്തിലെ അനിഷേധ്യ പത്രാധിപരായി മാറിയ കെ.രാമകൃഷ്ണപിള്ള 1878 മെയ് 25-ന് ആണ് ജനിച്ചത്. നെയ്യാറ്റിൻകര ബാറിലെ വക്കീലായിരുന്ന എം.കേശവപിള്ളയുടെ സഹോദരി ചക്കിയമ്മയാണ് മാതാവ്. അച്ഛൻ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ശാന്തിക്കാരനായിരുന്ന നരസിംഹൻ പോറ്റി. മലയാളത്തിലെ ആദ്യത്തെ പത്രമായ 'രാജ്യസമാചാരം' ഡോ.ഹെർമ്മൻ ഗുണ്ടർട്ടിന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽ ജന്മം കൊണ്ടിട്ട് അപ്പോൾ 31 വർഷമേ ആയിട്ടുള്ളൂ. മലയാളത്തിൽ ഒരു ദിനപത്രം രൂപം കൊള്ളാൻ പിന്നെയും വർഷങ്ങളെടുത്തു. തിരുവനന്തപുരത്തെ രാജകീയ സ്കൂളിൽ പഠിക്കാനെത്തിയതോടെയാണ് രാമകൃഷ്ണപിള്ളയ്ക്ക് സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും താൽപര്യം തുടങ്ങിയത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന മാസികകളും പത്രങ്ങളും രാമകൃഷ്ണപിള്ളയ്ക്ക് കാണാനും അവ വായിക്കാനും സൗകര്യം ലഭിച്ചു. അക്കാലത്ത് നെയ്യാറ്റിൻകര മുൻസിപ്പ് വക്കീലന്മാരിൽ നിന്നും വാങ്ങുന്ന 'സംഭാവന'കളെപ്പറ്റി 'മലയാള മനോരമ'യിൽ പേര് വയ്ക്കാതെ എഴുതിയ കത്ത് വലിയ കോളിളക്കം സൃഷ്ടിച്ചു. അതായിരുന്നു രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനത്തിന്റെ തുടക്കം എന്നുപറയാം. ഇതിനിടയിൽ കവിത എഴുത്ത് ഉൾപ്പെടെയുള്ള സാഹിത്യ സൃഷ്ടികളും തുടർന്നുകൊണ്ടിരുന്നു. പതിനാറാം വയസ്സിൽ കോളേജ് വിദ്യാഭ്യാസം ആരംഭിച്ച രാമകൃഷ്ണപിള്ള സാഹിത്യ-സാംസ്കാരിക രംഗത്തെ പ്രഗൽഭരുമായി പരിചയപ്പെടുകയും അവരുമായി കൂടുതൽ ബന്ധം സ്ഥാപിക്കുകയും ചെയ്തു. കേരളവർമ്മ വലിയകോയിതമ്പുരാൻ, ഉള്ളൂർ പരമേശ്വര അയ്യർ, എ.ആർ.രാജരാജവർമ്മ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, സരസകവി മൂലൂർ എസ്.പത്മനാഭ പണിക്കർ പേട്ടയിൽ രാമൻപിള്ള ആശാൻ തുടങ്ങിയ പ്രഗൽഭന്മാരുമായിട്ടുള്ള അടുപ്പവും സൗഹൃദവും രാമകൃഷ്ണപിള്ളയ്ക്ക് സാഹിത്യലോകത്തും പത്രപ്രവർത്തനമേഖലയിലും പുതിയ വാതായനങ്ങൾ തുറന്നുകൊടുത്തു.

ഇതിനിടയിൽ തലസ്ഥാനത്ത് ചില പത്രങ്ങൾ തുടങ്ങിയെങ്കിലും അതെല്ലാം അൽപായുസുക്ക

ളായിരുന്നു. 1899-ൽ രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ 'കേരളദർപ്പണം' പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഈ വാർത്ത അറിഞ്ഞ മാതുലൻ രാമകൃഷ്ണപിള്ളയെ വീട്ടിൽ നിന്നും പുറത്താക്കി. എന്നാൽ സ്വന്തം സഹോദരി രഹസ്യമായി സഹായിച്ചു.

1901-ൽ തിരുവനന്തപുരത്ത് പാൽക്കുളങ്ങര വെയിലൂർ വീട്ടിലെ നാണിക്കുട്ടിയമ്മയെ രാമകൃഷ്ണപിള്ള വിവാഹം ചെയ്തു. മൂന്നുവർഷം കഴിഞ്ഞപ്പോൾ നാണിക്കുട്ടിയമ്മ അന്തരിച്ചു. ഇത് രാമകൃഷ്ണപിള്ളയ്ക്ക് വലിയ ആഘാതം ആയിരുന്നു. ഇതിനിടയിൽ കേരള പഞ്ചിക, മലയാളി എന്നിവയുടെ പത്രാധിപത്യം അദ്ദേഹം വഹിച്ചിരുന്നു. നസ്രാണി ദീപിക ഉൾപ്പെടെ പല പത്രങ്ങളിലും ലേഖനങ്ങളും എഴുതിക്കൊണ്ടിരുന്നു. 1904-ൽ രാമകൃഷ്ണപിള്ള ബി.കല്യാണി അമ്മയെ വിവാഹം കഴിച്ചു. ഇതിനു ശേഷമായിരുന്നു 'മലയാളി'യുടെ ആധിപത്യം അദ്ദേഹം ഉപേക്ഷിച്ചത്. 1905-ൽ രാമകൃഷ്ണപിള്ള തുടങ്ങിയ 'കേരളൻ' അധികാരികളുടെ കണ്ണിലെ കരടായി മാറാൻ അധികസമയം വേണ്ടിവന്നില്ല. ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിക്കും, രാജകീയ ഭരണത്തിലെ ചിലർ നടത്തുന്ന കൊടും അഴിമതിക്കുമെതിരെ 'കേരളൻ' ആഞ്ഞടിക്കാൻ തുടങ്ങി. 'ഉദയഭാനു' എന്ന രാഷ്ട്രീയ നോവൽ ആദ്യമായി പുറത്തുവന്നതും 'കേരളൻ' വഴിയാണ്. ഇതോടെ രാമകൃഷ്ണപിള്ളയുടെ ശത്രുക്കളുടേയും മിത്രങ്ങളുടേയും എണ്ണം വർദ്ധിച്ചു.

## സ്വദേശാഭിമാനി പത്രാധിപർ

രാജ്യകാര്യങ്ങൾ ഉടനുടൻ റിപ്പോർട്ട് ചെയ്യാനും, അഴിമതിയും സ്വജനപക്ഷപാതവും തുറന്നു കാട്ടാനും, രാജഭരണത്തിന്റെ മറപിടിച്ച് സേവകന്മാർ നടത്തുന്ന അസന്മാർഗിക നടപടികൾ പുറത്തു കൊണ്ടുവരാനും ശക്തമായ ഒരു പത്രം വേണമെന്ന് രാമകൃഷ്ണപിള്ളയ്ക്ക് തോന്നി തുടങ്ങി. ഈ സമയത്താണ് മുസ്ലിം സമുദായ ഉത്തേജകനും, പണ്ഡിതനും, മനുഷ്യസ്നേഹിയും ധനാഢ്യനുമായിരുന്ന 'വക്കം മൗലവി' എന്നറിയപ്പെട്ടിരുന്ന എം. മുഹമ്മദ് അബ്ദൽകാദിർ സാഹിബ് നടത്തിയിരുന്ന 'സ്വദേശാഭിമാനി'യുടെ പത്രാധിപരാകാൻ രാമകൃഷ്ണപിള്ളയെ ക്ഷണിച്ചത്. രാമകൃഷ്ണപിള്ളയ്ക്ക് മൗലവി എല്ലാവിധ സ്വാതന്ത്ര്യവും ഉറപ്പുകൊടുത്തു. ആ വാക്ക് അവസാന നിമിഷം വരെ മൗലവി പാലിക്കുകയും ചെയ്തു. 1906 ജനുവരി 17 മുതൽ 'സ്വദേശാഭിമാനി' കെ.രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി. പത്രവും പ്രസ്സും പിന്നീട് തിരുവനന്തപുരത്തെ മെയിൻ റോഡിന് സമീപത്തേയ്ക്ക് മാറ്റി.[9] അധികം താമസിയാതെ തന്നെ രാജകീയ ഭരണത്തിലെ അഴിമതി ഉദ്യോഗസ്ഥന്മാരേയും ദുർനടപ്പുകാരായ രാജാസേവകരേയും പിടിച്ചുകുലുക്കുന്ന ജിഹ്വയായി 'സ്വദേശാഭിമാനി' മാറി. അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും കരാളഹസ്തങ്ങളിൽപ്പെട്ട് ഉഴലുന്ന ജനങ്ങൾക്ക് ആശ്വാസമായിമാറി രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനം. വടശ്ശേരി കോവിൽ കേസ്, തിരുവിതാംകൂറിലെ കൈക്കൂലികാര്യം, കൊട്ടാരത്തിലെ കൊലപാതകം തുടങ്ങിയ മുഖപ്രസംഗങ്ങളും ലേഖനങ്ങളും ഓരോന്നായി പ്രത്യക്ഷപ്പെടാൻ തുടങ്ങിയപ്പോൾ ജനങ്ങൾക്ക് രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനം പുതിയൊരു അനുഭവമായിമാറി. അതേവരെ ആരും പറയാനോ എഴുതാനോ തയ്യാറാകാതിരുന്ന പല കാര്യങ്ങളും 'സ്വദേശാഭിമാനി'യിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

മഹാരാജാവിന്റെ ആശ്രിതവാത്സല്യത്തിൽ കഴിഞ്ഞിരുന്ന കൊട്ടാരം മാനേജർ ശങ്കരൻതമ്പിയേയും, 'ശരവണ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഫൗസദാരി കമ്മിഷണർ അനന്തരാമയ്യരും നടത്തുന്ന അഴിമതികൾ 'സ്വദേശാഭിമാനി'യിൽ പ്രസിദ്ധീകരിച്ചു. അന്നത്തെ ദിവാൻ പി. രാജഗോപാലാചാരിയുടെ ദുർനടപടികളെ 'സ്വദേശാഭിമാനി' നിശിതമായി വിമർശിച്ചു. പത്ര ഉടമസ്ഥൻ

വക്കം മൗലവിയെ ഭരണസ്വാധീനം ഉപയോഗിച്ച് പാട്ടിലാക്കാൻ ആദ്യശ്രമം നടന്നു. അതു പരാജയപ്പെട്ടപ്പോൾ രാമകൃഷ്ണപിള്ളയെ സ്വാധീനിയ്ക്കാനോ ഏതെങ്കിലും കേസിൽ കുരുക്കി വരുതിക്ക് നിർത്താനും തല്പരകക്ഷികൾ ശ്രമം തുടർന്നു. ഇതെല്ലാം പരാജയപ്പെട്ടപ്പോഴായിരുന്നു രാജകീയ വിളംബരംവഴി പത്രാധിപരെ നാടുകടത്തിയത്.

തിരുവിതാംകൂർ സർക്കാരിന്റെ ഈ നടപടിക്ക് എതിരെ ഇന്ത്യയിലെ പ്രധാനപത്രങ്ങളെല്ലാം മുഖപ്രസംഗങ്ങൾ എഴുതി. അതേസമയം കേരളത്തിലെ ചില പത്രങ്ങളേ സ്വാധീനിക്കാൻ സർക്കാരിന് കഴിഞ്ഞു. നാടുകടത്തലോടെ രാമകൃഷ്ണപിള്ള ഇന്ത്യയിലെങ്ങും അറിയപ്പെടുന്ന പത്രാധിപരായി മാറി.

## മലബാറിൽ നിന്നും ഉയർന്ന സഹായഹസ്തങ്ങൾ

തിരുവിതാംകൂർ രാജകീയ സർക്കാർ നാടുകടത്തിയ രാമകൃഷ്ണപിള്ളയ്ക്ക് താങ്ങും തണലുമായി മാറിയത് മലബാറിലെ ജനങ്ങളായിരുന്നു. അവർ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. രാമകൃഷ്ണപിള്ളയെ നാടുകടത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് അബ്രാഹ്മണ പ്രസ്ഥാന നേതാവും പ്രശസ്ത വാഗ്മിയും ആയ ഡോക്ടർ ടി.എം.നായർ ഹിന്ദു, സ്റ്റാന്റേർഡ് എന്നീ പത്രങ്ങളിൽ എഴുതിയ ഇംഗ്ലീഷ് ലേഖനം ഇന്ത്യ ഒട്ടാകെ ശ്രദ്ധിക്കപ്പെട്ടു. ഈ ലേഖനമാണ് ഇന്ത്യയിലെ പ്രമുഖ പത്രങ്ങൾക്ക് എല്ലാം ലേഖനവും മുഖപ്രസംഗവും എഴുതാൻ പ്രേരണയായത്. ഡോ. ടി.എം. നായരുടെ സഹോദരിയും എഴുത്തുകാരിയുമായ തരവത്ത് അമ്മാളു അമ്മയെ പാലക്കാട്ടുവച്ചാണ് രാമകൃഷ്ണപിള്ളയും ഭാര്യയും സന്ദർശിച്ചത്. ആ സ്നേഹബന്ധം വലുതായി. രാമകൃഷ്ണപിള്ള, അമ്മാളുഅമ്മയെ അമ്മയെപ്പോലെ കരുതി. അമ്മാളുഅമ്മയുടെ ദത്തു പുത്രനും പുത്രിയുമായി മാറി രാമകൃഷ്ണപിള്ളയും ഭാര്യയും. അമ്മാളു അമ്മ സ്വന്തംവീട് അവർക്ക് താമസിക്കാൻ നൽകി. കല്യാണി അമ്മയുടെ പ്രസവശുശ്രൂഷകളും, രാമകൃഷ്ണപിള്ളയുടെ ചികിത്സാകാര്യങ്ങളും പാലക്കാട്വച്ച് നടത്തിയത് അമ്മാളുഅമ്മയായിരുന്നു.

രാമകൃഷ്ണപിള്ളയുടെ രോഗം അറിഞ്ഞ് ദത്തമാതാവ് അമ്മാളുഅമ്മ കണ്ണൂരിലെത്തി. അവരെ കണ്ടമാത്രയിൽ അദ്ദേഹം ബോധശൂന്യനായി. ഉണർന്നപ്പോൾ താൻ ഈ ലോകത്തിലാണെന്ന കഥ കൂടെ മറന്നുപോയി എന്ന് പറഞ്ഞു. ഒരാഴ്ച അമ്മാളുഅമ്മ കണ്ണൂരിൽ താമസിച്ചു. ഇതിനിടയിൽ നെയ്യാറ്റിൻകരയിൽ നിന്നും ജേഷ്ഠൻ എൻ.കെ. പത്മനാഭപിള്ളയും എത്തി. (രാമകൃഷ്ണപിള്ളയുടെ മാതൃസഹോദരി പുത്രനായ എൻ.കെ. പത്മനാഭപിള്ളയെ ജേഷ്ഠസഹോദരനെപ്പോലെയാണ് കരുതിയിരുന്നത്)[10] മരണം അടുത്തുവരുന്തോറും തന്റെ ഭാര്യയ്ക്കും കുട്ടികൾക്കും ജീവിക്കാൻ ഒന്നും നൽകിയിട്ടില്ലെന്ന ദുഃഖം രാമകൃഷ്ണപിള്ളയെ അലട്ടിയിരുന്നു. മരിക്കുന്നതിന് ഒരുദിവസം മുമ്പ് അദ്ദേഹം കല്യാണിയമ്മയെ അടുത്തുവിളിച്ചശേഷം പറഞ്ഞു:

“ഞാൻ മരിക്കാറായിരിക്കുന്നു. നേരം പുലരുംമുമ്പേ എന്റെ കഥ കഴിയും. എന്റെ കുട്ടികളെ ഉണർത്തിക്കൊണ്ടുവരൂ; ഞാൻ അവരോട് യാത്ര പറയട്ടേ” ഇതുകേട്ട് രാമകൃഷ്ണപിള്ളയുടെ മരുമകൻ കുട്ടികളെ ഉണർത്തിക്കൊണ്ടുവന്നു.

രാമകൃഷ്ണപിള്ള മക്കളെ ദയനീയമായി നോക്കിയിട്ട് പറഞ്ഞു: “കുട്ടികളേ, ഞാൻ യാത്രയായി, നിങ്ങളെ ഞാൻ എന്റെ മരുമക്കളെ ഏല്പിച്ചിരിക്കുന്നു. നിങ്ങൾ സത്യവും സന്മാർഗവും വെടിഞ്ഞ് നടക്കരുത്. നല്ലവരായി ജീവിപ്പിൻ, ഈശ്വരൻ നിങ്ങളെ കാത്തുകൊള്ളും. അമ്മയെ.........” ഇത്രയും

8930

പറഞ്ഞപ്പോൾ കുട്ടികൾ തേങ്ങി കരഞ്ഞു.[11]

1916 മാർച്ച് 28 രാത്രി. രാമകൃഷ്ണപിള്ളയുടെ രോഗവിവരം അന്വേഷിക്കാൻ നാട്ടുകാർ ധാരാളം എത്തിയിട്ടുണ്ട്. ഈ രാത്രിയിൽ എന്തെങ്കിലും സംഭവിക്കുമെന്ന ഭീതി എല്ലാ മുഖങ്ങളിലും ദൃശ്യമായിരുന്നു. രാമകൃഷ്ണപിള്ളയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ദേഹത്ത് വിയർപ്പുതുള്ളികൾ നിറഞ്ഞു. തിരിയാത്ത ശബ്ദത്തിൽ അദ്ദേഹം ഭാര്യയെ വിളിച്ചു. കല്യാണി അമ്മ അടുത്തുചെന്നപ്പോൾ ഡോ. ടി. എം. നായർക്ക് ഒരു കത്ത് എഴുതാൻ നിർദേശിച്ചു.[12] 'രാവിലെ പോരേ' എന്ന് കല്യാണിഅമ്മ ചോദിച്ചപ്പോൾ പോരെന്ന് ആയിരുന്നു മറുപടി. കല്യാണിയമ്മ കരഞ്ഞുകൊണ്ട് ഒരുഭാഗത്ത് മാറിനിന്നു. അപ്പോൾ ഡാളി (അങ്ങനെയാണ് ഭാര്യയെ വിളിച്ചിരുന്നത്.) എന്ന് വിളിച്ചുകൊണ്ട് മരുന്നുകൊണ്ടുവരാൻ ആവശ്യപ്പെട്ടു. മരുന്ന് വാങ്ങി കഴിച്ചശേഷം ഇത് ഡാളിയുടെ ഗുണത്തിനുവേണ്ടിയാണെന്ന് പറഞ്ഞതായിരുന്നു രാമകൃഷ്ണപിള്ളയുടെ അവസാന വാക്കുകൾ. നാവ് തളർന്നും, കണ്ണുകൾ അടഞ്ഞും നിശ്ചലനായി അദ്ദേഹം കിടന്നപ്പോൾ മലയാളപത്രപ്രവർത്തനത്തിന്റെ ഒരു കാലഘട്ടത്തിന്റെ തിരശ്ശീല വീഴുകയായിരുന്നു. കുരുക്ഷേത്ര ഭൂമിയിൽ ഉത്തരായനം കാത്തുകിടന്നശേഷം മരണം വരിച്ച ഭീഷ്മ പിതാമഹനെപ്പോലെ, മലയാളത്തിന്റെ ആദ്യപത്രം പിറന്നുവീണ നാട്ടിൽ നിന്നും ആ ഭീഷ്മാചാര്യനും എന്നെന്നേയ്ക്കുമായി യാത്രയായി. അക്ഷരങ്ങൾ കൊണ്ട് അഗ്നിയെ ജ്വലിപ്പിച്ച് അഴിമതിയ്ക്കും അരാജകത്വത്തിനും എതിരെ പടപൊരുതിയ ആ ധീര ദേശാഭിമാനിയുടെ ഭൗതികശരീരം പിറ്റേദിവസം കണ്ണൂർ പയ്യാമ്പലം കടപ്പുറത്ത് അഗ്നിജ്വാലകളായിമാറി.

## കുറിപ്പ്

1. മോഹൻദാസ് ഗാന്ധി-ഗാന്ധിജിയെപ്പറ്റിയുള്ള ഈ ജീവചരിത്രം 1913-ൽ കുന്നംകുളം അക്ഷരരത്നപ്രകാശിക പ്രസിലാണ് രാമകൃഷ്ണപിള്ള പ്രസിദ്ധീകരിച്ചത്. ഇതിൽ നിന്നുള്ള തുക ദക്ഷിണാഫ്രിക്കയിൽ സമരംചെയ്യുന്നവർക്കുള്ള ഫണ്ടിലേക്ക് നൽകുമെന്ന് അദ്ദേഹം പുസ്തകത്തിൽ പറഞ്ഞിരുന്നു.

2. കാറൽമാർക്സിനെക്കുറിച്ചുള്ള ഈ പുസ്തകവും അതേ പ്രസ്സിലാണ് 1912-ൽ രാമകൃഷ്ണപിള്ള അച്ചടിപ്പിച്ചത്.

3. സർ.സി.ശങ്കരൻനായരുടെ പുത്രിമാർക്ക് കല്യാണിയമ്മ ട്യൂഷൻ എടുത്തിട്ടുണ്ട്.

4, 5, 6, 7. വ്യാഴവട്ട സ്മരണകൾ - ബി. കല്യാണിയമ്മ

8. രാജ്യദ്രോഹിയായ രാജ്യസ്നേഹി-ടി. വേണുഗോപാലൻ കേരള പ്രസ് അക്കാദമി കൊച്ചി.

9. അഞ്ചുതെങ്ങിലും, പിന്നീട് മൗലവിയുടെ വക്കത്തുള്ള വീട്ടിലുമാണ് സ്വദേശാഭിമാനി പ്രസ്സും പത്രവും ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത്. രാമകൃഷ്ണപിള്ളയ്ക്ക് നിയമപഠനം നടത്താനുള്ള സൗകര്യംകൂടി കണക്കിലെടുത്താണ് തിരുവനന്തപുരത്ത് മെയിൻ റോഡിലെ സ്ഥലത്തേയ്ക്ക് മാറ്റാൻ വക്കം മൗലവി തീരുമാനിച്ചത്.

10. അവലംബം: സ്വദേശാഭിമാനി (ജീവചരിത്രം) - കെ. ഭാസ്കരപിള്ള

11, 12 വ്യാഴവട്ട സ്മരണകൾ - ബി. കല്യാണിയമ്മ ●

PC Library & Research Centre

എന്റെ ദൈവം കല്ലും മരവുമല്ലാ;
എന്റെ രാജാവ് അഴിമതിക്കാരായ രാജസേവകന്മാരുമല്ലാ.
എന്നെ നാടുകടത്തുന്നത് രാജസേവന്മാരുടെ പേരിൽ
ഭക്തിയില്ലെന്ന കുറ്റത്തിനാണെങ്കിൽ ആ ശിക്ഷാനിയമം
ആ സേവന്മാരുടെ മനോരാജ്യത്തിൽ
നടപ്പാക്കപ്പെട്ടിട്ടുള്ള വകയായിരിക്കാം;
തിരുവിതാംകൂർ രാജ്യത്തിലെ ശിക്ഷാനിയമപ്രകാരമായിരിക്കയില്ല.
അല്ലെങ്കിൽ തന്നെ, നാടുകടത്തൽ, കാരാഗൃഹം മുതലായ
ശിക്ഷകളെ ഭയപ്പെടേണ്ട ആവശ്യം എനിക്കില്ല.
ഞാൻ എന്റെ രാജ്യത്തിലെ നിയമത്തെ ലംഘിക്കുന്നില്ല.
ആ ശിക്ഷകളെ ഭയപ്പെടേണ്ടവർ, കൊട്ടാരങ്ങളിൽ
കൊലപാതകം ചെയ്തും, സാധുജനങ്ങളുടെ
ധനാപഹാരം ചെയ്തും, യജമാനന്മാരെ ദ്രോഹിച്ചും
ഈശ്വര സങ്കൽപ്പത്തിന്നു വിരുദ്ധമായ മറ്റു അകൃത്യങ്ങൾ
പ്രവർത്തിച്ചും പാപക്കുണ്ടിൽ പതിച്ചിരിക്കുന്നവരാണ്.

K. Ramakrishna Pillai

കെ രാമകൃഷ്ണപിള്ള




Edited Printed and Published by the Director,
Information - Public Relations Department, Government of Kerala,
Published from Thiruvananthapuram and printed at Beety Offset, Anad.

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ



921 RAM

# എന്റെ നാടുകടത്തൽ

സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള

Indic Digital Archive Foundation
gpura.org